# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### 2016 ഒക്ടോബർ 4, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163  നമ്പർ 7

വില : ₹ 50

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2016 ഒക്ടോബർ 4, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്
**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

850/2019.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 31
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 68

**II അറിയിപ്പ്**

അടിയന്തരപ്രമേയാവതരണ നോട്ടീസ് പിൻവലിച്ചത് .. 358

**III ശ്രദ്ധ ക്ഷണിക്കൽ**

താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടൽ—

ശ്രീ. കെ. രാജൻ .. 358

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**IV സബ്മിഷൻ**

1. പോലീസ് വകുപ്പിലെ നിയമനം—

ശ്രീ. എ. എൻ. ഷംസീർ .. 364

2. റബ്ബർ കർഷകരുടെ ബുദ്ധിമുട്ടുകൾ—

ശ്രീ. പി. സി. ജോർജ് .. 366

3. കോൾ നിലങ്ങളിലെ കൃഷി—

ശ്രീ. മുരളി പെരുനെല്ലി .. 369

4. മാവൂരിൽ പി.എച്ച്.സി.—

ശ്രീ. പി. ടി. എ. റഹീം .. 371

5. സാക്ഷരതാ പ്രേരക്മാരുടെ വേതന വർദ്ധനവ്—

ശ്രീ. കെ. ഡി. പ്രസേനൻ .. 372

6. നെന്മാറയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം—

ശ്രീ. കെ. ബാബു .. 373

7. തെരുവു നായ്ക്കളുടെ ഉന്മൂലനം—

ശ്രീ. രാജു എബ്രഹാം .. 374

*പേജ്*

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ .. 376

**VI റിപ്പോർട്ട് സമർപ്പണം**

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ .. 376

**VII പ്രമേയം**

ഒക്ടോബർ 7-ാം തീയതിയിലെ സഭാ സമ്മേളനം ഒഴിവാക്കുന്നതു സംബന്ധിച്ച് .. 377

**VIII ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. 377

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 4, ചൊവ്വ*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2016 ഒക്ടോബർ മാസം 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.................ഓർഡർ............

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ....

മി. സ്പീക്കർ: അങ്ങേയ്ക്ക് ചോദ്യോത്തരവേള കഴിഞ്ഞ് സംസാരിച്ചാൽ പോരെ?

ശ്രീ. രമേശ് ചെന്നിത്തല : ഈ സഭയിലെ ഏതാനും എം.എൽ.എ.മാർ നിയമസഭാ കവാടത്തിൽ നടത്തിവരുന്ന നിരാഹാരസമരം 7-ാം ദിവസത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. അവരുടെ ആരോഗ്യസ്ഥിതി വഷളായിക്കൊണ്ടിരിക്കുന്നുവെന്നാണ് ഡോക്ടർമാർ പറയുന്നത്. അങ്ങ് ഇന്നലെ യോഗം വിളിച്ചതിൽ ഞങ്ങൾക്കുള്ള സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി. അതിനുശേഷം സ്വാശ്രയ മാനേജ്മെന്റുകളുടെ ഭാഗത്തുനിന്നും ഫീസ് കുറച്ച് പാവപ്പെട്ട കുട്ടികൾക്ക് ചില കൺസഷൻസ് നൽകാമെന്ന നിലപാടുണ്ടായ സാഹചര്യത്തിൽ ഞാനും മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും മുസ്ലീംലീഗ് പാർലമെന്ററി പാർട്ടിയുടെ ഉപനേതാവ് ഡോ. എം. കെ. മുനീറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണുകയുണ്ടായി. മാനേജ്മെന്റുകളുടെ നിലപാട് അതാണെങ്കിൽ ഗവൺമെന്റിന് ബുദ്ധിമുട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രി ഇന്ന് ചർച്ച നടത്തുമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. പക്ഷേ, നമ്മുടെ സഹപ്രവർത്തകരുടെ നിരാഹാര സമരം 7-ാം ദിവസം കടന്ന സാഹചര്യത്തിൽ സഭാനടപടികളുമായി സഹകരിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുന്നതായി അറിയിക്കുന്നു.

(സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ ഫീസ് വർദ്ധന പിൻവലിക്കണമെന്നാവശ്യപ്പെട്ട് നിയമസഭാ കവാടത്തിൽ നിരാഹാരമനുഷ്ഠിക്കുന്ന എം.എൽ.എ.മാർക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും യു.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിക്കുകയും ചെയ്തു. )

മി. സ്പീക്കർ: ചോദ്യം നമ്പർ *181 .

**തിരുവിതാംകൂർ ദേവസ്വം ബോർഡ് പുനഃസംഘടിപ്പിക്കാൻ നടപടി**

1(*181) ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിയും കെടുകാര്യസ്ഥതയും തിരുവിതാംകൂർ ദേവസ്വം ബോർഡിനെ പ്രതിസന്ധിയിലേയ്ക്ക് നയിക്കുന്നുവെന്ന ദേവസ്വം ബോർഡ് ജീവനക്കാരുടെ ഭൂരിപക്ഷ സംഘടനയുടെ ആരോപണം പരിശോധിക്കാൻ തയ്യാറാകുമോ;

(ബി) പട്ടികജാതി അംഗത്തെ ഉൾപ്പെടുത്തുന്നതിനായി ദേവസ്വം ബോർഡിലേക്കുള്ള തെരഞ്ഞെടുപ്പ് ഉടമ്പടി നടത്താൻ നടപടിയെടുക്കുമോ;

(സി) 1248 ക്ഷേത്രങ്ങളുടെ നിയന്ത്രണവും 4735 ജീവനക്കാരുമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ്, നിലവിലുള്ള 3 അംഗങ്ങൾക്കുപകരം ഗുരുവായൂർ ദേവസ്വം കമ്മിറ്റിയിലെയും മലബാർ ദേവസ്വം ബോർഡിലെയും പോലെ 9 അംഗങ്ങളെയോ അല്ലെങ്കിൽ കുറഞ്ഞപക്ഷം 5 അംഗങ്ങളെയോ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ച് കാര്യക്ഷമമായ നിയന്ത്രണം സാധ്യമാക്കാൻ നടപടിയെടുക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ആരോപണം പരിശോധിച്ചുവരുന്നു.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

ശ്രീ. ആർ. രാജേഷ്: സർ, ദേവസ്വം ബോർഡുകൾ അഴിമതിക്കാരുടെ കൂടാരമാണെന്ന റിപ്പോർട്ടാണ് ദേവസ്വം വിജിലൻസ് എസ്.പി., ശ്രീ. വി. ഗോപാലകൃഷ്ണൻ കൊടുത്തിട്ടുള്ളത്. ദേവസ്വം ബോർഡുകളിലെ അഴിമതി അവസാനിപ്പിക്കുന്നതിനുവേണ്ടി ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ നൽകിയ നിർദ്ദേശങ്ങൾ നാം നടപ്പിലാക്കുകയുണ്ടായി. എന്നാൽ അതിനുശേഷവും വലിയ നിലയിലുള്ള അഴിമതി നടക്കുന്നതായിട്ടാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ദേവസ്വം ബോർഡുകളിൽ അഴിമതി നടത്തുന്നതിൽ പ്രധാനപങ്ക് വഹിക്കുന്നത് ദേവസ്വം സെക്രട്ടറിയാണ്. അദ്ദേഹത്തിന് ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയബന്ധമുണ്ടോ; അദ്ദേഹത്തെക്കുറിച്ച് വിജിലൻസ് എസ്.പി., ശ്രീ. വി. ഗോപാലകൃഷ്ണൻ കൊടുത്തിട്ടുള്ള റിപ്പോർട്ട് അങ്ങ് പരിശോധിച്ചിട്ടുണ്ടോ; ഇതിന്മേൽ അങ്ങ് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് വളരെ വ്യാപകമായിട്ടുള്ള അഴിമതി ആരോപണങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. അവിടെ നടക്കുന്ന നിയമനങ്ങളിലെ ക്രമക്കേടുകളെക്കുറിച്ചും ബോർഡിൽത്തന്നെ നടക്കുന്ന അഴിമതിയെക്കുറിച്ചുമെല്ലാം ധാരാളം പരാതികൾ ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, ബോർഡിലെ ഇപ്പോഴത്തെ സെക്രട്ടറിക്കെതിരെ ലഭിച്ച പണാപഹരണം, സ്വജനപക്ഷപാതം തുടങ്ങിയ പരാതികൾ സർക്കാർ പരിശോധിച്ചുവരികയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ താൽക്കാലിക നിയമനത്തിലെ അഴിമതിയെ സംബന്ധിച്ച പരാതി വിജിലൻസിന് ലഭിച്ചിട്ടുണ്ട്. നിലവിലെ സെക്രട്ടറിയെക്കുറിച്ചുള്ള ഗുരുതരമായ സാമ്പത്തിക അഴിമതിയെ സംബന്ധിച്ച പരാതിയിന്മേൽ വിജിലൻസ് കേസ്സെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ബോർഡ് സെക്രട്ടറിയുടെ സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിന് യഥാസമയം നടപടികളെടുക്കാൻ ബോർഡ് തയ്യാറാകുന്നില്ലെന്ന പരാതിയും നിലനിൽക്കുന്നുണ്ട്. ദേവസ്വം ബോർഡ് സെക്രട്ടറിക്ക് രാഷ്ട്രീയ ബന്ധമുണ്ട്; അദ്ദേഹം പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ നേതാവിന്റെ സഹോദരനാണ്.

ശ്രീ. ആർ. രാജേഷ്: സർ, ദേവസ്വം ബോർഡിന്റെ ഏതു ക്ഷേത്രവും, ആരാധനാലയങ്ങളും വിശ്വാസികൾക്കുള്ളതാണ്. ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ സംഘ്പരിവാർ-ആർ.എസ്.എസ്. പ്രവർത്തകർ ആയുധ പരിശീലനം നടത്തുന്നുവെന്ന വാർത്ത പുറത്തുവന്നിട്ടുണ്ട്. അതിന്മേൽ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കാൻ ഒരുങ്ങുകയാണ്. ദേവസ്വം ബോർഡ്

ക്ഷേത്രങ്ങളിൽ ആർ.എസ്.എസ്.കാർ ട്രൗസറും മുളവടിയുമായിട്ടാണ് ആയുധ പരിശീലനം നടത്തുന്നത്. ക്ഷേത്രങ്ങളിലേയ്ക്ക് എത്തുന്ന വിശ്വാസികളിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. സ്ത്രീകളടക്കം വരുമ്പോൾ ഇത്തരത്തിൽ വലിയ ട്രൗസറുമിട്ട് മുളവടിയുമായി ആയുധപരിശീലനം നടത്തുന്നത് അഭികാമ്യമാണോ; അതൊരു സാംസ്കാരിക പ്രവർത്തനമാണെന്നാണ് സംഘ്പരിവാർ പറയുന്നതെങ്കിലും സാംസ്കാരിക പ്രവർത്തനത്തിന്റെ പട്ടികയിൽ അതിനെ ഉൾപ്പെടുത്താൻ സാധിക്കില്ല. ദൈവത്തിനെന്തിനാണ് മുളവടിയുടെയും ട്രൗസറിന്റെയും സംരക്ഷണം? അതുകൊണ്ട് ദൈവത്തിനും വിശ്വാസികൾക്കും ആവശ്യമില്ലാത്ത ട്രൗസറും മുളവടിയും ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ നിന്നും മാറ്റാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങൾ കൂടാതെ സംസ്ഥാനത്ത് ആയിരക്കണക്കിന് മറ്റ് ക്ഷേത്രങ്ങളുമുണ്ട്. ഒരു ക്ഷേത്രത്തിലും ആയുധ പരിശീലനമോ, മുളവടിയുമായി കായികപരിശീലനമോ നടത്താൻ പാടില്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. ക്ഷേത്രത്തിൽ ആരാധനയ്ക്ക് എത്തുന്ന വിശ്വാസികളെ സംബന്ധിച്ചിടത്തോളം ക്ഷേത്ര പരിസരം പരിപാവനമായി കാണാനാണ് അവർ ആഗ്രഹിക്കുക. ആർ.എസ്.എസ്. മാത്രമല്ല, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു സംഘടനയുടെയും ഒരു തരത്തിലുമുള്ള പരിശീലനവും ക്ഷേത്രങ്ങളിലോ ആരാധനാലയങ്ങളിലോ അനുവദിക്കാൻ പാടില്ലെന്നുള്ള കർശനമായ നിലപാടാണ് ഗവൺമെന്റിനുള്ളത്. അതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ദേവസ്വം ബോർഡിലെ അഴിമതിയുടെ ഫലമായാണ് ബഹുമാനപ്പെട്ട ഹൈക്കോടതി തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഇടപെടലുകൾ കർശനമാക്കിയത്. എന്നിട്ടും നിർബാധം അഴിമതി നടക്കുന്നുവെന്ന റിപ്പോർട്ട് വിജിലൻസ് കൊടുത്തുവെന്നാണ് പത്രങ്ങളിൽ വാർത്ത വന്നത്. വിജിലൻസ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതോടൊപ്പം താഴെത്തട്ടുമുതൽ നടക്കുന്ന അഴിമതികൾക്ക് ഉത്തരവാദികളായവർക്കെതിരെ കർശന നടപടിയെടുക്കുകയും അവരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും ചെയ്യുന്നതിനുള്ള എന്തുനടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പണ്ടുമുതൽതന്നെ അഴിമതിക്ക് കുപ്രസിദ്ധിയാർജ്ജിച്ച സ്ഥാപനമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതിയുടെ വ്യാപനത്തിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് ദേവസ്വം ബോർഡിന്റെ ദൈനംദിന കാര്യങ്ങളിൽപ്പോലും ഇടപെടേണ്ടിവന്നത്. ദേവസ്വം ബോർഡിൽ 10 ലക്ഷം രൂപയ്ക്കുമുകളിൽ ചെലവുവരുന്ന ഏത് പ്രോജക്ടിന്റെ അംഗീകാരവും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തീരുമാനത്തിന് വിധേയമായി നടത്തേണ്ട സാഹചര്യം ദേവസ്വം ബോർഡിന്റെ ഭരണാധികാരികളും അഴിമതിക്കാരായ ഉദ്യോഗസ്ഥരും ചേർന്ന് സൃഷ്ടിച്ചിട്ടുള്ളതാണ്. ദേവസ്വം ബോർഡ് എടുക്കേണ്ടതായ പല നടപടികളും ബോർഡ് എടുക്കുന്നില്ലെന്ന പ്രശ്നമുണ്ട്. അവിടത്തെ അധികാരികളും അതിന് നേതൃത്വം കൊടുക്കുന്നവരും അഴിമതിക്കൂടാരത്തിലെ ആളുകളാവുകയും അതിൽ പങ്കാളികളാവുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് സംസ്ഥാനത്ത് കഴിഞ്ഞ കാലങ്ങളിൽ നടന്നിട്ടുള്ളത്. വിജിലൻസ് അന്വേഷണം നടക്കുന്ന കേസ്സുകളിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടർനടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി സ്വീകരിക്കേണ്ടതായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകും.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, പമ്പാനദി കോളിഫോം ബാക്ടീരിയമൂലം വിഷമയമാകുന്നത് തടയാൻ ശബരിമലയിൽ 23.5 കോടി രൂപ ചെലവിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. പ്ളാന്റ് സ്ഥാപിച്ചതിലെ സാങ്കേതിക തകരാറും അഴിമതിയും കാരണം അതിപ്പോൾ പ്രവർത്തിക്കുന്നില്ല. ഇതിന്റെ പിന്നിലെ അഴിമതി വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കാനും തകരാർ പരിഹരിച്ച് ഈ മണ്ഡലമകരവിളക്കിന് മുമ്പ് പ്രവർത്തനക്ഷമമാക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സന്നിധാനത്ത് സ്ഥാപിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ച രീതിയിലുള്ള പരാതി ഉണ്ടായിട്ടില്ല. പ്ലാന്റ് പ്രാവർത്തികമാക്കുന്നതിലുള്ള കാലതാമസത്തിന്റെ പ്രശ്നം മാത്രമേയുള്ളുവെന്നാണ് മനസ്സിലാക്കുന്നത്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചില ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുള്ളത് ശരിയാണ്. അടുത്ത ദിവസംതന്നെ പൊല്യൂഷൻ കൺട്രോൾ ബോർഡിലെ ഉദ്യോഗസ്ഥരും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിന് കോൺട്രാക്ട് എടുത്തിട്ടുള്ള ആളുകളും ഉന്നതാധികാര സമിതി ചെയർമാൻ ഡോ. കെ. ജയകുമാർ

അടക്കമുള്ള ആളുകൾ ദേവസ്വം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നുണ്ട്. അതിനുശേഷം നിർമ്മാണത്തിൽ എന്തെങ്കിലും കുറവുകൾ ഉണ്ടായിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ അതിനാവശ്യമയ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അമ്പലങ്ങളിലെ വിഗ്രഹങ്ങളോ, ചിത്രങ്ങളോ ഒരിക്കലും ട്രൗസർ ഇട്ടിരുന്നതായി കണ്ടിട്ടില്ല. ഇത് ചോദ്യത്തിന്റെ ഭാഗമാണെങ്കിലും എന്തുനടപടിയാണ് ഗവൺമെന്റ് ചെയ്യാൻ പോകുന്നത്. 1248 ക്ഷേത്രങ്ങളുടെ നിയന്ത്രണവും 4735 ജീവനക്കാരുടെ ചുമതലകളും മൂന്ന് അംഗങ്ങളുള്ള സമിതിയാണ് നിയന്ത്രിക്കുന്നത്. സെക്രട്ടറിയുടെയും ബോർഡ് അംഗങ്ങളുടെയും ആശയവിനിമയം യഥാസമയം നടക്കാത്തതിന്റെ ഭാഗമായി കുറെയേറെ പ്രശ്നങ്ങളുണ്ട്. പമ്പയാറ്റിൽ കുളിക്കുന്നവർ അവരുടെ വസ്ത്രങ്ങൾ അവിടെ ഉപേക്ഷിക്കുകയും അത് ശേഖരിച്ച് വിൽപ്പന നടത്തുകയും ചെയ്യുന്ന ചില സാംസ്കാരിക പ്രശ്നങ്ങൾ ഉടലെടുത്തുവരുന്നു. ഇക്കാര്യങ്ങളിൽ ശ്രദ്ധയുണ്ടാകാനും നടപടി സ്വീകരിക്കാനും എന്തെല്ലാം കാര്യങ്ങളാണ് ഗവൺമെന്റ് ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അംഗസംഖ്യയുടെ കുറവല്ല അഴിമതിയുടെ അടിസ്ഥാനം. കൂടുതൽ അംഗങ്ങൾ ഉണ്ടായിരുന്നെങ്കിൽ കൂടുതൽ അഴിമതി നടക്കുമെന്നുള്ളതാണ് അവിടത്തെ രീതിവച്ച് മനസ്സിലാക്കാൻ സാധിക്കുന്നത്. അംഗസംഖ്യ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നില്ല. അമ്പലങ്ങളിൽ ഒരുതരത്തിലുമുള്ള ആയുധപരിശീലനവും നടത്താൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശമുണ്ട്. അതൊരു ക്രമസമാധാന നിയമപ്രശ്നമായി മാറിയിരിക്കുകയാണ്. ആ നിലയിൽത്തന്നെ കൈകാര്യം ചെയ്യാൻ സംസ്ഥാന ആഭ്യന്തര വകുപ്പ് ആവശ്യമായ നടപടികളെടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ പമ്പാനദി മലിനപ്പെട്ടുവെന്നുള്ളത് വാസ്തവമാണ്. പമ്പാനദിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഗവൺമെന്റ് വിപുലമായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പമ്പാനദിയിൽ വസ്ത്രം ഉപേക്ഷിക്കുന്നത് ആചാരമെന്ന രീതിയിൽ കുറച്ചുകാലമായി നടക്കുകയാണ്. അത് അവസാനിപ്പിക്കുന്നതിനുള്ള കർശനമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. പമ്പാനദിയുടെ ശുദ്ധീകരണം ഗവൺമെന്റിന്റെ പ്രധാനപ്പെട്ട പരിപാടികളിൽ ഒന്നാണ്.

ശ്രീ. സി. കെ. നാണു: സർ, ഹിന്ദു സമുദായത്തിലെ അംഗസംഖ്യ കുറഞ്ഞ ചില പ്രധാനപ്പെട്ട ജാതിയിൽപ്പെട്ട ആളുകൾക്ക് തിരുവിതാംകൂർ ദേവസ്വത്തിലോ ദേവസ്വം ബോർഡുകളിലോ അംഗത്വം ലഭിക്കാറില്ല. അംഗത്വം ലഭിക്കണമെന്നാവശ്യപ്പെട്ട് പല പ്രക്ഷോഭങ്ങളും അവർ കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുണ്ട്. ബോർഡിൽ മൂന്ന് അംഗങ്ങൾ മാത്രമായതു കാരണം പ്രധാനപ്പെട്ട സമുദായത്തിൽപ്പെട്ട ആളുകളെ മാത്രമാണ് സാധാരണനിലയിൽ ദേവസ്വം ബോർഡിൽ അംഗങ്ങളാക്കാറുള്ളത്. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് ദീർഘകാലമായി അംഗത്വത്തിനാവശ്യപ്പെടുന്ന വിഭാഗത്തിൽപ്പെട്ട ആളുകളെക്കൂടി ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് പറഞ്ഞ അഭിപ്രായം കുറച്ച് വാസ്തവമാണ്. എണ്ണത്തിൽകുറഞ്ഞ സമുദായക്കാരെല്ലാംതന്നെ സാമുദായിക താൽപ്പര്യത്തിന്റെ ഭാഗമായി ദേവസ്വം ബോർഡ് അംഗത്വത്തിനുവേണ്ടിയുള്ള അഭ്യർത്ഥന എല്ലാ രാഷ്ട്രീയ കക്ഷികളുടെ മുന്നിലും ഗവൺമെന്റിന്റെ മുന്നിലും വച്ചിട്ടുണ്ട്. അതെങ്ങനെ കൈകാര്യം ചെയ്യാൻ കഴിയുമെന്നത് കൂട്ടായി ആലോചിച്ച് തീരുമാനമെടുക്കാം.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ദേവസ്വം ബിൽ തുടങ്ങിയവ ചർച്ചയ്ക്കുവരുമ്പോൾ ക്ഷേത്രങ്ങളുടെ സ്വത്തുമുഴുവൻ ഗവൺമെന്റ് അപഹരിക്കുകയാണെന്ന് പൊതുവിൽ ഒരു സംസാരമുണ്ട്. ഇതിന് വിരുദ്ധമായി എനിക്കുതന്നെ ഉണ്ടായ അനുഭവം പറയാം. കൊട്ടാരക്കര ഗണപതി ക്ഷേത്രത്തിന് ഗവൺമെന്റ് 50 ലക്ഷം രൂപ അനുവദിച്ചാണ് ഇപ്രാവശ്യം വലിയ ചിറ ഭംഗിയാക്കിയത്. എന്നാലും ചില രാഷ്ട്രീയ പാർട്ടികൾ ഇതൊന്നും അംഗീകരിക്കാതെ ക്ഷേത്രങ്ങളുടെ പണം മുഴുവൻ ഗവൺമെന്റ് അപഹരിക്കുന്നുവെന്ന് പറയുന്നതിലെ നിജസ്ഥിതിയെന്താണ്; അതോടൊപ്പംതന്നെ ക്ഷേത്ര ഭരണത്തിൽ സഹായിക്കാൻ ഉപദേശക സമിതികളുണ്ട്. അതിൽ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, "ഒരു നുണ നൂറു പ്രാവശ്യം ആവർത്തിച്ചാൽ അത് സത്യമായിക്കൊള്ളും" എന്ന ഗീബൽസിന്റെ സിദ്ധാന്തം അനുസരിച്ച് വ്യാജപ്രചരണം നടത്താൻ ശ്രമിക്കുന്ന ചില പ്രസ്ഥാനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവരാണ് ക്ഷേത്രങ്ങളിലെ പണം ഗവൺമെന്റ് അപഹരിക്കുന്നുവെന്നുള്ള ദുഷ്പ്രചരണം നടത്തുന്നത്. ഇതുസംബന്ധിച്ച് കൃത്യമായ കണക്ക് വേണമെങ്കിൽ ശേഖരിച്ച് പറയാം, കോടിക്കണക്കിന് രൂപയാണ് ക്ഷേത്ര വികസനത്തിനും

ക്ഷേത്ര ആചാരങ്ങൾക്കും ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾക്കുംവേണ്ടി സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ഈ കഴിഞ്ഞ ദിവസം നവരാത്രി മഹോത്സവത്തിന്റെ ഭാഗമായി നടന്ന ഘോഷയാത്രയ്ക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആവശ്യമുള്ള പണം ചെലവഴിച്ച് സർക്കാരിന്റെ ചുമതല നിറവേറ്റിയിട്ടുണ്ട്. ശബരിമല വികസനത്തിനുവേണ്ടി 150 കോടി രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കൂടാതെ വിവിധ ക്ഷേത്രങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും കുളങ്ങളുടെ നവീകരണത്തിനും കാവുകളുടെ സംരക്ഷണത്തിനും വേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നതല്ലാതെ കേരളത്തിലെ ഒരു അമ്പലത്തിൽനിന്നും ഒരു നയാപൈസയും സംസ്ഥാന ഗവൺമെന്റ് വാങ്ങുന്നില്ല എന്നുള്ള കാര്യം അസന്നിഗ്ദ്ധമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഒരു പൈസയും സംസ്ഥാന ഖജനാവിലേക്ക് എടുക്കുകയോ വാങ്ങുകയോ ചെയ്യുന്ന ഒരു രീതിയും നമ്മുടെ സംസ്ഥാനത്തില്ല. പണം അങ്ങോട്ട് നൽകുകയാണ് ചെയ്യുന്നത്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ദേവസ്വം ബോർഡിൽ പട്ടികജാതി അംഗത്തിന്റെ ഒഴിവുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇക്കാര്യത്തെ സംബന്ധിച്ചുള്ള മന്ത്രിയുടെ മറുപടിയിൽ നടപടി സ്വീകരിച്ചുവരുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. ശബരിമല മണ്ഡലകാലം തുടങ്ങാൻ പോകുകയാണ്. ഈ നിയമസഭാ സമ്മേളനം കഴിയുന്നതിനുമുമ്പുതന്നെ അതിന് നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഈ മാസം 7-ാം തീയതി പട്ടികജാതി അംഗത്തെ തെരഞ്ഞെടുക്കുന്നതിനുള്ള നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്നതിനുള്ള ഒരു കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ഈ മാസം 17-ാം തീയതി സഭാ സമ്മേളനം നടക്കുന്നതിനിടയിൽത്തന്നെ തെരഞ്ഞെടുപ്പ് നിശ്ചയിച്ചിരിക്കുകയാണ്. അതിനാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതിന് വരണാധികാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടിക്രമങ്ങളെല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ക്ഷേത്രങ്ങളുടെ ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട് പ്രധാന ചുമതല നിർവ്വഹിക്കുന്നവരാണ് അവിടത്തെ മേളക്കാർ. ഉദയാസ്തമയ പൂജയ്ക്കും ഉഷപൂജയ്ക്കുമെല്ലാം മേളക്കാർ കൊട്ടി ഉണർത്തുകയും ഉറക്കുകയും ചെയ്തില്ലെങ്കിൽ ദേവന്മാർക്ക് ഉറങ്ങാനും ഉണരാനും കഴിയില്ല. പക്ഷെ, അവരുടെ ജീവിതം വളരെ കഷ്ടത്തിലാണ്. പല ക്ഷേത്രങ്ങളിലും മേളക്കാർക്ക് ദിവസ വേതനമാണ്. അവരെ സ്ഥിരപ്പെടുത്താനും മെച്ചപ്പെട്ട വേതനം നൽകുന്നതിനുമുള്ള ഒരു തീരുമാനം അങ്ങ് കൈക്കൊള്ളുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള മേളക്കാരെല്ലാം സ്ഥിരം ജീവനക്കാരാണ്. അവർക്ക് സാമാന്യം ഭേദപ്പെട്ട സേവനവേതന ഘടനയാണ് നിലവിലുള്ളത്. അങ്ങ് സൂചിപ്പിച്ചത് ഏതെങ്കിലും സ്വകാര്യ അമ്പലങ്ങളിലെ മേളക്കാരുടെ കാര്യമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. സ്വകാര്യ അമ്പലങ്ങളിൽ മേളക്കാരെ നിയമിക്കുന്നത് സ്വകാര്യ ക്ഷേത്ര ട്രസ്റ്റും മറ്റ് ഭാരവാഹികളുമാണ്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലും മേളക്കാർ സ്ഥിരം ജീവനക്കാരാണ്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലെ മേളക്കാർ സ്ഥിരം ജീവനക്കാരാണെങ്കിലും അവരുടെ സേവന-വേതന വ്യവസ്ഥ വളരെ മോശമാണ്. അത്തരക്കാരായിട്ടുള്ള ആളുകളുടെ സേവനവേതന വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ട്. മലബാർ ദേവസ്വം ബിൽ ആ വഴിയിലെ ഒരു കാൽവയ്പായിരുന്നു. കോടിക്കണക്കിന് രൂപയാണ് സംസ്ഥാന ഖജനാവിൽനിന്ന് മലബാർ ദേവസ്വത്തിലെ പാവപ്പെട്ട ജീവനക്കാർക്കുവേണ്ടി ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. വരുമാനമൊന്നും ഇങ്ങോട്ട് ലഭിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ശബരിമല വ്യത്യസ്തമായ ഒരു ക്ഷേത്രമാണ്. നിയമസഭാ കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഒരുവർഷം മുമ്പ് ഞാനവിടെ സന്ദർശിച്ചിട്ടുണ്ട്. ആ ക്ഷേത്രനടയിൽ എഴുതിവച്ചിരിക്കുന്നതുതന്നെ 'തത്ത്വമസി' (നീയാണ് പ്രധാനം) എന്നാണ്. എല്ലാവരും പമ്പ കഴിഞ്ഞാൽ പിന്നെ സ്വാമിമാരാണ്. സമത്വം കേരളത്തിൽ നന്നായി നിലനിൽക്കുന്ന ഒരു ക്ഷേത്രമാണത്. മന്ത്രിയായാലും എം.എൽ.എ.യായാലും തമിഴ്നാട്ടിൽ നിന്ന് വരുന്നവരായാലും എല്ലാം സ്വാമിമാരാണ്. ഒരുപക്ഷെ ഇൻഡ്യയിൽത്തന്നെ എല്ലാവരും സ്വാമിമാരാകുന്ന വേറൊരു ക്ഷേത്രമില്ല. വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്ന ഒരു ക്ഷേത്രമാണ് ശബരിമല. അവിടെ ഒരുവശത്ത് വനമുണ്ട്, പ്ലാസ്റ്റിക് എറിയുന്ന മറുവശത്ത് പുൽനാമ്പുപോലുമില്ല. അവിടെ കൊണ്ടുവരുന്ന ശർക്കരയുടെ കവർ കാട്ടിലെറിയുന്നതിന്റെ ഫലമായി അത് തിന്ന് ധാരാളം ആനകൾ ചരിയുന്നതായി നിയമസഭാ സമിതി റിപ്പോർട്ടുണ്ട്. മൃഗസംരക്ഷണവും വനസംരക്ഷണവുമാണ് ആ ക്ഷേത്രത്തിന്റെ മൊത്തത്തിലുള്ള ശുദ്ധിയുടെ ആകെ തുക. അതിന് പ്രത്യേകമായ നടപടികൾ സ്വീകരിക്കുമോ; മൃഗങ്ങൾക്കും വനത്തിനും സംഭവിക്കുന്ന ദുരിതങ്ങൾ മനസ്സിലാക്കി അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ, ചിലർ പറയുന്നത് അതൊക്കെ സംരക്ഷിക്കുന്ന കാര്യം പ്രയാസമാണ് എന്നാണ്. അതുകൊണ്ട് മന്ത്രിതന്നെ മുൻകയ്യെടുത്ത് അതിനൊരു സംവിധാനമുണ്ടാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ശബരിമല ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു തീർത്ഥാടന കേന്ദ്രമായി മാറിക്കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഉത്സവകാലത്ത് ഏതാണ്ട് 4 കോടിയോളം ഭക്തർ ശബരിമല സന്ദർശിച്ചതായാണ് അനൗദ്യോഗികമായ കണക്ക്. അതുകൊണ്ടു തന്നെ സ്വാഭാവികമായും മാലിന്യത്തിന്റെ പ്രശ്നങ്ങളും പാരിസ്ഥിതികമായ പ്രശ്നങ്ങളും ഉണ്ടാകാറുണ്ട്. ഇതെല്ലാം കണ്ടുകൊണ്ടുതന്നെ സമഗ്രമായ വികസനത്തിന് സഹായകരമാകുന്ന ഒരു മാസ്റ്റർപ്ലാൻ ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ആ മാസ്റ്റർപ്ലാനിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും കൂടിച്ചേർന്ന് വളരെ വിപുലമായ പദ്ധതി രൂപപ്പെടുത്തുകയാണ്. ആ പദ്ധതിയിൽ മൃഗസംരക്ഷണം, വനസംരക്ഷണം എന്നിവയടക്കമുള്ള എല്ലാ കാര്യങ്ങളുമുണ്ടാകും. പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്ന തരത്തിലായിരിക്കും മാസ്റ്റർപ്ലാൻ നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു കോൺഫറൻസ് പമ്പയിൽ ചേരുകയുണ്ടായി. ആ കോൺഫറൻസിൽ മുഖ്യമന്ത്രി കുറെയേറെ നിർദ്ദേശങ്ങൾ വച്ചു. ആ നിർദ്ദേശങ്ങൾ മതഭ്രാന്തന്മാർക്കിഷ്ടപ്പെട്ടില്ലെങ്കിലും അവിടെയിരുന്ന നിഷ്പക്ഷമതികൾക്കും വിശ്വാസികൾക്കും ഇഷ്ടപ്പെട്ടു എന്നത് നിഷേധിക്കാൻ സാധിക്കില്ല. പക്ഷെ ആ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള യാതൊരു നീക്കങ്ങളും ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നോ ഗവൺമെന്റിന്റെ ഭാഗത്തു നിന്നോ ഉണ്ടായില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതോടൊപ്പം വളരെ പ്രധാനപ്പെട്ട കാര്യം 1940-1950-കൾവരെ ശബരിമലയിലെ മകരജ്യോതിയും മകരവിളക്കും പാവപ്പെട്ട ആദിവാസികൾ ദീപം കൊളുത്തുന്നതായിരുന്നു. ഇലക്ട്രിസിറ്റി ബോർഡും വനംവകുപ്പും ചേർന്ന് പാവപ്പെട്ട ആദിവാസികളെ ഓടിച്ച് അതിപ്പോൾ കയ്യേറി വച്ചിരിക്കുകയാണ്. മകരവിളക്ക് ദീപം തെളിയിക്കുന്നത് ആര് എന്നതാണ് വിഷയം. ഇക്കാര്യത്തിൽ ആദിവാസികൾ എത്രയോ കൊല്ലങ്ങളായി വിഷമിച്ചുകൊണ്ടിരിക്കുകയാണ്. സത്യത്തിൽ അയ്യപ്പന്റെ സതീർത്ഥ്യരെന്നുപറയുന്നത് മുഴുവൻ ആദിവാസികളാണ്. 200 കൊല്ലം മുമ്പ് ശബരിമല സന്ദർശിച്ച സായിപ്പിന്റെ പുസ്തകത്തിൽ ജനവരി 12-ാം തീയതി 15000 വിശ്വാസികൾ ശബരിമലയിലുണ്ടായിരുന്നുവെന്ന് പറയുമ്പോൾ അന്ന് ഇൻഡ്യയിൽപ്പോലും 2 കോടി ജനമില്ല. ശബരിമലയുടെ പ്രാധാന്യം വലുതാണ്. ആദിവാസികൾക്ക് ദീപം തെളിയിക്കാനുള്ള അധികാരം തിരികെ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നുകൂടി അങ്ങ് വ്യക്തമാക്കണം?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പമ്പയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ശബരിമലയുടെ മാത്രമല്ല, അതുമായി ബന്ധപ്പെട്ട് വരുന്ന വിപുലമായിട്ടുള്ള ഒരു പദ്ധതിയെ സംബന്ധിച്ചുള്ള വിവിധ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. അത് കേരളീയ സമൂഹം പൊതുവെ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചില്ലായെന്ന് പറയുന്നത് ശരിയല്ല. പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി അടുത്ത ദിവസംതന്നെ തിരുവനന്തപുരത്ത് യോഗം ചേരുന്നുണ്ട്. അതിന്റെ പരിശോധന നടത്താനായി മുഖ്യമന്ത്രി ശബരിമലയിലും യോഗം ചേരാൻ നിശ്ചയിച്ചിട്ടുണ്ട്. അതെല്ലാം നന്നായി നടക്കുന്നുണ്ട്. ആദിവാസികളുടെ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം അവർ അവിടത്തെ പ്രധാനപ്പെട്ട വിഭാഗം തന്നെയാണ്. അവർ ചെയ്യേണ്ട പ്രവർത്തികൾ അവർതന്നെ ചെയ്യണമെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനെന്തെങ്കിലും തടസ്സമുണ്ടോ എന്നറിയില്ല. ഉണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കും.

ശ്രീ. മുരളി പെരുനെല്ലി: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ സർവ്വീസിലിരിക്കെ അന്തരിച്ച ജീവനക്കാരുടെ ആശ്രിതർക്ക് അർഹതപ്പെട്ട ആശ്രിത നിയമനം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം ജീവനക്കാർക്കും അതുപോലെ ബോർഡിനു കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളിലേയും മറ്റ് സ്ഥാപനങ്ങളിലേയും ജീവനക്കാർക്കും ഈ ആനുകൂല്യം ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആശ്രിത നിയമനം സംബന്ധിച്ച് പറഞ്ഞ കാര്യം ശരിയാണ്. അവരുടെ പ്രക്ഷോഭം നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട നിയമനങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിലും നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, ശബരിമലയിൽ പരമ്പരാഗതമായി ദീപം തെളിയിച്ചിരുന്നത് അവിടത്തെ മലയരയന്മാരാണ്. ആ അവകാശം നഷ്ടപ്പെടുത്തിയതിനെ സംബന്ധിച്ചാണ് ശ്രീ. പി. സി. ജോർജ് ഒരു പ്രശ്നം ചൂണ്ടിക്കാണിച്ചത്. അതിന് സ്പെസിഫിക്കായിട്ടുള്ള ഉത്തരം കിട്ടിയിട്ടില്ല. അവരുടെ അവകാശം വളരെയേറെ നിയമപരമായ പിൻബലമുള്ളതാണ്. അത് നിഷേധിക്കുന്നത് ന്യായമല്ല, അത് ലഭിക്കാൻ സൗകര്യമുണ്ടാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അക്കാര്യത്തിൽ സ്പെസിഫിക്കായിട്ടുള്ള ഉത്തരം തരാൻ സാധിക്കാത്തത് മലയരയന്മാരല്ല ദീപം തെളിയിക്കുന്നതെന്ന കാര്യം ഗവൺമെന്റിന് ബോധ്യമല്ലാത്തതിനാലാണ്. ഇവിടെ വന്ന ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ അവിടെ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കും. അതിന്റെ അടിസ്ഥാനത്തിൽ മലയരയന്മാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകതന്നെ ചെയ്യും.

ശ്രീമതി ഗീതാ ഗോപി: സർ, ക്ഷേത്രങ്ങളുടെ ആചാരങ്ങൾക്കും വികസനത്തിനും മുഖ്യ പങ്കുവഹിക്കുന്നതിൽ അതാത് ദേവസ്വം ബോർഡുകൾക്ക് ചുമതലയുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിൽ ഒരു വർഷം കോടാനുകോടി ഭക്തർ വന്നുചേരുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. ശബരിമലയിൽ വരുന്ന അത്രയും ഭക്തർ ഗുരുവായൂർ ക്ഷേത്രത്തിലും ദർശനം നടത്തിയിട്ടാണ് തിരിച്ചുപോകുന്നത്. കഴിഞ്ഞ ക്ഷേത്ര ഭരണസമിതി ഗുരുവായൂർ ക്ഷേത്രത്തിലെ ക്യൂ കോംപ്ലക്സിന്റെ വികസനവുമായി ബന്ധപ്പെടുത്തി 65 കോടിയുടെ പ്രൊപ്പോസലാണ് നൽകിയിരുന്നത്. ഇപ്പോൾ പുതിയ ഭരണ സമിതി 65 കോടിയുടെ ക്യൂ കോംപ്ലക്സിനുപകരം 125 കോടിയുടെ ക്യൂ കോംപ്ലക്സിനുള്ള പ്രൊപ്പോസലുമായി വളരെ ധീരമായും യുക്തിപൂർവ്വമായും ഈ ഗവൺമെന്റിനെപ്പോലും ധിക്കരിക്കുന്ന രീതിയിലുള്ള നിലപാടുകളുമായിട്ട് മുന്നോട്ടുപോകുകയാണ്. 65 കോടിയുടെയും 125 കോടിയുടെയും ക്യൂ കോംപ്ലക്സ് തമ്മിലുള്ള യഥാർത്ഥ ചിത്രങ്ങളും വികസന സാധ്യതകളും പരിശോധിച്ച് അതിൽ വ്യക്തമായിട്ട് അഴിമതിയുണ്ടെന്ന കാര്യം വെളിച്ചത്തുവന്നാൽ അങ്ങ് അതിൽ ശക്തമായി ഇടപെടുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശബരിമല പോലതന്നെ കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ് ഗുരുവായൂർ. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കഴിഞ്ഞ ഒരു വർഷം ഏതാണ്ട് നാലുകോടിയോളം ഭക്തജനങ്ങൾ സന്ദർശിച്ചുവെന്നാണ് കണക്ക്. ഗുരുവായൂരിൽ ക്യൂ കോംപ്ലക്സിന്റെ ആവശ്യകത വളരെ വലുതാണ്. കാരണം വളരെ ദൈർഘ്യമുള്ള ക്യൂ ആണ് അവിടെ കാണാറുള്ളത്. പ്രായം ചെന്ന ആളുകൾ ക്യൂവിൽനിന്ന് തളർന്ന് വീഴുക തുടങ്ങിയ അനിഷ്ടകരമായിട്ടുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു ക്യൂ കോംപ്ലക്സ് ആവശ്യമാണ് എന്നതിൽ സംശയമില്ല. പക്ഷെ ആ ക്യൂ കോംപ്ലക്സിന്റെ പേരിൽ വലിയ കൊള്ള നടക്കാമോ എന്ന പ്രശ്നം നമ്മുടെ മുന്നിൽ ഇപ്പോൾ വന്നിട്ടുണ്ട്. 5 കോടി രൂപയ്ക്ക് നിർമ്മിക്കാൻ

കഴിയുന്ന ഒരു ക്യൂ കോംപ്ലക്സ് പദ്ധതിക്കുപകരം 125 കോടി രൂപയുടെ ഒരു കോൺക്രീറ്റ് വനം അവിടെ ഉണ്ടാക്കിയെടുക്കുന്നതിനുള്ള നീക്കമാണ് നിലവിലുള്ള ഭരണസമിതി നടത്തുന്നതായി മനസ്സിലാക്കുന്നത്. ഗവൺമെന്റ് അക്കാര്യത്തിൽ ശക്തമായി ഇടപെട്ടിട്ടുണ്ട്. ഗുരുവായൂർ ടൗൺഷിപ്പ് അടക്കമുള്ള പ്രദേശങ്ങൾ ബന്ധപ്പെടുത്തിക്കൊണ്ട് വിപുലമായ ഒരു വികസന പരിപാടിക്ക് ഗവൺമെന്റ് രൂപം നൽകുകയാണ്. കേന്ദ്ര ഗവൺമെന്റുമായി ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പ്രസാദ് പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിക്കൊണ്ട് ചില നീക്കങ്ങൾ നടത്താൻ സാധിക്കുമോ എന്ന് ഗവൺമെന്റ് ആലോചിക്കുകയാണ്. ടൂറിസം വകുപ്പും ദേവസ്വം വകുപ്പും സംയോജിതമായി ഗുരുവായൂരിൽ ഇപ്പോൾ കാണുന്ന നീക്കങ്ങൾ തടയിടുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികൾ സ്വീകരിക്കും. അവിടത്തെ ഭരണസമിതി തോന്ന്യാസമനുസരിച്ച് പ്രവർത്തിക്കുകയാണെന്ന് പറഞ്ഞാൽ തെറ്റില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, പമ്പ ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട് 200 കോടിയിലധികം രൂപയുടെ സഹായം പ്രഖ്യാപിച്ചിരുന്നുവെന്നും പക്ഷെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധനവിനിയോഗ രേഖ ഹാജരാക്കാത്തതിന്റെ ഫലമായി അത് നഷ്ടമായിയെന്നുമുള്ള ഒരു വാർത്ത വന്നിരുന്നു. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരിശോധിക്കാം.

## അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ

2. (*183) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. ശർമ്മ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രവൃത്തിപഥത്തിലെത്തിക്കാൻ ആരംഭിച്ച നടപടികൾ അറിയിക്കാമോ;

(ബി) പ്രഖ്യാപിത പദ്ധതികൾക്ക് ഭരണാനുമതി ആയിട്ടുണ്ടോ ;

(സി) പദ്ധതിരേഖ തയ്യാറാക്കുന്നതും നടത്തിപ്പും ഏതു വിധത്തിലായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ രൂപരേഖയ്ക്കനുസരിച്ച് സമയബന്ധിതമായി നിർവഹണം നടക്കുമെന്നും ഫണ്ടിന്റെ അഭാവം പ്രവൃത്തികളെ നിശ്ചലമാക്കില്ലെന്നും ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 20,000 കോടി രൂപയുടെ 2-ാം മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. തെരഞ്ഞെടുത്ത അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാവശ്യമായ മൂലധന നിക്ഷേപമാണ് ഈ പാക്കേജിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ, SEBI, RBI എന്നിവയുടെ നിയന്ത്രണങ്ങൾക്ക് വിധേയമായ സംവിധാനങ്ങളും മാർഗ്ഗങ്ങളുമുപയോഗപ്പെടുത്തി പൊതുവിപണിയിൽനിന്നും ധനസമാഹരണം നടത്തി കിഫ്ബി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിനനുയോജ്യമായ രീതിയിൽ 19-8-2016 തീയതിയിലെ ഓർഡിനൻസ് നമ്പർ 6/2016 -ലൂടെ 1999-ലെ KIIF ആക്ട് സർക്കാർ ഭേദഗതി ചെയ്യുകയും അത് 19-8-2016-ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം നമ്പർ 1464-ലൂടെ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെട്ട പദ്ധതികളിൽ 8-8-2016-ലെ സ.ഉ. (കൈ)നമ്പർ 315/2016/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ KIIF ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതാണ്. പുതുക്കിയ 2016-17 ബഡ്ജറ്റിലൂടെ KIIFB-ക്ക് ഉറപ്പാക്കിയിട്ടുള്ള 10% മോട്ടോർ വാഹന നികുതി, പെട്രോളിൻമേലുള്ള സെസ്സ് എന്നിവയുടെ വിഹിതം അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിനായി കിഫിന് അനുവദിക്കപ്പെട്ട ശീർഷകത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അനായാസമായ പദ്ധതി നടത്തിപ്പിന് കൃത്യവും യുക്തവും ക്രമീകൃതവും സമയബന്ധിതവുമായ ധനസമാഹരണം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. 8-8-2016-ലെ സ.ഉ. (കൈ) 315/2016/ധന. പ്രകാരം കിഫ്ബിയിലേയ്ക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2016 ഒക്ടോബർ രണ്ടാം വാരാന്ത്യത്തോടെയാണ് ബോർഡിന്റെ അനുമതിക്കായി ആദ്യ ബാച്ച് പദ്ധതികൾക്ക് ഭരണാനുമതിയുൾപ്പെടെ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കാൻ സമയപരിധി നൽകിയിട്ടുള്ളത്. ഈ പ്രക്രിയ നടന്നുവരുന്നു.

(സി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിൻപ്രകാരം വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെട്ട പദ്ധതികളിൽ 8-8-2016-ലെ സ.ഉ. (കൈ)നമ്പർ 315/2016/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ KIIF ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്നപക്ഷം KIIFB ധനസഹായം നൽകുന്നതാണ്. ഈ ഭേദഗതി പ്രകാരം പദ്ധതി നടത്തിപ്പ് താഴെപ്പറയും വിധമാണ്:

1. വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ഭരണവകുപ്പിന്റെ അനുമതിയും മന്ത്രിസഭയുടെ അംഗീകാരവും അനിവാര്യമാണ്. 100 കോടി രൂപയ്ക്കു മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്കു മുകളിൽ മതിപ്പു തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.

2. പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി വിഭാവനം

ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വി.-കളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV-യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.

3. എസ്.പി.വി.-കൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമെനിന്നും വിദഗ്ദ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RFP) തയ്യാറാക്കുക എന്നത് എസ്.പി.വി.-കളുടെ ചുമതലയാണ്. ഇതു നടപ്പാക്കുന്നതിന് എസ്.പി.വി.-കൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെണ്ടറിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന consultants-ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.

4. ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്നപക്ഷം KIIFB ധനസഹായം നൽകുന്നതാണ്.

(ഡി) കിഫ്ബി ഭേദഗതി ഓർഡിനൻസ് 2016 പ്രകാരം കിഫ്ബിയിൽ ഒരു ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ (FTAC) എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ കിഫ്ബി സ്വരൂപിക്കുന്ന നിധിയുടെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നതും നിധിയുടെ എല്ലാ നിക്ഷേപങ്ങളും ഭേദഗതി ഓർഡിനൻസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസൃതമാണെന്ന്

കിഫ്ബിയുടെ ഫണ്ട് അഥവാ നിധി വകമാറ്റി ചെലവഴിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നത് FTAC ആയിരിക്കും. കമ്മീഷൻ ഭേദഗതി ഓർഡിനൻസ് സെക്ഷൻ ഡി (2) പ്രകാരം FTAC, തുകകളുടെ വിനിയോഗവും അധിക തുകയുടെ നിക്ഷേപവും നടത്തുന്നു എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഓരോ ആറുമാസത്തിലും ഒരു ഫിഡെലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. അതിലൂടെ നിക്ഷേപകരുടെ വിശ്വാസ്യത ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ, കിഫ്ബിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ബോർഡ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ചെയർമാനായിട്ടുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയെ കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കുകയും ഒരു ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഗ്രൂപ്പ് കിഫ്ബിയിൽ രൂപീകരിക്കുന്നതിനായി തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്.

ടി നിയന്ത്രണ സംവിധാനങ്ങൾക്കു പുറമെ, പ്രോജക്ട് നിർവ്വഹണ ചെലവുകൾ അപ്പപ്പോൾ നേരിട്ട് സപ്ലൈയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവർക്ക് അവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനവും കിഫ്ബിയിൽ ഏർപ്പെടുത്താൻ ആലോചനയുണ്ട്. ഇതുവഴി ഫണ്ട് വിനിയോഗം നിർബാധമാവുകയും പദ്ധതി നടത്തിപ്പ് സുഗമമാവുകയും ചെയ്യുന്നതാണ്. കിഫ്ബിയുടെ ഭാഗത്ത് ഫണ്ട് ലഭ്യത ഉറപ്പുവരുത്തുവാൻ സർക്കാർ ഇതിനകം തന്നെ 873.85 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന നികുതി വിഹിതം, പെട്രോൾ സെസ് വിഹിതം എന്നിവയും കിഫ്ബിക്ക് പ്രസ്തുത ഭേദഗതിയിലൂടെ ഉറപ്പാക്കിയിട്ടുണ്ട്. ഈ മൂലധന ഉറപ്പിന്മേൽ കേന്ദ്ര സർക്കാർ, SEBI, RBI എന്നിവയുടെ നിയന്ത്രണത്തിനനുസൃതമായ ധനസമാഹരണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി ധനലഭ്യത ഉറപ്പുവരുത്തുന്നതാണ്. കിഫ്ബി വഴി നടപ്പിലാക്കാൻ സർക്കാർ അംഗീകരിക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ നിർവ്വഹണത്തിനായി തയ്യാറാകുന്ന മുറയ്ക്ക് അവയ്ക്ക് ആവശ്യമായ ഫണ്ട് ടി മാർഗ്ഗത്തിലൂടെ നിർബാധം ഉറപ്പുവരുത്തുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ യു.ഡി.എഫ്. ഭരണകാലത്ത് നികുതി പിരിക്കാത്തതുകൊണ്ട് സംസ്ഥാന ഖജനാവിന് ഏകദേശം 10435 കോടി രൂപ നഷ്ടമുണ്ടായി. യു.ഡി.എഫ്. സർക്കാർ നിയോഗിച്ച ആസൂത്രണ ബോർഡുതന്നെയാണ് അക്കൗണ്ടന്റ് ജനറലിന്റെ കണക്കുദ്ധരിച്ച് ഇത് വ്യക്തമാക്കിയത്. അടിസ്ഥാന സൗകര്യ

വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ വലിയ ധനശേഷി ആവശ്യമായി വരും. അങ്ങ് കിഫ്ബി എന്ന ശ്രദ്ധേയമായൊരു പദ്ധതി പ്രഖ്യാപിച്ചുകൊണ്ട് അത് നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. പൊതുവിപണിയിൽനിന്ന് ധനസമാഹരണം നടത്തി ഇത് വിജയിപ്പിക്കുമെന്നാണ് അങ്ങ് പ്രഖ്യാപിച്ചിട്ടുള്ളത്. അതനുസരിച്ച് മോട്ടോർ വാഹന നികുതിയുടെ 10 ശതമാനം, പെട്രോൾ സെസ് തുടങ്ങിയവയെല്ലാം സമാഹരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതല്ലാതെ മറ്റെന്തെല്ലാം തരത്തിലാണ് അങ്ങ് ധനസമാഹരണം നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, മുഖ്യമായും കിഫ്ബിയുടെ വരുമാനം സംസ്ഥാന സർക്കാരിൽനിന്നുള്ള ഗ്രാന്റുകൾ തന്നെയായിരിക്കും. 5 വർഷത്തിനുള്ളിൽ മോട്ടോർ വാഹന നികുതിയുടെ 50 ശതമാനം വരെയും പെട്രോൾ സെസ്സും നിലവിലുള്ള സെസ്സും ഇപ്പോൾതന്നെ നിയമത്തിൽ കിഫ്ബിക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗായിട്ട് സർക്കാർ കിഫ്ബിക്ക് നൽകുന്നതാണ്. കിഫ്ബി ഇപ്പോൾ ഏറ്റെടുക്കാൻ നിർദ്ദേശിച്ചിരിക്കുന്ന എല്ലാ പ്രോജക്ടുകളും സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള എസ്.പി.വി.കൾ വഴിയാണ് നടപ്പാക്കുന്നത്. അതിലൊന്നിലും ഒരു റിട്ടേൺ പ്രതീക്ഷിക്കുന്നില്ല. കാരണം, യൂസർ ഫീയോ മറ്റോ ചെലവാക്കി നിർമ്മിക്കുന്ന റോഡുകളിലും പാലങ്ങളിലും നിന്നുള്ള വരുമാനം പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് സർക്കാർ ഭാവിയിൽ ഈ പണമൊക്കെ തിരിച്ചുനൽകേണ്ടിവരും. എന്നാൽ ഭൂമി ഏറ്റെടുത്ത് കിൻഫ്ര പോലുള്ള ഏജൻസിക്ക് നൽകുന്നു. ആ ഏജൻസി അത് വികസിപ്പിച്ചെടുത്ത് വ്യവസായികൾക്കൊക്കെ കൈമാറുമ്പോൾ കിട്ടുന്ന പണം കിഫ്ബിയിലേക്ക് നൽകേണ്ടി വരും. ഉല്പാദനപരമായിട്ടുള്ള ആവശ്യങ്ങൾക്കു വേണ്ടിയുള്ള പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുമ്പോൾ അതിന് തിരിച്ചടവിന്റെ വ്യവസ്ഥകളുണ്ടാകും. ഭാവിയിൽ ഒരു വൻകിട പ്രോജക്ട് പി.പി.പി. പ്രകാരം ഏറ്റെടുക്കുകയാണെങ്കിൽ അതിനുള്ള വ്യവസ്ഥകളും ഇപ്പോൾ നിയമത്തിൽ വച്ചിട്ടുണ്ട്. നിയമസഭയിൽ ഞാൻ പറഞ്ഞതുപോലെ അതൊരു എനേബിളിംഗ് പ്രൊവിഷനാണ്. പക്ഷെ ഇപ്പോൾ ആ രീതിയിൽ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ചില കാര്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കേണ്ടിവരും. ഇപ്പോൾ അങ്ങ് ഗുരുവായൂർ റെയിൽവേ ഓവർബ്രിഡ്ജ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 20 സെന്റോളം ഭൂമി അതിന് ഏറ്റെടുക്കേണ്ടിവരും. ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്; അതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഭൂമി ഏറ്റെടുക്കൽ നടപടികൾ ബന്ധപ്പെട്ട റവന്യൂ വകുപ്പാണ് ചെയ്യുന്നത്. പക്ഷെ പണം നൽകുന്നത് കിഫ്ബി ആയിരിക്കും. പല രീതികൾ ഇപ്പോൾ ആലോചിച്ചിട്ടുണ്ട്. 20 സെന്റ് ഭൂമിയാകുമ്പോൾ കാശായിട്ടുതന്നെ കൊടുക്കാമെന്നുള്ളതാണ്. അതേസമയത്ത് വലിയ തോതിൽ ഭൂമി ഏറ്റെടുക്കുമ്പോൾ അവർക്ക് വേണമെങ്കിൽ ബാങ്ക് റേറ്റിനെക്കാൾ ചെറിയ ശതമാനം ഉയർന്ന നിരക്കിൽ ബോണ്ട് നൽകാം. അതല്ലായെങ്കിൽ പകുതി കാശും പകുതി ബോണ്ടുമായി നൽകാം. ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു നിശ്ചിത ശതമാനം അവരുടെ ഓഹരിയായി സൂക്ഷിക്കാം. ഇങ്ങനെയുള്ള പല മോഡലുകളുണ്ട്. അതുസംബന്ധിച്ചുള്ള വിശദമായ ഉത്തരവ് താമസിയാതെ പുറത്തിറങ്ങും. ഏതായാലും ഈ വർഷംതന്നെ കിഫ്ബി ഉപയോഗിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കും.

ശ്രീ. എസ്. ശർമ്മ: സർ, ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഒരു വികസനകുതിപ്പിന് സഹായകരമായ വിധത്തിൽ അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനം കൈവരിക്കാൻ കേരളത്തിന് എന്തുകൊണ്ട് കഴിയാതെ പോയി എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് വളരെ വലിയ ചരിത്രമാണ്. ചരിത്രപരമായ കാരണങ്ങൾകൊണ്ട് നമ്മൾ പിന്നോക്കമായിരുന്നു, ആ പിന്നോക്കാവസ്ഥയെ മറികടക്കുന്നതിന് നമുക്ക് കഴിഞ്ഞില്ല. ഇപ്പോൾ മറി കടക്കാൻ ശ്രമിക്കുകയാണ്. ഈ നവലിബറൽ കാലഘട്ടത്തിൽ കോർപ്പറേറ്റുകൾ കൂടുതൽ കൂടുതൽ ഇളവുകൾ കൊടുക്കാൻ ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങളോടും സമ്മർദ്ദം ചെലുത്തുകയാണ്. അങ്ങനെയുള്ള ഇളവുകൾ തൊഴിലവകാശത്തിന്റെ മേലോ പാരിസ്ഥിതിക നിയമത്തിലോ ഭൂവിനിയോഗത്തിന്റെ കാര്യത്തിലോ നൽകാൻ നമുക്ക് സാധിക്കില്ല. പിന്നെ കേരളത്തിൽ നൽകാൻ സാധിക്കുന്നതെന്താണ്? ഇന്ത്യയിലെ ഏറ്റവും മികച്ച പശ്ചാത്തല സൗകര്യങ്ങൾ ഇവിടെ സൃഷ്ടിക്കുക എന്നുള്ളതാണ്. പശ്ചാത്തല സൗകര്യം എന്നുപറയുമ്പോൾ നമ്മുടെ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ മാത്രമല്ല, ഉന്നതവിദ്യാഭ്യാസം, ഗവേഷണ സ്ഥാപനങ്ങൾ, സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയവ ഏറ്റവും ഉയർന്ന നിലവാരത്തിലുള്ളതാക്കണം. അഞ്ചുവർഷം കൊണ്ട് ചുരുങ്ങിയത് 50000 കോടി രൂപ, കഴിയുമെങ്കിൽ ഒരു ലക്ഷം ഒരു കോടി രൂപ മുടക്കി അതിവേഗത്തിൽ നമ്മുടെ പശ്ചാത്തല സൗകര്യങ്ങൾ ഉയർത്തുക. ഇത് സ്വകാര്യ നിക്ഷേപത്തെ കേരളത്തിലേക്ക് ആകർഷിക്കുമെന്നും നമ്മുടെ പിന്നോക്കാവസ്ഥയെ മറികടക്കാൻ സഹായിക്കുമെന്നും കരുതുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, 'പ്രതീക്ഷ നൽകാത്ത ഖജനാവും ജനം പ്രതീക്ഷിക്കുന്ന വികസനവും' - ഈ വൈരുദ്ധ്യത്തെ മറികടക്കാനാണ് ജനങ്ങൾക്ക് മേൽ ഒരു സാമ്പത്തിക ഭാരവും അടിച്ചേൽപ്പിക്കാതെ അടിസ്ഥാന സൗകര്യ വികസനത്തിന് ഭാവനാസമ്പന്നമായിട്ടുള്ള പുതിയ പദ്ധതി ആവിഷ്കരിച്ചത്. എന്റെ ചോദ്യം, അടിസ്ഥാന വികസനമേഖലയിൽ പ്രത്യേകിച്ച് പി.ഡബ്ല്യു.ഡി., വാട്ടർ റിസോഴ്സസ്, ഹാർബർ എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ മുടക്കുന്ന തുകയുടെ ശരിയായ പ്രയോജനം ദീർഘകാലത്തേയ്ക്ക് ലഭ്യമാക്കാനും കുറ്റമറ്റ രീതിയിലുള്ള നിർവ്വഹണം ഏർപ്പെടുത്താനും നിർമ്മാണമേഖലയിലെ കാര്യക്ഷമതയും ഗുണമേന്മയുമില്ലാത്ത തരത്തിലുള്ള പ്രവൃത്തികൾ ശക്തമായി തടയാനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ പറഞ്ഞ നടപടികളൊക്കെ സ്വീകരിക്കേണ്ടത് ആവശ്യമാണ്. അത് ബന്ധപ്പെട്ട വകുപ്പ് തന്നെയാണ് തീരുമാനിക്കേണ്ടത്. പക്ഷേ കിഫ്ബിയുടെ പ്രവർത്തനത്തിലൂടെ ഒരു കാര്യം ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. റോഡുകളുടെയും പാലങ്ങളുടെയും ടെണ്ടർ ഇനി ദീർഘകാല മെയിന്റനൻസ് കോൺട്രാക്ടോടുകൂടിയേ വിളിക്കുകയുള്ളൂ. രണ്ടാമത്തേത്, ഇതിന്റെ എസ്റ്റിമേറ്റ് ശരിയാണോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ഒരു ഇൻസ്പെക്ഷൻ അതോറിറ്റി, എസ്.ഐ.ടി.-യുടെ ആഭിമുഖ്യത്തിലുണ്ടാകും. അതല്ലെങ്കിൽ ഇതിന്റെ മേൽനോട്ടവും മറ്റു കാര്യങ്ങളുമെല്ലാം ബന്ധപ്പെട്ട വകുപ്പിനായിരിക്കും. അങ്ങനെ കരാർ പ്രകാരം പണിതീർത്തുവെന്ന് അറിയിച്ചു കഴിഞ്ഞാൽ കിഫ്ബി ഓൺലൈനായി പണം കൈമാറും. ഇത് ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമാണ്. ഇപ്പോൾ ഒന്നരവർഷത്തെ ബിൽ കുടിശ്ശികയാണുള്ളത്. ഇനിമേൽ കിഫ്ബി വഴിയുള്ള പണി എപ്പോൾ തീരുന്നുവോ അപ്പോൾ തന്നെ പണം കൊടുക്കും. അത് വലിയ മാറ്റമുണ്ടാക്കും.

ശ്രീമതി വീണാ ജോർജ്ജ്: സർ, റോഡുകളും പാലങ്ങളും മെയിന്റനൻസ് കോൺട്രാക്ടിന്റെ കൂടി അടിസ്ഥാനത്തിലായിരിക്കും കൊടുക്കുക എന്നതിനെ സ്വാഗതം ചെയ്യുന്നു. കേരള സംസ്ഥാന രൂപീകരണം മുതൽ സംസ്ഥാനത്തിനുണ്ടായിട്ടുള്ള പൊതുകടത്തിന്റെ അത്രയുമാണ് കഴിഞ്ഞ 5 വർഷം കൊണ്ട് യു.ഡി.എഫ്. സർക്കാർ സംസ്ഥാനത്തിനുണ്ടാക്കി വച്ചത്. പക്ഷേ വികസന ആവശ്യങ്ങൾക്ക് എടുത്ത കടം വികസനേതര ആവശ്യങ്ങൾക്ക്

ഉപയോഗിച്ചുവെന്നുള്ളതാണ് ഏറ്റവും വലിയ കഷ്ടം. അതുകൊണ്ട് മൂലധനത്തിന്റെ അഭാവം അടിസ്ഥാന സൗകര്യ വികസന മേഖലയേയും ബാധിച്ചു. പക്ഷേ അടുത്ത അഞ്ചുവർഷം കേരളത്തിൽ വലിയ കുതിപ്പാണ് അടിസ്ഥാന സൗകര്യവികസന മേഖലയിൽ ഉണ്ടാകാൻ പോകുന്നത്. ഇപ്പോൾ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഗവേണിംഗ് ബോഡിയുണ്ട്, ബഹു. ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുണ്ട്, ഫിഡിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്ന സമിതിയുണ്ട്. എന്തൊക്കെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും ഒരു പ്രോജക്റ്റ് അംഗീകരിക്കപ്പെടുക?

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രോജക്റ്റുകളുടെ ഭരണാനുമതി ബന്ധപ്പെട്ട വകുപ്പ് നൽകും. വകുപ്പുകൾക്കേ പ്രോജക്റ്റുകൾ നിർദ്ദേശിക്കാനുള്ള അവകാശമുണ്ടാവുകയുള്ളൂ. വകുപ്പ് ഭരണാനുമതി നൽകിക്കഴിഞ്ഞാൽ ആര് വഴി നടപ്പാക്കും; അതിന്റെ എസ്.പി.വി. എന്ത്; എസ്.പി.വി. വഴിയോ കൺസൾട്ടന്റ്സിനെ ഉപയോഗിച്ചോ അല്ലെങ്കിൽ അവരുടെ തന്നെ ശേഷി ഉപയോഗിച്ചോ വിശദമായിട്ടുള്ള ഡി.പി.ആർ. തയ്യാറാക്കി ബോർഡിന് സമർപ്പിക്കുന്നു. ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള സമിതി അംഗീകരിക്കുന്നതോടുകൂടി കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കും. ഇതിൽ ഒരു വ്യത്യാസമുള്ളത്, മുമ്പൊക്കെ പശ്ചാത്തല സൗകര്യ പ്രോജക്റ്റുകൾക്ക് മാത്രമാണ് ഇത് ഉപയോഗിച്ചിരുന്നത്. നേരത്തെ കിഫ്ബിയുടെ ചരിത്രം ഇതല്ല. ഇതിനുവേണ്ടി വാങ്ങിയ പണം മുഴുവൻ സർക്കാരിന്റെ ദൈനംദിന ചെലവിനുപയോഗിച്ച ഒരു ചരിത്രമുണ്ട്. ഇനി അത് സാദ്ധ്യമല്ല. കാരണം നിയമംമൂലം അത് നിരോധിച്ചിരിക്കുകയാണ്. രണ്ടാമത്തെ പ്രത്യേകത, നേരത്തെ പശ്ചാത്തല സൗകര്യത്തിനുവേണ്ടി വായ്പയെടുക്കുന്നതു മുഴുവൻ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾക്കാണ്. പ്രത്യക്ഷത്തിൽ വരുമാനം നൽകാത്ത സ്കൂളുകളുടെ നവീകരണം, ആശുപത്രികളുടെ നവീകരണം അതിനു വേണ്ടി ഉപയോഗിക്കാൻ കഴിയില്ല. എന്നാൽ ഇപ്പോൾ കൊടുക്കുന്ന വായ്പ അതിന്റെ സ്വഭാവംമൂലം ഇത്തരത്തിൽ നേരിട്ട് പ്രത്യുല്പാദനപരമല്ലാത്ത കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ സാധിക്കും. അവസാനമായി ഇങ്ങനെ വരുമാനം സൃഷ്ടിക്കുന്ന പശ്ചാത്തല സൗകര്യങ്ങൾ രൂപീകരിക്കുന്നതിനും തടസ്സമൊന്നുമില്ല. അതിനുള്ള enabling provision ഉണ്ട്. അതാണ് നിയമസഭയിൽ കഴിഞ്ഞ തവണ യൂസർ ഫീയാക്കാൻ പോകുകയാണെന്നൊക്കെയുള്ള ആക്ഷേപങ്ങൾക്കിടനൽകിയത്. നാളെ ഒരു കാലത്ത് അത് വേണ്ടിവരുമെങ്കിൽ നിയമം മാറ്റാൻ നിൽക്കേണ്ടല്ലോ. അതിനുള്ള enabling provision ആണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കിഫ്ബിയുടെ ഭാഗമായി നമ്മുടെ നാട്ടിൽ നിരവധി പ്രവർത്തനങ്ങൾ നടക്കാൻ പോകുകയാണ്. പക്ഷേ പല പ്രവർത്തനങ്ങൾക്കും ഭൂമി ഏറ്റെടുക്കേണ്ടത് അത്യാവശ്യമാണ്. ഭൂമി ഏറ്റെടുക്കാനുള്ള സംവിധാനം ഇന്ന് വളരെ ദുർബലമാണ്. എനിക്ക് തന്നെ ഒരു അനുഭവമുണ്ട്. 15 വർഷമായി തുടങ്ങിയ ഒരു റോഡിനുവേണ്ടി 2 കിലോമീറ്റർ ഭൂമി ഏറ്റെടുക്കുന്ന നടപടി ഇതുവരെ അവസാനിച്ചിട്ടില്ല. കോഴിക്കോട് കളക്ടേറ്റിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഒരിക്കലും നടക്കാത്ത ഒരു പണിയായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ധനകാര്യമന്ത്രി പ്രഖ്യാപിച്ച പ്രവർത്തനങ്ങൾ കൃത്യസമയത്തിന് നടക്കുന്നതിനായി ലാന്റ് അക്വിസിഷൻ ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സംസ്ഥാനത്ത് കഴിഞ്ഞകാലത്ത് ലാന്റ് അക്വിസിഷൻ നടപടിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പോരായ്മകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ തീർച്ചയായും പുതിയ നിയമമനുസരിച്ച് പരിഹരിക്കുന്നതിനാവശ്യമായ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുന്നതാണ്. പൂർണ്ണമായ അർത്ഥത്തിൽ അതിവേഗത്തിൽ അത് നടപ്പാക്കാനുള്ള നടപടിയുണ്ടാകും.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അടിസ്ഥാന സൗകര്യരംഗത്ത് കേരളം ഒരു വലിയ കുതിച്ചുചാട്ടമായിരിക്കും ഈ കിഫ്ബി പ്രോജക്റ്റിലൂടെ കൈവരിക്കാൻ പോകുന്നതെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ ഇതിന്റെ തുടക്കത്തിൽ തയ്യാറാക്കുന്ന ഡി.പി.ആർ. പോലുള്ള കാര്യങ്ങൾ നിലവിലുള്ള സംവിധാനങ്ങളെ മാത്രം ആശ്രയിച്ചുകൊണ്ട് പൂർണ്ണമായി തയ്യാറാക്കി കൊണ്ടുവരാൻ കഴിയാത്ത ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തുന്നതിനുള്ള അനുവാദം നൽകുകയോ ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഓരോ വകുപ്പിനും അവരുടെ ഉദ്യോഗസ്ഥരെ തന്നെ നിയോഗിക്കാം. ഉദാഹരണത്തിന് ടൂറിസമാണെങ്കിൽ കിറ്റ്കോയോ അങ്ങനെയുള്ള സ്ഥാപനങ്ങളോട് ചെയ്യാൻ പറയാം. ഇനി അതുമല്ലെങ്കിൽ അവർക്കുതന്നെ കൺസൾട്ടന്റിനെ വയ്ക്കാം. കൺസൾട്ടന്റ് എന്നു പറയുമ്പോൾ ടെണ്ടർ വിളിച്ച് കോംപറ്റീറ്റീവായി ഓപ്പൺ

പ്രോസസിലൂടെ സെലക്ട് ചെയ്യണം, അല്ലെങ്കിൽ അതൊക്കെ പക്ഷഭേദമൊക്കെയായി മാറും. അതുകൊണ്ട് ധനകാര്യ വകുപ്പ് തന്നെ ആളുകളെ എംപാനൽ ചെയ്യുന്നുണ്ട്. ഏത് വകുപ്പുകൾക്ക് വേണെങ്കിലും അവരുടെ സേവനം ഉപയോഗപ്പെടുത്താം. ആ സേവനങ്ങൾക്ക് പ്രതിഫലം നൽകുന്നതിനുവേണ്ടി ഇത്തവണത്തെ ബഡ്ജറ്റിൽ പണവും വകയിരുത്തിയിട്ടുണ്ട്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, പശ്ചാത്തല സൗകര്യം ഒരുക്കുമെന്ന് പറഞ്ഞത് നല്ല കാര്യമാണ്. നെല്ലിന്റെ ഉമിയിൽനിന്ന് സിൽക്ക ഉണ്ടാക്കുന്നതുപോലെയുള്ള മെഗാ പ്രോജക്ടുകൾക്ക് പശ്ചാത്തലസൗകര്യം ഉണ്ടാക്കാനുള്ള കൃത്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഏതെങ്കിലും ഒരു ഏജൻസിയെ ചുമതലപ്പെടുത്താൻ തയ്യാറാകുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കാർഷിക മൂല്യവർദ്ധിത ഉത്പന്നങ്ങളെക്കുറിച്ച് ഒരുപാട് നാളായി പറയുന്നുണ്ടെങ്കിലും പ്രായോഗികമായി നടക്കില്ല. കാരണം, ചെറുകിട സംരംഭങ്ങളാണ് നമ്മുടെ നാട്ടിൽ ആരംഭിക്കുന്നത്. അവിടെ ചെലവ് കൂടുതലാണ്. ഈ പശ്ചാത്തലത്തിലാണ് കിഫ്ബിയുടെ ധനസഹായം ഉപയോഗപ്പെടുത്തി രണ്ട് ഡസനോളം ആഗ്രോ പാർക്കുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സൃഷ്ടിക്കുന്നത്. ആഗ്രോ പാർക്കുകൾ എന്ന് പറയുന്നത്, ഭൂമി ലെവൽ ചെയ്ത് വൈദ്യുതി കണക്ഷൻ കൊടുക്കുക അല്ലെങ്കിൽ കെട്ടിടം നിർമ്മിക്കുന്ന ഏർപ്പാടല്ല. മറിച്ച്, മുതലമട പ്രദേശത്തെ പാർക്കിൽ പഴവർഗ്ഗങ്ങളാണ്. പഴവർഗ്ഗങ്ങളാകുമ്പോൾ tetra packing ആണ് ഏറ്റവും പ്രധാനപ്പെട്ടത്. അത് ഏറ്റവും ചെലവ് കൂടുതലുമാണ്. അഞ്ചാറ് യൂണിറ്റുണ്ടെങ്കിൽ പാർക്കിൽ കോമൺ ഫെസിലിറ്റിയായി ടെട്രാ പാക്കിംഗിനുള്ള സൗകര്യമുണ്ടാക്കാം. പഴങ്ങളും മറ്റും ശീതീകരിച്ച് സൂക്ഷിക്കുന്നതിന് വലിയ സ്റ്റോറേജ് ഫെസിലിറ്റി ഇതിന്റെ ഭാഗമായുണ്ട്. ആഗ്രോ പാർക്ക് എന്ന് പറയുന്നത് ചെറുകിട സംരംഭങ്ങൾക്കുള്ള കുടയായി നിൽക്കും. അങ്ങനെയാണെങ്കിൽ ഇത് വിജയിക്കുന്നതിനുള്ള കൂടുതൽ സാധ്യതയുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്.

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, പാലങ്ങൾ ഉൾപ്പെടെയുള്ള വൻകിട പ്രോജക്ടുകൾ വരുമ്പോൾ സാധാരണ നടപടി ക്രമങ്ങളനുസരിച്ച് നടപ്പിലാക്കാൻ നാലഞ്ചു വർഷം വേണ്ടിവരും. അതിന്റെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞതിനുശേഷം ഡിസൈൻ വിംഗിൽ പോയി ഡിസൈനുണ്ടാക്കണം. ഡിസൈൻ വിംഗാണെങ്കിൽ വളരെ അപര്യാപ്തമാണ്. അവിടെ പോയി ഡി.പി.ആർ. തയ്യാറാക്കി, എ.എസ്.

കിട്ടി, എ.എസ്.ൽ നിന്ന്, ടി.എസ്. ലഭിച്ചുകഴിഞ്ഞാൽ പിന്നെ ടെണ്ടർ ചെയ്യും. ടെണ്ടറിൽ എവിടെയെങ്കിലും എക്സസ് വന്നാൽ ടെണ്ടർ എക്സസാകും. അതുകഴിഞ്ഞ് വർക്ക് ഓർഡർ കൊടുത്ത് എഗ്രിമെന്റ് വച്ച് കഴിയുമ്പോൾ നാലഞ്ചു വർഷമാകും. ഭൂമി ഏറ്റെടുക്കൽ കൂടിയുണ്ടെങ്കിൽ പറയേണ്ട ആവശ്യമില്ല. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളാണ് വളരെ കാലതാമസം ഉണ്ടാക്കുന്നത്. സാധാരണഗതിയിൽ ഡി.എൽ.പി.സി. കൂടി അവിടെ നിന്ന് നിർദ്ദേശിക്കപ്പെടുന്ന തുക അംഗീകരിച്ച് നെഗോഷ്യേറ്റ് ചെയ്ത് കൊടുക്കാനുള്ള സംവിധാനം ചെയ്തുകൊടുത്താൽ, കുറ്റമറ്റ രീതിയിൽ അതിനുള്ള സംവിധാനം ശക്തിപ്പെടുത്തിയാൽ ഭൂമി ഏറ്റെടുക്കലെങ്കിലും വേഗത്തിൽ നടക്കും. ഇതിന്റെകൂടെ ഭൂമി ഏറ്റെടുക്കൽ കൂടെയുണ്ടെങ്കിൽ അഞ്ചു കൊല്ലം കൊണ്ട് മെഗാ പ്രോജക്ടുകളൊന്നും നടക്കാൻ പോകുന്നില്ല. അത് കേവല സ്വപ്നമായി തന്നെ തുടരും. ഇത്രയും വലിയ പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനും അതിന്റെ എക്സിക്യൂട്ടീവ് മെഷിനറി ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കുകയും 25-50 കോടി രൂപയ്ക്ക് മുകളിലുള്ള പ്രോജക്ടുകളുടെ പ്രവർത്തനങ്ങൾ എത്രത്തോളമായി എന്ന് ഇത് നടപ്പിലാക്കേണ്ട വകുപ്പുതല ഉദ്യോഗസ്ഥന്മാരുടെ പ്രതിമാസ അവലോകന യോഗം നടത്തി നടപ്പിലാക്കാനുള്ള പരിശ്രമം വലിയ തോതിൽ നടന്നില്ലെങ്കിൽ അങ്ങ് പ്രഖ്യാപിച്ച എല്ലാ വൻകിട പദ്ധതികളും കടലാസ്സിൽ തന്നെ ഒതുങ്ങുകയേയുള്ളൂ. അതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താൻ എന്തെല്ലാം മെഷിനറിയാണ് നടപ്പിലാക്കാൻ അങ്ങ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നാലാം വർഷത്തിലാണ് ഇത്തരത്തിൽ വലിയ തോതിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ തുടങ്ങിയത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പല പാലങ്ങളും കഴിഞ്ഞ വർഷമോ അതിനു മുമ്പുള്ള വർഷമോ ആണ് പണി പൂർത്തീകരിച്ചത്. ഇതുകൂടി കണ്ടുകൊണ്ടാണ് ഇപ്രാവശ്യം ഒന്നാം വർഷം തന്നെ ഇത്തരത്തിൽ വലിയ തോതിലുള്ള നിർമ്മാണ പ്രവൃത്തിയിലേക്ക് നീങ്ങുന്നത്. ഈ വർഷവും അടുത്ത വർഷവുമായി പ്രഖ്യാപിക്കപ്പെടുന്ന ഈ പദ്ധതികളൊക്കെ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തീകരിക്കാൻ കഴിയുമെന്ന് ഉറപ്പുണ്ട്. അതിനുപറ്റുന്ന രീതിയിലുള്ള മേൽനോട്ട സംവിധാനങ്ങൾ സർക്കാർ ഏർപ്പെടുത്തും. കൂടാതെ പാലം ഇപ്പോൾ പ്രീ ഫാബ്രിക്കേറ്റഡാണ്. സ്പാനുകൾ പെട്ടെന്ന് കൊണ്ടുവയ്ക്കാൻ കഴിയും. മേൽനോട്ട സംവിധാനത്തിൽ മാത്രമല്ല നിർമ്മാണ സാങ്കേതിക സംവിധാനങ്ങളിലും ഇത്തരത്തിലുള്ള വലിയ മാറ്റങ്ങൾ

കൊണ്ടുവരേണ്ടി വരും. ഇത്രയും വലിയ നിർമ്മാണ നിക്ഷേപങ്ങൾ നടക്കുമ്പോൾ, കോൺട്രാക്ടർമാരെ സംബന്ധിച്ചിടത്തോളം വലിയ തോതിൽ നിക്ഷേപം നടത്തുന്നതും മുതൽമുടക്കുന്നതും ആദായകരമായി തീരുമെന്ന കാര്യത്തിൽ എനിക്ക് ഉറപ്പുണ്ട്.

മി. സ്പീക്കർ: മിനിസ്റ്റർ, എം.എൽ.എ.മാർക്ക് അസെറ്റ് ഡെവലപ് ചെയ്യാൻ ഫണ്ട് കൊടുക്കുന്നുണ്ട്. ഓരോ ചെറിയ പ്രോജക്ടുകളും ധനകാര്യ വകുപ്പുമന്ത്രിയുടെ മേശപ്പുറത്തു വരണമെന്നാണ് കഴിഞ്ഞ കുറേ കാലങ്ങളായി തുടർന്നു കൊണ്ടിരിക്കുന്നത്. അത് തുടരേണ്ട കാര്യമുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പഞ്ചായത്തുകളെല്ലാം കൂടി 1500 കോടി രൂപ ചെറിയ വില്ലേജ് റോഡുകൾക്ക് വയ്ക്കുന്നുണ്ട്. അതിനോടൊപ്പം സംസ്ഥാന സർക്കാരിന്റെ 700 കോടി രൂപയും കൂടി ചേർത്തിട്ടുണ്ടെങ്കിൽ അത് വൈകല്യങ്ങൾ സൃഷ്ടിക്കും. അസെറ്റ് ഡെവലപ്മെന്റ് ഫണ്ട് വന്നതുമുതൽ 25 ലക്ഷത്തിന് മുകളിലാണെങ്കിൽ മന്ത്രിയുടെ മുന്നിൽ വരേണ്ട കാര്യമില്ല. ചെറുതുണ്ട്, എക്സംപഷൻ വേണമെന്ന് പറയുമ്പോൾ മാത്രമേ വരുന്നുള്ളൂ. ഇനി ഒരു പൊതു സ്വഭാവത്തിൽ അതിനെക്കൂടി ചേർക്കണമെന്നുണ്ടെങ്കിൽ അതുംകൂടി ചർച്ച ചെയ്യാം. ചെറിയ പദ്ധതികൾ ഏറ്റെടുക്കുന്നതിൽ ചില നിയന്ത്രണമുണ്ട്. അതിന് എണ്ണം പറഞ്ഞിട്ടുണ്ട്. ആ എണ്ണത്തിൽ കൂടി കഴിഞ്ഞാൽ ധന വകുപ്പുമന്ത്രിയുടെ മുന്നിൽ വരണം.

മി. സ്പീക്കർ: എ. എസ്. കിട്ടാൻ അവിടെ പോകേണ്ട കാര്യം ഉണ്ടായിരുന്നുവെന്നാണ് തോന്നുന്നത്?

ഡോ. ടി. എം. തോമസ് ഐസക് : ധന വകുപ്പിൽ വരേണ്ടിവരും. കാരണം, ഇത് ഒരു വകുപ്പല്ല. ഇറിഗേഷൻ, വിദ്യാഭ്യാസം, ആരോഗ്യം, പി.ഡബ്ല്യൂ.ഡി. തുടങ്ങി എല്ലാ വകുപ്പുകളിൽനിന്നും ഇതിനുള്ള നിർമ്മാണ പ്രവൃത്തികൾക്ക് എടുക്കാം. അപ്പോൾ കോമൺ പോയിന്റിൽ വരണം. അഞ്ചുകോടി രൂപയെന്ന് പറഞ്ഞത് പത്ത് കോടി രൂപയ്ക്ക് വാങ്ങുന്നുണ്ടോയെന്ന് എവിടെയെങ്കിലും പരിശോധിക്കണ്ടേ? അത് അനിവാര്യമാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളിൽനിന്ന് പണം സ്വീകരിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ലഭിക്കുന്ന നികുതിയിനത്തിൽ സംസ്ഥാനത്തിന് കിട്ടുന്ന വിഹിതം കിഫ്ബിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഉപയോഗിക്കാൻ പറ്റുമോയെന്നുള്ളതാണ് ചോദ്യം.

<u>ഡോ. ടി. എം. തോമസ് ഐസക്</u> :സർ, നമുക്ക് ജി.എസ്.ടി. കിട്ടുമ്പോൾ സംസ്ഥാനത്തിന്റെ വാറ്റ് ടാക്സ് പോകും. സർക്കാരിന്റെ ചെലവുകൾക്ക് അത് വേണം. ഇന്നിപ്പോൾ നമുക്ക് കിട്ടുന്ന നികുതി വരുമാനങ്ങളും മറ്റും ദൈനംദിന ചെലവുകൾക്ക് മാത്രമേ തികയുകയുള്ളൂ. അധികകാലം ഇങ്ങനെ പോകാൻ പറ്റില്ല. ഇന്ന് നമ്മൾ ഇത്രയും വായ്പ എടുക്കുന്നതിന്റെ അടിസ്ഥാനം എന്താണെന്ന് ചോദിച്ചാൽ, ഒരു മൂന്നോ നാലോ വർഷം കഴിയുമ്പോൾ ജി.എസ്.ടി.യിൽ നിന്ന് ലഭിക്കുന്ന നികുതി വരുമാനം കൊണ്ട് ചെലവുകൾ നടത്താം. വായ്പ എടുക്കുന്ന തുക മുഴുവൻ നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടി മാറ്റിവയ്ക്കാം. കിഫ്ബി ബോണ്ടുവഴി എടുത്ത പണം തിരിച്ചുനൽകാൻ വേണ്ടി ഉപയോഗിക്കുകയും ചെയ്യാമെന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഈ രീതിയിൽ വായ്പ എടുക്കുന്നത്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : സർ, കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ആളുകളുടെ എണ്ണം കുറവാണെന്ന് ഇവിടെ പല അവസരത്തിലും ഉന്നയിച്ചതാണ്. കഴിഞ്ഞ പ്രാവശ്യം ഡി.ഡി.സി.യിൽ ഇക്കാര്യം ചർച്ച ചെയ്യുമ്പോൾ നികുതി വകുപ്പിൽ നിന്ന് മാത്രം 15 പേർ വർക്കിംഗ് അറേഞ്ചുമെന്റിൽ തിരുവനന്തപുരത്ത് ജോലി ചെയ്യുന്നുവെന്നാണ് അവിടെ നിന്ന് കിട്ടിയ വിവരം. 15 പേർ കാസർഗോഡ് നിന്ന് ഇവിടെ ജോലി ചെയ്യുന്നുവെന്ന് പറഞ്ഞാൽ അവിടത്തെ നികുതി വരുമാനത്തിൽ വലിയ കുറവുണ്ടാകും. അത് പരിശോധിക്കാനും ഇവിടെ ജോലി ചെയ്യുന്നവരെ തിരിച്ചയയ്ക്കാനും നടപടി സ്വീകരിക്കുമോ? തിരുവനന്തപുരത്ത് ജോലി ചെയ്യുന്നവർ ഡിപ്പാർട്ടുമെന്റിലാണോ അതോ അവരവരുടെ വീട്ടിലാണോ ജോലി ചെയ്യുന്നതെന്ന കാര്യം കൂടി പരിശോധനയ്ക്ക് വിധേയമാക്കണം. മഞ്ചേശ്വരം ചെക്ക് പോസ്റ്റിന്റെ കാര്യം പല പ്രാവശ്യം ഇവിടെ പറഞ്ഞതാണ്. അവിടെ യാത്രക്കാർക്കും നാട്ടുകാർക്കും വലിയ ദുരിതമായി മാറിയിരിക്കുകയാണ്. കിലോമീറ്ററോളം ദൂരത്തിൽ ക്യൂ നിൽക്കുകയാണ്. എട്ടും പത്തും മണിക്കൂർ ഒരു ലോറിക്കാരൻ വന്ന് കാത്ത് നിൽക്കേണ്ട ഗതികേടിലാണ്. അത് പരിഹരിക്കാൻ പല നടപടികളും സ്വീകരിക്കണമെന്ന് കുറേക്കാലമായി നമ്മൾ ചർച്ച ചെയ്യുകയാണ്. ഇതുവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി എത്രയുംവേഗം പരിഹാരം കാണണം. പണി എടുത്ത ബില്ലുകൾക്കു മുഴുവനും ഓൺലൈനായി കാശ് അയച്ചുകൊടുക്കാമെന്ന് പറഞ്ഞത് നല്ല കാര്യമാണ്. അങ്ങനെ തീരുമാനം എടുക്കാൻ ഈ ഗവൺമെന്റിനല്ലാതെ മറ്റാർക്കും കഴിയില്ല. പക്ഷെ, ഇപ്പോൾ 1500 കോടി രൂപ കൊടുക്കാനുണ്ട്. അതുകൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, നമ്മുടെ വരുമാനം കൂടുന്നത് അനുസരിച്ചേ കൊടുക്കാൻ സാധിക്കൂ. സംസ്ഥാന സർക്കാരിന് നോട്ട് അച്ചടിക്കാൻ പറ്റില്ലല്ലോ. ഒന്നുരണ്ട് വർഷത്തിനകത്ത് കൊടുത്തു തീർക്കാം. ഇങ്ങനെയുള്ള വർക്കിംഗ് അറേഞ്ചുമെന്റുകളൊക്കെ നിർത്തലാക്കും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. അവിടെയാണ് പോസ്റ്റെങ്കിൽ അവിടെയിരുന്ന് ജോലി ചെയ്താൽ മതി. ആ ഒരു പ്രയാസമൊക്കെ സഹിച്ചേ മതിയാകൂ. ഇതുപോലുള്ള ഒരുപാട് കാര്യങ്ങളുണ്ട്. കെ.എസ്.എഫ്.ഇ.യിലും ഉണ്ട്. പല സ്ഥലത്തുമുണ്ട്. അതൊക്കെ തിരുത്തിക്കൊണ്ടിരിക്കുകയാണ്. അടുത്ത മാസത്തിനുള്ളിൽ അതൊക്കെ പൂർത്തിയാകും. നിയമസഭാ സമ്മേളനം കഴിഞ്ഞാൽ മഞ്ചേശ്വരത്ത് പുതിയ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റിനുള്ള തറക്കല്ലിടും. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിക്കുന്നതിനുള്ള കുറിപ്പ് ആയിട്ടുണ്ട്. ആ തീരുമാനം എടുത്തുകഴിഞ്ഞാൽ നിയമസഭാ സമ്മേളനം കഴിഞ്ഞ് തറക്കല്ലിട്ട് പ്രവർത്തിക്കാം. അവിടെ പതിനാല് ഏക്കർ സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ട്രഷറി ഫണ്ട് സമാഹരണ പദ്ധതി ആവിഷ്കരിച്ചിരുന്നു. എം.എൽ.എ.-മാർ മുൻകൈയെടുത്ത് പണം ട്രഷറിയിൽ നിക്ഷേപിച്ചാൽ അതിന്റെ ഒന്നര മടങ്ങ് വികസനം മണ്ഡലത്തിന് നൽകുമെന്നായിരുന്നു അതിൽ വ്യവസ്ഥ ചെയ്തിരുന്നത്. അതിന്റെയടിസ്ഥാനത്തിൽ എന്റെ മണ്ഡലത്തിൽ പത്ത് കോടി രൂപയുടെ അധിക വികസനം ലഭിക്കുകയുണ്ടായി. ഈ പദ്ധതി തുടരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കഴിഞ്ഞ തവണത്തെ അത്രയും ആവേശം ഇപ്പോൾ അക്കാര്യത്തിലില്ല. കേന്ദ്ര സർക്കാർ ഈ പദ്ധതി മനസ്സിലാക്കിയതിനുശേഷം നിയമത്തിൽ ഒരു മാറ്റം കൊണ്ടുവന്നു. ഇങ്ങനെ ട്രഷറിയിൽ ഡെപ്പോസിറ്റ് സ്വീകരിച്ചുണ്ടാക്കുന്ന അധിക പണം എത്രയെന്ന് മൂന്നാം പാദത്തിൽ പരിശോധിച്ചതിനുശേഷം ഈ പദ്ധതി നടപ്പിലാക്കണമെന്നാണ് അവർ പറയുന്നത്. നമ്മുടെ ബോറോയിംഗ് ലിമിറ്റ് പതിനെണ്ണായിരം കോടി രൂപയാണ്. ആയിരം കോടി രൂപ ട്രഷറിവഴി എടുത്തിട്ടുണ്ട്. പതിനേഴായിരം കോടി രൂപയേ വാങ്ങാൻ കഴിയൂ. നേരത്തെ അങ്ങനെയില്ലായിരുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ പണ്ടത്തെ ആവേശം ഇപ്പോഴില്ല. എങ്കിലും ചില കാര്യങ്ങൾ നോക്കുന്നുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, അടിസ്ഥാന സൗകര്യ വികസനത്തിൽ കേരളത്തിന്റെ ചരിത്രപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻവേണ്ടി സധൈര്യം ഏറ്റെടുത്ത ഒരു ഉത്തേജക പാക്കേജാണ് കിഫ്ബി. അതിൽ അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. അതിൽ ഏറ്റവും പ്രധാന വരുമാനമാർഗ്ഗമായി പറയുന്നത് മോട്ടോർ വാഹന നികുതിയാണ്. മോട്ടോർ വാഹന നികുതിയുമായി ബന്ധപ്പെട്ട് ആ ഡിപ്പാർട്ട്മെന്റിനെ ശാക്തീകരിച്ച് വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ ഇതിന്റെ സാദ്ധ്യത വർദ്ധിക്കുകയില്ലേ. വാഹനപ്പെരുപ്പവും മറ്റ് കാര്യങ്ങളുമൊക്കെ പരിശോധിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ മോട്ടോർ വാഹന വകുപ്പിനെ ശാക്തീകരിക്കുന്നതിന് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടല്ലോ. ഈ കാര്യങ്ങൾ പരിശോധിച്ച് വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലുമൊക്കെ തസ്തികകൾ സൃഷ്ടിച്ച് ഏറ്റവും പ്രധാനപ്പെട്ട വരുമാനമാർഗ്ഗമായ മോട്ടോർ വാഹന വകുപ്പിലെ പ്രശ്നങ്ങൾകൂടി അടിയന്തരമായി പരിഹരിച്ച് വരുമാനം വർദ്ധിപ്പിച്ച് കിഫ്ബിയെ ശാക്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, മോട്ടോർ വാഹന വകുപ്പിൽ ചെയ്യാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുമന്ത്രി പറയുന്നതായിരിക്കും നല്ലത്. റവന്യൂ സൃഷ്ടിക്കുന്ന വകുപ്പുകളിലെല്ലാം (നികുതി വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, ലോട്ടറി വകുപ്പ്, മോട്ടോർ വാഹന വകുപ്പ്) ഒരു പുനഃസംവിധാനം വേണ്ടതാണ്. കാരണം വരുമാനമില്ലെങ്കിൽ കാര്യങ്ങൾ നടക്കുകയില്ല. ഇത്തരം വകുപ്പുകളുടെ കാര്യശേഷിയും കാര്യപ്രാപ്തിയും ഉയർത്തുന്നതിന് കുറച്ചുകൂടി ഉദാരമായിട്ടുള്ള സമീപനം വേണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ചോദ്യം ചോദിക്കാനുള്ള അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ *182, *184, *186 എന്നീ നമ്പർ ചോദ്യങ്ങൾ ഉന്നയിച്ചില്ല.)

**ഒളിമ്പിക്സ് മെഡൽ നേടുന്നതിന് താരങ്ങളെ പ്രാപ്തരാക്കുന്നതിന് പദ്ധതി**

3 (*187) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 റിയോ ഒളിമ്പിക്സിൽ കേരളത്തിൽ നിന്നുള്ള താരങ്ങളുടെ നിരാശാജനകമായ പ്രകടനം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ;

(ബി) ഒളിമ്പിക്സ് മെഡൽ നേടുന്നതിന് താരങ്ങളെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂൾ തലത്തിൽത്തന്നെ കായിക പ്രതിഭകളെ കണ്ടെത്തി ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകി ഒളിമ്പിക്സിൽ മെച്ചപ്പെട്ട പ്രകടനം നടത്താൻ പാകത്തിൽ മികച്ച കായിക താരങ്ങളാക്കി മാറ്റുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോയെന്ന് വിശദീകരിക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

(എ) 2016 റിയോ ഒളിമ്പിക്സിൽ കേരളത്തിൽനിന്നുള്ള താരങ്ങളുടെ പ്രകടനം സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിവരികയാണ്.

(ബി) ഒളിമ്പിക്സ് മെഡൽ ലക്ഷ്യമാക്കി നിലവിൽ അത്‌ലറ്റിക്സ് (എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ), വോളീബോൾ (ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ), സ്വിമ്മിംഗ് (സ്പെഷ്യൽ ഇഫർട്ട് ട്രെയിനിംഗ് പ്രോഗ്രാം ഇൻ സ്വിമ്മിംഗ്) (SETT), ഫെൻസിംഗ് എന്നീ ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 2020, 2024 വർഷങ്ങളിൽ നടക്കുന്ന ഒളിമ്പിക്സിൽ കേരളീയ താരങ്ങളുടെ പെർഫോർമൻസ് വളരെയധികം മെച്ചപ്പെടുത്താൻ കേരളീയ താരങ്ങളെ മെഡൽ നേടുന്നതിന് പര്യാപ്തമാക്കുന്നത് ലക്ഷ്യമിട്ടാണ് പദ്ധതികൾ തയ്യാറാക്കിവരുന്നത്. കേരളത്തിലെ മികച്ച പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺ വെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാദ്ധ്യത ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പരിശീലനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വിദേശ പരിശീലകന്റെ കീഴിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള കായിക പരിശീലനത്തിനുള്ള സൗകര്യങ്ങളും പരിശീലനവും അവർക്ക് അനുയോജ്യമായ തരത്തിലുള്ള താമസവും ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും കായികതാരങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സ്കൂൾ തലത്തിൽത്തന്നെ കായിക പ്രതിഭകളെ കണ്ടെത്തി ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകി ഒളിമ്പിക്സിൽ മെച്ചപ്പെട്ട പ്രകടനം നടത്താൻ പാകത്തിൽ മികച്ച കായിക താരങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്. 2024 ഒളിമ്പിക്സിൽ കേരളത്തിലെ കായിക താരങ്ങളെ മെഡൽ നേട്ടത്തിലെത്തിക്കുന്നതിനും തുടർന്ന്

ഏഷ്യാഡ്, ഒളിമ്പിക്സ്, ലോക അത്‍ലറ്റിക് മീറ്റുകൾ എന്നിവയിൽ കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിന് CATCH Team എന്ന നിലയിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിക്കുകയും അതിന് അദ്ദേഹം തന്നെ നേരിട്ട് പ്രോത്സാഹനവും നൽകിവരുന്നുണ്ട്. അതിനു വേണ്ടിയുള്ള നടപടികളും കായിക രംഗത്ത് രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, 2024 ലക്ഷ്യം വച്ച് നമ്മുടെ കായിക പ്രതിഭകൾ മെഡൽ ജേതാക്കളായി മാറാനുള്ള സാഹചര്യത്തിലേക്ക് എത്തിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞത് സന്തോഷകരമാണ്. പ്രത്യേകമൊരു സെലക്ഷൻ ഇതിനുവേണ്ടി ഉണ്ടാകണം. നദികളും പുഴകളും കടൽത്തീരവും ധാരാളമുള്ള നമ്മുടെ സംസ്ഥാനത്ത് നിന്ന് നീന്തൽ മത്സരങ്ങളിലേയ്ക്ക് പ്രതിഭകളെ എത്തിക്കാൻ നമുക്ക് കഴിയുന്നില്ല. ചെറിയ ചെറിയ ദ്വീപുകളുള്ള രാജ്യങ്ങൾ ഉൾപ്പെടെ ഈ ഇനത്തിൽ മെഡൽ നേടുന്നുണ്ട്. നദി, പുഴ, കടൽത്തീരം എന്നിവയുടെ പരിസരങ്ങളിലുള്ള കുട്ടികളെ കണ്ടെത്തി അവരെ പരിശീലിപ്പിച്ച് മെഡൽ നേടാനുള്ള സൗകര്യം ഒരുക്കണം. നമ്മുടെ മലയോര മേഖലകൾ പരിശോധിച്ചാൽ ആദിവാസി സമൂഹം അമ്പ് എയ്ത്തിൽ പ്രാഗത്ഭ്യം തെളിയിച്ചവരാണ്. അതുമായി ബന്ധപ്പെട്ട വീരകഥകൾ ഒട്ടേറെയുണ്ട്. പക്ഷേ അവരെല്ലാം വിദ്യാലയങ്ങളിൽ ഈ മത്സരങ്ങളിലൊന്നും പങ്കെടുക്കുന്നവരല്ല. അതിന് പ്രത്യേക തെരഞ്ഞെടുപ്പ് രീതി സംഘടിപ്പിച്ച് അവരെ പരിശീലിപ്പിച്ചാൽ നമുക്ക് മെഡൽ നില ഉണ്ടാക്കിയെടുക്കാൻ കഴിയും. അത്തരം ശ്രമങ്ങൾ നടത്തണം. അത്‍ലറ്റിക് ഇനത്തിലെല്ലാം വളരെ മുന്നോട്ടുപോയ ആഫ്രിക്കൻ രാജ്യങ്ങളോടും അമേരിക്കയിലെ മറ്റ് ചില മേഖലകളോടും നമുക്ക് മൽസരിച്ച് എത്താൻ കഴിയില്ല. ഇത്തരം മേഖലകളിൽ കൈവച്ചുകൊണ്ട് മറ്റ് രംഗത്തേക്ക് പോകുന്നതായിരിക്കും കുറച്ചുകൂടി നല്ലത്. അതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, 2020, 2024 ലോക ഒളിമ്പിക്സിൽ കേരളത്തിന്റെ പെർഫോമൻസ് മെച്ചപ്പെടുത്താനുള്ള പരിശീലനങ്ങൾ നൽകേണ്ടത് അത്യാവശ്യമാണ്. അതിന് വ്യത്യസ്ത മേഖലകളിലെ നല്ല ശേഷിയും പ്രാഗത്ഭ്യവുമുള്ള കായിക താരങ്ങളെ കണ്ടെത്തി പരിശീലനം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇങ്ങനെ പരിശീലനം കൊടുക്കുന്നത് അന്താരാഷ്ട്ര നിലവാരത്തിലായിരിക്കണം എന്നുള്ളതുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള കോച്ചുകളെ കണ്ടെത്തി ഇവിടെയുള്ള പല കോച്ചുകളെയും അന്താരാഷ്ട്ര നിലവാരത്തിലുള്ള

കോച്ചിംഗ് ക്യാമ്പുകളിലേക്ക് അയച്ച് പരിശീലനം കൊടുത്തുകഴിഞ്ഞു. അവരെ ഉപയോഗിച്ച് ഇവിടെയും കോച്ചിംഗ് കൊടുത്തുകൊണ്ടിരിക്കുകയാണ്. ഓരോ കായിക താരങ്ങൾക്കും അവരവർക്ക് ഇഷ്ടപ്പെട്ട കായികയിനങ്ങളുണ്ട്. അതിന് പ്രോത്സാഹനം നൽകി മികച്ച കായിക താരങ്ങളെ കണ്ടുപിടിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. അതിനുവേണ്ടി സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഒളിമ്പിക്സ് മെഡൽ ലക്ഷ്യമാക്കിക്കൊണ്ടുള്ള പരിശീലനങ്ങളിൽ ഏതാണ്ട് 49 ഇനങ്ങളിലുള്ള പ്രത്യേക കായിക രംഗമാണ് നമ്മുടെ സ്പോർട്സ് കൗൺസിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളത്. ഇവിടെ പറഞ്ഞതുപോലെ അമ്പ് എയ്ത്ത്, വള്ളം തുഴയൽ തുടങ്ങിയ ചില പ്രത്യേക ഇനങ്ങൾ സെലക്ട് ചെയ്ത് നമുക്ക് മെച്ചപ്പെട്ട പെർഫോമൻസ് കാഴ്ചവയ്ക്കാൻ കഴിയും. അതിന് കഴിവുള്ളവരെ കണ്ടെത്തി കോച്ചിംഗ് കൊടുത്ത് ഉന്നത നിലവാരത്തിലേക്ക് ഉയർത്തി അന്താരാഷ്ട്ര പ്രതിഭകളാക്കി എടുക്കാനും ലോക ഒളിമ്പിക്സിൽ കേരളത്തിന്റെ നിലവാരം മെച്ചപ്പെടുത്താനുമുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു പ്രദേശത്ത് മാത്രമല്ല കേരളത്തിന്റെ പല ഭാഗങ്ങളിലും വ്യത്യസ്തമായ കായിക രംഗങ്ങളിൽ പ്രഗത്ഭരായവരുണ്ട്. ചില പ്രദേശങ്ങളിൽ വോളിബോൾ, മറ്റ് ചില പ്രദേശങ്ങളിൽ ഫുട്ബോൾ, നീന്തൽ എന്നിങ്ങനെ പല പ്രദേശങ്ങളിലും വ്യത്യസ്തങ്ങളായ പ്രതിഭകളുടെ കേന്ദ്രങ്ങളുണ്ട്. അതിനെയെല്ലാം പ്രോത്സാഹിപ്പിക്കുക എന്നുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വിദ്യാലയങ്ങളിലും ക്ലബ്ബുകളിലുമൊക്കെ ഇതിനുവേണ്ടിയുള്ള സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ട്രാൻസ് ഗ്രിഡ് പദ്ധതി

4 (*182) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. വി. ഇബ്രാഹിം :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാല പ്രയോജനം ലക്ഷ്യമിട്ടുള്ള ട്രാൻസ് ഗ്രിഡ് പദ്ധതിയിൽ നിന്നു പ്രതീക്ഷിക്കുന്ന പ്രയോജനങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പദ്ധതിക്കു നിശ്ചയിച്ചിട്ടുള്ള കാലപരിധി സംബന്ധിച്ച് വിശദമാക്കുമോ;

(സി) പദ്ധതിയുടെ ചെലവു സംബന്ധിച്ച് വ്യക്തമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) താഴെപ്പറയുന്ന പ്രയോജനങ്ങൾ പ്രതീക്ഷിക്കുന്നു:

1. കൃത്യമായ വോൾട്ടേജിൽ, വൈദ്യുതി സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലും പ്രത്യേകിച്ച് ഇപ്പോൾ വൈദ്യുതി ക്ഷാമം നേരിടുന്ന ഉത്തര കേരളത്തിൽ ലഭ്യമാകും.

2. പ്രസരണ നഷ്ടം കുറയ്ക്കുക വഴി സാമ്പത്തിക നഷ്ടം ഒഴിവാകും.

3. വൈദ്യുതി തടസ്സം ഗണ്യമായി കുറയും.

4. പുറത്തുനിന്നും കരാർ ചെയ്തിട്ടുള്ള വൈദ്യുതി പ്രസരണ ഇടനാഴിയിലെ congestion കൂടാതെ സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിന് സാധ്യമാകും.

5. വൈദ്യുതി കമ്മി ഇല്ലാതാക്കുക വഴി ആവശ്യക്കാർക്കെല്ലാം തന്നെ വൈദ്യുതി തടസ്സമില്ലാതെ ലഭ്യമാകും.

6. താങ്ങാവുന്ന നിരക്കിലുള്ള വൈദ്യുതിയുടെ ലഭ്യതമൂലം സംസ്ഥാനത്തെ വാണിജ്യ-വ്യവസായിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിന് വലിയ പ്രയോജനം ചെയ്യും.

7. കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടും.

8. പദ്ധതിയുടെ കാലാവധി 5 വർഷമാണ്. ഈ കാലയളവിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

(ബി) പദ്ധതിയുടെ ഒന്നാംഘട്ടം 2019-ലും രണ്ടാം ഘട്ടം 2022-ലും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിക്ക് ആകെ ചെലവ് പ്രതീക്ഷിക്കുന്നത് 10,000 കോടി രൂപയാണ്. ഈ പദ്ധതിയിൽ, 2 പ്രധാന ഘട്ടങ്ങളിലായുള്ള വർക്കുകളും ഒരു ഹരിതോർജ്ജ ഇടനാഴി പദ്ധതിയും പ്രസരണ ശൃംഖലയുടെ ശാക്തീകരണവും ഉൾപ്പെടുന്നു. മേൽപ്പറഞ്ഞ 2 ഘട്ടങ്ങളിലായുള്ള വർക്കുകൾ 19 പാക്കേജുകളായി തരംതിരിച്ചിരിക്കുന്നു.

## വൈദ്യുതി ക്ഷാമം

5 (*184) ശ്രീ. അനിൽ അക്കര :

ശ്രീ. റോജി എം. ജോൺ :

ശ്രീ. എം. വിൻസെന്റ് :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത വൈദ്യുതി ക്ഷാമത്തിലേക്ക് നീങ്ങുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ&ബി) ഇല്ല. എന്നാൽ സെപ്റ്റംബർ 30 വരെയുള്ള കണക്ക് പ്രകാരം ഇലക്ട്രിസിറ്റി ബോർഡിന്റെ ജല വൈദ്യുത പദ്ധതികളുടെ റിസർവോയറിലേക്ക് ലഭിച്ച നീരൊഴുക്ക് പ്രതീക്ഷിച്ച നീരൊഴുക്കിന്റെ 58 ശതമാനം മാത്രമേയുള്ളു. അതിനാൽ വേനൽക്കാലത്തേയ്ക്കുള്ള വൈദ്യുതി ലഭ്യതയിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ട്.

(സി) വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്ത്, ലഭിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര വൈദ്യുതി വിഹിതത്തിന് പുറമേ ഹ്രസ്വ, മധ്യ, ദീർഘ കാല വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ട് വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഈ കരാറുകൾക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. കൂടാതെ റിസർവോയറുകളിൽ ഇപ്പോഴുള്ള ജലം വേനൽക്കാലത്തേക്ക് കരുതിവയ്ക്കാൻ ഇപ്പോൾത്തന്നെ പവർ എക്സ്ചേഞ്ചുകൾ വഴി വില കുറവുള്ള സമയങ്ങളിൽ വൈദ്യുതി വാങ്ങുന്നുണ്ട്. കൂടാതെ വേനൽക്കാലത്ത് വേണ്ടിവരാവുന്ന അധിക വൈദ്യുതി ഉപയോഗം കണക്കിലെടുത്ത് 200 മെഗാവാട്ട് വൈദ്യുതി കൂടി ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്.

## വിനോദസഞ്ചാര മേഖലയിലെ മാലിന്യ സംസ്കരണ പദ്ധതി

6 (*185) ഡോ.എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ നിലനില്പിന് ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണ പദ്ധതികളുടെ അഭാവം വലിയ വെല്ലുവിളി ഉയർത്തുന്നു എന്നകാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ; ഇതിനു പരിഹാരമായി എന്തെല്ലാം കർമ്മ പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(ബി) വിനോദസഞ്ചാരമേഖലകളിലെ മാലിന്യ സംസ്കരണം നിലവിൽ എപ്രകാരമാണ് നടപ്പാക്കിവരുന്നത്, ഏതെല്ലാം ഏജൻസികൾ ഇതുമായി സഹകരിക്കുന്നുണ്ട്, ആർക്കാണ് ഇതിന്റെ മേൽനോട്ടം എന്നിവ വ്യക്തമാക്കുമോ;

(സി) ഹൗസ് ബോട്ടുകളിൽ നിന്ന് പുറന്തള്ളപ്പെടുന്ന മനുഷ്യവിസർജ്യങ്ങൾ ജലാശയങ്ങളെ മലിനമാക്കുന്നു എന്ന വസ്തുത ഗൗരവമായി എടുത്തിട്ടുണ്ടോ; പ്രസ്തുത പ്രശ്നം ഫലപ്രദമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വിനോദസഞ്ചാര വികസനത്തിന് പശ്ചാത്തല സംവിധാനം ഒരുക്കുമ്പോൾ ഫലപ്രദമായ മാലിന്യ സംസ്കരണത്തിന് മുൻതൂക്കം കൊടുക്കാനും ഇതിലേക്കാവശ്യമായ ബജറ്റ് വിഹിതം നീക്കിവയ്ക്കാനും നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിയന്ത്രണം സംബന്ധിച്ചും ഇതിന്റെ സംസ്കരണത്തിനുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവരുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, ബോധവത്ക്കരണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം എന്നിവയും ഇതിന്റെ ഭാഗമായി ഏർപ്പെടുത്തിവരുന്നു. വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ പ്രധാന കർമ്മ പദ്ധതികളിൽ ഒന്ന് മാലിന്യ നിയന്ത്രണവും സംസ്കരണവുമാണ്. കുടുംബശ്രീ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവരുമായി ചേർന്ന് ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) വിനോസഞ്ചാര മേഖലകളിലെ മാലിന്യങ്ങളുടെ നിയന്ത്രണത്തിനും സംസ്കരണത്തിനുമായി കുടുംബശ്രീ, ശുചിത്വ മിഷൻ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, എൻ.ജി.ഒ.കൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ എന്ന പദ്ധതി പ്രകാരമാണ് പ്രധാനമായും മാലിന്യ നീക്കം നടത്തിവരുന്നത്. കായലോര ജലാശയങ്ങളിലെ ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചു വരുന്നു. വിവിധ കേന്ദ്രങ്ങളിൽ ശാസ്ത്രീയമായി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇൻസിനറേറ്ററുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു. ഹൗസ് ബോട്ടുകളിൽ നിന്ന് പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ ബയോടോയ്‌ലറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ഡി) സ്വീകരിച്ചുവരുന്നുണ്ട്. വിനോദസഞ്ചാര മേഖലയുടെ വികസനത്തിനുള്ള പദ്ധതികളിൽ മാലിന്യ സംസ്കരണത്തിനും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ നിയന്ത്രണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടാണ് നടപ്പിലാക്കിവരുന്നത്. വിനോദസഞ്ചാര വികസന ലക്ഷ്യത്തിലേക്കും മാലിന്യ നിർമ്മാർജ്ജനത്തിനുമായി 2016-17 ബഡ്ജറ്റ് വിഹിതത്തിൽ 4 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിൽ 3,89,25,000 രൂപ ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ എന്ന പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ NGO മുഖാന്തിരം കോവളം മേഖലയിൽ നടപ്പിലാക്കിവരുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് 40,53,000 രൂപയും ഈ സാമ്പത്തിക വർഷം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

**ട്രഷറി സേവന സൗകര്യങ്ങൾ**

7 (*186) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ എന്നിവരിൽ നിന്നും ട്രഷറി നിക്ഷേപങ്ങളിലൂടെയുള്ള ധനസമാഹരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ട്രഷറി സേവന സൗകര്യങ്ങൾ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ കാര്യക്ഷമമാക്കി കൂടുതൽ നിക്ഷേപകരെ ആകർഷിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാന സർക്കാർ ജീവനക്കാരിൽ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും G.O.(P) No.658/10/Fin തീയതി 3-12-2010 ഉത്തരവുപ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുവഴി നൽകുവാനുള്ള തീരുമാനം സർക്കാർ ജീവനക്കാരിൽ നിന്നും ട്രഷറി നിക്ഷേപങ്ങളിലൂടെയുള്ള ധനസമാഹരണത്തിന് തുടക്കമിടുന്നതായിരുന്നു. Integrated Financial Management System (IFMS) പൂർണ്ണമായി നടപ്പിലാക്കുമ്പോൾ എല്ലാ സർക്കാർ ജീവനക്കാരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ട്രഷറി അക്കൗണ്ടുവഴി വിതരണം ചെയ്യുന്നതാണ്. ഇത്തരം അക്കൗണ്ടുകളിൽനിന്നും നീക്കിയിരിപ്പിലാകുന്ന തുക ട്രഷറി നിക്ഷേപങ്ങളായി മാറുന്നതാണ്. ഇവയ്ക്ക് ഉയർന്ന പലിശ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. സംസ്ഥാന ട്രഷറികളിൽനിന്നും പെൻഷൻ വാങ്ങുന്നവരുടെ പ്രതിമാസ പെൻഷൻ G.O.(P) No.230/10/Fin തീയതി 9-4-2010 ഉത്തരവു പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് വഴി നൽകുവാൻ ഉത്തരവായിരുന്നു. ഈ തീരുമാനം വഴിയും പെൻഷൻകാരുടെ ട്രഷറി വഴിയുള്ള ധനസമാഹരണത്തിന് കഴിഞ്ഞിട്ടുണ്ട്. ഇത്തരം അക്കൗണ്ടുകളിലും മികച്ച നിക്ഷേപം നീക്കിയിരിപ്പുണ്ട്. ട്രഷറിയിൽ സ്ഥിര നിക്ഷേപം തുടങ്ങുന്നതിനായി സീനിയർ സിറ്റിസൺ പ്രായപരിധി 60 വയസ് എന്നത് സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായമായ 56 വയസ്സാക്കി നിജപ്പെടുത്തിയതിലൂടെ സീനിയർ സിറ്റിസൺ ആയ നിക്ഷേപകർക്ക് ലഭിക്കുന്ന അര ശതമാനം അധിക പലിശ പെൻഷൻകാർക്ക് ലഭിക്കുന്നുണ്ട്.

(ബി) ട്രഷറി സ്ഥിര നിക്ഷേപങ്ങൾ ഒഴികെയുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപകർക്ക് 4.5 ശതമാനം ആയിരുന്ന വാർഷിക പലിശ നിരക്ക് G.O.(P) No.51/07/Fin തീയതി 9-2-2007 പ്രകാരം 5 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് മറ്റ് ധനകാര്യ സ്ഥാപനങ്ങൾ നൽകുന്നതിനേക്കാൾ ഉയർന്ന പലിശ നിരക്കാണ്. G.O(P) No.156/2015/Fin തീയതി 29-4-2015 പ്രകാരം ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്ക് 1-5-2015 മുതൽ പലിശ നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ട്രഷറി സേവന സൗകര്യങ്ങൾ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 25-4-2016-ലെ G.O.(P) No.53/2016/Fin ഉത്തരവ് പ്രകാരം കോർ ബാങ്കിംഗ് സംവിധാനം ട്രഷറികളിൽ നടപ്പിലാക്കിവരുന്നു. 28-9-2016 വരെ 90 ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. 2016 ഡിസംബർ മാസം അവസാനത്തോടു കൂടി സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം കൂടി ഏർപ്പെടുത്തുന്നതോടെ ഒരു ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും പണം മറ്റ് ട്രഷറി അക്കൗണ്ടുകളിലേക്കോ ബാങ്ക് അക്കൗണ്ടുകളിലേക്കോ ഏതു സമയത്തും സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. ഇതുവഴി ട്രഷറികളിൽ നേരിട്ട് പോയി ഇടപാട് നടത്തുന്നതിന്റെ ആവശ്യകത ഇല്ലാതാകും. ഇത്തരത്തിൽ കോർ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയ ആധുനിക സാങ്കേതിക സംവിധാനങ്ങൾ പൂർണ്ണമായും നടപ്പിലാകുമ്പോൾ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുവാൻ കഴിയുന്നതാണ്.

## സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും കർമ്മ പദ്ധതികൾ

8 (*188) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നല്കികൊണ്ടുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ;

(ബി) പ്രസ്തുത കർമ്മ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ബാഹ്യ ഏജൻസികളുടെ സഹകരണം തേടിയായിരിക്കുമോ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള കർമ്മ പദ്ധതികൾ ഇതിനകം തന്നെ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗിന്റെ ഭാഗമായി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തിവരുന്നത്. സഹകരണ മേഖലയുടെ ആധുനികവൽക്കരണം സംബന്ധിച്ച് രൂപീകൃതമായ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സഹകരണ സ്ഥാപനങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ഭരണസമിതികളിൽ പ്രൊഫഷണലുകളെ ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി അർബൻ സഹകരണ ബാങ്കുകളുടെ ഭരണ സമിതിയിൽ പ്രൊഫഷണൽ യോഗ്യതയുള്ള 2 പേരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 97-ാം ഭരണഘടനാഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് കേരള നിയമസഭ പാസ്സാക്കിയ 2013-ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ (2013-ലെ 8-ാം നമ്പർ നിയമം) വകുപ്പ് 28-ൽ എല്ലാ സഹകരണ സംഘങ്ങളിലും അതതു സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യത്തിനനുസൃതമായി പ്രൊഫഷണൽ യോഗ്യതയുള്ളവരെ കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ വിപ്രോയുടെ സാങ്കേതിക സഹകരണത്തോടു കൂടിയും മറ്റ് ജില്ലാ സഹകരണ ബാങ്കുകളിൽ ഇൻഫോസിസ്, റ്റി.സി.എസ്. മുതലായ ഏജൻസികളുടെ സഹകരണത്തോടെയും CBS (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിലാക്കിയിട്ടുണ്ട്. അർബൻ ബാങ്കുകളിൽ ചിലവ NAFCUB-ന്റെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിലും സർവ്വീസ് സഹകരണ ബാങ്കുകളിലും സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ടുള്ള കോർ ബാങ്കിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ആധുനികവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും സോഫ്റ്റ്-വെയറിന്റെ സുരക്ഷയും നിലവാരവും ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി അന്തിമഘട്ടത്തിലാണ്.

## സർക്കാരിന്റെ ഉടമസ്ഥതയിൽ വാണിജ്യ ബാങ്ക്

9 (*189) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ വാണിജ്യ ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; എന്തൊക്കെ നേട്ടങ്ങൾ ഇതുവഴി കൈവരിക്കാനാകുമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ബാങ്കിന്റെ SWOT അനാലിസിസ് (സ്ട്രെങ്ങ്ത്, വീക്ക്നെസ്സ്, ഒപ്പർച്യൂണിറ്റീസ്, ത്രെട്ട്) നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ബാങ്കിനുള്ള മൂലധന സമാഹരണം ഏതു വിധേന നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്):

(എ-സി) സഹകരണ ബാങ്കിംഗ് മേഖലയിൽ കാതലായ മാറ്റം കൊണ്ടുവരുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി സഹകരണ ബാങ്കുകളെ നിലവിലെ ത്രിതല ഘടനയിൽ നിന്നും ദ്വിതല ഘടനയിലേക്ക് പരിവർത്തനപ്പെടുത്തുന്നതാണ്. 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനേയും സംയോജിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കും. അതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്. എന്നാൽ കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ വാണിജ്യ ബാങ്ക് രൂപീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. സഹകരണ ബാങ്കുകളുടെ സംയോജനം സംബന്ധിച്ച് പഠനം നടത്തി വിശദമായ ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി ഒരു അഞ്ച് അംഗ വിദഗ്ദ്ധ സമിതിയെ രൂപീകരിച്ച് 28-9-2016-ലെ സ.ഉ. (സാധാ) 488/2016/സഹ. പ്രകാരം ഉത്തരവായിട്ടുണ്ട്. (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്).* പ്രസ്തുത സമിതിയുടെ പരിശോധനാ വിഷയങ്ങളിൽ ബാങ്കിന്റെ SWOT അനാലിസിസ്, ബാങ്കുകളുടെ ആസ്തിയുടെയും ബാദ്ധ്യതകളുടെയും കൂട്ടിച്ചേർക്കൽ, നിലവിലെ മനുഷ്യ വിഭവശേഷിയുടെ പുനരവലോകനം, നൂതന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ, ബന്ധപ്പെട്ട നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഭേദഗതി, റിസർവ് ബാങ്ക്/നബാർഡ് അനുമതി ലഭ്യമാക്കൽ, പ്രാവർത്തിക മാർഗ്ഗനിർദ്ദേശങ്ങളുടെ മാതൃക തയ്യാറാക്കൽ അടക്കമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബാങ്കുകളുടെ സംയോജനം ആവർത്തിത / ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നത് കൂടാതെ പലിശ നിരക്കിലും ഗണ്യമായ കുറവ് സാദ്ധ്യമാക്കുമെന്നതിനാൽ സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിക്കുവാനിടയാക്കും. അതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥക്ക് ഒരു പുത്തൻ ഉണർവ് നൽകുവാൻ സാധിക്കും. കൂടാതെ പലിശ കുറഞ്ഞ വായ്പയുടെ ലഭ്യത കാർഷിക, പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം ഒരു സാമ്പത്തിക ചാലക ശക്തിയായി വർത്തിക്കുവാൻ പര്യാപ്തമാക്കും. സംസ്ഥാനത്ത് ധനനിക്ഷേപങ്ങളും ക്രെഡിറ്റും വളർത്തിക്കൊണ്ടു വരുന്നതിന് പ്രസ്തുത ബാങ്കിന് ക്രിയാത്മകമായ പങ്ക് വഹിക്കുവാനാകും. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽനിന്നും പാവപ്പെട്ടവരെ ഒരു പരിധിവരെ രക്ഷിക്കുവാനും പ്രാദേശിക വികസനം സാരവത്തായി ഉയർത്തുന്നതിനും ഇതുവഴി കഴിയും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും ലയനത്തിലൂടെ മറികടക്കാനാവും. സംയോജനത്തിലൂടെ ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്തുവാനും സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചുചാട്ടം സാദ്ധ്യമാക്കുന്ന പല സുപ്രധാന പദ്ധതികളിൽ നിർണ്ണായകമായ പങ്കുവഹിക്കുവാനും പ്രസ്തുത ബാങ്കിന് സാധിക്കും.

## ലോട്ടറി വകുപ്പിന് ജനകീയമുഖം നൽകാൻ പദ്ധതികൾ

10 (*190) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ ജൂബിലി വർഷത്തിൽ ലോട്ടറി വകുപ്പിന് കൂടുതൽ ജനകീയമുഖം നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) കാരുണ്യ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) ലോട്ടറി ഏജന്റുമാർക്കും ചെറുകിട വില്പനക്കാർക്കും കൂടുതൽ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഓണത്തിന് ലോട്ടറി ഏജന്റുമാർക്കും വില്പനക്കാർക്കും ബോണസ് അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ കഴിഞ്ഞ വർഷത്തേക്കാൾ എന്ത് വർദ്ധനവാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ലോട്ടറി വകുപ്പിന് കൂടുതൽ ജനകീയമുഖം നൽകുന്നതിന്റെ ഭാഗമായി ശുചിത്വത്തിന്റെ പരസ്യ പ്രചരണാർത്ഥം 'നിർമ്മൽ' എന്ന പേരിൽ ഒരു ബൈ വീക്കിലി ലോട്ടറി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗ്യക്കുറി ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യ പ്രചരണത്തിനുള്ള വാചകങ്ങൾ അച്ചടിച്ചിട്ടുണ്ട്. 100 രൂപ മുഖവിലയുള്ള പ്രസ്തുത ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് എല്ലാ മാസവും ഒന്നാമത്തേയും മൂന്നാമത്തേയും വെള്ളിയാഴ്ചകളിൽ നടത്തുന്നതാണ്. കൂടാതെ ചൊവ്വാഴ്ചകളിൽ നറുക്കെടുത്തിരുന്ന 40 രൂപ മുഖവിലയുള്ള ധനശ്രീ ലോട്ടറിയുടെ മുഖവില 50 രൂപയാക്കി ഉയർത്തി പേര് സ്ത്രീശക്തി എന്നാക്കി മാറ്റി സമ്മാനഘടന പരിഷ്കരിച്ചിട്ടുണ്ട്. ടി ഭാഗ്യക്കുറിയിൽ നിന്ന് ലഭിക്കുന്ന അറ്റാദായം വനിതകളുടെ വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതാണ്.

(ബി) നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ് ആശുപത്രിയിലും ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും ചികിത്സ തേടുന്നവർക്കാണ് ആദ്യഘട്ടത്തിൽ ചികിത്സാ ധനസഹായം ലഭിച്ചിരുന്നത്. കൂടാതെ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള നിശ്ചിത ചികിത്സാ പാക്കേജുകളും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി ഒപ്പുവച്ചിട്ടുള്ള 75 സർക്കാരിതര ആശുപത്രികളിലും ചികിത്സാ സൗകര്യം ലഭ്യമാണ്. 29 സ്വകാര്യ ഡയാലിസിസ് സെന്ററുകളിൽ ചികിത്സാ സൗകര്യം ലഭ്യമാണ്. ഇതുകൂടാതെ 27 താലൂക്കുതല സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സയ്ക്ക് സൗകര്യം ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജ് ആശുപത്രികളിലും (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്), താമരശ്ശേരി താലൂക്ക് ആശുപത്രിയിലും പത്ത്

ഡയാലിസിസ് മെഷീനുകൾ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ദൂരസ്ഥലങ്ങളിൽനിന്നും വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചുരുങ്ങിയ ചെലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഹോമുകളുടെ നിർമ്മാണ പ്രവർത്തന രീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു. വൃക്ക മാറ്റിവയ്ക്കുന്ന കേസുകളിൽ വൃക്ക നൽകുന്ന വ്യക്തിക്ക് ഈ പദ്ധതിയിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ നിന്നും രോഗികൾക്ക് നൽകുന്ന പരമാവധി ധനസഹായം രണ്ട് ലക്ഷം രൂപയാണ്. ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ പരിധിയില്ലാതെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികളുണ്ടെങ്കിൽ ഭാരിച്ച ചികിത്സാ ചെലവ് കണക്കിലെടുത്ത് ഓരോ രോഗിക്കും ചികിത്സാ ധനസഹായം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കാരുണ്യ ചികിത്സാ പദ്ധതിയിൽ നിലവിലുള്ള രോഗങ്ങൾക്കുപുറമെ ലിക്കോഡിസ് ട്രോഫൈ സ്ട്രോക്ക്, സ്പൈനൽകോഡ് ഇൻജ്വറി, മസ്കുലാർ ഡിസ്ട്രോഫി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് കിടപ്പിലായ തുടർ ചികിത്സ ആവശ്യമായ രോഗികൾക്ക് ചികിത്സയ്ക്കായി ആയൂർവേദ പഞ്ചകർമ്മ ചികിത്സകൾ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് അതാത് ജില്ലാകളക്ടർമാരുടെ അക്കൗണ്ടുവഴി ചികിത്സാ ധനസഹായം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. ഇതുകൂടാതെ അന്യസംസ്ഥാനങ്ങളിലുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് ആവശ്യമെങ്കിൽ കാരുണ്യ പദ്ധതി വഴി ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നതിനും ഇതിലേയ്ക്കാവശ്യമായ നടപടി കൈക്കൊള്ളുന്നതിനും അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്തുള്ള മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിനേയും മംഗലാപുരത്തുള്ള അനുബന്ധ കെ.എം.സി. ഹോസ്പിറ്റലുകളേയും കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) അനുവദിച്ചിരുന്നു. 2016-ലെ ഓണം അലവൻസ് ഇനത്തിൽ ക്ഷേമനിധി അംഗങ്ങൾക്ക് 5,000 രൂപയും പെൻഷൻകാർക്ക് 1,000 രൂപയും അനുവദിച്ചിട്ടുണ്ട്. മുൻ വർഷത്തേതിൽനിന്നും ക്ഷേമനിധി അംഗങ്ങൾക്കുള്ള അലവൻസ് തുകയിൽ 1,000 രൂപയുടേയും പെൻഷൻകാർക്കുള്ള അലവൻസ് തുകയിൽ 300 രൂപയുടേയും വർദ്ധനവ് വരുത്തിയിട്ടുണ്ട്.

## മലബാർ സിമന്റ്സിന്റെ പ്രവർത്തനം സംബന്ധിച്ച പരാതികൾ

11 (*191) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ മാനേജിംഗ് ഡയറക്ടർ അറസ്റ്റിലാകാനുള്ള കാരണങ്ങൾ അറിയിക്കാമോ;

(ബി) സ്ഥാപനത്തിലെ മാനേജ്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് തൊഴിലാളികൾ ഉയർത്തിയ പരാതികളുടെ വിശദാംശം വെളിപ്പെടുത്താമോ; ഇതേക്കുറിച്ച് സർക്കാർ പരിശോധന നടത്തിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) മലബാർ സിമന്റ്സിന്റെ ബൾക്ക് സിമന്റ് യൂണിറ്റിനായുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റ് പദ്ധതിയെക്കുറിച്ച് പരാതി ഉയർന്നിട്ടുണ്ടോ; പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) മലബാർ സിമന്റ്സിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡിപ്പാർട്ട്മെന്റ് നടത്തിയ അന്വേഷണത്തിന്റെ തുടർച്ചയായിട്ടാണ് 5-9-2016-ന് മാനേജിംഗ് ഡയറക്ടറെ അറസ്റ്റ് ചെയ്തത്.

(ബി) മലബാർ സിമന്റ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാതികൾ വിജിലൻസ് വകുപ്പിന്റെ അന്വേഷണത്തിലാണ്.

(സി) മലബാർ സിമന്റ്സ് വിപുലീകരണത്തിന്റെ ഭാഗമായി കൊച്ചിൻ പോർട്ട് ട്രസ്റ്റിൽനിന്നും പാട്ടത്തിനെടുത്ത സ്ഥലത്താണ് ക്ലിങ്കറും സിമന്റും ഇറക്കുമതി ചെയ്ത് ഉല്പാദനവും വിപണനവും വിപുലീകരിക്കുന്നതിനുള്ള 160 കോടി രൂപ ചെലവുള്ള ഒരു സിമന്റ് ബൾക്ക് ഹാന്റിലിംഗ് ടെർമിനൽ പദ്ധതി ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കമ്പനിയുടെ പ്രധാന അസംസ്കൃത വസ്തുവായ ചുണ്ണാമ്പുകല്ലിന്റെ

ലഭ്യത ശോഷിച്ചുവരുന്നതിനാൽ ഉല്പാദനവും വിപണനവും ഗണ്യമായി ഉയർത്തണമെങ്കിൽ ഇത്തരത്തിലുള്ള ഒരു ബൾക്ക് ഹാന്റിലിംഗ് യൂണിറ്റ് വേണ്ടിവരും. എന്നിരുന്നാലും ഈ പദ്ധതിയുടെ വിശദാംശങ്ങളും ഇനിയുള്ള പദ്ധതി ചെലവുകളുമൊക്കെ പരിശോധിച്ചതിനുശേഷം മാത്രമെ പദ്ധതിയുടെ അടുത്ത ഓരോ ഘട്ടങ്ങളും നടപ്പിലാക്കുകയുള്ളൂ.

## പ്രസാദ് സ്കീം

12 (*192) ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിന് ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മുൻസർക്കാർ കേന്ദ്രസർക്കാരിന് നിവേദനം നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കേന്ദ്ര സർക്കാർ 2015-16 സാമ്പത്തിക വർഷം സമാരംഭിച്ച പദ്ധതിയായ 'പ്രസാദ് ' സ്കീമിൽ ടൂറിസം വകുപ്പ് കേരളത്തിലെ താഴെപ്പറയുന്ന അഞ്ച് തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനത്തിനായുള്ള ആശയം ഉൾപ്പെടുത്തി ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

1. പത്മനാഭസ്വാമി ക്ഷേത്രം
2. ശബരിമല ശ്രീ അയ്യപ്പ ക്ഷേത്രം
3. മലയാറ്റൂർ ചർച്ച്
4. കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്
5. ആറ്റുകാൽ ദേവീ ക്ഷേത്രം.

2015-16 സാമ്പത്തിക വർഷം ടി പദ്ധതികളൊന്നുംതന്നെ അനുവദിച്ച് കിട്ടിയിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ മറ്റൊരു സ്കീമായ 'സ്വദേശി ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി ശബരിമല ഉൾപ്പെടെ താഴെപ്പറയുന്ന പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്:

1. സ്പിരിച്വൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി ശബരിമല – എരുമേലി - പമ്പ - സന്നിധാനം എന്നിവയുടെ വികസനം.

2. സ്പിരിച്വൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി ശ്രീ പത്മനാഭ – ആറന്മുള – ശബരിമല ക്ഷേത്ര വികസനം.

(ബി) ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനത്തിനായുള്ള 'പ്രസാദ്' സ്കീമിൽ ഈ വർഷം എട്ട് കേന്ദ്രങ്ങൾ അനുവദിച്ചതിൽ കേരളത്തിൽ നിന്നും തെരഞ്ഞെടുത്ത ഏക കേന്ദ്രമായി ഗുരുവായൂരിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ശബരിമല 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വിദൂരഗ്രാമ വൈദ്യുതീകരണ പദ്ധതി

13 (*193) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദൂരഗ്രാമ വൈദ്യുതീകരണ പദ്ധതി എന്നാണ് ആരംഭിച്ചത്; ഏതെല്ലാം ജില്ലകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്താണ്എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലെല്ലാം സോളാർ ഹോം ലൈറ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പദ്ധതി ഇതിനോടകം ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) വിദൂരഗ്രാമ വൈദ്യുതീകരണ പദ്ധതി പ്രകാരം പിന്നോക്ക ജില്ലകളിൽ സോളാർ ഹോം ലൈറ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കാത്ത ഇടങ്ങളിൽ ആയത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്ത് വിദൂരഗ്രാമ വൈദ്യുതീകരണ പദ്ധതി ആരംഭിച്ചത് പതിനൊന്നാം പദ്ധതിയുടെ (2007-2012) കാലത്താണ്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി ജില്ലകളിൽ 49 വിദൂര മേഖലയിലെ വൈദ്യുതീകരിക്കാത്ത വീടുകളിൽ വൈദ്യുതി ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(ബി&സി) എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലും സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ച ലക്ഷ്യം പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെങ്കിലും വൈദ്യുതീകരിക്കാത്ത 49 വിദൂര മേഖലകളിലായി 4204 കുടുംബങ്ങൾക്ക് സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുവാൻ അനെർട്ടിന് ഈ പദ്ധതിയിലൂടെ കഴിഞ്ഞു. പാലക്കാട് ജില്ലയിൽ ചിറ്റൂർ ഇലക്ട്രിക്കൽ ഡിവിഷനിൽ ഉൾപ്പെട്ട 4 ആദിവാസി കോളനികളിലെ 171 ട്രൈബൽ വീടുകളിൽ ഡീ സെൻട്രലൈസ്ഡ് ഡിസ്ട്രിബ്യൂട്ടഡ് പദ്ധതി പ്രകാരം സോളാർ പാനലുകളുപയോഗിച്ച് വൈദ്യുതി നൽകാൻ കെ.എസ്.ഇ.ബി.എൽ.-ന് കഴിഞ്ഞിട്ടുണ്ട്. 197 വീടുകളിൽ സോളാർ പാനലുകളുപയോഗിച്ച് വൈദ്യുതി നൽകാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ 701 വീടുകളിൽ പദ്ധതി നടപ്പിലാക്കാൻ കെ.എസ്.ഇ.ബി. കരാർ നൽകിയിരുന്നെങ്കിലും കോളനി നിവാസികളുടെ എതിർപ്പ് മൂലവും സ്ഥലത്ത് എത്തിച്ചേരുന്നതിന് മാവോയിസ്റ്റുകളുടെ ഭീഷണി നിലനിൽക്കുന്നതുകൊണ്ടും 8 കോളനികളിൽ (333 വീടുകളിൽ) പ്രസ്തുത പദ്ധതി മരവിപ്പിച്ചിട്ടുണ്ട്.

(ഡി) നിലവിൽ സംസ്ഥാനത്തെ 4 ജില്ലകളിലെ 25 വിദൂര കോളനികളിൽ സോളാർ സംവിധാനം വഴി വൈദ്യുതീകരിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട് (വയനാട്-3, എറണാകുളം-14, ഇടുക്കി-1, മലപ്പുറം-7). ഈ കോളനികളിൽ സോളാർ സംവിധാനം വഴി വൈദ്യുതീകരിക്കാൻ പ്രാരംഭ നടപടികൾ അനെർട്ട് നടപ്പിലാക്കിവരുന്നു. പാലക്കാട് ജില്ലയിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബി.എൽ. ടി ജില്ലയിൽ വിദൂരഗ്രാമ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. മറ്റ് ജില്ലകളിലേക്കുള്ള പദ്ധതികൾ അതത് ജില്ലകളിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അനുമതി ലഭിച്ചാൽ മാത്രമേ ബോർഡിന് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്താനായി പാലക്കാട്, വയനാട് ജില്ലകളുടെ റിപ്പോർട്ട് ബോർഡ് സമർപ്പിച്ചിരുന്നെങ്കിലും പാലക്കാടിന് മാത്രമാണ് ഇതുവരെ അനുമതി ലഭിച്ചത്.

## കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കുന്നതിനുള്ള കർമ്മപദ്ധതി

14 (*194) ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. രാജു എബ്രഹാം :

ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി വൈദ്യുതി ലഭിക്കാത്തവരുടെ പട്ടിക തയ്യാറാക്കാനും ലൈൻ സ്ഥാപിക്കാനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലേയ്ക്കും വൈദ്യുതി വിതരണ ശൃംഖല വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വൈദ്യുതി ലഭിക്കുന്നതിനു വേണ്ടി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. വൈദ്യുതി ലഭിക്കാത്ത ഭവനങ്ങൾ കണ്ടെത്തി ഗുണഭോക്താക്കളുടെ കരട് പട്ടിക 9-9-2016-ന് അതത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ പ്രസിദ്ധീകരിക്കുകയും ടി പട്ടികയിലുള്ള പിഴവുകൾ തിരുത്തിയതിനു ശേഷമുള്ള അന്തിമ പട്ടിക 24-9-2016-ന് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ

നൽകുന്നതിനായി വൈദ്യുതി വിതരണ ശൃംഖല വികസിപ്പിക്കേണ്ടതുണ്ട്. ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. സെപ്റ്റംബർ അവസാനത്തോടുകൂടി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പൂർത്തീകരിക്കുന്നതാണ്. ടി എസ്റ്റിമേറ്റുകൾ പൂർത്തിയാക്കി പ്രവൃത്തികൾക്കുള്ള ഫണ്ടുകൾ കണ്ടെത്തിയതിനുശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ഡി) ലഘൂകരിച്ച ഒരു രജിസ്ട്രേഷൻ ഫോറം ഉപയോഗിച്ച് ഉദ്യോഗസ്ഥർ നേരിട്ടും ജനപ്രതിനിധികൾ മുഖേനയും ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നു. ടി ഫോറം ബോർഡിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിരുന്നു. ഇതുകൂടാതെ 9496018640 എന്ന നമ്പറിലേക്ക് മിസ്ഡ് കോൾവഴി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സംവിധാനവും കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിരുന്നു. ടി നമ്പറിലേക്ക് മിസ്ഡ് കോളുകൾ ലഭിക്കുന്നപക്ഷം Centralised Customer Call Centre-ലെ ഓപ്പറേറ്റർ ബന്ധപ്പെട്ട നമ്പറിലേക്ക് തിരിച്ചുവിളിക്കുകയും ഗുണഭോക്താവിന്റെ വിവരങ്ങൾ ശേഖരിച്ച് അതത് ഫീൽഡ് ഓഫീസിലേക്ക് കൈമാറുകയും ചെയ്യുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിരുന്നത്. ഇതിനുപുറമെ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അതായത് പട്ടികജാതി പട്ടികവർഗ്ഗ വികസനം ആന്റ് തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ കൈവശം നിലവിലുള്ള വിവരങ്ങളും വിവിധ വകുപ്പുകളുടെ സഹായത്തോടെ പുതിയതായി ശേഖരിക്കുന്ന വിവരവും നിർവ്വാഹക സമിതികൾ വഴി ലഭ്യമാകുന്ന വിവരവും ഗുണഭോക്താക്കളെ കണ്ടെത്താൻ ഉപയോഗിച്ചിരുന്നു. വിതരണ ശൃംഖല വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു. ഇതുസംബന്ധിച്ച അറിയിപ്പ് ഗുണഭോക്താക്കൾക്ക് യഥാസമയം നൽകുന്നതാണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും അപേക്ഷാ ഫോറവും ലഘൂകരിക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കമ്മീഷന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പ്രസിദ്ധീകരിക്കുന്നതാണ്.

(ഇ) മാർച്ച് 2017-ഓടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## വിപണി ഇടപെടലിന് കൺസ്യൂമർഫെഡിനെ സജ്ജമാക്കാൻ നടപടി

15 (*195) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കാലത്തേതിൽ നിന്നും വ്യത്യസ്തമായി ഈ വർഷം ഓണക്കാലത്ത് വില നിയന്ത്രിക്കാനായി സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(ബി) ഉത്സവകാലത്തും അല്ലാത്ത സമയത്തും വിപണി ഇടപെടൽ ശക്തമാക്കി വിലക്കയറ്റം പിടിച്ചു നിർത്താനായി കൺസ്യൂമർഫെഡിനെ സജ്ജമാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(സി) മുൻ ഭരണസമിതിയുടെ കാലത്തുണ്ടായ അനാവശ്യചെലവുകളും ധൂർത്തും അവസാനിപ്പിക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഈ വർഷം ഓണക്കാലത്ത് വില നിയന്ത്രിക്കാനായി സഹകരണ വകുപ്പ് കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2016 സെപ്റ്റംബർ 4 മുതൽ 13 വരെയുള്ള (അത്തം മുതൽ ഉത്രാടം വരെ) പത്ത് ദിവസങ്ങളിൽ സംസ്ഥാനത്തൊട്ടാകെ 2012 ഓണം വിപണികൾ നടത്തി. പ്രാഥമിക സഹകരണ സംഘങ്ങളെയാണ് ഓണ വിപണി നടത്തുന്നതിനായി മുഖ്യമായും ചുമതലപ്പെടുത്തിയിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 1785 ഓണച്ചന്തകൾ ആരംഭിച്ചു. 208 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും 19 സഞ്ചരിക്കുന്ന ത്രിവേണി വിൽപ്പന ശാലകളിലും സബ്സിഡി സാധനങ്ങൾ ലഭ്യമാക്കിയും ഓണച്ചന്തകൾക്കാവശ്യമായ 39 ഇനം സാധനങ്ങൾ ഓണ വിപണികളിൽ വിൽപ്പനക്കായി സജ്ജമാക്കിയിരുന്നു. 13 ഇനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിലാണ് സബ്സിഡി അനുവദിച്ചിരുന്നത്. ഇതുകൂടാതെ സബ്സിഡിയില്ലാതെ എഫ്.എം.സി.ജി. (Fast Moving Consumer Goods) ഇനങ്ങൾ ഉൾപ്പെടെ 26 ഇനങ്ങൾ വിപണിയിൽ വിൽപ്പന നടത്തിയിട്ടുണ്ട്. മാർക്കറ്റ് വിലയെക്കാൾ ഗണ്യമായ വിലക്കുറവിലാണ് ഈ ഇനങ്ങൾ പ്രാഥമിക സംഘങ്ങൾ വഴി ഓണ ചന്തകളിലൂടെ ലഭ്യമാക്കിയത്.

(ബി) പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ എല്ലാ പഞ്ചായത്തുകളിലും നീതി സ്റ്റോറുകളുടെ ഒരു ശൃംഖല ശക്തിപ്പെടുത്തിയും ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിച്ചും ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന ത്രിവേണികളുടെ സേവനം എത്തിച്ചും ഇ-ടെണ്ടർ സംവിധാനം ഫലപ്രദമാക്കിയും ജില്ലാ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വർക്കിംഗ് ക്യാപ്പിറ്റൽ എന്ന നിലയ്ക്ക് ഹ്രസ്വകാല വായ്പകൾ ശേഖരിച്ചും ഒരു കേന്ദ്രീകൃത പർച്ചേസ് സംവിധാനം രൂപവൽക്കരിച്ചും ഗോഡൗണുകളുടെ ശൃംഖല രൂപവൽക്കരിച്ചും സപ്ലൈകോ, ഹോർട്ടികോർപ്പ്, ഫ്രൂട്ട് ആന്റ് വെജിറ്റബിൾ പ്രമോഷൻ കൗൺസിൽ എന്നിവരുമായി ഒത്ത് ചേർന്ന് പ്രവർത്തിച്ചും ഉത്സവകാലത്തും അല്ലാത്തസമയത്തും വിപണി ഇടപെടൽ ശക്തമാക്കി വിലക്കയറ്റം പിടിച്ചുനിർത്താൻ കൺസ്യൂമർഫെഡിനെ സജ്ജമാക്കാൻ ഉദ്ദേശിക്കുന്നു.

(സി) കൺസ്യൂമർഫെഡിൽ അധികമായി ദിവസവേതനത്തിൽ നിയോഗിച്ചിരുന്ന ഏകദേശം 2500-ഓളം ജീവനക്കാരുടെ സേവനം ഒഴിവാക്കുന്നതിനും വിവിധ ഗോഡൗണുകളിൽ നശിച്ച് കെട്ടിക്കിടക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനും അനാവശ്യമായ ഗോഡൗണുകളും ഓഫീസുകളും ഒഴിവാക്കുന്നതിനും ഉപയോഗ പ്രദമല്ലാത്ത വാഹനങ്ങളും കേടുപാടായ വാഹനങ്ങളും ലേലം ചെയ്ത് വിൽക്കുന്നതിനും കേന്ദ്രീകൃത പർച്ചേയ്സ് സംവിധാനത്തിലൂടെ പർച്ചേയ്സിന്റെ കാര്യത്തിലുണ്ടാകുന്ന ധൂർത്തും അഴിമതിയും ഒഴിവാക്കുന്നതിനും പർച്ചേയ്സ് നടപടിക്കായി ഇ-ടെണ്ടർ സംവിധാനം ഫലപ്രദമാക്കിയും കേന്ദ്രീകൃത നിയന്ത്രണ സംവിധാനം കൊണ്ടുവരുന്നതിനും കൺസ്യൂമർഫെഡിന്റെ വിവിധതലങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരെ ഉത്തരവാദിത്തങ്ങളും ചുമതലകളും ഏൽപ്പിച്ച് ഘടനാ സംവിധാനത്തിന് രൂപംനൽകിയും മുൻഭരണ സമിതിയുടെ കാലത്തുണ്ടായ അനാവശ്യ ചെലവുകളും ധൂർത്തും അവസാനിപ്പിക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇ-ടെണ്ടർ സംവിധാനം**

16 (*196) ശ്രീമതി സി. കെ. ആശ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനം വഴി എന്തൊക്കെ നേട്ടങ്ങളാണ് കൈവരിക്കാനാകുന്നത്; വിശദമാക്കുമോ;

(സി) ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കാത്ത സ്ഥാപനങ്ങളിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ.പി. ജയരാജൻ):

(എ) ഉണ്ട്.

(ബി) ഈ സംവിധാനം വഴി പരമാവധി കവറേജ് ടെണ്ടറുകൾക്ക് കിട്ടാനും സുതാര്യത കൊണ്ടുവരാനും ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. മലബാർ സിമന്റ്സ് പോലെയുള്ള കമ്പനികളിൽ ഏതാണ്ട് 5 ശതമാനം വരെ ചെലവ് ലാഭിക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 4 സ്ഥാപനങ്ങളിൽ ഒഴികെ ബാക്കിയെല്ലാ സ്ഥാപനങ്ങളിലും ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 4 സ്ഥാപനങ്ങളിൽ (Kerala Artisans Development Coporation, KELPALM, KEMDEL, Trivandrum Spinning Mills) അവയുടെ പ്രവർത്തന രീതിയിലുള്ള പ്രായോഗിക ബുദ്ധിമുട്ടുമൂലം ഇ-ടെണ്ടർ സംവിധാനത്തിലൂടെയല്ല ഇടപാടുകൾ നടത്തിവരുന്നത്. ഇത് പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## ഡീപ്പ് ഇ-ബിഡ്ഡിംഗ്

17 (*197) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീപ്പ് (Discovery of Efficient Electricity Price)ഇ-ബിഡ്ഡിംഗ് പ്രകാരം സംസ്ഥാനം വൈദ്യുതി വാങ്ങുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഈ സംവിധാനം മുഖാന്തിരം വൈദ്യുതി വാങ്ങുന്നത് സംസ്ഥാനത്തിന് എത്രമാത്രം ഗുണകരമാണെന്ന് വിശദീകരിക്കുമോ;

(സി) ഡീപ്പ് ഇ-ബിഡ്ഡിംഗ് പ്രകാരം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഈ വർഷം വാങ്ങിയത്; ഇതിന്റെ ശരാശരി നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള ഊർജ്ജ മന്ത്രാലയം 30-3-2016-ൽ പുറപ്പെടുവിച്ച 23/25/2011-R&R നമ്പർ ഉത്തരവിലെ നിബന്ധനകൾക്ക് അനുസൃതമായി 2016 മേയ് മാസത്തിൽ ഡീപ്പ് ഇ-ബിഡ്ഡിംഗ് പോർട്ടൽ വഴി വൈദ്യുതി വാങ്ങിച്ചിട്ടുണ്ട്.

(ബി) ഡീപ്പ് ഇ-ബിഡ്ഡിംഗ് പോർട്ടൽ മുഖാന്തരം വൈദ്യുതി വാങ്ങുമ്പോൾ ഇനീഷ്യൽ പ്രൈസ് ഓഫർ, ഇ റിവേഴ്സ് ഓക്ഷൻ എന്നീ രണ്ടു ഘട്ടങ്ങളിലായി ബിഡ്ഡർമാർ മൽസര ബുദ്ധിയോടെ ലേലത്തിൽ പങ്കെടുക്കുകയും തൻമൂലം പരമാവധി വില കുറച്ച് വൈദ്യുതി വാങ്ങാനുള്ള അവസരം വന്നുചേരുകയും ചെയ്യുന്നു. ഇത്തരത്തിൽ യൂണിറ്റിന് ശരാശരി 3.24 രൂപയ്ക്ക് വൈദ്യുതി ലഭിക്കുകയുണ്ടായി. മറ്റ് ഹ്രസ്വകാല കരാറുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ നിരക്ക് വളരെ കുറവാണ്.

(സി) ഇപ്രകാരം 5-5-2016 മുതൽ 31-5-2016 വരെയുള്ള ഹ്രസ്വകാലത്തേക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെടുകയും 28.6208 മില്ല്യൺ യൂണിറ്റ് വൈദ്യുതി വാങ്ങുകയും ചെയ്തു. ഇതിന്റെ ശരാശരി നിരക്ക് (വെയിറ്റഡ് ആവറേജ്) യൂണിറ്റിന് 3.24 രൂപയാണ്.

**കായികതാരങ്ങൾക്ക് ജോലി നൽകുന്നതിനുള്ള പദ്ധതി**

18 (*198) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ കായിക മികവ് തെളിയിക്കുന്നവർക്ക് ജോലി നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഏത് വർഷം മുതലുള്ള മത്സരങ്ങളിലെ കായിക താരങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) മുപ്പത്തി അഞ്ചാമത് ദേശീയ ഗെയിംസിലെ മെഡൽ ജേതാക്കൾക്ക് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ഡി) കായികതാരങ്ങൾക്ക് ഓരോ വർഷവും യഥാസമയം സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഉണ്ട്.

(ബി) 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കാണ് നിലവിൽ വിജ്ഞാപനം നടത്തിയിട്ടുള്ളത്. ഓരോ കലണ്ടർ വർഷത്തേയും ഒഴിവുകളിലേയ്ക്കും കായികതാരങ്ങൾ അതിനു തൊട്ടുമുമ്പുള്ള 2 സാമ്പത്തിക വർഷം കൈവരിച്ച നേട്ടങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കലമെഡലുകൾ കരസ്ഥമാക്കിയവരും, ടീമിനത്തിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കിയവരുമായ 68 കായികതാരങ്ങൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ എൽ.ഡി.സി. ആയി നിയമനം നൽകുന്നതിന് 16-2-2016-ലെ സ.ഉ (കൈ)നമ്പർ 15/16/കാ.യു.വ. പ്രകാരം നിയമന നടപടികൾ നടന്നുവരുന്നു. കൂടാതെ ദേശീയഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി ടീമിനത്തിൽ വെള്ളി, വെങ്കലമെഡലുകൾ കരസ്ഥമാക്കിയ 83 കായികതാരങ്ങൾക്ക് സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ നിയമിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(ഡി) നിലവിലുള്ള ഒഴിവുകളിലേക്കുള്ള നിയമനം നടത്തിയതിനുശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കയർ കമ്മീഷന്റെ ശിപാർശകൾ**

19 (*199) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിലെ പ്രശ്നങ്ങൾ പഠിക്കുവാൻ ഏതെങ്കിലും ഏജൻസികളെ പുതുതായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) മുൻ ഇടതു സർക്കാരിന്റെ കാലത്ത് നിയോഗിച്ച കയർ കമ്മീഷന്റെ റിപ്പോർട്ട് നടപ്പിലാക്കുന്നത് നിർത്തിവെച്ചിട്ടുണ്ടോ;

(സി) കയർ കമ്മീഷന്റെ ശിപാർശകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) പ്രായോഗിക ബുദ്ധിമുട്ട് ഇല്ലെങ്കിൽ പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് നിലനിൽക്കുമ്പോൾ പുതുതായി ഏജൻസിയെ നിയോഗിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ രംഗത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിന് പുതിയ ഏജൻസിയെ നിയമിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) കയർ കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിന് ഇപ്പോൾ പ്രായോഗിക ബുദ്ധിമുട്ടുകൾ ഒന്നുംതന്നെ നേരിടുന്നില്ല.

(ഡി) ഉത്തരം 'എ' -യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമാക്കാൻ സ്വീകരിച്ച നടപടികൾ**

20 (*200) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും രീതിയിലുള്ള ഉറപ്പ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഊർജ്ജവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ&ബി) ശബരിമലയിലേയും പരിസര പ്രദേശങ്ങളിലേയും 2050 വരെയുള്ള വികസനം മുൻകൂട്ടി കണ്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി, പ്രവൃത്തികൾ ഘട്ടം ഘട്ടമായി പൂർത്തീകരിച്ച് വരികയാണ്. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ 'Swadesh Darshan Scheme'-ൽ ഉൾപ്പെടുത്തി ശബരിമലയ്ക്ക് 99.98 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇത് ടൂറിസം വകുപ്പ് മുഖേനയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## കയർ വ്യവസായ മേഖല ശക്തിപ്പെടുത്താനുള്ള പദ്ധതികൾ

21 (*201) ശ്രീ. എ. എം. ആരിഫ് :

ശ്രീ. കെ. ദാസൻ :

ശ്രീ. കെ. ജെ. മാക്സി :

ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തകർച്ച നേരിട്ടതായി ആക്ഷേപമുള്ള കയർ വ്യവസായത്തെ രക്ഷിക്കാനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ വില സ്ഥിരത പദ്ധതി നിലവിലുണ്ടോ;

(സി) തൊണ്ടിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനും വിപണി വിപുലീകരിക്കുന്നതിനും എന്തൊക്കെ പദ്ധതികൾ നിലവിലുണ്ട്;

(ഡി) കയർപിരി സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) തകർച്ച നേരിട്ട കയർ വ്യവസായത്തെ രക്ഷിക്കുന്നതിന് നിലവിലുള്ള പദ്ധതിയെ കൂടാതെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു രണ്ടാം പുനഃസംഘടനയെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ആയത് താഴെ പറയും പ്രകാരമാണ്:

- ആധുനീകരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കി കയർ മേഖലയിൽ യന്ത്രവൽക്കരണത്തെ പ്രോത്സാഹിപ്പിക്കും. കൂടാതെ ചകിരി ഉത്പാദിപ്പിക്കുന്നതിന് പുതിയ യൂണിറ്റുകൾക്ക് 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകും. ഉല്പാദന മേഖലയിലെ പുതിയ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർ ബോർഡ് സബ്സിഡിക്ക് പുറമേ സംസ്ഥാന സർക്കാരിന്റെ അധിക സബ്സിഡിയായി 10% സബ്സിഡി നൽകും. ആലപ്പുഴയിൽ പിവിസി കയർ അവശിഷ്ടങ്ങൾ സംസ്കരിച്ച ബോർഡുകളാക്കുന്നതിന് സംയുക്ത സംരംഭം ആരംഭിക്കുന്നതാണ്. ഇതേ മാതൃകയിൽ മലിനജലം ശുദ്ധീകരിക്കുന്നതിനും ഒരു പദ്ധതി നടപ്പിലാക്കും.

- പുതിയ നയം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കില്ലെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പ് വരുത്തി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉല്പാദകരുടെ ഉൽപ്പന്നം മുഴുവനും കയർ കോർപ്പറേഷൻ അംഗീകൃത വിലയ്ക്ക് സംഭരിക്കും.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ കയർ മേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കയർ മേഖലയ്ക്കാവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും എന്ന ഒരു പദ്ധതി നിലവിലുണ്ട്.

(ഡി) ആധുനീകരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാക്കി യന്ത്രവത്ക്കരണത്തെ പ്രോത്സാഹിപ്പിക്കും. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തുന്നവിധം കയർഫെഡ് സംഭരിക്കും. നിർജ്ജീവമായ സംഘങ്ങളിൽ അമാൽഗമേറ്റ് ചെയ്യാവുന്നത് കണ്ടെത്തി സംയോജിപ്പിക്കും, പുനരുജ്ജീവിപ്പിക്കാവുന്നതിനെ പുനരുജ്ജീവിപ്പിക്കും, പ്രവർത്തനക്ഷമമായ സംഘങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചാൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കും. കൂടാതെ പുതുക്കിയ ബഡ്ജറ്റിൽ സംഘങ്ങളുടെ പുനഃസംഘടനയ്ക്കും മാനേജീരിയൽ ഗ്രാന്റിനുമായി ശീർഷകം ഉൾപ്പെടുത്തിയിട്ടുണ്ട്.

## ജില്ലാ വ്യവസായ കേന്ദ്രങ്ങൾ

22 (*202) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി ഏതുഘട്ടത്തിലാണ്;

(ബി) ഓഫീസ് സംവിധാനം ഉൾപ്പെടെയുള്ളവ കാലാനുസൃതമായി നവീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ സംരംഭങ്ങൾക്ക് ഒരു മാസത്തിനുള്ളിൽ ലൈസൻസ് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ വ്യവസായ സംരംഭകർക്ക് മികച്ച സേവനം ലഭിക്കുന്ന തരത്തിൽ കാലാനുസൃതമായി നവീകരണങ്ങൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. സംരംഭകർക്ക് ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻക്യുബേഷൻ സെന്ററുകളും ഇൻഫർമേഷൻ കൗണ്ടറുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംരംഭകർക്ക് ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആക്ട് അനുസരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ തീരുമാനം കൈക്കൊള്ളുവാനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്.

## കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനങ്ങൾ

23 (*203) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര മേഖലയുടെ വികസനത്തിൽ കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനങ്ങൾ എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കെ.റ്റി.ഡി.സി.-യുടെ റസ്റ്റോറന്റുകൾ, ഹോട്ടലുകൾ എന്നിവയുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ;

(സി) ചെന്നൈയിലുള്ള ത്രീസ്റ്റാർ ഹോട്ടൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഹോട്ടലിൽ ആകെയുള്ള മുറികളിൽ കേരളീയർക്ക് അനുവദിക്കുന്നത് എത്ര മുറികളാണ് എന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ):

(എ) കേരളത്തിലെ വിനോദസഞ്ചാരത്തിന് കെ.റ്റി.ഡി.സി. പലവിധ സംഭാവനകളാണ് നൽകിവരുന്നത്.

1. കേരളത്തിലെ പല ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളും വികസിക്കാൻ കാരണമായത് കെ.റ്റി.ഡി.സി.യുടെ ആദ്യ സാന്നിധ്യം കൊണ്ടാണ്.

   ഉദാ: തേക്കടി, മൂന്നാർ, കുമരകം, കോവളം തുടങ്ങിയവ

2. കേരളത്തിൽ നൂതനമായ പല ടൂർ പാക്കേജുകളും തുടങ്ങിവച്ചത് കെ.റ്റി.ഡി.സി.-യാണ്. വിവിധ ഡെസ്റ്റിനേഷനുകളിലെ ഹോട്ടലുകൾ ബന്ധിപ്പിച്ചുള്ള എയർ ലെയിൻ ടൂർ പാക്കേജ് (2000 മുതൽ), പ്രൈവറ്റ് ട്രാവൽ ഏജൻസികളുമായി ചേർന്ന് ട്രെയിൻ ചാർട്ടർ പാക്കേജ് എന്നിവയും മൺസൂൺ സമയത്ത് താരിഫ് കുറച്ച് മൺസൂൺ ടൂറിസം ആദ്യമായി നടപ്പിലാക്കിയതും കെ.റ്റി.ഡി.സി.യാണ്.

3. കെ.റ്റി.ഡി.സി.-യുടെ പ്രീമിയം ബഡ്ജറ്റ് ഹോട്ടലുകൾ കേരളത്തിലെ വികസിതവും വികസിച്ചു കൊണ്ടിരിക്കുന്നതുമായ എല്ലാ ഡെസ്റ്റിനേഷനുകളുടെയും ടൂറിസം മാർക്കറ്റിംഗിന് ഉത്തേജനം നൽകുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ലാഭത്തിലാണ് പ്രവർത്തിച്ചു വരുന്നത്. 2015-16-ലെ ആഡിറ്റ് ചെയ്യാത്ത കണക്ക് പ്രകാരം പ്രവർത്തനലാഭം 10.5 ലക്ഷം രൂപയാണ്.

(ഡി) 90 മുറികളുള്ള ചെന്നൈയിലെ റെയിൻ ഡ്രോപ്പ് എന്ന ഹോട്ടലിൽ 10 മുറികളാണ് ഗസ്റ്റ് ഹൗസിനായി മാറ്റി വച്ചിട്ടുള്ളത്. 10 മുറികളിൽ 5 എണ്ണം എപ്പോഴും ഗസ്റ്റ് ഹൗസായി മാറ്റിവച്ചിട്ടുള്ളതും 5 മുറികൾ 7 ദിവസത്തെ നോട്ടീസിൽ ലഭ്യമാകുന്ന തരത്തിലാണ് മാറ്റിവച്ചിട്ടുള്ളത്. ബാക്കി 80 മുറികൾ സാധാരണ ഹോട്ടലുകൾ പ്രവർത്തിക്കുന്ന രീതിയിൽ പ്രവർത്തിച്ചുവരുന്നു.

## കൺസ്യൂമർഫെഡിൽ സഹകരണ സംഘം വിജിലൻസ് അന്വേഷണം

24 (*204) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിൽ മുൻ ഭരണസമിതിയുടെ കാലത്ത് ക്രമക്കേട് നടന്നുവെന്ന് കണ്ടെത്തിയതിനെ തുടർന്ന് സഹകരണ സംഘം വിജിലൻസ്, ഇൻസ്പെക്ഷൻ സെൽ രജിസ്ട്രാർമാർ എന്നിവർ ചേർന്നു നടത്തിയ അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ജില്ലകളിലും യൂണിറ്റുകളിലും വിശദ പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തിയ കാര്യങ്ങൾ വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ താഴെപ്പറയുന്നവയാണ്: സബ്സിഡി ഇനത്തിൽ നിത്യോപയോഗ സാധനങ്ങൾ വിറ്റ വകയിൽ ഫെഡറേഷന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഫെഡറേഷൻ ആരംഭിച്ച നന്മ സ്റ്റോറുകളുടെ വിൽപ്പന വിവരങ്ങൾ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ഫെഡറേഷന്റെ ഹെഡ്ഡാഫീസിൽ ലഭ്യമല്ലാത്തതിനാൽ വിൽപ്പന കണക്കുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. നന്മ പദ്ധതിയുടെ വിൽപ്പനനഷ്ടം ഫെഡറേഷൻ വിലയിരുത്തിയിട്ടില്ല. ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 3778 ജീവനക്കാർ 180 ദിവസത്തിൽ അധികരിച്ചാണ് ജോലി ചെയ്തുവരുന്നത്. കൺസ്യൂമർഫെഡ് ആരംഭിച്ച 7 ഫ്ലോട്ടിംഗ് ത്രിവേണികളിൽ 5 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ആകെയുള്ള 142 മൊബൈൽ ത്രിവേണി സ്റ്റോറുകളിൽ 83 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഈ ഇനത്തിൽ ഏകദേശം 7.67 കോടി രൂപ ഫെഡറേഷന് നഷ്ടം സംഭവിച്ചിട്ടുണ്ട്. കൺസ്ട്രക്ഷൻ, പുനർ നിർമ്മാണം, മോഡണൈസേഷൻ, മോഡിഫിക്കേഷൻ എന്നിവ സംബന്ധിച്ച് പരിശോധന നടത്തിയതിൽ, പത്ര പരസ്യം നൽകാതെയും, ക്വട്ടേഷനുകൾ ഉത്തരവാദിത്തപ്പെട്ടവർ ഒപ്പ് വയ്ക്കാതെയും പണികൾ പൂർത്തിയാക്കിയതിനു ശേഷമാണ് ചാർട്ടേർഡ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് പ്രകാരം തുക നൽകി വരുന്നതെന്നും

കണ്ടെത്തിയിട്ടുണ്ട്. യാതൊരു ആസൂത്രണവും, വിലയിരുത്തലും, ലാഭക്ഷമത വിലയിരുത്താതെയുമുള്ള സംരംഭങ്ങൾ ആരംഭിച്ചു. മദ്യവിൽപ്പന വർദ്ധിച്ചിട്ടും ഇൻസെന്റീവ് കുറഞ്ഞുവന്നതിൽ ഉള്ള അപാകതകൾ.

(ബി) പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ, കേരള സംസ്ഥാന സഹകരണ കൺസ്യൂമർഫെഡറേഷനിൽ കണ്ടെത്തിയ ന്യൂനതകൾ ഗുരുതരസ്വഭാവമുള്ളതാകയാലും, ഹെഡ് ആഫീസിലും, റീജിയണൽ ആഫീസുകളിലും ഡിപ്പോകളിലും, ഫെഡറേഷന്റെ എല്ലാ യൂണിറ്റുകളിലും വിശദമായ അന്വേഷണം നടത്തേണ്ടത് ആവശ്യമാണെന്ന് സഹകരണ സംഘം രജിസ്ട്രാർക്ക് ഉത്തമ ബോദ്ധ്യം വന്നതിന്റെയും അടിസ്ഥാനത്തിൽ കൺസ്യൂമർഫെഡറേഷനിലെ ഗുരുതരമായ ക്രമക്കേടുകൾ, ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവ ഉൾപ്പെട്ട 28 വിഷയങ്ങളെപ്പറ്റി, കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവാകുകയും, അന്വേഷണം നടന്നുവരികയുമാണ്.

(സി) ജില്ലകളിലും, യൂണിറ്റുകളിലും വിശദമായ പരിശോധന നടത്തിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പണാപഹരണം നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന നീതി വിതരണ കേന്ദ്രത്തിൽ അനുമതി ഇല്ലാതെയും, ക്രമവിരുദ്ധമായും ഗോഡൗൺ പണിത വകയിലും, ആലപ്പുഴ ജില്ലയിൽ, ആലപ്പുഴ ത്രിവേണി ടവറിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് അനധികൃതമായി അഡ്വാൻസ് നൽകിയ വകയിലും, ആലപ്പുഴ മണ്ണഞ്ചേരി നീതി വിതരണ കേന്ദ്രത്തിലെ ക്യാഷ് ബാങ്കിൽ വരവ് വെയ്ക്കാതെ അക്കൗണ്ടിൽ തിരിമറി നടത്തിയ ഇനത്തിലും, കോട്ടയം ജില്ലയിൽ, നീതി വിതരണ കേന്ദ്രത്തിൽ ലോറി വാടക ഇനത്തിൽ പണാപഹരണം നടത്തിയും, എറണാകുളം ജില്ലയിൽ നീതി ഗോഡൗണിൽ നിന്നും അരികയറ്റി അയച്ചതിൽ തിരിമറി നടത്തിയും, തൃശ്ശൂർ കൺസ്യൂമർഫെഡിൽ നിന്നും വ്യാജ രസീത് എഴുതിയും പണാപഹരണം നടത്തിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

**വിദ്യാർത്ഥികൾക്ക് യൂണിഫോമിനായി കൈത്തറിത്തുണി**

25 (*205) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി തൊഴിലാളികൾ നിർമ്മിക്കുന്ന തുണി വിദ്യാർത്ഥികൾക്ക് യൂണിഫോമായി നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ ഈ പദ്ധതി വഴി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഏത് അദ്ധ്യയന വർഷം മുതലാണ് ഈ പദ്ധതിയനുസരിച്ച് വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകാൻ ലക്ഷ്യമിടുന്നത്?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) സംസ്ഥാനത്തെ സർക്കാർ - എയ്ഡഡ് മേഖലയിലെ 1 മുതൽ 8 വരെ ക്ലാസുകളിലെ 25 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്കൂൾ യൂണിഫോം അടുത്ത അദ്ധ്യയന വർഷം മുതൽ വിതരണം ചെയ്യുന്ന ഒരു ബൃഹത് പദ്ധതി സർക്കാർ ആസൂത്രണം ചെയ്തുവരുന്നു. കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്ന കൈത്തറി തുണി ഉൽപ്പന്നങ്ങൾ പരമാവധി ഉപയോഗിച്ച് ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. 200 ദിവസത്തിൽ കുറയാത്ത തൊഴിൽദിനങ്ങൾ കൈത്തറി മേഖലയ്ക്ക് നൽകാനാണ് ഈ പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. മാത്രമല്ല നിലവിലുള്ള തറികൾ നവീകരിക്കുന്നതിനും, കൂടുതൽ തറികൾ സ്ഥാപിച്ച് പരിശീലനം ലഭിച്ച നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയുടെ സമഗ്രമായ വികസനവും ആധുനികവത്കരണവും അതിലൂടെ സമൂഹത്തിന്റെ മൊത്തം വികസനവുമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

(സി&ഡി) ഏകദേശം 25 ലക്ഷത്തോളം സ്കൂൾ കുട്ടികൾക്ക് രണ്ട് സെറ്റ് യൂണിഫോം വീതം നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന് ഏകദേശം ഒരു കോടി മുപ്പത് ലക്ഷം മീറ്റർ തുണി ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. ഇതുസംബന്ധിച്ച് കൈത്തറി ഡയറക്ടർ സമർപ്പിച്ച പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത രൂപരേഖയുടെ അടിസ്ഥാനത്തിൽ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഏകദേശം 230 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ടി രൂപരേഖ പ്രകാരം കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കൈത്തറി തുണി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും കൂടുതൽ തറികൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്. പദ്ധതി നിർവ്വഹണം ഫലപ്രദമായി വിലയിരുത്തുന്നതിനും മേൽനോട്ടത്തിനുമായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കൈത്തറി മേഖലയുടെ നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കൽ, ടെക്സ്റ്റൈൽ മേഖലയുടെ സമഗ്രമായ നവീകരണം എന്നിവ ലക്ഷ്യമിടുന്നു. അടുത്ത അദ്ധ്യയന വർഷം മുതലാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

## മൂലമറ്റം പവർഹൗസ് നവീകരണം

26 (*206) ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. എസ്. ശർമ്മ :

ശ്രീ. എം. എം. മണി :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂലമറ്റം പവ്വർഹൗസ് നവീകരണത്തിനായുള്ള പുതിയ കരാറിന്റെ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സ്വദേശത്തും വിദേശത്തുമുള്ള എത്ര കമ്പനികളാണ് ടെണ്ടർ നടപടികളിൽ പങ്കെടുത്തത്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നവീകരണവുമായി ബന്ധപ്പെട്ട് ബംഗ്ലൂരിലെ സെൻട്രൽ പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ റെസിഡ്യുവൽ ലൈഫ് അനാലിസിസ് (ആർ.എൽ.എ.) പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച മെഷീനുകളുടെ പുനരുദ്ധാരണ നവീകരണ പദ്ധതിയുടെ ഇ-ദർഘാസ് 26-5-2014-ന് 42 കോടി രൂപ അടങ്കൽ തുകയ്ക്ക് പ്രസിദ്ധീകരിച്ചു. ആൻഡ്രിട്സ് ഹൈഡ്രോ, അൽസ്റ്റോം ഇൻഡ്യ ലിമിറ്റഡ് എന്നിവർ ദർഘാസ് സമർപ്പിച്ചു. ആൻഡ്രിട്സ് ഹൈഡ്രോ കരാർ തുകയായി 51.08 കോടി രൂപയും അൽസ്റ്റോം ഇൻഡ്യ ലിമിറ്റഡ് 60.04 കോടി രൂപയും സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ദർഘാസിൽ പങ്കെടുത്ത് കുറഞ്ഞ കരാർ തുക രേഖപ്പെടുത്തിയ ആൻഡ്രിട്സ് ഹൈഡ്രോ, ഫരീദാബാദ് എന്ന കമ്പനി ഓഫർ ചെയ്ത പ്രധാന ഘടകമായ ഗവേണിംഗ് സിസ്റ്റം ഇപ്പോൾ നിലവിലുള്ള ഗവേണിംഗ് സിസ്റ്റത്തിന് അനുയോജ്യം അല്ലാത്തതിനാലും നിലവിലുള്ള സിസ്റ്റത്തിന് അനുയോജ്യമായ ഗവേണിംഗ് സിസ്റ്റം തരുന്നതിന് ദർഘാസിൽ പറഞ്ഞ തുകയേക്കാൾ കൂടുതൽ തുക ആവശ്യപ്പെടുകയും ചെയ്തതിനാൽ പ്രസ്തുത ഇ-ദർഘാസ് 7-10-2015-ന് റദ്ദ് ചെയ്യുകയുണ്ടായി. 7-1-2016-ന് 42 കോടി രൂപ അടങ്കൽ തുകയ്ക്ക് പുനർ

ഇ-ദർഘാസ് പ്രസിദ്ധീകരിച്ചു. അൽസ്റ്റോം ഇൻഡ്യാ ലിമിറ്റഡ്, ബറോഡ എന്ന കമ്പനി മാത്രമാണ് പുനർ ഇ-ദർഘാസിൽ പങ്കെടുത്തത്. കരാർ തുകയായി 47.85 കോടി രൂപയ്ക്ക് കരാർ ഉറപ്പിക്കാൻ 16-8-2016-ന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് അനുമതി നൽകി. ദർഘാസ് നടപടികൾക്കിടയിൽ അൽസ്റ്റോം ഇൻഡ്യാ ലിമിറ്റഡ് ജി.ഇ. (General Electric) യുമായി ലയിക്കുകയും കമ്പനിയുടെ നാമം ജി.ഇ. (General Electric) പവർ ഇൻഡ്യാ ലിമിറ്റഡ് എന്നാക്കുകയും ചെയ്തു. 24-9-2016-ന് ജി.ഇ. പവർ ഇൻഡ്യ ലിമിറ്റഡ് എന്ന കമ്പനിയുമായി കരാർ ഒപ്പിട്ടു. പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള കാലാവധി 42 മാസം (3 ½) വർഷം ആണ്.

(ബി) (1) ആദ്യത്തെ ടെൻഡറിൽ (26-5-2014-ന്) ഇൻഡ്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അന്താരാഷ്ട്ര കമ്പനികളായ ആൻഡ്രിട്സ് ഹൈഡ്രോ, ഫരീദാബാദ്, അൽസ്റ്റോം ഇൻഡ്യ ലിമിറ്റഡ്, ബറോഡ എന്നിവയാണ് ദർഘാസ് നടപടികളിൽ പങ്കെടുത്തത്.

(2) പുനർദർഘാസിന്റെ പ്രീ-ബിഡ് മീറ്റിംഗിൽ ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അന്താരാഷ്ട്ര കമ്പനികളായ ആൻഡ്രിട്സ് ഹൈഡ്രോ, എബിസി, വോയ്ത്ത് സീമെൻസ്, അൽസ്റ്റോം ഇൻഡ്യ ലിമിറ്റഡ് എന്നിവ പങ്കെടുത്തിരുന്നു. എങ്കിലും അൽസ്റ്റോം ഇൻഡ്യ ലിമിറ്റഡ് എന്ന കമ്പനി മാത്രമാണ് ദർഘാസ് സമർപ്പിച്ചത്. പുനർ ഇ-ദർഘാസ് അൽസ്റ്റോം ഇൻഡ്യ ലിമിറ്റഡ്, ബറോഡ (ഇപ്പോൾ ജി.ഇ. പവർ ഇൻഡ്യ ലിമിറ്റഡ്) എന്ന കമ്പനി മാത്രമാണ് പങ്കെടുത്തത്.

(സി) ബാംഗ്ലൂരിലെ സെൻട്രൽ പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (CPRI) പഠന റിപ്പോർട്ട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ഉന്നത ഉദ്യോഗസ്ഥർ പഠിക്കുകയും അതിന്റെ വെളിച്ചത്തിൽ നവീകരിക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ (DPR) നിർദ്ദേശങ്ങൾ അനുസരിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി 89.90 കോടി രൂപയുടെ ഭരണാനുമതി ബോർഡ് നൽകുകയുണ്ടായി. CPRI- യുടെ പഠനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം-1* ആയി ഇതോടൊപ്പം ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഓണം-റംസാൻ കൈത്തറി-ഖാദി വിപണന മേളകൾ**

27 (*207) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണം-റംസാൻ കൈത്തറി-ഖാദി വിപണന മേളകൾ റിബേറ്റുൾപ്പെടെ പ്രഖ്യാപിച്ച് നടത്തിയിരുന്നോ;

(ബി) ഈ വിപണന മേളകളിലൂടെ എത്ര കോടി രൂപയുടെ വിൽപ്പനയാണ് പ്രതീക്ഷിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേളകളിലൂടെ എത്ര കോടി രൂപയുടെ വിൽപ്പന നടന്നു എന്ന് അറിയിക്കാമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കൈത്തറി ഉല്പന്നങ്ങളുടെ വിപണനം ലക്ഷ്യമിട്ട് ഓണം-റംസാൻ മേളകൾ കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടത്തിയിട്ടുണ്ട്. ഖാദി ഉല്പന്നങ്ങളുടെ പരമാവധി വിൽപ്പന ഉറപ്പാക്കുന്നതിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡും, ഖാദി സ്ഥാപനങ്ങളും സംയുക്തമായി വിവിധ ഇടങ്ങളിൽ വിപണനമേളകൾ നടത്തിയിരുന്നു.

(ബി) ഈ വിപണനമേളകളിലൂടെ കൈത്തറി ഉൽപ്പന്നങ്ങളുടെ 15,65,00,000 രൂപയുടെ വിൽപ്പനയും ഖാദി ഉൽപ്പന്നങ്ങളുടെ 80 കോടി രൂപയുടെ വിൽപനയുമാണ് പ്രതീക്ഷിച്ചിരുന്നത്.

(സി) പ്രസ്തുത മേളകളിലൂടെ 23,02,35,954 രൂപയുടെ കൈത്തറി ഉൽപ്പന്നങ്ങളുടെയും ഏകദേശം 75 കോടി രൂപയുടെ ഖാദി ഉല്പന്നങ്ങളുടെയും വിൽപ്പന നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കരകൗശല മേഖല**

28 (*208) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ.ഒ. ആർ. കേളു :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല മേഖലയിൽ കൂലിക്കുറവു കാരണം തൊഴിലാളികൾ കടുത്ത പ്രതിസന്ധിയിലായിരിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കോർപ്പറേഷൻ വെള്ളാനയാണെന്നും തൊഴിലാളികളെ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) കരകൗശല മേഖലയുടെ പ്രോത്സാഹനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ഫണ്ട് തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കൂടി ലഭ്യമാക്കി തൊഴിലാളി താല്പര്യം സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കരകൗശലമേഖലയിൽ യന്ത്രവൽക്കരണം സാധ്യമല്ലാത്തതിനാൽ ഈ മേഖലയിൽ ഉൽപ്പാദനക്ഷമത കുറവാണ്. തൻമൂലം ഈ മേഖലയിലെ തൊഴിലാളികൾക്ക് പൊതുവേ കുറഞ്ഞ വേതനാണ് ലഭിക്കുന്നത്. കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും അവർ ഉൽപ്പാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വാങ്ങി വിപണനം നടത്തുന്നതിനും പൊതു സേവനകേന്ദ്രങ്ങൾ നടത്തുന്നതിനും കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഈ മേഖലയിലെ അപെക്സ് സഹകരണസ്ഥാപനമായ സുരഭി എന്നിവ മുഖേന സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

(ബി) വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കരകൗശല വികസന കോർപ്പറേഷൻ. കരകൗശല തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കരകൗശല വസ്തുക്കൾ അവരിൽനിന്നും ന്യായമായ വിലയ്ക്ക് വാങ്ങി കരകൗശല വികസന കോർപ്പറേഷന്റെ വിൽപ്പനശാലകൾ വഴി വിൽക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി കരകൗശല വികസന കോർപ്പറേഷൻ സംഘടിപ്പിക്കുന്ന എക്സിബിഷനുകൾ, ക്രാഫ്റ്റ് ബസാറുകൾ എന്നിവവഴി കരകൗശല തൊഴിലാളികൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുവാൻ സാഹചര്യം ലഭിക്കുന്നു. കരകൗശല വികസന കോർപ്പറേഷൻ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യകോർപ്പറേഷന്റെ ധനസഹായത്തോടുകൂടി കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുകയും ചെയ്തുവരുന്നു. കമ്പനിയുടെ പ്രവർത്തനം വസ്തുനിഷ്ഠമായി വിലയിരുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയിൽ വിശദമായ ആധുനികവൽക്കരണം നടപ്പാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

(സി) കരകൗശല മേഖലയുടെ പ്രോത്സാഹനത്തിനും ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുമായി സർക്കാർ ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ സഹകരണ സംഘങ്ങൾക്കും നൽകുന്നുണ്ട്. ഈ മേഖലയിലെ അപെക്സ് സഹകരണസ്ഥാപനമായ സുരഭി മുഖേന പ്രാഥമിക സഹകരണസംഘങ്ങൾക്ക് വേണ്ടി വിവിധ പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നു. കരകൗശല തൊഴിലാളികളുടെ സ്കിൽ ഡെവലപ്മെന്റിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിശീലന പരിപാടികൾ, ഉൽപ്പന്നങ്ങൾക്ക് വിപണി ലഭിക്കുന്നതിനായി എക്സിബിഷനുകൾ എന്നിവ അപെക്സ് സഹകരണ സ്ഥാപനമായ സുരഭി സംഘടിപ്പിക്കുന്നു. വിവിധമേഖലയിലെ കരകൗശല തൊഴിലാളികളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് അവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമായി വിവിധ പദ്ധതികൾ കരകൗശല വികസന കോർപ്പറേഷൻ, കാഡ്കോ, സുരഭി എന്നീ സ്ഥാപനങ്ങൾ മുഖേന സർക്കാർ നടപ്പാക്കി വരുന്നു.

## സ്പോർട്സ് ലോട്ടറി

29 (*209) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് ലോട്ടറി ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ലോട്ടറി ആരംഭിച്ച സമയത്ത് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ആരായിരുന്നു;

(ബി) സ്പോർട്സ് ലോട്ടറി നടത്തിപ്പിലും മറ്റും അഴിമതി നടന്നിട്ടുണ്ട് എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) 2006-07 സാമ്പത്തിക വർഷമാണ് സ്പോർട്സ് ലോട്ടറി ആരംഭിച്ചത്. കേരള സംസ്ഥാനത്തെ കായികരംഗത്തിന്റെ സമഗ്ര വികസനത്തിനായുള്ള വിഭവ സമാഹരണത്തിനായാണ് 28-10-2006-ലെ ജി.ഒ.(എംഎസ്.)117/06/നി.വ. നമ്പർ ഉത്തരവ് പ്രകാരം സ്പോർട്സ് സൂപ്പർ ബമ്പർ ഭാഗ്യക്കുറി (K-1285) ആവിഷ്കരിച്ച് നടപ്പിലാക്കിയത്. പ്രസ്തുത ഭാഗ്യക്കുറിയുടെ ടിക്കറ്റ് വിൽപ്പന 17-11-2006-ന് ആരംഭിക്കുകയും നറുക്കെടുപ്പ് 10-2-2007-ന് നടത്തുകയുമുണ്ടായി. പ്രസ്തുത സമയം ശ്രീ. ടി. പി. ദാസൻ ആയിരുന്നു സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്.

(ബി) സ്പോർട്സ് ബമ്പർ ഭാഗ്യക്കുറിയുടെ സമ്മാന ഘടന ആവിഷ്കരിച്ച് നറുക്കെടുപ്പ് നടത്തിയത് ഭാഗ്യക്കുറി വകുപ്പാണ്. ഇതിന്റെ നടത്തിപ്പിൽ അഴിമതി നടന്നതായുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്പോർട്സ് ലോട്ടറി സംബന്ധിച്ച് വിജിലൻസ് ക്യൂക്ക് വെരിഫിക്കേഷൻ നടക്കുന്നുണ്ട്.

**നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം**

30 (*210) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയ്ക്ക് പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ട് സിമന്റ് ഉൾപ്പടെയുള്ള നിർമ്മാണ വസ്തുക്കൾക്ക് ക്രമാതീതമായി വില വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ വസ്തുക്കൾക്ക് അയൽ സംസ്ഥാനത്തെ വിലയേക്കാൾ ഇരട്ടിയെങ്കിലും വില വ്യത്യാസം ഉണ്ടാകാനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം വിശദമാക്കുമോ;

(സി) പാറ, മണൽ തുടങ്ങി മറ്റ് നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം മൂലം സ്തംഭനത്തിലായ നിർമ്മാണ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഉണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. കേരളത്തിൽ സിമന്റിന്റെ വില വളരെ കൂടുതലാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 29-7-2016-ൽ മന്ത്രി തലത്തിൽ ഒരു യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ പ്രധാനപ്പെട്ട സിമന്റ് ഉത്പാദകരും ഡീലർമാരും പങ്കെടുത്തു. കേരളത്തിൽ ആവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നുള്ളൂ. സിമന്റ് വിതരണക്കാർ ഉന്നയിച്ച പ്രധാന പരാതി സിമന്റ് ഉത്പാദകർ നേരിട്ട് ഫ്ലാറ്റ് നിർമ്മാതാക്കൾ പോലെ

ഉള്ളവർക്ക് കുറഞ്ഞ വിലയ്ക്ക് സിമന്റ് വിതരണം ചെയ്യുന്നുവെന്നും സാധാരണക്കാർക്ക് വിതരണം ചെയ്യേണ്ട സിമന്റിന്റെ വില യാതൊരു മുന്നറിയിപ്പും കൂടാതെ ക്രമാതീതമായി വർദ്ധിപ്പിക്കുന്നു എന്നുമാണ്. സിമന്റിനെ സംബന്ധിച്ചിടത്തോളം കൃത്യമായ ഒരു വ്യാപാര നയം നിലവിലില്ല. അയൽ സംസ്ഥാനങ്ങളിൽ സിമന്റിന്റെ വില കേരളത്തെക്കാൾ വളരെ കുറവാണെന്നത് ഒരു വസ്തുതയാണ്.

(സി) വിവിധ ഡാമുകളിൽനിന്നും സാങ്കേതിക മാനദണ്ഡമനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ നിയമപ്രകാരം അനുവദനീയമായ രീതിയിൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് അതാത് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തി 2014 മാർച്ചുമാസം ഉത്തരവായിരുന്നു എങ്കിലും ഇതു സംബന്ധിച്ച് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. റിസർവോയറുകൾ De-silt ചെയ്യുന്നതിന് പാരിസ്ഥിതിക അനുമതി ആവശ്യമില്ല എന്ന് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ കേരളത്തിലെ റിസർവോയറുകൾ De-silt ചെയ്ത് ചെളി, മണൽ എന്നിവ ശേഖരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിച്ചു വരുന്നു. ക്രഷർ ഉത്പന്നങ്ങളുടെ വില വർദ്ധനയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം വിളിച്ചുചേർത്ത് സാധ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ക്ഷേമ പെൻഷനുകളുടെ വിതരണം

1(1542) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിന് ശേഷം വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ നടത്തിയ ഇടപെടലുകളും, ഇതുവഴി ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതിയും വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ വന്നതിനുശേഷം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഏറ്റവും കുറഞ്ഞ പ്രതിമാസ നിരക്ക് ആയിരം രൂപയായി വർദ്ധിപ്പിക്കുകയും ടി തുക നേരിട്ട് ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിക്കുമെന്ന് പ്രഖ്യാപിക്കുകയും ആയതിലേയ്ക്കായി കുടുംബശ്രീ മുഖേന സർവ്വേ നടത്തുകയുമുണ്ടായി. സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ

സഹകരണ സംഘങ്ങൾ/മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവ വഴി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നേരിട്ട് ഗുണഭോക്താക്കളുടെ വീടുകളിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി. പന്ത്രണ്ട് മാസത്തോളം കുടിശ്ശികയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതാണ്ട് കുടിശ്ശിക തീർത്ത് വിതരണം ചെയ്തു. അവതാളത്തിലായിരുന്ന പെൻഷൻ വിതരണം കൃത്യമാക്കുന്നതിനും അനർഹരെ ഒഴിവാക്കി ലിസ്റ്റ് ക്രമപ്പെടുത്തുന്നതിനുമുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

**പട്ടാമ്പി മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾ**

2 (1543) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റ് പ്രകാരം പട്ടാമ്പി മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളതെന്ന വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ളതും, എന്നാൽ ഇതുവരെയായി ആരംഭിക്കാത്തതോ, പൂർത്തിയാക്കാത്തതോ ആയ പദ്ധതികളുണ്ടെങ്കിൽ അവ ഏതെന്നും, എന്തുകൊണ്ടാണെന്നും വിശദമാക്കാമോ;

(സി) പട്ടാമ്പി മണ്ഡലത്തിൽ നബാർഡ് പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളിൽ, ഇനിയും ആരംഭിക്കാത്തതോ, മുഴുവനാക്കാത്തതോ ആയ പദ്ധതികളുണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) പട്ടാമ്പി മണ്ഡലത്തിൽ 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പട്ടാമ്പി ബൈപ്പാസ്-പട്ടാമ്പി ടൗൺ റെയിൽവേ അണ്ടർപാസേജ് പദ്ധതിക്കായി 10 കോടി രൂപയും പട്ടാമ്പി ചെർപ്പുളശ്ശേരി റോഡിന് 10 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. മണ്ഡലത്തിലെ മറ്റ് പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച വരുന്നു.

(ബി) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി നിയോജകമണ്ഡലം-ആസ്തി വികസന പദ്ധതിയിൻ കീഴിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിലേയ്ക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി 25 ലക്ഷം രൂപ 20-7-2016-ലെ സ.ഉ.(സാധാ.)നമ്പർ 6117/2016/ധന. പ്രകാരം ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ച വരുന്നു.

## കാരുണ്യ ബെനവലന്റ് പദ്ധതി

3 (1544) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കാരുണ്യ ബെനവലന്റ് പദ്ധതി'യുടെ ആനുകൂല്യത്തിന് പുതുതായി ഏതെങ്കിലും രോഗത്തെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ രോഗികൾ അടച്ച തുക തിരിച്ചു കിട്ടുന്നതിനും ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് ഉടൻതന്നെ തുക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) മാരകരോഗംമൂലം ബുദ്ധിമുട്ടുന്ന രോഗികൾക്ക് കാരുണ്യ പദ്ധതിവഴി കൂടുതൽ തുക ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതി വളരെ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കൂടുതൽ അസുഖങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കാരുണ്യ ചികിത്സാ പദ്ധതിയിൽ നിലവിലുള്ള രോഗങ്ങൾക്കു പുറമേ ലിക്കോഡിസ്ട്രോഫൈ സ്ട്രോക്ക്, സ്പൈനൽകോഡ് ഇൻജ്വറി, മസ്കുലാർ ഡിസ്ട്രോഫി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് കിടപ്പിലായ തുടർ ചികിത്സ ആവശ്യമായ രോഗികൾക്ക് ചികിത്സയ്ക്കായി ആയുർവ്വേദ പഞ്ചകർമ്മ ചികിത്സകൾ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് അതാതു ജില്ലാ കളക്ടർമാരുടെ അക്കൗണ്ട് വഴി ചികിത്സാ ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കാരുണ്യ പദ്ധതി പ്രകാരം രോഗിക്ക് അനുവദിച്ച തുക ആദ്യഘട്ടത്തിൽ ആശുപത്രികൾക്കാണ് കൈമാറ്റം ചെയ്യുന്നത്. ആശുപത്രിയിൽ ചികിത്സയ്ക്കായി ഉപയോഗിച്ചശേഷം ബാക്കി തിരികെ പദ്ധതിയിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ റീഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട അപേക്ഷയോടൊപ്പം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ, ഡിസ്ചാർജ് സമ്മറി, രോഗിയുടെ ബാങ്ക് പാസ്ബുക്ക് കോപ്പി, മരണപ്പെട്ട കേസാണെങ്കിൽ ഡെത്ത് സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകളും ഹാജരാക്കേണ്ടതുണ്ട്. എന്നാൽ അപേക്ഷകളിൽ അധികവും അപൂർണ്ണമായാണ് ലഭിക്കാറുള്ളത്. എല്ലാ രേഖകളും, ആശുപത്രിയിൽ നിന്നും ചികിത്സ കഴിഞ്ഞുള്ള ഫണ്ടും ലഭിച്ചാൽ ഉടൻ തന്നെ നടപടിക്രമം പാലിച്ച് തുക കൈമാറുന്നതാണ്. അപേക്ഷകൾ രോഗികളോ ബന്ധുക്കളോ നേരിട്ട് ആഫീസിൽ ഹാജരാക്കുന്ന അവസരത്തിൽ അപേക്ഷകളിലെ

പോരായ്മകൾ നേരിട്ട് ശ്രദ്ധയിൽപ്പെടുത്തി എത്രയും പെട്ടെന്ന് ഹാജരാക്കുവാൻ നിർദ്ദേശിക്കാറുമുണ്ട്. തപാൽ മുഖേന ലഭിക്കുന്ന അപൂർണ്ണമായ അപേക്ഷകൾക്ക് യഥാസമയം തന്നെ ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിനായി രേഖാമൂലം ആവശ്യപ്പെടാറുമുണ്ട്. ഇവ രണ്ടും റീഇംബേഴ്സ്മെന്റ് തുക അനുവദിക്കുന്നതിന് കാലതാമസത്തിനുള്ള പ്രധാന കാരണങ്ങളാണ്. റീഫണ്ട് ലഭ്യമായതും പൂർണ്ണമായതുമായ അപേക്ഷകൾക്ക് റീഇംബേഴ്സ്മെന്റ് തുക അനുവദിച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നു. ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് നേരിട്ട് തുക കൈമാറുന്നില്ല. ഡയാലിസിസ് ചെയ്ത ആശുപത്രികൾക്കാണ് തുക നൽകി വരുന്നത്.

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വഴി ഹീമോഫീലിയ രോഗത്തിന് ഓരോ രോഗിക്കും പരിധിയില്ലാതെ തുക അനുവദിക്കുന്നുണ്ട്. കാരുണ്യ ചികിത്സാ പദ്ധതിയിൽ നിലവിലുള്ള രോഗങ്ങൾക്കു പുറമെ ലിക്കോഡിസ്ട്രോഫൈ സ്ട്രോക്ക്, സ്പൈനൽകോഡ് ഇൻജ്വറി, മസ്കുലാർ ഡിസ്ട്രോഫി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് കിടപ്പിലായ, തുടർ ചികിത്സ ആവശ്യമായ രോഗികൾക്ക് ചികിത്സയ്ക്കായി ആയുർവേദ പഞ്ചകർമ്മ ചികിത്സകൾ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് അതാതു ജില്ലാ കളക്ടർമാരുടെ അക്കൗണ്ട് വഴി ചികിത്സാ ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കെ.എസ്.എഫ്.ഇ. ശാഖകൾ

4 (1545) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കെ.എസ്.എഫ്.ഇ. ശാഖകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) 2015-16 സാമ്പത്തിക വർഷം ഈ സ്ഥാപനം എത്ര രൂപയുടെ ലാഭം നേടിയെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ. ചിട്ടി ഇടപാടുകാർക്ക് കൂടുതൽ സാമ്പത്തിക പ്രയോജനം ലഭ്യമാകുന്ന തരത്തിൽ ചിട്ടി ഇടപാടുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) 600 ശാഖകൾ.

(ബി) 2015-16 സാമ്പത്തിക വർഷത്തിലെ ടാക്സിനു മുൻപുള്ള ലാഭം (Provisional) 181.65 കോടി രൂപയാണ്.

(സി) ചിട്ടി ഇടപാടുകാർക്ക് കൂടുതൽ സാമ്പത്തിക പ്രയോജനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രത്യേക സമ്മാന പദ്ധതികളോടു കൂടിയ പൊന്നോണ ചിട്ടികൾ എന്ന കാമ്പയിൻ നടന്നുകൊണ്ടിരിക്കുകയാണ്. സമ്മാനങ്ങൾ കൂടാതെ ചിട്ടി തുടങ്ങിയതിനുശേഷം ഒരു വർഷത്തിനുള്ളിൽ മരണപ്പെടുന്ന ചിറ്റാളന്മാരുടെ 2 ലക്ഷം രൂപ വരെയുള്ള മേൽ ബാധ്യത എഴുതിത്തള്ളുക, ലോൺ ആനുകൂല്യങ്ങൾ എന്നിവ ഈ പദ്ധതിയിലുണ്ട്. ഇത്തരം ആനുകൂല്യങ്ങൾ തുടരുന്നതോടൊപ്പം ഈ പദ്ധതികളെ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള സാധ്യതാ പഠനങ്ങളും ചിട്ടി പദ്ധതി കൂടുതൽ ആകർഷകമാക്കാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

## ആസ്തി വികസന ഫണ്ട്

5 (1546) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പുതിയ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) എസ്റ്റിമേറ്റുകൾ പ്രൈസ് എന്ന സോഫ്റ്റ്‌വെയർ വഴി അയക്കണമെന്ന നിബന്ധന ഭരണതലത്തിൽ വലിയ കാലതാമസം വരുത്തുന്നതായി ബോദ്ധ്യമായിട്ടുണ്ടോ; പ്രൈസ് ഏർപ്പെടുത്താത്ത ഡിപ്പാർട്ടുമെന്റുകൾ നൽകുന്ന എസ്റ്റിമേറ്റുകളിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്;

(സി) പുതിയ വ്യവസ്ഥ പ്രകാരം അനാവശ്യ കാലതാമസം ഉണ്ടാകുന്നതായി വ്യാപക ആക്ഷേപമുള്ളത് പരിഹരിക്കുവാൻ എന്ത് ശ്രമം നടത്തി എന്നറിയിക്കാമോ; മാനുവൽ ആയി നൽകിയിരിക്കുന്ന എസ്റ്റിമേറ്റുകളിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിയോജകമണ്ഡല ആസ്തിവികസന പദ്ധതിക്കായുള്ള (LAC-ADS) മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. സ.ഉ. (പി) നമ്പർ 332/2012/ധന. തീയതി 11-6-2012 ഉത്തരവ് മുഖേനയാണ്. ഈ സാമ്പത്തിക വർഷം മുതൽ പ്രസ്തുത ഫയലുകൾ ഇതിനായി വികസിപ്പിച്ച ഓൺലൈൻ പോർട്ടലിലൂടെയാണ് കൈകാര്യം ചെയ്യുന്നത്. (http://ads.kerala.gov.in) ഇതിനായുള്ള മാർഗ്ഗ

നിർദ്ദേശങ്ങൾ സ.ഉ.(പി) നമ്പർ 257/2015/ധന. തീയതി 26-6-2016 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 55/2016/ധന. തീയതി 22-6-2016 പ്രകാരം LAC-ADS മായി ബന്ധപ്പെട്ട MLA മാരുടെ ശിപാർശകൾ ധനകാര്യ വകുപ്പിൽ നേരിട്ട് സമർപ്പിക്കണമെന്നും സർക്കുലർ നമ്പർ 74/2016/ധന. തീയതി 7-9-2016 പ്രകാരം 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ശിപാർശകൾ 2016 ഡിസംബർ 31-നകം സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പുകൾ ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ്‌വെയർ വഴി തയ്യാറാക്കണമെന്ന നിബന്ധന ഭരണതലത്തിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രൈസ് ഏർപ്പെടുത്താത്ത ഡിപ്പാർട്ടുമെന്റുകൾ ടി സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത് ആയതിലൂടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

(സി) ഓൺലൈൻ പോർട്ടലിലൂടെ ഫയലുകൾ കൈകാര്യം ചെയ്യാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് നിരവധി തവണ പരിശീലനം നൽകിയിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ NIC ജീവനക്കാരുടെ സേവനം ലഭ്യമാണ്. എസ്റ്റിമേറ്റുകൾ പുതുക്കിയ നിരക്കനുസരിച്ച് PRICE സോഫ്റ്റ്‌വെയറിലൂടെ തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആസ്തി വികസന ഫണ്ട്

6 (1547) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും ന്യൂനപക്ഷ വിഭാഗമായ ആംഗ്ലോ ഇന്ത്യൻ സമൂഹം നടത്തുന്ന എയ്ഡഡ് സ്കൂളുകൾക്കായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുന്നതിന് പ്രത്യേക അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ (796486/2016/M(Fin & Coir) dated 22-8-2016) നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ നിവേദനത്തിലെ ആവശ്യം പരിഗണിക്കാനാവില്ല എന്ന് ഉത്തരവായിട്ടുണ്ട്. മറുപടിയുടെ പകർപ്പ് അനുബന്ധമായി നൽകുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**സഹകരണ ബാങ്കുകളെ ലയിപ്പിച്ചുകൊണ്ട് പൊതുബാങ്ക് രൂപീകരണം**

7 (1548) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളെ ലയിപ്പിച്ചുകൊണ്ട് ഒരു പൊതു ബാങ്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിന് ഏതെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) പൊതുബാങ്ക് രൂപീകരിക്കുന്നതുകൊണ്ട് സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സഹകരണ ബാങ്കിംഗ് മേഖലയിൽ സർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കാതലായ മാറ്റം നിലവിലെ ത്രിതല ഘടനയിൽ നിന്നും ദ്വിതല ഘടനയിലേയ്ക്കുള്ള മാറ്റമാണ്. ഇതിന്റെ ഭാഗമായി 14 ജില്ല സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനേയും സംയോജിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയാണ്. അതിലേയ്ക്കായി പഠനം നടത്തി വിശദമായ ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി ഒരു 5 അംഗ വിദഗ്ധ സമിതിയെ രൂപീകരിച്ച് 28-9-2016-ലെ സ.ഉ.(സാധാ.) നമ്പർ 488/2016/സഹ. പ്രകാരം ഉത്തരവായിട്ടുണ്ട്. (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്).* ബാങ്കുകളുടെ സംയോജനം ആവർത്തിത/ ഇരട്ടിപ്പിന്റെ സ്വാഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നതു കൂടാതെ പലിശ നിരക്കിലും ഗണ്യമായ കുറവ് സാധ്യമാക്കുമെന്നതിനാൽ സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിക്കുവാൻ ഇടയാക്കും. അതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഒരു പുത്തൻ ഉണർവ്വ് നൽകാൻ സാധിക്കും. കൂടാതെ പലിശ കുറഞ്ഞ വായ്പയുടെ ലഭ്യത കാർഷിക, പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം ഒരു സാമ്പത്തിക ചാലക ശക്തിയായി വർത്തിക്കുവാൻ പര്യാപ്തമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാനത്ത് ധനനിക്ഷേപങ്ങളും ക്രെഡിറ്റും വളർത്തിക്കൊണ്ടുവരുന്നതിന് പ്രസ്തുത ബാങ്കിന് ക്രിയാത്മകമായ പങ്ക് വഹിക്കുവാനാകും. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽനിന്നും പാവപ്പെട്ടവരെ ഒരു പരിധിവരെ രക്ഷിക്കുവാനും പ്രാദേശിക വികസനം സാരവത്തായി ഉയർത്തുന്നതിനും ഇതുവഴി കഴിയും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും ലയനത്തിലൂടെ മറികടക്കാനാകും. ഇതിനെല്ലാമുപരിയായി ഇങ്ങനെ രൂപീകരിക്കുന്ന ബാങ്കിന് സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചുചാട്ടം സാധ്യമാക്കുന്ന പല സുപ്രധാന പദ്ധതികളിലും നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിയും.

**ക്ഷേമ പെൻഷനുകൾ**

8 (1549) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. ഐ. സി.ബാലകൃഷ്ണൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരാൾക്ക് ഒന്നിലധികം ക്ഷേമ പെൻഷനുകൾ ലഭിക്കുന്നത് തടയാൻ ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിന് ആധാർ നിർബന്ധമാക്കുവാൻ ഉത്തരവായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ക്ഷേമ പെൻഷൻകാരുടെ വിവരങ്ങൾ ക്രോഡീകരിക്കുവാൻ ഭരണ തലത്തിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) നിലവിൽ രണ്ട് പെൻഷൻ വാങ്ങുന്നവർക്ക് ഒരു പെൻഷൻ പുതുക്കിയ നിരക്കിലും രണ്ടാമത്തെ പെൻഷൻ പുതുക്കുന്നതിന് മുൻപുള്ള നിരക്കിലും കൈപ്പറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വന്തം ഫണ്ടിൽ നിന്നും പെൻഷൻ അനുവദിക്കുന്ന ക്ഷേമനിധി ബോർഡുകളിൽനിന്നും പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്കും വികലാംഗ പെൻഷൻ വാങ്ങുന്നവർക്കും ഒരു സാമൂഹ്യ സുരക്ഷാ പെൻഷനുകൂടി (ടി പെൻഷൻ ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിലൊന്നാണെങ്കിൽ അതിന്റെ കേന്ദ്രവിഹിതം മാത്രം) അർഹതയുണ്ടാവും എന്നും ഉത്തരവായിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷന്റെ സഹകരണത്തോടുകൂടി പെൻഷൻ ഡേറ്റാബേസ്

പരിഷ്ക്കരിച്ച് പ്രസിദ്ധീകരിച്ച ശേഷം, പെൻഷൻ ലിസ്റ്റ് ക്രമീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. 2016 മേയ് മാസം വരെ കുടിശ്ശികയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഓണക്കാലത്ത് കുടിശ്ശിക തീർത്ത് വിതരണം ചെയ്തു. സർവ്വീസ് പെൻഷൻ വാങ്ങുന്നവർ പോലും സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനർഹരെ ഒഴിവാക്കി ലിസ്റ്റ് ക്രമപ്പെടുത്തി, അവതാളത്തിലായിരുന്ന പെൻഷൻ വിതരണം കൃത്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

(ബി) ഇല്ല.

(സി) ക്ഷേമ/സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ആധാർ കാർഡ് അടിസ്ഥാനത്തിൽ പരിശോധിച്ച് ഒരു ക്രോഡീകരിച്ച ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കിഫ്ബി**

9 (1550) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന പശ്ചാത്തല മേഖലാ വികസനത്തിനായി രൂപീകരിച്ച കിഫ്ബി 31-8-2016-ൽ എത്ര തുക സ്വരൂപിച്ചു;

(ബി) ഏതൊക്കെ മേഖലകളിൽ നിന്നാണ് ഈ തുക സ്വരൂപിച്ചതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിലവിൽ ഏതെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന 2,000 കോടിയിൽ അവശേഷിച്ച 873.85 കോടി രൂപ, കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം 10% മോട്ടോർ വാഹന നികുതി, പെട്രോളിന്മേലുള്ള സെസ്സ് എന്നിവ കിഫ്ബിയുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചു

കഴിഞ്ഞു. ഇതിനു പുറമെ, സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കിഫ്ബിയെ സജ്ജമാക്കുന്നതോടൊപ്പം ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ / സഹകരണ ബാങ്കുകളിൽനിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

(സി) 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന. ഉത്തരവ് വഴി പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം

1. വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന് ഭരണവകുപ്പിന്റെ അനുമതിയും മന്ത്രിസഭയുടെ അംഗീകാരവും അനിവാര്യമാണ്. 100 കോടി രൂപയ്ക്കു മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും കിഫ്ബി മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്കു മുകളിൽ മതിപ്പു തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.

2. പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വി.കളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV-യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.

3. എസ്.പി.വി.-കൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമെ നിന്നും വിദഗ്ദ്ധ ഉപദേഷ്ടാക്കളെ (consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RFP) തയ്യാറാക്കുക എന്നത് എസ്.പി.വി.കളുടെ ചുമതലയാണ്. ഇതു നടപ്പാക്കുന്നതിന് എസ്.പി.വി.-കൾക്ക് പരിമിതികൾ നേരിടുന്നപക്ഷം കിഫ്ബി തയ്യാറാക്കിയിട്ടുള്ള

General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെണ്ടറിംഗ് വഴിയുള്ള consultant നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന consultants-ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും കിഫ്ബിയിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.

4. ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്ടിലെയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്നപക്ഷം കിഫ്ബി ധനസഹായം നൽകുന്നതാണ്.

ടി മാർഗ്ഗ നിർദ്ദേശങ്ങൾക്കു പുറമെ, പ്രോജക്ട് നിർവ്വഹണ ചെലവുകൾ അപ്പപ്പോൾ നേരിട്ട് സപ്ലൈയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവർക്ക് അവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കുന്നതിനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനവും കിഫ്ബിയിൽ ഏർപ്പെടുത്താൻ ആലോചനയുണ്ട്. പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കാനും സൂക്ഷ്മമായി നിരീക്ഷിക്കാനും ആവശ്യമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഈ നടപടികളിലൂടെ ഫണ്ട് വിനിയോഗം നിർബാധമാവുകയും പദ്ധതി നടത്തിപ്പ് സുഗമമായും സമയബന്ധിതമായും പൂർത്തീകരിക്കാനാവുകയും ചെയ്യുന്നതാണ്.

## നികുതി പിരിവ്

10 (1551) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് കേരളത്തിലേയ്ക്ക് എത്തിച്ച സാധനങ്ങളുടെ നികുതി കൃത്യമായി പിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ;

(ബി) കേരളത്തിന്റെ അതിർത്തികളിലുള്ള ചെക്ക് പോസ്റ്റുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഇതിനായി നടപ്പിലാക്കിയത് എന്ന് വിശദീകരിക്കുമോ;

(സി) ട്രെയിൻ മാർഗ്ഗം അന്യസംസ്ഥാനങ്ങളിൽനിന്ന് വിപണിയിലെത്തിക്കുന്നതിന് വേണ്ടി കൊണ്ടുവന്ന സാധനങ്ങളുടെ നികുതി പിരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഓണക്കാലത്ത് കള്ളക്കടത്ത് നിയന്ത്രിക്കുന്നതിന് ടാക്സ് ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചിരുന്നോ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിരുന്നുവെന്നും എത്ര രൂപ പിഴയീടാക്കിയിരുന്നുവെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഓണക്കാലത്ത് കേരളത്തിലേയ്ക്ക് എത്തിച്ച സാധനങ്ങളുടെ നികുതി കൃത്യമായി പിരിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന, ഓഡിറ്റ് വിസിറ്റ് എന്നിവ നടത്തി.
2. കാഷ്വൽ ട്രേഡർ/പ്രദർശനവും വിൽപ്പനയും നടത്തിയ സ്റ്റാളുകളിൽ പരിശോധന നടത്തി.
3. പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന വാഹന പരിശോധന, പാഴ്സൽ പരിശോധന എന്നിവ നടത്തി.
4. ചെക്ക് പോസ്റ്റുകളിൽ കൂടുതൽ കൗണ്ടറുകൾ ഏർപ്പെടുത്തി.
5. റെയിൽവേ പാഴ്സൽ ചെക്കിംഗ് നടത്തി.
6. കടകളിൽനിന്നും കൊടുക്കുന്ന ബില്ലുകളുടെ വെരിഫിക്കേഷൻ ക്യാംപയിൻ നടത്തി.
7. വാഹനങ്ങളിൽ കൊണ്ടുപോകുന്ന ചരക്കുകളുടെ ബിൽ കോപ്പി സ്വീകരിച്ചു.
8. ഷാഡോ ഓപ്പറേഷനിലൂടെ മാർക്കറ്റ് സർവ്വയിലൻസ് നടത്തി.
9. ടെസ്റ്റ് പർച്ചേസ് നടത്തി.
10. ബില്ലുകൾ വാങ്ങുന്നതിനും കൊടുക്കുന്നതിനും ബോധവൽക്കരണത്തിനായി വാഹന അനൗൺസ്മെന്റ് നടത്തി.

(ബി) പ്രധാനപ്പെട്ട അതിർത്തി ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുകയും കൗണ്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു. ചരക്കുകളുടെ ഫിസിക്കൽ വെരിഫിക്കേഷൻ അനുബന്ധ രേഖകളുമായി പരിശോധന നടത്തി,

നിയമാനുസൃത രേഖകൾ ഇല്ലാതെയോ, രേഖകളിൽ ഉൾപ്പെടുത്തിയതിനേക്കാൾ കൂടുതൽ ചരക്കുകൾ കൊണ്ടുവരികയോ ചെയ്യുന്നുണ്ടോയെന്ന് പരിശോധന നടത്തി, ഇന്റലിജൻസ് സ്ക്വാഡുകൾ ചെക്ക്പോസ്റ്റുകൾ ടേക്കോവർ ചെയ്യുകയും അതുവഴി നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പരമാവധി ശ്രമം നടത്തുകയും ചെയ്തു.

(സി) ട്രെയിൻ മാർഗ്ഗം അന്യസംസ്ഥാനങ്ങളിൽ നിന്ന് വിപണിയിലെത്തിക്കുന്നതിന് വേണ്ടി കൊണ്ടുവന്ന സാധനങ്ങളുടെ നികുതി പിരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന വാഹന പരിശോധന, പാഴ്സൽ പരിശോധന എന്നിവ നടത്തി.
2. റെയിൽവേ പാഴ്സൽ ചെക്കിംഗ് നടത്തി.
3. ഷാഡോ ഓപ്പറേഷനിലൂടെ മാർക്കറ്റ് സർവ്വയിലൻസ് നടത്തി.
4. ഇന്റലിജൻസ് വിഭാഗം നിരന്തരമായി റെയിൽവേ പാഴ്സൽ സർവ്വീസുകളും റെയിൽവേ സ്റ്റേഷനുകളും കേന്ദ്രീകരിച്ച് പരിശോധന നടത്തുകയും നിയമാനുസൃത രേഖകൾ ഇല്ലാതെ കൊണ്ടുവരുന്ന സാധനങ്ങൾക്ക് പിഴ ചുമത്തുകയും ചെയ്തു.
5. 8 എഫ്.എ. ഡിക്ലറേഷൻ വഴി മുൻകൂർ ഡിക്ലയർ ചെയ്യാത്ത ചരക്കുകൾക്ക് സെക്യൂരിറ്റി ഈടാക്കി.

(ഡി) ഓണക്കാലത്ത് കള്ളക്കടത്ത് നിയന്ത്രിക്കുന്നതിന് ടാക്സ് ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലയളവിൽ 8,538 കേസുകളിലായി 9.05 കോടി രൂപ പിഴ ഈടാക്കുകയും ചെയ്തു.

**നികുതി പിരിവ്**

11 (1552) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ വരുമാന വർദ്ധനവിന്റെ ശതമാനം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടിശ്ശിക നികുതി പിരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇതുവരെ എത്ര പിരിച്ചെടുത്തുവെന്നും വ്യക്തമാക്കുമോ?

## ഉത്തരം

(എ&ബി) 2015-16 സാമ്പത്തിക വർഷം ആഗസ്റ്റ് മാസം വരെയുള്ള നികുതി വരുമാനം 14,934.80 കോടി രൂപയായിരുന്നു. നടപ്പു വർഷം ഇത് 16,063.82 കോടി രൂപയാണ്. 2015-16 സാമ്പത്തിക വർഷം ആഗസ്റ്റ് മാസം വരെയുള്ള കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 2016-17 സാമ്പത്തിക വർഷം ആഗസ്റ്റ് മാസം വരെ തനത് നികുതി വരുമാനത്തിൽ 1,129 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിന്റെ വളർച്ചാ നിരക്ക് 7.56 ശതമാനമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാണിജ്യ നികുതി വകുപ്പിലെ കുടിശ്ശിക നികുതി പിരിച്ചെടുക്കുന്നതിനായി ട്രൈബ്യൂണൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കുന്നതിനും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്പീൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിലേക്ക് 4 ഡെപ്യൂട്ടി കമ്മീഷണർമാരുടെയും 12 അസിസ്റ്റന്റ് കമ്മീഷണർമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പിരിച്ചെടുത്ത തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. രജിസ്ട്രേഷൻ വകുപ്പിൽ 1-4-2010-ന് മുൻപ് രജിസ്റ്റർ ചെയ്തതും ഒരേക്കറിൽ താഴെ വിസ്തീർണ്ണമുള്ളതുമായ വസ്തുക്കളെ സംബന്ധിച്ച കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഒറ്റത്തവണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 2010 മാർച്ച് വരെയുള്ള ഫ്ലാറ്റുകളുടെ അണ്ടർ വാല്യുവേഷൻ നടപടികൾ തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആയതിലൂടെ 1,445 കേസുകളിൽനിന്നായി 29,42,053 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കുവാനും ബോട്ട്-ഇൻ-ലാന്റ് ആയി സർക്കാർ ഏറ്റെടുത്തിട്ടുള്ള വസ്തുക്കളുടെ ന്യായവില നിശ്ചയിച്ച് കുടിശ്ശികയിൽ വരവ് വച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക പിരിവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളിൽ അടിയന്തരമായി തീർപ്പ്

കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക ഉള്ള മുതൽ തുക 66,04,04,717 രൂപയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 55,02,870 രൂപ അബ്കാരി കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളിലും, റവന്യൂ റിക്കവറി ഇനങ്ങളിലും പിരിവ് പുരോഗതി വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും, ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും, ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും, സ്റ്റേ വെക്കേറ്റ് ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനംകൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ലാന്റ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ കുടിശ്ശികയുള്ള തുകയും, 2016-17 സാമ്പത്തിക വർഷത്തെ മുതലും കൂടി ഉൾപ്പെട്ടുള്ള ആകെ മുതലിൽ 2016 ആഗസ്റ്റ് മാസം വരെ ലാന്റ് റവന്യൂ ഇനങ്ങളിൽ 97.74 കോടി രൂപയും റവന്യൂ റിക്കവറി ഇനങ്ങളിൽ 183.49 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ വാഹന പരിശോധനയിലൂടെയും റവന്യൂ റിക്കവറിയിലൂടെയും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2016 ഏപ്രിൽ മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ മോട്ടോർ വാഹന വകുപ്പ് 8,26,54,781 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

**ആസ്തി വികസന ഫണ്ട്**

12 (1553) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 2012-13, 2013-14, 2014-15 കാലഘട്ടത്തിൽ കൊച്ചി, തൃപ്പൂണിത്തുറ നിയോജക മണ്ഡലങ്ങളിൽ ഭരണാനുമതി നല്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2012-16 കാലയളവിൽ കൊച്ചി നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരവും, നിലവിലെ സ്ഥിതിയും അനുബന്ധം-I ആയി നൽകുന്നു.* തൃപ്പൂണിത്തുറ മണ്ഡലത്തിൽ 2012-16 കാലയളവിൽ ധനാനുമതി നൽകിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം - II ആയി നൽകിയിട്ടുണ്ട്.* അവയുടെ നിജസ്ഥിതിയെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

**നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി**

13 (1554) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാഷണൽ ഹൈവേയിൽ ഉൾപ്പെട്ട ടൗണുകളുടെ നവീകരണത്തിന് ഫണ്ട് അനുവദിക്കുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുകയും പണി നടത്തുകയും ചെയ്ത NH 212-ലെ കുന്ദമംഗലം ടൗൺ നവീകരണ പ്രവൃത്തിയുടെ ബാക്കിഭാഗം കൂടി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ നിരസിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഭരണാനുമതി ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള മൂലധന സ്വഭാവമുള്ള പ്രവൃത്തികൾക്കാണ് നിയോജകമണ്ഡലം- ആസ്തി വികസന പദ്ധതി മുഖേന തുക അനുവദിക്കുന്നത്. നാഷണൽ ഹൈവേയിൽ ഉൾപ്പെട്ട പ്രവൃത്തികൾ കേന്ദ്ര സർക്കാരിന്റെ ഫണ്ട് ഉപയോഗപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. ആയതിനാൽ ഇത്തരം പ്രവൃത്തികൾ ആസ്തി വികസന പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല.

(ബി) നിരസിച്ചിരുന്നു.

(സി) പിരിവ് (എ)യിൽ ലഭ്യമാക്കിയിരിക്കുന്ന മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**റാന്നി താലൂക്ക് ആശുപത്രിക്ക് കാരുണ്യ ഡയാലിസിസ് സെന്റർ**

14 (1555) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ആശുപത്രിക്ക് കാരുണ്യ ഡയാലിസിസ് സെന്ററിന് എന്നാണ് അനുമതി നൽകിയത്; ഇതോടൊപ്പം അനുമതി ലഭിച്ച എത്ര ആശുപത്രികളിൽ ഡയാലിസിസ് സെന്റർ ആരംഭിച്ചു; ആരംഭിക്കാത്ത ആശുപത്രികൾ ഏതൊക്കെയെന്നു പറയാമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) രോഗികൾക്ക് വളരെയേറെ പ്രയോജനം ചെയ്യുന്ന ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ഈ ആശുപത്രിയിൽ ആരംഭിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 5-2-2013-ലെ സ.ഉ.(സാധാ.) നമ്പർ 114/2013/റ്റി.ഡി. പ്രകാരം റാന്നി താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ തുടങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം അനുമതി ലഭിച്ച മറ്റ് 26 ആശുപത്രികളിൽ താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ മാത്രമേ ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുള്ളൂ.

(ബി&സി) 5-2-2013-ലെ സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തി, സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കാരുണ്യ ചികിത്സ ധനസഹായ പദ്ധതി**

15 (1556) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സ ധനസഹായ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ലിസ്റ്റിൽ ഉൾപ്പെട്ട ഏതെങ്കിലും ആശുപത്രികൾക്ക് രോഗികളെ ചികിത്സിച്ചയിനത്തിൽ പണം നൽകാനുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികൾക്ക്

എന്ന് വ്യക്തമാക്കുമോ; ഇവർക്ക് പണം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും, എത്ര രൂപയാണ് ഇത്തരത്തിൽ കുടിശ്ശികയുള്ളത് എന്നും വിശദമാക്കുമോ;

(സി) ഇത്തരത്തിൽ രോഗികളെ ചികിത്സിച്ചതിന് പണം ലഭ്യമാക്കാത്തതിന്റെ പേരിൽ ലിസ്റ്റിലുള്ള ഏതെങ്കിലും ആശുപത്രികൾ രോഗികൾക്ക് ചികിത്സ നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികൾ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ആശുപത്രികളും അക്രെഡിറ്റ് ചെയ്തിട്ടുള്ള 103 സ്വകാര്യ ആശുപത്രികളും സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഉണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ട 103 സ്വകാര്യ ആശുപത്രികൾക്കായി നിലവിൽ ഏകദേശം 25 കോടി രൂപ നൽകാനുണ്ട്. രോഗികളുടെ ചികിത്സയ്ക്കു ശേഷമാണ് സ്വകാര്യ ആശുപത്രികൾക്ക് തുക അനുവദിക്കുന്നത്. ആശുപത്രികളിൽ നിന്നും ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിക്കുന്നുണ്ട്. ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേന്ദ്ര വിഹിത വിനിയോഗം**

16 (1557) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിച്ച തുക എത്ര; ഓരോ വകുപ്പിനും ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതിൽ ഏതെങ്കിലും വകുപ്പുകൾ വീഴ്ച വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 2015-16 വർഷത്തിൽ പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്രം അനുവദിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു:

| | (തുക കോടിയിൽ) |
|---|---|
| കേന്ദ്ര നികുതി വിഹിതം (Share of Central Taxes) | 12,690.67 |
| <u>ധനസഹായം (Grant-in-Aid)</u> | |
| 1. ധനകമ്മി കുറയ്ക്കുന്നതിനുള്ള ഗ്രാന്റ് | 4,640.00 |
| 2. സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് | 138.75 |
| 3. തദ്ദേശ സ്വയംഭരണ ഗ്രാന്റ് | 785.42 |
| ആകെ | 18,254.84 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാരുണ്യ പദ്ധതി**

17 (1558) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കാൻ കഴിയാതെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ടിവന്ന എത്ര പേർ തുടർന്ന് കാരുണ്യ പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്; ഇവരിൽ എത്ര പേർക്ക് സഹായധനം അനുവദിച്ചിട്ടുണ്ട്;

(ബി) കാരുണ്യ പദ്ധതി പ്രകാരം നൽകിയ അപേക്ഷകളിൽ പോരായ്മകൾ പരിഹരിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാതെ കിടക്കുന്നു എന്നും ഇവയ്ക്ക് എന്നത്തേക്ക് ധനസഹായം നൽകുമെന്നും അറിയിക്കാമോ; പോരായ്മകൾ ഉള്ള അപേക്ഷകളിൽ ഇനിയും പരിഹരിക്കാത്ത അപേക്ഷകൾ എത്ര; ഇവയുടെ നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ വന്നതിനു ശേഷം നൽകുന്ന പുതിയ അപേക്ഷകൾ നിയോജകമണ്ഡലം തിരിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇവയുടെ പുരോഗതി, ശിപാർശ നൽകുന്ന എം.എൽ.എ.മാരെക്കൂടി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) റീ-ഇംപേഴ്സ്മെന്റിനായി 86 അപേക്ഷകളും പ്രത്യേകാനുമതി നൽകേണ്ട 163 അപേക്ഷകളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭ്യമായിട്ടുണ്ട്. ടിയാളുകൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാതെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് ധനസഹായം അനുവദിക്കുന്നതിന് പ്രത്യേകാനുമതി ആവശ്യമുണ്ട്. പ്രത്യേകാനുമതി നൽകേണ്ടത് സംസ്ഥാനതല കമ്മിറ്റിയാണ്. അടിയന്തര ശസ്ത്രക്രിയ കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ അപേക്ഷ നൽകിയാൽ റീഇംപേഴ്സ്മെന്റായും, 72 മണിക്കൂറിനുശേഷം നൽകുന്ന അപേക്ഷകൾ പ്രത്യേക അനുമതിയായും പരിഗണിക്കാറുണ്ട്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 1-8-2016 മുതലുള്ള 3,855 അപേക്ഷകൾ സഹായം അനുവദിക്കാൻ പോരായ്മകൾ പരിഹരിച്ച് ജില്ലാ ഭാഗ്യക്കുറി ആഫീസുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മിറ്റി ചേർന്ന് ഉടൻ അതിനു ധനസഹായം അനുവദിക്കുന്നതാണ്. ഈ കാലയളവിൽ പോരായ്മകൾ കാരണം 60 രോഗികളുടെ അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. നിലവിലെ സോഫ്റ്റ്വെയർ പ്രകാരം നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(സി) നിലവിൽ ജില്ല തിരിച്ചാണ് നടപടി സ്വീകരിച്ചു വരുന്നത്. നിയോജകമണ്ഡലം തിരിച്ച് നടപടി സ്വീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എം.എൽ.എ.മാർ മുഖാന്തിരം ലഭ്യമാകുന്ന അപേക്ഷകളുടെ പുരോഗതി വിവരം നിലവിൽ എം.എൽ.എ.-മാരെ അറിയിക്കാറുണ്ട്.

**മാന്ദ്യ വിരുദ്ധ പാക്കേജ്**

18 (1559) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ പ്രഖ്യാപിച്ച മാന്ദ്യ വിരുദ്ധ പാക്കേജിനായുള്ള വിഭവം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പാക്കേജ് പ്രകാരം ഏതെങ്കിലും പദ്ധതികളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 19-8-2016-ലെ ഓർഡിനൻസ് നമ്പർ 6/2016-ലൂടെ 1999-ലെ KIIF ആക്ട് സർക്കാർ ഭേദഗതി ചെയ്യുകയും, അത് 19-8-2016-ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം നമ്പർ 1464-ലൂടെ പുറപ്പെടുവിക്കുകയും ചെയ്തുവഴി സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കിഫ്ബിയെ സജ്ജമാക്കിയിട്ടുണ്ട്. 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന 2,000 കോടിയിൽ അവശേഷിച്ച 873.85 കോടി, കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി പാക്കേജ് പ്രകാരം നടപ്പിലാക്കാൻ സജ്ജമാക്കിയിട്ടുള്ള പ്രോജക്റ്റുകളുടെ നിർവ്വഹണ പ്രക്രിയ ആരംഭിക്കാൻ തൽക്കാലം ഈ തുക പ്രയോജനപ്പെടുത്തുന്നതാണ്. കൂടാതെ, മേൽ സൂചിപ്പിച്ച ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം 10% മോട്ടോർ വാഹന നികുതി, പെട്രോളിന്മേലുള്ള സെസ്സ് എന്നിവ കിഫ്ബിയുടെ അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. ഇതിനു പുറമെ, ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ/ സഹകരണ ബാങ്കുകളിൽനിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ച് വരുന്നു.

(ബി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ പ്രഥമമായി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിൻ പ്രകാരം, വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6,500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെട്ട പദ്ധതികളിൽ, 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/2016/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ KIIF ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. നിലവിൽ ഈ പദ്ധതികളുടെ വിലയിരുത്തൽ നടപടികൾ നടന്നുവരുന്നു. ഇതിനു ശേഷം ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

## സംസ്ഥാന പൊതുകടം

19 (1560) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31-3-2011-ൽ അന്നത്തെ സർക്കാർ അധികാരമൊഴിയുമ്പോഴുള്ള സംസ്ഥാന പൊതുകടം എത്ര; ആയത് മുൻ സർക്കാർ അധികാരമൊഴിയുന്ന സമയം എത്ര എന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷത്തെ ഭരണകാലത്ത് പൊതുകടത്തിൽ വന്ന വർദ്ധനവ് എത്ര ശതമാനം; തുക എത്ര; നികുതി പിരിവിൽ ഇക്കാലത്ത് ഇടിവ് വന്നിട്ടുണ്ടെങ്കിൽ ആയത് മൂലം ഉണ്ടായ സാമ്പത്തിക നഷ്ടം എത്ര; ആയത് ഈ സർക്കാരിനെ ഏതു പ്രകാരം ബാധിച്ചു എന്നും ഇതു മറികടക്കാൻ ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ ഭരണത്തിലെ കെടുകാര്യസ്ഥതയും സാമ്പത്തിക അച്ചടക്കമില്ലായ്മയും നികുതി പിരിവിലെ വീഴ്ചകൾകൊണ്ടും ഉണ്ടായ റവന്യൂ കമ്മി എത്രയെന്നും ഇത് എത്തരത്തിൽ കടമെടുപ്പു പരിധിയെ ബാധിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്ഥിതി വിശേഷം തരണം ചെയ്യുവാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31-3-2011-ൽ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നു. 31-3-2016-ൽ ഇത് അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ (സപ്ലിമെന്ററി) പ്രകാരം 1,57,385.94 കോടി രൂപയാണ്.

(ബി&സി) 2011-2016 കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ പൊതുകടത്തിൽ 78,712.70 കോടി രൂപയുടെ (100%) വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇതേ കാലയളവിലെ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ ശരാശരി വർദ്ധനവ് 12.26 ശതമാനമാണ്. ഇത് മുൻകാലയളവിലെ 17.41 ശതമാനത്തിനെ അപേക്ഷിച്ച് 5.15 ശതമാനം കുറവാണ്. നികുതി പിരിവിലെ വീഴ്ചകൾകൊണ്ടും സാമ്പത്തിക അച്ചടക്കമില്ലായ്മകൊണ്ടും റവന്യൂ കമ്മിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2011-2016 കാലയളവിലെ റവന്യൂകമ്മിയുടെ ശരാശരി വർദ്ധനവ് 29.55 ശതമാനമാണ്. ഇത് 2006-2011 കാലയളവിലെ ശരാശരി വർദ്ധനവായ 6.86 ശതമാനത്തെ അപേക്ഷിച്ച് 22.69% കൂടുതലാണ്. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ

കടമെടുപ്പ് പരിധിയെ കവച്ചുവയ്ക്കുന്ന ഗുരുതരമായ സ്ഥിതി വിശേഷമാണ് സംസ്ഥാനം അഭിമുഖീകരിക്കുന്നത്. നികുതി വരുമാന വളർച്ച കൈവരിച്ചുകൊണ്ടും അനാവശ്യവും ധൂർത്തുനിറഞ്ഞതുമായ ചെലവുകൾ നിയന്ത്രിച്ചും ഈ സ്ഥിതി വിശേഷത്തെ നേരിടാനാണ് സർക്കാർ ശ്രമിക്കുന്നത്.

## കാരുണ്യ ബെനവലന്റ് സ്കീം

20 (1561) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തര ചികിത്സ ആവശ്യമായി വരുന്ന രോഗികൾതന്നെ ആയതിനുള്ള പണം ഒടുക്കേണ്ടി വരുന്ന സാഹചര്യത്തിലും കാരുണ്യയിൽ നിന്ന് ഈ തുക അനുവദിച്ച് ഉത്തരവാകുന്നതിന് മുമ്പ് രോഗി ഡിസ്ചാർജ്ജ് ആയി ആശുപത്രി വിടേണ്ടി വരുന്ന സാഹചര്യത്തിലും കാരുണ്യ പദ്ധതിയിൽ നിന്നും പ്രസ്തുത പണം രോഗിക്ക് തിരികെ ലഭിക്കുന്നതിന് രണ്ടുവർഷം വരെ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരമുള്ള രോഗികൾക്ക് ഈ തുക സമയബന്ധിതമായി ലഭിയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത്തരം കേസ്സുകളിൽ അതാത് ജില്ലാതല സമിതികളിൽ തന്നെ തീരുമാനമെടുത്ത് പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കാരുണ്യ പദ്ധതി പ്രകാരം രോഗിക്ക് അനുവദിച്ച തുക ആദ്യഘട്ടത്തിൽ ആശുപത്രികൾക്കാണ് കൈമാറ്റം ചെയ്യുന്നത്. ടി തുക ആശുപത്രിയിൽ ചികിത്സയ്ക്കായി ഉപയോഗിച്ചശേഷം ബാക്കി തിരികെ കെ.ബി.എഫ്.-ൽ ലഭ്യമാകുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ റീഇംപേഴ്സ്മെന്റുമായി ബന്ധപ്പെട്ട അപേക്ഷയോടൊപ്പം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ, ഡിസ്ചാർജ് സമ്മറി, രോഗിയുടെ ബാങ്ക് പാസ് ബുക്ക് കോപ്പി, മരണപ്പെട്ട കേസാണെങ്കിൽ ഡെത്ത് സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകളും ഹാജരാക്കേണ്ടതുണ്ട്.

എന്നാൽ അപേക്ഷകളിൽ അധികവും അപൂർണ്ണമായാണ് ലഭിക്കാറുള്ളത്. എല്ലാ രേഖകളും ആശുപത്രിയിൽനിന്നും ചികിത്സ കഴിഞ്ഞുള്ള ഫണ്ടും ലഭിച്ചാൽ ഉടൻതന്നെ തുക കൈമാറുന്നതാണ്. അപേക്ഷകൾ രോഗികളോ ബന്ധുക്കളോ നേരിട്ട് ഹാജരാക്കുന്ന അവസരത്തിൽ അപേക്ഷകളിലെ പോരായ്മകൾ നേരിട്ട് ശ്രദ്ധയിൽപ്പെടുത്തി എത്രയും പെട്ടെന്ന് ഹാജരാക്കുവാൻ നിർദ്ദേശിക്കാറുമുണ്ട്. തപാൽ മുഖേന ലഭിക്കുന്ന അപൂർണ്ണമായ അപേക്ഷകൾക്ക് യഥാസമയം തന്നെ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിനായി രേഖാമൂലം ആവശ്യപ്പെടാറുമുണ്ട്. ഇവ രണ്ടും റീഇംപേഴ്സ്മെന്റ് തുക അനുവദിക്കുന്നതിന് കാലതാമസത്തിനുള്ള പ്രധാന കാരണങ്ങളാണ്. എല്ലാ രേഖകളും കൃത്യമായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾക്ക് ഉടൻതന്നെ റീഇംപേഴ്സ്മെന്റ് തുക അനുവദിച്ചു നൽകുന്നുണ്ട്.

(സി) നിലവിൽ ഇത്തരത്തിലുള്ള ക്ലെയിമുകൾ അനുവദിക്കുന്നതിന് കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ജില്ലകളിൽ ഇതിനുള്ള സംവിധാനം നിലവിലില്ല.

**റബ്ബർ മേഖലയിലെ പ്രതിസന്ധി**

21 (1562) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിന്, മാന്ദ്യ വിരുദ്ധ പാക്കേജിന്റെ ഭാഗമായി ഈസർക്കാർ സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമായ കർമ്മപരിപാടികളുടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ ഒരു 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കി വരികയാണ്. 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഈ തുക മുഴുവൻ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ

29-9-2016 വരെ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൻ കീഴിൽ 284.41 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് നൽകിയിട്ടുണ്ട്. 2016 ജൂൺ 30-ന് അവസാനിച്ച ഒന്നാം ഘട്ടത്തിന്റെ തുടർച്ചയായി ഈ പദ്ധതിയുടെ രണ്ടാം ഘട്ടം 2016 ജൂലൈ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത റബ്ബർ കർഷകർക്ക് രണ്ടാം ഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടു വരുന്നു. റബ്ബർ കർഷകർക്ക് നേരിട്ട് സഹായം ലഭ്യമാക്കിക്കൊണ്ട് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി സുഗമമായി നടപ്പിലാക്കി വരികയാണ്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

22 (1563) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായത്തിന് അപേക്ഷ നൽകുമ്പോൾ അപേക്ഷയോടൊപ്പം അപേക്ഷകൻ കുടുംബസമേതം വീടിനു മുൻപിൽ നിൽക്കുന്ന ഫോട്ടോ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) അടിയന്തര സാഹചര്യങ്ങളിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നവർക്ക് ഈ നിർദ്ദേശം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള ഒരു ഫോട്ടോ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നതിന്റെ പ്രായോഗികത വിശദീകരിക്കാമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് ഏർപ്പെടുത്തിയ ഈ നിർദ്ദേശം പിൻവലിക്കുന്നതിനും ഈ നിർദ്ദേശം ഒഴിവാക്കിയുള്ള അപേക്ഷാ ഫോം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) രോഗിയുടെ സാമ്പത്തിക സ്ഥിതി മനസ്സിലാക്കാൻ വേണ്ടിയാണ് ഈ നിർദ്ദേശം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) പരിശോധിക്കുന്നതാണ്.

## കാരുണ്യ ബെനവലന്റ് സ്കീം

23 (1564) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ആശുപത്രികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ കൂടാതെ കാരുണ്യ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളും ഡയാലിസിസ് സെന്ററുകളും സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെയും ഡയാലിസിസ് സെന്ററുകളുടെയും ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ അക്രെഡിറ്റ് ചെയ്യുവാൻ സന്നദ്ധത അറിയിച്ചുകൊണ്ടുള്ള സ്വകാര്യ ആശുപത്രികളുടെ കത്ത് ലഭിക്കുന്ന മുറയ്ക്ക്, ആശുപത്രിക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള ട്രീറ്റ്മെന്റ് പാക്കേജ് ലിസ്റ്റ്, ധാരണാപത്രത്തിന്റെ പകർപ്പ് എന്നിവ അയച്ചുകൊടുക്കുകയും ആശുപത്രിയിൽനിന്നും ഇവ അംഗീകരിച്ച് വന്നാൽ ചികിത്സകൾ നടത്തുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോ എന്ന് ജില്ലാതല കമ്മിറ്റി പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്യുന്നു. ഇതിനുശേഷം ആശുപത്രിയുമായി കാരുണ്യ ബെനവലന്റ് ഫണ്ട് കരാറിൽ ഒപ്പിടുന്ന മുറയ്ക്ക് ആശുപത്രിയുടെ അക്രെഡിറ്റേഷൻ നടപടി പൂർത്തിയാകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ കൂടുതൽ ആശുപത്രികൾ

24 (1565) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം ആശുപത്രികളെയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ കൂടുതൽ ആശുപത്രികളെ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ കൂടാതെ കാരുണ്യ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളും ഡയാലിസിസ് സെന്ററുകളും സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെയും ഡയാലിസിസ് സെന്ററുകളുടെയും ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് പുതിയ അപേക്ഷകൾ തൽക്കാലം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് പദ്ധതി

25 (1566) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിലേക്ക് അപേക്ഷിച്ച എത്ര പേർക്കാണ് ഫണ്ട് അനുവദിക്കുവാൻ ബാക്കിയുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ധനസഹായമായി നിലവിൽ എത്ര രൂപയാണ് പരമാവധി നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കാരുണ്യ പദ്ധതിയിൽ അനുവദിക്കുന്ന ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 1-8-2016 മുതൽ അപേക്ഷ നൽകിയ 3,855 രോഗികളുടെ അപേക്ഷയിന്മേൽ ചികിത്സാ സഹായം അനുവദിക്കുവാനുണ്ട്.

(ബി) കെ.ബി.എഫ്. പദ്ധതി പ്രകാരം ഹീമോഫീലിയ രോഗത്തിനൊഴികെ പരമാവധി രണ്ട് ലക്ഷം രൂപ സഹായം അനുവദിക്കുന്നു. ഹീമോഫീലിയ രോഗത്തിന്റെ ഫാക്ടർ മരുന്നുകൾക്ക് 2 ലക്ഷം രൂപ എന്ന പരിധി കണക്കാക്കാതെ നൽകുന്നുണ്ട്.

(സി) ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കേന്ദ്ര വിഹിതമായി വകുപ്പുകൾക്ക് ലഭിച്ച തുക**

26 (1567) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 - 16 വർഷത്തിൽ കേന്ദ്ര വിഹിതമായി ഏതെല്ലാം വകുപ്പുകൾക്ക് എത്ര തുക വീതം ധനസഹായം ലഭിക്കുകയുണ്ടായി; വകുപ്പടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2015-16 വർഷത്തിൽ കേന്ദ്രം അനുവദിച്ച തുക മുഴുവനായും ചെലവഴിക്കാത്ത വകുപ്പുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2015-16 വർഷത്തിൽ കേന്ദ്ര വിഹിതമായി ധനകാര്യം, റവന്യൂ എന്നീ വകുപ്പുകൾക്കും പ്രാദേശിക സർക്കാരുകൾക്കുമായി 5,564.17 കോടി രൂപ ധനസഹായം ലഭിക്കുകയുണ്ടായി. ധനസഹായം ലഭിച്ച വകുപ്പുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| വകുപ്പ് | ധനസഹായം |
|---|---|
| ധനകാര്യ വകുപ്പ് | 4,640.00 കോടി രൂപ |
| റവന്യൂ വകുപ്പ് (സംസ്ഥാന ദുരന്ത നിവാരണ ഫണ്ട്) | 138.75 കോടി രൂപ |
| പ്രാദേശിക സർക്കാർ | 785.42 കോടി രൂപ |
| ആകെ | 5,564.17 കോടി രൂപ |

(ബി) 2015-16 വർഷത്തിൽ കേന്ദ്രം അനുവദിച്ച തുക ചെലവഴിക്കുന്നതിൽ ഏതെങ്കിലും വകുപ്പുകൾ വീഴ്ച വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

27 (1568) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അന്യസംസ്ഥാന സ്വകാര്യ ആശുപത്രികളിൽ ചികിത്സ നേടുന്നവർക്ക് ധനസഹായം നൽകുന്ന കാര്യത്തിൽ തീരുമാനം ആയിട്ടുണ്ടോ;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല സമിതി തീരുമാനപ്രകാരം അന്യസംസ്ഥാന സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികളിലെ ചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുക എന്ന് വ്യക്തമാക്കാമോ;

(സി) അന്യസംസ്ഥാന സ്വകാര്യ ആശുപത്രികളിൽ ചികിത്സ നേടുന്ന രോഗികൾ ഈ ആനുകൂല്യം ലഭിക്കാൻ ആർക്കാണ് അപേക്ഷ നൽകേണ്ടതെന്നും അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരുമാനമായിട്ടുണ്ട്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ 4-8-2016-ന് കൂടിയ 25-ാമത് സംസ്ഥാനതല കമ്മിറ്റിയിൽ മംഗലാപുരത്തുള്ള ഇൻഡ്യാന ആശുപത്രി, യേനപ്പോയ ആശുപത്രി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, ഫാദർ മുള്ളർസ് ആശുപത്രി, കസ്തൂർബാ മെഡിക്കൽ കോളേജ്, കെ.എം.സി. ആശുപത്രി എന്നീ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ സഹായം പ്രത്യേകാനുമതിയായി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) അന്യസംസ്ഥാന സ്വകാര്യ ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട് ചികിത്സാ സഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരിശോധിച്ചു വരുന്നു.

## കാരുണ്യ ലോട്ടറിയിലൂടെ സമാഹരിച്ച തുക

28 (1569) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർധനരായ രോഗികൾക്ക് കാരുണ്യ ലോട്ടറിയിലൂടെ സമാഹരിച്ച തുകയിൽ നിന്നും നൽകുന്ന പരമാവധി ചികിൽസാ ധനസഹായം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ചികിൽസ നൽകിയ വകയിൽ വിവിധ ആശുപത്രികൾക്ക് കുടിശ്ശിക കൊടുക്കാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും പരമാവധി 2,00,000 രൂപ (രണ്ടു ലക്ഷം രൂപ) വരെ ചികിത്സാ ധനസഹായം നൽകിവരുന്നു. എന്നാൽ ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെ ആവശ്യാനുസരണം ധനസഹായം അനുവദിച്ചു വരുന്നു.

(ബി) ചികിത്സ നൽകിയ വകയിൽ 103 സ്വകാര്യ ആശുപത്രികൾക്കായി നിലവിൽ ഏകദേശം 25 കോടി രൂപ നൽകാനുണ്ട്. രോഗികളുടെ ചികിത്സയ്ക്കു ശേഷമാണ് സ്വകാര്യ ആശുപത്രികൾക്ക് തുക അനുവദിക്കുന്നത്. ആശുപത്രികളിൽ നിന്നും ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിക്കുന്നുണ്ട്.

## അനധികൃത താമസകേന്ദ്രങ്ങൾ

29 (1570) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാന ആശുപത്രികളുടെയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിസരത്ത്, വിദേശികൾ ഉൾപ്പെടെയുള്ളവർക്ക് അനധികൃത താമസം നൽകുന്നത് വർദ്ധിച്ചു വരുന്നതും ഇതുമൂലമുള്ള നികുതി ചോർച്ചയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം താമസകേന്ദ്രങ്ങൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത താമസ കേന്ദ്രങ്ങളും അനധികൃതമായി നൽകുന്ന വാടക ഇടപാടുകളും നിയമവിധേയമാക്കി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഞ്ചോ അതിൽ കൂടുതലോ മുറികളുള്ളതും പ്രതിദിനം മുറിവാടക 400 രൂപയിൽ കൂടുതൽ ഈടാക്കുകയും ചെയ്യുന്ന ലോഡ്ജുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവ ആഡംബര നികുതി നിയമ പ്രകാരം രജിസ്ട്രേഷനെടുത്ത് പ്രതിമാസം റിട്ടേൺ നൽകേണ്ടതാണ്. ആശുപത്രികളുടെയും വിനോദ സഞ്ചാര കേന്ദ്രങ്ങളുടെയും പരിസരത്ത് റിസോർട്ട്, ഹോട്ടൽ മുതലായവ അല്ലാതെയുള്ള താമസസ്ഥലങ്ങൾ ഹോം സ്റ്റേ, സർവ്വീസ്ഡ് അപ്പാർട്ടുമെന്റ്, വില്ല എന്നീ ഗണങ്ങളിൽ ഉൾപ്പെടുന്നവയാണ്. ആയതിന് കേരള ആഢംബര നികുതി നിയമം അനുസരിച്ച് നികുതി നൽകേണ്ടതായിട്ടുള്ളതിനാൽ ഇത്തരം താമസകേന്ദ്രങ്ങളെ സംബന്ധിച്ച് ലഭ്യമാകുന്ന വിവരങ്ങളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിച്ച് ആഢംബര നികുതി ഈടാക്കാറുണ്ട്.

(സി) ഇന്റലിജൻസ് വിഭാഗത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയും മറ്റ് മാർഗ്ഗങ്ങളിലൂടെ വിവരങ്ങൾ ശേഖരിച്ചും ഇത്തരം താമസസ്ഥലങ്ങൾ നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് കണ്ടെത്തി അവയെ നിയമപരിധിക്കുള്ളിൽ കൊണ്ടുവന്ന് ആഡംബര നികുതി പിഴ, കോമ്പൗണ്ടിംഗ് ഫീസ് എന്നിവ ഈടാക്കി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**കായംകുളം ടി.എം. ചിറ പാലം**

30 (1571) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനായി ഭരണാനുമതി ലഭിച്ച കായംകുളം ടി.എം. ചിറപാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

13-9-2013-ൽ 260 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കായംകുളം ടി.എം. ചിറ ആയിരംതെങ്ങ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് മണ്ണ് പര്യവേഷണ പ്രവർത്തനങ്ങൾക്കായി ഇതുവരെ 2,996 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഭരണപരവും സാങ്കേതികപരവുമായ കാരണങ്ങളാൽ ഇതേവരെ പ്രസ്തുത പ്രവൃത്തിയുടെ പണി ആരംഭിച്ചിട്ടില്ല.

## ധനസ്ഥിതി മെച്ചപ്പെടുത്തൽ

31 (1572) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

കേരളത്തിലെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് അധിക വിഭവ സമാഹരണത്തിനും അനാവശ്യ ചെലവ് നിയന്ത്രിക്കുന്നതിനുമുള്ള വിവിധ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള ആത്മാർത്ഥവും ഊർജ്ജിതവുമായ നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്. മൂലധന ചെലവിനായി വിപണിയിൽനിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കാൻ ബഡ്ജറ്റിൽ വ്യവസ്ഥ ചെയതിട്ടുണ്ട്. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും ട്രഷറി ശൃംഖലയ്ക്ക് കോർബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ ആഫീസ്, ധനവകുപ്പ്, ട്രഷറികൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ ഡാറ്റാബേസുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു പുതിയ ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം, ഇന്റലിജന്റ് ഫോർകാസ്റ്റിംഗ് ഉപാധികളുൾപ്പെടുന്ന ലിക്വിഡിറ്റി മാനേജ്മെന്റ് സിസ്റ്റം എന്നിവ തയ്യാറാക്കാനുദ്ദേശിക്കുന്നു. കൂടാതെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് ഉപയോഗിച്ചുകൊണ്ട് ബഡ്ജറ്റിന് പുറമേയുള്ള വായ്പ വാങ്ങലുകളിലൂടെ വൻകിട പദ്ധതികളിലുള്ള പൊതു നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതുവഴി വളർച്ച കൂടുതൽ ത്വരിതപ്പെടുത്താനും ഉദ്ദേശിക്കുന്നു.

## പങ്കാളിത്ത പെൻഷൻ

32 (1573) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷനിൽപ്പെട്ട ജീവനക്കാർക്ക് പഴയ രീതിയിലുള്ള പെൻഷൻ ലഭ്യമാക്കണമെന്നത് സംബന്ധിച്ചുള്ള എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന്റെ പക്കൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ ജീവനക്കാർക്ക് മാസംതോറും ലഭിക്കുന്ന പെൻഷൻ തുക മാത്രം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുപോലെ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അത്തരത്തിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച ഏതെങ്കിലും ഫയൽ ധനവകുപ്പിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ സർക്കാർ വിശദമായി പരിഗണിച്ചു വരുന്നു.

(ബി&സി) 18-9-2013-ൽ പാർലമെന്റ് പാസ്സാക്കിയ PFRDA Act 2013-ന്റെ അടിസ്ഥാനത്തിലാണ് കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാന സർക്കാരുകൾ നാഷണൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത്. 1-4-2013-ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിന്റെ 10% വും (10% of Pay + DA) തത്തുല്യമായ ഒരു തുക സർക്കാർ വിഹിതവും ചേർത്ത് PFRDA നിബന്ധനകൾക്ക് വിധേയമായി പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും 60-ാം വയസ്സിൽ ടി ജീവനക്കാരൻ വിരമിക്കുമ്പോൾ ഇത്തരത്തിൽ സമാഹരിച്ചിട്ടുള്ള തുകയിൽനിന്നും അയാൾക്ക് പെൻഷൻ വിഹിതം/അന്വിറ്റി ആയി നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള സ്കീം.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

33 (1574) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഐ. ബി. സതീഷ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാർ ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിരവധി അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാർ വിശദമായി ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**സാമ്പത്തിക പ്രതിസന്ധി**

34 (1575) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ സാമ്പത്തികകെടുകാര്യസ്ഥതമൂലം എന്തൊക്കെ സാമ്പത്തിക പ്രതിസന്ധികളാണ് പുതിയ സർക്കാർ നേരിടേണ്ടി വന്നതെന്ന് വിവരിക്കുമോ;

(ബി) മുൻസർക്കാരിന്റെ ഭരണം അവസാനിക്കുമ്പോൾ ട്രഷറിയിലെ സാമ്പത്തിക സ്ഥിതി എന്തായിരുന്നു എന്ന് വിവരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനം അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. മുൻസർക്കാർ അധികാരം ഒഴിയുമ്പോൾ 24-5-2016-ൽ 1009.30 കോടി രൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്. എന്നാൽ 31-5-2016-ലെ പുതുക്കിയ വകുപ്പുതല കണക്കുകൾ പ്രകാരം വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക 1,505.49 കോടി രൂപയായിരുന്നു. കൂടാതെ വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തു തീർക്കാനുള്ള ബില്ല് 1,431 കോടി രൂപ, കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ കൊടുത്തു തീർക്കുവാനുള്ളത് 1,775.59 കോടി രൂപ, വെയ്സ് ആന്റ് മീൻസ് - ട്രഷറി ക്യൂവിൽ കൊടുത്തു തീർക്കേണ്ട 800 കോടി രൂപ തുടങ്ങിയവ ഉൾപ്പെടെ 5,780 കോടി രൂപ അടിയന്തരമായി കൊടുത്തു തീർക്കേണ്ട ബാധ്യതയുണ്ടായിരുന്നു. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധികൾ, ബോർഡുകൾ തുടങ്ങിയവയിൽനിന്നും 1,365 കോടി രൂപയും സ്ഥിര നിക്ഷേപമായി സമാഹരിച്ചിരുന്നു. ഇതുകൂടി ചേർത്താലുള്ള 7,145 കോടിയിൽപ്പരം രൂപയുടെ ബാധ്യതയാണ് മുൻ സർക്കാരിന്റെ സാമ്പത്തിക കെടുകാര്യസ്ഥതമൂലം പുതിയ സർക്കാരിന് അഭിമുഖീകരിക്കേണ്ടി വന്നതും സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് ആക്കം കൂട്ടിയതും. ഇപ്രകാരം സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കേറ്റ ആഘാതം പരിഹരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളാണ് പുതിയ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

## സാമ്പത്തിക പ്രതിസന്ധി

35 (1576) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയംമൂലമുണ്ടായ കനത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങളെ പ്രസ്തുത സാമ്പത്തിക പ്രതിസന്ധി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരം സാഹചര്യത്തിലും ക്ഷേമ പെൻഷനുകൾ കുടിശ്ശിക സഹിതം കൊടുത്തു തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രിച്ചതിലൂടെയും അടിയന്തര പ്രാധാന്യമുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും ട്രഷറി ശൃംഖലയ്ക്ക് കോർബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശിക തീർത്ത് വീട്ടിലെത്തിക്കുക എന്ന വാഗ്ദാനം പാലിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അവതാളത്തിലായ പെൻഷൻ വിതരണം കൃത്യമാക്കാൻ സഹകരണ സ്ഥാപനങ്ങൾ മുഖേന നടത്തിയ ശ്രമം വിജയകരമായിരുന്നു. ഓണക്കാലത്ത് കുടിശ്ശിക സഹിതം പെൻഷൻ വിതരണം ചെയ്യാൻ 2,415 കോടി രൂപയാണ്. (ബാങ്ക് അക്കൗണ്ടിലൂടെയുള്ളതുൾപ്പെടെ) സർക്കാർ വിനിയോഗിച്ചത്. കൃത്യമായ ആസൂത്രണവും സാമ്പത്തിക മാനേജ്മെന്റും മൂലമാണ് ഇത് സാധിച്ചത്.

## ബഡ്ജറ്റിലൂടെ ലഭ്യമാക്കിയിട്ടുള്ള പദ്ധതികൾ

36 (1577) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിലേയ്ക്കായി ബജറ്റിലൂടെ ലഭ്യമാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കോങ്ങാട് മണ്ഡലത്തിൽ അഗ്നിശമന സ്റ്റേഷൻ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികളെ സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു.

## കമ്മോഡിറ്റി വൈസ് ഡാറ്റ ശേഖരണം

37 (1578) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവ് കൂടുതൽ ഫലപ്രദമാക്കുന്നതിനായി കമ്മോഡിറ്റി വൈസ് ഡാറ്റ ശേഖരിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) നിലവിൽ നികുതി ഈടാക്കിക്കൊണ്ടിരിക്കുന്ന കമ്മോഡിറ്റികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) നിലവിൽ കമ്മോഡിറ്റി ഗ്രൂപ്പ് അടിസ്ഥാനത്തിലാണ് റിട്ടേൺ മുഖേനയുള്ള വിവരശേഖരണം നടത്തുന്നത്. ആകെയുള്ള 7,908 കമ്മോഡിറ്റികളെ 427 ഗ്രൂപ്പായി തരം തിരിച്ചാണ് റിട്ടേണിൽ നികുതി രേഖപ്പെടുത്തുന്നത്. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വിദ്യാഭ്യാസ വായ്പ

38 (1579) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരുടെ വായ്പാതുക ഈടാക്കുന്നതിന് ജപ്തി നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വിദ്യാഭ്യാസ വായ്പ കുടിശ്ശികയായത് തിരിച്ചടയ്ക്കുന്നതിന് എന്തൊക്കെ ഇളവുകളാണ് നൽകുന്നതെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പയിന്മേലുള്ള കിട്ടാക്കടം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, ബാങ്കുകൾ നിയമം അനുശാസിക്കുന്ന നടപടികൾ കൈക്കൊള്ളുവാൻ ബാധ്യസ്ഥരാണ്. എന്നിരുന്നാലും 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള തൊഴിൽരഹിതരുടെ വിദ്യാഭ്യാസ വായ്പയിന്മേലുള്ള എല്ലാ റവന്യൂ റിക്കവറി നടപടികൾക്കും സർക്കാർ മൊറട്ടോറിയം ഏർപ്പെടുത്തി നൽകുന്നുണ്ട്. ഇപ്രകാരം ഏറ്റവും ഒടുവിൽ 31-5-2016 വരെ മൊറട്ടോറിയം ദീർഘിപ്പിച്ച് നൽകുകയുണ്ടായി.

(ബി) 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാതെ അവശത അനുഭവിക്കുകയും ചെയ്യുന്ന ബി.പി.എൽ. വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലത്തെ പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്ന ഒരു വിദ്യാഭ്യാസ വായ്പ പലിശയിളവ് പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. കൂടാതെ, വിദ്യാഭ്യാസ വായ്പ കുടിശ്ശികയായ കേസുകളിൽ അതാതു ബാങ്കുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യവും ലഭ്യമാണ്.

**സർക്കാർ ജീവനക്കാരുടെ ശമ്പളം**

39 (1580) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർക്കാർ ജീവനക്കാരുടെ ശമ്പളം ബാങ്കുകൾ വഴിയാണോ നൽകി വരുന്നത്; ഓരോ മാസവും എത്ര രൂപയാണ് ഇത്തരത്തിൽ ബാങ്കുകളിലേക്ക് നിക്ഷേപിക്കുന്നത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ട്രഷറികളിൽ നിക്ഷേപവും ഇടപാടുകളും വർദ്ധിപ്പിക്കുന്നതിനായി എ.ടി.എം. സംവിധാനം ഏർപ്പെടുത്തുവാനും സർക്കാർ ജീവനക്കാരുടെ ശമ്പളം ട്രഷറികൾ മുഖേന നൽകുന്നതിനും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ട്രഷറികളെ മറ്റു ബാങ്കുകളുമായി കോർ ബാങ്കിംഗ് സംവിധാനത്താൽ ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാർക്ക് അവരുടെ ശമ്പളം ബാങ്ക് അക്കൗണ്ട് മുഖേനയോ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേനയോ പണമായോ വാങ്ങുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ശമ്പളയിനത്തിൽ ബാങ്കുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്ന തുക ഓരോ മാസവും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. എന്നിരുന്നാലും പ്രതിമാസം ഏകദേശം 1,600 കോടിയോളം രൂപ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ശമ്പളയിനത്തിൽ ക്രെഡിറ്റ് ചെയ്യുന്നുണ്ട്.

(ബി) ധനകാര്യ വകുപ്പിൽ നടപ്പിലാക്കിവരുന്ന ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി ട്രഷറി അക്കൗണ്ടുകൾ കോർബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് മാറ്റി വരികയാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാരുടെ ശമ്പള വിതരണം പൂർണ്ണമായും ട്രഷറി അക്കൗണ്ടുകൾവഴി നൽകണമെന്നതാണ് സർക്കാരിന്റെ നയം. ജീവനക്കാരുടെ തീരുമാനം അനുസരിച്ച് അവരവരുടെ ട്രഷറി അക്കൗണ്ടിൽനിന്നും ബാങ്ക് അക്കൗണ്ടിലേയ്ക്ക് ആവശ്യാനുസരണം പണം ഓൺലൈനായി കൈമാറാവുന്നതാണ്. ഇതിനായുള്ള മുൻകൂർ നിർദ്ദേശങ്ങൾ ഓൺലൈനായി നൽകാനുള്ള സംവിധാനവും ജീവനക്കാർക്ക് ലഭ്യമാക്കുന്നതാണ്. ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി ട്രഷറി അക്കൗണ്ടുകളിലുള്ള പണം അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം.-ലൂടെ പിൻവലിക്കുന്നതിനുമുള്ള സൗകര്യം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ട്രഷറികൾക്ക് സ്വന്തമായി എ.ടി.എം. സംവിധാനം ഏർപ്പെടുത്തൽ നിലവിൽ പരിഗണനയിലില്ല.

(സി) ട്രഷറി അക്കൗണ്ടുകളിൽ നിന്നും ഇടപാടുകാർക്ക് ആവശ്യാനുസരണം തുക അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അവിടെനിന്നും എ.ടി.എം. വഴി ഇടപാടുകൾ നടത്തുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

**സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ**

40 (1581) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തുക വഴി സർക്കാരിന് ഓരോ സാമ്പത്തിക വർഷവും എത്ര കോടി രൂപ സമാഹരിക്കാൻ കഴിയും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) മുൻകാല പ്രാബല്യത്തോടെ പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുമോ?

<u>ഉത്തരം</u>

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർ 60-ാം വയസ്സിൽ വിരമിക്കുന്ന സമയത്ത് മാത്രമേ അവർക്ക് നൽകേണ്ട പെൻഷൻ തുകയിൽനിന്നും സർക്കാരിന് എത്ര തുക സമാഹരിക്കാൻ കഴിയും എന്ന് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(ബി) പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് സർക്കാർ വിശദമായി ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**കടാശ്വാസ പദ്ധതി**

41 (1582) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് കുടിശ്ശികയായി അടയ്ക്കാൻ നിവൃത്തിയില്ലാത്തവർക്കായി കടാശ്വാസപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും വായ്പ എഴുതിത്തള്ളുന്നതിനുള്ള മാനദണ്ഡങ്ങളും എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഇതിൻപ്രകാരം നാളിതുവരെയായി എത്ര പേരുടെ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി 20-8-2016-ലെ സ.ഉ.(പി) നമ്പർ 118/2016/ധന പ്രകാരം ഒറ്റത്തവണ കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. അഞ്ചു ലക്ഷം വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിന് പുറമേ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ച കഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാ തുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുനഃക്രമീകരിച്ചും നൽകുന്നതാണ്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടിക ജാതി, പട്ടികവർഗ്ഗ, പിന്നോക്കക്ഷേമ കോർപ്പറേഷനുകൾ,

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽനിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്. വായ്പാസ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന കടാശ്വാസ അപേക്ഷയിൻമേൽ തീർപ്പുണ്ടാക്കി രണ്ട് മാസത്തിനുള്ളിലെ നിശ്ചിത തീയതിയിൽ മുൻകൂട്ടി അറിയിച്ച് ബാധ്യതാരഹിത സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ ഈടുകളും തിരികെ നൽകുന്നതാണ്. പദ്ധതി നടത്തിപ്പിനായി ഗുണഭോക്താവിൽനിന്ന് അപേക്ഷയൊഴികെ യാതൊരു സർട്ടിഫിക്കറ്റുകളും ആവശ്യപ്പെടുന്നതല്ല. പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉത്തരവ് തീയതിക്ക് ശേഷം രണ്ട് മാസത്തെ കാലയളവ് നിശ്ചയിച്ചാണ് പദ്ധതിയാനുകൂല്യം ലഭ്യമാക്കുന്നതെന്നതിനാൽ അക്കാലയളവിന് ശേഷമാണ് ഇത് സംബന്ധിച്ച് കണക്കുകൾ ലഭ്യമാകുന്നതെങ്കിലും പതിനായിരത്തോളം കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ക്ഷേമ പെൻഷൻ കൈപ്പറ്റുന്നവർക്ക് സാമൂഹ്യ പെൻഷൻ

42 (1583) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ക്ഷേമപെൻഷൻ കൈപ്പറ്റുന്ന 34 ലക്ഷം പേരിൽ പകുതിയോളം പേർക്ക് മറ്റൊരു സാമൂഹ്യ പെൻഷൻകൂടി നൽകാൻ മുൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ടായിരുന്നോ;

(ബി) എങ്കിൽ ബജറ്റ് അവതരിപ്പിച്ചപ്പോൾ ഒരു പെൻഷൻ മാത്രമേ വാങ്ങാവൂ എന്ന് പറയുകയും പിന്നീട്, രണ്ട് പെൻഷൻ വാങ്ങുന്നവർക്ക് പുതിയ നിരക്കിലുള്ള 1000 രൂപയും പഴയ നിരക്കിലെ 600 രൂപയും ഉൾപ്പെടെ 1,600 രൂപ വാങ്ങുന്നതിന് അനുമതി നൽകുകയുംചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പെൻഷൻകാർക്ക് ബാധകമായിട്ടുള്ളത് ഏത് ഉത്തരവാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 15-8-2016-ലെ G.O.(Ms.) No. 324/2016/Fin. ഉത്തരവ് പ്രകാരം നിലവിൽ രണ്ട് പെൻഷൻ വാങ്ങുന്നവർക്ക് ഒരു പെൻഷൻ പുതുക്കിയ നിരക്കിലും രണ്ടാമത്തെ പെൻഷൻ പുതുക്കുന്നതിന് മുൻപുള്ള നിരക്കിലും കൈപ്പറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വന്തം ഫണ്ടിൽനിന്നും പെൻഷൻ അനുവദിക്കുന്ന ക്ഷേമനിധി ബോർഡുകളിൽനിന്നും പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്കും വികലാംഗ പെൻഷൻ വാങ്ങുന്നവർക്കും ഒരു സാമൂഹ്യ സുരക്ഷാ പെൻഷനുകൂടി (ടി പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിലൊന്നാണെങ്കിൽ അതിന്റെ കേന്ദ്രവിഹിതം മാത്രം) അർഹതയുണ്ടാകും എന്നും ഉത്തരവായിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷന്റെ സഹകരണത്തോടുകൂടി പെൻഷൻ ഡേറ്റാബേസ് പരിഷ്കരിച്ച് പ്രസിദ്ധീകരിച്ച ശേഷം, പെൻഷൻ വിതരണം ക്രമപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സർവ്വീസ് പെൻഷൻ വാങ്ങുന്നവർ പോലും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനർഹരായവരെ ഒഴിവാക്കുന്നതിനും പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 2016 മേയ് മാസം വരെ കുടിശ്ശികയായിരുന്നു. വിതരണം അവതാളത്തിലുമായിരുന്നു. ഇത് പരിഹരിക്കാനുള്ള തീവ്രശ്രമമാണ് ഓണക്കാലത്ത് സർക്കാർ നടത്തിയിട്ടുള്ളത്. പെൻഷൻ കുടിശ്ശിക ഏതാണ്ട് പൂർണ്ണമായും തീർത്തിട്ടുണ്ട്. ഇനി കൃത്യസമയത്ത് പെൻഷൻ വിതരണം നടത്തുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ലിസ്റ്റ് ക്രമപ്പെടുത്തി പെൻഷൻ വിതരണം കൃത്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

43 (1584) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ; വിവിധ ഏജൻസികളിൽനിന്നും വാങ്ങിയ കടങ്ങൾ ഉൾപ്പെടെ 31-8-2016 വരെ സംസ്ഥാനത്തിന്റെ മൊത്തം കടം എത്ര രൂപയാണെന്ന് അറിയിക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധിമൂലം വികസന പ്രവർത്തനങ്ങളും സർക്കാരിന്റെ ദൈനംദിന കാര്യങ്ങളും മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത നടപടികൾമൂലം സാമ്പത്തിക സ്ഥിതിയിൽ മാറ്റങ്ങൾ അനുഭവപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മയും കെടുകാര്യസ്ഥതയും നിമിത്തം സാമ്പത്തിക സ്ഥിതി താറുമാറായിരുന്ന ഘട്ടത്തിലാണ് ഈ സർക്കാർ അധികാരം ഏറ്റെടുത്തത്. അതിഗുരുതരമായ മേൽ സാമ്പത്തിക പ്രതിസന്ധിയുടെ വ്യാപ്തി കുറയ്ക്കാൻതന്നെ വർഷങ്ങൾ വേണ്ടിവരുന്ന സാഹചര്യമാണുള്ളത്. വായ്പയെടുക്കുന്ന തുക നിത്യനിദാന ചെലവുകൾക്ക് വിനിയോഗിക്കേണ്ട അവസ്ഥയുള്ളതിനാൽ നിർമ്മാണ പ്രവൃത്തികൾ അടക്കമുള്ള മൂലധന ചെലവുകൾക്ക് പണം കണ്ടെത്തുവാൻ സർക്കാർ ബുദ്ധിമുട്ടുകയാണ്. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾപ്രകാരം 31-8-2016-ൽ സംസ്ഥാനത്തിന്റെ മൊത്തം കടം 1,66,437 കോടി രൂപയാണ്.

(ബി&സി) സാമ്പത്തിക പ്രതിസന്ധിമൂലം പല വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്ന വേഗത്തിൽ പൂർത്തീകരിക്കുന്നതിനും വിഷമം നേരിടുന്നുണ്ട്. അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രിച്ചതിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തര പ്രാധാന്യമുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മൂലധന ചെലവിനായി വിപണിയിൽനിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത നടപടികളുടെ ഭാഗമായി അടിയന്തര പ്രാധാന്യമുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മുൻസർക്കാർ കുടിശ്ശിക വരുത്തിയ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. ആയതിലേക്ക് 1,477.92 കോടി രൂപ വിതരണം ചെയ്തിരുന്നു. കൂടാതെ മുൻ സർക്കാരിന്റെ കാലയളവിലെ കുടിശ്ശികകളിൽ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയതിൽ അനുമതി നൽകിയത്, കരാറുകാർക്കും ബിൽ റീഡിസ്കൗണ്ടിംഗ്

ഇനത്തിൽ ബാങ്കുകൾക്കും വിതരണം നടത്തിയത്, വെയ്സ് ആന്റ് മീൻസ്, ട്രഷറി ക്യൂ ക്ലിയർ ചെയ്തത് എന്നീ ഇനങ്ങളിൽ മാത്രം യഥാക്രമം 712.07 കോടി, 991.92 കോടി, 792.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി സർക്കാർ കൈക്കൊണ്ടുവരുന്ന ദീർഘകാല പദ്ധതികളുടെ ഗുണഫലം വരും വർഷങ്ങളിൽ മാത്രമേ അനുഭവവേദ്യമാകുകയുള്ളൂ.

**സംസ്ഥാനത്തിന്റെ കടബാധ്യത**

44 (1585) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് സംസ്ഥാനത്തിന്റെ കടബാധ്യത എത്ര കോടി രൂപയായിരുന്നു;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ 5 വർഷക്കാലത്ത് കടബാധ്യത എത്രകോടി രൂപയാണ് വർദ്ധിച്ചത്;

(സി) സംസ്ഥാനത്തിന്റെ കടബാധ്യത ക്രമേണ കുറച്ചു കൊണ്ടുവരുന്നതിന് ധനകാര്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ (സപ്ലിമെന്ററി) പ്രകാരം 31-3-2016-ൽ സംസ്ഥാനത്തിന്റെ പൊതുകടം 1,57,385,94 കോടി രൂപയായിരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കടബാധ്യതയിൽ 78,712.70 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(സി) വായ്പാത്തുക റവന്യൂ ചെലവുകൾക്കായി വിനിയോഗിക്കേണ്ടി വരുന്ന സ്ഥിതിവിശേഷമാണ് ആശങ്കാജനകം. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനത്തിൽനിന്നും നിത്യനിദാന ചെലവുകൾ നടത്താൻ കഴിയണം. നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ടേ ഇത് കൈവരിക്കാനാകൂ. വായ്പയെടുത്ത് ആസ്തികൾ സൃഷ്ടിക്കുന്ന ചെലവുകൾ ചെയ്യുന്നതിൽ സർക്കാരിന് യോജിപ്പാണ്. കേന്ദ്രം അനുവദിക്കുന്ന വായ്പാ പരിധിക്ക് അനുസൃതമായി മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയൂ. വായ്പയെടുക്കുന്ന പണം മുഴുവൻ റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ട സ്ഥിതിയിലാണ് ഇപ്പോൾ സംസ്ഥാനം. നികുതി വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും കൊണ്ടേ ഈ സ്ഥിതിവിശേഷം നേരിടാനാകൂ.

## മുൻസർക്കാർ വരുത്തിയ കുടിശ്ശികകൾ

45 (1586) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം മുൻസർക്കാർ വരുത്തിയ കുടിശ്ശികകളിൽ അടച്ചുതീർക്കേണ്ട തുക എത്രയായിരുന്നു; എത്രതുക അടച്ചു;

(ബി) 2016 മേയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിലും, വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തു തീർക്കുവാനുള്ളതായ തുക എത്രയെന്നും പൊതുമേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധികൾ/ബോർഡുകൾ തുടങ്ങി മറ്റു സ്ഥാപനങ്ങളിൽനിന്നും സമാഹരിച്ച തുക എത്രയെന്നും എല്ലാം ചേർത്ത് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയപ്പോഴുള്ള സാമ്പത്തിക ബാധ്യത എത്രയെന്നും വ്യക്തമാക്കുമോ;

(സി) 31-3-2011-ൽ എൽ.ഡി.എഫ്. സർക്കാർ കാലയളവിലെ ട്രഷറി ബിൽ ഹോൾഡിംഗ്സ് എത്ര; ആയത് 16-5-2011-ൽ അധികാരമൊഴിയുമ്പോൾ എത്രയായിരുന്നു എന്നും 31-3-2016-ൽ യു.ഡി.എഫ്. അധികാര കാലയളവിൽ എത്രയെന്നും, യു.ഡി.എഫ്. അധികാരമൊഴിയുന്ന ദിവസം (2016-ൽ) എത്രയെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) വകുപ്പുതല കണക്കുകൾ പ്രകാരം 2016 മേയ് അവസാനത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ കുടിശ്ശിക (1,505.49 കോടി രൂപ), ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയത് (1,431 കോടി രൂപ), കരാറുകാർക്കും ബിൽ റീ-ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കുകൾക്കും നൽകാനുണ്ടായിരുന്നത് (1,775.59 കോടി രൂപ), വെയ്സ് ആന്റ് മീൻസ്, ട്രഷറി ക്യൂ (800 കോടി രൂപ), വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധികൾ/ബോർഡുകൾ തുടങ്ങി മറ്റു സ്ഥാപനങ്ങളിൽനിന്നും സമാഹരിച്ച തുക (1,365 കോടി രൂപ) എന്നിവയുൾപ്പെടെ സർക്കാരിന്റെ അടിയന്തര ബാധ്യത 7,145 കോടിയിൽപ്പരം രൂപയായിരുന്നു. മുൻസർക്കാർ വരുത്തിയ പ്രസ്തുത കുടിശ്ശികകളിൽ, ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുതിന്, ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയതിൽ അനുമതി നൽകിയത്, കരാറുകാർക്കും ബിൽ റീ

ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കുകൾക്കും വിതരണം നടത്തിയത്, വെയ്സ് ആന്റ് മീൻസ്, ട്രഷറി ക്യൂ ക്ലിയർ ചെയ്തത് എന്നീ ഇനങ്ങളിൽ മാത്രം യഥാക്രമം 1,477.92 കോടി, 712.07 കോടി, 991.92 കോടി, 792.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ ട്രഷറി ബില്ലുകളിലെ നിക്ഷേപം 31-3-2011-ൽ 3,513.72 കോടി രൂപയും 16-5-2011 ൽ 1,963.47 കോടി രൂപയും 31-3-2016-ൽ 1,643.49 കോടി രൂപയും മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ 24-5-2016-ൽ 1,009.30 കോടി രൂപയുമായിരുന്നു.

## 2015-16 വർഷത്തെ ബഡ്ജറ്റ് വിഹിതം

46 (1587) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ ബഡ്ജറ്റ് പ്രകാരം ഓരോ വകുപ്പിനും അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതം എത്ര ആയിരുന്നു;

(ബി) 2015-16 വർഷത്തിൽ ഓരോ വകുപ്പും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഏറ്റവും കുറഞ്ഞ തുക ചെലവഴിച്ച വകുപ്പുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) 2015-16 സാമ്പത്തിക വർഷം ഓരോ ധനാഭ്യർത്ഥനയുടെ കീഴിൽ വിവിധ വകുപ്പുകൾക്കായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം (ഉപധനാഭ്യർത്ഥന ഉൾപ്പെടെ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തെ മൊത്തം ചെലവ് എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നഗരവികസനം, വൈദ്യുത പദ്ധതികൾ, പലവക സാമ്പത്തിക സർവ്വീസുകൾ, ഗതാഗതം, വാർത്താ വിതരണവും പ്രചരണവും, ഭവന നിർമ്മാണം, ക്ഷീര വികസനം തുടങ്ങിയ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലാണ് പ്രധാനമായും കുറഞ്ഞ തോതിലുള്ള ചെലവ് രേഖപ്പെടുത്തിയതായി കാണുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജി.എസ്.ടി. സംവിധാനം

47 (1588) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പാസാക്കിയ ജി.എസ്.ടി. ബിൽ സംസ്ഥാന വരുമാനത്തെ എങ്ങനെയാണ് ബാധിക്കുക; വിശദീകരിക്കാമോ;

(ബി) ഇത് നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് എത്രകോടി രൂപ അധികമായി ലഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഈടാക്കുന്ന നികുതിയുടെ എത്ര വിഹിതമാണ് സംസ്ഥാനത്തിന് ലഭിക്കുക; വിശദമാക്കുമോ;

(ഡി) ജി .എസ് .ടി.-യുടെ പ്രധാന നിർദ്ദേശങ്ങൾ വ്യക്തമാക്കാമോ;

(ഇ) ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് എന്തൊക്കെ നിർദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ?

### ഉത്തരം

(എ-സി) ജി.എസ്.ടി. ഭരണഘടന 101-ാം ഭേദഗതി ബിൽ ആണ് പാർലമെന്റ് പാസ്സാക്കിയത്. ജി.എസ്.ടി. കരട് നിയമം തുടർ ചർച്ചയ്ക്കായി ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി. കരട് ബില്ലിനെപ്പറ്റിയും ജി.എസ്.ടി. നിരക്കിനെക്കുറിച്ചുമുള്ള ചർച്ചകൾ ജി.എസ്.ടി. കൗൺസിലിൽ പുരോഗമിച്ചുവരികയാണ്. ആയതിനാൽ സംസ്ഥാനത്തിന് ലഭിക്കാവുന്ന അധിക വരുമാനത്തെക്കുറിച്ചും നികുതി വിഹിതത്തെക്കുറിച്ചും വ്യക്തമാക്കാൻ ഇപ്പോൾ സാധിക്കുകയില്ല.

(ഡി) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെതന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവന നികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ കേരളത്തിലെ സേവന നികുതി വിഹിതംകൂടി സംസ്ഥാനത്തിന് ലഭിക്കും. ഇത് കേരളത്തിന് നേട്ടമുണ്ടാക്കുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. പരോക്ഷനികുതി സംബന്ധിച്ച് നിലവിൽ മൂല്യവർദ്ധിതനികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന

നികുതി, ആഢംബര നികുതി, എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി, സർച്ചാർജ്ജ്, സെസ്സ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഈടാക്കുന്നതല്ലാത്ത വിനോദ നികുതി എന്നിവ സംസ്ഥാനമാണ് ഈടാക്കുന്നത്. എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർചാർജ്, സെസ്സ് എന്നിവ കേന്ദ്ര സർക്കാരും ഈടാക്കുന്നു. ജി.എസ്.ടി. നടപ്പാകുമ്പോൾ ഇവയെല്ലാം ജി.എസ്.ടി.യിൽ ലയിക്കുന്നതാണ്. ജി.എസ്.ടി. യിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനും ഒരേ സമയം നികുതി ഈടാക്കുവാൻ സാധിക്കും. ഈ സംവിധാനത്തിൽ എല്ലാ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേലും (taxable supplies) കേന്ദ്രം സി.ജി.എസ്.ടി.-യും സംസ്ഥാനങ്ങൾ എസ്.ജി.എസ്.ടി.-യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി. ചുമത്തുന്നത് കേന്ദ്ര സർക്കാരാണ്. ചരക്ക് സേവന നികുതി destination based ആകയാൽ കേരളത്തിന് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

(ഇ) ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Service Tax Council-ന്റെ ശിപാർശ അനുസരിച്ച് പാർലമെന്റ് നിയമ നിർമ്മാണത്തിലൂടെ ജി.എസ്.ടി. നടപ്പിലാക്കിയശേഷമുള്ള ആദ്യത്തെ 5 വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വിലക്കുറവ് ഉപഭോക്താവിന് ലഭിക്കത്തക്ക വിധത്തിൽ ഒരു ഫോർമുല ജി.എസ്.ടി. കൗൺസിൽ രൂപപ്പെടുത്തിയെടുക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ ഒന്നര കോടി രൂപ വരെ turn over ഉള്ള ചെറുകിടക്കാരായ വ്യാപാരികൾക്കായി സംസ്ഥാന ജി.എസ്.ടി.യുടേയും കേന്ദ്ര ജി.എസ്.ടി.യുടേയും ഭരണ നിർവ്വഹണം ഒരൊറ്റ നികുതി അധികാരി തന്നെ നടത്തണമെന്നും സംസ്ഥാനം ആവശ്യമുന്നയിച്ചിട്ടുണ്ട്. കൂടാതെ വ്യാപാരിയിൽനിന്ന് ഉപഭോക്താവിലേയ്ക്കുള്ള അന്തർ സംസ്ഥാന ഇടപാടുകളിന്മേലുള്ള വീതം വയ്ക്കാത്തതും വർഷാന്ത്യത്തിൽ മിച്ചം വരുന്നതുമായ ക്രെഡിറ്റ് divisible pool-ൽ ഉൾപ്പെടുത്തി ഫിനാൻസ് കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കപ്പെടേണ്ടതാണെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക consolidated fund-ൽ ഉൾപ്പെടുത്തരുതെന്നാണ് കേരളത്തിന്റെ ആവശ്യം.

## എല്ലാ വൻകിട-ചെറുകിട വ്യാപാരികളെയും നികുതി ശൃംഖലയിൽ കൊണ്ടുവരുന്നതിന് നടപടി

48 (1589) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വൻകിട, ചെറുകിട വ്യാപാരികളെയും നികുതി ശൃംഖലയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടിട്ടുണ്ടോ;

(ബി) ചെറുകിട വ്യാപാര സ്ഥാപനങ്ങൾ പലതും കൃത്യമായ ബിൽ നൽകാതിരിക്കുന്നതു മൂലമുള്ള നികുതി ചോർച്ച തടയുന്നതിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇത്തരം വ്യാപാര സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള പരിശോധനകൾ ഊർജ്ജിതമാക്കുമോ;

(സി) വ്യാപാര സ്ഥാപനങ്ങളെ ഓൺലൈൻ ബില്ലിംഗ് സമ്പ്രദായത്തിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരള മൂല്യ വർദ്ധിത നികുതി നിയമമനുസരിച്ച് പത്ത് ലക്ഷമോ അതിലധികമോ വിറ്റുവരവ് വരുന്ന വ്യാപാരികൾ രജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യസ്ഥരാണ്. ചില പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യാപാരികൾ വിറ്റുവരവ് പരിധി കണക്കാക്കാതെ തന്നെ രജിസ്ട്രേഷൻ എടുക്കേണ്ടവരാണ്. വാറ്റ് രജിസ്ട്രേഷൻ എടുക്കുവാൻ ബാദ്ധ്യതയുള്ളവർ സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്നതിനായി പുതിയതായി രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കുള്ള ഒറ്റത്തവണ പ്രോത്സാഹനം എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നു. 1-4-2013 മുതൽ 31-8-2014 വരെ ആയിരുന്നു പദ്ധതിയുടെ കാലാവധി. കൂടാതെ വ്യാപാരികളെ നികുതി ശൃംഖലയിൽ കൊണ്ടുവരുന്നതിനായി വകുപ്പ് സ്ട്രീറ്റ് സർവ്വേകൾ നടത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കേരള മൂല്യവർദ്ധിത നികുതി നിയമത്തിൻകീഴിൽ രജിസ്ട്രേഷൻ എടുത്തതോ/എടുക്കാൻ ബാദ്ധ്യസ്ഥനോ ആയ ഏതൊരു വ്യാപാരിയും നൂറ് രൂപയിൽ കുറയാതെയുള്ള നികുതി വിധേയമായ ചരക്ക് വിൽക്കുമ്പോൾ അത്തരം ഇടപാടുകൾക്ക് ബില്ല് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യാപാരികൾ ബില്ല് നൽകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പ് ടെസ്റ്റ് പർച്ചേസ് നടത്താറുണ്ട്.

ഇത്തരം പർച്ചേസിൽ ബില്ല് നൽകുന്നില്ലെന്നുകണ്ടാൽ 70A വകുപ്പ് പ്രകാരം പെനാൽറ്റി നടപടികൾ സ്വീകരിക്കാറുണ്ട്. പെനാൽറ്റി തുകയുടെ 50 ശതമാനം അടച്ചുകൊണ്ട് വ്യാപാരികൾക്ക് spot കോമ്പൗണ്ട് ചെയ്യാനുള്ള ഓപ്ഷനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഉപഭോക്താക്കൾ ബില്ലുകൾ ചോദിച്ചുവാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി സോഷ്യൽ മീഡിയ വഴി ബില്ലുകൾ അപ് ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

ചെറുകിട വ്യാപാര സ്ഥാപനങ്ങൾ മിക്കവരും അനുമാന നികുതി അടയ്ക്കുന്നവരാണ്. എന്നാൽ 60 ലക്ഷം രൂപയിലധികം വിറ്റുവരവുണ്ടായിട്ടും ടിൻ നമ്പർ എടുക്കാതെ അനുമാന നികുതി മാത്രം നൽകി കച്ചവടം ചെയ്യുന്നവർക്കെതിരെ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഇല്ലാതെ ഷെഡ്യൂൾ റേറ്റിൽ നികുതിയും അതിന്റെ മൂന്ന് മടങ്ങ് പെനാൽറ്റിയുമാണ് ഇവർ നിയമപ്രകാരം അടയ്ക്കേണ്ടത്. ഇത് ദുർവ്വഹമായ ഭാരമാണെന്ന് വ്യാപാരി സംഘടനകൾ ചൂണ്ടിക്കാണിച്ചതിന്റെ പശ്ചാത്തലത്തിൽ ഇവർക്കായി ഒരു ആംനെസ്റ്റി പദ്ധതി ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി സ്വീകരിക്കുന്ന വ്യാപാരികൾ 1-4-2016 മുതൽ പ്രാബല്യം വരത്തക്കവിധം ടിൻ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. കണക്കിൽപ്പെടാത്ത വാങ്ങലുകൾ നികുതി നിർണ്ണയാധികാരി കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ വ്യാപാരികൾക്ക് അത് സ്വമേധയാ അറിയിച്ചുകൊണ്ട് പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. രജിസ്ട്രേഷനെടുത്തിട്ടില്ലാത്ത വ്യാപാരികൾക്കും ഇത് പ്രയോഗജനപ്പെടുത്താവുന്നതാണ്. ഈ പദ്ധതിക്കായി ഓപ്ഷൻ നൽകുന്നതിനുള്ള അവസാന തീയതി 2016 നവംബർ 30 ആണ്.

(സി) ഉണ്ട്. 5 കോടി രൂപയ്ക്കുമേൽ വിറ്റുവരവുള്ള വ്യാപാരികളുടെ ബിൽ/ ഇൻവോയ്സ് എന്നിവ അവർ ബിൽ ചെയ്യുന്ന സമയത്തുതന്നെ അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ടിയുള്ള കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനം ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനുവേണ്ട വ്യവസ്ഥ കേരള ധനകാര്യ ബിൽ 2016 മുഖേന കേരള മൂല്യവർദ്ധിത നികുതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ കാര്യശേഷിയുള്ള സെർവർ സ്ഥാപിച്ചുകഴിഞ്ഞാലുടൻ 5 കോടി രൂപയ്ക്കുമേൽ വിറ്റുവരവുള്ള വ്യാപാരികൾക്ക് ഓൺലൈൻ ബില്ലിംഗ് സമ്പ്രദായം നടപ്പിൽ വരുന്നതാണ്. ഇത്തരം ഇൻവോയ്സുകൾ ഉപഭോക്താവ് സമർപ്പിക്കുന്ന ഇൻവോയ്സിന്റെ പകർപ്പുമായി ഒത്തുനോക്കി പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

## ചരക്ക് സേവന നികുതി

49 (1590) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കു സേവന നികുതി നടപ്പാക്കുന്നത് സംസ്ഥാനത്തെ നികുതി പിരിവിനെ ഏത് രീതിയിൽ സ്വാധീനിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നികുതി നടപ്പിൽ വരുമ്പോൾ ഉണ്ടാകുന്ന പ്രാരംഭ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത നികുതി സമ്പ്രദായത്തിൽ വിവരസാങ്കേതികവിദ്യയുടെ പ്രയോജനം ഏത് രീതിയിൽ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമെ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിലൊന്നാണ്. ചരക്ക് സേവന നികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ കേരളത്തിലെ സേവന നികുതി വിഹിതം കൂടി സംസ്ഥാനത്തിന് ലഭിക്കും. ഇത് കേരളത്തിന് നേട്ടമുണ്ടാക്കുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. പരോക്ഷനികുതി സംബന്ധിച്ച് നിലവിൽ മൂല്യവർദ്ധിത നികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി സർച്ചാർജ്, സെസ്സ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഈടാക്കുന്നതല്ലാത്ത വിനോദ നികുതി എന്നിവ സംസ്ഥാനമാണ് ഈടാക്കുന്നത്. എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർചാർജ് സെസ്സ് എന്നിവ കേന്ദ്ര സർക്കാരും ഈടാക്കുന്നു. ജി.എസ്.ടി. നടപ്പാകുമ്പോൾ ഇവയെല്ലാം ജി.എസ്.ടി. യിൽ ലയിക്കുന്നതാണ്. ജി.എസ്.ടി. യിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനും ഒരേ സമയം നികുതി ഈടാക്കുവാൻ സാധിക്കും. ഈ സംവിധാനത്തിൽ എല്ലാ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേലും (taxable supplies) കേന്ദ്രം സി.ജി.എസ്.ടി.-യും സംസ്ഥാനങ്ങൾ എസ്.ജി.എസ്.ടി.-യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി. ചുമത്തുന്നത് കേന്ദ്ര സർക്കാരാണ്.

(ബി) മാതൃകാ ജി.എസ്.ടി. നിയമത്തെ ആസ്പദമാക്കി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെൻട്രൽ എക്സൈസും നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, എക്സൈസ് ആന്റ് നർകോട്ടിക്സും (NACEN) സംസ്ഥാന വാണിജ്യ നികുതി വകുപ്പുമായി യോജിച്ചുള്ള പരിശീലന പരിപാടി ആരംഭിക്കുകയും അവ തുടർന്നുവരികയുമാണ്. ഇത്തരത്തിൽ മാസ്റ്റർ ട്രെയിനർമാർക്കും ട്രെയിനർമാർക്കും പഞ്ചദിന ട്രെയിനിംഗ് ക്ലാസുകൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഇതിന് തുടർച്ചയായി ഫീൽഡ് ഓഫീസർമാർക്കും മറ്റുമുള്ള പരിശീലന പരിപാടികൾ ഒക്ടോബർ ആദ്യവാരം മുതൽ തുടർച്ചയായി നടത്തി ഡിസംബർ 2016-നകം തീർക്കുവാനുള്ള കാര്യപരിപാടിയുടെ കരട് തയ്യാറാക്കി വരികയാണ്. കരട് എസ്.ജി.എസ്.ടി. നിയമത്തിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വ്യാപാരികൾക്കും നികുതി കൺസൾട്ടന്റുമാരും അക്കൗണ്ടന്റുമാരും ഉൾപ്പെടെയുള്ളവർക്ക് ബോധവൽക്കരണവും പരിശീലനവും നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ചരക്ക് സേവന നികുതി സമ്പ്രദായത്തിൽ വ്യാപാരികളേയും ബന്ധപ്പെട്ട വകുപ്പുകളേയും ബന്ധിപ്പിക്കുന്ന പ്രവർത്തനത്തിനുവേണ്ടിയുള്ള വിവര സാങ്കേതിക common portal വികസിപ്പിച്ചെടുക്കുന്നത് Goods & Service Tax Network (GSTN) ആണ്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ജി.എസ്.ടി. നെറ്റ് വർക്കിന്റെ Backend module വികസിപ്പിക്കുന്ന സംസ്ഥാനങ്ങളെ Model 1 എന്നും Backend module GSTN തയ്യാറാക്കി നൽകുന്ന സംസ്ഥാനങ്ങളെ Model 2 ആയും തരംതിരിച്ചിട്ടുണ്ട്. കേരളം മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെപ്പോലെ മോഡൽ ഒന്നിലാണ് ഉൾപ്പെട്ടിട്ടുള്ളത്. Backend module വികസിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന നടപടി സംസ്ഥാനത്ത് പുരോഗമിച്ചുവരുന്നു. ഇതിനായി വിദഗ്ധരെ തെരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള പരീക്ഷകളും മറ്റും ഒക്ടോബർ ആദ്യവാരം NIC-യുടെ സഹായത്തോടെ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ചരക്ക് സേവന നികുതി നടപ്പാക്കാൻ പ്രത്യേക സോഫ്റ്റ് വെയർ**

50 (1591) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി (ജി.എസ്.റ്റി.) എപ്പോഴാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇത് ഫലപ്രദമാക്കാൻ ഏർപ്പെടുത്തുന്ന സംവിധാനങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോഴത്തെ വാറ്റ് നികുതിയിൽനിന്ന് പൂർണമായും ജി.എസ്.റ്റി. യിലേക്ക് മാറുന്നതോടെ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജി.എസ്.റ്റി. നടപ്പാക്കാൻ കേന്ദ്രം പ്രത്യേക സോഫ്റ്റ് വെയർ കൊണ്ടുവരുന്നുണ്ടോ; എങ്കിൽ ആ സോഫ്റ്റ് വെയർ തന്നെയാണോ കേരളത്തിലും ഉപയോഗിക്കുക അതല്ല സംസ്ഥാനം പ്രത്യേക സോഫ്റ്റ് വെയർ തയ്യാറാക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചരക്ക് സേവന നികുതി (ജി.എസ്.റ്റി.) 1-4-2017 മുതൽ നടപ്പിലാക്കാവുന്ന രീതിയിലാണ് ജി.എസ്.ടി. കൗൺസിലിൽ ചർച്ചകൾ പുരോഗമിച്ചുവരുന്നത്. ഇത് നടപ്പിൽ വരുത്തേണ്ടതിനാവശ്യമായ എസ്.ജി.എസ്.ടി. നിയമത്തിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. കൂടാതെ ഉദ്യോഗസ്ഥർക്കും മറ്റുമുള്ള പരിശീലനം രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡിസംബർ അവസാനത്തോടെ പരിശീലന പരിപാടികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുപുറമെ ജി.എസ്.റ്റി. നെറ്റ് വർക്കിന്റെ Backend module വികസിപ്പിക്കുന്ന നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്.

(ബി) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമെ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവന നികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ കേരളത്തിലെ സേവന നികുതി വിഹിതം കൂടി സംസ്ഥാനത്തിന് ലഭിക്കും. ഇത് കേരളത്തിന് നേട്ടമുണ്ടാക്കുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. പരോക്ഷ നികുതി സംബന്ധിച്ച് നിലവിൽ മൂല്യവർദ്ധിത നികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, എൻടി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി സർച്ചാർജ്, സെസ്സ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഈടാക്കുന്നതല്ലാത്ത വിനോദ നികുതി എന്നിവ സംസ്ഥാനമാണ് ഈടാക്കുന്നത്. എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർചാർജ്, സെസ്സ് എന്നിവ കേന്ദ്ര സർക്കാരും

ഈടാക്കുന്നു. ജി.എസ്.റ്റി. നടപ്പാകുമ്പോൾ ഇവയെല്ലാം ജി.എസ്.റ്റി.-യിൽ ലയിക്കുന്നതാണ്. ജി.എസ്.റ്റി.-യിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനും ഒരേ സമയം നികുതി ഈടാക്കുവാൻ സാധിക്കും. ഈ സംവിധാനത്തിൽ എല്ലാ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേലും (taxable supplies) കേന്ദ്രം സി.ജി.എസ്.ടി.-യും സംസ്ഥാനങ്ങൾ എസ്.ജി.എസ്.ടി.-യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി. ചുമത്തുന്നത് കേന്ദ്ര സർക്കാരാണ്.

(സി) ജി.എസ്.ടി. നികുതി സമ്പ്രദായത്തിൽ വ്യാപാരികളേയും ബന്ധപ്പെട്ട വകുപ്പുകളേയും ബന്ധിപ്പിക്കുന്ന പ്രവർത്തനത്തിനുവേണ്ടിയുള്ള common portal വികസിപ്പിച്ചെടുക്കുന്നത് Goods & Service Tax Network (GSTN) ആണ്. ജി.എസ്.റ്റി. നെറ്റ് വർക്കിന്റെ Backend module വികസിപ്പിക്കുന്ന സംസ്ഥാനങ്ങളെ Model 1 എന്നും Backend module GSTN തയ്യാറാക്കി നൽകുന്ന സംസ്ഥാനങ്ങളെ Model 2 ആയും തരംതിരിച്ചിട്ടുണ്ട്. കേരളം മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെപ്പോലെ മോഡൽ ഒന്നിലാണ് ഉൾപ്പെട്ടിട്ടുള്ളത്. Backend module വികസിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന നടപടി സംസ്ഥാനത്ത് പുരോഗമിച്ചുവരുന്നു.

**നികുതി ചോർച്ച തടയുന്നതിന് നടപടി**

51 (1592) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുംവേണ്ടി സ്വീകരിച്ച/സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വകുപ്പുതിരിച്ച് ചുവടെ ചേർക്കുന്നു:

I <u>വാണിജ്യ നികുതി വകുപ്പ്</u> : നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കി. കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി

വലിയ തുകകൾ ഉൾപ്പെട്ട ഹൈക്കോടതിയിലുള്ള കേസുകൾ അടിയന്തരമായി തീർപ്പുകൽപ്പിച്ച് നികുതി പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഇതിനുപുറമെ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവിടങ്ങളിൽ സ്റ്റേയിൽ കിടക്കുന്ന കേസുകളും അടിയന്തരമായി തീർപ്പാക്കുന്നതിലേയ്ക്കായി ഡെപ്യൂട്ടി കമ്മീഷണറുടെ നാലും അസിസ്റ്റന്റ് കമ്മീഷണറുടെ പന്ത്രണ്ടും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ നികുതി പിരിവിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം ഡ്യൂട്ടി സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തൽസമയം തന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്താൻ നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

II <u>രജിസ്ട്രേഷൻ വകുപ്പ്</u>: രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ അദാലത്ത് നടത്തുവാൻ നിശ്ചയിച്ചു. വിലയാധാരങ്ങളുടെയും കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.

III <u>ലാന്റ് റവന്യൂ വകുപ്പ്</u>: ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്കടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 1-8-2016 മുതൽ താലൂക്ക് - ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

IV എക്സൈസ് വകുപ്പ്: എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽനിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. അനധികൃത മദ്യത്തിന്റെ വില്പന തടയുന്നതിനായി ലൈസൻസ് സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധനയും നടത്തുന്നു.

V മോട്ടോർ വാഹന വകുപ്പ്: മോട്ടോർ വാഹന വകുപ്പിൽ റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ റിക്കവറി നടപടികൾ ഉയർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

## ചെക്ക് പോസ്റ്റുകളിലെ അഴിമതി

52 (1593) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിലെ അഴിമതി തടയുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ ചെക്ക് പോസ്റ്റുകളിൽ നടത്തിയ വിജിലൻസ് പരിശോധനകൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഏതെല്ലാം ചെക്ക് പോസ്റ്റുകളിലാണ് പരിശോധന നടത്തിയതെന്നും എത്ര ജീവനക്കാർക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പ്രധാനപ്പെട്ട ഏഴ് ചെക്ക് പോസ്റ്റുകൾ ആധുനിക സംവിധാനങ്ങളോടുകൂടിയ സംയോജിത ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ സ്ഥലം ലഭ്യമായ

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നിവിടങ്ങളിൽ ആദ്യ ഘട്ടത്തിൽ ഇത്തരം ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക് പോസ്റ്റുകൾ ഒരു സ്ഥലത്ത് ഏകീകരിക്കുന്നതാണ്. സംയോജിത വിവര ശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതുവിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ്‌വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാക്കുന്നതിനാൽ വാഹനം സെന്ററിനുള്ളിലേയ്ക്ക് കടന്നുവരുമ്പോൾ ഓരോ വകുപ്പുകളും കുറഞ്ഞ സമയംകൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തിവിടാൻ സാധിക്കുന്നു. സെന്ററിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി. സംവിധാനം, ബൂം ബാരിയറുകൾ തുടങ്ങിയവ ടി സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ ഇവയിലൂടെ കടന്നുവരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയം തന്നെ മറ്റ് ഡാറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നത് ചരക്ക് നീക്കത്തിന്റെ വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിന് സഹായകമാകുന്നു.

(ബി&സി) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെക്ക് പോസ്റ്റുകളിൽ നടത്തിയ വിജിലൻസ് പരിശോധനകളുടെയും നടപടിക്ക് വിധേയരായ ഉദ്യോഗസ്ഥരുടെയും വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മിന്നൽ പരിശോധനാ നമ്പർ | ചെക്ക് പോസ്റ്റ് | നടപടിക്ക് വിധേയരായ ഉദ്യോഗസ്ഥരുടെ പേരുവിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | എസ്.സി. 46/2016/പി.കെ.ഡി. | മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ്, വേലന്താവളം | 1. ശ്രീ. എം. ആർ. സജീവ്, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ<br>2. ശ്രീ. കെ. സജിത്, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ<br>3. ശ്രീ. പ്രേംനിസാർ എ., അസിസ്റ്റൻറ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ<br>3. ശ്രീ. വി. ഭവദാസ്, ഓഫീസ് അറ്റൻഡന്റ് |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 2 | എസ്.സി. 48/2016/പി.കെ.ഡി. | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, വേലന്താവളം | 1. ശ്രീ. എൻ. നസീം, കൊമേഴ്സ്യൽ ടാക്സ് ഇൻസ്പെക്ടർ<br>2. ശ്രീ. ഇ. പ്രഭാകരൻ, കൊമേഴ്സ്യൽ ടാക്സ് ഇൻസ്പെക്ടർ<br>3. ശ്രീ. സി. എം. മൊയ്തീൻ, ക്ലറിക്കൽ അറ്റൻഡന്റ്<br>4.ശ്രീ. മോഹനൻ, ഓഫീസ് അറ്റൻഡന്റ്<br>5. ശ്രീ. അജീഷ് കുമാർ. പി. എസ്., ഓഫീസ് അറ്റൻഡന്റ്. കുറ്റക്കാരായ ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| 3 | എസ്.സി. 39/2016/പി.കെ. ഡി. | മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ്, ഗോവിന്ദപുരം | 1. ശ്രീ. ധനേഷ്. കെ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ<br>2. ശ്രീ. സന്തോഷ് കുമാർ, ഓഫീസ് അറ്റൻഡന്റ്. |
| 4 | എസ്.സി. 30/2016/കെ.എസ്. ഡി. | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, മഞ്ചേശ്വരം | ക്രമക്കേടുകൾ കണ്ടെത്തിയില്ല |
| 5 | എസ്.സി. 32/2016/കെ.എസ്. ഡി. | അദൂർ ചെക്ക് പോസ്റ്റ് | ക്രമക്കേടുകൾ കണ്ടെത്തിയില്ല |
| 6 | എസ്.സി. 42/2016/കെ.എൻ. ആർ. | ഇരിട്ടി വാണിജ്യ നികുതി ചെക്ക് പോസ്റ്റ് | ക്രമക്കേടുകൾ കണ്ടെത്തിയില്ല |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | എസ്.സി. 27/2016/ഡബ്യ. വൈ.ഡി. | മുത്തങ്ങ വാണിജ്യ നികുതി ചെക്ക് പോസ്റ്റ് | ക്രമക്കേടുകൾ കണ്ടെത്തിയില്ല |
| 8 | എസ്.സി. 08/2016/എസ്.ആർ. റ്റി. | അമരവിള ചെക്ക് പോസ്റ്റ് | ക്രമക്കേടുകൾ കണ്ടെത്തിയില്ല |
| 9 | എസ്.സി. 18/2016/എസ്.ആർ. റ്റി. | അമരവിള ചെക്ക് പോസ്റ്റ് | ക്രമക്കേടുകൾ കണ്ടെത്തിയില്ല |

**സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം**

53 (1594) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം എന്നനിലയിൽ വിവര കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള ചെക്ക് പോസ്റ്റുകളിൽ ഉണ്ടാകുന്ന നടപടികുരുക്കുകളും, അസുഖകരമായ സാഹചര്യങ്ങളും ഒഴിവാക്കാൻ പ്രസ്തുത സംവിധാനം എത്രമാത്രം ഉപകരിക്കുമെന്നാണ് കരുതുന്നത്;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ സംവിധാനം എന്നുമുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക് പോസ്റ്റുകൾ ഒരു സ്ഥലത്ത് ഏകീകരിക്കുന്നതാണ്. സംയോജിത വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള

ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ്‌വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാക്കുന്നതിനാൽ വാഹനം സെന്ററിനുള്ളിലേക്ക് കടന്നുവരുമ്പോൾ ഓരോ വകുപ്പുകളും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തിവിടാൻ സാധിക്കുന്നു. സെന്ററിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി. സംവിധാനം, ബൂം ബാരിയറുകൾ തുടങ്ങിയവ ടി സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ ഇവയിലൂടെ കടന്നുവരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയംതന്നെ മറ്റ് ഡാറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നത് ചരക്ക് നീക്കത്തിന്റെ വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിന് സഹായകമാകുന്നു.

(സി) ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് വാണിജ്യ നികുതി വകുപ്പിന്റെ ചുമതല വഹിക്കുന്ന ധനകാര്യ മന്ത്രി കൺവീനറായും മറ്റ് വകുപ്പുകളായ മോട്ടോർ വാഹന വകുപ്പ്, എക്സൈസ് വകുപ്പ്, വനം വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യ (ഫുഡ് ആന്റ് സേഫ്റ്റി) വകുപ്പ് എന്നിവയുടെ ചുമതല വഹിക്കുന്ന മന്ത്രിമാർ അംഗങ്ങളുമായുള്ള ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ സ്ഥലം ലഭ്യമായ മഞ്ചേശ്വരം, മുത്തങ്ങ എന്നിവിടങ്ങളിൽ നിർദ്ദിഷ്ട ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികളായി കിറ്റ്കോ, കെൽട്രോൺ എന്നീ സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത ഏജൻസികൾ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രോജക്ടുകൾ കാലതാമസമില്ലാതെ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. മറ്റിടങ്ങളിൽ ഇത്തരം സെന്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരികയാണ്.

**അഴിമതിരഹിത ചെക്ക്പോസ്റ്റുകൾ**

54 (1595) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേലന്താവളം ചെക്ക് പോസ്റ്റിലെ വിജിലൻസ് പരിശോധനയിൽ കണക്കിൽപ്പെടാത്ത മൂന്ന് ലക്ഷത്തിൽപരം രൂപ കണ്ടെത്തുകയുണ്ടായോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കൈക്കൊണ്ട തുടർനടപടികൾ എന്തൊക്കെ;

(സി) മൂന്നു ലക്ഷത്തിൽപ്പരം രൂപ കൈക്കൂലിയായി ലഭിച്ചപ്പോൾ നികുതിയായി ലഭിച്ചത് ഇരുപതിനായിരം രൂപയിൽ താഴെയാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ചെക്ക്പോസ്റ്റുകൾ അഴിമതിരഹിത/കൈക്കൂലിമുക്ത ചെക്ക്പോസ്റ്റുകളാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കണ്ടെത്തിയിട്ടുണ്ട്.

(ബി) വേലന്താവളം ചെക്ക്പോസ്റ്റിലെ വിജിലൻസ് പരിശോധനയിൽ കണക്കിൽപ്പെടാത്ത 3,00,600 രൂപ കണ്ടെത്തിയതിനെത്തുടർന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരായ ശ്രീ. എൻ. നസീം, വാണിജ്യ നികുതി ഇൻസ്പെക്ടർ, ശ്രീ. ഇ. പ്രഭാകരൻ, വാണിജ്യ നികുതി ഇൻസ്പെക്ടർ, ശ്രീ. മൊയ്തീൻ. റ്റി. എം., ക്ലറിക്കൽ അറ്റൻഡന്റ്, ശ്രീ. മോഹനൻ വി., ഓഫീസ് അറ്റൻഡന്റ്, ശ്രീ. അജീഷ് കുമാർ പി. എസ്., ഓഫീസ് അറ്റൻഡന്റ് എന്നിവരെ അന്വേഷണ വിധേയമായി 9-9-2016-ൽ സസ്പെന്റ് ചെയ്തു.

(സി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചിട്ടുണ്ട്.

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ചെക്ക് പോസ്റ്റുകളിൽ മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ഏഴ് ചെക്ക്പോസ്റ്റുകൾ ആധുനിക സംവിധാനങ്ങളോടുകൂടിയ സംയോജിത ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ സ്ഥലം ലഭ്യമായ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നിവിടങ്ങളിൽ ആദ്യ ഘട്ടത്തിൽ ഇത്തരം ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക്പോസ്റ്റുകൾ ഒരു സ്ഥലത്ത് ഏകീകരിക്കുന്നതാണ്. സംയോജിത വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ്വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാക്കുമെന്നതിനാൽ വാഹനം സെന്ററിനുള്ളിലേക്ക്

കടന്നു വരുമ്പോൾ ഓരോ വകുപ്പുകളും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തിവിടാൻ സാധിക്കുന്നു. സെന്ററിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി. സംവിധാനം, ബൂം ബാരിയറുകൾ തുടങ്ങിയവ ടി സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ ഇവയിലൂടെ കടന്നുവരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയം തന്നെ മറ്റ് ഡാറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നത് ചരക്ക് നീക്കത്തിന്റെ വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിന് സഹായകമാകുന്നു.

## ചെക്ക് പോസ്റ്റുകളുടെ നവീകരണം

55 (1596) ശ്രീ. എം. എം. മണി :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. കെ. ബാബു :

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതിയുൾപ്പെടെയുള്ള നികുതിവെട്ടിപ്പിന് സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിലെ ചില ഉദ്യോഗസ്ഥരെങ്കിലും കൂട്ടുനിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മദ്യം, നിരോധിത പുകയില ഉല്പന്നങ്ങൾ, മയക്കുമരുന്ന് തുടങ്ങിയ ചരക്കുകൾ സംസ്ഥാനത്തേയ്ക്ക് കടത്തുന്നത് തടയാൻ നിലവിലെ ചെക്ക്പോസ്റ്റ് സംവിധാനം പര്യാപ്തമല്ലെന്ന് മനസ്സിലായിട്ടുണ്ടോ;

(സി) ചെക്ക്പോസ്റ്റ് സംവിധാനം ഫലപ്രദമാക്കുന്നതിനും വാഹനങ്ങൾ മണിക്കൂറുകളോളം കാത്തു കിടക്കുന്നത് ഒഴിവാക്കാനും ഈ സംവിധാനം നവീകരിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രധാന ചെക്ക്പോസ്റ്റുകൾ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റുകൾ/ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളായി നവീകരിക്കുവാനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) കേരളത്തിലെ പ്രധാനപ്പെട്ട ഏഴ് ചെക്ക്പോസ്റ്റുകൾ ആധുനിക സംവിധാനങ്ങളോടുകൂടിയ സംയോജിത ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ സ്ഥലം ലഭ്യമായ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നിവിടങ്ങളിൽ ആദ്യ ഘട്ടത്തിൽ ഇത്തരം ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക്പോസ്റ്റുകൾ ഒരു സ്ഥലത്ത് ഏകീകരിക്കുന്നതാണ് സംയോജിത ചെക്ക് പോസ്റ്റ്/ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ. ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ് വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാക്കുമെന്നതിനാൽ വാഹനം സെന്ററിനുള്ളിലേയ്ക്ക് കടന്നു വരുമ്പോൾ ഓരോ വകുപ്പുകളും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തിവിടാൻ സാധിക്കുന്നു. സെന്ററിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി. സംവിധാനം, ബൂം ബാരിയറുകൾ തുടങ്ങിയവ ടി സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ ഇവയിലൂടെ കടന്നുവരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കും. ഇതിലൂടെ ചരക്ക് നീക്കത്തിന്റെ വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിന് സഹായകമാകുന്നു.

**കായംകുളം സബ് ട്രഷറിക്ക് പുതിയ കെട്ടിടം**

56 (1597) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം സബ് ട്രഷറി കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്നും, നിലവിൽ ആവശ്യമായ സ്ഥലം ഇല്ല എന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കായംകുളം സബ് ട്രഷറിക്ക് ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ ട്രഷറി കെട്ടിടത്തിനാവശ്യമായ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് നടത്തിയിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനനുയോജ്യമായ മറ്റൊരു സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**കോട്ടക്കൽ സബ്ട്രഷറി**

57 (1598) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ സബ്ട്രഷറിയുടെ പ്രവർത്തനം ജില്ലാ ട്രഷറിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; കോട്ടയ്ക്കൽ സബ്ട്രഷറിയെ ജില്ലാ ട്രഷറിയായി ഉയർത്തണമെന്ന ആവശ്യത്തിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ സബ്ട്രഷറികളിലെ ഒഴിവുകൾ നികത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടക്കൽ സബ്ട്രഷറി അഡീഷണൽ ജില്ലാ ട്രഷറിയായി ഉയർത്തുന്നതിനുള്ള ആവശ്യം സർക്കാരിൽ ലഭിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ച് നിരസിച്ചിരുന്നു.

(ബി) മലപ്പുറം ജില്ലാ ട്രഷറിയുടെ പരിധിയിൽ വരുന്ന സബ് ട്രഷറികളിലുണ്ടാകുന്ന ഒഴിവുകൾ പ്രൊമോഷൻ വഴിയും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടവ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തപ്പെടുന്നുണ്ട്. ഒഴിവുള്ള തസ്തികകൾ നകത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ട്രഷറികളിൽ എ.റ്റി.എം. സംവിധാനം**

58 (1599) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം.സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര ട്രഷറികൾക്ക് സ്വന്തമായി ഓഫീസ് മന്ദിരം ഉണ്ട്; വാടകയ്ക്ക് പ്രവർത്തിക്കുന്ന ട്രഷറികളെ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം. സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.റ്റി.എം.-ലൂടെ പിൻവലിക്കുന്നതിനുമുള്ള സൗകര്യമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) സംസ്ഥാനത്ത് 152 ട്രഷറികൾക്ക് സ്വന്തമായി ഓഫീസ് മന്ദിരമുണ്ട്. വാടകയ്ക്ക് പ്രവർത്തിക്കുന്ന ട്രഷറികളെ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്ന മിനി സിവിൽ സ്റ്റേഷൻ മന്ദിരങ്ങളിൽ ട്രഷറികൾക്ക് അനുവദിച്ചിട്ടുള്ള സ്ഥലത്ത് പണി പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനോടകം വകുപ്പിന് സ്ഥലം കൈമാറി കിട്ടിക്കഴിഞ്ഞ 18 ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. സ്ഥലം കൈമാറി കിട്ടുന്നതിനുള്ള നടപടി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്ന മറ്റ് 18 ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതിയും നിലവിൽ പരിഗണനയിലാണ്. ട്രഷറി ആസ്ഥാന മന്ദിര നിർമ്മാണത്തിനായി തിരുവനന്തപുരം പി.എം.ജി.-യിലുള്ള പൊതുമരാമത്ത് (റോഡ്സ് ഡിവിഷൻ) വകുപ്പിന്റെ സ്ഥലം കൈമാറുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

**പാവറട്ടിയിൽ സബ്ട്രഷറി**

59 (1600) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ പാവറട്ടിയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പാവറട്ടിയിൽ ഒരു സബ്ട്രഷറി ആരംഭിക്കുന്നതിന് ഭരണാനുമതി 28-6-2013-ലെ സ.ഉ. (സാധാ.) നമ്പർ 5438/13/ധന. പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ വൽക്കരണം, ട്രഷറി നെറ്റ് വർക്കിംഗ്, കോർബാങ്കിംഗ് മുതലായ നൂതന സംവിധാനങ്ങൾ ട്രഷറികളിൽ നിലവിൽ വരുന്നതിനാൽ കൂടുതൽ ട്രഷറികൾ ആരംഭിക്കാതെ തന്നെ മികച്ച സേവനം ജനങ്ങൾക്ക് നൽകാനാവും. ആധുനികവൽക്കരണം പൂർത്തിയായതിനുശേഷം ആവശ്യമെന്നുകണ്ടാൽ മാത്രമെ പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ.

## സഹകരണ ആശുപത്രികളിലും കാരുണ്യ ധനസഹായം

60 (1601) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ നിന്നും വ്യത്യസ്തമായി സഹകരണ ആശുപത്രികളിൽ കാരുണ്യ ചികിത്സ ധനസഹായം ലഭിക്കുന്നതിന് ഏറെ കാലതാമസം അനുഭവപ്പെടുന്നതിനാൽ രോഗികൾക്ക് സമയബന്ധിതമായി ചികിത്സ സഹായം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ ആശുപത്രികളിലും സമയബന്ധിതമായി കാരുണ്യ ചികിത്സാ സഹായഫണ്ട് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അംഗീകരിച്ചിട്ടുള്ള സഹകരണ ആശുപത്രികൾക്ക് കാരുണ്യ ചികിത്സാ ധനസഹായ ഫണ്ട് സമയബന്ധിതമായി നൽകിവരുന്നുണ്ട്. ഇതുവരെയായി ടി ആശുപത്രികൾക്ക് 125.72 കോടി രൂപ ധനസഹായം നൽകിക്കഴിഞ്ഞു.

## കാരുണ്യ ബെനവലന്റ് ഫണ്ട്

61 (1602) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബനവലൻറ് ഫണ്ടിൽ നിന്നും സഹായത്തിനുള്ള അപേക്ഷയോടൊപ്പം എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടതെന്നും അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

കാരുണ്യ ബനവലന്റ് ഫണ്ടിൽ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ചികിത്സാ ചെലവ് എസ്റ്റിമേറ്റ്, റേഷൻ കാർഡിന്റെ പകർപ്പ് (പേജ് 1, 2, 3, 22), രോഗിയുടെ ഫോട്ടോ, രോഗിയും കുടുംബവും ഉൾപ്പെടെ വീടിനുമുന്നിൽ നിൽക്കുന്ന ഫോട്ടോ, റേഷൻ കാർഡിലുള്ള മേൽവിലാസം ഇപ്പോഴുള്ള മേൽവിലാസത്തിൽ നിന്നും വ്യത്യസ്തമാണെങ്കിൽ രണ്ട് മേൽവിലാസത്തിലെ ആളും ഒന്നാണെന്ന് തെളിയിക്കുന്നതിനുള്ള വില്ലേജാഫീസർ സാക്ഷ്യപ്പെടുത്തിയ വൺ ആന്റ് സെയിം സർട്ടിഫിക്കറ്റ് എന്നിവ അതാത് ജില്ലാ ഭാഗ്യക്കുറി ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

62 (1603) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് എത്രകോടി രൂപയുടെ ചികിത്സാ ധനസഹായം നൽകി; എത്ര പേർക്ക് ധനസഹായം നൽകി; വിശദമാക്കാമോ ?

ഉത്തരം

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 1,25,723 പേർക്കായി 998.11 കോടി രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട് സഹായം

63 (1604) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ പ്രത്യേകിച്ച് മഞ്ചേശ്വരം മേഖലയിൽ ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ ഗുരുതരരോഗം ബാധിച്ചവർ വളരെ അടുത്തുള്ള മംഗലാപുരത്തെ ആശുപത്രികളിലാണ് ചികിത്സ തേടുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മംഗലാപുരത്തെ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് സഹായം അനുവദിക്കുന്നതിന് സർക്കാരിന്റെ പ്രത്യേകാനുമതി തേടുന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(സി) മംഗലാപുരത്തെ ആശുപത്രികളിൽ ചികിത്സ തേടുന്ന അർഹരായ മുഴുവൻ രോഗികൾക്കും ഈ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ 4-8-2016-ന് കൂടിയ 25-ാമത് സംസ്ഥാനതല കമ്മിറ്റിയിൽ മംഗലാപുരത്തുള്ള ഇൻഡ്യാന ആശുപത്രി, യേനപ്പോയ് ആശുപത്രി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, ഫാദർ മുള്ളർസ് ആശുപത്രി, കസ്തൂർബാ മെഡിക്കൽ കോളേജ്, കെ.എം.സി. ആശുപത്രി എന്നീ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ സഹായം പ്രത്യേകാനുമതിയായി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

## കാരുണ്യ ബെനവലന്റ് പദ്ധതി

64 (1605) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ചികിത്സയ്ക്കുശേഷം പ്രത്യേകാനുമതി ലഭിക്കുന്നതിന് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ലഭിച്ച അപേക്ഷകൾ എത്രയെന്നും ഇവയ്ക്ക് തുക അനുവദിച്ചിട്ടില്ലെങ്കിൽ കാരണം എന്തെന്നും ഇനി അനുവദിക്കാൻ കഴിയുമോയെന്നും വ്യക്തമാക്കാമോ;

(ബി) സമാശ്വാസ ധനസഹായം ലഭിക്കുന്നതിനായി വിവിധ ജില്ലകളിൽ നിന്ന് ലഭിച്ചിട്ടുള്ളതും തീരുമാനം എടുക്കാത്തതുമായ അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇവർക്ക് തുക അനുവദിക്കാത്തതിന്റെ കാരണവും തുക എന്നത്തേക്ക് അനുവദിക്കുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽനിന്നും റീ ഇംബേഴ്സ്മെന്റ് ലഭിക്കുന്നതിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കാതെ അവശേഷിക്കുന്നത് എത്രയെന്നും എന്തു കാരണത്താലാണ് അനുവദിക്കാത്തതെന്നും എന്നത്തേക്ക് ഇവർക്ക് തുക അനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) 1150 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകൾ ജില്ല തിരിച്ച് ഡോക്ടർമാരുടെ കമ്മിറ്റി പരിശോധിച്ചുവരുന്നു. പരിശോധന പൂർത്തിയാകാത്തതിനാലാണ് തുക അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്നത്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്.

(ബി) സമാശ്വാസ സഹായം ലഭിക്കുന്നതിനായി വിവിധ ജില്ലകളിൽനിന്നും ലഭിച്ചിട്ടുള്ള അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കാണിച്ചിട്ടുള്ള പ്രകാരമാണ്. ഈ അപേക്ഷകർക്ക് ഉടനെ തുക അനുവദിക്കുന്നതാണ്:

| ക്രമ നമ്പർ | ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 629 |
| 2 | കൊല്ലം | 53 |
| 3 | വയനാട് | 197 |
| 4 | ആലപ്പുഴ | 440 |

| (1) | (2) | (3) |
|---|---|---|
| 5 | കോട്ടയം | 927 |
| 6 | ഇടുക്കി | 218 |
| 7 | കാസർഗോഡ് | 288 |
| 8 | തൃശ്ശൂർ | 532 |
| 9 | പാലക്കാട് | 768 |
| 10 | പത്തനംതിട്ട | ഇല്ല |
| 11 | എറണാകുളം | 1450 |
| 12 | മലപ്പുറം | 2862 |
| 13 | കണ്ണൂർ | 104 |
| 14 | കോഴിക്കോട് | 290 |
| | ആകെ | 8758 |

(സി) 750 അപേക്ഷകൾ. കാരുണ്യ പദ്ധതി പ്രകാരം രോഗിക്ക് അനുവദിച്ച തുക ആദ്യഘട്ടത്തിൽ ആശുപത്രികൾക്കാണ് കൈമാറ്റം ചെയ്യുന്നത്. ആശുപത്രിയിൽ ചികിത്സയ്ക്കായി ഉപയോഗിച്ചശേഷം ബാക്കി തിരികെ കെ.ബി.എഫ്.-ൽ ലഭ്യമാകേണ്ടതുണ്ട്. കൂടാതെ റീ-ഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട അപേക്ഷയോടൊപ്പം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ, ഡിസ്ചാർജ് സമ്മറി, രോഗിയുടെ ബാങ്ക് പാസ്ബുക്ക് കോപ്പി, മരണപ്പെട്ട കേസാണെങ്കിൽ ഡെത്ത് സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകളും ഹാജരാക്കേണ്ടതുണ്ട്. എന്നാൽ അപേക്ഷകളിൽ അധികവും അപൂർണ്ണമായാണ് ലഭിക്കാറുള്ളത്. എല്ലാ രേഖകളും ആശുപത്രിയിൽനിന്നും ചികിത്സ കഴിഞ്ഞുള്ള ഫണ്ടും ലഭിച്ചാൽ ഉടൻതന്നെ നടപടിക്രമം പാലിച്ച് തുക കൈമാറുന്നതാണ്. അപേക്ഷകൾ, രോഗികളോ ബന്ധുക്കളോ നേരിട്ട് ഹാജരാക്കുന്ന അവസരത്തിൽ അപേക്ഷകളിലെ പോരായ്മകൾ നേരിട്ട് ശ്രദ്ധയിൽപ്പെടുത്തി എത്രയും പെട്ടെന്ന് ഹാജരാക്കുവാൻ നിർദ്ദേശിക്കാറുമുണ്ട്.

തപാൽ മുഖേന ലഭിക്കുന്ന അപൂർണ്ണമായ അപേക്ഷകൾക്ക് യഥാസമയം തന്നെ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിനായി രേഖാമൂലം ആവശ്യപ്പെടാറുമുണ്ട്. ഇവ റീ-ഇംബേഴ്സ്മെന്റ് തുക അനുവദിക്കുന്നതിന് കാലതാമസത്തിനുള്ള പ്രധാന കാരണങ്ങളാണ്. റീ ഫണ്ട് ലഭ്യമായതും പൂർണ്ണമായതുമായ അപേക്ഷകൾക്ക് റീ-ഇംബേഴ്സ്മെന്റ് തുക അനുവദിച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു. ശ്രീചിത്തിര തിരുനാൾ ആശുപത്രി, തിരുവനന്തപുരം, ആർ.സി.സി. തിരുവനന്തപുരം, എം.സി.സി. തലശ്ശേരി, സഹകരണ ആശുപത്രികളായ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കളമശ്ശേരി, കോ-ഓപ്പറേറ്റീവ് പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ എന്നീ ആശുപത്രികൾക്ക് റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ തുക നൽകാൻ നിലവിലെ ഉത്തരവിൽ അവ്യക്തതയുള്ളതിനാൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ലോട്ടറികൾ**

65 (1606) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലോട്ടറികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) സർക്കാർ നിയന്ത്രണത്തിലല്ലാത്ത ലോട്ടറികൾ സംസ്ഥാനത്ത് നിലവിലുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ;

(സി) ലോട്ടറിയുടെ പ്രതിവർഷ വിറ്റു വരവ് എത്ര രൂപയുടേതാണെന്നും അതിലൂടെ സർക്കാരിന് എത്ര തുകയുടെ അധിക വരുമാനം ലഭിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(ഡി) കർഷകരെ സഹായിക്കുന്നതിനായി ഒരു കാർഷിക ലോട്ടറി ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഏഴ് പ്രതിവാര ഭാഗ്യക്കുറികളും ആറ് ബമ്പർ ഭാഗ്യക്കുറികളുമാണ് നിലവിലുള്ളത്. ഇതിനുപുറമെ 'നിർമ്മൽ' എന്ന പേരിൽ ഒരു ദ്വൈവാര ഭാഗ്യക്കുറിയും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 7-10-2016-ന് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സർക്കാർ നിയന്ത്രണത്തിലല്ലാത്ത ലോട്ടറികൾ സംസ്ഥാനത്ത് നിലവിലില്ല.

(സി) 2015-16 സാമ്പത്തിക വർഷം ഭാഗ്യക്കുറിയിൽനിന്നുള്ള വിറ്റുവരവ് 6318.46 കോടി രൂപയും അറ്റാദായം 1461.16 കോടി രൂപയുമാണ്. നടപ്പ് സാമ്പത്തിക വർഷം ആഗസ്റ്റ് വരെയുള്ള വിറ്റുവരവ് 3244.37 കോടി രൂപയും അറ്റാദായം ഏകദേശം 746.21 കോടി രൂപയുമാണ്. 2011-12 സാമ്പത്തിക വർഷം മുതൽ ഭാഗ്യക്കുറിയിൽനിന്നും ലഭിച്ച വിറ്റുവരവ്, അറ്റാദായം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | വിറ്റുവരവ് (റവന്യൂ) (കോടി രൂപയിൽ) | അറ്റാദായം/ലാഭം (കോടി രൂപയിൽ) |
|---|---|---|
| 2011-12 | 1287.22 | 394.87 |
| 2012-13 | 2778.80 | 681.76 |
| 2013-14 | 3793.84 | 788.42 |
| 2014-15 | 5445.84 | 1168.26 |

(ഡി) കാർഷിക ലോട്ടറി ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

### കെ.എഫ്.സി. വായ്പാ കുടിശ്ശിക

66 (1607) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര ബാർ ഹോട്ടലുകൾക്ക് കെ.എഫ്.സി. വായ്പ അനുവദിച്ചിട്ടുണ്ട്; ഇത്തരം സ്ഥാപനങ്ങളുടെ പേര് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞവയിൽ വായ്പ തിരിച്ചടവ് വീഴ്ചവരുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാം; നിലവിലെ ബാദ്ധ്യത എത്ര രൂപയാണ്;

(സി) മുൻ സർക്കാരിന്റെ കാലത്ത് കെ.എഫ്.സി. വായ്പ അനുവദിച്ചതിൽ, വായ്പ തിരിച്ചടവിൽ വീഴ്ചവരുത്തിയ എത്ര ബാർ ഹോട്ടലുകൾ അടച്ചുപൂട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കെ.എസ്.എഫ്.ഇ.-യിലെ നിയമനം

67(1608) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ,എസ്.എഫ്.ഇ.യിൽ 2012 ജനുവരി 1-ന് ശേഷം ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ തസ്തിക മാറ്റം വഴി എത്ര നിയമനം നടന്നു എന്ന് വ്യക്തമാക്കാമോ; നിയമനം നടന്ന തീയതി, എണ്ണം എന്നിവയുടെ വിവരങ്ങൾ പട്ടികയായി നൽകാമോ;

(ബി) 27-5-2016-ലെ WP(C) No 36486/2015(1) നമ്പർ ഹൈക്കോടതി ഉത്തരവ് പ്രകാരം ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിന്ന് എത്ര വിമുക്ത ഭടൻമാരെ നീക്കം ചെയ്തു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം ഇനി ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ എത്ര പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കെ,എസ്.എഫ്.ഇ.-യിലെ പെൻഷൻ പ്രായം എത്രയാണ്;

(ഇ) കെ,എസ്.എഫ്.ഇ.-യിൽ പെൻഷൻ പ്രായം കഴിഞ്ഞിട്ടും നിലവിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്തുവരുന്നതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2012 ജനുവരി 1-നുശേഷം കെ.എസ്.എഫ്.ഇ.-യിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ തസ്തികമാറ്റം വഴി 164 നിയമനങ്ങൾ നടന്നിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | നിയമനം നടന്ന തീയതി | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | 8-6-2012 | 62 |
| 2 | 13-2-2013 | 15 |

| (1) | (2) | (3) |
|---|---|---|
| 3 | 24-6-2013 | 11 |
| 4 | 28-2-2014 | 6 |
| 5 | 28-5-2014 | 10 |
| 6 | 27-10-2016 | 10 |
| 7 | 28-5-2016 | 50 |
| | ആകെ | 164 |

(ബി) കെ.എസ്.എഫ്.ഇ.-യിലെ വിവിധ ശാഖ/ഓഫീസുകളിൽ നിന്നും 495 പേരെ നീക്കം ചെയ്തിട്ടുണ്ട്.

(സി) അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ കണക്കാക്കുന്നത് ആറ് മാസത്തിലൊരിക്കൽ നടത്തപ്പെടുന്ന ബിസിനസ്സ് പുനരവലോകനം വഴിയാണ്. ഇത്തരത്തിൽ 31-3-2016 ആധാരമാക്കി നടത്തിയ ബിസിനസ് പുനരവലോകന പ്രകാരം കെ.എസ്.എഫ്.ഇ. യിലെ അസിസ്റ്റന്റ് തസ്തികയിൽ കണക്കാക്കപ്പെട്ട ഒഴിവുകളുടെ എണ്ണം 472 ആണ്. പ്രസ്തുത ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് ബാധകമായ സ്റ്റാൻഡിംഗ് ഓർഡറുകളിലെ ക്ലോസ് 17-ൽ (i) പ്രകാരം കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സാണ്.

(ഇ) കെ.എസ്.എഫ്.ഇ. യിൽ വിരമിക്കൽ പ്രായം കഴിഞ്ഞിട്ടും ജോലിയിൽ തുടരുന്ന ജീവനക്കാരുടെ എണ്ണം താഴെക്കൊടുക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | അസിസ്റ്റന്റ് ജനറൽ മാനേജർ | 1 |
| 2 | മാനേജർ | 42 |

| (1) | (2) | (3) |
|---|---|---|
| 3 | അസിസ്റ്റന്റ് മാനേജർ | 52 |
| 4 | അസിസ്റ്റന്റ് | 15 |
| 5 | ഓഫീസ് അസിസ്റ്റന്റ് | 10 |
| 6 | ഡ്രൈവർ | 2 |
| | ആകെ | 122 |

**കെ.എസ്.എഫ്.ഇ.-യിലെ താൽക്കാലിക ജീവനക്കാർ**

68 (1609) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ കരാർ/ദിവസവേതന/താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുന്ന വിമുക്ത ഭടൻമാരുടെ പേര്, തസ്തിക, എണ്ണം, ബ്രാഞ്ച് എന്നിവ വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കാമോ;

(ബി) വിമുക്ത ഭടൻമാർ അല്ലാതെ കെ.എസ്.എഫ്.ഇ-യിൽ ദിവസ വേതന/കരാർ/താൽകാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്നവരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യിൽ കരാർ/ദിവസവേതന/താൽക്കാലിക അടിസ്ഥാനത്തിൽ വിമുക്ത ഭടന്മാരെ ഇപ്പോൾ നിയോഗിച്ചിട്ടില്ലെന്ന് അറിയിച്ചു കൊള്ളുന്നു.

(ബി) നിലവിൽ കെ.എസ്.എഫ്.ഇ.-യിൽ ഡ്രൈവർ തസ്തികയിൽ നാല് പേർ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്.

**കെ.എസ്.എഫ്.ഇ.-യിൽ ജോലി ചെയ്യുന്ന വിമുക്ത ഭടന്മാർ**

69 (1610) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ 1-6-2016 മുതൽ ഇന്നേവരെ ദിവസവേതന അടിസ്ഥാനത്തിലോ, കരാർ അടിസ്ഥാനത്തിലോ, താൽക്കാലികാടിസ്ഥാനത്തിലോ വിമുക്ത ഭടന്മാർ ജോലി ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ അപ്രകാരം ജോലി ചെയ്യുന്ന വിമുക്തഭടന്മാരുടെ എണ്ണം, പേര്, തസ്തിക, ബ്രാഞ്ച് എന്നിവ വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കാമോ;

(സി) വിമുക്തഭടന്മാർ അല്ലാതെ കെ.എസ്.എഫ്.ഇ.-യിൽ ദിവസവേതനം/ കരാർ/താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം തസ്തിക തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) ഇല്ല.

(സി) നിലവിൽ കെ.എസ്.എഫ്.ഇ.-യിൽ നാല് ഡ്രൈവർമാർ താല്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്നുണ്ട്.

**കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്**

70 (1611) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് നിലവിലുള്ള പോളിസികളുടെ മുൻകാലങ്ങളിലെ പ്രീമിയം അടവിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നതിന് എത്ര സമയം വേണ്ടി വരുമെന്ന് അറിയിക്കുമോ;

(സി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് നിലവിലുള്ള പോളിസികളുടെ മുൻകാലങ്ങളിലെ പ്രീമിയം അടവിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയെങ്കിലും ആയത് ചെലവേറിയതും ചുരുങ്ങിയ സമയത്തിനുള്ളിൽ ചെയ്തുതീർക്കാൻ പ്രയാസവുമായതിനാൽ ഒരു ചെറിയ വെബ് അധിഷ്ഠിത ആപ്ലിക്കേഷനിലൂടെയോ സ്പാർക്കിൽ ഇതിനായി ഒരു ഇന്റർഫേസ് ചെയ്തോ പോളിസി സംബന്ധിച്ച വിവരങ്ങൾ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ വഴി അപ്‌ലോഡ് ചെയ്ത് ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എട്ട് ലക്ഷത്തോളം പോളിസികളുടെയും അഞ്ച് ലക്ഷത്തോളം അക്കൗണ്ടുകളുടേയും വരിസംഖ്യാ കിഴിവ് സംബന്ധിച്ച വിവരം ശേഖരിക്കുന്നത് ഒരു ബൃഹത്തായ പദ്ധതിയായതിനാൽ വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ട സമയം കൃത്യമായി നിർണ്ണയിക്കാൻ നിർവ്വാഹമില്ല.

(സി) വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ/സ്പാർക്ക് ഇന്റർഫേസ്-ലെ വിവര ശേഖരണത്തിലെ പുരോഗതി വിലയിരുത്തിയ ശേഷം മാത്രമെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

**കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്**

71 (1612) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നടപടികൾ ആരംഭിച്ചത് എന്നെന്ന് വ്യക്തമാക്കുമോ;

(സി) എത്രകാലം കൊണ്ട് കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്; കാലതാമസം നേരിടേണ്ടിവന്നതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഏത് സ്ഥാപനമാണ് സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നത്; അവർക്ക് നൽകാനുള്ള പ്രതിഫലം എത്രയാണെന്നും നാളിതുവരെ എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ നടപടികൾ അവസാന ഘട്ടത്തിലാണ്. വകുപ്പിന്റെ 60 ശതമാനം പ്രവർത്തനങ്ങളും നിലവിൽ സോഫ്റ്റ് വെയറിലൂടെയാണ് നിർവ്വഹിക്കുന്നത്.

(ബി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിനായി കെൽട്രോണുമായി 30-10-2010-നാണ് കരാറിലേർപ്പെട്ടത്.

(സി) കരാറിലേർപ്പെട്ട് 70 ദിവസത്തിനകം പദ്ധതി പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. കെൽട്രോണിന്റെ ഭാഗത്തുനിന്നും സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിലുണ്ടായ കാലതാമസമാണ് പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാതിരുന്നത്.

(ഡി) കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണാണ് സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നത്. പദ്ധതിയുടെ മുഴുവൻ തുക 1,22,82,982 രൂപയാണ്. നാളിതുവരെ കെൽട്രോണിന് 93,69,789 രൂപ പ്രതിഫലമായി നൽകിയിട്ടുണ്ട്.

## ഇ-സ്റ്റാമ്പിംഗ് പദ്ധതി

72 (1613) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂവുടമസ്ഥത കൈമാറ്റം രജിസ്റ്റർ ചെയ്യുന്നതിന് പരമ്പരാഗത മുദ്രപത്രങ്ങളെ ഒഴിവാക്കി കമ്പ്യൂട്ടറധിഷ്ഠിതമായി നടപ്പാക്കുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ;

(സി) ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇ-സ്റ്റാമ്പിംഗ് സേവനത്തിനാവശ്യമായ സോഫ്റ്റ്‌വെയർ സംവിധാനം രൂപകല്പന ചെയ്ത് ആയതിന്റെ പരീക്ഷണ പരിപാടികൾ നടന്നുവരുന്നു. ആയതിനാൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തീയതി നിശ്ചയിച്ച് നൽകിയിട്ടില്ല.

(ബി) ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ വിവരിക്കുന്നു:

1. വ്യാജമുദ്രപ്പത്രങ്ങൾ തടയുവാൻ കഴിയുന്നു.
2. ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ കഴിയുന്നതാണ്.
3. ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനമുള്ളതിനാൽ തിരിമറികൾക്ക് സാദ്ധ്യതയില്ല.

4. സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തരം ആയതിനാൽ തിരുത്തലുകൾക്ക് സാദ്ധ്യതയില്ല.

5. ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്.

(സി) 1. പദ്ധതി നടപ്പിലാക്കുന്നതിനായി G.O. (Ms) No. 19/2016/TD dated 9-2-2016 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിനായി കേരള മുദ്രപ്പത്ര നിയമത്തിൽ ആവശ്യമായ നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഇ-സ്റ്റാമ്പിംഗ് സേവനത്തിനാവശ്യമായ സോഫ്റ്റ് വെയർ സംവിധാനം രൂപകല്പന ചെയ്ത് ആയതിന്റെ പരീക്ഷണ പരിപാടികൾ നടന്നുവരുന്നു. ഇതുസംബന്ധിച്ച് നാഷണൽ ഇൻഫോർമാറ്റിക് സെന്ററു (NIC)-മായും ട്രഷറി വകുപ്പുമായും ചർച്ച നടത്തിവരുന്നു.

**കയർ ബോർഡ്**

73 (1614) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനമായ 'കയർ ബോർഡ്' ആലപ്പുഴയിൽ നിന്നും തമിഴ് നാട്ടിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ശ്രമിച്ചു വരുന്നതായുള്ള മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനം സംസ്ഥാനത്തു തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**കയർ മേഖല**

74 (1615) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ഉണർവ്വേകാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി സ്വകാര്യ സംരംഭകരുടെ സഹകരണം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കയർ തൊഴിലാളികൾക്കും സംഘങ്ങൾക്കും ഗുണകരമായിട്ടുള്ള കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ;

(ഡി) കയറിന്റെ ആഭ്യന്തര, വിദേശ വിപണി വിപുലപ്പെടുത്താൻ പദ്ധതിയിൽ വേണ്ട പ്രാധാന്യം നൽകുമോ ?

ഉത്തരം

(എ) കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ഒരു രണ്ടാം പുനസംഘടനാ പദ്ധതിക്ക് സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പു വരുത്തി കയർഫെഡ് സംഭരിക്കും. ഇതുപോലെ കയർ ഉല്പന്നങ്ങൾ കയർ കോർപ്പറേഷനും സംഭരിക്കും. വിലസ്ഥിരതാ ഫണ്ട് 17 കോടി രൂപയിൽനിന്നും 100 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കയർ ഉല്പന്നങ്ങൾക്ക് 20 ശതമാനം റിബേറ്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ മേഖലയിലും കയർ പിരി തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നുണ്ട്. സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സർക്കാരിനുള്ളത്.

(സി) തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തിയാണ് കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവ സംഭരണം നടത്തുക. സംരംഭകർക്ക് ചകിരി ഉല്പാദന മേഖലയിൽ 50 ശതമാനം അധിക സബ്സിഡി നൽകുന്നതാണ്.

(ഡി) കയറിന്റെ വില സ്ഥിരതാ ഫണ്ട് 17 കോടി രൂപയിൽനിന്നും 100 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന കയർ ഉല്പന്നങ്ങൾ കയർ കോർപ്പറേഷൻ സംഭരിച്ച് എക്സ്പോർട്ടർമാർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. കയർഫെഡും വിദേശ വിപണിയിൽ കയർ നൽകുന്നുണ്ട്. ആഭ്യന്തര വിദേശ വിപണി കണ്ടെത്തുന്നതിനായി ദേശീയ അന്തർദ്ദേശീയ വിപണന മേളകളിൽ പങ്കെടുക്കുകയും കൂടാതെ കയർ കേരള പോലെയുള്ള മേളകൾ സംഘടിപ്പിച്ച് വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രൈമറി സഹകരണ സംഘങ്ങളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി മുൻവർഷത്തെ വിറ്റുവരവിന്റെ 10 ശതമാനം ഉല്പാദന

വിപണന പ്രചോദനമായി നൽകുന്നു. മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് പദ്ധതി പ്രകാരം മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾക്കും കയർഫെഡിനും കയർ കോർപ്പറേഷനും ഫോംമില്ലിനും കഴിഞ്ഞ മൂന്ന് വർഷത്തെ പൊതു വിപണിയിലുള്ള വിറ്റുവരവിന്റെ ശരാശരിയുടെ 10 ശതമാനം തുക വിപണി വികസന ധനസഹായമായി നൽകിവരുന്നു.

**കയർ മേഖലയുടെ ആധുനികവത്കരണം**

75 (1616) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖല ആധുനികവത്ക്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) മുൻസർക്കാർ സ്വീകരിച്ച നടപടികളിലൂടെ കയർ മേഖലക്കുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ കഴിഞ്ഞ രണ്ട് സർക്കാർ കാലയളവിനുള്ളിൽ കയർ മേഖലയുടെ വളർച്ചാനിരക്ക് എത്ര ശതമാനമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിൽ യന്ത്രവത്കരണത്തിനുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കി കയർ സഹകരണ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും പ്രവർത്തിക്കാത്ത സംഘങ്ങളെ അമാൽഗമേറ്റ് ചെയ്യുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

(ബി&സി) പുരോഗതിയും വളർച്ചാ നിരക്കും സംബന്ധിച്ച് കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

**കയറുല്പന്നങ്ങളുടെ വില്പന**

76 (1617) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തികവർഷത്തിൽ കയറും കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്തതിലൂടെ എത്ര തുക സംസ്ഥാനത്തിന് ലഭ്യമായി എന്ന് വ്യക്തമാക്കാമോ;

(ബി) കയറുൽപ്പന്നങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കയർഫെഡ് 29.17 ലക്ഷം രൂപയുടെയും ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. 13.05 ലക്ഷം രൂപയുടെയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 8.14 കോടി രൂപയുടെയും ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്.

(ബി) വിപണി വർദ്ധിപ്പിക്കുന്നതിനായി വിവധ സ്ഥലങ്ങളിൽ പ്രദർശന വില്പനശാലകൾ ആരംഭിക്കുകയും ഉപഭോക്താവിനെ ആകർഷിക്കുന്നതിനായി മുന്തിയ ഡിസ്കൗണ്ടുകൾ, സമ്മാന പദ്ധതി, ഉല്പന്നങ്ങളോടൊപ്പം കോംപ്ലിമെന്റുകൾ എന്നിവയും ഏജന്റുമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻസെന്റീവ് സ്കീമുകൾ, സമ്മാനങ്ങൾ എന്നിവയും ഷോറൂം ജീവനക്കാർക്ക് പ്രത്യേക ഇൻസെന്റീവ് പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കയർ ഉല്പന്നങ്ങൾക്ക് ഉത്സവകാലത്ത് സർക്കാർ റിബേറ്റ് അനുവദിച്ചിട്ടുണ്ട്. സംഘങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് (പി.എം.ഐ.), മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ.) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**കയറുല്പന്നങ്ങളുടെ ഗുണമേന്മ**

77 (1618) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറുൽപ്പന്നങ്ങളുടെ ഗുണമേൻമ ഉറപ്പാക്കുന്നതിന് കയർഫെഡ് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) 2016-ലെ ഓണക്കാലത്ത് കയർ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി ലഭിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചുവെന്നും അതുവഴി വിപണനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(സി) കയർ വ്യവസായത്തിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് വിശദമാക്കുമോ;

(ഡി) കയർ മേഖലയിലെ സംരംഭകരെ സംരക്ഷിക്കുന്നതിനും കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കുമോ?

## ഉത്തരം

(എ) കയർഫെഡ് അംഗസംഘങ്ങൾക്ക് ഓർഡർ നൽകി മാത്രമാണ് കയർ ഉല്പന്നങ്ങൾ സംഭരിക്കുന്നത്. അംഗസംഘങ്ങൾക്ക് ടി ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ ഗുണമേന്മയേറിയ കയർ കയർഫെഡ് തന്നെ നൽകുന്നു. വ്യക്തമായ സ്പെസിഫിക്കേഷനുള്ള ഉല്പന്നങ്ങൾ മാത്രമേ കയർഫെഡ് ഉല്പാദിപ്പിക്കുന്നുള്ളൂ. കർശനമായ ഗുണമേന്മാ പരിശോധനയ്ക്ക് ഉല്പന്നങ്ങളെ വിധേയമാക്കുന്നു. കയർ ബോർഡിന്റെ കയർമാർക്ക് ഇൻസ്പെക്ഷനും ഉല്പന്നങ്ങളെ വിധേയമാക്കുന്നു.

(ബി) ഓണക്കാലത്ത് വിപണി വർദ്ധിപ്പിക്കുന്നതിനായി കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവർ പ്രദർശന വിപണന ശാലകൾ ആരംഭിക്കുകയുണ്ടായി. ഉപഭോക്താവിനെ ആകർഷിക്കുന്നതിനായി ഡിസ്കൗണ്ട്, സമ്മാന പദ്ധതി, ഉല്പന്നങ്ങളോടൊപ്പം കോംപ്ലിമെന്റ് എന്നിവയും ഏജന്റുമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻസെന്റീവ് സ്കീമുകൾ, സമ്മാനങ്ങൾ എന്നിവയും ഷോറൂം ജീവനക്കാർക്ക് പ്രത്യേക ഇൻസെന്റീവ് പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) ആധുനികവത്കരണത്തിന്റെ ഭാഗമായി പുതിയ ഉല്പന്നങ്ങൾ വികസിപ്പിച്ച് വിപണിയിൽ എത്തിക്കുന്നതിന് ഉല്പന്നത്തിന്റെ പാക്കിംഗും ലേബലിംഗും മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിനും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ഹാന്റ്ലിംഗ് എക്വിപ്മെന്റ്സ് സ്ഥാപിക്കുന്നതിനും ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ജോലി ചെയ്യുന്ന സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും നടപടികൾ കയർ വ്യവസായത്തിൽ ഭാഗീക യന്ത്രവത്കരണം എന്ന പദ്ധതിയിലൂടെ സ്വീകരിച്ചുവരുന്നു. നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എല്ലാ നിയന്ത്രണങ്ങളും നീക്കി പൂർണ്ണതോതിലുള്ള യന്ത്രവത്കരണം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഡി) സബ്സിഡി സ്കീമുകൾ, ഇൻസെന്റീവ് സ്കീമുകൾ എന്നിവ നടപ്പിലാക്കിവരുന്നു. സ്വകാര്യ സംരംഭകർ ഉല്പാദിപ്പിക്കുന്ന കയർ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തി കയർഫെഡ് സംഭരിച്ചുവരുന്നു.

## സ്റ്റാർട്ട് അപ് സംരംഭകത്വം

78 (1619) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്റ്റാർട്ട് അപ് സംരംഭകത്വം സംബന്ധിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിലേക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടിട്ടുള്ളത്; ഇതിലേക്കായി നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാന ഐ.ടി. വകുപ്പിന്റെ ആഭിമുഖ്യത്തിൽ യുവ/വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കാനായി 2012-ൽ ഒരു സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് സ്കീം തയ്യാറാക്കുകയും 2014-ൽ ടെക്നോളജി സ്റ്റാർട്ട് അപ് പോളിസിക്കായി 1-10-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 44/2015/ഐ.ടി.ഡി. പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെയും ഉള്ളടക്കത്തിന്റെയും പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സാങ്കേതിക സ്റ്റാർട്ട് അപ് നയം നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള സ്റ്റാർട്ട് അപ് മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റാർട്ട് അപ് നയം സർക്കാർ ഉത്തരവായാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത നയം നടപ്പിലാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും കേരള സ്റ്റാർട്ട് അപ് മിഷൻ മുഖേന ഒരുക്കിയിട്ടുണ്ട്.

## മലബാർ സിമന്റിന്റെ ലഭ്യത

79 (1620) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ സിമന്റിന്റെ ലഭ്യത തെക്കൻ കേരളത്തിലും ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്നും മലബാർ സിമന്റ്സ് കമ്പനിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി ആരംഭിക്കുമോയെന്നും വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

തെക്കൻ കേരളത്തിൽ വിപണനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അടഞ്ഞു കിടന്നിരുന്ന ചേർത്തലയിലെ (2 ലക്ഷം ടൺ ഉല്പാദന ശേഷിയുള്ള) ഗ്രൈൻഡിംഗ് യൂണിറ്റ് തുറന്ന് പ്രവർത്തനം ആരംഭിച്ചു. കൂടാതെ കമ്പനി നേരിട്ട് പാട്ടത്തിനെടുത്ത കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ക്ലിങ്കറും സിമന്റും ഇറക്കുമതി ചെയ്ത് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഒരു പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.

**ബാംബൂ യൂണിറ്റിന്റെ പുനരുദ്ധാരണം**

80 (1621) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ ബാംബു കോർപ്പറേഷന്റെ യൂണിറ്റുകൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ വളയം-ചെക്യാട് പൂങ്കുളം, ബാംബു യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബാംബു യൂണിറ്റിന്റെ പുനരുദ്ധാരണത്തിന് സർക്കാരിന് പദ്ധതികൾ ഉണ്ടോ?

ഉത്തരം

(എ) ബാംബൂ കോർപ്പറേഷന്റെ യൂണിറ്റുകളായി ബാംബൂ പ്ലൈ നിർമ്മിക്കുന്ന ഫാക്ടറി അങ്കമാലിയിലും ബാംബൂ ഫ്ലോറിംഗ് ടൈൽ നിർമ്മിക്കുന്ന ബാംബൂ ഫ്ലോറിംഗ് ടൈൽസ് ഫാക്ടറി നല്ലളത്തും നാദാപുരം, മാനന്തവാടി, പാലക്കാട് എന്നീ സ്ഥലങ്ങളിൽ ഫീഡർ യൂണിറ്റുകളും പ്രവർത്തിക്കുന്നു. കൂടാതെ പരമ്പരാഗത മേഖലയിൽ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ 14 കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകൾ, ഈറ്റ വിതരണത്തിന് 12 സെന്ററുകൾ, ഈറ്റ സംഭരിക്കുന്നതിന് 9 സെന്ററുകൾ, പനമ്പ് ശേഖരിക്കുന്നതിന് 60 ഡിപ്പോകൾ എന്നിവയും പ്രവർത്തിക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ ബാംബൂ ഫ്ലോറിംഗ് ടൈൽസ് ഫാക്ടറിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഫീഡർ യൂണിറ്റ് നാദാപുരം മണ്ഡലത്തിലെ വളയം-ചെക്യാട്, പൂങ്കുളം എന്ന സ്ഥലത്താണ് പ്രവർത്തിച്ചുവരുന്നത്. ബാംബൂ ഫ്ലോറിംഗ് ടൈൽസിനും അനുബന്ധ ഉല്പന്നങ്ങൾക്കും വേണ്ടിയുള്ള ബാംബൂ സ്ട്രിപ്പുകൾ, മുളകൾ

തുടങ്ങിയവ ഈ ഫീഡർ യൂണിറ്റിൽനിന്ന് പ്രോസസ് ചെയ്ത് കോഴിക്കോട് നല്ലളത്ത് പ്രവർത്തിക്കുന്ന ഫാക്ടറിയിലേയ്ക്ക് എത്തിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ആയതിലേയ്ക്കുവേണ്ട അത്യാവശ്യ മെഷിനറികളും സജ്ജമാക്കിയിരുന്നു. എന്നാൽ മുള സംസ്കരിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. അതിനുവേണ്ടി കാടാമ്പുഴ യൂണിറ്റിലുള്ള മാനുവൽ യൂണിറ്റ് ഇവിടേയ്ക്ക് മാറ്റിയിട്ടുണ്ട്. ആവശ്യത്തിന് മുള ലഭിക്കാത്തതുമൂലം പ്രസ്തുത യൂണിറ്റ് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല.

(സി) ആവശ്യമായ മൂലധനവും അസംസ്കൃത വസ്തുക്കളും ലഭ്യമാക്കി യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിന്റെ വികസനം**

81 (1622) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിലെ മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിന്റെ വികസനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2006-2011 കാലയളവിൽ അന്നത്തെ സർക്കാർ നടപ്പിലാക്കിയ വികസന പദ്ധതികളുടെ തുടർച്ചയായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൊയിലാണ്ടിയിലെ മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് അതിനെ കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനായി നവീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) 2006-2011 കാലയളവിൽ അന്നത്തെ സർക്കാർ നടപ്പിലാക്കിയ വികസന പദ്ധതികളുടെ തുടർച്ചയായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ എൽ.ഇ.ഡി. ലൈറ്റുകളുടെ നിർമ്മാണത്തിനും ഗുണപരിശോധനയ്ക്കുമായി മികച്ച യന്ത്രസാമഗ്രികളും മറ്റും സ്ഥാപിച്ചു.
2. വിവിധ ശ്രേണിയിലുള്ള എൽ.ഇ.ഡി. ലൈറ്റുകളുടെ (സ്ട്രീറ്റ് ലൈറ്റ്, ട്യൂബ് ലൈറ്റ്, ലാൻടേൺ ലൈറ്റ്) നിർമ്മാണ പ്രവർത്തനങ്ങൾ യൂണിറ്റിൽ നടന്നുവരുന്നു.

3. സി-ഡാക്കിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഡിജിറ്റൽ ഹിയറിംഗ് എയ്ഡിന്റെ നിർമ്മാണവും നടന്നുവരുന്നു.

## സിഡ്കോ, കെ.എസ്.ഐ.ഇ. എന്നിവ മുഖേന സ്ഥാപിക്കുന്ന ഹൈമാസ്റ്റ് ലൈറ്റുകൾ

82 (1623) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോ, കെ.എസ്.ഐ.ഇ. എന്നിവ ഹൈമാസ്റ്റ് ലൈറ്റുകളുടെ ഉൽപ്പാദനമോ വിതരണമോ നടത്തുന്നുണ്ടോ;

(ബി) നിയമസഭാ സാമാജികർക്കായുള്ള പ്രത്യേക വികസനഫണ്ട് വിനിയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി സിഡ്കോ, കെ.എസ്.ഐ.ഇ. എന്നിവയ്ക്ക് നൽകുന്ന പ്രവൃത്തികൾ ഏത് ഏജൻസി മുഖാന്തിരമാണ് നടത്തുന്നത്;

(സി) പ്രസ്തുത ലൈറ്റുകളുടെ സ്ഥാപനം, പരിപാലനം എന്നിവ നിർവഹിക്കുന്നതിന് കൊല്ലം ജില്ലയിൽ സിഡ്കോ, കെ.എസ്.ഐ.ഇ. ചുമതലപ്പെടുത്തിയ ഏതെങ്കിലും ഏജൻസിയുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സിഡ്കോ, കെ.എസ്.ഐ.ഇ. എന്നിവ ഹൈമാസ്റ്റ് ലൈറ്റുകൾ ഉത്പാദിപ്പിക്കുന്നില്ല. വിതരണം മാത്രം നടത്തുന്നുണ്ട്.

(ബി) നിയമസഭാ സാമാജികർക്കായുള്ള പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ഇ. ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഏൽപ്പിക്കുന്നത് സ്ഥാപനം അംഗീകരിച്ച വിക്രേതാക്കളുടെ പട്ടികയിൽ ഉൾപ്പെടുന്ന ഏജൻസിയെയാണ്. സിഡ്കോയ്ക്ക് വിപണനം മാത്രമാണുള്ളത്. വിൽപ്പന വരുന്ന മുറയ്ക്ക് ടെണ്ടർ ക്ഷണിച്ച് വിൽപ്പന ഏൽപ്പിക്കുകയാണ് ചെയ്യുന്നത്.

(സി) കൊല്ലം ജില്ലയിൽ സിഡ്കോയ്ക്ക് ഏജൻസി ഇല്ല. കെ.എസ്.ഐ.ഇ.- ക്ക് രണ്ട് വിക്രേതാക്കൾ കൊല്ലം ജില്ലയിലുണ്ട്.

1. M/s. J.N. Lighting Kerala, 1st Floor, Mary Vill Annex, West Othara P.O., Thiruvalla - 689 551.

2. M/s. R.G. Electronics, Nandanam (Snehatheeram), Padinjattinkara, Kottarakkara, Kollam - 691 506.

## നിക്ഷേപ സൗഹൃദ വ്യവസായ നയം

83 (1624) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപ സൗഹൃദ വ്യവസായ നയം രൂപീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ പരിസ്ഥിതി സൗഹൃദവും വൈദ്യുതി ഉപഭോഗം കുറഞ്ഞതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതും നിക്ഷേപ സൗഹൃദവുമായ വ്യവസായശാലകൾ സ്ഥാപിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വിശദമാക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് വ്യവസായ വികസനത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിരുന്നോ;

(ഡി) എങ്കിൽ ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിവരിക്കാമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് നിക്ഷേപ സൗഹൃദപരമായ ഒരു വ്യവസായ നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതികളും ക്ലിയറൻസുകളും ഓൺലൈൻ സംവിധാനങ്ങൾ വഴി നൽകുക, ഭൂമി അനുവദിക്കുന്നതിന് അലോട്ട്മെന്റ് പോളിസി, നിക്ഷേപ സൗഹൃദ എക്സിറ്റ് പോളിസി, വിദ്യാർത്ഥി, യുവ, വനിത സംരംഭകർക്ക് പ്രോത്സാഹനം, പാരമ്പര്യ വ്യവസായങ്ങൾക്ക് പ്രത്യേക പദ്ധതികൾ, ലൈഫ് സയൻസ് ഭക്ഷ്യ സംസ്കരണം ഫാർമസ്യൂട്ടിക്കൽസ് മേഖലകൾക്ക് ഊന്നൽ, നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് ടി നയത്തിൽ പ്രാധാന്യം നൽകുവാൻ ഉദ്ദേശിക്കുന്നു. പാരിസ്ഥിതിക/മലിനീകരണ പ്രശ്നങ്ങളുണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം

ചെയ്യുന്നതുമായ ഫാർമസി, ഹൈ എൻഡ് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ ആലോചിക്കുന്നത്. പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളായ ചക്ക, പൈനാപ്പിൾ, വാഴപ്പഴം, നാളികേരം, സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കും ഊന്നൽ നൽകുന്നതിന് ഉദ്ദേശിക്കുന്നു.

(സി&ഡി) മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വികസനത്തിനുവേണ്ടി എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കാലടി റൈസ് മില്ലേഴ്സ് ക്ലസ്റ്റർ, പെരിന്തൽമണ്ണ വുഡ് ക്ലസ്റ്റർ, മഞ്ചേരി ജനറൽ എഞ്ചിനീയറിംഗ് ക്ലസ്റ്റർ തുടങ്ങിയ ക്ലസ്റ്റർ വികസന പദ്ധതികൾ നടപ്പിലാക്കി. പൂവൻതുരുത്ത്, ഇടയാർ, അരൂർ എന്നീ മൂന്ന് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ട് വികസന പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. കോഴിക്കോട് ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ, പാലക്കാട് LEIP എന്നിവിടങ്ങളിൽ Standard Design Factory (SDF) കളുടെ നിർമ്മാണം ആരംഭിച്ചു. ചേർത്തലയിൽ 65 ഏക്കർ സ്ഥലത്ത് കേന്ദ്ര സഹായത്തോടുകൂടി ഏകദേശം 300 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന ഒരു മറൈൻ മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് പാർക്ക് ആരംഭിക്കുന്നതിനുവേണ്ടി 100 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും ഐ.ജി.സി. കണ്ണൂർ, ഐ.ജി.സി. കിനാലൂർ എന്നിവിടങ്ങളിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുമുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

## വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ഹർത്താലുകൾ

84 (1625) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ഹർത്താലുകൾ വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുകിട വ്യവസായ സംരംഭങ്ങളെ ഹർത്താൽ ഏതെല്ലാം രീതിയിലാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) പ്രസ്തുത സംരംഭങ്ങളെ ഹർത്താലിൽ നിന്ന് ഒഴിവാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സംഘടനകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) തൊഴിൽ മേഖലയിലുണ്ടാവുന്ന സ്തംഭനാവസ്ഥമൂലം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയിലുണ്ടാകുന്ന പ്രതികൂലാവസ്ഥ മറികടക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. സംസ്ഥാനത്ത് അടിക്കടി ഹർത്താലുകളുണ്ടാകുന്ന സാഹചര്യം നിലവിലില്ല.

(ബി&സി) വിലയിരുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഒരു സംഘടനയും സർക്കാരിനെ സമീപിച്ചിട്ടില്ല.

(ഡി) തൊഴിൽ മേഖലയിൽ സ്തംഭനാവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചെറുകിട വ്യവസായ വികസനം**

85(1626) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഈ മേഖലയിൽ ഉണ്ടായ വളർച്ച മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ടോ;

(സി) ജനസംഖ്യാനുപാതികമായി ഈ മേഖലയിൽ സംസ്ഥാനത്തിന്റെ വളർച്ച എത്ര ശതമാനം ആയിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ

ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

(ബി) ഉണ്ട്.

(സി) കേരള സംസ്ഥാനത്ത് മൊത്തം ജനസംഖ്യയുടെ 9.94 ശതമാനം മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് സെക്ടറുമായി ബന്ധപ്പെട്ട് ജോലി ചെയ്തുവരുന്നു. കൂടാതെ മൊത്തം ജനസംഖ്യയുടെ 4.32 ശതമാനം മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇത് മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെ കൂടുതലാണ്.

**കൊരട്ടി കിൻഫ്ര**

86 (1627) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള കൊരട്ടി ഗവൺമെൻറ് ഓഫ് ഇന്ത്യാ പ്രസ്സിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കിൻഫ്രയുടെ വികസനത്തിനായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊരട്ടിയിൽ കിൻഫ്ര സ്ഥാപിച്ച വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ച് വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 37000 ച. അടി ആകെ വിസ്തീർണ്ണമുള്ള രണ്ട് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളും കിൻഫ്ര സ്ഥാപിച്ച് അലോട്ട്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കൊരട്ടി ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ്സിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനായി കിൻഫ്ര കേന്ദ്ര സർക്കാരുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്.

## വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ

87 (1628) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികൾക്ക് വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം പുതിയ സംരംഭങ്ങളാണ് ഇതിനായി ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ:

(സി) ഏതൊക്കെ മേഖലകളാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നിക്ഷേപം ആകർഷിക്കുവാനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംരംഭകത്വ സഹായ പദ്ധതി (ESS), PMEGP തുടങ്ങിയ സ്കീമുകൾ വഴി പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ധനസഹായം നൽകുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സംസ്ഥാനത്തെ കരകൗശല തൊഴിലാളികൾക്ക് അവരുടെ തൊഴിൽ നൈപുണ്യത്തിനുവേണ്ടിയുള്ള സാങ്കേതിക പരിശീലനം വിവിധ ജില്ലകളിൽ നൽകിവരുന്നുണ്ട്.

(ബി) വ്യവസായ മേഖലയിൽ ബഹുനില കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ചും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും നിക്ഷേപം ആകർഷിക്കാൻ പദ്ധതിയുണ്ട്. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതുവഴി പുതിയ സംരംഭകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ത്രിതല പഞ്ചായത്തുകൾ വ്യാവസായിക ആവശ്യങ്ങൾക്ക് വാങ്ങിയ ഭൂമിയിൽ ടി സ്ഥാപനങ്ങളുമായി ചേർന്ന് ബഹുനില കെട്ടിട സമുച്ചയങ്ങൾ പണിത് സംരംഭകർക്ക് നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി ക്ലസ്റ്റർ സംരംഭങ്ങൾ ആരംഭിച്ച് സംരംഭകർക്ക് സഹായം നൽകിവരുന്നു. ഈ സ്കീമിൽ താഴെപ്പറയുന്ന അഞ്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. വുഡ് ക്ലസ്റ്റർ, ചടയമംഗലം, കൊല്ലം
2. ഫർണിച്ചർ ക്ലസ്റ്റർ, തളിപ്പറമ്പ്, കണ്ണൂർ
3. ഓഫ് സെറ്റ് പ്രിന്റേഴ്സ് ക്ലസ്റ്റർ, കണ്ണൂർ
4. ഫർണിച്ചർ ക്ലസ്റ്റർ, കോഴിക്കോട്
5. ട്രഡീഷണൽ ഫർണിച്ചർ ക്ലസ്റ്റർ, ചെവ്വൂർ, തൃശ്ശൂർ.

ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ വാണിജ്യ മന്ത്രാലയത്തിൽനിന്നും ഇന്നവേറ്റീവ് ഇന്റർനാഷണൽ ഫർണിച്ചർ ഹബ്ബ് പദ്ധതി നടപ്പിലാക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

(സി) എല്ലാ മേഖലകളിലും വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹനം നൽകുവാൻ ലക്ഷ്യമിടുന്നുവെങ്കിലും റബ്ബർ, പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ, ഭക്ഷ്യസംസ്കരണം, റെഡിമെയ്ഡ് ഗാർമെന്റ്സ്, മുള, ഈറ്റ, കൈത്തറി, കരകൗശലം തുടങ്ങിയ മേഖലകളിൽ ഊന്നൽ നൽകി വ്യവസായ വകുപ്പുവഴി നേരിട്ട് സഹായം നൽകിവരുന്നു. ഇലക്ട്രോണിക്സ്, ഭക്ഷ്യ സംസ്കരണം, പ്രതിരോധം, പ്ലാസ്റ്റിക് തുടങ്ങിയ മേഖലകളിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ കിൻഫ്ര നടപടി സ്വീകരിച്ചുവരുന്നു.

## വ്യവസായ മേഖലയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

88 (1629) <u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇതിനായി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളും സഹായങ്ങളുമാണ് നൽകാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

(സി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) വ്യവസായ മേഖലയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക് തുടങ്ങിയവയിലൂടെ സംരംഭകർക്കുവേണ്ട ബോധവൽക്കരണം നടത്തുന്നു.

2. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നു.

3. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടിയെടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.

4. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു.

5. വ്യവസായ എസ്റ്റേറ്റുകളിൽ ലഭ്യതയനുസരിച്ച് വ്യവസായ സംരംഭകർക്ക് വ്യവസായ ഭൂമി ലഭ്യമാക്കുന്നു.

കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി (ESS - Entrepreneur Support Scheme) നടപ്പിലാക്കിവരുന്നു. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15 ശതമാനം സഹായമായി നൽകുന്നത് പരമാവധി 20 ലക്ഷം രൂപ വനിതാ സംരംഭങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ സംരംഭങ്ങൾക്കും യുവ സംരംഭങ്ങൾക്കും സ്ഥിര മൂലധന

നിക്ഷേപത്തിന്റെ 20 ശതമാനം സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം, പരമാവധി 10 ലക്ഷം രൂപ, അധിക സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം, പരമാവധി 10 ലക്ഷം രൂപ, അധിക സഹായം നൽകിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10 ശതമാനം, പരമാവധി 10 ലക്ഷം രൂപ, അധിക സഹായം ലഭിക്കും. കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു:

1. കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാനായി സംസ്ഥാനത്തെ വിവിധ മേഖലകൾക്ക് ഊന്നൽ നൽകി ദേശീയ തലത്തിലും രാജ്യാന്തര തലത്തിലും നിക്ഷേപക സംഗമങ്ങളും സെമിനാറുകളും സംഘടിപ്പിക്കുക.

2. പത്രമാധ്യമങ്ങളിലും വ്യവസായ ദിനപത്രങ്ങളിലും പുതിയ അവസരങ്ങൾ സമാഹരിച്ച് വ്യവസായ വികസനത്തിനും പുതിയ നിക്ഷേപത്തിനും തയ്യാറെടുക്കുന്ന സംരംഭങ്ങളെ കേരളത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു.

3. കെ.എസ്.ഐ.ഡി.സി.-യുടേയും കിൻഫ്രയുടേയും വ്യവസായ പാർക്കുകളിൽ നിക്ഷേപകർക്കാവശ്യമായ ഭൂമിയും മറ്റടിസ്ഥാന സൗകര്യങ്ങളും ആകർഷമായ വ്യവസ്ഥകളിൽ ലഭ്യമാക്കി കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേയ്ക്ക് എത്തിക്കുക.

4. കെ.എസ്.ഐ.ഡി.സി. നിക്ഷേപകർക്കായി നൽകുന്ന സാമ്പത്തിക സഹായം കൂടുതൽ ആകർഷകമായ വ്യവസ്ഥകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ലഘൂകരിച്ചും ഏകജാലക സംവിധാനം വഴി സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികളും ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കിയും കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്) മുഖേന കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികളുടെ വിപണി വർദ്ധിപ്പിക്കുന്നതിനായി ബിസിനസ് മീറ്റുകൾ നടത്തിവരുന്നു. ബാംബൂ മേഖലയിലേയും മറ്റ് കരകൗശല മേഖലയിലേയും വിപണി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി കേരള ബാംബൂ ഫെസ്റ്റ്, ക്രാഫ്റ്റ് മേള തുടങ്ങിയ മേളകളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് ദേശീയ അന്തർദ്ദേശീയ മേളകളിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ കെ-ബിപ് മുഖേന ഒരുക്കുന്നുണ്ട്.

(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വ്യവസായ സംരംഭകർക്ക് മികച്ച തരത്തിലുള്ള സേവനം നൽകിവരുന്നുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ സംരംഭകർക്ക് കൂടുതൽ സേവനങ്ങൾ നൽകാനായി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിലവിൽ വ്യവസായ സംരംഭകർക്കാവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനുള്ള ഇൻഫർമേഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വ്യവസായ സംബന്ധമായ വിവരങ്ങൾ നൽകുന്നതിനും വ്യവസായ സംരംഭങ്ങൾ നടത്തുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനും നിലവിലുള്ള ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ സജ്ജമാണ്. പുതിയ സംരംഭങ്ങൾ തുടങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. മൂന്ന് കോടിയും അതിനുമുകളിലും നിക്ഷേപങ്ങൾ വരുന്ന വൻകിട പദ്ധതികൾക്ക് 11 മുതൽ 13 ശതമാനം വരെ പലിശ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നു. നിലവിൽ ബാങ്കുകൾ ഈടാക്കുന്ന പലിശ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണിത്. കൂടാതെ കൃത്യമായി തിരിച്ചടവ് നടത്തുന്ന സംരംഭകർക്ക് പലിശ നിരക്കിൽ ഒരു ശതമാനം റിബേറ്റും നൽകുന്നു.

2. വ്യവസായ ആവശ്യങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ ജില്ലകളിൽ ഓരോ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റേഴ്സ് കെ.എസ്.ഐ.ഡി.സി.-യുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു.

3. ജൈവ സാങ്കേതിക രംഗത്തെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും തിരുവനന്തപുരം ജില്ലയിൽ ഒരു ലൈഫ് സയൻസ് പാർക്കും കാർഷിക ഭക്ഷ്യ സംസ്കരണ രംഗത്തെ സംരംഭകർക്കായി എറണാകുളം ജില്ലയിൽ ഫുഡ് പാർക്കും കെ.എസ്.ഐ.ഡി.സി. സ്ഥാപിക്കുന്നു.

ഇതുകൂടാതെ സംരംഭങ്ങൾ തുടങ്ങുന്നവർക്കായി നടപടിക്രമങ്ങൾ ലഘൂകരിക്കാനും ഏകജാലക സംവിധാനം വഴി ആവശ്യമായ അനുമതികളും ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനവും കിൻഫ്രയുടെ എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(സി) പുതിയ വ്യവസായം ആരംഭിക്കുവാനാവശ്യമായ എല്ലാ ലൈസൻസുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുവേണ്ടി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കുവാനും കേരളത്തെ വ്യവസായ വികസനത്തിന് സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും വേണ്ടി സംസ്ഥാനത്ത് ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് നിലവിലുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കി നിക്ഷേപ തീരുമാനങ്ങൾ വേഗത്തിലാക്കാൻ സൗകര്യമൊരുക്കി പ്രസ്തുത ബോർഡ് ഇപ്പോൾ ജില്ലാ തലത്തിലും വ്യവസായ മേഖലാതലത്തിലും സംസ്ഥാന തലത്തിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുവാൻ വേണ്ടി സർക്കാർ ലോക ബാങ്ക് നിർദ്ദേശ പ്രകാരമുള്ള Ease of Doing Business സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ നിയോഗിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിനുകീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (ഡി.ഐ.പി.പി.)-യുടെ റാങ്കിംഗിന് അനുസൃതമായി കേരളത്തിൽ വാണിജ്യ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി, വിവിധ മേഖലകളിൽ ചട്ടങ്ങളനുസരിച്ച് നവീകരണം നടപ്പാക്കാനാവശ്യമായ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തി മികച്ച രീതിയിൽ ഇത് മുന്നോട്ട് കൊണ്ടു പോകാനാവശ്യമായ ഉപദേശങ്ങൾക്കായി സർക്കാരിന്റെ നിർദ്ദേശ പ്രകാരം

കെ.പി.എം.ജി.-യെ കൺസൾട്ടന്റായി കെ.എസ്.ഐ.ഡി.സി. തെരഞ്ഞെടുത്ത് നിയോഗിച്ചിട്ടുണ്ട്. കേരളത്തിലെ Ease of Doing Business സംരംഭത്തെ ആസ്പദമാക്കി വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും അവയുടെ നവീകരണത്തെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയുമാണ് കെ.പി.എം.ജി.-യുടെ ചുമതല. കേരളത്തിൽ വാണിജ്യ വ്യവസായ സംരംഭങ്ങൾ സുഗമമായി നടത്താനാവശ്യമായ നിർദ്ദേശങ്ങളും ഇവർ സമർപ്പിക്കും. കിൻഫ്രയുടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംരംഭകന് സമയബന്ധിതമായി ഭൂമി അലോട്ട് ചെയ്യാറുണ്ട്. കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

### ഗ്രാമീണ മേഖലയിൽ സ്റ്റാർട്ട് അപ് സംരംഭങ്ങൾ

89(1630) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ 'സ്റ്റാർട്ട് അപ്പ്' സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് എന്തെങ്കിലും സർക്കാർ സഹായങ്ങളോ, പാക്കേജുകളോ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഗ്രാമീണ മേഖലയിൽ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കാനും, വ്യാപിപ്പിക്കാനും, തദ്ദേശസ്വയംഭരണ വകുപ്പിന്റേതുൾപ്പെടെയുള്ള സർക്കാർ സംവിധാനങ്ങളുടെ സഹായം വേഗത്തിൽ ലഭ്യമാക്കാനും എന്തെങ്കിലും സർക്കാർ നിർദ്ദേശം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗ്രാമീണ മേഖലയിൽ സ്റ്റാർട്ട് അപ് സംരംഭകർക്കാവശ്യമായ സഹായങ്ങൾ കെ.എസ്.ഐ.ഡി.സി. മുഖേന നൽകിവരുന്നുണ്ട്. സംരംഭകത്വ വികസനവുമായി ബന്ധപ്പെട്ട് സ്റ്റാർട്ട് അപ് സംരംഭകരും വിദ്യാഭ്യാസ സ്ഥാപനങ്ങളും സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നഗര ഗ്രാമ ഭേദമന്യേ കെ.എസ്.ഐ.ഡി.സി. മുഖേന സഹായങ്ങൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) സ്റ്റാർട്ട് അപ് സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി. മുഖേന സർക്കാർ ലഭ്യമാക്കുന്ന പ്രധാന സഹായങ്ങൾ ചുവടെ ചേർക്കുന്നു:

1. ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതുവഴി സ്റ്റാർട്ട് അപ് സംരംഭകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ.

2. വിദ്യാർത്ഥി സംരംഭകരുടെ നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കോളേജുകൾ/യൂണിവേഴ്സിറ്റികൾ കേന്ദ്രീകരിച്ച് ഇൻക്യുബേഷൻ സെന്ററുകളുടെ നിർമ്മാണം.

3. വിദ്യാർത്ഥികളിൽ സംരംഭകത്വ അവബോധം വളർത്തുന്നതിനായി കോളേജുകൾ കേന്ദ്രീകരിച്ച് സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കൽ.

4. സീഡ് ഫിനാൻസിംഗ് സ്കീം വഴി യുവ/വിദ്യാർത്ഥി സംരംഭകരുടെ നൂതന ആശയങ്ങൾക്ക് സാമ്പത്തിക സഹായം നൽകൽ.

കൂടാതെ സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് താഴെ പ്രതിപാദിച്ചിരിക്കുന്ന വിവിധ തരം സഹായങ്ങൾ കേരളാ സ്റ്റാർട്ട് അപ് മിഷനിലൂടെ ലഭ്യമാണ്:

1. നൂതന ആശയവുമായി സമീപിക്കുന്നവർക്ക് പ്രീ-ഇൻക്യുബേഷൻ, ഇൻക്യുബേഷൻ എന്നിവ നൽകുന്നതിനുള്ള സൗകര്യം.

2. ചുരുങ്ങിയ പലിശ നിരക്കിൽ സീഡ് ഫണ്ട് ലഭിക്കുന്നതിനുള്ള സൗകര്യം.

3. ബിസിനസ് വർദ്ധിപ്പിക്കുന്നതിന് സഹായകരമായ ആക്സിലേറ്റർ സൗകര്യം.

4. ഉന്നത നിലവാരമുള്ള സാങ്കേതിക ഉല്പന്നങ്ങൾ ഉൾപ്പെടെ സ്റ്റാർട്ട് അപ് ബോക്സുകൾ നൽകുന്ന പദ്ധതി.

5. അന്തർദ്ദേശീയ പരിപാടികളിലും മറ്റും പങ്കെടുക്കുന്നതിന് സഹായിക്കുന്ന അന്തർദ്ദേശീയ വിനിമയ പദ്ധതി.

6. പേറ്റന്റ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ചെലവ് തിരികെ നൽകുന്ന പദ്ധതി.

7. വിവിധ പരിശീലന കളരികളിലും ചർച്ചകളിലും പങ്കെടുക്കുന്നതിനുള്ള അവസരം.

(സി) ഗ്രാമീണ മേഖലയ്ക്ക് മാത്രമായി പ്രത്യേക പദ്ധതികൾ / നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല.

**ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വായ്പ**

90 (1631) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അഭ്യസ്തവിദ്യർക്ക് സബ്സിഡിയോടുകൂടി വായ്പ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അഭ്യസ്തവിദ്യർക്ക് സബ്സിഡിയോടുകൂടി വായ്പ ലഭ്യമാക്കുന്ന പദ്ധതി സംസ്ഥാന സർക്കാർ വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്നില്ല. എന്നാൽ "സംരംഭകത്വ സഹായ പദ്ധതി" എന്ന പദ്ധതിയിൻ കീഴിൽ സ്ഥിര മൂലധന നിക്ഷേപത്തിന്റെ ഒരു നിശ്ചിത ശതമാനം സബ്സിഡിയായി നൽകിവരുന്നുണ്ട്.

**കിൻഫ്ര**

91 (1632) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)-ന്റെ ഏതെല്ലാം പദ്ധതികൾ അനുമതിക്കായി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിരുന്നു;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിരുന്നു;

(സി) ഇതിൽ ഓരോ പദ്ധതിക്കും എന്ത് തുക വിഹിതമായി കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകൾ ചെലവഴിക്കേണ്ടതായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) ഇതിൽ ഏതെല്ലാം പദ്ധതികൾ പ്രവർത്തനമാരംഭിച്ചു; പദ്ധതികൾ ആരംഭിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2014-15 സാമ്പത്തിക വർഷം കിൻഫ്ര കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഇവയിൽ മെഗാ ഫുഡ് പാർക്കിന്റെ ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഡിഫൻസ് പാർക്ക്, ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ എന്നിവയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**വാമനപുരം നിയോജകമണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ**

92 (1633) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ വ്യവസായവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുടെ വിശദവിവരങ്ങളും അതിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങളും നൽകാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ രണ്ട് ഹാന്റ്‌ലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും മൂന്ന് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്.

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സിഡ്കോയ്ക്ക് ഒരേക്കർ ഭൂമിയുണ്ട്. ഇവിടെ സിഡ്കോയുടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിക്കുന്നു. ഇതിൽ 8 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

**പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം**

93 (1634) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2011 മുതൽ 31-5-2016 വരെ വ്യവസായ വകുപ്പിൻ കീഴിലുള്ള ഏതെല്ലാം പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങൾ ശമ്പള പരിഷ്കരണം നടപ്പിലാക്കി;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ശമ്പള പരിഷ്കരണം നടപ്പിലാക്കിയ വകയിലേക്കായി ഓരോ സ്ഥാപനത്തിലും എന്ത് തുക ചെലവഴിക്കേണ്ടി വന്നു; വിശദമാക്കാമോ;

(സി) ഇവയിൽ ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങൾ**

94 (1635) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയതായി എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങൾ ഏതെല്ലാമെന്നത് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതിയ പൊതുമേഖലാ വ്യവസായങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും അടച്ചുപൂട്ടിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പാണക്കാട് വ്യവസായ വളർച്ചാകേന്ദ്രം**

95 (1636) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാണക്കാട് വ്യവസായ വളർച്ചാകേന്ദ്രത്തിൽ പുതിയ പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കേന്ദ്രത്തിലെ INKEL- എഡ്യൂസിറ്റിയിൽ ഏതെല്ലാം സംരംഭങ്ങൾ ആരംഭിച്ചു; ഏതെല്ലാം പദ്ധതികൾക്ക് പ്രൊപ്പോസലുകൾ സമർപ്പിച്ചു; വിശദാംശം നൽകുമോ;

(സി) വ്യവസായിക ആവശ്യങ്ങൾക്കല്ലാതെ മറ്റേതെങ്കിലും സംരംഭങ്ങൾക്ക് വ്യവസായ വളർച്ചാ കേന്ദ്രത്തിലെ ഭൂമി വിട്ടുനൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ മലപ്പുറം സർക്കാർ കാമ്പസിൽ പ്രവർത്തിക്കുന്ന ഐ. എച്ച്. ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കെട്ടിടം പണിയാൻ ഭൂമി വിട്ടുനൽകുമോ?

<u>ഉത്തരം</u>

(എ) പുതിയ പദ്ധതികൾക്കായി സ്വകാര്യ സംരംഭകരുമായി ചർച്ചകൾ നടന്നുവരുന്നു.

(ബി) പുതിയ പദ്ധതികൾ ആരംഭിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനാവലോകനം**

96 (1637) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ടോ; ഇതിന് ഏതെങ്കിലും സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി മാസംതോറും അവലോകനം ചെയ്യുന്നതിനായി പ്രത്യേക അവലോകന സംവിധാനം പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ പ്രവർത്തന പുരോഗതി പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് (റിയാബ്) ചെയർമാനും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിലും വ്യവസായ വകുപ്പ് മന്ത്രി തലത്തിലും അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.

**കേരളത്തിലെ വ്യവസായ മേഖല**

97 (1638) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ വ്യവസായ മേഖലകളിൽ എന്തൊക്കെ പുതിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇനിയും കൂടുതലായി എന്തൊക്കെമാറ്റങ്ങൾ ഈ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൂട്ടികിടന്ന ഏതൊക്കെ വ്യവസായ സംരംഭങ്ങൾ ഈ സർക്കാർ തുറപ്പിച്ചു എന്ന് വിശദമാക്കുമോ;

(ഡി) ഇവ ഏതൊക്കെയെന്നും ഇതുപ്രകാരം എത്ര പാവപ്പെട്ട തൊഴിലാളികൾക്ക് ജോലി തിരികെ കൊടുത്തെന്നുമുള്ള കാര്യം വിശദമാക്കുമോ;

(ഇ) പൂട്ടിക്കിടക്കുന്ന ഏതൊക്കെ ഫാക്ടറികൾ/വ്യവസായശാലകൾ ഇനി തുറക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംരംഭകർക്ക് നിർദ്ദേശങ്ങളും സഹായങ്ങളും നൽകുവാനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ചു. ഇൻഡസ്ട്രിയൽ വാല്യൂറ്റി ലിങ്കേജസ് പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചു. സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ശക്തിപ്പെടുത്തുന്നതിന് നിർദ്ദേശം നൽകി. കരകൗശല മേഖലയിൽ കോമൺ ബ്രാന്റിംഗ് സംവിധാനം കൊണ്ടു വരാനുള്ള നടപടി സ്വീകരിച്ചു. പരമ്പരാഗത കൈത്തറി-ഖാദി മേഖല ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പുതിയ സംരംഭങ്ങൾക്കായി മൂന്ന് ജില്ലകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. എറണാകുളത്ത് നിർമ്മാണം പൂർത്തിയായി. കരകൗശല മേഖലയിൽ ക്ലസ്റ്ററുകൾ ആരംഭിക്കുന്നു. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾ ഓൺലൈൻ വഴിയാക്കുന്നു.

(സി&ഡി) പൂട്ടിക്കിടന്ന സംരംഭങ്ങൾ തുറക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പൂട്ടിക്കിടന്ന ഫാക്ടറികൾ തുറക്കുന്നതിനെക്കുറിച്ച് പരിശോധിച്ചു വരികയാണ്.

**ആസ്ട്രൽ വാച്ചസ് കമ്പനി**

98 (1639) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇന്റസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.ഡി.) നിയന്ത്രണത്തിൽ കാസർഗോഡ് പ്രവർത്തിച്ചുവരുന്ന ആസ്ട്രൽ വാച്ചസ് എന്ന കമ്പനി വർഷങ്ങളായി പൂട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ അധീനതയിലുള്ള സ്ഥലവും കെട്ടിടവും ഉപയോഗിച്ച് പുതിയ വ്യവസായ സ്ഥാപനങ്ങൾ അനുവദിക്കാൻ പദ്ധതികൾ ഉണ്ടാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**പൊതുമേഖലാ സ്ഥാപനങ്ങൾ**

99 (1640) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിൻെറ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്നതായി പറയപ്പെടുന്ന അഴിമതിയും ധൂർത്തും അന്വേഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മുൻസർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിനു കീഴിൽ പുതുതായി പൊതുമേഖലയിൽ ഏതെങ്കിലും വ്യവസായ സ്ഥാപനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

<u>കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്:</u>

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിനെ സംബന്ധിച്ച് ലഭിച്ച പരാതികളുടെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒരു ടീമിനെ നിയോഗിച്ചിരുന്നു. കൂടാതെ ആരോപണങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചതും നഷ്ടത്തിൽ പ്രവർത്തിച്ചതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I, II ആയി ചേർക്കുന്നു.* ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേയ്ക്ക് ഉറപ്പിൽവരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മുൻസർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന് കീഴിൽ പുതിയതായി വ്യവസായ സ്ഥാപനമൊന്നും ആരംഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം**

100 (1641) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും കൂടുതലായി അധിവസിക്കുന്ന മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ വ്യവസായ വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേയ്ക്ക് ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർക്കുന്നതിനും അത്യാവശ്യമുള്ള പ്രവർത്തന മൂലധനസഹായത്തിനുമായി 2016-17-ലെ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുള്ള 100 കോടിരൂപയിൽനിന്നും ഇതിനോടകം 39.76 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക സ്ഥാപനങ്ങളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ പദ്ധതി തയ്യാറാക്കിയിട്ടില്ല.

**ഒറ്റപ്പാലം കിൻഫ്രാപാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

101 (1642) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കിൻഫ്രാപാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവാക്കിയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാർക്കിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഒറ്റപ്പാലം കിൻഫ്ര പാർക്ക് മുഖേന എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കിൻഫ്ര പാർക്കിൽ ഏതെല്ലാം സ്വകാര്യ കമ്പനികൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം കിൻഫ്രാ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 41,42,34,924 രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പാർക്കിൽ ഒരു പ്രതിരോധ പാർക്ക്, Additional Skill Acquisition Programme (ASAP)-ന്റെ നൈപുണ്യ കേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിനുള്ള ഭൂമി നൽകിയിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ വ്യവസായ സംരംഭങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 3000 പേർക്ക് തൊഴിലവസരങ്ങൾ ലഭിക്കുമെന്നാണ് കരുതുന്നത്.

(ഡി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ നിർമ്മിച്ച ഒരുലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറിയിൽ ഗാർമെന്റ് വ്യവസായം ആരംഭിക്കുന്നതിനായി M/s Blissful Garments Private Limited എന്ന സ്ഥാപനത്തിന് built up space നൽകിയിട്ടുണ്ട്. Mr. Sreenivasan എന്ന സംരംഭകന് റൂഫിംഗ് ഷീറ്റ് ഉല്പാദിപ്പിക്കുന്ന യൂണിറ്റിനുവേണ്ടി ഭൂമി നൽകിയിട്ടുണ്ട്. കൂടാതെ റോളിംഗ് ഷട്ടർ, സെറാമിക് ഉല്പന്നങ്ങൾ, സ്കാഫോൾഡിംഗ് എന്നീ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള 3 അപേക്ഷകളും പരിഗണനയിലാണ്.

**റാന്നിയിൽ വ്യവസായം ആരംഭിക്കുന്നതിന് നടപടി**

102 (1643) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ വ്യവസായം ആരംഭിക്കുന്നതിനായി എത്ര ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്; ഇതിന് വർഷംതോറും എത്ര രൂപയാണ് പാട്ടമായി അടയ്ക്കുന്നത്; സ്ഥലം ഏറ്റെടുത്തത് എന്നാണ്; എന്തു വ്യവസായം ആരംഭിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വിശദമാക്കാമോ:

(ബി) ഏറ്റെടുത്ത സ്ഥലത്ത് വ്യവസായ യൂണിറ്റ് ആരംഭിക്കാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(സി) ഇനി എന്ത് വ്യവസായമാണ് ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. ഇതിനായി പാട്ടത്തുക ഇനത്തിൽ 24,856 രൂപയാണ് ത്രിവർഷ പാട്ടത്തുകയായി 2011-12, 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ സർക്കാരിൽ അടച്ചത്.

(ബി) കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ലെന്നും കുറഞ്ഞ വേതനത്തിൽ ജോലിക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും പദ്ധതിയാണ് അവിടെ യോജിച്ചതെന്നും പിന്നീട് വിലയിരുത്തുകയുണ്ടായി. ഇതേ തുടർന്നാണ് റൂറൽ അപ്പാരൽ പാർക്ക് എന്ന പദ്ധതി മാറ്റിയത്.

(സി) എന്തുവ്യവസായം ആരംഭിക്കുവാനാണ് പ്രസ്തുത ഭൂമി കൂടുതൽ അനുയോജ്യമെന്ന് പരിശോധിച്ചുവരുന്നു.

**കൊടുവായൂർ ഗ്രാമപഞ്ചായത്തിലുള്ള മിനി ഇൻഡസ്ട്രിയുടെ പ്രവർത്തനം**

103 (1644) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിലുള്ള മിനി ഇൻഡസ്ട്രിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിൽ ഈ സ്ഥാപനത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനം നിലവിൽ ഏതെങ്കിലും സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് കൊടുത്തിട്ടുണ്ടോ; എങ്കിൽ ഏത് വർഷം മുതലാണ് പാട്ടത്തിന് കൊടുത്തതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നെന്മാറ നിയോജകമണ്ഡലത്തിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ 10 ഷെഡ്ഡുകളുണ്ട്. ഇതിൽ 4 ഷെഡ്ഡുകളിൽ ടൂൾസ് മോൾഡിംഗ് മെറ്റൽ ഷീറ്റ് നിർമ്മാണം എന്നിവ നടക്കുന്നു. 2 ഷെഡ്ഡുകളിൽ ടി പ്രവർത്തനം ഭാഗികമായി നടക്കുന്നു. 4 ഷെഡ്ഡുകൾ പ്രവർത്തിക്കുന്നില്ല. ഷെഡുടമ പ്രവർത്തനം തുടങ്ങുന്നതിനായി 4 മാസത്തെ സമയം ചോദിച്ചതിൻപ്രകാരം 2016 ഡിസംബർ മാസം വരെ സമയം അനുവദിച്ചിട്ടുണ്ട്.

(സി) ആർക്കും പാട്ടത്തിന് കൊടുത്തിട്ടില്ല.

**കിൻഫ്രയിലെ നിയമനങ്ങൾ**

104 (1645) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയിൽ ബാഹ്യ ഏജൻസികൾ മുഖേന ജീവനക്കാരെ നിയമിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലാണെന്നും, നിലവിൽ എത്ര പേർ ഏജൻസി മുഖേന ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കാമോ;

(സി) ഓരോ തസ്തികകൾക്കും എത്ര രൂപ വീതം ഏജൻസികൾക്ക് നൽകുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഏജൻസികളുടെ വിശദാംശങ്ങൾ മേൽവിലാസം ഉൾപ്പെടെ നൽകാമോ;

(ഇ) ഇത്തരത്തിൽ ജീവനക്കാരെ നിയമിക്കുന്നതിലൂടെ ഏജൻസികൾ നടത്തുന്ന ചൂഷണം ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. ഓഫീസർ തസ്തികകൾക്ക് താഴെയുള്ള തസ്തികകളിലെല്ലാം ബാഹ്യ ഏജൻസി മുഖേനയാണ് ജീവനക്കാരെ നിയമിച്ചിരിക്കുന്നത്. നിലവിൽ, താഴെപ്പറയുന്ന തസ്തികകളിൽ കിൻഫ്രയുടെ വിവിധ ഓഫീസുകളിലായി 64 പേർ ജോലി ചെയ്യുന്നുണ്ട്:

| | | | |
|---|---|---|---|
| 1. | ഹൗസ് കീപ്പിംഗ് | - | 8400 രൂപ |
| 2. | അക്കൗണ്ടിംഗ് സർവ്വീസ് | - | 13400 രൂപ |
| 3. | ഫ്രണ്ട് ഓഫീസ് സർവ്വീസ് | - | 10100 രൂപ |
| 4. | സെക്രട്ടേറിയൽ സർവ്വീസ് | - | 11200 രൂപ |
| 5. | കമ്പ്യൂട്ടർ അസിസ്റ്റന്റ് | - | 12300 രൂപ |
| 6. | പമ്പ് ഓപ്പറേറ്റർ | - | 10100 രൂപ |
| 7. | സപ്പോർട്ടിംഗ് സർവ്വീസ് (ഡിപ്ലോമ) | - | 13400 രൂപ |
| 8. | എം.ബി.എ. | - | 21800 രൂപ |

(ഡി) ഡിറ്റക്ടീവ് & സെക്യൂരിറ്റി സർവ്വീസസ്; ബ്രാഞ്ച് ഓഫീസ്; ടി.സി. 9/2040; കൊച്ചാർ റോഡ്; എടപ്പഴിഞ്ഞി; ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം-10

(ഇ) ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**കിൻഫ്രയിലെ കൺസൾട്ടന്റുമാർ**

105 (1646) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിൻഫ്രയിൽ കൺസൾട്ടന്റ് എന്ന പേരിൽ എത്ര പേരെ നിയമിച്ചിരുന്നു എന്നും അവരുടെ വിശദാംശങ്ങളും അറിയിക്കുമോ;

(ബി) ഇവർക്ക് എത്ര രൂപ പ്രതിഫലം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഇവരിൽ എത്രപേർ വിരമിച്ചതിനുശേഷം കൺസൾട്ടന്റായവരാണ് എന്ന് അറിയിക്കുമോ;

(ഡി) ഇവർ ഒരേ സമയം പെൻഷനും കിൻഫ്രയിൽ നിന്നുള്ള പ്രതിഫലവും കൈപ്പറ്റിയിരുന്നോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിൻഫ്രയിൽ വിവിധ മേഖലകളിലായി 9 പേരെ കൺസൾട്ടന്റായി നിയമിച്ചിരുന്നു. അവരുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു:

1. ശ്രീമതി ഇന്ദിരാ ദേവി വി.ജി., സീനിയർ കൺസൾട്ടന്റ്
2. ശ്രീ. രാമചന്ദ്ര പണിക്കർ, സീനിയർ കൺസൾട്ടന്റ്
3. ശ്രീ. മൈക്കിൾ സുരേഷ് രാജ്, സീനിയർ കൺസൾട്ടന്റ്
4. ശ്രീ. വിജയൻ അധികാരത്ത്, കോർഡിനേറ്റർ
5. ശ്രീ. കൊമഡോർ ശശീന്ദ്രൻ, സീനിയർ കൺസൾട്ടന്റ്
6. ശ്രീ. രാജശേഖരൻ നായർ, ജൂനിയർ കൺസൾട്ടന്റ്
7. ശ്രീ. എസ്. ജയപ്രസാദ്, പാർട്ട് ടൈം അഡ്വൈസർ
8. ശ്രീ. കെ. സുകുമാരൻ നായർ, അഡ്വൈസർ-ലാന്റ് മാറ്റേഴ്സ്
9. ശ്രീ. രാധാകൃഷ്ണപിള്ള ജി., സീനിയർ കൺസൾട്ടന്റ്.

(ബി) ശേഖരിച്ചുനൽകുന്നതാണ്.

(സി) ഇവരെല്ലാം വിരമിച്ചതിനുശേഷം കൺസൾട്ടന്റായി വന്നവരാണ്.

(ഡി) ഇവരിൽ താഴെപ്പറയുന്നവർ ഒരേസമയം പെൻഷനും കിൻഫ്രയിൽ നിന്നും പ്രതിഫലവും പറ്റിയിരുന്നു:

1. ശ്രീമതി ഇന്ദിരാ ദേവി വി.ജി., സീനിയർ കൺസൾട്ടന്റ്
2. ശ്രീ. വിജയൻ അധികാരത്ത്, കോർഡിനേറ്റർ
3. ശ്രീ. കൊമഡോർ ശശീന്ദ്രൻ, സീനിയർ കൺസൾട്ടന്റ്
4. ശ്രീ. രാജശേഖരൻ നായർ, ജൂനിയർ കൺസൾട്ടന്റ്
5. ശ്രീ. കെ. സുകുമാരൻ നായർ, അഡ്വൈസർ-ലാന്റ് മാറ്റേഴ്സ്
6. ശ്രീ. രാധാകൃഷ്ണപിള്ള ജി., സീനിയർ കൺസൾട്ടന്റ്.

**കിൻഫ്രയുടെ ഹെഡ് ഓഫീസിലെ നവീകരണ പ്രവർത്തനങ്ങൾ**

106 (1647) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കിൻഫ്രയുടെ ഹെഡ് ഓഫീസിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തി എന്ന കാര്യം വിശദാംശം സഹിതം അറിയിക്കുമോ;

(ബി) ഇതിലേക്കായി എത്ര തുക ചെലവായിട്ടുണ്ട് എന്നും ഈ പ്രവൃത്തി നടത്തിയതിന്റെ ആവശ്യകത എന്തായിരുന്നു എന്നും അറിയിക്കുമോ;

(സി) ഈ നിർമ്മാണ പ്രവർത്തനത്തിൽ അഴിമതിയോ, ധൂർത്തോ നടന്നിട്ടുണ്ടോ എന്ന കാര്യം അന്വേഷിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മുൻസർക്കാരിന്റെ കാലത്ത് കിൻഫ്രയുടെ ഹെഡ് ഓഫീസിൽ കോൺഫറൻസ് ഹാളിന്റെ നവീകരണം മാത്രമാണ് നടന്നിട്ടുള്ളത്.

(ബി) ഇതിലേയ്ക്കായി 24,53,132 രൂപയാണ് ചെലവാക്കിയിട്ടുള്ളത്. ഏകദേശം 40-ഓളംപേർക്ക് ഇരിക്കാവുന്ന ഒരു കോൺഫറൻസ് ഹാൾ കിൻഫ്രയുടെ ഓഫീസ് ആവശ്യങ്ങൾക്ക് അത്യാവശ്യമായിരുന്നു.

(സി) അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പ്ലാസ്റ്റിക് പാർക്ക് നിർമ്മാണം**

107(1648) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി 'പ്ലാസ്റ്റിക് പാർക്ക് 'സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ലഭിക്കുന്ന കേന്ദ്ര സഹായം വ്യക്തമാക്കുമോ; സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും എന്തെല്ലാം കാര്യങ്ങളാണ് നിറവേറ്റേണ്ടത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവുമധികം പ്ലാസ്റ്റിക് മാലിന്യ പ്രശ്നമുള്ള തിരുവനന്തപുരത്ത് 'പ്ലാസ്റ്റിക് പാർക്ക് 'സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് പാർക്ക് സ്കീം പദ്ധതിയിൽ ഉൾപ്പെടുത്തി 40 കോടി രൂപയുടെ കേന്ദ്ര ധനസഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ ഭൂമി ലഭ്യമാക്കേണ്ടതുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

## ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ

108 (1649) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ വർഷങ്ങളായി പ്രവർത്തന രഹിതമായ ലിക്വിഡേഷനിലുള്ള വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ അടഞ്ഞുകിടക്കുന്ന 28 ചെറുകിട, സൂക്ഷ്മ, ഇടത്തര യൂണിറ്റുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) തുടർന്ന് പ്രവർത്തിക്കാൻ താല്പര്യമുള്ള യൂണിറ്റുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ മുദ്രസ്കീം, മറ്റ് വായ്പാപദ്ധതികൾ എന്നിവ വഴി ധനകാര്യസ്ഥാപനങ്ങളിൽനിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ ആധുനികവൽക്കരണം, വൈവിധ്യവൽക്കരണം എന്നിവയിലൂടെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

## ട്രാവൻകൂർ സിമന്റ്സിലെ ശോചനീയാവസ്ഥ

109 (1650) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാവൻകൂർ സിമെന്റ്സിലെ ഇപ്പോഴത്തെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്?വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിൽ ഉൽപ്പാദിപ്പിക്കുന്ന വൈറ്റ് സിമന്റിന്റെ നിലവിലെ വിപണനം വർഷത്തിൽ 15000 മെട്രിക് ടൺ ആണ്. ദക്ഷിണേന്ത്യൻ വിപണിയിൽ ശ്രദ്ധയൂന്നി വൈറ്റ് സിമന്റിന്റെ വാർഷിക ഉൽപ്പാദനവും വിപണനവും 30000 മെട്രിക് ടൺ ആക്കി ഉയർത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 'വേമ്പനാട്' എന്ന ബ്രാന്റിൽ വാൾപുട്ടിയുടെ ഉൽപ്പാദനം കമ്പനി ആരംഭിച്ചിട്ടുണ്ട്. 1500 മെട്രിക് ടൺ വിപണനം ആണ് പ്രസ്തുത

ഉൽപ്പാദനത്തിലൂടെ കമ്പനി പ്രതീക്ഷിക്കുന്നത്. കൂടാതെ മറ്റ് സിമന്റ് കമ്പനികളുമായി സഹകരിച്ച് പി.പി.പി. മോഡലിൽ ഗ്രേ സിമന്റ് ഗ്രൈന്റിംഗ് ഫാക്ടറി ട്രാവൻകൂർ സിമന്റ്സിനോട് ചേർന്ന് സർക്കാർ അനുമതിയോടുകൂടി തുടങ്ങുവാനും പദ്ധതിയുണ്ട്.

**ചേർത്തലയിൽ മെഗാ സീ ഫുഡ് പാർക്ക്**

110 (1651) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കെ. എസ്. ഐ. ഡി. സി. നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടുണ്ട്;

(ബി) ഇതിനായി എത്ര തുക കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ചെലവഴിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ചേർത്തലയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന മെഗാ സീ ഫുഡ് പാർക്കിന് വേണ്ടി എത്ര തുകയാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചത്;

(ഡി) ഈ പദ്ധതി പ്രവർത്തനപാതയിലാക്കുന്നതിന് കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ഇ) കേന്ദ്ര സർക്കാർ നിശ്ചയിച്ച സമയ പരിധിക്കുള്ളിൽ ഈ പദ്ധതി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ഐ.ഡി.സി. ചേർത്തലയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച മെഗാഫുഡ് പാർക്ക് പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) മെഗാഫുഡ് പാർക്ക് നടപ്പിലാക്കുന്നതിനായി 50 കോടി രൂപ കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിൽനിന്നും ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 16 കോടി രൂപ ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്.

(സി) മെഗാഫുഡ് പാർക്കിനുവേണ്ടി 50 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി അനുവദിച്ച് അനുമതി ലഭിച്ചിട്ടുണ്ട്. ഗ്രാന്റിന്റെ ആദ്യ ഗഡുവായി 15 കോടി രൂപ ലഭിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന് സമർപ്പിക്കുകയും ഇതിൽ പത്തുകോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. അന്തിമ അനുമതി ലഭിച്ച തീയതി മുതൽ (27-11-2015) 30 മാസത്തിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. പദ്ധതിക്കായി 65 ഏക്കർ ഭൂമി കെ.എസ്.ഐ.ഡി.സി.-യുടെ ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിൽ നീക്കിവയ്ക്കുകയും പദ്ധതിയുടെ അടിസ്ഥാന സൗകര്യ ഘടകങ്ങളായ റോഡ്, ഡ്രെയിനേജ്, ചുറ്റുമതിൽ, ലാൻഡ് ഡെവലപ്മെന്റ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, ലാബ്, ഓഫീസ് സമുച്ചയം എന്നിവ നിർമ്മിക്കുന്നതിനായി കരാർ നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാർക്കിനുള്ളിലെ വൈദ്യുതി വിതരണം, ജലവിതരണം, കോമൺ എഫ്ളുവെന്റ് ആഗമന നിർഗ്ഗമനകുഴൽ എന്നിവ നടപ്പിലാക്കുന്നതിനായി വിവിധ സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇതുവരെ തടസ്സങ്ങൾ ഒന്നും നേരിട്ടിട്ടില്ല.

## ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ

111 (1652) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എത്ര ക്വാറികൾ ഉണ്ടെന്നും ഈ ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; നിയമാനുസൃതമായി പ്രവർത്തിക്കുന്ന ക്വാറികളിലെ തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും തൊഴിൽ സംരക്ഷണത്തിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വ്യക്തമാക്കാമോ?

### ഉത്തരം

ഖനന ഭൂവിജ്ഞാന വകുപ്പിന്റെ കാസർഗോഡ് ജില്ലാ ഓഫീസിൽ നിന്നും നടത്തിയ പരിശോധനയിൽ 65 ക്വാറികൾ അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവയ്ക്കെതിരെ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമാനുസൃതമായി പ്രവർത്തിക്കുന്ന ക്വാറികളുടെ പ്രവർത്തനം സുഗമവും സുരക്ഷിതവുമാക്കുന്നതിന്

ക്വാറി ഉടമകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ദീർഘകാലത്തേക്ക് പെർമിറ്റ് സമ്പാദിച്ച് പ്രവർത്തിക്കുന്ന ക്വാറികൾ ഇല്ലാത്തതിനാൽ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തണമെന്ന് ക്വാറി ഉടമകളോട് നിർദ്ദേശിക്കാൻ നിയമപരമായി കഴിയുകയില്ല.

**വെള്ളനാതുരുത്ത് ധാതുമണൽ ഖനനം**

112 (1653) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട്ട് പഞ്ചായത്തിൽ വെള്ളനാതുരുത്ത് പ്രദേശത്ത് നടക്കുന്ന ധാതുമണൽ ഖനനംമൂലം ടി.എസ്. കനാലിനും അറബിക്കടലിനുമിടയിലുള്ള കരഭാഗം ഇല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ധാതുമണൽ വേർതിരിച്ച ശേഷമുള്ള വേസ്റ്റ് മണൽ ഈ ഭാഗത്ത് വീണ്ടും നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) അമിതമായി കരയിടിയുന്ന തരത്തിലുള്ള ധാതുമണൽ ഖനനം നടത്തുന്നതിന് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിൽ വെള്ളനാതുരുത്ത് പ്രദേശത്ത് ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ് (IREL), ചവറയ്ക്ക് ധാതുമണൽ ഖനനത്തിനായി അനുമതി നൽകിയിട്ടുള്ളതാണ്. സാധാരണ നടക്കാറുള്ള കടലാക്രമണംമൂലം ഇവിടെ മണ്ണൊലിപ്പ് സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഖനനപ്രവൃത്തിയുമായി ബന്ധപ്പെട്ട് മണ്ണൊലിപ്പ് സംഭവിക്കുന്നില്ല എന്നാണ് IREL വിലയിരുത്തിയിട്ടുള്ളത്. എന്നിരുന്നാലും IREL ജലസേചന വകുപ്പുമായി ചേർന്ന് ഈ പ്രദേശത്ത് കടൽഭിത്തികൾ (GROYNES) നിർമ്മിക്കുന്നതിനായുള്ള തയ്യാറെടുപ്പിലാണ്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഇവിടെ സംഭവിക്കുന്ന മണ്ണൊലിപ്പ് സാധാരണ സംഭവിക്കുന്ന കടൽക്ഷോഭം മൂലമാണെന്നാണ് IREL നടത്തിയിട്ടുള്ള ശാസ്ത്രീയ പഠനങ്ങളിൽ നിന്നും വ്യക്തമായിട്ടുള്ളത്.

**കൈത്തറി യൂണിഫോം**

113 (1654) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം നൽകാനുള്ള തീരുമാനം, പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായം പുനരുജ്ജീവിപ്പിക്കാൻ എത്രമാത്രം സഹായകരമായിരിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എത്ര അധികം കൈത്തറി തുണി ഉല്പാദിപ്പിക്കേണ്ടി വരുമെന്നും അതുവഴി എത്ര പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കുമെന്നും കണക്കാക്കിയിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കാവശ്യമായ തുണി എങ്ങനെ ശേഖരിക്കാൻ ഉദ്ദേശിക്കുന്നു; സംസ്ഥാനത്തിന് പുറത്തുനിന്നും തുണി കൊണ്ടുവരുന്ന വ്യാജ സംഘങ്ങൾ ഇതിന്റെ ആനുകൂല്യം ദുരുപയോഗം ചെയ്യാതിരിക്കാൻ മുൻകരുതൽ എടുക്കുമോ?

ഉത്തരം

(എ) സ്ഥിരമായ ജോലിയും വരുമാനമില്ലായ്മയുമാണ് ഇന്ന് കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി. സൗജന്യമായി കൈത്തറി യൂണിഫോം വിദ്യാർത്ഥികൾക്ക് നൽകുന്ന പദ്ധതിയിലൂടെ തൊഴിലാളികൾക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസത്തെ തൊഴിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ വരുമാന വർദ്ധനവ് ഉണ്ടാകുകയും ചെയ്യും. ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് നിലവിലുള്ള തറികൾ നവീകരിക്കുന്നതിനും കൈത്തറി മേഖലയിൽ ഭാഗികയന്ത്രവൽക്കരണം നടപ്പിലാക്കി നവീകരിക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) ഈ പദ്ധതിക്കായി ഒരു സ്കൂൾ വർഷം ഓരോ വിദ്യാർത്ഥിക്കും 2 സെറ്റ് യൂണിഫോം നൽകുന്നതിന് 130 ലക്ഷം മീറ്റർ തുണി വേണ്ടിവരുമെന്ന് കണക്കാക്കുന്നു. നേരിട്ടും അല്ലാതെയും ഏകദേശം 23,000-ത്തോളം നെയ്ത്തുകാർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഈ പദ്ധതിക്കാവശ്യമായിവരുന്ന 130 ലക്ഷം മീറ്റർ തുണി കേരളത്തിനകത്തുനിന്നുതന്നെ ഉൽപ്പാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. തുണി സുതാര്യമായി സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും വ്യക്തമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. ഇതിലൂടെ വ്യാജ സംഘങ്ങളെ ഒഴിവാക്കാൻ സാധിക്കും.

**കൈത്തറി റിബേറ്റ് കുടിശ്ശിക**

114 (1655) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വിവിധ കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ 31-3-2016 വരെ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക കൊടുത്തു തീർക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ 2013-14 വർഷം വരെയുള്ള റിബേറ്റ് അപേക്ഷകൾ തീർപ്പാക്കി റിബേറ്റ് തുക സംഘങ്ങൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. 2014-15, 2015-16 വർഷങ്ങളിലെ റിബേറ്റ് കുടിശ്ശിക തുക യഥാക്രമം 2,28,32,593, 2,07,10,407 രൂപയാണ്.

(ബി) റിബേറ്റ് കുടിശ്ശിക നൽകുന്നതിന് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി കൂടുതൽ തുക അനുവദിക്കുന്നതാണ്.

**കൈത്തറി വ്യവസായത്തിന്റെ സംരക്ഷണം**

115 (1656) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ, എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി സൊസൈറ്റികൾ നിർമ്മിക്കുന്ന തുണി നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ഏകദേശം 25 ലക്ഷം വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചുവരുന്നു. പദ്ധതി നടപ്പാക്കുന്നതിന് ഒരു കോടി മുപ്പത് ലക്ഷം മീറ്റർ തുണി ആവശ്യമായി വരുമെന്നും അതിന് 230 കോടി രൂപ ചെലവ് വരുമെന്നും പ്രതീക്ഷിക്കുന്നു. ഇതുസംബന്ധിച്ച് കൈത്തറി ഡയറക്ടർ സമർപ്പിച്ച പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

**ഹാൻടെക്സ്, ഹാൻവീവ്**

116 (1657) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളിൽ എത്ര കോടി രൂപയുടെ വിൽപ്പന നടന്നു; ഇതിൽ കൈത്തറി തുണികളുടെയും യന്ത്ര നിർമ്മിത തുണികളുടെയും വിൽപ്പന വരുമാനം വെവ്വേറെ അറിയിക്കുമോ;

(ബി) കഴിഞ്ഞ ഓണക്കാലത്ത് ഈ രണ്ട് സ്ഥാപനങ്ങളുടെയും വിറ്റുവരവ് തുക എത്രയായിരുന്നെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ 5 വർഷം ഈ സ്ഥാപനങ്ങളിൽ ഉണ്ടായ ഓണക്കാല വിൽപ്പന എന്ത് തുകയ്ക്ക് ആയിരുന്നുവെന്ന് പട്ടിക തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) <u>ഹാന്റെക്സ്:</u>

കഴിഞ്ഞ സാമ്പത്തിക വർഷം അംഗസംഘങ്ങളിൽ നിന്നും സംഭരിച്ച കൈത്തറി തുണി 24,69,29,463.05 രൂപയ്ക്കും മറ്റ് കേന്ദ്ര ഏജൻസികളിൽ നിന്നും സംഭരിച്ച തുണി 9,67,49,056 രൂപയ്ക്കും വിൽപ്പന നടത്തി.

<u>ഹാൻവീവ്:</u>

ഹാൻവീവിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പന 19.04 കോടി രൂപയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഹാൻവീവ് യന്ത്രത്തറി തുണിത്തരങ്ങളുടെ വിൽപ്പന നടത്തിയിട്ടില്ല.

(ബി) കഴിഞ്ഞ ഓണക്കാലത്ത് ഹാന്റെക്സിന് 12,01,81,132 രൂപയുടെ വിൽപ്പനയും ഹാൻവീവിന് 6.06 കോടി രൂപയുടെ വിൽപ്പനയും ഉണ്ടായിട്ടുണ്ട്.

(സി) ഹാന്റെക്സ്

| വർഷം | ഓണക്കാല വിൽപ്പനയും (രൂപയിൽ) |
|---|---|
| 2011 | 10,27,58,566.38 |
| 2012 | 11,69,72,803.65 |
| 2013 | 11,22,07,072.00 |
| 2014 | 10,80,77,241.00 |
| 2015 | 12,01,81,132.00 |
| ഹാൻവീവ് | |
| 2011 | 5.99 കോടി രൂപ |
| 2012 | 8.34 കോടി രൂപ |
| 2013 | 8.76 കോടി രൂപ |
| 2014 | 9.08 കോടി രൂപ |
| 2015 | 8.78 കോടി രൂപ |

**ഖാദി തൊഴിലാളികളുടെ മിനിമം കൂലി**

117 (1658) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികളുടെ മിനിമം കൂലി എത്രയാണെന്ന് വ്യക്തമാക്കുമോ; തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി പോലും ലഭ്യമല്ലാത്ത ഈ തൊഴിലാളികളെ സഹായിക്കാനും ഖാദി മേഖലയെ സംരക്ഷിക്കാനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലാളികളുടെ പെൻഷൻ തുക എത്രയെന്നും ഇവ വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-4-2016-ലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഖാദി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ നൂൽപ് തൊഴിലാളിക്ക് 247.08 രൂപയും നെയ്ത്തു തൊഴിലാളിക്ക് 286.23 രൂപയും പ്രതിദിന മിനിമം കൂലിയായി ലഭിക്കും. ഉല്പാദന ലക്ഷ്യം നേടുന്ന തൊഴിലാളികൾക്കാണ് മേൽനിരക്കിൽ വേതനം ലഭിക്കുന്നത്. മേല്പറഞ്ഞ കൂലി കൂടാതെ ഉല്പാദന ഇൻസെന്റീവ് ഒരു കഴി നൂല്പിന് 60 പൈസയും ഒരു കഴി നെയ്ത്തിന് 1.80 രൂപയും നൽകുന്നുണ്ട്. കൂടാതെ ഓണം, ഉത്സവബത്ത, ക്ഷേമനിധി, ഇ.എസ്.ഐ. ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. ഖാദി മേഖലയെ സംരക്ഷിക്കുന്നതിന് സർക്കാർ ഈ മേഖലയിൽ ആധുനികവൽക്കരണം നടപ്പാക്കുന്നതാണ്. പുതിയ ചർക്കകളും തറികളും സ്ഥാപിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയാസരഹിതമായ ചർക്കകളും തറികളും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. പാരമ്പര്യേതര ഊർജ്ജമായ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചർക്കകളും തറികളും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കെട്ടിട നിർമ്മാണത്തിന് എം.എൽ.എ. ആസ്തി വികസന പദ്ധതി**

118 (1659) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.-ആസ്തിവികസന പദ്ധതിയിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് വകമാറ്റി ചെലവഴിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി പുതിയ പ്രോജക്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് വ്യവസായ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിക്ക് 1-11-2014-ലെ G.O.(Rt) No. 1226/2014/ID സർക്കാർ ഉത്തരവുപ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി&സി) വകമാറ്റി ചെലവഴിച്ചിട്ടില്ല. പ്രസ്തുത പദ്ധതിക്ക് 4851-105-97-LAC-ADC എന്ന ശീർഷകത്തിൽ നിന്ന് തുക ചെലവഴിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ആ ഹെഡ് ഓഫ് അക്കൗണ്ടിൽ ആവശ്യമായ തുക ലഭ്യമല്ലാത്തതിനാലും Re-appropriation നടത്താൻ കഴിയാത്തതിനാലും തുക draw ചെയ്ത് പൊതുമരാമത്ത് വകുപ്പിന് നൽകാൻ കഴിഞ്ഞിട്ടില്ല. നടപ്പുസാമ്പത്തിക വർഷം തുക അനുവദിക്കുന്നതിനായി ആവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ വ്യവസായ വാണിജ്യ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**കുളവൻമുക്കിലെ തേൻ സംസ്കരണ കേന്ദ്രം**

119 (1660) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കുളവൻമുക്കിലുള്ള തേൻ സംസ്കരണ കേന്ദ്രത്തിലെ താൽക്കാലിക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ അംഗീകരിക്കാനും, അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് വേതന വർദ്ധനവ് നടപ്പിലാക്കാൻ കഴിയുമോ എന്നത് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിലെ കുളവൻമുക്കിലുള്ള തേൻ സംസ്കരണ കേന്ദ്രത്തിലെ താൽക്കാലിക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ അടിസ്ഥാനമാക്കി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഖാദി ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

**കായികവിദ്യാലയം**

120 (1661) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കായിക വിദ്യാലയങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാഞ്ഞിരപ്പള്ളിയിലെ കുന്നുംഭാഗം കായിക വിദ്യാലയം ആരംഭിക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(സി) ഇതിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പിൽ സമർപ്പിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ഡി) ബജറ്റിൽ പ്രഖ്യാപിച്ച് നിയമസഭയുടെ അംഗീകാരം വാങ്ങുന്ന പ്രവൃത്തികൾക്ക്, പിന്നീട് വരുന്ന വർക്കിങ് ഗ്രൂപ്പിൽ ഫണ്ടില്ല എന്ന് അറിയിക്കുന്നത് സഭയോടുള്ള അനാദരവായി കണക്കാക്കുമോ;

(ഇ) എങ്കിൽ, ബജറ്റിൽ പ്രഖ്യാപിച്ച നിർദ്ദിഷ്ട വിദ്യാലയം സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.

(ബി-ഇ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കാഞ്ഞിരപ്പള്ളിയിലെ കുന്നുംഭാഗം കായികവിദ്യാലയം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കായി 4,97,53,866 രൂപയുടെ പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ആയത് അംഗീകരിക്കപ്പെട്ടിട്ടില്ല.

**ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം**

121 (1662) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വോളിബോൾ രംഗത്ത് ഇന്ത്യയുടെയും, കേരളത്തിന്റെയും പേര് അന്താരാഷ്ട്ര നിലവാരത്തിൽ എത്തിച്ച കേരള ഗവർണറുടെ എ.ഡി.സി. യായിരുന്ന അകാലമരണം വരിച്ച ശ്രീ. ഉദയകുമാറിന്റെ സ്മരണയ്ക്കായി ജന്മനാടായ ആലപ്പുഴ ജില്ലയിൽ ഒരു ഇൻഡോർ സ്റ്റേഡിയവും, വോളിബോൾ അക്കാദമിയും തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിനായി ഈ ബജറ്റിൽ എത്രകോടി രൂപ വകയിരുത്തിയിട്ടുണ്ട്; ഇല്ലെങ്കിൽ ഇതിനായുള്ള തുക വകയിരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഈ ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി എന്ന് തുടങ്ങുവാൻ സാധിക്കുമെന്ന കാര്യം വിവരിക്കുമോ?

<u>ഉത്തരം</u>

(എ) ഉദയകുമാറിന്റെ സ്മരണയ്ക്കായി ജന്മനാടായ ആലപ്പുഴയിൽ ഒരു ഇൻഡോർ സ്റ്റേഡിയവും പ്രശസ്ത ദേശീയ വോളീബോൾ താരവും കോച്ചുമായിരുന്ന കവലൂർ ഗോപിനാഥിന്റെ പേരിൽ ഒരു വോളീബോൾ അക്കാദമിയും തുടങ്ങുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വോളീബോൾ അക്കാദമിക്കായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) പദ്ധതി കെ.ഐ.ഐ.എഫ്.ബി. (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്)-യിൽ ഉൾപ്പെടുത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**കളിയിലൂടെ ആരോഗ്യം പദ്ധതി**

122 (1663) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; നിലവിലുള്ള കായികനയം പുതുക്കി സമഗ്രമായ നയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ;

(ബി) 'കളിയിലൂടെ ആരോഗ്യം' എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇതു നടപ്പിലാക്കാൻ സ്കൂളുകൾക്ക് സർക്കാർ ധനസഹായം നൽകുമോ; എല്ലാ സ്കൂളുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ;

(സി) കായിക സംഘടനകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇവയിൽ മിക്കവയുടെയും പ്രവർത്തനം ജനാധിപത്യ രീതിയിൽ അല്ലെന്ന പരാതി പരിശോധിക്കുമോ ; കായികരംഗത്തെ വികസനത്തിനുതകുംവിധത്തിൽ കായിക സംഘടനകളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഗ്രാമീണമേഖലയിൽ കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും അതിലൂടെ യഥാർത്ഥ കായികപ്രതിഭകളെ കണ്ടെത്താനും സമഗ്ര പരിശീലനം ലഭ്യമാക്കുന്നതിനുമായി 8-7-2016-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ സ്പോർട്സ് സൗകര്യ വികസനത്തിന് പ്രത്യേക പരിഗണന നൽകുന്നതിലേയ്ക്കായി 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 500 കോടി രൂപയും എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം

തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ 2016-17 സാമ്പത്തിക വർഷം 25 മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സമഗ്രമായ കായിക നയം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) <u>പ്ലേ ഫോർ ഹെർത്ത്</u>: പ്രൈമറി സ്കൂൾ തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കേരളത്തിലെ ഭാവി വാഗ്ദാനങ്ങളായ സ്കൂൾ കുട്ടികൾക്കിടയിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി കേരള സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.

<u>ലക്ഷ്യങ്ങൾ</u>:

1. കുട്ടികളിൽ ശാരീരികവും മാനസികവുമായ ആരോഗ്യവും ബുദ്ധിപരവുമായ വികസനവും ഓർമ്മ ശക്തിയും വികസിപ്പിച്ചെടുക്കുക.

2. കുട്ടികളെ കായിക ലോകത്തെ പരിചയപ്പെടുത്തുക.

3. കായികക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം കുട്ടികളിൽ കായികാഭിരുചി വളർത്തുവാനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും പദ്ധതി സഹായകരമാണ്.

4. കുട്ടികളുടെ ലോകം പരിചയപ്പെടുത്തുന്നതോടൊപ്പം പ്രധാനപ്പെട്ട കായിക വിനോദങ്ങളുടെ പ്രാഥമിക പാഠങ്ങൾ പഠിപ്പിച്ച് ഭാവിയിൽ അനുയോജ്യമായത് തെരഞ്ഞെടുക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

5. ചുറ്റുപാടുമായി ഐക്യത്തോടെ സമൂഹത്തിൽ സുരക്ഷിതവും ചിട്ടയോടു കൂടിയ ജീവിതശൈലി വളർത്തിയെടുക്കുവാനും കുട്ടികളിൽ പൗരബോധം, സുരക്ഷിതത്വം, പ്രഥമശുശ്രൂഷ, സ്വയം സംരക്ഷണം, പ്രകൃതി സംരക്ഷണം, റോഡ് സുരക്ഷ എന്നീ ഗുണങ്ങൾ വളർത്തിയെടുക്കുവാനും ഈ പദ്ധതി സഹായകമാകും. ആരോഗ്യവും ഉത്തരവാദിത്ത ബോധവുമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുന്നതിനുമുള്ള ഒരു ചവിട്ടുപടികൂടിയാണ് ഈ പദ്ധതി.

സ്കൂളുകൾക്ക് സർക്കാർ നേരിട്ട് ധനസഹായം അനുവദിക്കുന്നില്ല. കായിക യുവജനകാര്യാലയം മുഖേന പദ്ധതി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ 5 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിവരികയാണ്. ഈ സാമ്പത്തിക വർഷത്തിൽ 20 സ്കൂളുകളിൽ പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ ഈ വർഷം മുതൽ മൂന്ന് സ്ഥലങ്ങളിൽ സാധാരണ പൗരന്മാർക്ക് ആരോഗ്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കമ്മ്യൂണിറ്റി ഹെൽത്ത് സ്കീം നടപ്പിലാക്കും.

(സി) വിലയിരുത്താറുണ്ട്. കായിക സംഘടനകളുടെ പ്രവർത്തനം ജനാധിപത്യ രീതിയിൽ അല്ലെന്നുള്ളത് സംബന്ധിച്ച് പരാതികൾ ലഭിക്കുകയാണെങ്കിൽ അവ പരിശോധിച്ച് ടി സംഘടനകളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി 31-8-2016-ൽ കൂടിയ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം പ്രസിഡന്റ് ഉൾപ്പെട്ട 3 അംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**പ്ലേ ഫോർ ഹെൽത്ത് പരിപാടികൾ**

123 (1664) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടികളിൽ കായിക അഭിരുചി വളർത്താൻ പ്രഖ്യാപിച്ച പ്ലേ ഫോർ ഹെൽത്ത് പരിപാടികൾ ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ; അവയുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

പ്ലേ ഫോൺ ഹെൽത്ത് പദ്ധതി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളുടെ വിവരം താഴെച്ചേർക്കുന്നു:

1. ഗവൺമെന്റ് എൽ.പി.എസ്, കോട്ടൺഹിൽ, തിരുവനന്തപുരം

   ആരംഭിച്ചിട്ടുണ്ട്. കൂടാതെ മറ്റ് നാല് സ്കൂളുകളിൽ ഉടൻ തുടങ്ങുന്ന ഘട്ടത്തിലുമാണ്.

2. മങ്കാട് യു.പി.എസ്, കടയ്ക്കൽ, കൊല്ലം

3. ഗവൺമെന്റ് യു. പി.എസ്. നിലമേൽ, കൊല്ലം

4. ഇ.എം.എസ്.എച്ച്.എസ്. പൂങ്കോട്, കൊല്ലം.

ഇതുകൂടാതെ 2016-17 സാമ്പത്തിക വർഷം സംസ്ഥാനതലത്തിൽ 20 സ്കൂളുകളിലുമാണ് നടപ്പിലാക്കുന്നത്.

## റിയോ ഒളിമ്പിക്സിൽ സംസ്ഥാന കായികതാരങ്ങളുടെ പ്രകടനം

124 (1665) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയോ ഒളിമ്പിക്സിൽ സംസ്ഥാന കായിക താരങ്ങളുടെ പ്രകടനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മുൻ ഒളിമ്പിക്സുകളിൽ കേരള താരങ്ങൾ പുലർത്തിയ നിലവാരം നിലനിർത്താനായില്ലെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) മുൻ കാലത്ത് നേട്ടങ്ങളുണ്ടാക്കിയ താരങ്ങൾ അപമാനിക്കപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത്തരം സംഭവങ്ങൾ കായിക രംഗത്തെ ഏതു വിധം ബാധിച്ചിട്ടുണ്ടെന്ന് പരിശോധിക്കുമോ?

### ഉത്തരം

(എ) റിയോ ഒളിമ്പിക്സിലെ സംസ്ഥാന കായികതാരങ്ങളുടെ പ്രകടനം സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിവരുന്നു.

(ബി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) മുൻകാലത്ത് നേട്ടങ്ങളുണ്ടാക്കിയ താരങ്ങൾ അപമാനിക്കപ്പെട്ട സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ദേശീയ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട അഴിമതി

125 (1666) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ദേശീയ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് അഴിമതി ആരോപണങ്ങൾ ഉയർന്നുവന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഏതൊക്കെ ഓഡിറ്റ് വിഭാഗങ്ങളുടെ പരിശോധന പൂർത്തിയായിട്ടുണ്ട്; ക്രമക്കേട് നടന്നതായി റിപ്പോർട്ടിൽ പരാമർശമുണ്ടോ; വിശദമാക്കാമോ;

(സി) കൂടുതൽ പരിശോധന ഇതുമായി ബന്ധപ്പെട്ട് നടത്തുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 35-ാം ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളും വരവുചെലവ് കണക്കുകളും അക്കൗണ്ടന്റ് ജനറലും കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റും വിശദമായ പരിശോധനകൾ നടത്തുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ടുകളിൽ അഴിമതി നടന്നതായി പ്രത്യേകമായി പരാമർശങ്ങളൊന്നും ഇല്ല.

(ബി&സി) അക്കൗണ്ടന്റ് ജനറലും കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റും ആഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് നൽകുകയും റിപ്പോർട്ടിന് മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളെ സംബന്ധിച്ച് പരാമർശങ്ങളിൽ വ്യക്തവും തൃപ്തികരവുമായ മറുപടി അക്കൗണ്ടന്റ് ജനറലിനും സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റിനും സമർപ്പിച്ചിട്ടുണ്ട്.

**സമഗ്ര കായികനയം**

126 (1667) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ കായികാഭിരുചി ഉറപ്പാക്കാനും ആരോഗ്യപൂർണ്ണമായ ഒരു പുതുതലമുറയെ രൂപപ്പെടുത്തുന്നതിനുമായി എന്തെങ്കിലും സമഗ്രപദ്ധതി ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) ഗ്രാമീണ മേഖലയിൽ കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും അതിലൂടെ യഥാർത്ഥ കായിക പ്രതിഭകളെ കണ്ടെത്താനും, സമഗ്ര പരിശീലനം ലഭ്യമാക്കാനുമായി എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് സമഗ്രമായ കായികനയം രൂപപ്പെടുത്താനും നടപ്പാക്കാനും ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) കുട്ടികളിൽ കായികാഭിരുചി ഉറപ്പാക്കാനും ആരോഗ്യപൂർണ്ണമായ ഒരു പുതുതലമുറയെ രൂപപ്പെടുത്തുന്നതിനുമായി വിപുലമായ ഒരു സമഗ്രപദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിന്റെ ഭാഗമായി 1 മുതൽ 4 വരെയുള്ള ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് കായികക്ഷമത നടപ്പിലാക്കുന്നത്

സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റിനെയും 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ കായികക്ഷമത എങ്ങനെ മെച്ചപ്പെടുത്താമെന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് അംഗങ്ങളായ ഡോ. ടി. ഐ. മനോജ്, ശ്രീ. പി. ശശിധരൻ നായർ, ശ്രീ. ഒ. കെ. വിനീഷ് എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഗ്രാമീണമേഖലയിൽ കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പു വരുത്തുകയും അതിലൂടെ യഥാർത്ഥ കായികപ്രതിഭകളെ കണ്ടെത്താനും സമഗ്ര പരിശീലനം ലഭ്യമാക്കുന്നതിനുമായി 8-7-2016-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ 2016-17 സാമ്പത്തിക വർഷം 25 മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും കണ്ടെത്തുന്നതുമാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സമഗ്രമായ കായികനയം രൂപീകരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവപരിഗണനയിലാണ്.

**മലിനീകരണം**

127 (1668) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ ഓങ്ങല്ലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിരവധി ഓൾഡ് സ്ക്രാപ്പ്/ഇലക്ട്രോണിക് വേസ്റ്റ് സ്ഥാപനങ്ങൾ വഴിയുണ്ടാകുന്ന മലിനീകരണം കുറയ്ക്കുന്നതിനായുള്ള ഇൻഡസ്ട്രിയൽ പാർക്ക് പോലുള്ള സംരംഭങ്ങൾ ആരംഭിക്കുവാനുള്ള എന്തെങ്കിലും ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. പട്ടാമ്പി താലൂക്കിലെ ഓങ്ങല്ലൂർ വില്ലേജ് 2-ൽ കാരക്കാട് എന്ന സ്ഥലത്ത് സ്വകാര്യ വ്യക്തികളുടെ പേരിലുള്ള ഭൂമി വ്യവസായ ഏര്യ ആയി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 'സൈറ്റ് സെലക്ഷൻ കമ്മിറ്റി' കൂടുന്നതിന് തീരുമാനമെടുക്കുകയും ബന്ധപ്പെട്ട ജില്ലാ ആഫീസർമാരെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ പരിസരവാസികളുടെ എതിർപ്പിനെത്തുടർന്ന് ഈ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

**വോളിബോൾ അക്കാദമി**

128 (1669) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വോളിബോൾ അക്കാദമി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയാണെന്ന് വിശദമാക്കുമോ;

(ബി) അക്കാദമിയുടെ പേര് ആരുടെ സ്മരണയ്ക്കായിട്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അക്കാദമി സ്ഥാപിക്കുന്നതിനായി എത്ര ഏക്കർ സ്ഥലമാണ് ആവശ്യമായിട്ടുള്ളത്; ആയത് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ആലപ്പുഴയിൽ ഉദയകുമാറിന്റെ പേരിലുള്ള ഇൻഡോർ സ്റ്റേഡിയത്തോട് അനുബന്ധിച്ച് നാഷണൽ വോളീബോൾ താരവും കോച്ചുമായ കലവൂർ ഗോപിനാഥിന്റെ പേരിലാണ് അക്കാദമി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഉദയകുമാർ ഇൻഡോർ സ്റ്റേഡിയത്തിൽ അക്കാദമി സ്ഥാപിക്കാൻ തീരുമാനിച്ച സ്ഥിതിക്ക് ഈ ചോദ്യത്തിന് പ്രസക്തിയില്ല.

**സ്പോർട്സ് ആന്റ് ഗെയിംസിന്റെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

129 (1670) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്പോർട്സ് & ഗെയിംസിന്റെ ഉന്നമനത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലെ മികച്ച സ്പോർട്സ് & ഗെയിംസ് താരങ്ങൾ അന്യ രാജ്യങ്ങളിൽ ജോലി തേടി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇവരെ കേരളത്തിൽ തന്നെ പിടിച്ചു നിർത്തുവാനായി ഇവിടെയുള്ള വിവിധ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇവരെ ഓരോ കൊല്ലവും നിശ്ചിത എണ്ണത്തിൽ (പുരുഷ/സ്ത്രീ) നിയമിക്കുവാൻ പുതിയ പദ്ധതി തയ്യാറാക്കുമോ;

(ഡി) സ്പോർട്സിന്റെയും ഗെയിംസിന്റെയും ഉന്നമനത്തിനായി പണം സ്വരൂപിക്കാൻ ഏതെങ്കിലും തരത്തിലുള്ള ലോട്ടറി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ സാമ്പത്തിക വർഷം സ്പോർട്സിനായി എത്ര രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമീണമേഖലയിൽ കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും അതിലൂടെ യഥാർത്ഥ കായികപ്രതിഭകളെ കണ്ടെത്താനും സമഗ്ര പരിശീലനം ലഭ്യമാക്കുന്നതിനുമായി 8-7-2016-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ സ്പോർട്സ് സൗകര്യ വികസനത്തിന് പ്രത്യേക പരിഗണന നൽകുന്നതിലേയ്ക്കായി 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 500 കോടി രൂപയും എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ 2016-17 സാമ്പത്തിക വർഷം 25 മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ മികച്ച സ്പോർട്സ് ആന്റ് ഗെയിംസ് താരങ്ങൾ അന്യരാജ്യങ്ങളിൽ ജോലി തേടി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളീയ കായിക താരങ്ങൾ അന്യസംസ്ഥാനങ്ങളിലും സായുധ സേനകളിലും റെയിൽവേ, പെട്രോളിയം കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി നേടിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) 2016-17 സാമ്പത്തികവർഷം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് പദ്ധതിയിനത്തിൽ 31.5 കോടി രൂപയും കായികയുവജനകാര്യ ഡയറക്ടറേറ്റിന് 32 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട്

130 (1671) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിങ്ങവനത്ത് ആരംഭിച്ച സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത്; ഈ സ്ഥാപനത്തിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

### ഉത്തരം

ചിങ്ങവനത്ത് ആരംഭിച്ച സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ തറക്കല്ലിടീൽ ചടങ്ങ് 23-2-2016-ൽ മുൻ കായിക വകുപ്പുമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഇതിൽ KESIL നിന്നും ലഭിച്ചിട്ടുള്ള 11.25 ഏക്കർ സ്ഥലത്ത് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിൽ നിന്നും ലഭിച്ച 3 പ്രീ ഫാബ് യൂണിറ്റ് ഓഫീസ് പ്രവർത്തനത്തിനായി സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. കൂടാതെ ടി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി അന്നത്തെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി, ഡോ. ബിനു ജോർജ് വർഗ്ഗീസിനെ നിയമിച്ചിട്ടുണ്ട്. ടിയാൾ സെക്രട്ടറി സ്ഥാനത്ത് നിന്നും മാതൃവകുപ്പിലേയ്ക്ക് തിരികെ പോവുകയുണ്ടായി. പുതിയ ഡയറക്ടറെ നിയമിച്ചിട്ടില്ല.

## പാറശ്ശാലയിൽ സ്റ്റേഡിയം

131 (1672) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി പ്രശസ്തരായ കായികതാരങ്ങളെ സൃഷ്ടിച്ച മണ്ഡലമായ പാറശ്ശാലയിൽ കായികപരിശീലനത്തിന്റെയും സ്ഥലപരിമിതിയുടേയും പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാറശ്ശാല മണ്ഡലത്തിലെ നെയ്യാർഡാം കേന്ദ്രീകരിച്ച് ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

**കളിസ്ഥലങ്ങളുടെ നവീകരണം**

132 (1673) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിസ്ഥലങ്ങളുടെ നവീകരണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകളുടെ കീഴിൽ ഉപയോഗരഹിതമായിക്കിടക്കുന്ന സ്ഥലങ്ങൾ കളിസ്ഥലങ്ങളായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) 8-7-2016-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ അനുബന്ധത്തിൽ പറയുന്ന കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 5 കോടി രൂപ വീതം വകയിരുത്തുന്നതായും ഇതിനായുള്ള 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

**ഒളിമ്പിക്സ്-വിഷൻ 2028**

133 (1674) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2028-ലെ ഒളിമ്പിക്സ് മുന്നിൽ കണ്ട് ഒരു ടാലന്റ് ഹണ്ട് നടത്തുന്നതിനും എക്സ്പർട്ട് കോച്ചിംഗ് ലഭ്യമാക്കുന്നതിനുമുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുമോ;

(ബി) വിഷൻ-2028 എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്പോർട്സ് വകുപ്പ് നടത്തുമോ;

(സി) ഇതിനായി കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെ ഈ പദ്ധതിയുടെ ഭാഗമായി ആധുനിക കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

**യൂത്ത് ഹോസ്റ്റലുകൾ**

134 (T*1675) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര യൂത്ത് ഹോസ്റ്റലുകൾ നിലവിലുണ്ട്; അവയുടെ പേര് സഹിതം ജില്ലതിരിച്ച് വിശദമാക്കുമോ;

(ബി) ഓരോ യൂത്ത് ഹോസ്റ്റലിലും കഴിഞ്ഞ 2 വർഷക്കാലത്ത് വാടക ഇനത്തിൽ ലഭിച്ച വരുമാനമെത്ര, പ്രസ്തുത കാലയളവിൽ അറ്റകുറ്റ പണികൾക്ക് ചെലവഴിച്ച തുകയെത്ര എന്നീ വിവരങ്ങൾ നൽകുമോ;

(സി) യൂത്ത് ഹോസ്റ്റലുകളിലെ വാസയോഗ്യമായ സിംഗിൾ, ഡബിൾ മുറികളുടെ എണ്ണം എത്രയെന്ന് യൂത്ത് ഹോസ്റ്റലുകൾ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഓരോ യൂത്ത് ഹോസ്റ്റലിലും വാസയോഗ്യമല്ലാത്ത എത്ര സിംഗിൾ, ഡബിൾ മുറികളുണ്ടെന്നും എത്രകാലമായി ഇവ ഉപയോഗ ശൂന്യമായി കിടക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) യൂത്ത് ഹോസ്റ്റലുകളിൽ മുറി ബുക്കിംഗിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ,മുറി ബുക്കിംഗ് ഓൺലൈൻ വഴിയാക്കി സുതാര്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നെഹ്റു യുവകേന്ദ്ര സംഘാടകന്റെ കീഴിൽ സംസ്ഥാനത്ത് 3 യൂത്ത് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. പേരുവിവരം ചുവടെ ചേർക്കുന്നു:

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

1. ഗവൺമെന്റ് യൂത്ത് ഹോസ്റ്റൽ, വേളി, തിരുവനന്തപുരം

2. ഗവൺമെന്റ് യൂത്ത് ഹോസ്റ്റൽ, എൻ.ജി.ഒ ക്വാർട്ടേഴ്സ് ജംഗ്ഷൻ, തൃക്കാക്കര, എറണാകുളം, കൊച്ചി

3. ഗവൺമെന്റ് യൂത്ത് ഹോസ്റ്റൽ, ഈസ്റ്റ് ഹിൽ, കോഴിക്കോട്.

(ബി) ഓരോ യൂത്ത് ഹോസ്റ്റലിലും കഴിഞ്ഞ 2 വർഷക്കാലത്ത് വാടകയിനത്തിൽ ലഭിച്ച വരുമാനം/അറ്റകുറ്റ പണികൾക്ക് ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ഹോസ്റ്റൽ | വാടകയിനത്തിൽ ലഭിച്ച വരുമാനം | | അറ്റകുറ്റ പണികൾക്ക് ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| | വർഷം | തുക (രൂപ) | |
| ഗവൺമെന്റ് യൂത്ത് ഹോസ്റ്റൽ, വേളി, തിരുവനന്തപുരം | 2014-15 | 9,21,634 | 53,943 |
| | 2015-16 | 8,91,322 | 74,276 |
| ഗവൺമെന്റ് യൂത്ത് ഹോസ്റ്റൽ, കൊച്ചി. | 2014-15 | 9,58,870 | 2,26,995 |
| | 2015-16 | 9,05,040 | 1,67,736 |
| ഗവൺമെന്റ് യൂത്ത് ഹോസ്റ്റൽ, ഈസ്റ്റ് ഹിൽ, കോഴിക്കോട് | 2014-15 | 16,28,821 | 1,26,642 |
| | 2015-16 | 16,88,600 | 5,53,713 |

(സി) വാസയോഗ്യമായ സിംഗിൾ/ഡബിൾ മുറികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ഹോസ്റ്റൽ | സിംഗിൾ റൂം | ഡബിൾ റൂം |
|---|---|---|
| വേളി | ഇല്ല | ഒന്ന് |
| കൊച്ചി | ഇല്ല | രണ്ട് |
| കോഴിക്കോട് | ഇല്ല | രണ്ട് |

(ഡി) വാസയോഗ്യമല്ലാത്തത് ഇല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊച്ചി, കോഴിക്കോട് ഗവൺമെന്റ് യൂത്ത് ഹോസ്റ്റലുകൾക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം ഉണ്ട്. തിരുവനന്തപുരം ഹോസ്റ്റലിന് NEFT, e-mail, SMS മുഖാന്തിരം മുറി ബുക്ക് ചെയ്യാനുള്ള സൗകര്യമുണ്ട്.

**താനൂരിലെ വോൾട്ടേജ് ക്ഷാമം**

135 (1676) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ മുൻസിപ്പാലിറ്റി ഉൾപ്പെടെ 6 പഞ്ചായത്തുകളുള്ള താനൂർ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമംമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ പ്രശ്നപരിഹാരത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താനൂർ, പരപ്പനങ്ങാടി, വള്ളിക്കുന്ന്, തിരൂരങ്ങാടി എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പരപ്പനങ്ങാടി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. താനൂർ നിയോജകമണ്ഡലത്തിന് കീഴിൽ വരുന്ന സെക്ഷനുകളിൽ 21 ഭാഗങ്ങളിലായി വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ജോലികൾ പുരോഗമിച്ചുവരുന്നു.

**വൈദ്യുതി ലൈനുകൾ**

136 (1677) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ ഇല്ലാതിരുന്ന സമയത്ത് സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിലൂടെ വലിച്ചിരുന്ന വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) പിന്നീട് വന്ന റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വീണ്ടും ലൈൻ വലിക്കുന്നതുമൂലം അധികചെലവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുരയിടങ്ങളിലൂടെ കടന്നുപോകുന്ന ലൈനിൽ മരങ്ങൾ തട്ടിയുണ്ടാകുന്ന പ്രസരണനഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഇതുമൂലം വോൾട്ടേജ് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സ്വകാര്യ വ്യക്തികളുടെ പുരയിടത്തിൽനിന്നും ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് അപേക്ഷ ലഭിച്ചാൽ സാങ്കേതികമായി സാദ്ധ്യമാണെങ്കിൽ അതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ലൈൻ മാറ്റി സ്ഥാപിക്കേണ്ടത് അപേക്ഷകന്റെ പുരയിടത്തിലേക്ക് തന്നെയാണെങ്കിൽ പണിക്കൂലി മാത്രവും പുരയിടത്തിന് പുറത്തേക്ക് സ്ഥാപിക്കണമെങ്കിൽ വേണ്ടിവരുന്ന സാധനങ്ങളുടെയും പണിക്കൂലിയുടെയും ചെലവും അപേക്ഷകരിൽനിന്നും ഈടാക്കി പ്രവർത്തി നിർവ്വഹിക്കുകയാണ് നിലവിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പിന്തുടരുന്നത്.

(ബി) ഉണ്ട്.

(സി&ഡി) ഇല്ല.

**തിരുവമ്പാടിയിൽ പുതിയ സബ് സ്റ്റേഷനുകൾ**

137 (1678) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കുന്നതും പ്രവൃത്തി ആരംഭിക്കാനുദ്ദേശിക്കുന്നതുമായ നിരവധി ചെറുകിട ജലവൈദ്യുത പദ്ധതികളുള്ള തിരുവമ്പാടി മണ്ഡലത്തിൽ വൈദ്യുതസംഭരണത്തിനും വിതരണത്തിനുമായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) തമ്പലമണ്ണ 33 KV സബ് സ്റ്റേഷൻ ശേഷി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ച നെല്ലിക്കാപറമ്പ് 33 KV സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തിരുവമ്പാടി മണ്ഡലത്തിൽ പ്രസരണമേഖലയിൽ 110/33/11 K.V സബ്സ്റ്റേഷൻ (നാരങ്ങാത്തോട്), 66/11 K.V സബ്സ്റ്റേഷൻ (അടിവാരം) തമ്പലമണ്ണ സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കൽ എന്നിവയും ഈ സബ്സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്നതിനുള്ള 35 കി.മീ. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതും ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 163 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്തവർ തുക അടയ്ക്കുന്ന പക്ഷം പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കുന്നതാണ്.

**ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി യോജന**

138 (1679) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ "ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി യോജന" പ്രകാരം കേരളത്തിലെ എത്ര ഗ്രാമീണ ഭവനങ്ങളാണ് വൈദ്യുതീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്;

(ബി) പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതി കേരള സർക്കാരിന്റെ "സമ്പൂർണ്ണ വൈദ്യുതീകരണ " പദ്ധതിയാണ് എന്ന തരത്തിലുള്ള പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃത്യമായി കണക്കാക്കിയിട്ടില്ല.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല. ഗ്രാമപ്രദേശങ്ങളിൽ ബി.പി.എൽ. ഭവനങ്ങൾ വൈദ്യുതീകരിക്കാൻ പ്രസ്തുത പദ്ധതി ഉപയോഗപ്പെടുത്തുന്നുണ്ട്.

## കെ. ജെ.എസ്.ഇ.ബി.-യുടെ നവീകരണം

139 (1680) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യെ നവീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള 12 ജലവൈദ്യുത പദ്ധതികളിലെ 37 ഡാമുകളുടെ നവീകരണം പുനരുദ്ധാരണ ജോലികൾ നടപ്പിലാക്കി വരികയാണ്. ഡാമുകളുടെ പുനരുദ്ധാരണ ജോലികൾ ഡാം റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP)-ൽ ഉൾപ്പെടുത്തി വേൾഡ് ബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിനെ നവീകരിക്കുന്നതിനായി പുതിയതായി താഴെപ്പറയുന്ന വിവര സാങ്കേതിക വിദ്യ പദ്ധതികൾ ആവിഷ്കരിക്കുന്നു:

1. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

2. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന ഊർജ്ജ-ദൂത് പദ്ധതി.

3. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്ന പദ്ധതി.

4. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ (സി.ഡി.എം.) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 5 സ്ഥലങ്ങളിൽ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുന്ന പദ്ധതി.

5. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ സ്ഥലം മാറ്റം ഓൺലൈനായി നടപ്പിൽ വരുത്താനുള്ള സംവിധാനം.

6. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി.

7. വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനത്തോടെയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിക്കുന്ന പദ്ധതി.

8. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്ന് ഓൺ ലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

9. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം.

10. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിൽ വരുത്തുന്ന പദ്ധതി.

11. 23 ടൗണുകളിൽ ഫേസ് II ഐ.ടി. പദ്ധതികൾ നടപ്പിൽ വരുത്തുന്ന പദ്ധതി.

12. എച്ച്.ടി./ഇ.എച്ച്.ടി. ഉപഭോക്താക്കൾക്കായി ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് (എ.എം.ആർ.) സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

13. തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

14. സ്മാർട്ട് സിറ്റി പ്രദേശത്ത് സ്മാർട്ട് ഗ്രിഡ് സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

15. എനർജി ഓഡിറ്റിംഗ് ലക്ഷ്യമാക്കി സംസ്ഥാനമൊട്ടാകെ എച്ച്.ടി. ഫീഡറുകളിലും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും എ.എം.ആർ. മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

16. സ്കാഡ സംവിധാനം കൂടുതൽ പട്ടണങ്ങളിൽ വ്യാപകമാക്കാനുള്ള പദ്ധതി.

17. ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) സംവിധാനം എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും വ്യാപകമാക്കാനുള്ള പദ്ധതി.

18. നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്കിന്റെ (NOFN) ഭാഗമായി ഗവൺമെന്റ് ഓഫീസുകളെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ബന്ധിപ്പിക്കാനുള്ള പദ്ധതി.

(ബി) സ്വീകരിക്കും. വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് തീർപ്പാക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായ ആപ്ലിക്കേഷനുകളിലെ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കെ.എസ്.ഇ.ബി.-ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക**

140 (1681) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് കെ.എസ്.ഇ.ബി.-ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ആയത് ഈടാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) വൈദ്യുതി പ്രസരണനഷ്ടം കുറച്ച് വിതരണ ശൃംഖലയെ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(സി) വൈദ്യുതി മോഷണം തടയുന്നതിനും പിടികൂടുന്നതിനുമായ സർക്കാർ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം ചെയ്യും എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽനിന്ന് കെ.എസ്.ഇ.ബി.-ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക 398.86 കോടി രൂപയാണ്. ആയത് പിരിച്ചെടുക്കുന്നതിലേക്കായി റവന്യൂ റിക്കവറി, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി സാങ്കേതിക സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളും ലൈനുകളും ഉന്നത വോൾട്ടേജിലേക്ക് ഉയർത്തുക

എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിതരണ ശൃംഖല കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ. വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക, സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ പ്രവൃത്തികൾ നടപ്പാക്കുക, മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable) ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിനും പിടികൂടുന്നതിനുമായി ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. എ.പി.റ്റി.എസ്. സ്ക്വാഡുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഈ മേഖലയിൽ കൂടുതൽ പ്രാവീണ്യമുള്ള ജീവനക്കാരെ കണ്ടെത്തി നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും പരിശോധനയിലെ കൃത്യതയ്ക്കായി അതിനൂതനമായ എൽ.റ്റി./എച്ച്.റ്റി. സ്റ്റാന്റേർഡ് റഫറൻസ് മീറ്ററുകൾ ഉൾപ്പെടെയുള്ള കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ അവധി ദിവസങ്ങളിലും രാത്രികാലങ്ങളിലും പരിശോധനകൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനുവേണ്ടി എല്ലാ മാസവും 3 മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകൾ നടത്തുന്നതാണ്.

## ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ട്

141 (1682) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. എന്തെങ്കിലും പഠനം നടത്തുവാൻ ഐ.ഐ.എം. കോഴിക്കോടിന് കരാർ കൊടുത്തിരുന്നോ;

(ബി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കാഷ്യർ തസ്തികയിൽ എത്ര ശതമാനം/എത്ര വേക്കൻസിയാണ് തസ്തികമാറ്റം വഴി നികത്തപ്പെടേണ്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) 1-1-2012-നുശേഷം തസ്തികമാറ്റം വഴി കാഷ്യർ തസ്തികയിൽ നടന്ന നിയമനങ്ങളുടെ വിശദവിവരങ്ങളും തീയതി, എണ്ണം എന്നിവ വ്യക്തമാക്കുന്ന പട്ടികയും ലഭ്യമാക്കാമോ?

ഉത്തരം

(എ) കൊടുത്തിരുന്നു.

(ബി) പഠന റിപ്പോർട്ട് വൈദ്യുതി ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kseb.in-ൽ ലഭ്യമാണ്.

(സി) 20%

(ഡി) 1-1-2012-നുശേഷം തസ്തികമാറ്റം വഴി കാഷ്യർ തസ്തികയിൽ നടന്ന നിയമനങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തീയതി | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | 22-6-2012 | 4 |
| 2 | 25-8-2012 | 4 |
| 3 | 22-10-2012 | 1 |
| 4 | 18-2-2013 | 4 |
| 5 | 10-4-2013 | 4 |
| 6 | 26-4-2013 | 1 |
| 7 | 16-5-2013 | 1 |
| 8 | 1-7-2013 | 1 |

| (1) | (2) | (3) |
|---|---|---|
| 9 | 27-12-2013 | 6 |
| 10 | 20-2-2014 | 1 |
| 11 | 19-5-2014 | 1 |
| 12 | 30-8-2014 | 4 |
| 13 | 1-11-2014 | 120 |
| 14 | 7-9-2016 | 1 |

**കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

142 (1683) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെമ്പൂരിൽ ഒരു കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് സ്ഥാപിക്കണമെന്ന കാലങ്ങളായുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ചെമ്പൂരിൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്.

## കെ.എസ്.ഇ.ബി. മീറ്റർ റീഡർ

143 (1684) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കെ.എസ്.ഇ.ബി. മീറ്റർ റീഡർമാരിൽ സ്ഥിരം ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവുകളുടെ എണ്ണം ഡിവിഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 855.

(ബി&സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും ആവശ്യമുള്ള തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് IIM കോഴിക്കോട് പഠനം നടത്തി റിപ്പോർട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് വിശദമായി പഠിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഡയറക്ടർ (ഫിനാൻസ്)നെ കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആവശ്യമായ തസ്തികകളും (മീറ്റർ റീഡർ ഉൾപ്പെടെ) അനുവദനീയമായ ഒഴിവുകളും തിട്ടപ്പെടുത്താൻ നിർവ്വാഹമുള്ളൂ.

## കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

144 (1685) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലുള്ളവരുടെ ലൈൻമാൻ തസ്തികയിലേക്കുള്ള പ്രൊമോഷനുകൾ എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത പ്രൊമോഷനിലൂടെ മസ്ദൂർ തസ്തികയിൽ ഉണ്ടാകാൻ ഇടയുള്ള ഒഴിവുകൾ എത്രയെന്നു വ്യക്തമാക്കുമോ;

(ഡി) മസ്ദൂർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം - 5 ഒഴിവുകൾ

മറ്റ് ജില്ലകളിൽ ഒഴിവുകൾ ഇല്ല.

(ബി&സി) ലൈൻമാൻ തസ്തികയിലെ ഒഴിവുകൾ തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ.

(ഡി) എറണാകുളം ജില്ലയിലെ 5 പേരുടെ ഒഴിവ് കെ.പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. കെ.പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**കെ.എസ്.ഇ.ബി.**

145 (1686) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യിൽ കാഷ്യർ തസ്തികയിൽ ജോലി ചെയ്യുന്ന ലൈൻമാൻ/ മസ്ദൂർ, കാഷ്യർ ട്രെയിനികളുടെ പേര്, തസ്തിക, എണ്ണം എന്നിവയുടെ വിശദവിവരം സർക്കിൾ ഓഫീസുകൾ തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ?

ഉത്തരം

കാഷ്യർ ട്രെയിനികളായി പ്രവർത്തിക്കുന്ന ലൈൻമാൻ/മസ്ദൂർമാരുടെ പേര്, തസ്തിക, എണ്ണം എന്നിവ സർക്കിൾ ഓഫീസുകളുടെ അടിസ്ഥാനത്തിൽ തരം തിരിച്ചെടുത്ത പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തിരുവനന്തപുരം സർക്കിൾ | തസ്തിക | ആകെ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | സജീർ. കെ. | ലൈൻമാൻ | |
| 2. | ബാബുകുമാർ | ലൈൻമാൻ | |
| 3. | ഷിബുകുമാർ | ലൈൻമാൻ | |
| 4. | അനുചന്ദ്രൻ. ആർ. | ലൈൻമാൻ | |
| 5. | ഷംനാദ് എസ്. | ലൈൻമാൻ | 5 |

| (1) | (2) | (3) | (4) |
|---|---|---|---|
| | **കാട്ടാക്കട സർക്കിൾ** | | |
| 1. | ജയദാസ് .ആർ | ലൈൻമാൻ | |
| 2. | സജി. എസ്. | ലൈൻമാൻ | |
| 3. | ബിജു. ബി. | ലൈൻമാൻ | |
| 4. . | സുദർശൻ. ജെ | ലൈൻമാൻ | |
| 5. | ആസാദ് ഹുസൈൻ. എസ് | ലൈൻമാൻ | |
| 6. | ബിജുകുമാർ. വി. | ലൈൻമാൻ | |
| 7. | സജികുമാർ വി. ബി. | ലൈൻമാൻ | |
| 8. | ഷാജി. എസ്. | ലൈൻമാൻ | |
| 9. | വിനോദ് രാജ്. ജെ.ആർ | ലൈൻമാൻ | |
| 10. | മോഹൻ. പി. | ലൈൻമാൻ | |
| 11. | മണികുമാർ. എസ്. | ലൈൻമാൻ | |
| 12. | ഉണ്ണി. ഡി. എസ്. | ലൈൻമാൻ | |
| 13. | ദേവദാസൻ. എ | ലൈൻമാൻ | |
| 14. | ജീൻ. സി. പി. | ലൈൻമാൻ | |
| 15. | വിബിൻ. എൻ. എം. | ലൈൻമാൻ | |
| 16. | വിജയരാജ്. എസ്. | ലൈൻമാൻ | |
| 17. | സാദിക്. എ. | ലൈൻമാൻ | 17 |
| 1. | വിപിൻ. ജെ. യു. | വർക്കർ/മസ്ദൂർ | 1/18 |

| (1) | (2) | (3) | (4) |
|---|---|---|---|
| | **കൊട്ടാരക്കര സർക്കിൾ** | | |
| 1. | സുഭാഷ്. എസ്. | മസ്ദ്ദൂർ | 1 |
| | **പത്തനംതിട്ട സർക്കിൾ** | | |
| 1. | അജികുമാർ. സി. സി. | ലൈൻമാൻ | |
| 2. | സാലിഹ്. എം. എ | ലൈൻമാൻ | |
| 3. | വിനോദ്കുമാർ . വി. പി | ലൈൻമാൻ | |
| 4. | സജി പി. തോമസ് | ലൈൻമാൻ | |
| 5. | റജി. പി. എൽ. | ലൈൻമാൻ | |
| 6. | റിനോഷ് മാത്യൂ | ലൈൻമാൻ | |
| 7. | ജോബിൻ ജോൺ | ലൈൻമാൻ | 7 |
| 1. | മുഹമ്മദ് റാഫി. എം. | മസ്ദ്ദൂർ | |
| 2. | സുരേഷ് കുമാർ. കെ. ജി | മസ്ദ്ദൂർ | |
| 3. | മനോജ്. റ്റി. എം. | മസ്ദ്ദൂർ | 3 |
| | **കോട്ടയം സർക്കിൾ** | | |
| 1. | ജയപ്രസാദ്. പി. | ലൈൻമാൻ | |
| 2. | സലിം. എസ്. ആർ | ലൈൻമാൻ | |
| 3. | ദിലീപ് കുമാർ. കെ. എൻ | ലൈൻമാൻ | |
| 4. | മനോജ് മാത്യൂ | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 5. | ജയമോൻ. വി. ആർ | ലൈൻമാൻ | |
| 6. | ഗിരീഷ്. വി. വി. | ലൈൻമാൻ | |
| 7. | ദിനകുമാർ. എ. ജി | ലൈൻമാൻ | 7 |
| | <u>പാലാ സർക്കിൾ</u> | | |
| 1. | കണ്ണൻ പി. എൻ | ലൈൻമാൻ | |
| 2. | ജയമോൻ കെ. കെ | ലൈൻമാൻ | |
| 3. | സജയകുമാർ എസ്.എസ് | ലൈൻമാൻ | 3 |
| | <u>എറണാകുളം</u> | | |
| 1. | ലാലൻ റ്റി. പി. | ലൈൻമാൻ | |
| 2. | സ്റ്റാൻസലവോസ് സേവ്യർ | ലൈൻമാൻ | |
| 3. | അബ്ദുൾ സലാം. എം. | ലൈൻമാൻ | |
| 4. | ഉണ്ണികൃഷ്ണൻ. എം. | ലൈൻമാൻ | |
| 5. | ബിനോജ്. സി. ജി. | ലൈൻമാൻ | |
| 6. | ബെനഡിറ്റ്. പി. എ. | ലൈൻമാൻ | 6 |
| 1. | സുഭാഷ് കെ. ആർ. | മസ്ദൂർ | 1/7 |
| | <u>പെരുമ്പാവൂർ സർക്കിൾ</u> | | |
| 1. | സാദിഖ്. റ്റി.ഐ. | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 2. | സെജു. എ. ഒ. | ലൈൻമാൻ | |
| 3. | ജോഷി. കെ. ജി. | ലൈൻമാൻ | |
| 4. | സജിത്ത്. വി. ബി. | ലൈൻമാൻ | |
| 5. | ഉണ്ണികൃഷ്ണൻ. പി. എം. | ലൈൻമാൻ | |
| 6. | അബ്ദുൾ കരീം. വി. ഐ. | ലൈൻമാൻ | |
| 7. | സലീം. എ. കെ. | ലൈൻമാൻ | |
| 8. | അലിയാർ. എം. എം. | ലൈൻമാൻ | |
| 9. | സാംസൺ. വി. ഐ. | ലൈൻമാൻ | |
| 10. | സതീശൻ. കെ. | ലൈൻമാൻ | |
| 11. | ജോഷി. കെ. എൻ. | ലൈൻമാൻ | |
| 12. | ദിലീപ് കുമാർ. വി.ജി. | ലൈൻമാൻ | |
| 13. | മാത്യു സ്കറിയ | ലൈൻമാൻ | |
| 14. | ബിജു രാഘവൻ | ലൈൻമാൻ | |
| 15. | ജയൻ. റ്റി. കെ. | ലൈൻമാൻ | |
| 16. | ജോളി ജോസഫ് | ലൈൻമാൻ | |
| 17. | നവാസ് പി. എം. | ലൈൻമാൻ | |
| 18. | റാഫേൽ. എ. എ. | ലൈൻമാൻ | |
| 19. | മുരളി. പി. എം. | ലൈൻമാൻ | |
| 20. | ദിലീപ്. എം. എസ്. | ലൈൻമാൻ | |
| 21. | അജി. കെ. എ. | ലൈൻമാൻ | |
| 22. | സുദീർ. റ്റി. ആർ. | ലൈൻമാൻ | |
| 23. | സാജു. പി. എസ്. | ലൈൻമാൻ | 23 |
| 1. | വിനോദ് എം. ഡി. | മസ്ദൂർ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 2. | മണിക്കുട്ടൻ. എ. ജി | മസ്ദൂർ | |
| 3. | സിജു വർഗ്ഗീസ് | മസ്ദൂർ | |
| 4. | ജോബി നൈനാൻ | മസ്ദൂർ | |
| 5. | ഷാജഹാൻ | മസ്ദൂർ | 5 |
| | തൃശ്ശൂർ സർക്കിൾ | | |
| 1. | പുരുഷോത്തമൻ. കെ. | ലൈൻമാൻ | |
| 2. | സുരേഷ്. എൻ. എസ്. | ലൈൻമാൻ | |
| 3. | ഷെമീർ. പി. വി. | ലൈൻമാൻ | |
| 4. | രമേശ്. പി. ആർ. | ലൈൻമാൻ | |
| 5. | അലഹതീഫ്. എം. വി. | ലൈൻമാൻ | |
| 6. | സ്റ്റീഫംസൺപോൾ | ലൈൻമാൻ | |
| 7. | നൗഷാദ്. റ്റി. എ. | ലൈൻമാൻ | |
| 8. | അനീഷ് രാജ് | ലൈൻമാൻ | |
| 9. | രതീഷ്. വി. | ലൈൻമാൻ | |
| 10. | സുലയ്മാൻ. കെ. എ. | ലൈൻമാൻ | |
| 11. | കിഷോർകുമാർ. കെ. കെ. | ലൈൻമാൻ | |
| 12. | സുബിൻ. വി. ആർ. | ലൈൻമാൻ | |
| 13. | അബൂബേക്കർ. വി. എച്ച്. | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 14. | രമേഷ്. പി. | ലൈൻമാൻ | |
| 15. | ഉദയകുമാർ. കെ. കെ. | ലൈൻമാൻ | |
| 16. | സുരേഷ്. എം.വി. | ലൈൻമാൻ | |
| 17. | രഞ്ജിത്ത്. ഇ. ആർ | ലൈൻമാൻ | |
| 18. | ഷംസുദീൻ. എം. എം. | ലൈൻമാൻ | |
| 19. | സാജൻ. പി. എസ്. | ലൈൻമാൻ | |
| 20. | റോയി. കെ. എഫ്. | ലൈൻമാൻ | 20 |
| 1. | റിജോ സേവിയർ | മസ്ദൂർ | |
| 2. | ജയരാജ് കെ. ആർ | മസ്ദൂർ | |
| 3. | ഗോപി. റ്റി. എസ്. | മസ്ദൂർ | |
| 4. | അനൂപ്. സി. വി. | മസ്ദൂർ | |
| 5. | സാജമ. സി.ജി. | മസ്ദൂർ | 5 |

<u>ഇരിങ്ങാലക്കുട സർക്കിൾ</u>

| | | | |
|---|---|---|---|
| 1. | ശോഭന. ബി. എസ്. | ലൈൻമാൻ | |
| 2. | ഷൈജു. ടി. എസ്. | ലൈൻമാൻ | |
| 3. | രാധാകൃഷ്ണൻ. വി. വി. | ലൈൻമാൻ | |
| 4. | മണിക്കുട്ടൻ. എ. യു. | ലൈൻമാൻ | |
| 5. | ആന്റണി. ഒ. എം. | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 6. | സഞ്ജയൻ. കെ. എസ്. | ലൈൻമാൻ | |
| 7. | സിറാജ്ജുദീൻ. ഇ. കെ. | ലൈൻമാൻ | |
| 8. | ഷിഹാബ്. കെ. എ. | ലൈൻമാൻ | |
| 9. | സുധീഷ്. പി. കെ. | ലൈൻമാൻ | |
| 10. | ഷിബു. ടി. ബി. | ലൈൻമാൻ | |
| 11. | ഷൈജു കെ. ജേക്കബ് | ലൈൻമാൻ | |
| 12. | മുനീർ. എം. എസ്. | ലൈൻമാൻ | |
| 13. | ശ്രീനി. പി. ആർ. | ലൈൻമാൻ | |
| 14. | ഗിൻസ് ആന്റോ | ലൈൻമാൻ | |
| 15. | ഷാജി. എം. കെ. | ലൈൻമാൻ | |
| 16. | അനൂപ്. എം. എസ്. | ലൈൻമാൻ | |
| 17. | വർഗ്ഗീസ്. ആർ. കെ. | ലൈൻമാൻ | |
| 18. | സുധീർ. എ. എം. | ലൈൻമാൻ | |
| 19. | അരവിന്ദാക്ഷൻ. കെ. | ലൈൻമാൻ | |
| 20. | ബാബുമോൻ. കെ. എ. | ലൈൻമാൻ | 20 |
| 1. | പ്രേംലാൽ. എം.സി. | മസ്ദൂർ | |
| 2. | സജി. വി. ജെ. | മസ്ദൂർ | |
| 3. | അനമോദ്. പി.എം. | മസ്ദൂർ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 4. | ലെനീഷ്. കെ. കെ. | മസ്ദൂർ | |
| 5. | രഞ്ജിത്ത്. പി. ആർ. | മസ്ദൂർ | 5 |
| | തൊടുപുഴ സർക്കിൾ | | |
| 1. | സുരേഷ് പി. എസ്. | ലൈൻമാൻ | |
| 2. | സജിമോൻ ഫിലിപ്പ് | ലൈൻമാൻ | |
| 3. | ആൽബിൻകുമാർ. എ.എൻ. | ലൈൻമാൻ | |
| 4. | സജികുമാർ. പി. കെ. | ലൈൻമാൻ | |
| 5. | അജിമോൻ. എ. | ലൈൻമാൻ | |
| 6. | ജലീൽ. റ്റി. എസ്. | ലൈൻമാൻ | |
| 7. | രതീഷ്. എൻ. എസ്. | ലൈൻമാൻ | |
| 8. | റൂബിൻ ജോസഫ് | ലൈൻമാൻ | |
| 9. | വിനോയ്. എം. ജെ. | ലൈൻമാൻ | 9 |
| 1. | ബിജുമോൻ | മസ്ദൂർ | 1 |
| | ഹരിപ്പാട് സർക്കിൾ | | |
| 1. | മാത്യു. റ്റി. ജെ. | ലൈൻമാൻ | |
| 2. . | ഹരിത്. എൻ. എച്ച് | ലൈൻമാൻ | |
| 3. | ലീലാമണി | ലൈൻമാൻ | |
| 4. | ബിജു. ആർ. | ലൈൻമാൻ | 4 |

| (1) | (2) | (3) | (4) |
|---|---|---|---|
| | കാസർഗോഡ് | | |
| 1. | ഗിരിജ. കെ. | ലൈൻമാൻ | |
| 2. | മണിക്കുട്ടൻ | ലൈൻമാൻ | |
| 3. | കുമാരൻ. കെ. | ലൈൻമാൻ | |
| 4. | കമലാക്ഷൻ. കെ. | ലൈൻമാൻ | |
| 5. | അജയ്. കെ. പി. | ലൈൻമാൻ | |
| 6. | നാരായണൻ. എ. | ലൈൻമാൻ | |
| 7. | ബാബു. റ്റി. | ലൈൻമാൻ | |
| 8. | ദിനേശൻ | ലൈൻമാൻ | |
| 9. | ഷൻമുഖൻ. കെ. പി. | ലൈൻമാൻ | |
| 10. | രവിചന്ദ്രൻ. വി. | ലൈൻമാൻ | |
| 11. | ഗോപകുമാർ. കെ. വി. | ലൈൻമാൻ | |
| 12. | കുമാരൻ. കെ. പി. | ലൈൻമാൻ | |
| 13. | രാജീവൻ. വി. | ലൈൻമാൻ | |
| 14. | റ്റിജോ മാത്യു. | ലൈൻമാൻ | |
| 15. | മൊയ്തു. എഫ്. | ലൈൻമാൻ | |
| 16. | രഞ്ജിത് ബാബു. കെ. ബി. | ലൈൻമാൻ | |
| 17. | സുധാകരൻ. എ. എൻ. | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 18. | അബ്ദുൾകുഞ്ഞി റ്റി. | ലൈൻമാൻ | |
| 19. | സുധീഷ് കുമാർ. റ്റി. കെ. | ലൈൻമാൻ | |
| 20. | പ്രവീൺ. എച്ച്.പി. | ലൈൻമാൻ | |
| 21. | സുജേഷ് കുമാർ. റ്റി. കെ. | ലൈൻമാൻ | |
| 22. | പ്രഭാകരൻ. എൻ. ബി. | ലൈൻമാൻ | |
| 23. | ജയകുമാർ ബാവിക്കര | ലൈൻമാൻ | |
| 24. | ശിവപ്രസാദ്. പി. | ലൈൻമാൻ | |
| 25. | രാധാകൃഷ്ണ. വി. | ലൈൻമാൻ | |
| 26. | കുഞ്ഞിരാമൻ. കെ. | ലൈൻമാൻ | |
| 27. | അശോകൻ. എൻ. റ്റി. | ലൈൻമാൻ | |
| 28. | ബാലകൃഷ്ണൻ കെ. വി. | ലൈൻമാൻ | |
| 29. | ഷൈജു. ഇ. പി. | ലൈൻമാൻ | |
| 30. | സബീർ അലി. വി. കെ. | ലൈൻമാൻ | 30 |
| 1. | രതീഷ്. റ്റി. | മസ്ദൂർ | |
| 2. | ഹസൈനർ | മസ്ദൂർ | |
| 3. | സുധീർ. ഡി. | മസ്ദൂർ | |
| 4. | ശശി. വി. വി. | മസ്ദൂർ | |
| 5. | അബ്ദുൾ ഖലീൽ. ബി. എ. | മസ്ദൂർ | |
| 6. | ഇബ്രാഹിംകുഞ്ഞ്. ഇസഡ് | മസ്ദൂർ | 6 |

| (1) | (2) | (3) | (4) |
|---|---|---|---|
| | കണ്ണൂർ സർക്കിൾ | | |
| 1. | ഷജേഷ്. വി. പി. | ലൈൻമാൻ | |
| 2. | രാജീവൻ എം. പി. | ലൈൻമാൻ | |
| 3. | ദേവരാജൻ കൊമ്പൻ | ലൈൻമാൻ | |
| 4. | വിനോദൻ ചെരുവലത്ത് | ലൈൻമാൻ | |
| 5. | ദിവാൻ. എം. | ലൈൻമാൻ | |
| 6. | വിനോദ് കുമാർ മാവിലത്ത് | ലൈൻമാൻ | |
| 7. | വിജേഷ്. കെ. സി. | ലൈൻമാൻ | |
| 8. | മനോജ്. എം. | ലൈൻമാൻ | |
| 9. | ഷൈജു. സി. | ലൈൻമാൻ | |
| 10. | സായ്‌രാജ്. കെ. സി. | ലൈൻമാൻ | |
| 11. | വിജയൻ ചിറ്റോളി | ലൈൻമാൻ | |
| 12. | അൻവർ. വി. | ലൈൻമാൻ | |
| 13. | അശോകൻ കെട്ടുങ്ങൽ | ലൈൻമാൻ | |
| 14. | ജ്യോതിഷ്. ഇ | ലൈൻമാൻ | |
| 15. | അസീസ്. സി. സി. | ലൈൻമാൻ | |
| 16. | സുബാഷ്. ഇ | ലൈൻമാൻ | |
| 17. | അക്ബർ ചാലിൽ കൊട്ടാരത്തിൽ | ലൈൻമാൻ | |
| 18. | ഷൈജു. പി.വി. | ലൈൻമാൻ | |
| 19. | സുമേഷ്. വി. | ലൈൻമാൻ | |
| 20. | രൂപേഷ്. റ്റി | ലൈൻമാൻ | 20 |

| (1) | (2) | (3) | (4) |
|---|---|---|---|
| | **ശ്രീകണ്ഠപുരം സർക്കിൾ** | | |
| 1. | ഷാജി ഇഞ്ചി പറമ്പിൽ | ലൈൻമാൻ | |
| 2. | ഷിനോജ്. പി. എം. | ലൈൻമാൻ | |
| 3. | സുധീഷ് കുമാർ. പി. | ലൈൻമാൻ | |
| 4. | രഞ്ജിത് ബാബു. കെ. | ലൈൻമാൻ | |
| 5. | ഫിറോസ്. വി. | ലൈൻമാൻ | |
| 6. | റസാഖ്. എം.എം. | ലൈൻമാൻ | |
| 7. | ഖാലിദ് അരയാക്കൂൾ | ലൈൻമാൻ | |
| 8. | കിരൺ. പി. | ലൈൻമാൻ | |
| 9. | ബിജേഷ്. കെ. | ലൈൻമാൻ | |
| 10. | രതീഷ് കുമാർ. റ്റി.വി. | ലൈൻമാൻ | |
| 11. | നദീർ. യു.വി. | ലൈൻമാൻ | |
| 12. | സ്റ്റീഫൻ എൻ. ജെ. | ലൈൻമാൻ | |
| 13. | മസൂദ്. എം. വി. | ലൈൻമാൻ | |
| 14. | രഘു മുൻതിക്കോട് | ലൈൻമാൻ | |
| 15. | വിൻസെന്റ്. പി. വി. | ലൈൻമാൻ | |
| 16. | രാജേഷ്. സി. വി. | ലൈൻമാൻ | |
| 17. | സുഭാഷ്. പി. വി. | ലൈൻമാൻ | |
| 18. | വിനോദ് കുമാർ. കെ. | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 19. | വൽസൻ. എൻ. | ലൈൻമാൻ | |
| 20. | മോഹൻദാസ്. സി. എച്ച് | ലൈൻമാൻ | 20 |
| 1. | സുജേഷ്. പി. കെ. | മസ്ദൂർ | |
| 2. | റഷീദ്. സി. വി. | മസ്ദൂർ | |
| 3. | ജാക്സൺ. എം. | മസ്ദൂർ | |
| 4. | മനോജ്. സി. | മസ്ദൂർ | |
| 5. | പത്മനാഭൻ. എൻ. | മസ്ദൂർ | |
| 6. | സുരേഷ്. സി. കെ. | മസ്ദൂർ | 6 |
| | **കല്പറ്റ സർക്കിൾ** | | |
| 1. | ശ്രീജിത്. കെ. | ലൈൻമാൻ | |
| 2. | ഹരികുമാർ. വി. | ലൈൻമാൻ | |
| 3. | സതീഷ് കുമാർ. ആർ | ലൈൻമാൻ | |
| 4. | ഷിജു. പി. എൻ. | ലൈൻമാൻ | |
| 5. | ശിവപ്രസാദ്. എ.ഡി | ലൈൻമാൻ | |
| 6. | ഉമ്മർ. എ. | ലൈൻമാൻ | |
| 7. | ജോസഫ്. കെ. ഇ. | ലൈൻമാൻ | |
| 8. | അജേഷ്. എം. വി. | ലൈൻമാൻ | |
| 9. | സജീവൻ. എ. വി. | ലൈൻമാൻ | |
| 10. | സുരേഷ്. വി. | ലൈൻമാൻ | 10 |

| (1) | (2) | (3) | (4) |
|---|---|---|---|
| | വടകര സർക്കിൾ | | |
| 1. | ജോസഫ്. റ്റി. എം. | ലൈൻമാൻ | |
| 2. | സജിത്. പി. വി. | ലൈൻമാൻ | |
| 3. | പ്രകാശൻ. കെ. എൻ. | ലൈൻമാൻ | |
| 4. | സറഫി ദീം. കെ. വി. | ലൈൻമാൻ | |
| 5. | പ്രകാശൻ. റ്റി.റ്റി. | ലൈൻമാൻ | |
| 6. | നജീബ്. എൻ. കെ. | ലൈൻമാൻ | |
| 7. | ഇസ്മയിൽ. എം. | ലൈൻമാൻ | |
| 8. | ബഷീർ. എം. പി. | ലൈൻമാൻ | |
| 9. | അശോക് കുമാർ. പി. റ്റി. | ലൈൻമാൻ | |
| 10. | സീനജ്. എം. പി. | ലൈൻമാൻ | |
| 11. | അനിൽ കുമാർ റ്റി. റ്റി | ലൈൻമാൻ | |
| 12. | രവീന്ദ്രൻ. സി. | ലൈൻമാൻ | |
| 13. | ബിനീഷ്. കെ. കെ. | ലൈൻമാൻ | |
| 14. | സുരേന്ദ്രൻ. പി. | ലൈൻമാൻ | |
| 15. | മനോജ്. കെ. | ലൈൻമാൻ | |
| 16. | ശശീന്ദ്രൻ. പി. വി. | ലൈൻമാൻ | |
| 17. | സുധീർ. കെ. പി. | ലൈൻമാൻ | |
| 18. | രാജേഷ്. കെ. പി. | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 19. | ബിവീഷ് കുമാർ. കെ. | ലൈൻമാൻ | |
| 20. | മനോജ് കെ.ഇ.കെ. | ലൈൻമാൻ | |
| 21. | വിനോദൻ. കെ. | ലൈൻമാൻ | |
| 22. | പ്രകാശൻ. റ്റി. | ലൈൻമാൻ | |
| 23. | ശ്രീനാഥൻ. സി. | ലൈൻമാൻ | 23 |
| | കോഴിക്കോട് സർക്കിൾ | | |
| 1. | രാജേഷ്. കെ. | ലൈൻമാൻ | |
| 2. | സഫീർ. കെ. വി. | ലൈൻമാൻ | |
| 3. | ശ്രീകുമാർ. പി. | ലൈൻമാൻ | |
| 4. | ദിനേഷ് ബാബു. കെ. | ലൈൻമാൻ | |
| 5. | സഹീർ അലി. എൻ. എം. | ലൈൻമാൻ | |
| 6. | ദേവദാസ്. സി. | ലൈൻമാൻ | |
| 7. | സജിത് കുമാർ. ഒ. | ലൈൻമാൻ | |
| 8. | ഉണ്ണികൃഷ്ണൻ. റ്റി. | ലൈൻമാൻ | |
| 9. | ഖാലിദ്. എ. കെ. | ലൈൻമാൻ | |
| 10. | ബാബു. കെ. കെ. | ലൈൻമാൻ | |
| 11. | അബ്ദുൾ അസീസ് | ലൈൻമാൻ | |
| 12. | അബ്ദുൾ സലാം. റ്റി. | ലൈൻമാൻ | |
| 13. | അബ്ദുൾ ഖാദർ. കെ. | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 14. | അബ്ദുൾ റഷീദ്. വി. വി. | ലൈൻമാൻ | |
| 15. | സുരേഷ്. വി. | ലൈൻമാൻ | |
| 16. | അശോകൻ. വി. | ലൈൻമാൻ | |
| 17. | സിദ്ദൻ. എം. | ലൈൻമാൻ | |
| 18. | വരുൺ. വി. | ലൈൻമാൻ | |
| 19. | ജയരാജൻ. റ്റി. പി. | ലൈൻമാൻ | |
| 20. | മുഹമ്മദ് ഹാഷിം. റ്റി. | ലൈൻമാൻ | |
| 21. | ജയപ്രകാശൻ. എം. | ലൈൻമാൻ | |
| 22. | ഹരിദാസൻ. വി. കെ. | ലൈൻമാൻ | |
| 23. | സുരേഷ്. കെ. വി. | ലൈൻമാൻ | 23 |
| 1. | നിസ്സാമുദ്ദീൻ. പി.സി | മസ്ദൂർ | 1/24 |
| | തിരൂർ സർക്കിൾ | | |
| 1. | ജവഹർ. എം. | ലൈൻമാൻ | |
| 2. | അഷറഫ്. പി. | ലൈൻമാൻ | |
| 3. | സുബ്രഹ്മണ്യൻ. എൻ. വി. | ലൈൻമാൻ | |
| 4. | സുനിൽകുമാർ. വി. | ലൈൻമാൻ | |
| 5. | ഗുരുവായൂരപ്പൻ | ലൈൻമാൻ | |
| 6. | രതീഷ്. ഇ. | ലൈൻമാൻ | |
| 7. | ഉമ്മർ. പി. എ. | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 8. | കുഞ്ഞിമുഹമ്മദ്. പി. കെ. | ലൈൻമാൻ | |
| 9. | മൂസക്കുട്ടി മഠത്തിൽ | ലൈൻമാൻ | |
| 10. | രാമചന്ദ്രൻ. കെ. കെ. | ലൈൻമാൻ | |
| 11. | മുഹമ്മദ് അഷറഫ്. റ്റി.പി. | ലൈൻമാൻ | |
| 12. | രാജൻ. എം. വി. | ലൈൻമാൻ | |
| 13. | ഷാജി നാരായണൻ. വി. | ലൈൻമാൻ | |
| 14. | സുകുമാരൻ. കെ. ജി. | ലൈൻമാൻ | |
| 15. | സുബ്രഹ്മണ്യൻ. എം. | ലൈൻമാൻ | |
| 16. | അശോകൻ. പി. വി. | ലൈൻമാൻ | |
| 17. | രാധാകൃഷ്ണൻ. എൻ. | ലൈൻമാൻ | |
| 18. | വിനോദ്. വി.വി | ലൈൻമാൻ | |
| 19. | ദേവാനന്ദ്. സി. | ലൈൻമാൻ | |
| 20. | അൻവർ സലീം. കെ. | ലൈൻമാൻ | |
| 21. | നാരായണൻ. സി. | ലൈൻമാൻ | |
| 22. | അബ്ദുൾ നാസർ. വി. | ലൈൻമാൻ | |
| 23. | അബൂബക്കർ. കെ. പി. | ലൈൻമാൻ | |
| 24. | ശശീന്ദ്രൻ. എ. ഒ. | ലൈൻമാൻ | |
| 25. | ലോഹിതാക്ഷൻ. വി. | ലൈൻമാൻ | |
| 26. | അജീഷ്. കെ. ജി. | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 27. | ഉമ്മർ കോയ. പി. | ലൈൻമാൻ | |
| 28. | അബ്ദുൾ അസീസ്. സി.കെ. | ലൈൻമാൻ | |
| 29. | അനിൽ കുമാർതകെ | ലൈൻമാൻ | 29 |
| 1. | അബിൻ. റ്റി. അബ്രഹാം | മസ്ദൂർ | |
| 2. | ഉണ്ണികൃഷ്ണൻ. ഇ. | മസ്ദൂർ | |
| 3. | സെൽവരാജ്. എൻ. | മസ്ദൂർ | |
| 4. | സുബാഷ് ബാബു | മസ്ദൂർ | |
| 5. | ഗണേശൻ. എസ്. | മസ്ദൂർ | |
| 6. | ശശി. കെ. | മസ്ദൂർ | |
| 7. | മനോജ്. ഇ. | മസ്ദൂർ | |
| 8. | രമേഷ് ബാബു. കെ. എസ്. | മസ്ദൂർ | |
| 9. | ജബീർ. ഐ. പി. | മസ്ദൂർ | |
| 10. | സക്കീർ ഹുസൈൻ | മസ്ദൂർ | |
| 11. | മുസ്സാഫിൽ കരുവള്ളി | മസ്ദൂർ | |
| 12. | മുരളീധരൻ. പി. കെ. | മസ്ദൂർ | 12 |
| | **മഞ്ചേരി സർക്കിൾ** | | |
| 1. | സെയ്ദലവി. പി. | ലൈൻമാൻ | |
| 2. | മുഹമ്മദ് മുസലിഅരകത്ത് | ലൈൻമാൻ | |
| 3. | സന്തോഷ്. പി. പി. | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 4. | വാസുദേവൻ. പി. | ലൈൻമാൻ | |
| 5. | മുഹമ്മദ്. പി. | ലൈൻമാൻ | |
| 6. | പത്മരാജൻ | ലൈൻമാൻ | |
| 7. | റഷീദ്. പി. | ലൈൻമാൻ | |
| 8. | അബ്ദുൾ അസീസ്. വി. | ലൈൻമാൻ | |
| 9. | രാകേഷ്. കെ. | ലൈൻമാൻ | |
| 10. | ഉണ്ണികൃഷ്ണൻ. എ. | ലൈൻമാൻ | |
| 11. | ഉണ്ണികൃഷ്ണൻ. സി. | ലൈൻമാൻ | |
| 12. | ഷറഫുദീൻ | ലൈൻമാൻ | |
| 13. | അജ്മൽ. വി. | ലൈൻമാൻ | |
| 14. | ഗിരീഷ്. കെ. | ലൈൻമാൻ | |
| 15. | മനോജ് കുമാർ. എൻ. വി. | ലൈൻമാൻ | 15 |
| 1. | ദാസൻ വടിയാത്ത് | മസ്ദൂർ | |
| 2. | അബ്ദുൾ റഷീദ്. റ്റി. | മസ്ദൂർ | |
| 3. | അവുദ്ദീർ അലി. റ്റി | മസ്ദൂർ | |
| 4. | സജീവ്. സി.എസ്. | മസ്ദൂർ | 4 |
| | നിലമ്പൂർ സർക്കിൾ | | |
| 1. | സുനിൽ കുമാർ. എ.ജി. | ലൈൻമാൻ | |
| 2. | റഹിം ഫൈസൽ | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 3. | റെജി. സി. വി. | ലൈൻമാൻ | |
| 4. | കപിൽരാജ്. എ.എം. | ലൈൻമാൻ | |
| 5. | സുൾഫിക്കർ അലി. പി. | ലൈൻമാൻ | |
| 6. | സുന്ദരൻ അനന്തൻ വീടൻ | ലൈൻമാൻ | |
| 7. | കെ. സതീഷ്. | ലൈൻമാൻ | |
| 8. | സുനിൽ ബാബു. പി. വി. | ലൈൻമാൻ | |
| 9. | സെയ്ദുദ്ദീൻ. എം. | ലൈൻമാൻ | |
| 10. | അരുൺ കുമാർ. റ്റി. വി. | ലൈൻമാൻ | |
| 11. | മുഹമ്മദ് ജമാൽ. കെ. റ്റി. | ലൈൻമാൻ | |
| 12. | ഉദയരാജൻ. കെ. | ലൈൻമാൻ | |
| 13. | അനീഷ്. കെ. | ലൈൻമാൻ | 13 |
| 1. | സുരേഷ് പരമ്പട | മസ്ദൂർ | |
| 2. | കുഞ്ഞയാമു. ഇ. കെ. | മസ്ദൂർ | |
| 3. | അംജദ്ഖാൻ | മസ്ദൂർ | |
| 4. | അബ്ദുൾ നാസർ. എ. | മസ്ദൂർ | 4 |
| | ഷൊർണ്ണൂർ സർക്കിൾ | | |
| 1. | പ്രീദത്ത്. പി. സി. | ലൈൻമാൻ | |
| 2. | ഷാജിമോൻ. പി. | ലൈൻമാൻ | |
| 3. | ആന്റണി. എം. സി. | ലൈൻമാൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| 4. | സ്വാമിനാഥൻ. എ. | ലൈൻമാൻ | |
| 5. | സുധീർപിലത്തറക്കൽ | ലൈൻമാൻ | |
| 6. | സുരേഷ് ബാബു. പി. | ലൈൻമാൻ | |
| 7. | അസൈൻ താഴത്തട്ടിൽ | ലൈൻമാൻ | |
| 8. | അബ്ബാസ് പരിയാരൻ | ലൈൻമാൻ | |
| 9. | സതീഷ്. ആർ. | ലൈൻമാൻ | |
| 10. | മുരളീധരൻ. എൻ. | ലൈൻമാൻ | |
| 11. | മുഹമ്മദ് കുട്ടി. റ്റി. പി. | ലൈൻമാൻ | |
| 12. | ജോൺ പോൾ കെ. എം. | ലൈൻമാൻ | |
| 13. | ഷാജഹാൻ. എം. വി. | ലൈൻമാൻ | |
| 14. | ജിജി. കെ. ഇട്ടൂപ്പ് | ലൈൻമാൻ | |
| 15. | ജോർജ്ജ്. കെ. സി. | ലൈൻമാൻ | |
| 16. | പ്രകാശ്. എം. | ലൈൻമാൻ | |
| 17. | സുബാഷ് ബാബു. ഇ | ലൈൻമാൻ | |
| 18. | ദേവദാസൻ. എം. വി. | ലൈൻമാൻ | |
| 19. | പ്രമോദ്. പി. | ലൈൻമാൻ | |
| 20. | രാജേഷ് കുമാർ. റ്റി | ലൈൻമാൻ | |
| 21. | വേലായുധൻ. എൻ.പി. | ലൈൻമാൻ | 21 |
| 1. | ജെറാൾഡ്. എ | മസ്ദൂർ | |
| 2. | മണികണ്ഠൻ. കെ. | മസ്ദൂർ | 2/23 |

| (1) | (2) | (3) | (4) |
|---|---|---|---|
| | പാലക്കാട് സർക്കിൾ | | |
| 1. | മുരളീധരൻ. വി. | ലൈൻമാൻ | |
| 2. | അശോക് കുമാർ. എൻ. | ലൈൻമാൻ | |
| 3. | വിജയൻ. സി. | ലൈൻമാൻ | |
| 4. | ചെന്താമര. വി. | ലൈൻമാൻ | |
| 5. | പ്രസാദ് | ലൈൻമാൻ | 5 |
| 1. | അക്ബർ അലി. എ. | മസ്ദ്ദൂർ | |
| 2. | ഫമീസ് ഖാൻ. എം. | മസ്ദ്ദൂർ | |
| 3. | മോഹനദാസൻ. കെ. | മസ്ദ്ദൂർ | |
| 4. | ഷൈജുനാഥ്. എസ്. | മസ്ദ്ദൂർ | 4/9 |

**കെ.എസ്.ഇ.ബി.-യെ ലാഭത്തിലെത്തിക്കുവാൻ നടപടി**

146 (1687) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടം നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കെ.എസ്.ഇ.ബി.യാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2014-15 വർഷത്തിൽ കെ.എസ്.ഇ.ബി.യുടെ നഷ്ടം എത്ര കോടി രൂപയാണ്;

(സി) മുൻ വർഷത്തെ അപേക്ഷിച്ച് 2014-15-ൽ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടും ബോർഡിന്റെ നഷ്ടം വർദ്ധിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) നഷ്ടം കുറച്ച് ബോർഡിനെ ലാഭത്തിലെത്തിക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നഷ്ടം നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡും ഉൾപ്പെടുന്നു. 2014-15 സാമ്പത്തിക വർഷത്തിലെ താത്കാലിക കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം 1272.90 കോടി രൂപയാണ്.

(സി) 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2014-15 സാമ്പത്തിക വർഷത്തിൽ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടില്ല. ഏകദേശം വരുമാനത്തിൽ 140 കോടി രൂപയുടെ കുറവാണുണ്ടായത്. ചെലവിനത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടായതും 2014-15 വർഷത്തിൽ നഷ്ടം വർദ്ധിക്കുന്നതിന് കാരണമായി.

(ഡി) കെ.എസ്.ഇ.ബി. യുടെ നഷ്ടം കുറച്ച് ലാഭത്തിലാക്കാൻ ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്:

1. മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയെടുക്കുന്നതാണ്.

2. കേന്ദ്ര സർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച 'ഉദയ് പദ്ധതി' യുടെ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C loss കുറയ്ക്കുന്നതിനും റവന്യൂ ഗ്യാപ്പ് കുറയ്ക്കുന്നതിനും നടപടിയെടുക്കുന്നതാണ്.

   മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ നഷ്ടം കുറച്ചുകൊണ്ട് വരുവാനാണ് ശ്രമിക്കുന്നത്.

**കെ.എസ്.ഇ.ബി.-യിലെ കരാർ തൊഴിലാളികൾ**

147 (1688) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിൽ എത്ര കരാർ തൊഴിലാളികൾ ജോലി ചെയ്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2004 വരെ, 1200 ദിവസം തുടർച്ചയായി ജോലി ചെയ്ത് കെ.എസ്.ഇ.ബി. കരാർ തൊഴിലാളികളായി അംഗീകരിച്ചവർ എത്രയെന്ന് വിശദമാക്കുമോ;

(സി) 5 വർഷമായി മസ്ദൂർ ജോലി ചെയ്തു വരുന്ന സ്ഥിരം ജീവനക്കാരിൽ എത്ര പേർക്ക് പ്രൊമോഷൻ നൽകാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചെറുകിട കരാറുകാരും അവരുടെ തൊഴിലാളികളുമായി ഏകദേശം 2000 പേർ ഒരു വർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിവിധ ജോലികളിൽ ഏർപ്പെടുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ/അഡീഷണൽ ലേബർ കമ്മീഷണർ മൂന്ന് ഘട്ടങ്ങളിലായി തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം 2004-നുമുമ്പ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 1200 ദിവസം തുടർച്ചയായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്ത (ചെറുകിട കരാറുകാരും കോൺട്രാക്ട് ലൈൻ വർക്കേഴ്സും) 3020 പേരുണ്ട്.

(സി) 5 വർഷം പൂർത്തിയാക്കിയ 4381 മസ്ദൂർമാരുണ്ട്. ഇവരുടെ പ്രൊമോഷനായി ലൈൻമാൻ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ.

## കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റ്

148 (1689) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ഈ ഒഴിവുകളിലേക്ക് നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മസ്ദൂർ, ലൈൻമാൻ പ്രൊമോഷൻ യഥാസമയം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രൊമോഷൻ നടപടി അടിയന്തരമായി നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-10-2013 മുതൽ നാളിതുവരെ 203 പേർക്ക് നിയമനം നൽകി.

(ബി) നിലവിൽ മസ്ദൂർ തസ്തികയിൽ ഒഴിവുകൾ ഇല്ല.

(സി) പ്രൊമോഷനുകൾ യഥാസമയം തന്നെ നടത്തിയിട്ടുണ്ട്. ലൈൻമാൻ തസ്തികയിലെ ഒഴിവുകൾ തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ.

(ഡി) ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലുള്ള ഒഴിവുകൾ**

149 (1690) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്നതിനായി നാളിതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ലിസ്റ്റിൽ നിന്നും ശരാശരി 300 അധികം ഒഴിവുകളിൽ നിയമനം നടത്തിയപ്പോൾ നിലവിലുള്ള ലിസ്റ്റിൽ നിന്നും കേവലം 100-ൽ താഴെ ഒഴിവുകൾ മാത്രം നികത്താനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) ഷിഫ്റ്റ് സമ്പ്രദായം 2 ജില്ലകളിൽ തീരുമാനമുണ്ടായിട്ടും നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പുതുതായി 30 ഓളം സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവെങ്കിലും ഇവിടങ്ങളിൽ തസ്തികകൾ അനുവദിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ലൈൻമാൻ, ഓവർസീയർ തസ്തികയിൽ ആയിരക്കണക്കിന് ഒഴിവുകൾ ഉണ്ടായിട്ടും നിലവിലുള്ള മസ്ദൂർമാർക്ക് പ്രമോഷൻ നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു: (30-9-2013 മുതൽ റിപ്പോർട്ട് ചെയ്തവ) (1) തിരുവനന്തപുരം-363, (2) കൊല്ലം-25, (3) പത്തനംതിട്ട-35, (4) ആലപ്പുഴ-239, (5) കോട്ടയം-53, (6) എറണാകുളം-34, (7) ഇടുക്കി-58, (8) തൃശ്ശൂർ-256, (9) കോഴിക്കോട്-439, (10) മലപ്പുറം-232, (11) വയനാട്-14, (12) പാലക്കാട്-203, (13) കണ്ണൂർ-204, (14) കാസർഗോഡ്-94.

(ബി) 7-2-2014 മുതൽ ഇതുവരെ 2244 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് കെ.പി.എസ്.സി-യെ അറിയിക്കുന്നുണ്ട്.

(സി) ഷിഫ്റ്റ് സമ്പ്രദായം രണ്ട് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വിഷയം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ഡി) 31 പുതിയ സെക്ഷനുകൾ അനുവദിച്ചുകൊണ്ടുള്ള ബോർഡ് ഉത്തരവ് പ്രകാരം ടി സെക്ഷനുകളിലേക്ക് ബോർഡിൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുള്ളതിനാൽ പുതിയ തസ്തികകൾ അനുവദിച്ചിട്ടില്ല.

(ഇ) ലൈൻമാൻ, ഓവർസിയർ തസ്തികയിലെ ഒഴിവുകൾ തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ.

## കെ.എസ്.ഇ.ബി. മീറ്ററുകൾ

150 (1691) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. മീറ്ററുകൾ വാങ്ങുന്നത് എവിടെ നിന്നാണെന്നും ഒരു മീറ്ററിന് എത്ര വില വരുമെന്നും അറിയിക്കുമോ;

(ബി) പുതിയ മീറ്റർ വാങ്ങുന്നതിനും കേടായത് മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും ഉപഭോക്താവ് ചെയ്യേണ്ട നടപടി ക്രമങ്ങൾ വിശദമാക്കുമോ;

(സി) കെ.എസ്.ഇ.ബി. ഓഫീസുകളിൽ മീറ്ററുകൾ ഉപഭോക്താവിന് നേരിട്ട് നൽകുന്ന രീതി നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ സമ്പ്രദായം പിൻവലിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇപ്പോൾ മീറ്ററുകൾ വാങ്ങുന്നത് താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നാണ്:

| ക്രമ നമ്പർ | മീറ്റർ (ഇനം) | സ്ഥാപനം | ആകെ വില (ഒരെണ്ണം) (രൂപ) |
|---|---|---|---|
| 1 | സിംഗിൾ ഫേസ് മീറ്റർ | ലാൻഡിസ് + ഗിർ, കൊൽക്കത്ത | 588.63 |
| 2 | ത്രീ ഫേസ് മീറ്റർ | (എ) ജനസ് പവർ ഇൻഫ്രാസ്ട്രക്ചേഴ്സ് | 1708.77 |
| | | (ബി) ലാർസൻ & ട്രൂബ്രോ ലിമിറ്റഡ്, ബാംഗ്ലൂർ | 1710.89 |

(ബി) Kerala Electricity Supply Code 2014 ചട്ടം 105 പ്രകാരം ഉപഭോക്താവിന് നേരിട്ട് അംഗീകൃത vendor-ൽ നിന്ന് മീറ്റർ വാങ്ങുകയോ അല്ലെങ്കിൽ ലൈസൻസിയോട് മീറ്റർ നൽകാൻ ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ന്യായമായ വിലയ്ക്ക് ടെസ്റ്റ് ചെയ്ത സിംഗിൾ ഫേസ് എനർജി മീറ്ററുകൾ 25 ഇലക്ട്രിക്കൽ സർക്കിൾ ഓഫീസുകളോടനുബന്ധിച്ചുള്ള ഔട്ട്‌ലെറ്റുകൾ വഴി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഔട്ട്‌ലെറ്റുകൾ വഴി മീറ്റർ വാങ്ങുന്നതിനുള്ള സൗകര്യം ഉപഭോക്താക്കൾ പ്രയോജനപ്പെടുത്തുകയാണെങ്കിൽ അതാത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ നൽകുന്ന രേഖ സഹിതം ഔട്ട്‌ലെറ്റുകളെ സമീപിക്കാവുന്നതാണ്. ഇപ്രകാരം നൽകുന്ന മീറ്റർ വാറന്റി കാലയളവിൽ കേടാണ് എന്ന് കണ്ടാൽ അസിസ്റ്റന്റ് എഞ്ചിനീയറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേടായ മീറ്ററിന് പകരം പുതിയ മീറ്റർ ഉപഭോക്താവിനോ/ടി സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറിനോ കമ്പനി നൽകുന്നതാണ്. ഉപഭോക്താവിന് സമ്മതമാണെങ്കിൽ ബോർഡ് നൽകിയ മീറ്ററുകൾ പിന്നീട് കേടായാൽ അവ മാറ്റുന്നതിനും ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

(സി) ഉണ്ട്.

**കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കാഷ്യർ ട്രെയിനികൾ**

151 (1692) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കാഷ്യർ ട്രെയിനികളായി ലൈൻമാൻ/മസ്ദൂർ തസ്തികകളിലുള്ളവർ ജോലി ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ 1-1-2016 മുതൽ ഇന്നേവരെ കോഴിക്കോട്, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലായി എത്ര പേർ കാഷ്യർ ട്രെയിനികളായി ജോലി ചെയ്യുന്നുണ്ടെന്ന് പേര്, തസ്തിക, എണ്ണം, സർക്കിൾ ഓഫീസ് തിരിച്ച് വിശദമാക്കാമോ;

(സി) ലൈൻമാൻ, മസ്ദൂർ തസ്തികകളിലുള്ളവരെ കാഷ്യർ ട്രെയിനികളായി നിയമിക്കുന്നതിനുള്ള ഉത്തരവ് /സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോഴിക്കോട്, ഇടുക്കി, കണ്ണൂർ ജില്ലകളിൽ കാഷ്യർ ട്രെയിനിമാരായി ജോലിചെയ്യുന്ന ലൈൻമാൻ/മസ്ദൂർമാരുടെ പേര്, തസ്തിക, എണ്ണം എന്നിവ സർക്കിൾ ഓഫീസ് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) B.O.(FB) No. 628/2007 (PS1/101/2006) dated Tvpm 19-3-2007, Long Term Settlement Article 38-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു:*

**കെ.എസ്.ഇ.ബി.-യുടെ ബാദ്ധ്യതകൾ**

152 (1693) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള കെ.എസ്.ഇ.ബി.യുടെ ബാദ്ധ്യതകൾ ഇനം തിരിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

2015-16 സാമ്പത്തിക വർഷത്തെ താല്ക്കാലിക കണക്കുപ്രകാരം ബാങ്കുകളിൽനിന്നും മറ്റു ധനകാര്യ സ്ഥലങ്ങളിൽനിന്നുമുള്ള കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ബാദ്ധ്യതകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ദീർഘകാല വായ്പ | 3753.51 കോടി രൂപ |
| പ്രവർത്തന മൂലധന വായ്പ | 2171.94 കോടി രൂപ |
| ആകെ | 5925.45 കോടി രൂപ |

**സബ് എഞ്ചിനീയർമാർമാരുടെ ഒഴിവ്**

153 (1694) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിൽ എത്ര സബ് എൻജിനീയർമാരുടെ ഒഴിവുകളുണ്ട്; വ്യക്തമാക്കാമോ;

(ബി) അസിസ്റ്റന്റ് എൻജിനീയറായി പ്രൊമോഷന് അർഹതയുള്ള സബ് എൻജിനീയർമാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പ്രൊമോഷൻ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) 30% ക്വാട്ടയിൽ (നേരിട്ടുള്ള നിയമനം) നിലവിൽ ഒഴിവുകളില്ല. 10% ക്വാട്ടയിൽ സർവ്വീസിലുള്ള ഡിപ്ലോമ (ഇലക്ട്രിക്കൽ) യോഗ്യതയുള്ളവരിൽ നിന്നും അപ്പോയിന്റ്മെന്റ് ബൈ ട്രാൻസ്ഫർ വഴി സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴി നികത്തേണ്ട 286 ഒഴിവുകളുണ്ട്. 60% ക്വാട്ടയിൽ സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ പ്രൊമോഷൻ വഴി നികത്തേണ്ട 320 ഒഴിവുകളുണ്ട്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോഷന് അർഹതയുള്ളവരുടെ പട്ടിക തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**ഉദുമ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് കെട്ടിടം**

154 (1695) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.-യുടെ എത്ര സെക്ഷൻ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 4 എണ്ണം. ഉദുമ, ചട്ടഞ്ചാൽ, കുറ്റിക്കോൽ, പെരിയ ബസാർ.

(ബി) ഇതിൽ ചട്ടഞ്ചാൽ, കുറ്റിക്കോൽ എന്നീ സെക്ഷനുകൾക്ക് കെട്ടിടം പണിയാൻ റവന്യൂ ഭൂമി സൗജന്യമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് സർവ്വീസ് ഡിപ്പാർട്ട്മെന്റ് അല്ല എന്ന കാരണത്താൽ ഈ അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

**ചെറു വൈദ്യുതി ഉല്പാദന യൂണിറ്റുകൾ**

155 (1696) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വിട്ടിലും വൈദ്യുതി എത്തിക്കുന്നതിനുള്ള എന്തെങ്കിലും സമഗ്രപദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നദികളിലൂടെയും കനാലുകളിലൂടെയും ഒഴുകിപ്പോകുന്ന

ജലം പ്രയോജനപ്പെടുത്തി ഗ്രാമങ്ങൾ വൈദ്യുത സ്വയം പര്യാപ്തമാകുന്ന തരത്തിലുള്ള ചെറു വൈദ്യുതി ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുവാൻ ആലോചനയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വർഷത്തിൽ 8 മാസവും സൂര്യപ്രകാശം ലഭിക്കുന്ന സംസ്ഥാനം എന്നത് പരിഗണിച്ച് സൗരോർജ്ജ പ്ലാന്റുകൾ കുറഞ്ഞ ചെലവിൽ സ്ഥാപിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആലോചിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2017-ൽ കേരളത്തെ രാജ്യത്തെ സമ്പൂർണ്ണ ഗാർഹിക വൈദ്യുതീകരണ സംസ്ഥാനമാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും നടത്തിയിട്ടുണ്ട്.

2. എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയുണ്ടായി.

3. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിച്ചതനുസരിച്ച് തയ്യാറാക്കിയ അന്തിമ പട്ടിക 24-9-2016-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 26-8-2016-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) നമ്പർ 18/2016/ഊ.വ പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല ഉന്നതാധികാര സമിതി, ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് സമിതി, കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മുൻ ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ഡയറക്ടറായ ശ്രീ. കെ. അശോകൻ ചെയർമാനായ സംസ്ഥാന തല സാങ്കേതിക ഉപദേശക സമിതി, ബന്ധപ്പെട്ട നിയോജകമണ്ഡലത്തിലെ എം.എൽ.എ. ചെയർമാനായ നിയോജകമണ്ഡലതല മോണിറ്ററിംഗ് സമിതി,

ഓരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പൽ കൗൺസിലിലും മുനിസിപ്പൽ കോർപ്പറേഷനിലും നിർവ്വാഹക സമിതികൾ എന്നിവ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കമ്മിറ്റികളുടെ അവലോകന യോഗങ്ങൾ നടന്നുവരുന്നു.

കെ.എസ്.ഇ.ബി.-യിൽനിന്നുള്ള ഫണ്ടിന്റെ കൂടെ LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽനിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നുമാണ് സമ്പൂർണ്ണ വൈദ്യുതീക രണത്തിനുള്ള എസ്റ്റിമേറ്റ് തുക കണ്ടെത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ആലോചനയുണ്ട്. പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ "ടെയിൽ വാട്ടർ" ഉപയോഗിച്ച് 11 കിലോവാട്ട് ശേഷിയുള്ള ഒരു "സ്ക്രൂ ടർബൈൻ യൂണിറ്റ്" നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 2 സ്ക്രൂ ടർബൈൻ യൂണിറ്റുകൾകൂടി സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഇത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കേരള ഗവൺമെന്റിന്റെ ഇ-ടെണ്ടർ സൈറ്റ് വഴി കുറഞ്ഞ ചെലവിൽ സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സൗരോർജ്ജ മേഖലയിൽ സർക്കാർ ധനസഹായത്തോടെ അനർട്ട് നടപ്പിലാക്കിവരുന്ന പതിനായിരം സൗരഗൃഹ പദ്ധതിയിൽ 9800 ഓളം 1 കിലോവാട്ട് ശേഷിയുള്ള പവർപ്ലാന്റുകൾ വിവിധ മേൽക്കൂരയിൽ സ്ഥാപിച്ച് സംസ്ഥാനത്തിന്റെ സ്ഥാപിതശേഷിയിൽ 9.8 മെഗാവാട്ടിന്റെ വർദ്ധനവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശൃംഖലാ ബന്ധിതസ്ഥാപിത ശേഷിയിൽ 15 മെഗാവാട്ടിന്റെ വർദ്ധനവ് വരുത്തുക എന്ന ലക്ഷ്യത്തോടെ സോളാർ ശൃംഖലാ ബന്ധിതസ്ഥാപിത പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ തുടർന്നുള്ള വർഷങ്ങളിൽ 19 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ടുള്ള ശൃംഖലാ ബന്ധിത പദ്ധതിക്കും 10 മെഗാവാട്ട് സ്ഥാപിത ശേഷി ലക്ഷ്യമിട്ടിട്ടുള്ള ബാറ്ററിയോടുകൂടിയ സൂര്യോദയം പദ്ധതിയും സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കാൻ അനർട്ട് ലക്ഷ്യമിടുന്നു.

**മലയോര പഞ്ചായത്തായ കുറ്റിക്കോലിൽ സബ്സ്റ്റേഷൻ**

156(1697) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിലെ മലയോര പഞ്ചായത്തായ കുറ്റിക്കോലിൽ 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) വോൾട്ടേജ് ക്ഷാമംമൂലം കഷ്ടത അനുഭവിക്കുന്ന മലയോര മേഖലയിലുള്ളവർ വർഷങ്ങളായി ആവശ്യപ്പെടുന്ന പ്രസ്തുത സ്ഥാപനം എന്ന് യാഥാർത്ഥ്യമാക്കാനാവും എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ വലിയപാറ എന്ന സ്ഥലത്ത് സബ്സ്റ്റേഷനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) കുറ്റിക്കോൽ സബ്സ്റ്റേഷൻ ബോർഡിന്റെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2019 ഡിസംബറിൽ പദ്ധതി യാഥാർത്ഥ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**പീച്ചി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ക്വാർട്ടേഴ്സ്**

157 (1698) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ക്വാർട്ടേഴ്സിൽ താമസിക്കുന്നവരിൽനിന്നും വ്യാവസായിക നിരക്കിലാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വ്യാവസായിക നിരക്കിൽ നിന്നും ഗാർഹിക നിരക്കിലേക്ക് വൈദ്യുതി ചാർജ് മാറ്റുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പീച്ചി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ക്വാർട്ടേഴ്സിലേക്കുള്ള വൈദ്യുതി വിതരണം KERI നേരിട്ടാണ് നടത്തുന്നത്. ഇവിടേക്ക് ഒരു LT-II (കോളനി കണക്ഷൻ) ആണ് കെ.എസ്.ഇ.ബി. കൊടുത്തിട്ടുള്ളത്.

(ബി) കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ കോളനിയിൽ നിലവിലുള്ള LT വിതരണ ശൃംഖല ബോർഡ് ഏറ്റെടുക്കാനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. ഇതിനുശേഷം ക്വാർട്ടേഴ്സിൽ ഗാർഹിക കണക്ഷൻ നൽകാൻ സാധിക്കുന്നതാണ്.

**വാണിജ്യ നഷ്ടം**

158 (1699) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണ-വിതരണ ലൈനുകളിലൂടെയും, ട്രാൻസ്ഫോർമറുകളിലൂടെയും വൈദ്യുതി പ്രസരിക്കുമ്പോഴുണ്ടാകുന്ന സാങ്കേതിക നഷ്ടവും വൈദ്യുതി മോഷണം, കേടായ മീറ്ററുകൾ, ബില്ലിംഗിൽ വരുന്ന തെറ്റുകൾ എന്നിവ നിമിത്തമുണ്ടാകുന്ന വാണിജ്യ നഷ്ടവും പരിഹരിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഭൂഗർഭ വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി പ്രസരണ വിതരണനഷ്ടത്തിന്റെ ഭാഗമായ ടെക്നിക്കൽ ലോസ്സ് (Technical Loss) കുറയ്ക്കുന്നതിന് താഴെ പറയുന്ന നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടപ്പിലാക്കിവരുന്നു. 2016-17 വർഷത്തിലേയ്ക്ക് ഏകദേശം 367 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും 18 പുതിയ സബ്സ്റ്റേഷനുകളും 3050 കിലോമീറ്റർ 11 കെ.വി. ലൈനുകളും 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 3500 കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകളും 14 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ കൊമേഴ്സ്യൽ ലോസ് കുറയ്ക്കുന്നതിന് ബോർഡിലെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക, ബില്ലുകൾ/റവന്യൂ കളക്ഷൻ

പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക, എനർജി ആഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. നടപ്പുസാമ്പത്തിക വർഷം വൈദ്യുതി പ്രസരവിതരണ നഷ്ടം 14.10 ശതമാനത്തിലേയ്ക്ക് കുറയ്ക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വൈദ്യുതി വിതരണ രംഗം ആധുനികവത്കരിച്ച് പ്രസരണ വിതരണ വാണിജ്യ നഷ്ടം 15 ശതമാനത്തിൽ താഴെയാക്കി ഗുണമേൻമയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഊർജ്ജിത ഊർജ്ജവികസന പരിഷ്കരണ പദ്ധതി - Part B (RAPDRP). കേരളത്തിലെ 43 പട്ടണങ്ങളിൽ 2010-ൽ അനുമതി ലഭിച്ച ഈ പദ്ധതി സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. 15-6-2016-ൽ സംയോജിത ഊർജ്ജ വികസന പദ്ധതി (IPDS)-ക്ക് കേന്ദ്ര സർക്കാർ 592 കോടി രൂപയുടെ അനുമതി നൽകി. ഈ പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ ഗ്രാമീണ ഭവന വൈദ്യുതീകരണത്തിന്റെ ഭാഗമായി 498 കോടി രൂപയുടെ DDUGJY പ്രകാരമുള്ള കേന്ദ്ര പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് RAPDRP Part B പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 1361 km ഭൂഗർഭ കേബിൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ നാളിതുവരെ 953 km കേബിൾ സ്ഥാപിച്ചു. പുതിയ പദ്ധതിയായ IPDS ഉൾപ്പെടുത്തി 193 km ഭൂഗർഭ കേബിൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**ചേലക്കര നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

159 (1700) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) വൈദ്യുതീകരണം ചെയ്യേണ്ട വീടുകളുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവോ;

(സി) ഇതു പ്രകാരം എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകണം;

(ഡി) വൈദ്യുതീകരണത്തിനായി എത്ര ഇലക്ട്രിക് പോസ്റ്റ് ആവശ്യമായി വരും; എത്ര മീറ്റർ നീളത്തിൽ ലൈൻ വലിക്കണം;

(ഇ) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയോ; ഉണ്ടെങ്കിൽ എത്ര രൂപ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ആവശ്യമായി വരും; വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഗുണഭോക്താക്കളുടെ വിവരം ശേഖരിച്ച് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി വേണ്ടിവരുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞു.

(ബി) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) 1046 പേർക്ക് വൈദ്യുത കണക്ഷൻ നൽകേണ്ടതുണ്ട് എന്ന് കണക്കാക്കുന്നു.

(ഡി) ഉദ്ദേശം 21 കിലോമീറ്റർ ലൈൻ വലിക്കേണ്ടിവരും. ഇതിനായി ഏകദേശം 950 പോസ്റ്റുകൾ വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

(ഇ) 98.71 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി ചാർജ്ജിളവ്**

160 (1701) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നവർക്ക് വൈദ്യുതി ചാർജ്ജിനത്തിൽ ഇളവുകൾ നൽകി വരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള പൂർണ്ണ അധികാരം വൈദ്യുതി നിയമം 2003-ലെ 62, 64, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വ്യാവസായിക വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് നിലവിൽ വൈദ്യുതി ചാർജ്ജിനത്തിൽ ഇളവുകളൊന്നുംതന്നെ നൽകിവരുന്നില്ല.

**കേന്ദ്ര വൈദ്യുതി നിയമമനുസരിക്കാതെയുള്ള സ്ഥാനക്കയറ്റങ്ങൾ**

161 (1702) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി നിയമമനുസരിച്ചുള്ള നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാതെ സംസ്ഥാന വൈദ്യുതി ബോർഡിൽ സ്ഥാനക്കയറ്റങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇതിനെതിരെ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) പവർ ഹൗസുകളിലടക്കം അപകട നിരക്ക് ഉയരുന്നതിനുള്ള കാരണം നിശ്ചിത യോഗ്യതയില്ലാത്തവർക്ക് സ്ഥാനക്കയറ്റം നൽകുന്നതാണെന്ന് ബോർഡ് വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ഇത്തരം സ്ഥാനക്കയറ്റങ്ങൾ റദ്ദാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിലെ സാങ്കേതിക ജോലികൾക്കായി നിശ്ചിത സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള വ്യക്തികളെ നിയമിക്കണമെന്ന് നിഷ്കർഷിക്കുന്ന ചട്ടങ്ങൾ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ.) പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ ചട്ടങ്ങളിൽനിന്നും വ്യതിചലിച്ചാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ചില സൂപ്പർവൈസറി തസ്തികയിൽ നിയമനങ്ങൾ നടക്കുന്നതെന്നും ആയതിനാൽ ബോർഡിനെതിരെ നടപടി സ്വീകരിക്കാൻ നിശ്ചയിച്ചതായും വ്യക്തമാക്കി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള മറ്റ് സ്ഥാനക്കയറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിജിലൻസ് വിഭാഗത്തിന്റെ അത്തരത്തിലുള്ള റിപ്പോർട്ട് കിട്ടിയിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്. കേന്ദ്ര ചട്ടങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് അനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്.

**ഊർജ്ജ പ്രതിസന്ധി**

162 (1703) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ മുൻ സർക്കാർ അഞ്ചു വർഷകാലയളവിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; ഈ കാലയളവിൽ എത്ര തവണ വൈദ്യുതി നിരക്കു കൂട്ടിയെന്നും ഇതിലൂടെ കെ.എസ്.ഇ.ബി. എത്ര തുക സംഭരിച്ചുവെന്നും സർക്കാർ എന്തു സഹായം നല്കി എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഡീപ്-ഇ-ബിഡിങ്ങ് പ്രകാരം സംസ്ഥാനത്തിന് ലഭിച്ച വൈദ്യുതി എത്രയെന്നും അതിന്റെ നിരക്ക് എത്ര, എവിടെനിന്ന് ലഭിച്ചു എന്നീ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) കേന്ദ്രത്തിൽനിന്നും കുറഞ്ഞ നിരക്കുകളിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം എത്ര യൂണിറ്റ് വൈദ്യുതി ലഭിച്ചുവെന്നും ഇത് ആർക്കാണ് കഴിഞ്ഞ അഞ്ചു വർഷം (കേന്ദ്ര സർക്കാർ നൽകിയ നിയമാവലി പ്രകാരം) നല്കിയത് എന്നും പ്രസ്തുത വൈദ്യുതിയിൽ എത്ര യൂണിറ്റ് വകമാറ്റി ഉപയോഗിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് കുറഞ്ഞ നിരക്കിൽ കേന്ദ്രം ഉൾപ്പെടെയുള്ള വിവിധ പൂളുകളിൽ നിന്നും ലഭിക്കുന്ന വൈദ്യുതി, ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രം നൽകുന്നരീതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം ഈ സർക്കാർ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിനു പുറത്തുനിന്നുള്ള താരതമ്യേന വില കുറഞ്ഞ വൈദ്യുതി കൽക്കരി നിലയങ്ങളിൽനിന്ന് കൊണ്ടുവരുന്നതിനായി ദീർഘകാല കരാറുകളിലും മദ്ധ്യകാല കരാറുകളിലും ബോർഡ് ഏർപ്പെട്ടിട്ടുണ്ട്. 400 കെ.വി. മൈസൂർ-അരീക്കോട് ലൈൻ പ്രവർത്തനക്ഷമമായതിനാൽ സംസ്ഥാനത്തിനു പുറമേനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനായുള്ള കോറിഡോറിന്റെ ശേഷി വർദ്ധിച്ചു. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ വൈദ്യുതോല്പാദന പദ്ധതികൾക്കായുള്ള പദ്ധതി ചെലവ് (മൂലധന ചെലവ്) ഇനത്തിലും മെയ്ന്റനൻസ് (അറ്റകുറ്റപ്പണി) ഇനത്തിലുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | മൂലധന ചെലവ് | അറ്റകുറ്റപ്പണികൾ (തുക കോടിയിൽ) |
|---|---|---|
| 2011-12 | 1019.12 | 251.70 |
| 2012-13 | 844.18 | 251.54 |
| 2013-14 | 1114.95 | 227.02 |
| 2014-15 | 1076.13 | 244.43 |
| 2015-16 | 1167.97 | 259.75 |

മുൻ സർക്കാരിന്റെ കാലത്ത്, മൂന്ന് തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 1-7-2012 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ 2012-13 സാമ്പത്തിക വർഷത്തിൽ 1257 കോടി രൂപയുടേയും 1-5-2013 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിലൂടെ 2013-14 സാമ്പത്തിക വർഷത്തിൽ 589 കോടി രൂപയുടെയും 16-8-2014 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ 668 കോടി രൂപയുടെയും അധിക വരുമാനം 2014-15 സാമ്പത്തിക വർഷത്തിൽ ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. 1-7-2012 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് പരിഷ്കരണ ഉത്തരവിലൂടെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവ് മൂലമുണ്ടായ അധിക ബാധ്യത ഇല്ലാതാക്കാൻ സബ്സിഡി അനുവദിച്ചിരുന്നു. കൂടാതെ അത്തരം ഗാർഹിക ഉപഭോക്താക്കളെ ഫിക്സഡ് ചാർജ് ഒടുക്കുന്നതിൽനിന്നും സബ്സിഡി നൽകി ഒഴിവാക്കിവരുന്നു. ഇതിനുപുറമേ കാർഷിക വിഭാഗം ഉപഭോക്താക്കളെ (ലോ ടെൻഷൻ മാത്രം) 1-7-2012 മുതൽ വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവ് ഒടുക്കുന്നതിൽനിന്നും സബ്സിഡി നൽകി ഒഴിവാക്കിവരുന്നു. ടി സബ്സിഡികൾ ഇപ്പോഴും നൽകിവരുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സർക്കാരിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. (തുക കോടിയിൽ)

2011-12

| | | |
|---|---|---|
| 1 | ഇന്ധന സർചാർജ്ജിൽനിന്നും 120 യൂണിറ്റ് വരെ ഉപഭോഗമുള്ള ഉപഭോക്താക്കളെ ഒഴിവാക്കിയതിനുള്ള നഷ്ടപരിഹാരം | 54.60 |
| | ആകെ | 54.60 |

2012-13

| | | |
|---|---|---|
| 1 | 120 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കളെ 2012-ലെ നിരക്ക് വർദ്ധനവിൽനിന്ന് ഒഴിവാക്കിയതിനുള്ള നഷ്ടപരിഹാരം | 25.00 |
| 2 | ഇന്ധന സർചാർജ്ജിൽനിന്നും 120 യൂണിറ്റ് വരെ ഉപഭോഗമുള്ള ഉപഭോക്താക്കളെ ഒഴിവാക്കിയതിനുള്ള നഷ്ടപരിഹാരം | 50.00 |
| | ആകെ | 75.00 |

2013-14

| | | |
|---|---|---|
| 1 | 120 യൂണിറ്റ് വരെ ഉപഭോഗമുള്ള ഉപഭോക്താക്കളെ 2012-ലെ നിരക്ക് വർദ്ധനവിൽനിന്ന് ഒഴിവാക്കിയതിനുള്ള നഷ്ടപരിഹാരം | 150.00 |
| 2 | നവീകരണനിധി | 5.00 |
| 3 | കഞ്ചിക്കോട് 1 മെഗാവാട്ട് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ധനസഹായം | 4.00 |
| | ആകെ | 159.00 |

2014-15

| | | |
|---|---|---|
| 1 | 120 യൂണിറ്റ് വരെ ഉപഭോഗമുള്ള ഉപഭോക്താക്കളെ 2012-ലെ നിരക്ക് വർദ്ധനവിൽനിന്ന് ഒഴിവാക്കിയതിനുള്ള നഷ്ടപരിഹാരം | 50.00 |
| 2 | വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള പ്രത്യേക സാമ്പത്തിക സഹായം | 0.12 |
| 3 | നവീകരണനിധി | 3.50 |
| 4 | രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന സാമ്പത്തിക സഹായം | 10.00 |
| | ആകെ | 63.62 |

2014-15

| | | |
|---|---|---|
| 1 | LAC-ADS പദ്ധതികൾ | 2.27 |
| 2 | നവീകരണനിധി | 4.00 |
| 3 | മുട്ടത്തറ – 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ധനസഹായം | 3.63 |
| | ആകെ | 09.90 |

(ബി) വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിനായി അനെർട്ട് മുഖേന 10000 സൗരഗൃഹ പദ്ധതിയും സോളാർ കണക്ട് ശൃംഖലാ ബന്ധിത പദ്ധതിയും നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നു. 2012-13-ൽ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതിക്കായി മുൻ സർക്കാർ ആദ്യ ഘട്ടമായി 24.96 കോടി രൂപ വകയിരുത്തി. 6400 പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയും 2014-15-ൽ 14.04 കോടി രൂപ വകയിരുത്തി ബാക്കിയുള്ള 3600 പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയും നൽകിയിരുന്നു. സോളാർകണക്ട് ശൃംഖലാ ബന്ധിത പദ്ധതിക്കായി 15.47 കോടി രൂപയും 2014-15 കാലയളവിൽ അനുവദിച്ചിട്ടുണ്ട്.

1. രാവിലെ 5 മണി മുതൽ വൈകുന്നേരം 6.30 വരെ 50 മെഗാവാട്ട് വൈദ്യുതി യൂണിറ്റിന് 3.14 രൂപ നിരക്കിലും.
2. വൈകുന്നേരം 6.30 മുതൽ രാത്രി 10.30 വരെ 100 മെഗാവാട്ട് വൈദ്യുതി യൂണിറ്റിന് 3.40 രൂപ നിരക്കിലും.
3. രാത്രി 10.30 മുതൽ 12 മണി വരെ 50 മെഗാവാട്ട് വൈദ്യുതി യൂണിറ്റിന് 3.21 രൂപ നിരക്കിലും ദാമോദർവാലി കോർപ്പറേഷനിൽനിന്നും പി.ടി.സി. എന്ന ട്രേഡറിലൂടെ വാങ്ങുവാൻ കരാറിൽ ഏർപ്പെട്ടിരുന്നു.

അതിൻപ്രകാരം മുകളിൽ പ്രതിപാദിച്ച കാലയളവിൽ 28.6208 മില്ല്യൺ യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്. ഇതിന്റെ ശരാശരി നിരക്ക് (വെയിറ്റഡ് ആവറേജ്) യൂണിറ്റിന് 3.24 രൂപയാണ്.

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലം കേന്ദ്ര വിഹിതമായി കേരളത്തിന് ലഭിച്ച വൈദ്യുതിയുടെ കണക്ക് താഴെ കാണിച്ചിരിക്കുന്നു:

| വർഷം | വൈദ്യുതിയുടെ അളവ് (മില്ല്യൺ യൂണിറ്റ്) |
|---|---|
| 2011-12 | 7878.78 |
| 2012-13 | 8704.68 |
| 2013-14 | 8881.38 |
| 2014-15 | 10483.56 |
| 2015-16 | 11048.695 |

വൈദ്യുതിയുടെ ലഭ്യതയിൽ കാലാകാലങ്ങളിൽ ചെറിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ വകമാറ്റി ഉപയോഗം ഉണ്ടായിട്ടില്ല.

(ഡി) സംസ്ഥാനത്ത് വിവിധ സ്രോതസ്സുകളിൽനിന്നും കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്ന വൈദ്യുതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമായി നൽകുന്ന രീതി നിലവിലില്ല. സംസ്ഥാനത്തിന്റെ ശരാശരി ആവശ്യകത പ്രതിവർഷം 22,500 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തിനകത്തുനിന്ന് ലഭ്യമാകുന്ന ജലവൈദ്യുതിക്ക് പുറമെ (6600 ദശലക്ഷം യൂണിറ്റ്) അധികമായി വേണ്ടിവരുന്ന വൈദ്യുതി കണ്ടെത്തുന്നത് താരതമ്യേന വില കൂടിയ വൈദ്യുതി ലഭ്യമാകുന്ന സംസ്ഥാനത്തിനകത്തുള്ള ദ്രവ ഇന്ധന നിലയങ്ങളിൽനിന്നും കേന്ദ്ര വൈദ്യുതി നിലയങ്ങളിൽനിന്നും സംസ്ഥാനത്തിന് പുറമെനിന്നുള്ള വൈദ്യുതി വ്യാപാരികളിൽ നിന്നും എനർജി എക്സ്ചേഞ്ചുകളിൽനിന്നുമാണ്. ഒരു പ്രത്യേക വിഭാഗത്തിനു മാത്രമായി സംസ്ഥാനത്തിന് ലഭ്യമാകുന്ന കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി നൽകുന്നത് പ്രായോഗികമല്ല. എന്നാൽ കേന്ദ്രപൂളിൽനിന്നുമുള്ള വൈദ്യുതിയുടെ ശരാശരി നിരക്ക് ഏകദേശം 3.50 രൂപയായിരിക്കെ ഗാർഹിക ഉപഭോക്താക്കളിൽ ഏകദേശം 70 ലക്ഷത്തോളം ഉപഭോക്താക്കൾക്കും സബ്സിഡി ലഭ്യമാകുന്നതിനാൽ കേന്ദ്ര വൈദ്യുതിയുടെ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് വൈദ്യുതി ലഭ്യമാക്കുന്നത്.

**ചെറുകിട ജലവൈദ്യുത പദ്ധതികൾ**

163 (1704) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആനക്കയം, തുമ്പൂർമൂഴി, കണ്ണംകുഴി തുടങ്ങിയ ചെറുകിട ജലവൈദ്യുതി പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത ചെറുകിട ജലവൈദ്യുതി പദ്ധതികൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 7.5 MW സ്ഥാപിതശേഷിയുള്ള (22.83) MU ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതിക്കാവശ്യമായ 8 ഹെക്ടർ വനഭൂമിക്കുള്ള കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ (MOE&F) സ്റ്റേജ് I അനുമതി 1-7-2013-ലും സ്റ്റേജ് II അനുമതി 17-3-2014-ലും ലഭിച്ചു. ചില കർശന വ്യവസ്ഥകൾക്ക് വിധേയമായാണ് അനുമതി ലഭിച്ചത്. അതിൽ പാറ പൊട്ടിക്കുന്നതിനും ടണൽ നിർമ്മിക്കുന്നതിനും സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാൻ പാടില്ല എന്ന വ്യവസ്ഥയും ഒഴിവാക്കിത്തരണമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനോടും

ചീഫ് വൈൽഡ് ലൈഫ് വാർഡനോടും അപേക്ഷിച്ചിരിക്കുകയാണ്. കൂടാതെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോക്ക് മെക്കാനിക്സ്-ന്റെ സാങ്കേതിക നിർദ്ദേശത്തോടെ പ്രകമ്പനത്തിന്റെ വ്യാപ്തി പരമാവധി കുറയ്ക്കുന്ന രീതിയിൽ പാറപൊട്ടിച്ച് ടണൽ നിർമ്മാണം നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. പദ്ധതിക്കാവശ്യമായ വനഭൂമിയിലെ മരങ്ങളും Scignorage value അടച്ചെങ്കിലും വനഭൂമി വിട്ടുകിട്ടുന്നതിനുമുമ്പായി മരം മുറിച്ച് മാറ്റിത്തരേണ്ടതിനുള്ള നടപടികൾ വനം വകുപ്പ് പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പദ്ധതിക്കാവശ്യമായ വനഭൂമി ഇതുവരെ വിട്ടുകിട്ടിയിട്ടില്ല. വനഭൂമി വിട്ടുകിട്ടുകയും പാറ പൊട്ടിക്കാനുള്ള കർശന നിബന്ധനകൾ ഒഴിവാക്കുകയും ചെയ്താൽ പദ്ധതി ആരംഭിക്കാവുന്നതാണ്. തുമ്പൂർമുഴി ചെറുകിട ജലവൈദ്യുത പദ്ധതി 2013-14 കാലഘട്ടത്തിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ IPP പദ്ധതിയായി കൊച്ചിൻ മിനറൽസ് & റൂട്ടെയിൻ കമ്പനിക്ക് അനുവദിക്കുകയുണ്ടായി. അവർ ഇതിന്റെ ടെക്നോ എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് വ്യവസ്ഥ പ്രകാരം തയ്യാറാക്കുകയും ഈ പദ്ധതി ഒട്ടും ലാഭകരമല്ല എന്ന് അറിയിക്കുകയും ഇവരെ ഇതിൽനിന്ന് വിടുതൽ ചെയ്തുകൊടുക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാരിന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയ്ക്കായി അയച്ചിരിക്കുകയാണ്. ഇ.എം.സി. യിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രമോഷൻ സെൽ വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ കണ്ണംകുഴി പദ്ധതി ഉൾപ്പെട്ടിട്ടില്ല.

**വൈദ്യുതി ബിൽ കുടിശ്ശിക പിരിക്കാൻ സ്വീകരിച്ച നടപടികൾ**

164 (1705) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14 -ാം കേരള നിയമസഭ 1- ാം സമ്മേളനത്തിൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1703- ന് നൽകിയ ഗാർഹിക മേഖലയിൽ നിന്നും ബോർഡിന് 76.93 കോടി രൂപയും,വ്യവസായിക മേഖലയിൽ നിന്നും 63.87 കോടി രൂപയുമുൾപ്പെടെ ആകെ 145.30 കോടി രൂപ കുടിശ്ശിക ഇനത്തിൽ കിട്ടാനുണ്ടെന്ന മറുപടി പ്രകാരം ടി കുടിശ്ശിക പിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇത്രയും കോടി രൂപ പിരിഞ്ഞുകിട്ടാത്തതുമൂലം ബോർഡിന്റെ സാമ്പത്തിക നില ഞെരുക്കത്തിലാണോ;

(സി) പ്രസ്തുത കുടിശ്ശികക്കാരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ കുടിശ്ശികയായിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) കുടിശ്ശിക പിരിക്കാൻ കഴിയാത്തത് ബോർഡ് അധികാരികളുടെ വീഴ്ച കൊണ്ടാണോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതബന്ധം വിച്ഛേദിച്ച ശേഷം മീറ്റർ ഇളക്കിയെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡിപ്പോസിറ്റിൽനിന്നും കുടിശ്ശിക തുക വകയിരുത്താറുണ്ട്. ഇതിൽനിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിവരുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ബിൽ തുകകൾ പിരിഞ്ഞു കിട്ടാത്തതിനാലും വൈദ്യുത വിൽപ്പന ചെലവുകൾക്കനുസൃതമായ വൈദ്യുത നിരക്കുകൾ ലഭിക്കാത്തതിനാലും ബോർഡിന് സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നുണ്ട്.

(സി&ഡി) കേരള പോലീസ്, കേരള വാട്ടർ അതോറിറ്റി, സർക്കാർ ആശുപത്രികൾ, കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നവ എന്നിവ ഒഴിച്ചുള്ള വൈദ്യുത കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ട്. കുടിശ്ശിക വിവരങ്ങൾ വ്യക്തമാക്കുന്ന നോട്ടീസും നൽകാറുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉപയുക്തമാക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ഇ) അല്ല.

**മൈലാട്ടി ഡീസൽ നിലയം**

165 (1706) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിലുള്ള ഡീസൽ നിലയം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലം ഇനി എന്ത് ചെയ്യാനാണ് കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിലുള്ള ഡീസൽ നിലയം നിലവിൽ പ്രവർത്തിക്കുന്നില്ല. ഈ നിലയത്തിൽ നിന്നുള്ള പവർ പർച്ചേസ് എഗ്രിമെന്റ് കാലാവധി മേയ് 2016-ൽ അവസാനിച്ചു.

(ബി) പ്രസ്തുത സ്ഥാപനം ഇനി എന്ത് ചെയ്യണം എന്നതിനെ സംബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനം എടുത്തിട്ടില്ല.

## വൈദ്യുതി പ്രസരണ നഷ്ടം

166 (1707) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തുമ്പോഴും അധികാരം ഒഴിയുന്ന സമയത്തും ഉണ്ടായിരുന്ന വൈദ്യുതി പ്രസരണ നഷ്ടം എത്രയെന്നും വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാനായി പ്രസ്തുത സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്നും എത്ര തുക ചെലവാക്കിയെന്നും വിശദമാക്കുമോ ; പ്രസ്തുത നടപടികളുടെ ഫലപ്രാപ്തി എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) വൈദ്യുതി പ്രസരണ നഷ്ടംമൂലം ബോർഡിന് വർഷാവർഷം വരുന്ന നഷ്ടം എത്ര; കഴിഞ്ഞ 5 വർഷത്തെ കണക്ക് വ്യക്തമാക്കുമോ;

(സി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞ 5 വർഷക്കാലമായി നടത്തിയ പ്രവർത്തനംമൂലം എത്ര യൂണിറ്റ് വൈദ്യുതി ലാഭപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ; നിലവിലെ പ്രസരണ നഷ്ടം എത്ര യൂണിറ്റാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനായി ഈ സർക്കാർ തുടങ്ങാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ആയതിന് എത്ര ചെലവ് വരുമെന്നും എപ്പോൾ പൂർത്തിയാകുമെന്നുമുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ 16.09 ശതമാനം (31-3-2011-ൽ)

ആയിരുന്നു. പ്രസ്തുത നഷ്ടം കഴിഞ്ഞ സർക്കാരിന്റെ കാലാവധിയായ 5 വർഷം കൊണ്ട് 1.72 ശതമാനം കുറച്ച് 14.37 ശതമാനത്തിലേക്ക് എത്താൻ വൈദ്യുതി ബോർഡിന് സാധിച്ചിട്ടുണ്ട്. ഇതിനായി കൂടുതൽ സബ് സ്റ്റേഷനുകൾ സ്ഥാപിക്കുക, വിതരണ ലൈനുകൾ വലിക്കുക, കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, കേടായ മീറ്ററുകൾ മാറ്റുക, വൈദ്യുതി മോഷണം തടയുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കുക തുടങ്ങിയ നടപടികൾ എടുത്തിട്ടുണ്ട്. ടെക്നിക്കൽ ലോസ്സ് കുറയ്ക്കുന്നതിന് 2011-12 മുതൽ 2015-16 വരെ 564.53 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.റ്റി. ലൈനുകളും 43 സബ് സ്റ്റേഷനുകളും 7885 സർക്യൂട്ട് കിലോമീറ്റർ എച്ച്.റ്റി. ലൈനുകളും 9039 സർക്യൂട്ട് കിലോമീറ്റർ എൽ.റ്റി ലൈനുകളും 9547 വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, 2011-12 മുതൽ 2015-16 വരെ വൈദ്യുതി ബോർഡ് 38.07 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും 2011-12 മുതൽ 2015 സെപ്റ്റംബർ വരെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് ഏകദേശം 117005 ഇൻസ്പെക്ഷൻ നടത്തി 42.9 കോടി രൂപയോളം വൈദ്യുതി മോഷണം നടത്തിയ വകയിൽ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാനായി പ്രസരണ മേഖലയിൽ രണ്ട് 220 കെ.വി. സബ് സ്റ്റേഷനുകളും ആറ് 110 കെ.വി. സബ് സ്റ്റേഷനുകളും അഞ്ച് 66 കെ.വി. സബ് സ്റ്റേഷനുകളും 22, 33 കെ.വി. സബ് സ്റ്റേഷനുകളും അവയുടെ അനുബന്ധ ലൈനുകളും നിർമ്മിച്ചിട്ടുണ്ട്. ഒമ്പത് 66 കെ.വി. സബ് സ്റ്റേഷനുകളെ 110 കെ.വി. ആയി ഉയർത്തുകയും വിവിധ സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പ്രസരണ മേഖലയിൽ നിർമ്മാണം പൂർത്തീകരിച്ച ലൈനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. 220 കെ.വി. PGCIL സബ് സ്റ്റേഷനിൽനിന്നും 220 കെ.വി. പാലക്കാട് സബ് സ്റ്റേഷനിലേക്കുള്ള ലൈൻ.
2. 220 കെ.വി. പള്ളിക്കര-ബ്രഹ്മപുരം മൾട്ടി സർക്യൂട്ട് ലൈൻ.
3. 110 കെ.വി. അരീക്കോട്-കീഴിശ്ശേരി ലൈൻ
4. 110 കെ.വി. മലാപറമ്പ്-കുറ്റിപ്പുറം ലൈൻ
5. 110 കെ.വി. കുണ്ടറ-ടെക്നോപാർക്ക് ഭൂഗർഭ കേബിൾ
6. 33 കെ.വി. വിലങ്ങാട്-നാദാപുരം ലൈൻ

7. 33 കെ.വി. ബാരാപ്പോൾ-ഇരിട്ടി ലൈൻ

8. 33 കെ.വി. കുറ്റിപ്പുറം-വൈരക്കോട് ലൈൻ

9. വടകര-തലശ്ശേരി 110 കെ.വി. ലൈൻ ഇരട്ടിപ്പിക്കൽ

10. കുണ്ടറ-പാരിപ്പള്ളി ലൈൻ (66 കെ.വി. 110 കെ.വി. ആയി ഉയർത്തൽ)

11. പത്തനാപുരം-കൂടൽ ലൈൻ (66 കെ.വി. 110 കെ.വി. ആയി ഉയർത്തൽ)

12. പുനലൂർ-കൂടൽ ലൈൻ (66 കെ.വി. 110 കെ.വി. ആയി ഉയർത്തൽ)

13. പള്ളം-കാഞ്ഞിരപ്പള്ളി ലൈൻ (66 കെ.വി. 110 കെ.വി. ആയി ഉയർത്തൽ)

14. കുയിലിമല-വാഴത്തോപ്പ് (സിംഗിൾ സർക്യൂട്ട് ഡബിൾ സർക്യൂട്ട് ആക്കുക)

15. ചെങ്കുളം-കുയിലിമല ലൈൻ ശേഷി വർദ്ധിപ്പിക്കുക

16. വാഴത്തോപ്പ്-നിർമ്മലാ സിറ്റി ലൈൻ ശേഷി വർദ്ധിപ്പിക്കുക.

17. പള്ളിവാസൽ-ചെങ്കുളം ലൈൻ ശേഷി വർദ്ധിപ്പിക്കുക.

മേൽ പ്രവൃത്തികൾക്കെല്ലാമായി ഏകദേശം 365 കോടി രൂപ ചെലവായിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, RAPDRP Part B പദ്ധതിയിൽ ഉൾപ്പെടുത്തി 588.18 കോടി രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ പ്രസരണ വിതരണ വാണിജ്യ നഷ്ടം 15 ശതമാനത്തിൽ താഴെയാക്കി കുറയ്ക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി, ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ നടപ്പിലാക്കിയ പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. 1400 km. 11 KV ലൈൻ നിർമ്മിച്ചു.

2. 851 km. 11 KV ഭൂഗർഭ കേബിൾ സ്ഥാപിച്ചു.

3. 503 km. പഴകിയ 11 കെ.വി. ലൈൻ മാറ്റി പുതിയ ലൈൻ നിർമ്മിച്ചു.

4. 2082 എണ്ണം പുതിയ വിതരണ ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

5. 5500 km. പഴകിയ/കേടായ എൽ.റ്റി. ലൈൻ മാറ്റി പുതിയ ലൈൻ നിർമ്മിച്ചു.

6. 10,51,138 എണ്ണം കേടായ/മെക്കാനിക്കൽ സിംഗിൾ/ത്രീ ഫേസ് മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചു.

(ബി) പ്രസരണ വിതരണ നഷ്ടംമൂലം ബോർഡിന് നഷ്ടമുണ്ടാകുന്നത് അധിക വൈദ്യുതി വാങ്ങൽ ചെലവിലൂടെയാണ്. വിവിധ കാരണങ്ങളാൽ ആത്മാർത്ഥമായി ശ്രമിച്ചിട്ടുകൂടി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള ടാർജറ്റ് കൈവരിക്കാൻ വൈദ്യുതി ബോർഡിന് സാധിക്കാറില്ല. പ്രസ്തുത ടാർജറ്റ് കൈവരിക്കാത്ത പക്ഷം ടാർജറ്റും യഥാർത്ഥ പ്രസരണ വിതരണ നഷ്ടവും തമ്മിലുള്ള വ്യത്യാസം കണക്കാക്കി അതിനാനുപാതികമായി കമ്മീഷൻ അതാത് വർഷത്തിലെ വൈദ്യുതി വാങ്ങൽ ചെലവുകളിൽ വെട്ടിക്കുറയ്ക്കലുകൾ നടത്താറുണ്ട്. ഇതുസംബന്ധിച്ച തീരുമാനം കമ്മീഷൻ അതാത് വർഷങ്ങളിലെ ട്രൂയിംഗ് അപ് പെറ്റീഷനുമേൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലൂടെയാണ് നൽകി വരുന്നത്. 2011-12 മുതലുള്ള ട്രൂയിംഗ് അപ് പെറ്റീഷനുകളുടെമേൽ കമ്മീഷൻ അന്തിമ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ വൈദ്യുതി വാങ്ങൽ ചെലവുകളിൽ വരുന്ന വെട്ടിക്കുറയ്ക്കലുകൾ കാരണമുണ്ടാകുന്ന നഷ്ടം നിജപ്പെടുത്തിയിട്ടില്ല.

(സി) കഴിഞ്ഞ അഞ്ച് വർഷമായി നടത്തിയ പ്രവർത്തനങ്ങളിലൂടെ പ്രസരണ വിതരണ നഷ്ടം 1.72 ശതമാനം കണ്ട് കുറയ്ക്കുകവഴി ഏകദേശം 1416.23 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുന്നത് ഒഴിവാക്കുന്നതിനും അതുവഴി 495.68 കോടിയോളം രൂപ വൈദ്യുതി വാങ്ങൽ ചെലവിൽ ലാഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. നിലവിലെ പ്രസരണ വിതരണ നഷ്ടം 14.37 ശതമാനമാണ്. വിശദാംശങ്ങൾ താഴെപ്പറയുന്ന പട്ടികയിൽ ചേർത്തിരിക്കുന്നു:

| Year | T&D Loss within KSEB (%) | Extent of Reduction (%) | | Total Energy Sales within the State (MU) | Savings in Generation & Power Purchase w.r.t 2001-02 (MU) | Savings in Power Purchase cost (Rs. Cr) |
|---|---|---|---|---|---|---|
| | | Yearly | Cumulative | | | |
| 2010-11 | 16.09 | | | 14547.9 | | |
| 2011-12 | 15.65 | 0.44 | 0.44 | 15980.53 | 99.34 | 34.77 |
| 2012-13 | 15.3 | 0.35 | 15.46 | 16838.24 | 187.17 | 65.51 |
| 2013-14 | 14.96 | 0.34 | 15.8 | 17454.04 | 276.40 | 96.74 |
| 2014-15 | 14.57 | 0.39 | 16.19 | 18426.27 | 390.71 | 136.75 |
| 2015-16 | 14.37 | 0.20 | 16.39 | 19325.07 | 462.60 | 161.91 |
| | | Total | | | 1416.23 | 495.68 |

(ഡി) പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് 2016-17 വർഷത്തിലേക്ക് ഏകദേശം 367 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.റ്റി. ലൈനുകളും 18 പുതിയ സബ് സ്റ്റേഷനുകളും 3050 കിലോമീറ്റർ 11 കെ.വി. ലൈനുകളും 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 3500 കിലോമീറ്റർ പുതിയ എൽ.റ്റി ലൈനുകളും 14 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. ടി നടപടികൾ വഴി നടപ്പു സാമ്പത്തിക വർഷം വൈദ്യുതി പ്രസരണ വിതരണ നഷ്ടം 14.10 ശതമാനത്തിലേയ്ക്ക് കുറയ്ക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിതരണ മേഖലയിൽ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക, സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച്

മാറ്റുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.-യുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വർഷാവർഷം ഇതിനുവേണ്ടി തുക വകയിരുത്തുകയും പദ്ധതിയിൽ ഉൾപ്പെടുത്തിയ പണികൾ ചെയ്യാറുമുണ്ട്. ഈ സാമ്പത്തിക വർഷം ഇതിനുവേണ്ടി 213.02 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

നിലവിലുള്ള പ്രസരണ ശൃംഖലയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ട്രാൻസ് ഗ്രിഡ് 2.0 എന്ന പദ്ധതി, 2016-22 വരെ കാലയളവിലായി കെ.എസ്.ഇ.ബി. എൽ. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ലൈനുകളുടെ പ്രസരണ ശേഷി വർദ്ധിപ്പിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. മൾട്ടി സർക്യൂട്ട് ടവറുകൾ, ശേഷി കൂടിയ കണ്ടക്ടറുകൾ, കനം കുറഞ്ഞ ഇൻസുലേറ്ററുകൾ തുടങ്ങിയവ ഉപയോഗിച്ച് നിലവിലുള്ള പ്രസരണ ഇടനാഴിയിലൂടെ വോൾട്ടത കൂടിയ വൈദ്യുതി പ്രവഹിപ്പിക്കുവാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പദ്ധതി നടപ്പാക്കുന്നതുമൂലം പീക്ക് ലോഡ് നഷ്ടം ഏകദേശം 107.8 MW കുറയ്ക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്ക് ഉദ്ദേശിക്കുന്ന മൊത്തം ചെലവ് ഏകദേശം 10,000 കോടി രൂപയാണ്. വിതരണ രംഗം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതിയായ സംയോജിത ഊർജ്ജ വികസന പദ്ധതിക്ക് (IPDS) 15.06.2016-ൽ അനുമതി ലഭിച്ചു. ഇതിൻപ്രകാരം 592 കോടി രൂപയുടെ പ്രവൃത്തികൾ 63 പട്ടണങ്ങളിലായി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതുകൂടാതെ, ഗ്രാമീണ ഭവന വൈദ്യുതീകരണത്തിനായി DDUGJY സ്കീം പ്രകാരം 498 കോടി രൂപയുടെ കേന്ദ്ര പദ്ധതിയും 14 ജില്ലകളിൽ നടപ്പാക്കിവരുന്നു.

## വൈദ്യുതി ബോർഡ് ലാഭനഷ്ട കണക്ക്

167 (1708) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ലാഭത്തിലാണെന്ന നിഗമനത്തിൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എത്തിച്ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടിയാണ് ഈ വർഷം പ്രതീക്ഷിക്കുന്ന ലാഭം; വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ബോർഡ് നടപ്പു വർഷത്തെ വരവ് ചെലവ് കണക്കുകളും താരീഫ് പെറ്റീഷനും റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത്?

<u>ഉത്തരം</u>

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 22-6-2016-ൽ പ്രസിദ്ധീകരിച്ച കരട് കണക്കുകൾ പ്രകാരം, 2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. എൽ-ന് 574.79 കോടി രൂപ റവന്യൂമിച്ചം ഉണ്ടെന്ന പ്രാഥമിക അനുമാനത്തിൽ എത്തിച്ചേർന്നിരുന്നു. കണക്കുകൾ പരിശോധിക്കുന്ന പൊതു തെളിവെടുപ്പിൽ 2016-17-ൽ 2057.56 കോടി കമ്മി വരുമെന്നാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് വ്യക്തമാക്കിയത്. ഇക്കാര്യത്തിൽ റഗുലേറ്ററി കമ്മീഷൻ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) പൊതു തെളിവെടുപ്പിന്റെ ഭാഗമായി വരവ് ചെലവ് കണക്കുകൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ താരിഫ് പെറ്റീഷൻ സമർപ്പിച്ചിട്ടില്ല.

**വൈദ്യുതി വാങ്ങൽ കരാർ**

168 (1709) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പുറത്തു നിന്നുള്ള ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ തടഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ വൈദ്യുതി എവിടെനിന്നും വാങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഇതുമൂലം വൈദ്യുതി ബോർഡിന് ഉണ്ടാകാവുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) തടഞ്ഞിട്ടില്ല.

(ബി-ഡി) ബാധകമല്ല.

## വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

169 (1710) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ഏതെങ്കിലും തീരുമാനങ്ങളിൽ നിന്നും ചില അംഗങ്ങൾ വിട്ടുനിന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത അംഗങ്ങൾ വിട്ടുനിൽക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇങ്ങനെ ചില അംഗങ്ങൾ വിട്ടുനിൽക്കുന്നത് കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഒരു തീരുമാനത്തിൽനിന്നും രണ്ടംഗങ്ങൾ വിട്ടുനിന്നു. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ദീർഘകാല കരാറടിസ്ഥാനത്തിൽ 25 വർഷത്തേക്ക് 865 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനായി വിവിധ കമ്പനികളുമായി ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാർ അംഗീകരിക്കുന്നതിനുള്ള അപേക്ഷയിന്മേൽ തീരുമാനമെടുത്ത 30-8-2016-ലെ കമ്മീഷന്റെ ഉത്തരവിൽ നിന്നാണ് വിട്ടുനിന്നത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ഈ വിഷയം പരിഗണിക്കുന്ന സന്ദർഭത്തിൽ ഇവർ രണ്ടുപേരും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ഡയറക്ടർമാരായിരുന്നതിനാൽ അവർ സ്വയം വിട്ടുനിൽക്കാൻ തീരുമാനിക്കുകയാണുണ്ടായത്.

(സി) ബാധിക്കുന്നില്ല.

## കായംകുളം മണ്ഡലത്തിലെ വൈദ്യുതി ബോർഡ് പദ്ധതികൾ

170 (1711) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-2016 കാലഘട്ടത്തിൽ കായംകുളം മണ്ഡലത്തിൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും, ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

2011-2016 കാലഘട്ടത്തിൽ കായംകുളം മണ്ഡലത്തിൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ താഴെ പറയുന്നു:

| | |
|---|---|
| 1. RAPDRP (Restructured Accelerated Power Development and Reforms Programme | 399.47 ലക്ഷം രൂപ |
| 2. RGGVY - Rajiv Gandhi Grameen Vydyuthikaran Yojana | 159.39 ലക്ഷം രൂപ |
| വാർഷിക പദ്ധതി | |
| (നോർമൽ ഡെവലപ്മെന്റ്) | 587.61 ലക്ഷം രൂപ |
| PPS - People Participation Scheme | 50.37 ലക്ഷം രൂപ |
| DDUGJY - Deendayal Upadhyaya Gram Jyothi Yojana | 12.37 ലക്ഷം രൂപ |
| ആകെ | 1209.21 ലക്ഷം രൂപ |

**വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ**

171 (1712) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ തീരുമാനത്തിനെതിരെ കെ.എസ്.ഇ.ബി. ഹൈക്കോടതിയിൽ ഏതെങ്കിലും കേസ് ഫയൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഏതെല്ലാം വിഷയങ്ങളിലാണെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും ഏതെങ്കിലും വിധി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇങ്ങനെ കെ.എസ്.ഇ.ബി . കേസ് ഫയൽ ചെയ്യുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഫയൽ ചെയ്ത കേസ്സുകളിൽ മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കെ.എസ്.ഇ.ആർ.സി. (Terms and conditions for Determination of Tariff) Regulations 2014-ന്റെ നിയമസാധുത ചോദ്യം

ചെയ്തുകൊണ്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) No. 465/15 എന്ന നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. വൈദ്യുതി നിയമത്തിലെ 142-ാം വകുപ്പുപ്രകാരം കമ്മീഷൻ എടുത്തിട്ടുള്ള നടപടികളെ ചോദ്യം ചെയ്തുകൊണ്ടും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് വിവിധ റിട്ട് പെറ്റീഷനുകളിലൂടെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ആർ.സി. (Terms and conditions for Determination of Tariff) റഗുലേഷൻ 2014-നെതിരെ ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 7-1-2015-ന് ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിക്കുന്ന താരിഫ് പ്രൊപ്പോസൽ, ടി റഗുലേഷൻ പ്രകാരമല്ല എന്നുപറഞ്ഞ് റഗുലേറ്ററി കമ്മീഷൻ തള്ളാൻ പാടില്ല എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ടി ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. മറ്റ് റിട്ട് പെറ്റീഷനുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി റഗുലേറ്ററി കമ്മീഷൻ ഉത്തരവുകൾക്ക് സ്റ്റേ നൽകിയിട്ടുണ്ട്.

(സി) ഇല്ല.

**വൈദ്യുതി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ**

172 (1713) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും പുതിയ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) വൈദ്യുതി ഉൽപ്പാദന, വിതരണ, പ്രസരണ മേഖലകളിൽ ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നൂതന പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. അധികമായി വേണ്ടിവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുക, പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക, ഉപഭോക്താക്കളുടെ വർദ്ധിച്ചു വരുന്ന പ്രതീക്ഷകൾക്കൊത്ത സേവനം കാഴ്ചവയ്ക്കുക എന്നിവയെല്ലാം ലക്ഷ്യമാക്കി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. നടപടിക്രമങ്ങളുടെ ലഘൂകരണം: പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുവാനും പേര് മാറ്റുന്നതിനുമുള്ള നടപടി ക്രമങ്ങൾ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താനും കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2. വേഗത്തിൽ കണക്ഷൻ ലഭ്യമാക്കുക: ഉപഭോക്തൃ സംതൃപ്തി മുൻനിർത്തി സർവ്വീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. ഇതനുസരിച്ച് പുതുതായി പോസ്റ്റോ ലൈനോ സ്ഥാപിക്കേണ്ടാത്ത കണക്ഷൻ 2 പ്രവൃത്തി ദിവസത്തിനുള്ളിലും സപ്പോർട്ട് പോസ്റ്റ്/പോസ്റ്റ് ഇൻസർഷൻ വേണ്ട കണക്ഷൻ 7 ദിവസത്തിനുള്ളിലും ഓവർ ഹെഡ് ലൈൻ വലിക്കേണ്ട കണക്ഷനുകൾ 15 ദിവസത്തിനുള്ളിലും നൽകും.

3. 24X7 വൈദ്യുതി: കേരളത്തിലെ പല സ്ഥലങ്ങളിലും പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ, അടിക്കടി വൈദ്യുതി തടസ്സങ്ങൾ ഉണ്ടാവുകയും തടസ്സങ്ങൾ പലപ്പോഴും ദൈർഘ്യമേറിയതും ആകാറുണ്ട്. 24X7 വൈദ്യുതി പദ്ധതിയിലൂടെ എല്ലാ പ്രദേശങ്ങളിലും തടസ്സമില്ലാതെ വൈദ്യുതി എത്തിക്കാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു.

4. ഊർജ്ജ ഓഡിറ്റ്: ഊർജ്ജ ഓഡിറ്റിലൂടെ വൈദ്യുതി വിതരണത്തിലുണ്ടാകുന്ന വിതരണ നഷ്ടത്തെക്കുറിച്ച് വിശകലനം ചെയ്യാൻ സാധിക്കും. തെരഞ്ഞെടുത്ത ഒരു ഇലക്ട്രിക്കൽ സർക്കിളിലെ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിൽ മാർച്ച് 2018-നുള്ളിൽ "ഡി.റ്റി.ആർ" മീറ്റർ സ്ഥാപിക്കാനും വിതരണ നഷ്ടമുണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തി പരിഹരിക്കുവാനും ഊർജ്ജ സംരക്ഷണം കൂടുതൽ

ശാസ്ത്രീയമായി നടപ്പിലാക്കാനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്) നടപ്പാക്കും. 592 കോടി രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതി കേരളത്തിലെ 63 പട്ടണങ്ങളിലാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. 11 കെ.വി. ലൈൻ നിർമ്മാണം
2. 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ
3. പുതിയ വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
4. പുതിയ എൽ.റ്റി. ലൈൻ നിർമ്മാണം
5. പഴകിയ 11 കെ.വി. ലൈൻ മാറ്റി പുതിയവയുടെ നിർമ്മാണം
6. പഴകിയ എൽ.റ്റി. ലൈൻ മാറ്റി പുതിയ ലൈൻ നിർമ്മാണം
7. കേടായ/മെക്കാനിക്കൽ മീറ്റർ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കൽ.

പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

ഇതുകൂടാതെ DDUGJY പദ്ധതിയിൽപ്പെടുത്തി 498 കോടി രൂപയുടെ കേന്ദ്ര പദ്ധതിയും നടപ്പിലാക്കിവരുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും പുതിയതായി താഴെപ്പറയുന്ന വിവരസാങ്കേതികവിദ്യ പദ്ധതികൾക്ക് രൂപ നൽകിയിട്ടുണ്ട്.

1. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ' പദ്ധതി.

2. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി.

3. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്ന പദ്ധതി.

4. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ (സി.ഡി.എം) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 5 സ്ഥലങ്ങളിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്ന പദ്ധതി.

5. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈനായി നടപ്പിൽ വരുത്താനുള്ള സംവിധാനം.

6. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കാനുള്ള പദ്ധതി.

7. വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനത്തോടെയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിക്കുന്ന പദ്ധതി.

8. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്ന് ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

9. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു.

10. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി) നടപ്പിൽവരുത്തുന്ന പദ്ധതി.

11. 23 ടൗണുകളിൽ ഫേസ് II ഐ.ടി. പദ്ധതികൾ നടപ്പിൽവരുത്തുന്ന പദ്ധതി.

12. എച്ച്.ടി/ഇ.എച്ച്.ടി ഉപഭോക്താക്കൾക്കായി ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് (എ.എം.ആർ) സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

13. തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

14. സ്മാർട്ട് സിറ്റി പ്രദേശത്ത് സ്മാർട്ട് ഗ്രിഡ് സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

15. എനർജി ഓഡിറ്റിംഗ് ലക്ഷ്യമാക്കി സംസ്ഥാനമൊട്ടാകെ എച്ച്.ടി. ഫീഡറുകളിലും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും എ.എം.ആർ. മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

16. സ്കാഡ സംവിധാനം കൂടുതൽ പട്ടണങ്ങളിൽ വ്യാപകമാക്കാനുള്ള പദ്ധതി.

17. ജ്യോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം സംവിധാനം എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും വ്യാപകമാക്കാനുള്ള പദ്ധതി.

18. നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്കിന്റെ (NOFN) ഭാഗമായി ഗവൺമെന്റ് ഓഫീസുകളെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ബന്ധിപ്പിക്കാനുള്ള പദ്ധതി.

കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രസരണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി കാര്യക്ഷമമായി വൈദ്യുതി ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട്, കെ.എസ്.ഇ.ബി. ലിമിറ്റഡ് Trans Grid 2.0 എന്ന ദീർഘകാല പ്രസരണ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.പ്രസ്തുത പദ്ധതിയിൽ നിലവിലുള്ള പ്രസരണ ലൈനുകളുടെ വോൾട്ടത വർദ്ധിപ്പിക്കൽ, സബ് സ്റ്റേഷനുകളുടെ നിർമ്മാണം/വോൾട്ടത വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമിടുന്നു. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചും ശേഷി കൂടിയ കണ്ടക്ടേർസ് ഉപയോഗിച്ചും നിലവിലുള്ള ഊർജ്ജ ഇടനാഴിയിലൂടെ വോൾട്ടത കൂടിയ വൈദ്യുതി പ്രവഹിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിനായി അനുമതി ലഭിച്ച 2000 മെഗാവാട്ടിന്റെ HVDC പ്രസരണ ഇടനാഴിയിലൂടെയും മറ്റ് അന്തർ സംസ്ഥാന ലൈനുകളിലൂടെയും കേരളത്തിന് ലഭ്യമാകുന്ന അധിക വൈദ്യുതി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കാര്യക്ഷമമായി എത്തിക്കുവാൻ ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയുടെ പൂർത്തീകരണത്തോടെ സാധിക്കും. കേരളത്തിന്റെ പ്രസരണ മേഖലയിലെ നഷ്ടം പദ്ധതി പൂർത്തീകരണത്തോടെ ഗണ്യമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാത്ത നവീകരണോർജ്ജം പരമാവധി

പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനും കൂടുതൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ നടപ്പിൽ വരുത്തുന്നതിനുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**ഉദുമയിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

173 (1714) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കുന്നതിന് ഏതെല്ലാം പ്രദേശങ്ങളിൽ ഇനിയും വൈദ്യുതി എത്തിക്കാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇവിടങ്ങളിൽ വൈദ്യുതി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉദുമ നിയോജകമണ്ഡലത്തിൽ ഓട്ടമല, നെല്ലിത്തട്ട്, ചെന്നക്കോട് എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാനുണ്ട്.

(ബി) ഓട്ടമല പ്രദേശത്ത് വൈദ്യുതീകരണത്തിനായി ദേലംപാടി പഞ്ചായത്ത് 10,45,419 രൂപ കെ.എസ്.ഇ.ബി. യിൽ അടച്ചിട്ടുണ്ട്. 450 മീറ്റർ വനത്തിലൂടെ വൈദ്യുത ലൈൻ വലിക്കേണ്ടതിനാൽ യു.ജി. കേബിൾ വലിച്ച് വൈദ്യുതീകരിക്കുന്നതിനുവേണ്ടി ആവശ്യമായ അനുമതി ലഭിക്കുന്നതിന് വനം വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നെല്ലിത്തട്ട്, ചെന്നക്കോട് പ്രദേശങ്ങളിൽ വൈദ്യുതീകരിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ രണ്ടു പ്രദേശത്തും വൈദ്യുത ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്.

**വൈദ്യുതി മോഷണം തടയുവാൻ നടപടികൾ**

174 (1715) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം തടയുവാൻ നടപടികൾ സ്വീകരിച്ചിട്ടും വൈദ്യുതി മോഷണം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോഴുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെങ്കിൽ കൂടുതൽ കാര്യക്ഷമമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി മോഷണം കൂടിവരുന്നില്ല.

(ബി) ഇപ്പോഴുള്ള സംവിധാനം പര്യാപ്തമാണ്. എന്നിരുന്നാലും എ.പി.റ്റി.എസ്. സ്ക്വാഡുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ജീവനക്കാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും പരിശോധനയുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി അതിനൂതനമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും അവധി ദിവസങ്ങളിലും രാത്രികാലങ്ങളിലും കൂടുതൽ പരിശോധനകൾ നടത്തുന്നതിനും ഇതുകൂടാതെ വൈദ്യുതി മോഷണങ്ങളും മറ്റ് ക്രമക്കേടുകളും കണ്ടെത്തുന്നതിലേയ്ക്കായി എല്ലാ മാസവും 3 മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**ചിതറയിൽ സബ് സ്റ്റേഷൻ**

175 (1716) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജകമണ്ഡലത്തിലെ ചിതറയിൽ കൊല്ലം ജില്ലയുടെ കിഴക്കൻ മലയോര പ്രദേശങ്ങൾക്ക് പ്രയോജനപ്രദമായ നിലയിൽ കെ.എസ്.ഇ.ബി.-110 കെ.വി.സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

ചടയമംഗലം നിയോജകമണ്ഡലത്തിലെ ചിതറയിൽ സബ് സ്റ്റേഷൻ ആവശ്യകതയെ സംബന്ധിച്ച സാങ്കേതിക പഠനങ്ങൾ നടന്നുവരുന്നു.

**കാസർഗോഡ് വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ**

176 (1717) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർക്കോട് ജില്ലയിലെ വൈദ്യുതി മേഖലയിലെ ഗുരുതരമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഞ്ചേശ്വരം മേഖലയിൽ രാത്രി കാലങ്ങളിൽ ഉൾപ്പെടെ അടിക്കടിയുണ്ടാകുന്ന പവർകട്ടുകൾമൂലം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലയിൽ വൈദ്യുതി വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദാംശം വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 110 കെ.വി. മഞ്ചേശ്വരം സബ്സ്റ്റേഷനിലെ എല്ലാ 11 കെ.വി. ഫീഡറുകളും പ്രവർത്തനക്ഷമമാണ്. സബ്സ്റ്റേഷനിൽ ഈയടുത്തൊന്നും ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ലൈൻ തകരാറുകൾ മൂലവും അറ്റകുറ്റപ്പണിക്കൾക്കായി ലൈൻ സ്വിച്ച് ഓഫ് ചെയ്യുന്നതുമൂലവും ഓവർ ലോഡ് മൂലവും വൈദ്യുതി തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | - | 6 |
| | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | - | 5 |
| | സീനിയർ അസിസ്റ്റന്റ് | - | 47 |
| | പാർട്ട്ടൈം സ്വീപ്പർ | - | 25 |
| | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 3 |
| | മീറ്റർ റീഡർ | - | 73 |
| | സീനിയർ സൂപ്രണ്ട് | - | 11 |
| | കാഷ്യർ | - | 47 |
| | ഡ്രൈവർ | - | 8 |
| | ഫെയർകോപ്പി അസിസ്റ്റന്റ് | - | 2 |

എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികയാണ് (എണ്ണം) ആവശ്യമെന്നത് സംബന്ധിച്ച് ഒരു പഠനം IIM കോഴിക്കോട് നടത്തുകയും ഒരു റിപ്പോർട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായി ഈ റിപ്പോർട്ട് പഠിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഡയറക്ടർ (ഫിനാൻസ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആവശ്യമായ തസ്തികകൾ ഇവയിൽ അനുവദനീയമായ ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്താൻ നിർവ്വാഹമുള്ളൂ.

(ഡി) ജീവനക്കാരുടെ ഒഴിവുകൾമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സ്ഥലം മാറ്റത്തിലൂടെയും പുതുനിയമനങ്ങൾ വഴിയും നികത്തി പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. കാസർഗോഡ് ജില്ലയിൽ വൈദ്യുതി തടസ്സങ്ങൾ കൂടുതലുണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങൾ സബ്സ്റ്റേഷനുകളിലെ 11 കെ.വി. ഫീഡറുകൾ പലപ്പോഴും ഓവർലോഡ് ആകുന്നതുമൂലമാണ്. കാസർഗോഡ് ടൗണിലേയും കാഞ്ഞങ്ങാട് ടൗണിലൂടെയും 33 കെ.വി. സബ്സ്റ്റേഷനുകൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുമ്പോൾ ഈ പ്രദേശത്തെ വൈദ്യുതി തടസ്സങ്ങൾക്ക് കുറവുണ്ടാകുന്നതാണ്. കൂടാതെ രാജപുരത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കാസർഗോഡ് ജില്ലയിലെ കൂടുതൽ വൈദ്യുതി ലൈനുകളും കടന്നുപോകുന്നത് സ്വകാര്യ വ്യക്തികളുടെ വസ്തുവിൽക്കൂടിയാണ്. ഇക്കാരണത്താൽ വൃക്ഷശിഖരങ്ങൾ തട്ടുന്നതുമൂലമുണ്ടാകുന്ന വൈദ്യുത തടസ്സങ്ങൾ കൂടുതലാണ്. കാസർഗോഡ് ജില്ലയിലെ പ്രസരണ ശൃംഖല മറ്റ് ജില്ലകളെ അപേക്ഷിച്ച് ദുർബലമാണ് എന്നതും പ്രശ്നം രൂക്ഷമാക്കുന്നു. കാസർഗോഡ് ജില്ലയിൽ പ്രസരണ മേഖലയിൽ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം.

1. മൈലാട്ടി മുതൽ തവിടുഗോളി വരെയുള്ള പഴകിയ 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ ഇരട്ടിയാക്കുന്ന പ്രവൃത്തി. ഇതോടനുബന്ധിച്ച് 110 കെ.വി. സബ്സ്റ്റേഷൻ, കാസർഗോഡ് 110 കെ.വി. സബ്സ്റ്റേഷൻ, മഞ്ചേശ്വരം, 220 കെ.വി. സബ്സ്റ്റേഷൻ മൈലാട്ടി എന്നിവിടങ്ങളിലെ അനുബന്ധ നിർമ്മാണ പ്രവൃത്തികൾ.

2. മുള്ളേരിയ 110 കെ.വി. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി രണ്ടാമത്തെ 16 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി.

3. 220 കെ.വി. അമ്പലത്തറ സോളാർ സബ്സ്റ്റേഷന്റെ നിർമ്മാണം- 200 മെഗാവാട്ട് സോളാർ പാർക്കിൽ നിന്നും വൈദ്യുതി എത്തിക്കുന്നതിനായി 220 കെ.വി. സബ്സ്റ്റേഷന്റെയും 220 കെ.വി. ലൈനിന്റെയും നിർമ്മാണ പ്രവൃത്തികൾ പ്രാരംഭ ഘട്ടമായി 33 കെ.വി. OH ലൈൻ, 110 കെ.വി. സബ്സ്റ്റേഷൻ, കാഞ്ഞങ്ങാടിലുള്ള 33 കെ.വി. ഫീഡർ ബേ എന്നിവയുടെ നിർമ്മാണം.

4. 220 കെ.വി. മൈലാട്ടി സബ്സ്റ്റേഷൻ ആധുനികവൽക്കരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തി.

5. 33 കെ.വി. രാജപുരം സബ്സ്റ്റേഷന്റെയും ഇതിന്റെ ഭാഗമായി 33 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ, 33 കെ.വി. സബ്സ്റ്റേഷൻ, ബേളൂരിലുള്ള 33 കെ.വി. ഫീഡർ ബേ എന്നിവയുടെയും നിർമ്മാണം.

6. 33 കെ.വി. സബ്സ്റ്റേഷൻ അനന്തപുരത്തിലുള്ള ഔട്ട്ഡോർ സർക്യൂട്ട് ബ്രേക്കർ മാറ്റി ഇൻഡോർ ആക്കുന്ന പ്രവൃത്തി.

7. 110 കെ.വി. സീതംഗോളി സബ്സ്റ്റേഷൻ നിർമ്മാണം.

8. വയനാട് ജില്ലയിൽനിന്നും കാസർഗോഡ് മൈലാട്ടി വരെയുള്ള 400 കെ.വി. ഗ്രീൻ കോറിഡോറും കാസർഗോഡ് 400 കെ.വി. സബ്സ്റ്റേഷനും.

## കൊയിലാണ്ടി മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കേണ്ട അടിയന്തരാവശ്യങ്ങൾ

177 (1718) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കേണ്ട അടിയന്തരാവശ്യങ്ങൾ ചൂണ്ടിക്കാണിച്ച് സമർപ്പിച്ചിട്ടുള്ള നിവേദനത്തിൻമേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഈ മണ്ഡലത്തിൽ സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി നഗരസഭ പരിധിയിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും ഭൂഗർഭ കേബിൾ വലിക്കുന്ന പ്രവൃത്തി 2016-17 -ലെ വാർഷിക പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നന്തി ഫീഡറിന്റെയും കൊയിലാണ്ടി ഫീഡറിന്റെയും ഇന്റർ ലിങ്കിംഗ് പ്രവൃത്തി പൂർത്തിയാക്കുന്നതിന് റെയിൽവേയുടെ അനുമതി ആവശ്യമുണ്ട്. ഈ പ്രവൃത്തിയുടെ റീ ടെണ്ടർ നടപടികൾ നടന്നുവരുന്നു. റെയിൽവേയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. കൊയിലാണ്ടി മണ്ഡലത്തിലെ വൈദ്യുതി

മേഖലയിലുള്ള പ്രശ്ന പരിഹാരത്തിന്റെ ഭാഗമായി കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായതും റവന്യൂ വകുപ്പിന്റെ കൈവശമുള്ളതുമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് സബ്സ്റ്റേഷന് സ്ഥലം ലഭ്യമായാൽ, ടി സ്ഥലത്ത് സബ്ഡിവിഷൻ ഓഫീസ്, സെക്ഷൻ ഓഫീസ് എന്നിവ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കൊയിലാണ്ടി ആസ്ഥാനമായി ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടന്നുവരുന്നു. സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ കൊയിലാണ്ടി സൗത്ത് സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ഈ സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നത് ബോർഡിന്റെ പരിഗണനയിലില്ല.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ 990 ഉപഭോക്താക്കളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിനായി ഏകദേശം 80 ലക്ഷം രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**കൊണ്ടോട്ടി ഇലക്ട്രിക്കൽ ഡിവിഷന്റെ വിഭജനം**

178 (1719) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് എയർപോർട്ട് ഉൾപ്പെടെ ഉൾക്കൊള്ളുന്ന കൊണ്ടോട്ടി ഇലക്ട്രിക്കൽ ഡിവിഷനിൽ മുപ്പതിനായിരത്തോളം ഉപഭോക്താക്കൾ ഉള്ളത് കൊണ്ട് ഇത് വിഭജിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ അതിന് വേണ്ടി സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) എടവണ്ണപ്പാറ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ചും കൊണ്ടോട്ടി, കീഴിശ്ശേരി, പുളിക്കൽ എന്നീ ഇലക്ട്രിക്കൽ സെക്ഷനിലെ കുറച്ച് ഉപഭോക്താക്കളെ ഉൾപ്പെടുത്തിയും മുണ്ടക്കുളം കേന്ദ്രീകരിച്ച് ഒരു പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള അനുമതി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഫെബ്രുവരി 2016-ൽ നൽകിയിട്ടുണ്ട്. കൊണ്ടോട്ടി ഇലക്ട്രിക്കൽ സെക്ഷൻ വിഭജിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

**വോൾട്ടേജ് ക്ഷാമം**

179 (1720) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി എത്ര സ്ഥലങ്ങളിലാണ് ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ളത്;വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇവ സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സമയബന്ധിതമായി ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കുറ്റിക്കോൽ സെക്ഷനുകീഴിൽ 4-ഉം കയ്യൂർ സെക്ഷനുകീഴിൽ 3-ഉം കുമ്പള സെക്ഷനുകീഴിൽ 2-ഉം മാവുൻകാൽ സെക്ഷനുകീഴിൽ 3-ഉം ചിത്താരി സെക്ഷനു കീഴിൽ 2-ഉം പൈവളിഗ സെക്ഷനുകീഴിൽ 1-ഉം ചെർക്കള സെക്ഷനുകീഴിൽ 3-ഉം കാഞ്ഞങ്ങാട് സെക്ഷനുകീഴിൽ 2-ഉം പെർള സെക്ഷനുകീഴിൽ 6-ഉം പടന്നക്കാട് സെക്ഷനുകീഴിൽ 1-ഉം തൃക്കരിപ്പൂർ സെക്ഷനുകീഴിൽ 1-ഉം ഉദുമ സെക്ഷനുകീഴിൽ 2-ഉം ഭീമനടി സെക്ഷനുകീഴിൽ 1-ഉം ഉപ്പള സെക്ഷനുകീഴിൽ 2-ഉം മുള്ളേരിയ സെക്ഷനുകീഴിൽ 3-ഉം ബളാംതോട് സെക്ഷനുകീഴിൽ 3-ഉം ബദിയടുക്ക സെക്ഷനുകീഴിൽ 4-ഉം ചട്ടഞ്ചാൽ, വോർക്കാടി എന്നീ സെക്ഷനുകളിൽ ഓരോ ട്രാൻസ്ഫോർമറുകൾ വീതവും സ്ഥാപിക്കാനുണ്ട്.

(ബി&സി) കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യത്തിന് ട്രാൻസ്ഫോർമറുകൾ ലഭ്യമാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**മുണ്ടക്കുളം സബ്ഡിവിഷൻ ഓഫീസിന്റെ പ്രവർത്തനം**

180 (1721) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ എടവണ്ണപ്പാറ ഡിവിഷൻ വിഭജിച്ച് മുണ്ടക്കുളം സബ് ഡിവിഷൻ ഓഫീസ് തുടങ്ങാൻ തീരുമാനമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെയായി മുണ്ടക്കുളം സബ്ഡിവിഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) B.O.(FB) No.594/2016 (D(D&S)/D6/AE2/New Sections/2016) dated Thiruvananthapuram 24.-2-2016 പ്രകാരം കൊണ്ടോട്ടി ഡിവിഷനു കീഴിൽ പുതിയ മുണ്ടക്കുളം സെക്ഷൻ ഓഫീസ് അനുവദിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-ക്ക് സ്വന്തം നിലയിൽ കെട്ടിടം പണിയാൻ അനുയോജ്യമായ തരത്തിലുള്ള 10 സെന്റ് സ്ഥലം സൗജന്യമായോ ഓഫീസ് പ്രവർത്തിക്കാനുതകുന്ന കെട്ടിടം വാടകരഹിതമായോ ലഭിക്കുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## സമ്പൂർണ്ണ വൈദ്യുതീകരണം

181 (1722) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിൽ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) ഇതിനായി എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ മണ്ഡലം അടിസ്ഥാനത്തിൽ യോഗങ്ങൾ ചേരുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(സി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശം നൽകാമോ;

(ഡി) ഈ പദ്ധതി എത്ര നാളുകൾക്കുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്?

ഉത്തരം

(എ&ബി) സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും നടത്തിയിട്ടുണ്ട്.

2. എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയുണ്ടായി.

3. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിച്ചതനുസരിച്ച് തയ്യാറാക്കിയ കരട് പട്ടിക 9-9-2016-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 26--8-2016-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 18/2016/ഊ.വ പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല ഉന്നതാധികാര സമിതി, ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് സമിതി, കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മുൻ ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ഡയറക്ടർ ആയ ശ്രീ. കെ. അശോകൻ ചെയർമാനായ സംസ്ഥാനതല സാങ്കേതിക ഉപദേശക സമിതി, ബന്ധപ്പെട്ട നിയോജക മണ്ഡലത്തിലെ എം.എൽ.എ. ചെയർമാനായ നിയോജക മണ്ഡലതല മോണിറ്ററിംഗ് സമിതി, ഓരോ ഗ്രാമ പഞ്ചായത്തിലും മുനിസിപ്പൽ കൗൺസിലിലും മുനിസിപ്പൽ കോർപ്പറേഷനിലും നിർവ്വാഹക സമിതികൾ എന്നിവ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കമ്മിറ്റികളുടെ അവലോകന യോഗങ്ങൾ നടന്നു വരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധസംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നുമാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുക കണ്ടെത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കെ.എസ്.ഇ.ബി.-യുടെ വെബ്സൈറ്റ് വഴിയും മാധ്യമങ്ങൾ മുഖേനയും ഉദ്യോഗസ്ഥർ നേരിട്ടും പ്രചരണം നടത്തിയിരുന്നു. ഉപഭോക്താക്കളുടെ രജിസ്ട്രേഷനുവേണ്ടി ലളിതമായ ഒരു ഫോറം തയ്യാറാക്കുകയും അത് ഗുണഭോക്താക്കൾക്കും ജനപ്രതിനിധികൾക്കും ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇത് കൂടാതെ 9496018640 എന്ന നമ്പറിലേക്ക് മിസ്ഡ് കോൾ വഴി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സംവിധാനവും കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾക്ക് പുറമേ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കൈവശം നിലവിലുള്ള വിവരങ്ങളും വിവിധ വകുപ്പുകളുടെ സഹായത്തോടെ പുതുതായി ശേഖരിച്ച വിവരവും ഉപയോഗിച്ച് ഗുണഭോക്താക്കളുടെ പട്ടിക 24-9-2016-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) 31-3-2017 ഓടുകൂടി എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന നടപടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## സമ്പൂർണ്ണ വൈദ്യുതീകരണം

182 (1723) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കായംകുളം മണ്ഡലത്തിലെ നിലവിലുള്ള പ്രവർത്തനങ്ങളുടെ പുരോഗതി പഞ്ചായത്ത്, നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കായംകുളം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ 415 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു:

1. കായംകുളം മുനിസിപ്പാലിറ്റി - 46 എണ്ണം
2. ഭരണിക്കാവ് പഞ്ചായത്ത് - 112 എണ്ണം
3. കൃഷ്ണപുരം പഞ്ചായത്ത് - 37 എണ്ണം
4. ദേവികുളങ്ങര പഞ്ചായത്ത് - 47 എണ്ണം
5. പത്തിയൂർ പഞ്ചായത്ത് - 46 എണ്ണം

6. ചെട്ടികുളങ്ങര പഞ്ചായത്ത് - 105 എണ്ണം

7. കണ്ടല്ലൂർ പഞ്ചായത്ത് - 22 എണ്ണം

ഇവർക്ക് വൈദ്യുത കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഇതനുസരിച്ചുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിച്ച് വൈദ്യുത കണക്ഷൻ നൽകുന്നതാണ്.

**കാസർഗോഡ് മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറുകൾ**

183 (1724) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ പുതിയതായി എത്ര ട്രാൻസ്ഫോർമറുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറിനു വേണ്ടിയുള്ള എത്ര പ്രൊപ്പോസലുകളാണ് ഉണ്ടായിരുന്നത്; പ്രൊപ്പോസലനുസരിച്ചുള്ള മുഴുവൻ ട്രാൻസ്ഫോർമറുകളും അനുവദിക്കാൻ പറ്റിയില്ലായെങ്കിൽ ബാക്കിയുള്ളവ എപ്പോൾ അനുവദിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 15 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസരണ മേഖലയിൽ കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ ബദിയഡുക്കയിൽ 5 MVA-യുടെ ഒരു 33/11 kv ട്രാൻസ്ഫോർമർ ആഗസ്റ്റ് 2016-ൽ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിതരണ മേഖലയിൽ മറ്റ് അനുബന്ധ ജോലികൾ പൂർത്തിയാക്കിയ ശേഷം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള 9 പ്രൊപ്പോസലുകൾ നിലവിലുണ്ടായിരുന്നു. ഇതിൽ 6 എണ്ണം ഇപ്പോൾ തീർക്കാനായിട്ടുണ്ട്. ശേഷമുള്ളവ വലിയ കാലതാമസം കൂടാതെ സ്ഥാപിക്കുന്നതാണ്. പ്രസരണ മേഖലയിൽ മുള്ളേരിയ സബ്സ്റ്റേഷനിൽ ശേഷി വർദ്ധിപ്പിക്കുന്നതിനായി ഒരു 110/33 kv, 16 MVA-യുടെ ട്രാൻസ്ഫോർമറിന്റെ പ്രൊപ്പോസലാണ് നിലവിലുള്ളത്.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

184 (1725) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ഇതിനകം നടത്തിയ പ്രവൃത്തികൾ എന്തൊക്കെ;

(ബി) പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾ ഇതിനകം പുതുതായി വൈദ്യുതീകരിച്ചു; ഇനിയെത്ര വീടുകൾ കൂടി വൈദ്യുതീകരിക്കുന്നതിനായി ബാക്കിയുണ്ട്; വ്യക്തമാക്കുമോ;

(സി) പുതുതായി വൈദ്യുതീകരിച്ച വീടുകളുടെയും ഇനി വൈദ്യുതീകരിക്കാൻ ബാക്കിയുള്ള വീടുകളുടെയും എണ്ണം പഞ്ചായത്ത് തലത്തിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിക്കായി ഇതിനകം എത്ര തുക ചെലവായി;

(ഇ) പദ്ധതി പൂർത്തീകരിച്ച് എന്നത്തേക്ക് സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടത്താനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി, ലഭ്യമായ അപേക്ഷകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിച്ച് വൈദ്യുത കണക്ഷൻ നൽകുന്നതാണ്. പദ്ധതിയുടെ ഭാഗമായി ഇതുവരെ വീടുകൾക്ക് വൈദ്യുത കണക്ഷൻ നൽകിയിട്ടില്ല. വൈദ്യുതീകരണം നടത്താൻ ബാക്കിയുള്ള വീടുകളുടെ എണ്ണം പഞ്ചായത്ത് തലത്തിൽ ചുവടെ ചേർക്കുന്നു.

| നമ്പർ | പഞ്ചായത്ത് | വീടുകളുടെ എണ്ണം |
|---|---|---|
| 1 | കുറ്റ്യാടി | 45 |
| 2 | വേളം | 121 |
| 3 | കുന്നുമ്മൽ | 29 |
| 4 | ആയഞ്ചേരി | 41 |
| 5 | തിരുവള്ളൂർ | 105 |
| 6 | മണിയൂർ | 166 |
| 7 | വില്ല്യാപ്പള്ളി | 53 |
| 8 | പുറമേരി | 43 |
| | ആകെ | 603 |

(ഡി) പദ്ധതിക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഇ) 2017 മാർച്ച് മാസത്തോടുകൂടി.

**വെട്ടത്തൂർ സബ്സ്റ്റേഷൻ നിർമ്മാണം**

185 (1726) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ വെട്ടത്തൂർ പ്രദേശത്ത് 220 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ കോട്ടത്തറ, നല്ലസിംഗ എന്നിവിടങ്ങളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭവനോർജ്ജ പദ്ധതികളുമായി ബന്ധപ്പെട്ട് കോട്ടത്തറ, വെട്ടത്തൂർ എന്നിവിടങ്ങളിൽ 220/110/33 കെ.വി. നിലവാരത്തിലുള്ള സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 204 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തദനുസരണമായി സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) സ്വീകരിക്കുന്നതാണ്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ DLPC കൂടി വില നിശ്ചയിച്ച് സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണം ദ്രുതഗതിയിൽ ആരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

**ചെങ്ങന്നൂർ താലൂക്കിലെ വോൾട്ടേജ് ക്ഷാമം**

186 (1727) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്കിലെ വിവിധ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(ബി) ചെങ്ങന്നൂർ കല്ലിശ്ശേരിയിൽ 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച നിവേദനമോ നിർദ്ദേശമോ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സബ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചെങ്ങന്നൂരിലെ കല്ലിശ്ശേരിക്കടുത്തുള്ള തിരുവൻവണ്ടൂരിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി നിവേദനം ലഭിച്ചിട്ടുണ്ട്.

(സി&ഡി) ഇല്ല. സാങ്കേതിക പഠന പ്രകാരം 2020-21 കാലയളവിലേയ്ക്കാണ് സബ്സ്റ്റേഷന്റെ ആവശ്യകത കണ്ടെത്തിയിട്ടുള്ളത്. മറ്റ് തടസ്സങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

**മണ്ണാർക്കാട് വൈദ്യുതി ഭവനം നിർമ്മാണം**

187 (1728) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് വൈദ്യുതി ഭവനം നിർമ്മാണം സംബന്ധിച്ച് ഇപ്പോൾ തിരുവനന്തപുരം വൈദ്യുതി ഭവനിലുള്ള ഫയലിലെ തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മണ്ണാർക്കാട് വൈദ്യുതി ഭവനം നിർമ്മിക്കുന്നതിനുള്ള ഒരു കോടി ഇരുപത് ലക്ഷം രൂപ ചെലവ് വരുന്ന പ്രൊപ്പോസൽ കേരളാ സ്റ്റേറ്റ് വൈദ്യുതി ബോർഡിൽ ലഭിച്ചിരുന്നു. ഇതുസംബന്ധിച്ച് ബോർഡ് തീരുമാനമെടുത്തിട്ടില്ല.

**കോട്ടോപ്പാടം ആസ്ഥാനമാക്കി പുതിയ വൈദ്യുതി സെക്ഷൻ രൂപീകരണം**

188 (1729) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ കോട്ടോപ്പാടം ആസ്ഥാനമാക്കി പുതിയ വൈദ്യുതി സെക്ഷൻ രൂപീകരിക്കുവാനുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഫയലിൽ തീരുമാനം എടുക്കുവാനുള്ള കാലതാമസം എന്താണ് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അലനല്ലൂർ സെക്ഷൻ വിഭജിച്ചും കുമാരംപുത്തൂർ സെക്ഷനിലെ കുറച്ച് ഉപഭോക്താക്കളെക്കൂടി ഉൾപ്പെടുത്തിയും കോട്ടോപ്പാടം ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നു. 111 ചതുരശ്ര കി.മി. വിസ്തൃതിയുള്ള അലനല്ലൂർ സെക്ഷന്റെ കീഴിൽ 24757 ഉപഭോക്താക്കളും 72 ചതുരശ്ര കി.മി. വിസ്തൃതിയുള്ള കുമാരംപുത്തൂർ സെക്ഷന്റെ കീഴിൽ 18818 ഉപഭോക്താക്കളുമാണ് ഉള്ളത്. പുതിയ സെക്ഷൻ രൂപീകരണം ബോർഡിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുമെന്നതിനാൽ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കി പുതിയ ഓഫീസുകളുടെ രൂപീകരണം കഴിയുന്നതും ഒഴിവാക്കാനാണ് ബോർഡ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

**അട്ടപ്പാടിയിലെ ആദിവാസികൾക്ക് നൽകിയ ഭൂമിയിലുള്ള കാറ്റാടി യന്ത്രങ്ങൾ**

189 (1730) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസികൾക്ക് നൽകിയ ഭൂമിയിലുള്ള കാറ്റാടി യന്ത്രത്തിൽനിന്നും ലഭിച്ചിട്ടുള്ള വൈദ്യുതിക്ക് സർക്കാർ ഓരോ ഭൂവുടമകൾക്കും എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്നുള്ള വിവരം നാളിതുവരെയുള്ളത് വാർഷികാടിസ്ഥാനത്തിൽ ഉടമകളുടെ പേരും/തുകയും പ്രത്യേകമായി സൂചിപ്പിച്ച് ലഭ്യമാക്കുമോ;

(ബി) നാളിതുവരെ അട്ടപ്പാടിയിലെ ഈ കാറ്റാടിയന്ത്രങ്ങളിൽനിന്നും എത്ര രൂപയുടെ വൈദ്യുതി ലഭിച്ചുവെന്നത് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി നാളിതുവരെ ചെലവിട്ട തുകയുടെ വിവരം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) അട്ടപ്പാടിയിൽ ഇനിയും കാറ്റാടിയന്ത്രങ്ങൾ ഇത്തരത്തിൽ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) അട്ടപ്പാടിയിലെ ആദിവാസി ഭൂമി അനധികൃതമായി കയ്യേറി വ്യാജരേഖകൾ ചമച്ച് സർക്കാരിന് കാറ്റാടിയന്ത്രം സ്ഥാപിക്കുന്നതിന് നൽകി ചിലർ പണം തട്ടുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ എന്തെങ്കിലും തരത്തിലുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഇത് ഗവൺമെന്റ് സംരംഭം അല്ല. ആദിവാസി കുടുംബങ്ങൾക്ക് ആദായ വിഹിതം ലഭ്യമാകുന്ന നിലവിലുള്ള സർക്കാർ സംരംഭം ഇതുവരെ നടപ്പിലായിട്ടില്ല. ചെലവഴിച്ച തുകയുടെ വിവരം ലഭ്യമല്ല.

(ബി) അട്ടപ്പാടിയിലെ സ്വകാര്യ കാറ്റാടി യന്ത്രങ്ങളിൽനിന്നും അവരുമായി വച്ച വൈദ്യുതി വാങ്ങൽ കരാർ പ്രകാരം താഴെ പറയുന്ന തുക വൈദ്യുതി ബോർഡ് നൽകിയിട്ടുണ്ട്.

| വർഷം | രൂപ |
|---|---|
| 2008-09 | 4,06,94,308 |
| 2009-10 | 10,80,73,129 |
| 2010-11 | 10,95,04,237 |
| 2011-12 | 13,81,05,364 |
| 2012-13 | 14,48,81,820 |
| 2013-14 | 4,85,39,914 |
| 2014-15 | 12,59,09,743 |
| 2015-16 | 10,97,61,928 |

(സി) സർക്കാർ സംരംഭം അല്ലാത്തതിനാൽ വിവരം ലഭ്യമല്ല.

(ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷനുമായി (എൻ.എച്ച്.പി.സി.) സംസ്ഥാന സർക്കാർ ഒപ്പുവച്ച എം.ഒ.യു. (MOU)-ന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി പാലക്കാട് ജില്ലയിലെ അഗളി-അട്ടപ്പാടി മേഖലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിലായി 82 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കാറ്റാടി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ എൻ.എച്ച്.പി.സി. ആരംഭിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വൈദ്യുതോല്പാദനം**

190 (1731) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലെ വൈദ്യുതോല്പാദനം എത്ര; ഏതു മേഖലകളിൽ എത്ര യൂണിറ്റ് വീതം; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിലെ വൈദ്യുതോല്പാദന മേഖലകൾകൊണ്ടും കേന്ദ്രവൈദ്യുത സഹായം കൊണ്ടും സംസ്ഥാനത്തെ വൈദ്യുത ഉപഭോഗം കൈകാര്യം ചെയ്യുവാൻ വൈദ്യുതി വകുപ്പിന് കഴിയുമോ, ഇല്ലെങ്കിൽ ആയതിന് ഇനി എത്ര വൈദ്യുതിയുടെ അധിക ഉല്പാദനം വേണം എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കടലുകളിൽ എത്തുന്ന നദീജലം, പാഴ് വസ്തുക്കൾ, ജൈവ വസ്തുക്കൾ, കടൽ തിരകൾ എന്നിവ വഴി വൈദ്യുതി ഉല്പാദിപ്പിക്കുന്ന സംവിധാനങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നാളിതുവരെ നടത്തിയോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ജലവൈദ്യുതി (ചെറുകിട/വൻകിട), കാറ്റ്, തിരമാല, ജൈവ വസ്തുക്കൾ എന്നിവയിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിച്ച് സമ്പൂർണ്ണ വൈദ്യുതി സംസ്ഥാനമാക്കാൻ എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 സെപ്റ്റംബർ 27-ാം തീയതി വരെയുള്ള കണക്കനുസരിച്ച് ശരാശരി ദിനംപ്രതിയുള്ള സംസ്ഥാനത്തിന്റെ വൈദ്യുതോല്പാദനം 15.4838 ദശലക്ഷം യൂണിറ്റാണ്. ഇനം തിരിച്ചുള്ള വൈദ്യുതി ഉൽപ്പാദനം ചുവടെ ചേർക്കുന്നു:

| | |
|---|---|
| സംസ്ഥാനത്തെ ജലവൈദ്യുത നിലയങ്ങളിൽ നിന്ന് | 14.9206 ദശലക്ഷം യൂണിറ്റ് |
| കാറ്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്നത് | 0.3727 ദശലക്ഷം യൂണിറ്റ് |
| സൗരോർജ്ജ നിലയങ്ങളിൽ നിന്ന് | 0.0707 ദശലക്ഷം യൂണിറ്റ് |
| കോ-ജനറേഷൻ പ്ലാന്റിൽ നിന്ന് | 0.1198 ദശലക്ഷം യൂണിറ്റ് |
| തെർമ്മൽ | 0 യൂണിറ്റ് |

സൗരോർജ്ജ മേഖലയിൽ സർക്കാർ ധനസഹായത്തോടെ അനെർട്ട് നടപ്പിലാക്കിവരുന്ന പതിനായിരം സൗരഗൃഹ പദ്ധതിയിൽ 9800-ഓളം 1 കിലോവാട്ട് ശേഷിയുള്ള പവർ പ്ലാന്റുകൾ വിവിധ മേൽക്കൂരയിൽ സ്ഥാപിച്ച് ഗ്രിഡ് ബന്ധനം നടത്തിയിട്ടുണ്ട്. ഇതുവഴി 2400 ഓളം യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്തെ വൈദ്യുതോൽപ്പാദന മേഖലകളിൽനിന്നും കേന്ദ്ര സഹായം കൊണ്ടുമാത്രം സംസ്ഥാനത്തെ വൈദ്യുത ഉപഭോഗം നിറവേറ്റാൻ സാധ്യമല്ല. അതിനാൽ സംസ്ഥാനത്തിന് പുറമെ നിന്ന് ദീർഘകാല കരാർ വഴിയും മദ്ധ്യകാല കരാർ വഴിയും പവർ എക്സ്ചേഞ്ച് വഴിയും ശരാശരി 1000 മെഗാവാട്ട് വൈദ്യുതി അധികമായി വാങ്ങിക്കുന്നു. സംസ്ഥാനത്ത് ഏറ്റവും ഉയർന്ന ആവശ്യകതയായ 4004 മെഗാവാട്ട് രേഖപ്പെടുത്തിയ 27-4-2016-ൽ സംസ്ഥാന നിലയങ്ങളിൽനിന്നും മൊത്തം ലഭ്യമായത് 1722 മെഗാവാട്ടാണ്. കേന്ദ്ര വിഹിതമായി ലഭിച്ചത് ഏകദേശം 1378 മെഗാവാട്ടും, ശേഷം വേണ്ടിവന്ന 904 മെഗാവാട്ട് ദീർഘകാല/മദ്ധ്യകാല/ഹ്രസ്വകാല കരാറുകാരിൽനിന്നും, പവർ എക്സ്ചേഞ്ചും വഴിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ അധിക വൈദ്യുതി സംസ്ഥാനത്തിനകത്തുതന്നെ ഉൽപ്പാദിപ്പിക്കുകയാണെന്ന് സങ്കൽപ്പിച്ചാൽ അധികമായി വേണ്ടിവരുന്ന ഉദ്ദേശ സ്ഥാപിതശേഷി 1175 മെഗാവാട്ട് (130% of 904) ആണ്. സംസ്ഥാനത്ത് ഏറ്റവും ഉയർന്ന ഊർജ്ജ ആവശ്യകതയായ 80.44 ദശലക്ഷം യൂണിറ്റ് രേഖപ്പെടുത്തിയ 29-4-2016 ദിവസത്തെ സംസ്ഥാന നിലയങ്ങളിൽ നിന്നും ലഭ്യമായ വൈദ്യുതി 25.63 ദശലക്ഷം യൂണിറ്റും കേന്ദ്ര നിലയങ്ങളിൽ നിന്നും ലഭ്യമായ വൈദ്യുതി 28.65 ദശലക്ഷം യൂണിറ്റും ആയിരുന്നു. ബാക്കി 26.16 ദശലക്ഷം യൂണിറ്റ് കരാറുകാരിൽ നിന്നും, പവർ എക്സ്ചേഞ്ച് മുഖേനയും ലഭ്യമാക്കിയതാണ്.

(സി) തിരമാലയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമോ എന്നതു സംബന്ധിച്ച് സാങ്കേതിക വിവരശേഖരണം നടത്തി വരുന്നു.

(ഡി) പുതിയ ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുന്നതിനും അവയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സർവ്വേയും അനുബന്ധ ജോലികളും പുരോഗമിച്ചു വരുന്നു. കൂടാതെ നിലവിലുള്ള ജലാശയങ്ങളെ ബന്ധിച്ച് പമ്പ്ഡ് സ്റ്റോറേജ് സ്കീമുകളും നിലവിലുള്ള പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതാ പഠനവും പുരോഗമിക്കുന്നതിനോടൊപ്പം നിലവിൽ നിർമ്മാണം മുടങ്ങിക്കിടക്കുന്ന 3 ജലവൈദ്യുത പദ്ധതികളും നിർമ്മാണം നടന്നുവരുന്ന 6 ജലവൈദ്യുത പദ്ധതികളും പൂർത്തിയാക്കുന്നതുവഴി 165 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് പ്രതീക്ഷിക്കുന്നു. ഭരണാനുമതി ലഭിച്ച 17 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കുന്നതുവഴി 180.5 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനവ് കൂടി പ്രതീക്ഷിക്കുന്നു. കൂടാതെ 163 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായം തേടി നടപ്പാക്കാനും ഉദ്ദേശിക്കുന്നു.

<u>കാറ്റിൽനിന്നുമുള്ള വൈദ്യുതി</u> :

കേരളത്തിന്റെ തീര പ്രദേശങ്ങളിൽ ചെറുകാറ്റാടികൾ സ്ഥാപിക്കുന്നതിനായുള്ള 1 മെഗാവാട്ടിന്റെ പൈലറ്റ് പദ്ധതി പൂവാറിൽ നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിൽ 82 മെഗാവാട്ട് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

<u>തിരമാലയിൽ നിന്നുമുള്ള വൈദ്യുതി</u> :

തിരമാലയിൽ നിന്നും വൈദ്യുതോൽപ്പാദനം സാദ്ധ്യമാണോ എന്നതു സംബന്ധിച്ച സാങ്കേതിക വിവരശേഖരണം നടത്തിവരുന്നു.

<u>ജൈവവസ്തുക്കളിൽനിന്നുമുള്ള വൈദ്യുതി</u> :

ജൈവവസ്തുക്കളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടന്നുവരുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ 30 കൊല്ലത്തേയ്ക്ക് BOOT അടിസ്ഥാനത്തിൽ പദ്ധതികൾ അനുവദിച്ചു വരുന്നു. 55 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഇത്തരത്തിൽ അനുവദിച്ച് നടത്തുവാനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

## വല്ലപ്പുഴ 110 കെ.വി. സബ്സ്റ്റേഷൻ

191 (1732) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ വല്ലപ്പുഴ 110 കെ. വി. സബ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾ എവിടംവരെയായെന്നും നിലവിലെന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ എന്താണെന്നും വിശദമാക്കാമോ;

(ബി) ഈ മണ്ഡലത്തിൽ ഉൾപ്പെടുന്ന വിളയൂരിൽ ഒരു കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഈ മണ്ഡലത്തിൽ പുതുതായി കെ.എസ്.ഇ.ബി. കളക്ഷൻ സെന്റർ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പട്ടാമ്പി മണ്ഡലത്തിൽ, 110 കെ.വി. വല്ലപ്പുഴ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(ബി) വിളയൂരിൽ ഒരു സെക്ഷൻ ഓഫീസ് അനുവദിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-ക്ക് സ്വന്തം നിലയിൽ കെട്ടിടം പണിയാൻ അനുയോജ്യമായ 10 സെന്റ് സ്ഥലം സൗജന്യമായോ ഓഫീസ് പ്രവർത്തിക്കാനുതകുന്ന കെട്ടിടം വാടക രഹിതമായോ ലഭിക്കുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി)പുതുതായി കളക്ഷൻ സെന്റർ തുടങ്ങുന്നത് പരിഗണനയിൽ ഇല്ല.

## ആറ്റിങ്ങലിൽ 33 കെ.വി. സബ്സ്റ്റേഷൻ

192 (1733) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും നിർമ്മാണപ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) ഇതിനായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും മേൽനോട്ടം നിർവ്വഹിക്കുന്ന ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങലിൽ കച്ചേരി എന്ന സ്ഥലത്ത് 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ആയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 31-3-2017-ൽ നിർമ്മാണം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഇതിനായി 6.6 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരിക്കുന്നത്. R-APDRP സ്കീമിൽ ഉൾപ്പെടുത്തിയാണ് ഈ സബ്സ്റ്റേഷൻ നിർമ്മാണം നടത്തുന്നത്. ടെണ്ടർ നടപടികൾ അവസാനിക്കുമ്പോൾ മാത്രമേ കരാറുകാരെ തീരുമാനിക്കാൻ കഴിയുകയുള്ളൂ. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലിമിറ്റഡിന്റെ മേൽനോട്ടത്തിലാണ് വർക്ക് ചെയ്യുന്നത്.

## പി.എസ്.സി.-ക്ക് വിടുന്ന ദേവസ്വം ബോർഡ് നിയമനങ്ങൾ

193 (1734) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങളാണ് പി.എസ്.സി.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കുമോ ?

ഉത്തരം

ഉണ്ട്, വിവിധ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ തസ്തികകളിലെ നിയമനമാണ് പി.എസ്.സി. വഴി നടത്താൻ നിശ്ചയിച്ചിട്ടുള്ളത്.

## ശബരിമല മാസ്റ്റർ പ്ലാൻ

194 (1736) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പരിസ്ഥിതി സൗഹൃദമായും തനിമ നിലനിർത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം സന്നിധാനത്ത് പൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതുമായ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. പരിസ്ഥിതി സൗഹൃദമായും തനിമ നിലനിർത്തിയുമുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് ശബരിമല മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശബരിമല തീർത്ഥാടന കാലത്തുണ്ടാവുന്ന ജൈവമാലിന്യങ്ങളുടെ നിർമ്മാർജ്ജനം

195 (1737) ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ഡി. കെ. മുരളി :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സീസൺ കാലത്ത് പല പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്ന സാഹചര്യത്തിൽ ആയത് നിരീക്ഷിക്കുന്നതിനും ഇതുസംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ശബരിമല തീർത്ഥാടന കാലത്ത് ധാരാളമായുണ്ടാകുന്ന ജൈവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിനായി പമ്പ, മണിമലയാർ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് യോജിച്ച പ്രവർത്തനം നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശബരിമല സാനിട്ടേഷൻ സൊസൈറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡ്, വിവിധ വകുപ്പുകൾ എന്നിവയുടെ യോജിച്ച പ്രവർത്തനത്തിലൂടെ ജൈവമാലിന്യ നിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

## ശബരിമല തീർത്ഥാടനം

196 (1738) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) തീർത്ഥാടകർക്കായി എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വരുന്ന ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സർക്കാർ, ജനപ്രതിനിധികൾ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, ബന്ധപ്പെട്ട വകുപ്പ് മേധാവികൾ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് തീർത്ഥാടകർക്ക് മതിയായ യാത്രാസൗകര്യവും സുരക്ഷയും കുടിവെള്ളവും ദർശന സൗകര്യവും ഉൾപ്പെടെ എല്ലാ സൗകര്യവും ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ചുള്ള നടപടികളുടെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

**ശബരിമല സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

197 (1739) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ.യു. ആർ. പ്രദീപ്</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തെ "സ്വിവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്" (എസ്.റ്റി.പി.) നിർമ്മാണത്തിലെ അഴിമതിയും അപാകതയും സംബന്ധിച്ച ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് സർക്കാർ തയ്യാറാകുമോ;

(സി) പ്ലാന്റിന്റെ സ്ഥാപിത ശേഷി, യന്ത്രസാമഗ്രികളുടെ ശേഷി, കരാറുകാരുടെ സാങ്കേതിക വൈദഗ്ധ്യം നിർമ്മാണ ചെലവ് തുടങ്ങിയവയെല്ലാം അന്വേഷണത്തിന്റെ പരിധിയിൽപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-സി) സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തന ക്ഷമമായിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ**

198 (1740) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും പ്രസ്തുത ക്ഷേത്രങ്ങളിലെ പ്രതിവർഷ വരുമാനം എത്രയെന്നും ക്ഷേത്രം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ക്ഷേത്രങ്ങളിലെ മാനേജ്മെന്റ് ഫണ്ട് ഉയർത്തിയിട്ടും ശമ്പളം മുടങ്ങിയ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും ഇതു പരിഹരിക്കാൻ എപ്പോൾ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മലബാറിലെ കാസർഗോഡ് ജില്ല മുതൽ പാലക്കാട് താലൂക്കും ഉൾപ്പെടെ 26 താലൂക്കുകളിലേയും ഫോർട്ട് കൊച്ചിയിലെ 2 ക്ഷേത്രങ്ങളുമടക്കം മലബാർ പ്രദേശത്തെ 1339 പൊതു ക്ഷേത്രങ്ങളുടേയും ധർമ്മസ്ഥാപനങ്ങളുടേയും ഭരണ മേൽനോട്ടമാണ് മലബാർ ദേവസ്വം ബോർഡ് നിർവ്വഹിച്ചുവരുന്നത്. വാർഷിക വരവ് ചെലവ് കണക്കുകൾ ലഭ്യമായ ക്ഷേത്രങ്ങളുടെ പട്ടിക ഡിവിഷൻ തിരിച്ച്, മലബാർ ദേവസ്വം ബോർഡ് ലഭ്യമാക്കിയത് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ജീവനക്കാർക്ക് പൂർണ്ണമായി ശമ്പളം നൽകാൻ കഴിയാത്ത ക്ഷേത്രങ്ങളുടെ എണ്ണം 12 ആണ്. ക്ഷേത്ര ഭരണാധികാരികൾ കൃത്യമായി കണക്കുകൾ തയ്യാറാക്കി ശമ്പള ധനസഹായത്തിനുള്ള പ്രൊപ്പോസൽ യഥാസമയം സമർപ്പിച്ചാൽ ശമ്പളം മുടങ്ങുന്ന സാഹചര്യം ഇല്ലാതാകുന്നതാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

**ദേവസ്വം നിയമനങ്ങൾ**

199 (1741) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ വേണ്ട നടപടികൾ പൂർത്തിയായോയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ തസ്തികയിലെ ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടപടികൾ പൂർത്തിയായിട്ടില്ല.

(ബി) ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ തസ്തികകളിലെ നിയമനമാണ് പി.എസ്.സി. വഴി നടത്താൻ നിശ്ചയിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്ഷേത്ര സ്ഥലങ്ങളുടെ ഉപയോഗം

200 (1742) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന സ്ഥലങ്ങൾ ആചാരേതര കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, അത് തടയാൻ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു തടയുന്നതിനായി നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു.

## ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

201 (1743) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ നിലവിൽ എത്ര അംഗങ്ങളുണ്ട്; ആരെല്ലാം;

(സി) ഈ സ്ഥാപനത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ഏത് സ്രോതസ്സിൽ നിന്നാണ് പണം ശേഖരിക്കുന്നത്;

(ഡി) സർക്കാർ അക്കൗണ്ടിൽ നിന്ന് ഇതിന്റെ പ്രവർത്തനങ്ങൾക്ക് പണം ചെലവഴിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ അഞ്ചു ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ ദേവസ്വം ബോർഡുകൾ നേരിട്ട് നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേയ്ക്കുമുള്ള നിയമനങ്ങൾക്കുവേണ്ടിയാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത്.

(ബി) നിലവിൽ 6 അംഗങ്ങൾ.

1. ശ്രീ. പി. ചന്ദ്രശേഖരൻ ഐ.പി.എസ്. (റിട്ടയേർഡ്), ചെയർമാൻ
2. ശ്രീ. എൻ. പരമേശ്വരകുമാർ, മെമ്പർ
3. ശ്രീമതി ആശ. സി. ജി., മെമ്പർ
4. ശ്രീ. എച്ച്. ഗണേശ്, മെമ്പർ
5. ശ്രീമതി രശ്മിണി ഭാസ്കരൻ, മെമ്പർ
6. ശ്രീ. റ്റി.വി. അനിൽ, മെമ്പർ

(സി) സർക്കാർ ഖജനാവിൽ നിന്നാണ് വഹിക്കുന്നത്.

(ഡി) ഉണ്ട്. 2250-102-98-31-സഹായധനം-ശമ്പളം, 2250-102-98-36-സഹായധനം-ശമ്പളേതരം എന്നീ ശീർഷകങ്ങളിൽ പണം അനുവദിച്ചിട്ടുണ്ട്.

**പത്മനാഭസ്വാമി ക്ഷേത്രത്തിലെ ആഡിറ്റ്**

202 (1744) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യനിധികളുടെ കണക്കെടുപ്പുമായി ബന്ധപ്പെട്ടും പത്മതീർത്ഥക്കുളം നവീകരണത്തിനും സുരക്ഷാക്രമീകരണങ്ങൾക്കുമായി നാളിതുവരെ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ അനുവദിച്ച തുകയ്ക്ക് സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) നാളിതുവരെ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് നടത്തിയിട്ടില്ലായെങ്കിൽ, സർക്കാർ അനുവദിച്ച തുകയ്ക്ക് അക്കൗണ്ടന്റ് ജനറലിനെക്കൊണ്ട് ആഡിറ്റ് നടത്താൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

(എ) പത്മതീർത്ഥക്കുളം നവീകരണത്തിന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. മറ്റ് വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) മേൽ 1 കോടി രൂപ സംബന്ധിച്ച് ആഡിറ്റ് നടത്തുവാൻ സർക്കാർ അക്കൗണ്ടന്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പത്മനാഭസ്വാമി ക്ഷേത്രത്തിലെ കണക്കെടുപ്പിൽനിന്നും കെൽട്രോണിനെ ഒഴിവാക്കാൻ നടപടി

203 (1745) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യനിധികളുടെ കണക്കെടുപ്പുമായി ബന്ധപ്പെട്ട് നിയോഗിച്ചിട്ടുള്ള കെൽട്രോണിലെ ജീവനക്കാരെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ തിരിച്ചയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ബി) പത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യനിധികളുടെ കണക്കെടുപ്പുമായി ബന്ധപ്പെട്ട് സർക്കാർ ഫണ്ടുപയോഗിച്ച് കെൽട്രോൺ വാങ്ങിയ ഉപകരണങ്ങൾ സർക്കാരിലേയ്ക്ക് തിരിച്ചേൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തിരിച്ചേൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കെൽട്രോൺ സമർപ്പിച്ച വിനിയോഗ സർട്ടിഫിക്കറ്റുകളിലും എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റുകളിലും പൊരുത്തക്കേടുകൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെൽട്രോണിന് സർക്കാർ അനുവദിച്ച തുകയ്ക്ക് അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് അനുസരിച്ചുള്ള കണക്കെടുപ്പ് ഇതുവരെ പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ബഹു. സുപ്രീം കോടതിയുടെ അനുവാദത്തോടെ നടപടികൾ സ്വീകരിക്കുന്നതാണ്.

## ആരാധനാലയങ്ങളുടെ പരിസരത്ത് കായിക പരിശീലനം

204 (1746) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. ജോയി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരവധി ആരാധനാലയങ്ങളുടെ പരിസരം കായിക പരിശീലനത്തിനും ആയുധ പരിശീലനത്തിനുമായി ഉപയോഗിക്കുന്ന കാര്യം ഗൗരവമായി കണ്ടിട്ടുണ്ടോ;

(ബി) ഭരണസമിതികളെ ഭീഷണിപ്പെടുത്തിയോ പ്രലോഭിപ്പിച്ചോ കായിക പരിശീലനാനുമതി നേടുന്ന കാര്യം ഗൗരവമായി കണ്ടിട്ടുണ്ടോ;

(സി) വിശ്വാസ സംരക്ഷണ സമിതിയെന്ന പേരിലും ഭരണസമിതിയിൽ ബോധപൂർവം നുഴഞ്ഞ് കയറിയും വിശ്വാസികളിൽ വർഗ്ഗീയതയും സാമുദായിക സ്പർദ്ധയും വളർത്താനുള്ള വർഗ്ഗീയ സംഘടനകളുടെ നീക്കം അവസാനിപ്പിക്കാനായി ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ക്ഷേത്രകുളങ്ങളുടെ നവീകരണം**

205 (1747) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രകുളങ്ങളുടെ നവീകരണം സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ ദേവസ്വം വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുളങ്ങൾ നവീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പുമായി യോജിച്ച് പദ്ധതി തയ്യാറാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളം, കാവ്, ആൽത്തറ എന്നിവയുടെ നവീകരണത്തിനായി, ബഡ്ജറ്റിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിൽപ്പെടുന്ന ക്ഷേത്രങ്ങൾ വരെയുള്ള സ്ഥലങ്ങളിലെ സ്വകാര്യ ക്ഷേത്രങ്ങൾക്കും ഇതിനായി സാമ്പത്തികസഹായം അനുവദിക്കുന്നുണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

**ത്രിവേണി സ്റ്റോറുകൾ**

206 (T *1748) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നഷ്ടംമൂലം നിർത്തലാക്കിയ ത്രിവേണി സ്റ്റോറുകൾ ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത ജില്ലയിൽ നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന ത്രിവേണി സ്റ്റോറുകൾ നിലവിലുണ്ടോ;വിശദീകരിക്കാമോ;

(സി) ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചിന്നക്കട, ഇരവിപുരം, മുളങ്കാടകം, പരവൂർ, കരുനാഗപ്പള്ളി, പൂയപ്പള്ളി എന്നീ 6 ത്രിവേണി സ്റ്റോറുകളാണ് കൊല്ലം ജില്ലയിൽ നഷ്ടംമൂലം നിർത്തലാക്കിയിരിക്കുന്നത്.

(ബി) കൊല്ലം ജില്ലയിൽ 30 ത്രിവേണി സ്റ്റോറുകളാണ് നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്നത്. ഇതിൽ ഭീമമായ നഷ്ടത്തിലുള്ള പെരുമൺ, ഡീസന്റ്മുക്ക്, ഉരുത്തിക്കര, അയ്യത്തോട്ടുവ, നെടുവത്തൂർ, പതാരം എന്നീ ത്രിവേണികൾ നിർത്തലാക്കുന്നത് ആലോചിച്ചുവരുന്നു. തലച്ചിറ, അമ്പലംകുന്ന് എന്നീ ത്രിവേണികൾ നിലവിൽ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ നിന്നും വിൽപ്പന സാധ്യതയുള്ള അനുയോജ്യമായ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനും മറ്റ് 22 ത്രിവേണികളിൽ യഥേഷ്ടം വിൽപ്പനയ്ക്കുള്ള സാധനങ്ങൾ എത്തിച്ച് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരമാവധി കുറച്ച് ലാഭകരമാക്കി പ്രവർത്തിപ്പിക്കുവാനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിച്ചും, ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന ത്രിവേണികളുടെ സേവനം എത്തിച്ചും, 'ഇ-ടെൻഡർ' സംവിധാനം ഫലപ്രദമാക്കിയും, സപ്ലെയർമാരെ അവരുടെ കഴിഞ്ഞകാല പ്രവർത്തനത്തിന്റെയും ലഭ്യമാക്കുന്ന സാധനങ്ങളുടെ ഗുണമേന്മയുടെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് വെൻഡറിനെ ഷോർട്ട് ലിസ്റ്റ് ചെയ്തും, ജില്ലാ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽനിന്നും ഹ്രസ്വകാല വായ്പകൾ ശേഖരിച്ചും, കേന്ദ്രീകൃത പർച്ചേസ് സംവിധാനം കൊണ്ടുവന്നും, ഗോഡൗണുകളുടെ ശൃംഖല രൂപവത്കരിച്ചും, ഇ-കൊമേഴ്സ് പദ്ധതി രൂപവത്കരിച്ചും, സപ്ലൈകോ, ഹോർട്ടികോർപ്പ്, ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾ കൗൺസിൽ എന്നിവരുമായി ഒത്തുചേർന്ന് പ്രവർത്തിച്ചും, ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള സഹകരണ ബാങ്ക്**

207 (1749) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി.ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സ്വന്തം ബാങ്കായി കേരള സഹകരണ ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) റിസർവ് ബാങ്ക്, ബാങ്കിംഗ് മേഖലയിൽ ഉള്ളവർ എന്നിവരുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) എന്നത്തേക്ക് ഈ ബാങ്ക് രൂപീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് പ്രൈമറി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സംഘങ്ങളുടെ/ബാങ്കുകളുടെ ഒരു അപ്പെക്സ് സ്ഥാപനമാക്കി കേരളാ കോ-ഓപ്പറേറ്റീവ് ബാങ്കിനെ മാറ്റുക വഴി ധന നിക്ഷേപങ്ങളും ക്രെഡിറ്റും സംസ്ഥാനത്ത് വളർത്തിക്കൊണ്ടുവരുന്നതിനും, അടിസ്ഥാന സൗകര്യങ്ങളും, പ്രാദേശിക വികസനവും സാരവത്തായി ഉയർത്തുകയുമാണ് ഉദ്ദേശിക്കുന്നത്.

(സി) ഇല്ല.

(ഡി) നടപടികൾ പൂർത്തിയാക്കി ബാങ്ക് എത്രയും വേഗം പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കേരള ബാങ്ക്**

208 (1750) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ജില്ലാ സഹകരണ ബാങ്കുകളേയും പ്രാഥമിക സഹകരണ സംഘങ്ങളേയും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത ബാങ്കിന്റെ ഘടന, നിയമനം, പ്രവർത്തനങ്ങൾ എന്നിവ വിശദീകരിക്കാമോ;

(സി) കേരള ബാങ്കിന്റെ രൂപീകരണം വഴി സഹകരണ തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന തൊഴിൽ പ്രതിസന്ധി നേരിടുവാൻ എന്തെങ്കിലും മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന്റെ വിവിധ വശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 28-9-2016-ലെ സ.ഉ.(സാധാ) നമ്പർ 488/16/സഹ. പ്രകാരം സർക്കാർ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

**കേരള ബാങ്ക്**

209 (1751) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനങ്ങൾ നിർത്തിവെയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കാനായി താഴെപ്പറയുന്ന ഘടനയോടെ ഒരു വിദഗ്ദ്ധ സമിതിയെ 28-9-2016-ലെ സ.ഉ. (സാധാ) നമ്പർ 488/16/ സഹ. പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സമിതി അംഗങ്ങൾ താഴെപ്പറയുന്നവരാണ്:

1. ശ്രീ. എം. എസ്. ശ്രീറാം, പ്രൊഫസർ, ഐ.ഐ.എം. ബാംഗ്ലൂർ - ചെയർമാൻ

2. ശ്രീ. വി. എസ്. സെന്തിൽ, ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് - അംഗം

3. ശ്രീ. സി. പി. മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്) നബാർഡ് - അംഗം.

4. ശ്രീ. റ്റി. പി. ബാലകൃഷ്ണൻ, ജനറൽ മാനേജർ (റിട്ടയേർഡ്) യൂണിയൻ ബാങ്ക് - അംഗം.

5. ശ്രീ. പി. വേണുഗോപാൽ, ഐ.എ.എസ്, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ് - മെമ്പർ സെക്രട്ടറി

(ബി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന നിയമനങ്ങൾക്ക് ഈ നിർദ്ദേശം ബാധകമല്ല എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

**നീതി മെഡിക്കൽ സ്റ്റോറുകൾ**

210 (1752) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ നിലവിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും ആയതിന്റെ കാരണവും വ്യക്തമാക്കാമോ;

(സി) എത്ര ശതമാനം വില കുറച്ചാണ് നീതി മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ വിൽപ്പന നടത്തുന്നത്?

ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ നിലവിൽ 94 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 10 നീതി മെഡിക്കൽ സ്റ്റോറുകൾ നിർത്തലാക്കിയിട്ടുണ്ട്. ഇതിൽ 4 നീതി മെഡിക്കൽ സ്റ്റോറുകൾ കെട്ടിട ഉടമ വാടക കരാർ പുതുക്കി നൽകുന്നതിന് തയ്യാറാകാത്തതിനാലും ഒരെണ്ണം ഡ്രഗ്സ് ഇൻസ്പെക്ടറുടെ നിർദ്ദേശത്തെ തുടർന്നും ബാക്കിയുള്ള 5 എണ്ണം, കുറഞ്ഞ വേതന

നിരക്കിൽ വിദ്യാഭ്യാസ യോഗ്യതയുള്ള ഫാർമസിസ്റ്റുകളെ ലഭിക്കാത്തതിനാലും, സ്റ്റോറുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഭീമമായ വാടക നൽകേണ്ടതിനാലും, വാടകയ്ക്കുപുറമെ ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള മറ്റ് ചെലവുകൾ കൂടി കണക്കിലെടുത്തും നിർത്തലാക്കിയിട്ടുണ്ട്.

(സി) ശരാശരി 13 % മുതൽ 65 % വരെ വിലക്കുറവിലാണ് അലോപ്പതി മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വിൽപ്പന നടത്തുന്നത്.

**നന്മ സ്റ്റോറുകളും മൊബൈൽ ത്രിവേണി സ്റ്റോറുകളും**

211 (1753) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ കൺസ്യൂമർ ഫെഡിന് കീഴിൽ നിലവിലുണ്ടായിരുന്ന നന്മ സ്റ്റോറുകൾ, മൊബൈൽ ത്രിവേണി സ്റ്റോറുകൾ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) ഇവയുടെ പ്രവർത്തനത്തിൽ തളർച്ച ഉണ്ടാകാനിടയായ കാരണങ്ങൾ വിശദമാക്കുമോ;

(സി) മൊബൈൽ ത്രിവേണി സ്റ്റോറുകളുടെയും, നന്മ സ്റ്റോറുകളുടെയും പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അർദ്ധ സർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ, സഹകരണ സ്ഥാപനങ്ങളോ, സർക്കാർ സ്ഥാപനമോ വാടക രഹിതമായി സ്ഥലം അനുവദിച്ച സ്ഥലങ്ങളിലാണ് നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ചത്. കരാർ കാലാവധി അവസാനിച്ച മുറയ്ക്ക് ഇവയിൽ പലതും ഒഴിഞ്ഞുകൊടുക്കുവാൻ കൺസ്യൂമർ ഫെഡറേഷൻ നിർബന്ധിതമായി. വില്പനക്കുറവ് കാരണമുണ്ടായ നഷ്ടം, ജീവനക്കാരുടെ വേതനം, വൈദ്യുതി, ടെലിഫോൺ, യാത്രാപ്പടി എന്നിവയ്ക്ക് പ്രതിമാസം ഒരു സ്റ്റോറിന് ചെലവാകുന്ന തുക എന്നിവ കൺസ്യൂമർഫെഡിന്റെ ബാദ്ധ്യതയായി മാറുകയും ചെയ്തിട്ടുണ്ട്. മേൽ കാരണങ്ങളാൽ

നന്മ സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സംസ്ഥാനത്തൊട്ടാകെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 142 മൊബൈൽ ത്രിവേണികൾ പ്രവർത്തനം ആരംഭിച്ചിരുന്നു. ഇവയിൽ പ്രവർത്തിക്കുന്ന മൊബൈൽ ത്രിവേണികൾ 64 എണ്ണമാണ്. 78 മൊബൈൽ ത്രിവേണികളുടെ പ്രവർത്തനം, വാഹനം കേടുവന്നത് നന്നാക്കാനാകാത്ത സ്ഥിതിയായതിനാൽ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. മൊബൈൽ ത്രിവേണികളുടെ വിൽപ്പന ലാഭകരമല്ലാത്തതിനാലും, വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കും മറ്റ് ചെലവുകൾക്കും, ടെസ്റ്റ് വർക്ക് എന്നിവയ്ക്കുമായി ഭീമമായ തുക ചെലവ് വരുന്നതിനാലും, ഡ്രൈവർമാരുടെ ലഭ്യതക്കുറവുംമൂലമാണ് പ്രവർത്തനം നിർത്തിയത്. മൊബൈൽ ത്രിവേണികളുടെ റൂട്ട് ക്രമീകരിച്ച് അവ നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കർമ്മ പരിപാടികൾക്ക് രൂപം നൽകി വരുന്നു.

(ബി) നന്മ സ്റ്റോറുകളുടെ വിൽപ്പന കുറയുകയും തുടർച്ചയായ നഷ്ടത്തിലേയ്ക്ക് നീങ്ങുകയുമുണ്ടായി. കൺസ്യൂമർഫെഡറേഷന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനം വിലയിരുത്തിയതിൽ ജീവനക്കാരുടെ വേതനം, വൈദ്യുതി, ടെലിഫോൺ, യാത്രപ്പടി എന്നീയിനങ്ങളിൽ വരുന്ന ശരാശരി 18,000 മുതൽ 20,000 രൂപ വരെ പ്രതിമാസം ഒരു സ്റ്റോറിന് ചെലവാകുന്ന തുക മുഴുവൻ കൺസ്യൂമർഫെഡറേഷന്റെ ബാധ്യതയായി മാറുകയും ചെയ്ത സാഹചര്യങ്ങൾ വിലയിരുത്തിയാണ് നന്മ സ്റ്റോറുകൾ നിർത്തലാക്കിയത്. മൊബൈൽ ത്രിവേണികൾ ലാഭകരമല്ലാത്തതിനാലും, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, മറ്റ് ചെലവുകൾ, ടെസ്റ്റ് വർക്ക് എന്നിവയ്ക്കായി ഭീമമായ തുക ചെലവ് വരുന്നതിനാലും ആണ് അവയുടെ പ്രവർത്തനം നിർത്തിയത്.

(സി) പ്രവർത്തന യോഗ്യമല്ലാത്ത മൊബൈൽ ത്രിവേണി വാഹനങ്ങൾ നടപടി ക്രമങ്ങൾ പാലിച്ച് വിൽക്കുന്നതിനും മൊബൈൽ ത്രിവേണി ആവശ്യപ്പെടുന്ന പ്രൈമറി സർവ്വീസ് സഹകരണ സംഘങ്ങൾക്ക് അവ കൈമാറി നൽകുന്നതിനും നന്മ സ്റ്റോറുകൾ ഏറ്റെടുത്ത് നടത്താൻ തയ്യാറായി വരുന്ന പഞ്ചായത്ത്/കുടുംബശ്രീ എന്നിവരെ അവ ഏൽപ്പിക്കുന്നതിനും, നന്മ സ്റ്റോറുകൾക്ക് ബദൽ സംവിധാനം എന്ന നിലയിൽ പ്രാഥമിക സഹകരണ ബാങ്കുകൾ വഴി നീതി സ്റ്റോറുകൾ വ്യാപിപ്പിച്ച് കൺസ്യൂമർഫെഡ് ഉൽപ്പന്നങ്ങൾ ഗ്രാമതലത്തിൽ എത്തിക്കുന്നതിനും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

**നന്മ സ്റ്റോറുകളിലെ നിയമനവുമായി ബന്ധപ്പെട്ട് നടന്ന അഴിമതി**

212 (1754) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച നന്മ സ്റ്റോറുകളിലെ നിയമനവുമായി ബന്ധപ്പെട്ട് അഴിമതി നടന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അന്വേഷിക്കുന്നതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിലെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നന്മ സ്റ്റോറുകളിൽ ജീവനക്കാരെ നിയമിച്ച് യാതൊരുവിധ നിയമന ഉത്തരവും നൽകിയിട്ടില്ല. നന്മ സ്റ്റോറുകളുടെ പ്രവർത്തനത്തിനായി താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ പ്രാദേശിക തലത്തിൽ നിയോഗിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ദിവസ വേതനക്കാരെ ഒഴിവാക്കിയ സാഹചര്യത്തിൽ ഭീമമായ തുകകൾ പല വ്യക്തികൾക്കും നൽകിയാണ് അവർ ജോലി നേടിയിട്ടുള്ളത് എന്നതിനാൽ അവരെ ഒഴിവാക്കരുത് എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കൃത്യമായി ആർക്കാണ് തുകകൾ നൽകിയതെന്നത് സംബന്ധിച്ച് രേഖാമൂലം തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ ഫെഡറേഷന്റെ ഒരു ത്രിവേണി സ്റ്റോറും, 2 നീതി സ്റ്റോറുകളും, 3 നന്മ സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സാധനങ്ങൾ യഥേഷ്ടം മാർക്കറ്റ് വിലയേക്കാൾ വിലക്കുറവിൽ ലഭ്യമാക്കി വിപണി ഇടപെടൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ ഫെഡറേഷൻ ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ മൊബൈൽ ത്രിവേണിയുടെ റൂട്ട് പാറശ്ശാല നിയോജകമണ്ഡലത്തിലേക്ക് കൂടി ലഭ്യമാകുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതാണ്.

**സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ**

213 (1755) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. മുകേഷ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന മുഖ്യപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) പാവപ്പെട്ടവരുടെ ആശ്രയമായ സഹകരണ സംഘങ്ങളുടെ വായ്പയ്ക്ക് ബാങ്കുകൾ ഈടാക്കുന്നതിലും ഉയർന്ന പലിശ നിരക്ക് ഈടാക്കാൻ നിർബന്ധിതരാക്കുന്ന സാഹചര്യം എന്താണ്; ഇതു പരിഹരിക്കാൻ സാധ്യമാണോ;

(സി) സഹകരണ രംഗത്തെ കടലാസ് സംഘങ്ങളെ ഇല്ലാതാക്കാനായി നടപടി ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന മുഖ്യപ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

I കേന്ദ്ര സർക്കാർ/റിസർവ് ബാങ്ക്/നബാർഡ് എന്നിവയുടെ താഴെപ്പറയുന്ന നയങ്ങൾ/നിർദ്ദേശങ്ങൾ സഹകരണ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്:

1. സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ആദായ നികുതി നിയമത്തിലെ വകുപ്പ് 80 (പി) പ്രകാരം ലഭ്യമായിരുന്ന ആദായ നികുതി ഇളവ് ഒഴിവാക്കിയത്.

2. സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് സർവ്വീസ് ടാക്സ് ബാധകമാക്കിയത്.

3. സഹകരണ ബാങ്കുകൾക്ക് ആദായനികുതി നിയമ പ്രകാരം റ്റി.ഡി.എസ്. ബാധകമാക്കിയത്.

4. ബാങ്കിംഗ് നിയമ ഭേദഗതിയിലൂടെ സഹകരണ ബാങ്കുകളുടെ മേൽ റിസർവ് ബാങ്കിനുള്ള നിയന്ത്രണ അധികാരം വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കിയത്.

5. റിസർവ് ബാങ്ക് ലൈസൻസുള്ള സഹകരണ ബാങ്കുകൾ ഒഴികെ മറ്റ് സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശ മില്ലാത്ത അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കാനോ ബാങ്ക് എന്ന പദം അവരുടെ പേരിനൊപ്പം ചേർക്കാനോ പാടില്ലെന്ന വ്യവസ്ഥ.

6. സഹകരണ ബാങ്കുകൾ അവയുടെ എസ്.എൽ.ആർ. നിക്ഷേപം മുഴുവൻ ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണെന്ന റിസർവ് ബാങ്ക് നിർദ്ദേശം.

7. സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ 31-3-2017-ൽ 9% മൂലധന പര്യാപ്തത കൈവരിക്കണമെന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശം.

8. 9-ാം ഭരണഘടന ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 6 മാസങ്ങൾക്കുള്ളിൽ സംഘത്തിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്തിരിക്കണമെന്നും സംഘം പൊതുയോഗം കൂടിയിരിക്കണമെന്നും 6 മാസങ്ങൾക്കുള്ളിൽ ഓഡിറ്റ് ചെയ്ത കണക്കുകളും വാർഷിക റിപ്പോർട്ടും ഉൾപ്പെടെയുള്ള രേഖകൾ ഫയൽ ചെയ്തിരിക്കണമെന്നുമുള്ള വ്യവസ്ഥകൾ.

9. നബാർഡിന്റെ നിലവിലുള്ള വ്യവസ്ഥ പ്രകാരം സി.എം.എ. റൂൾസ് അനുസരിച്ച് ജില്ലാ സഹകരണ ബാങ്കുകൾക്ക് പരമാവധി നൽകാവുന്ന ഭവന വായ്പ ബാങ്കിന്റെ ആകെ ആസ്തിയുടെ 5 ശതമാനം അധികരിക്കാൻ പാടില്ല. ടി പരിധി നിലനിൽക്കുന്നതിനാൽ ജില്ലാ സഹകരണ ബാങ്കുകളുടെ സർപ്ലസ് ഫണ്ട് ഫലപ്രദമായി ചെലവഴിക്കാൻ കഴിയുന്നില്ല.

10. കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ സബ്സിഡി പദ്ധതി ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വിതരണം ചെയ്യുന്ന വിദ്യാഭ്യാസ വായ്പയ്ക്ക് ബാധകമാക്കുന്നില്ല.

11. പുതുതായി നടപ്പിലാക്കിയ 'Pradhan Manthri Awas Yojana Housing for All (Urban) പദ്ധതിയിൽ ജില്ലാ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തിയിട്ടില്ലാത്തത്.

12. 'Rupay Kissan Credit Card' നൽകുന്ന പദ്ധതിയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ഉൾപ്പെടുത്താത്തത്.

13. വാർഷിക പദ്ധതിയിൽ എൻ.സി.ഡി.സി. പദ്ധതി പ്രകാരം കാർഷിക സംസ്കരണ പ്രോജക്ടുകൾ, റൂറൽ ഗോഡൗണുകൾ ഐ.സി.ഡി.പി.(Integrated Co-operative Development Project) എന്നിവയ്ക്ക് നൽകി വന്നിരുന്ന സബ്സിഡി നിർത്തലാക്കിയത്.

II <u>സഹകരണ മേഖല നേരിടുന്ന മറ്റ് പ്രശ്നങ്ങൾ</u>:

1. സഹകരണ മേഖലയിലെ ഉയർന്ന നിഷ്ക്രിയ ആസ്തി/കുടിശ്ശിക നിലവാരംമൂലം സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം.

2. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, ഉൽപ്പന്നങ്ങൾക്കു മേൽ പെട്ടെന്നുണ്ടാകുന്ന വിലത്തകർച്ച, ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും നടത്താൻ കഴിയാത്തത് എന്നീ കാരണങ്ങളാൽ വിപണന സഹകരണ സംഘങ്ങൾക്കുണ്ടായിട്ടുള്ള പ്രതിസന്ധി.

3. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ഈടട്പ്രമാണങ്ങൾ ഹൗസിംഗ് ഫെഡറേഷനിൽ ഈട് നൽകി പ്രാഥമിക സംഘങ്ങൾ വായ്പ സ്വീകരിക്കുകയും അംഗങ്ങൾ വായ്പ തിരിച്ചടയ്ക്കുകയും എന്നാൽ സംഘങ്ങൾ യഥാസമയം വായ്പ ഫെഡറേഷനിൽ തിരിച്ചടയ്ക്കാതിരിക്കുകയും ചെയ്യുന്നതിലൂടെ അംഗങ്ങൾക്ക് പ്രമാണങ്ങൾ തിരിച്ച് നൽകാൻ കഴിയാതെ വരുന്ന അവസ്ഥ സംജാതമാകുന്നുണ്ട്.

4. കേന്ദ്ര നിയമ പ്രകാരമുള്ള മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾ, സംസ്ഥാനങ്ങൾ പ്രവർത്തന പരിധിയായി രജിസ്റ്റർ ചെയ്യുമ്പോൾ അതാത് സംസ്ഥാന രജിസ്ട്രാറുടെ എൻ.ഒ.സി. വാങ്ങിയിരിക്കണമെന്ന് കേന്ദ്ര രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയും ഇതനുസരിച്ച് സംഘങ്ങൾ സംസ്ഥാന രജിസ്ട്രാർക്ക് അപേക്ഷ നൽകുകയും സംസ്ഥാന രജിസ്ട്രാർ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുകയും ചെയ്തു വരികയായിരുന്നു. എന്നാൽ സമീപ കാലത്ത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പ്രസ്തുത വ്യവസ്ഥ റദ്ദ് ചെയ്യുകയുണ്ടായി. ഇത് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ അനിയന്ത്രിതമായ പ്രവർത്തനത്തിന് കാരണമാകുകയും സംസ്ഥനത്തെ വായ്പാ സംഘങ്ങളെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

(ബി) സംസ്ഥാനത്ത് സെൻട്രൽ ബാങ്ക് കോൺഫറൻസിന്റെ തീരുമാന പ്രകാരമാണ് സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്കും വായ്പകൾക്കും പലിശ നിരക്ക് നിശ്ചയിച്ച് നൽകുന്നത്. സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് താരതമ്യേന ഉയർന്ന നിരക്കിലുള്ള പലിശയാണ് നൽകി വരുന്നത്. നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശയും അനുബന്ധ ചെലവുകളും ചേർത്താണ് വായ്പകൾക്കുള്ള പലിശ നിരക്ക് നിശ്ചയിക്കുന്നത്. പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ വഴി നൽകുന്ന കാർഷിക വായ്പകൾക്കുള്ള പലിശ നിരക്ക് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന പ്രകാരമാണ് ഈടാക്കി വരുന്നത്. കാലാകാലങ്ങളിൽ പലിശ നിർണ്ണയ കമ്മിറ്റി കൂടി പലിശ നിരക്കിൽ മാറ്റം വരുത്താറുണ്ട്.

(സി) പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള സാധ്യതകൾ ഇല്ലാത്തപക്ഷം ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**കയർ സഹകരണ സംഘം**

214 (1756) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണ സംഘം സെക്രട്ടറിമാർക്ക് നിലവിൽ ലഭിച്ചുവരുന്ന കുറഞ്ഞ ശമ്പളം എത്രയാണ്; വിശദമാക്കാമോ;

(ബി) ഇത് വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 23-11-2012-ലെ സർക്കാർ ഉത്തരവ്(കൈ) 139/2002/വ്യവ പ്രകാരം (അനുബന്ധമായി ചേർത്തിരിക്കുന്നു)* സെക്രട്ടറിമാരുടെ ശമ്പളം താഴെപ്പറയുന്നവിധം നിശ്ചയിച്ചിട്ടുണ്ട്:

| ഗ്രേഡ് | പ്രോഡക്ഷൻ | ശമ്പള സ്കെയിൽ |
|---|---|---|
| എ ഗ്രേഡ് | 901 ക്വിന്റലിന് മുകളിൽ | 8080-12590 |
| ബി ഗ്രേഡ് | 501 മുതൽ 900 ക്വിന്റൽ | 5850-9810 |
| സി ഗ്രേഡ് | 301 മുതൽ 500 ക്വിന്റൽ | 5250-8540 |
| ഡി ഗ്രേഡ് | 201 മുതൽ 300 ക്വിന്റൽ | 4750-7850 |
| ഇ ഗ്രേഡ് | 101 മുതൽ 200 ക്വിന്റൽ | 4660-6750 |
| | 100 ക്വിന്റലിൽ കുറവ് | 4500 |

(ബി) ഇപ്പോൾ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

215 (1757) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ പിലാശ്ശേരി കേന്ദ്രമായി പിലാശ്ശേരി അഗ്രിക്കൾച്ചറൽ ആൻറ് വർക്കേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കുന്നതിന് നൽകിയ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അനുമതി ഉത്തരവ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സഹകരണ നിയമം വകുപ്പ് 4, 5, 6, 7 ചട്ടം 3, 4, 5, 6, 7, 8 പ്രകാരമാണ് സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നത്. അംഗങ്ങളുടെ സാമ്പത്തിക ഉന്നതിയോ പൊതുജന താൽപ്പര്യങ്ങളുടെ സംരക്ഷണമോ ലക്ഷ്യമാക്കിക്കൊണ്ട് സഹകരണ തത്വങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന സംഘങ്ങൾക്ക് മാത്രമേ സഹകരണ നിയമത്തിൻകീഴിൽ രജിസ്ട്രേഷൻ നൽകുകയുള്ളൂ. അത്തരം സംഘങ്ങളുടെ സേവനം തങ്ങൾക്ക് പ്രയോജനപ്പെടുത്തണമെന്ന് താൽപ്പര്യമുള്ള വ്യത്യസ്ത കുടുംബത്തിൽപ്പെട്ട 25 വ്യക്തികൾ എങ്കിലും സംഘാടകരായി (പ്രൊമോട്ടർമാർ) ചേർത്തുകൊണ്ട് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കണം. പ്രൊമോട്ടർമാർ അവരിൽനിന്നും ഒരു പ്രൊമോട്ടിംഗ് കമ്മിറ്റിയെയും അതിന്റെ അദ്ധ്യക്ഷനായി ഒരു ചീഫ് പ്രൊമോട്ടറെയും തെരഞ്ഞെടുക്കണം. പ്രൊമോട്ടർമാർ അവരുടെ യോഗം ചേർന്ന് താഴെപ്പറയുന്ന രീതിയിൽ അപേക്ഷ തയ്യാറാക്കണം.

1. നിർദ്ദിഷ്ട സംഘം രൂപീകരിക്കുന്നതിനുള്ള തീരുമാനം.
2. പ്രൊമോട്ടിംഗ് കമ്മിറ്റി അംഗീകരിച്ച കരട് നിയമാവലിയുടെ മൂന്ന് കോപ്പികൾ.
3. നിർദ്ദിഷ്ട സംഘത്തിന് കാര്യക്ഷമമായ പ്രവർത്തനം സാധ്യമാണെന്ന് ബോധ്യപ്പെടുത്തുന്ന പദ്ധതിരേഖ.
4. ചട്ടങ്ങളുടെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള 1-ാം നമ്പർ ഫോറത്തിൽ അപേക്ഷയുടെ രണ്ടു പകർപ്പുകൾ തയ്യാറാക്കി പ്രൊമോട്ടർമാർ എല്ലാവരും ഒപ്പു വയ്ക്കണം.

5. ഓഹരി പിരിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ഓഹരി മൂലധനത്തിലേയ്ക്ക് തുക നൽകിയിട്ടുള്ള എല്ലാ വ്യക്തികളുടെയും പേരും പൂർണ്ണമായ മേൽവിലാസവും അവർ നൽകിയിട്ടുള്ള തുകയും രേഖപ്പെടുത്തിയ ലിസ്റ്റിന്റെ രണ്ടു പകർപ്പുകൾ.

6. രജിസ്ട്രേഷനുള്ള ഫീസ് അടച്ചതിന്റെ രസീത്.

ഇങ്ങനെ തയ്യാറാക്കിയിട്ടുള്ള അപേക്ഷാ ഫോറവും ഉള്ളടക്കങ്ങളും നിർദ്ദിഷ്ട സംഘത്തിന്റെ കേന്ദ്ര ഓഫീസ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശം അധികാര പരിധിയായുള്ള അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ് വഴി സമർപ്പിക്കേണ്ടതാണ്. സഹകരണ നിയമത്തിലേയും ചട്ടത്തിലേയും രജിസ്ട്രാറുടെ സർക്കുലറിലേയും വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും സംഘത്തിന്റെ പ്രായോഗികതയും പ്രവർത്തന സാധ്യതയും 4-ാം വകുപ്പിൽ അനുശാസിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് സംഘത്തിനുള്ളതെന്നും നിർദ്ദിഷ്ട സംഘത്തിന്റെ ബൈലോ അനുസരിച്ച് നിശ്ചയിക്കപ്പെട്ടിരിക്കുന്ന പ്രവർത്തന പരിധിയിൽ അതേ സ്വഭാവത്തിലുള്ള മറ്റൊരു സംഘവും പ്രവർത്തിച്ചു വരുന്നില്ലെന്നും ബോദ്ധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ സംഘം രജിസ്റ്റർ ചെയ്തുനൽകുന്നതാണ്.

(ബി) കുന്ദമംഗലം ഗ്രാമ പഞ്ചായത്തിലെ പിലാശ്ശേരി കേന്ദ്രമായി പിലാശ്ശേരി അഗ്രിക്കൾച്ചറൽ & വർക്കേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കുന്നതിന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കോഴിക്കോട് മുഖേന സമർപ്പിച്ച അപേക്ഷയിൽ 11-2-2015-ന് നടപടി സ്വീകരിക്കുകയും നിയമാവലിയിലെ ന്യൂനതകൾ പരിഹരിച്ചു നൽകുവാൻ ജോയിന്റ് രജിസ്ട്രാർ (ജനറൽ), കോഴിക്കോട് ആഫീസിൽനിന്നും 19-2-2015-ൽ ചീഫ് പ്രൊമോട്ടർക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. നിർദ്ദേശിച്ച പ്രകാരം ന്യൂനതകൾ പരിഹരിച്ച് ലഭിച്ചു കഴിഞ്ഞാൽ, അപേക്ഷ ക്രമപ്രകാരമാണെന്നും സംഘം പ്രവർത്തന സാധ്യതയുള്ളതാണെന്നും പരിശോധിച്ച് ബോദ്ധ്യപ്പെട്ടാൽ അനുമതി ഉത്തരവ് നൽകുന്നതാണ്.

## സഹകരണ മേഖലയിലെ നിക്ഷേപം

216 (1758) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ നിക്ഷേപ രംഗത്തെ ഉണർവ്വിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടി നിക്ഷേപ സമാഹരണ യജ്ഞം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ കഴിഞ്ഞ സർക്കാർ എത്ര കോടി രൂപയുടെ അധിക നിക്ഷേപം സ്വരൂപിച്ചിട്ടുണ്ട്;

(ഡി) സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം ഇപ്പോൾ എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിക്ഷേപരംഗത്തെ ഉണർവ്വിനായി സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. (നിക്ഷേപങ്ങൾക്ക് പരമാവധി 150 ലക്ഷം രൂപ) ആവശ്യമായ സന്ദർഭങ്ങളിൽ നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിക്കുന്നതുമാണ്.

(ബി) ഉണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ 29,837.02 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## കോർ ബാങ്കിംഗ് സംവിധാനം

217 (1759) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ബാബു :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലും സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ലാഭകരമായതും നഷ്ടത്തിലായതും നിർജ്ജീവമായതുമായ ഇത്തരം സ്ഥാപനങ്ങൾ ഉള്ളതിനാൽ ഇവയെ കോർ ബാങ്കിംഗ് സംവിധാനം വഴി ഒരുമിപ്പിക്കുമ്പോൾ എന്തെങ്കിലും പ്രത്യാഘാതങ്ങൾ ഉണ്ടാകാനിടയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിലൂടെ പ്രധാനമായും നെറ്റ് ബാങ്കിംഗ്, എ.റ്റി.എം, RTGS, NEFT മുതലായ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) പ്രാഥമിക സഹകരണ സംഘങ്ങളുടെ ഹെഡ്ഡാഫീസും ശാഖകളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനാണ് ഇപ്പോൾ ഉദ്ദേശിച്ചിട്ടുള്ളത്. നിർജ്ജീവമായ സംഘങ്ങളിൽ കോർ ബാങ്കിംഗ് ഏർപ്പെടുത്തുന്നതിന് നിലവിൽ ഉദ്ദേശിച്ചിട്ടില്ല. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രത്യാഘാതങ്ങൾ ഉണ്ടാകാനിടയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സഹകരണ ബാങ്കുകൾ വഴിയുള്ള ക്ഷേമ പെൻഷൻ വിതരണം**

218 (1760) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക ക്ഷേമ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ഇതിനകം ഉയർന്നുവന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷൻ തുകയിൽനിന്ന് ചിലയിടങ്ങളിൽ ഇടനിലക്കാർ നിർബന്ധ പണപ്പിരിവ് നടത്തുന്നതായ വാർത്ത പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് ഗുണഭോക്താക്കളിൽ ഉണ്ടാക്കുന്ന ആശങ്കയും പ്രയാസങ്ങളും അകറ്റാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും;

(ഡി) സാമൂഹിക ക്ഷേമ പെൻഷൻ വിതരണം കൂടുതൽ സുതാര്യമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കാള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) ഇക്കാര്യത്തിൽ നിർബന്ധ പണപ്പിരിവ് നടത്തുന്നതായ പരാതികൾ ലഭിച്ചിട്ടില്ല. പെൻഷൻ വിതരണം കാര്യക്ഷമമായി നടത്തുന്നതിനും ഗുണഭോക്താക്കൾക്ക് പ്രയാസമുണ്ടാകാതെ ലഭ്യമാക്കുന്നതിനും അതാത് സംഘം തലത്തിലും, ജില്ല, താലൂക്ക്, സംസ്ഥാന തലത്തിലും തദ്ദേശ സർക്കാർ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ അദ്ധ്യക്ഷതയിലുള്ള അംഗങ്ങൾ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം വളരെ സുതാര്യമായാണ് നടത്തുന്നത്. പെൻഷൻ വിതരണം ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ സംഘം തലത്തിലും, ജില്ല, താലൂക്ക്, സംസ്ഥാന തലത്തിലും തദ്ദേശ സർക്കാർ സ്ഥാപനങ്ങളിലെ അംഗങ്ങൾ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിലേയ്ക്കായി സർക്കാരിന്റെ 23-8-2016-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 6951/2016/ഫിൻ ഉത്തരവു പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ 28/2016, 29/2016 നമ്പർ സർക്കുലറുകൾ പ്രകാരവും വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ (IKM) തയ്യാറാക്കിയ സേവന എന്ന സോഫ്റ്റ്‌വെയർ സംവിധാനമാണ് പെൻഷൻ വിതരണത്തിന് ഉപയോഗിക്കുന്നത്. പെൻഷൻ വിതരണത്തിന്റെ എല്ലാ ഘട്ടങ്ങളിലും വളരെ കാര്യക്ഷമമായ രീതിയിൽ മോണിറ്ററിംഗ് ചെയ്യുന്നതിന് ഈ സംവിധാനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്.

## ക്ഷേമ പെൻഷനുകൾ സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തിച്ചതിന്റെ വിവരങ്ങൾ

219 (1761) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാർദ്ധക്യ, വിധവ, വികലാംഗ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക തുക മുഴുവൻ ഒറ്റയടിക്ക് സഹകരണ ബാങ്കുവഴി വീട്ടിലെത്തിച്ച പദ്ധതി തുടർന്നും നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

സർക്കാർ നൽകി വരുന്ന സാമൂഹ്യ ക്ഷേമ സുരക്ഷാ പെൻഷനുകൾ സഹകരണ ബാങ്കുകൾ വഴി ഗുണഭോക്താക്കളുടെ വീടുകളിലെത്തിക്കുന്ന പദ്ധതി തുടർന്നും നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ജില്ലാടിസ്ഥാനത്തിൽ

നൽകാനുള്ള തുക ഡി.ബി.റ്റി. സെല്ലിൽ നിന്നും അതാത് ജില്ലാ സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ടി തുക അതാത് ജില്ലകളിലെ വാർഡ് അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (PACS), മറ്റ് വായ്പാ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ എന്നിവ വഴിയാണ് പെൻഷനുകൾ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചിട്ടുള്ളത്. കൂടുതൽ കാര്യക്ഷമമായി ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

**സഹകരണ ബാങ്കുകളിൽ കെട്ടിക്കിടക്കുന്ന നിക്ഷേപം**

220 (1762) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളിൽ മൊത്തം എത്ര കോടി രൂപയുടെ നിക്ഷേപം കെട്ടിക്കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിക്ഷേപം നാടിന്റെ പുരോഗതിക്കും രക്ഷയ്ക്കുമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ നിക്ഷേപത്തിൽ നിയമാനുസൃതം സൂക്ഷിക്കേണ്ട കരുതലുകൾ ഒഴികെ ബാക്കി തുക മുഴുവൻ വായ്പാ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതാണ്. നാടിന്റെ പുരോഗതിക്കും രക്ഷയ്ക്കുമായി പ്രത്യേക പ്രോജക്ടുകളോ/പദ്ധതികളോ ലഭ്യമാകുന്ന മുറയ്ക്ക് അത് പരിശോധിക്കുന്നതാണ്.

**ആശ്രിത നിയമനം**

221(1763) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ ആശ്രിത നിയമനം ലഭിക്കുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഇ.എം.(5)9137/2016 dt. 11-3-2016 നമ്പർ കത്തിന്മേൽ സ്വീകരിച്ച തുടർനടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) ആശ്രിത നിയമനം നൽകുന്നതിന് തടസ്സങ്ങൾ അവശേഷിക്കുന്നില്ലെങ്കിൽ നിയമനം കഴിവതും വേഗം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊട്ടാരക്കര പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ ശ്രീ. സി. എൽ. അനൂപിന് ആശ്രിത നിയമനം നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 25-7-2016-ലെ 9137/16/കെ.ഡി.എസ്. നമ്പർ ഉത്തരവ് പ്രകാരം ബാങ്കിന് അനുവാദം നൽകി ഉത്തരവായിട്ടുണ്ട്.

**ലേബർ കോൺട്രാക്ട് സഹകരണ സംഘം**

222 (1764) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളെ സഹകരണ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി ഏൽപ്പിച്ച് അവയുടെ നില മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ സഹകരണ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ നടത്തി വരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് 568 ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ഉണ്ട്.

**ഉണർവ് പദ്ധതി**

223 (1765) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഉണർവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്, വിവരിക്കുമോ;

(സി) ആഡിറ്റ് നടത്തിയിട്ടുള്ളതും കുടിശിക ഈടാക്കാതെയും കൊടുത്തു തീർക്കാതെയും നില്ക്കുന്ന തുകകൾ നിയമാനുസൃത ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ നടപ്പാക്കിയിട്ടുണ്ട്;

(ഡി) ഈ പദ്ധതിയിലൂടെ എത്ര കോടി രൂപയുടെ എത്ര പ്രൊപ്പോസലുകൾ അംഗീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണർവ് 2012 തീവ്രയത്ന പരിപാടി 15-3-2012 മുതൽ 31-12-2013 വരെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ടി പദ്ധതി ഇപ്പോൾ നിലവിലില്ലാത്തതാണ്.

(ബി) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞുവച്ചിട്ടുള്ളതും, ദീർഘകാലമായി ഈടാക്കാതെയും കൊടുത്ത് തീർക്കാതെയും നിൽക്കുന്ന തുകകൾ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റിൽനിന്നും നീക്കം ചെയ്യുന്നതിന് വേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

(സി) പദ്ധതിയുടെ ഭാഗമായി സംഘം/ബാങ്കുകളുടെ പൊതുയോഗം അംഗീകരിച്ച് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവരടങ്ങുന്ന ജില്ലാതല കമ്മിറ്റികൾ പരിശോധിച്ച് അംഗീകരിക്കാൻ കഴിയുന്നവ അംഗീകരിക്കുകയും, അംഗീകരിക്കാൻ കഴിയാത്ത പ്രൊപ്പോസലുകൾ സഹകരണ സംഘം രജിസ്ട്രാർ അദ്ധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്കായി സമർപ്പിച്ച് അന്തിമ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ഡി) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും, ദീർഘകാലമായി ഈടാക്കാതെയും കൊടുത്തു തീർക്കാതെയും നിൽപ്പുള്ളതിൽ, സംസ്ഥാനത്തൊട്ടാകെ 29,234.12 ലക്ഷം രൂപയുടെ 2512 പ്രൊപ്പോസലുകൾ അംഗീകരിച്ചിട്ടുണ്ട്.

**ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ നിയമനം**

224 (1766) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് വി.ഇ.ഒ.മാരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് എത്ര ഒഴിവുകൾ ഉണ്ട്, എത്ര പേർക്ക് നിയമനം നൽകി, എൻ.ജെ.ഡി. ഉൾപ്പെടെ എത്ര ഒഴിവുകൾ ഈ വിഭാഗത്തിലുണ്ട് എന്നീ വിവരങ്ങൾ നൽകുമോ; ഈ വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകണമെന്ന് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ?

<u>ഉത്തരം</u>

വി.ഇ.ഒ.-മാരിൽനിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് എൻ.ജെ.ഡി. ഉൾപ്പെടെ 31-8-2016 വരെ 136 ഒഴിവുകൾ നിലവിലുണ്ട്. 25-6-2015-ലെ പി.എസ്.സി.യുടെ നിയമന ശിപാർശ പ്രകാരം 28 പേർ ജോലിക്ക് ഹാജരായിട്ടുണ്ട്. 39 പേർ എൻ.ജെ.ഡി. ആണ്. വി.ഇ.ഒ.-മാരിൽനിന്നും ബൈ ട്രാൻസ്ഫർ നിയമനത്തിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള 99 ഒഴിവുകളും യു.ഡി.സി., യു.ഡി.റ്റി.-മാരിൽനിന്നും ബൈ ട്രാൻസ്ഫർ നിയമനത്തിനായി മാറ്റിവയ്ക്കപ്പെട്ട 35 ഒഴിവുകളും ചേർത്ത് 134 ഒഴിവുകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകണമെന്ന് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 5-9-2016-ൽ ഒ.എ.634/2016 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധി തീർപ്പ് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**വിരമിച്ച വനിതാ ജീവനക്കാരുടെ പെൻഷൻ**

225 (1767) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ കോ -ഓപ്പറേറ്റീവ് പ്രിന്റിംഗ് പ്രസ്സ് ലിമിറ്റഡിൽ നിന്നും വിരമിച്ച വനിതാ ജീവനക്കാർക്ക് നാളിതുവരെ പെൻഷൻ ലഭിച്ചിട്ടില്ല എന്ന് കാട്ടി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇവർക്ക് നാളിതുവരെ പെൻഷൻ ലഭിക്കാനിടയാകാതെ പോയ സാഹചര്യം വിശദീകരിക്കാമോ;

(സി) ഇവരിൽ നിന്നും പെൻഷൻ വിഹിതം പിടിച്ചിട്ടുണ്ടായിരുന്നോ;

(ഡി) ഭരണസമിതി ഇവരിൽനിന്നും പിടിച്ച പെൻഷൻ വിഹിതം അടച്ചിട്ടുണ്ടോ;

(ഇ) സർവ്വീസിൽ ഉണ്ടായിരുന്ന സമയത്ത് ഭരണസമിതി പെൻഷൻ വിഹിതം പിടിച്ചിട്ടും ഇവരുടെ പെൻഷൻ വിഹിതം അടച്ചിട്ടില്ലായെങ്കിൽ ഈ വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(എഫ്) പെൻഷൻ വിഹിതം ഭരണസമിതി അടച്ചിട്ടില്ലെങ്കിലും സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകണമെന്ന 7-12-2008-ലെ ഹൈക്കോടതി ഉത്തരവ് പാലിക്കാതെ പോയ സാഹചര്യം വിശദീകരിക്കാമോ;

(ജി) ഇപ്രകാരം എത്ര ജീവനക്കാർക്കാണ് പെൻഷൻ നാളിതുവരെ ലഭിക്കാത്തത്; ഇവർ ഓരോരുത്തർക്കും എത്ര വർഷം സർവ്വീസ് ഉണ്ടായിരുന്നു; ഇവർ വിരമിച്ചിട്ട് എത്ര നാളുകളായി; ഇവ സംബന്ധിച്ച വിശദാംശം നൽകാമോ; ഭരണസമിതി ജീവനക്കാരിൽ നിന്നും പിടിച്ച പെൻഷൻ വിഹിതം അടച്ചില്ല എന്ന് കാട്ടി പെൻഷൻ തടഞ്ഞുവച്ചിരിക്കുന്ന ഇവർക്ക് പെൻഷൻ നൽകുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; ഇവർക്ക് അടിയന്തരമായി പെൻഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് പ്രിന്റിംഗ് പ്രസ്സ് ഭരണസമിതി പ്രസ്തുത ജീവനക്കാരിൽനിന്നും പിടിച്ച പെൻഷൻ വിഹിതവും നാളിതുവരെയുള്ള കുടിശ്ശികയും ഇതുവരെ പെൻഷൻ ബോർഡിലേക്ക് അടച്ചിട്ടില്ല.

(സി) പെൻഷൻ വിഹിതം പിടിച്ചിരുന്നു.

(ഡി) ഇല്ല.

(ഇ) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് പ്രിന്റിംഗ് പ്രസ്സിൽനിന്നും വിരമിച്ച 4 ജീവനക്കാർക്കാണ് നാളിതുവരെ പെൻഷൻ ലഭിക്കാത്തത്. ടി ജിവനക്കാർക്ക് എത്രവർഷം സർവ്വീസ് ഉണ്ടായിരുന്നു എന്നും ഇവർ വിരമിച്ചിട്ട് എത്ര നാളായിട്ടുണ്ടെന്നും ഉള്ള വിശദവിവരം ചുവടെചേർക്കുന്നു:

| ക്രമ നമ്പർ | പേര് | സർവ്വീസ് | വിരമിച്ചതിന് ശേഷമുള്ള കാലയളവ് |
|---|---|---|---|
| 1 | രുഗ്മിണി.എ | 33 വർഷം | 10 വർഷം |
| 2 | ഭാരതി | 31 വർഷം | 15 വർഷം |
| 3 | വിശ്വനാഥ കമ്മത്ത് | 10 വർഷം | 11 വർഷം |
| 4 | രമണി | 36 വർഷം | 10 വർഷം |

എറണാകുളം ജില്ലാ സഹകരണ പ്രിന്റിംഗ് പ്രസ്സ് ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിരിച്ചെടുത്ത പ്രോവിഡന്റ് ഫണ്ട് ജില്ലാ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ സംഘത്തിന്റെ വിഹിതം മാറ്റിയതായി കാണുന്നില്ല. സ്വന്തം കയ്യിൽനിന്നും കുടിശ്ശിക അടച്ച ജീവനക്കാർക്ക് പെൻഷൻ ലഭിച്ചിട്ടുണ്ട്. സ്വന്തമായി പണമടയ്ക്കാൻ നിവൃത്തിയില്ലാത്തതിനാൽ ശ്രീമതി ടി. എൻ. ഭാരതി പെൻഷനുവേണ്ടി അവർ അടച്ച പണം തിരികെ പിൻവലിച്ചു കൊണ്ടുപോയതായും പിരിഞ്ഞു പോയ ജീവനക്കാരായ ശ്രീമതി രുഗ്മിണി, ശ്രീമതി രമണി എന്നിവർ അവരുടെ നിക്ഷേപത്തിനു ആനുപാതികമായി സംഘത്തിന്റെ വിഹിതവും ചേർത്ത് സംഘത്തിൽനിന്നും കൈപ്പറ്റിയതായും രേഖകൾ പരിശോധിച്ചതിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. പെൻഷൻ വിഹിതം പെൻഷൻ ബോർഡിൽ അടയ്ക്കുന്നതിന് എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ബാങ്ക് ഭരണസമിതിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

226 (1768) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ഓണം-ബക്രീദ് ചന്തകൾ വഴിയും, സൂപ്പർമാർക്കറ്റുകൾ വഴിയും ത്രിവേണി സ്റ്റോറുകൾ വഴിയും എത്ര കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങളാണ് വില്പന നടത്തിട്ടുള്ളത്;

(ബി) ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുള്ളത്; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; മുൻഭരണകാലത്ത് തകർച്ചയിലായിരുന്നുവെന്ന് ആക്ഷേപമുള്ള കൺസ്യൂമർഫെഡിനെ വലിയ ജനോപകാരപ്രദമായ വിധത്തിൽ ഉയർത്തികൊണ്ടുവരാൻ കഴിഞ്ഞു എന്നതു സംബന്ധിച്ചുള്ള വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(സി) കൺസ്യൂമർഫെഡിനെ തുടർന്നും ജനോപകാരപ്രദമായ സ്ഥാപനമാക്കി നിലനിർത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡറേഷന്റെ നേതൃത്വത്തിൽ ഓണം-ബക്രീദ് ചന്തകൾ വഴി 40.74 കോടി രൂപയും, സൂപ്പർ മാർക്കറ്റുകൾ/ത്രിവേണി സ്റ്റോറുകൾ വഴി 11.95 കോടി രൂപയും ഉൾപ്പെടെ 52.69 കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ട്.

(ബി) 13 ഇനം നിത്യോപയോഗ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | ഇനം |
|---|---|
| 1 | ജയ അരി |
| 2 | കുറുവ അരി |
| 3 | അരി മട്ട |
| 4 | പച്ചരി |
| 5 | പഞ്ചസാര |
| 6 | ചെറുപയർ |
| 7 | കടല |
| 8 | വൻപയർ |
| 9 | തുവരപ്പരിപ്പ് |
| 10 | ഉഴുന്ന് (ബോൾ) |
| 11 | മുളക് |
| 12 | മല്ലി |
| 13 | വെളിച്ചെണ്ണ |

30 ലക്ഷം പേർ കൺസ്യൂമർഫെഡിന്റെ വിൽപ്പനശാലയിൽനിന്ന് സാധനങ്ങൾ വാങ്ങിയതിൽ 15 ലക്ഷംപേർക്ക് സബ്സിഡി ആനുകൂല്യം ലഭ്യമായിട്ടുണ്ട്. ഈ വർഷത്തെ ഓണവിപണിയുടെ നടത്തിപ്പിലൂടെ കൺസ്യൂമർഫെഡിനെ ജനോപകാരപ്രദമായ വിധത്തിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളതും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഓണചന്തയുടെ വിൽപ്പനയിൽ 200% ത്തിലേറെ വളർച്ച നേടുവാൻ കഴിഞ്ഞിട്ടുള്ളതുമാണ്. മാർക്കറ്റ് വിലയേക്കാൾ ഗണ്യമായ വില കുറവിലാണ് പ്രാഥമിക സംഘങ്ങൾ വഴി

ഓണചന്തകളിലൂടെ 13 ഇനം സബ്സിഡി സാധനങ്ങളും 26 ഇനം നോൺ സബ്സിഡി സാധനങ്ങളും വിൽപ്പന നടത്തിയത്. 15 ലക്ഷം ഉപഭോക്താക്കൾക്ക് 12061 ടൺ ഭക്ഷ്യവസ്തുക്കൾ (13 സബ്സിഡി ഇനങ്ങൾ) ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ 26 നോൺ സബ്സിഡി സാധനങ്ങൾ 15 ലക്ഷത്തോളം ജനങ്ങൾക്ക് 20 മുതൽ 70 ശതമാനം വരെ വിലക്കുറവിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകൾവഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിച്ചും, അതു വഴി വിലക്കയറ്റത്തെ തടഞ്ഞു നിർത്തിയും ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന ത്രിവേണികളുടെ സേവനം എത്തിച്ചും, 'ഇ-ടെണ്ടർ' സംവിധാനം ഫലപ്രദമാക്കിയും, ജില്ലാ ബാങ്കുകൾ, പ്രാഥമിക സഹകരണസംഘങ്ങൾ എന്നിവിടങ്ങളിൽനിന്നും ഹ്രസ്വകാല വായ്പകൾ ശേഖരിച്ചും, കേന്ദ്രീകൃത പർച്ചേസ് സംവിധാനം കൊണ്ടുവന്നും, ഗോഡൗണുകളുടെ ശൃംഖല രൂപവൽക്കരിച്ചും, ഇ-കോമേഴ്സ് പദ്ധതി രൂപവത്ക്കരിച്ചും, സപ്ലൈക്കോ, ഹോർട്ടികോർപ്പ്, ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ് പ്രൊമോഷൻ കൗൺസിൽ എന്നിവരുമായി ഒത്തുചേർന്ന് പ്രവർത്തിച്ചും, മരുന്ന കമ്പനികളിൽ നിന്നും നേരിട്ട് മരുന്ന വാങ്ങി വില കുറച്ച് വിപണിയിൽ എത്തിച്ചും, സ്കൂൾ മാർക്കറ്റുകൾ സംഘടിപ്പിച്ചും, കൺസ്യൂമർഫെഡിനെ ജനോപകാരപ്രദമായ സ്ഥാപനമാക്കി നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

### കാലഹരണപ്പെട്ട നിക്ഷേപങ്ങൾ

227 (1769) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, റിസർവ് ബാങ്കിന്റെ ലൈസൻസോടെ പ്രവർത്തിക്കുന്ന അർബൻ സഹകരണ സംഘങ്ങൾ, മറ്റു വിവിധ അർബൻ സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ സംഘങ്ങൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ കാലാവധി പൂർത്തിയായി 5 വർഷത്തിനുശേഷവും നിക്ഷേപകർ ക്ലെയിം ചെയ്യാതെ കിടക്കുന്ന നിക്ഷപം എത്ര കോടി രൂപയാണ്; ഇത്തരം നിക്ഷേപം സർക്കാരിലേക്ക് മാറ്റുമോ;

(ബി) 5 വർഷത്തിനുശേഷവും നിക്ഷേപകർ ക്ലെയിം ചെയ്യാത്ത നിക്ഷേപങ്ങളുടെ വിവരം ബാങ്കുകൾ തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇത്തരം നിക്ഷേപവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവിടങ്ങളിലായി കാലാവധി പൂർത്തിയായി 5 വർഷത്തിനുശേഷവും നിക്ഷേപങ്ങൾ ക്ലെയിം ചെയ്യാതെ കിടക്കുന്ന 80.86 കോടി രൂപയുടെ നിക്ഷേപമുണ്ട്. ഇത്തരം നിക്ഷേപം സർക്കാരിലേക്ക് മാറ്റാൻ നിലവിൽ വ്യവസ്ഥയില്ല.

(ബി) 5 വർഷത്തിനു ശേഷവും നിക്ഷേപകർ ക്ലെയിം ചെയ്യാത്ത നിക്ഷേപങ്ങളുടെ വിവരം ബാങ്കുകൾ തിരിച്ച് ചുവടെ ചേർക്കുന്നു:

1. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ 50.59 കോടി രൂപ
2. അർബൻ സഹകരണ ബാങ്കുകൾ 3.79 കോടി രൂപ
3. അർബൻ സഹകരണ സംഘങ്ങൾ -0.46 കോടി രൂപ
4. ജില്ലാ സഹകരണ ബാങ്കുകൾ -23.93 കോടി രൂപ
5. സംസ്ഥാന സഹകരണ ബാങ്ക് -2.09 കോടി രൂപ

(സി) ഇല്ല.

**വ്യാജ സ്വർണ്ണ പണയ വായ്പ**

228 (1770) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ എത്ര വ്യാജസ്വർണ്ണ പണയ വായ്പ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാം ബാങ്കുകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) എത്ര ഉദ്യോഗസ്ഥരെ വ്യാജസ്വർണ്ണ പണയ വായ്പയുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്;

(സി) സഹകരണ ബാങ്കുകളിലെ വ്യാജസ്വർണ്ണ പണയ വായ്പയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) സഹകരണ ബാങ്കുകളിൽ ആകെ 610 വ്യാജ സ്വർണ്ണ പണയ വായ്പകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാങ്കുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 35 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) 94 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## കൺസ്യൂമർ ഫെഡ് നിയമനം

229 (1771) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൺസ്യൂമർ ഫെഡിന്റെ ഔട്ട്‌ലെറ്റുകളിൽ താത്ക്കാലിക ജീവനക്കാരായി നിയമനം ലഭിച്ചവർക്ക് സ്ഥിരനിയമനം നൽകിയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൺസ്യൂമർഫെഡിന്റെ ഔട്ട്‌ലെറ്റുകളിൽ താൽക്കാലിക ജീവനക്കാരായി നിയോഗിച്ചവരിൽ ആർക്കുംതന്നെ സ്ഥിര നിയമനം നൽകിയിട്ടില്ല.

## കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങൾ

230 (1772) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ എത്ര സ്ഥാപനങ്ങളുണ്ടെന്നും അവയുടെ വാർഷിക വിറ്റുവരവ് ഉൾപ്പെടെയുള്ള പ്രവർത്തന വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ഇവയിൽ അടച്ചു പൂട്ടാൻ തീരുമാനിച്ച സ്ഥാപനങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) തിരുവമ്പാടി മണ്ഡലത്തിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ഒരു മൊബൈൽ ത്രിവേണിയും. കൂടരഞ്ഞി, കോടഞ്ചേരി, മുണ്ടോട്ടുകുളങ്ങര, ചെറുവാടി എന്നീ ത്രിവേണികളും, കാരശ്ശേരിയിൽ ഒരു ഗോഡൗണും ഉൾപ്പെടെ ആറ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ 2015 സെപ്റ്റംബർ മുതൽ 2016 ആഗസ്റ്റ് വരെയുള്ള വിറ്റുവരവ് ചുവടെ ചേർക്കുന്നു:

| | |
|---|---|
| മൊബൈൽ ത്രിവേണി | ₹ 11,04,837 |
| കൂടരഞ്ഞി ത്രിവേണി | ₹ 20,37,257 |
| കോടഞ്ചേരി ത്രിവേണി | ₹ 13,54,907 |
| മുണ്ടോട്ടുകുളങ്ങര ത്രിവേണി | ₹ 12,32,405 |
| ചെറുവാടി ത്രിവേണി | ₹ 6,75,730 |

ടി 5 യൂണിറ്റുകളിലും അവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാണ്. മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് ഈ യൂണിറ്റുകളിലൂടെ വിൽപ്പന നടത്തി വരുന്നത്. കാരശ്ശേരിയിൽ പ്രവർത്തിക്കുന്ന ഗോഡൗൺ ഫെഡറേഷന്റെ യൂണിറ്റുകളിലേയ്ക്ക് ആവശ്യമായ സ്റ്റോക്ക് സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഉപയോഗിക്കുന്നു. ഫെഡറേഷൻ വിഭാവനം ചെയ്തിരിക്കുന്ന പുതിയ പദ്ധതികളിലൂടെ മേൽ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കാൻ സാധിക്കുന്നതാണ്.

(ബി) ഉണ്ട്. തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുണ്ടോട്ടുകുളങ്ങര ത്രിവേണി അടച്ച് പൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ട്. മുണ്ടോട്ടുകുളങ്ങര ത്രിവേണി യൂണിറ്റ് പ്രവർത്തിക്കുന്നത് വാടക രഹിതമായി പഞ്ചായത്ത് അനുവദിച്ച സ്ഥലത്താണ്. രണ്ട് വർഷത്തേയ്ക്കാണ് വാടക രഹിതമായി കെട്ടിടം അനുവദിച്ചിരുന്നത്. കാലാവധി പൂർത്തിയായതിന് ശേഷം വാടക കുടിശ്ശിക ആവശ്യപ്പെട്ട് പഞ്ചായത്ത് കേസ് നൽകിയിരിക്കുകയാണ്. കേസ് കോഴിക്കോട് മുൻസിഫ് കോടതിയുടെ പരിഗണനയിലായതിനാൽ, തുടർന്ന് എഗ്രിമെന്റ് പുതുക്കാൻ കഴിയാത്ത സാഹചര്യമായതിനാലാണ് അടച്ച് പൂട്ടുവാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) കൺസ്യൂമർഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിക്കുന്നതിനും അതുവഴി വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനും നിത്യോപയോഗ സാധനങ്ങൾ വിലക്കുറച്ച് ലഭ്യമാക്കുന്നതിന് ഇ-ടെണ്ടർ സംവിധാനം ഫലപ്രദമാക്കിയും, ജില്ലാ ബാങ്കുകൾ, പ്രാഥമിക സഹകരണസംഘങ്ങൾ, എന്നിവിടങ്ങളിൽനിന്നും ഹ്രസ്വകാല വായ്പകൾ ശേഖരിച്ചും, ഗോഡൗണുകളുടെ ശൃംഖല രൂപവൽക്കരിച്ചും, ത്രിവേണി സ്റ്റോറുകളെ കേന്ദ്രീകരിച്ച് 'ഇ കോമേഴ്സ് പദ്ധതി രൂപവൽക്കരിച്ചും, സപ്ലൈകോ, ഹോർട്ടികോർപ്പ്, ഫ്രൂട്ട്സ് & വെജിറ്റബിൾസ് പ്രൊമോഷൻ കൗൺസിൽ എന്നിവരുമായി ഒത്തുചേർന്ന് പ്രവർത്തിച്ചും, സ്കൂൾ തുറക്കുന്ന കാലയളവിൽ ത്രിവേണി നോട്ടുബുക്കുകൾ മുതൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാവിധ പഠന സാമഗ്രികളും ലഭ്യമാക്കിയും, സ്കൂൾ മാർക്കറ്റുകൾ വലിയ തോതിൽ സംഘടിപ്പിച്ചും, കൺസ്യൂമർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

**ക്ഷേമ പെൻഷനുകൾ**

231 (1773) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് ഏറ്റെടുത്ത, ക്ഷേമപെൻഷനുകൾ വീട്ടിലെത്തിക്കുക എന്ന ദൗത്യത്തിനായി പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ ഗുരുതര വീഴ്ച വരുത്തിയ പ്രാഥമിക സഹകരണ ബാങ്കുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മനഃപൂർവ്വം വീഴ്ച വരുത്തിയ പ്രാഥമിക സഹകരണ ബാങ്കുകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ക്ഷേമ പെൻഷനുകൾ വീട്ടിലെത്തിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകളിൽ ഗുരുതരമായ വീഴ്ച വരുത്തിയ പ്രാഥമിക സഹകരണ ബാങ്കുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൺസ്യൂമർ ഫെഡിലെ അഴിമതി**

232 (1774) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ കൺസ്യൂമർഫെഡിൽ നടന്നിട്ടുള്ള അഴിമതികളെ സംബന്ധിച്ച് സർക്കാർ കണ്ടെത്തിയ വിവരങ്ങൾ ഏന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം മേഖലകളിൽ അഴിമതി കണ്ടെത്തിയെന്നും ഓരോ വിഭാഗത്തിലും എത്ര വീതം തുകയുടെ അഴിമതിയാണ് കണ്ടെത്തിയതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത അഴിമതികൾ നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-16 കാലയളവിൽ കൺസ്യൂമർഫെഡിൽ അഴിമതികൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ നിത്യോപയോഗ സാധനങ്ങൾ വിറ്റവകയിലും നന്മ പദ്ധതിയിലെ വിൽപ്പനയിലും നഷ്ടം സംഭവിച്ചിട്ടുള്ളതായും ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 3778 ജീവനക്കാർ 180 ദിവസത്തിൽ അധികരിച്ചാണ് ജോലി ചെയ്തു വരുന്നതെന്നും കണ്ടെത്തിയിരുന്നു. ഫെഡറേഷൻ ആരംഭിച്ച 7 -ഫ്ളോട്ടിംഗ് ത്രിവേണികളിൽ 5 എണ്ണവും ആകെയുള്ള 142 മൊബൈൽ ത്രിവേണികളിൽ 83 എണ്ണവും മാത്രമെ പ്രവർത്തിക്കുന്നുള്ളു എന്നും ഈ ഇനത്തിൽ ഏകദേശം 7.67 കോടി രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതായും കണ്ടെത്തിയിരുന്നു. കൺസ്ട്രക്ഷൻ, പുനർ നിർമ്മാണം, മോഡണൈസേഷൻ, മോഡിഫിക്കേഷൻ എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടപ്പോൾ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തിയിരുന്നു. വിദേശമദ്യ വിൽപ്പന ക്രമാതീതമായി വർദ്ധിച്ചിട്ടും ഇൻസെന്റീവായി ലഭിക്കുന്ന തുക വളരെ കുറവാണെന്നും, യാതൊരു ആസൂത്രണവും, വിലയിരുത്തലും, ലാഭക്ഷമത വിലയിരുത്താതെയുള്ള സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളതായും അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഫെഡറേഷനിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണത്തിന് ഉത്തരവാകുകയും ടി അന്വേഷണം നടന്നു വരികയുമാണ്.

(ബി) ഫെഡറേഷനിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടന്നു വരുന്ന അന്വേഷണത്തിന്റെ ഇടക്കാല റിപ്പോർട്ടിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന നീതി വിതരണ കേന്ദ്രത്തിൽ അനുമതിയില്ലാതെയും ക്രമവിരുദ്ധമായും ഗോഡൗൺ പണിത വകയിൽ 1.45 കോടി രൂപയുടെയും ആലപ്പുഴ ജില്ലയിൽ ത്രിവേണി ടവറിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് 3.51 ലക്ഷം രൂപയുടെയും മണ്ണഞ്ചേരി നീതി

വിതരണ കേന്ദ്രത്തിൽ ക്യാഷ് ബുക്കിൽ തിരിമറി നടത്തിയതിൽ 11.07 ലക്ഷം രൂപയുടെയും ടി വിതരണ കേന്ദ്രം നിർത്തലാക്കിയപ്പോൾ ഉണ്ടായിരുന്ന നീക്കിയിരിപ്പ് തുകയായ 1.13 ലക്ഷം രൂപ ഫെഡറേഷനിൽ അടയ്ക്കാത്തതായും ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. കോട്ടയം ജില്ലയിലെ നീതി വിതരണ കേന്ദ്രത്തിൽ ലോറി വാടകയിനത്തിൽ നൽകിയതായി കാണിച്ച് 75,160 രൂപയുടെ അപഹരണം നടന്നതായി കണ്ടെത്തിയിരുന്നു. എറണാകുളം ജില്ലയിൽ നീതി ഗോഡൗണിൽനിന്നും അരി കയറ്റി അയച്ചതിൽ 12.55 ലക്ഷം രൂപയുടെ അപഹരണം നടന്നതായി കണ്ടെത്തിയിരുന്നു. തൃശ്ശൂർ ജില്ലയിലെ നീതി ഗോഡൗണിലെ മാനേജരും, സീനിയർ മാനേജരും ചേർന്ന് പൂരം പാക്കേജ് എന്ന പേരിൽ 80,000 രൂപ ചെലവെഴുതി പണാപഹരണം നടത്തിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്.

(സി) ഇടക്കാല റിപ്പോർട്ടിൽ പ്രസ്തുത അഴിമതികൾ നടത്തിയതായി കണ്ടെത്തിയവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ വിജിലൻസ് വകുപ്പിന്റെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള 11/79-ാം നമ്പർ സർക്കുലർ പ്രകാരം നിശ്ചിത ഫാറത്തിൽ കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി വിവരങ്ങൾ പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്.

**കൺസ്യൂമർ ഫെഡിന്റെ ഫ്ലോട്ടിംഗ് ത്രിവേണികൾ**

233 (1775) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിൽ പ്രവർത്തിപ്പിച്ചിരുന്ന "ഫ്ലോട്ടിംഗ് ത്രിവേണി"കളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിലവിലുണ്ടായിരുന്നവയെല്ലാം പ്രവർത്തനരഹിതമായിപ്പോകാൻ ഇടയായതിന്റെ കാരണം എന്താണ്; തുടർന്ന് ഇവ പ്രവർത്തിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ എങ്ങനെയെന്ന് അറിയിക്കുമോ;

(സി) പ്രവർത്തനരഹിതമായ ഫ്ലോട്ടിംഗ് ത്രിവേണികൾ ലേലം ചെയ്യുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഡി) എങ്കിൽ സമാന പ്രവർത്തനങ്ങൾക്കായി പ്രസ്തുത മേഖലകളിലെ സഹകരണ സംഘങ്ങൾക്ക് സുതാര്യമായ വ്യവസ്ഥയിൽ ഇവ കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. "ഫ്ലോട്ടിംഗ്" ത്രിവേണികൾ എല്ലാംതന്നെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയ്ക്ക് ഒന്നുംതന്നെ ലൈസൻസ് ഇല്ല. ഔട്ട് ബോർഡ് എഞ്ചിനുള്ള ഇത്തരം ബോട്ടുകൾക്ക് ലൈസൻസ് ലഭിക്കാൻ സാധ്യതയില്ല. ആകെയുള്ള 7 ബോട്ടുകളിൽ 6 എണ്ണം കേടായും ഒരെണ്ണം കായലിൽ മുങ്ങിയ നിലയിലുമാണ്.

(ബി) "ഫ്ലട്ടിംഗ് ത്രിവേണി"-കളുടെ പ്രവർത്തനത്തിന് ആവശ്യമായ ലൈസൻസ് ഫെഡറേഷന് ലഭിച്ചില്ല. കൃത്യമായ ആസൂത്രണമില്ലായ്മ, ജീവനക്കാരുടെ ഉത്തരവാദിത്വമില്ലായ്മ, ഫെഡറേഷനിൽ പൊതുവായിട്ടുണ്ടായ പ്രശ്നങ്ങൾ എന്നിവയാണ് പ്രവർത്തനരഹിതമായതിന് കാരണമായത്. ഇവ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആലോചനയില്ല.

(സി&ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

**നെടുങ്കുന്ന് മല**

234 (1776) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിലെ ഏറത്ത് പഞ്ചായത്തിലുള്ള 'നെടുങ്കുന്ന് മല' കേന്ദ്രീകരിച്ചുള്ള ടൂറിസം സാധ്യതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടൂറിസം വികസനം സംബന്ധിച്ച് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനം വിശദമാക്കുമോ;

(ബി) 'നെടുങ്കുന്ന്മല' ടൂറിസം വികസനം സാദ്ധ്യമാക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. നെടുങ്കുന്ന് മല ക്യാമ്പിംഗ് കം സാഹസിക വിനോദ സഞ്ചാര കേന്ദ്രമാക്കുവാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി, ഏകദേശം 4 ഏക്കറോളം വരുന്ന ഈ പദ്ധതി പ്രദേശത്തെ കയ്യേറ്റം ഒഴിപ്പിച്ച് അതിര് നിർണ്ണയിക്കുവാൻ അടൂർ ആർ.ഡി.ഒ. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോണ്ടൂർ സർവ്വേ നടത്തുന്നതിനുവേണ്ടിയുള്ള നടപടിയും ഡി.റ്റി.പി.സി. സ്വീകരിച്ചിട്ടുണ്ട്.

## ടേക്ക് എ ബ്രേക്ക് പദ്ധതി

235 (1777) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ (ഡി.റ്റി.പി.സി.) പ്രവർത്തനങ്ങൾ സാധ്യതയ്ക്കനുസൃതമായി ഉയരാത്തതുമൂലം വിനോദസഞ്ചാര മേഖലയിൽ വേണ്ടത്ര വികസനം ഉണ്ടായിട്ടില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) "ടേക്ക് എ ബ്രേക്ക്" പദ്ധതിയിൽപ്പെടുത്തി ജില്ലയിൽ എവിടെയെല്ലാമാണ് വഴിയോര വിശ്രമകേന്ദ്രങ്ങൾ ഒരുക്കിയിട്ടുള്ളത്; അതിന്റെ ടെണ്ടർ നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും സ്ഥാപനം ഇതിനകം കരാർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) "ടേക്ക് എ ബ്രേക്ക്" സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം മാത്രം പൂർത്തിയാക്കി ഉത്ഘാടനം ചെയ്തതൊഴിച്ചാൽ പ്രവർത്തിക്കാനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആലപ്പുഴ ഡി.ടി.പി.സി.-യിൽ മാർച്ച് 8 മുതൽ സ്ഥിരമായ സെക്രട്ടറി ഇല്ല. സ്ഥിരമായ ഒരു സെക്രട്ടറിയുടെ അഭാവം ഡി.ടി.പി.സി.-യുടെ പ്രവർത്തനങ്ങൾക്ക് മാന്ദ്യം വരുത്തിയിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) 'ടേക്ക് എ ബ്രേക്ക്' പദ്ധതിയിൽപ്പെടുത്തി ആലപ്പുഴ ജില്ലയിൽ രണ്ട് യൂണിറ്റുകളാണ് ഒരുക്കിയിട്ടുള്ളത്.

1. ഹരിപ്പാട് ടേക്ക് എ ബ്രേക്ക് : ഹരിപ്പാട് KSRTC ബസ് സ്റ്റേഷനും മാധവ ജംഗ്ഷനുമിടയിലായി ടേക്ക് എ ബ്രേക്ക് യൂണിറ്റ് 26.02.2016 ന് ഉദ്ഘാടനം ചെയ്യുകയും മാർച്ച് 1 മുതൽ വി. മുരളീധരൻ, മുരളി ഹോട്ടൽ, ഹരിപ്പാട് എന്ന വ്യക്തിക്ക് ലീസിന് നൽകുകയും ചെയ്തിട്ടുണ്ട്.

2. <u>ചേർത്തല ടേക്ക് എ ബ്രേക്ക്</u> : ചേർത്തല റെയിൽവേ സ്റ്റേഷന് എതിർവശം 28-2-2016-ൽ ടി യൂണിറ്റ് ഉദ്ഘാടനം ചെയ്യുകയും 23-6-2016-ൽ നടന്ന ടെണ്ടർ പ്രകാരം ഫിറോസ് ഉസ്മൽ സേക്, കടക്കരപ്പള്ളി പി.ഒ., ചേർത്തല എന്ന വ്യക്തിക്ക് ലീസിന് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) രണ്ട് യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഹരിപ്പാട് ടേക്ക് എ ബ്രേക്ക് സെന്ററിന്റെ ടോയ്‌ലറ്റ് ബ്ലോക്ക് ടാങ്കിന്റെ നിർമ്മാണത്തിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് പരിഹരിച്ച് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചേർത്തല ടേക്ക് എ ബ്രേക്ക് കെട്ടിടത്തിനും ATM കൗണ്ടറിന്റേയും ഇലക്ട്രിക് കണക്ഷനു വേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് തുക അടച്ചിട്ടുണ്ട്. ചേർത്തലയിലും ടേക്ക് എ ബ്രേക്ക് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ പൂർത്തീകരിച്ച് വരുന്നു.

## ഡി.റ്റി.പി.സി.

236 (1778) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡി.റ്റി.പി.സി.-കൾ പുനഃസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് വിവിധ ഡി.റ്റി.പി.സി.-കളിലായി വർഷങ്ങളായി ജോലി നോക്കിവരുന്ന ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഡി.റ്റി.പി.സി.-കൾ പുനഃസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ബി) ഡി.റ്റി.പി.സി.-കളിൽ ജോലി നോക്കുന്ന സെക്രട്ടറി ഒഴികെയുള്ള ജീവനക്കാരെ നിയമിക്കുന്നത് അതത് ഡി.റ്റി.പി.സി.-കളാണ്. അവരുടെ വേതനം, ജോലി സ്ഥിരത എന്നിവയിന്മേൽ നിലവിലുള്ള ഉത്തരവുകൾ/വ്യവസ്ഥകൾ പ്രകാരം മാത്രമേ തീരുമാനമെടുക്കാനാകൂ.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ്

237 (1779) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. എം. വിൻസെന്റ് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസിനെ (കിറ്റ്സ്) മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) തിരുവനന്തപുരത്ത് കിറ്റ്സ് സ്ഥിതി ചെയ്യുന്ന ഭൂമി ലാന്റ് ബാങ്കിലേക്ക് ഏറ്റെടുത്തതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭൂമി തിരികെ കിറ്റ്സിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 'കിറ്റ്സി'-നെ ടൂറിസം യൂണിവേഴ്സിറ്റിയായി ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ?

### ഉത്തരം

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസിനെ (കിറ്റ്സ്) മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു:

1. അന്താരാഷ്ട്ര നിലവാലത്തിലുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനുവേണ്ടിയുള്ള കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.
2. United Nations World Tourism Organization ലെ Affiliate അംഗത്വം 2012 -ൽ നേടുകയും, ആയതിന്റെ 2013-2015, 2015-2017 കാലയളവിലെ Asia Pacific Regional Vice President ആയി കിറ്റ്സിനെ തെരഞ്ഞെടുക്കുകയും ചെയ്തു.
3. United Nations World Tourism Organization -ന്റെ ഓൺലൈൻ ലൈബ്രറി സൗകര്യം ലഭ്യമാക്കി.
4. കിറ്റ്സ് കോമ്പൗണ്ടിൽ ഹോസ്റ്റൽ ഉൾപ്പെടെ Wifi സൗകര്യം ഏർപ്പെടുത്തി.

5. കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ടൂറിസം മാനേജ്മെന്റിൽ എം.ബി.എ. കോഴ്സും ബി.ബി.എ. കോഴ്സും ആരംഭിച്ചു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് ഭൂമി തിരികെ കിറ്റ്സിന് കൈമാറുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി ) ഇപ്പോൾ പരിഗണനയിലില്ല.

**പൈതൃക ഗ്രാമ പദ്ധതി**

238 (1780) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക ഗ്രാമ പദ്ധതി സംബന്ധിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ 'മാന്നാർ പൈതൃക ഗ്രാമ പദ്ധതി 'യുമായി ബന്ധപ്പെട്ട നടപടികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത പൈതൃക ഗ്രാമ പദ്ധതിക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

**ടൂറിസം സർക്യൂട്ട് പദ്ധതി**

239 (1781) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ സൈലന്റ് വാലി, ശിരുവാണി, പാത്രക്കടവ് എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി വനം വകുപ്പുമായി ചേർന്നുകൊണ്ട് ടൂറിസം സർക്യൂട്ട് പദ്ധതി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പരിശോധിക്കാവുന്നതാണ്.

## ടൂറിസം സർക്യൂട്ട് പദ്ധതി

240 (1782) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി പക്ഷി സങ്കേതം, കണ്ടൽവനങ്ങൾ, ബേപ്പൂർ പുലിമുട്ട്, ഫറോക്ക് ടിപ്പു കോട്ട എന്നിവ ഉൾപ്പെടുത്തി ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന് ആവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ തയ്യാറാക്കുമോ;

(സി) ഇതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി&സി)) നിലവിൽ മാസ്റ്റർ പ്ലാനുകൾ ഒന്നുംതന്നെ ഇതിനായി തയ്യാറാക്കിയിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

## ടൂറിസം സർക്യൂട്ട്

241 (1783) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കാപ്പാട് ബീച്ച്, പാറപ്പള്ളി, തിക്കോടി ഡ്രൈവ്-ഇൻ ബീച്ച്, വെള്ളിയാംകല്ല് തുടങ്ങി വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തി ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മുൻസർക്കാരിന്റെ കാലത്ത് നിരവധി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുസിരീസ് മാതൃകയിൽ 'പന്തലായനി സ്പൈസ് റൂട്ട് പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാപ്പാട്-ഉവപ്പാറ ബീച്ചുകളുടെ നവീകരണ പ്രവൃത്തികൾക്കായി 36,25,000 രൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി നൽകുകയും ഈ പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

**ആലപ്പുഴ ജില്ലയിലെ ഡി.റ്റി.പി.സി.-യുടെ കീഴിലുള്ള സ്ഥാപനങ്ങൾ**

242 (1784) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഡി.റ്റി.പി.സി.യുടെ കീഴിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എവിടെയെല്ലാമാണ് പൂർണ്ണമായും ഭാഗികമായും പ്രവർത്തിക്കാത്ത അത്തരം സ്ഥാപനങ്ങൾ ഉള്ളതെന്നും അതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) പള്ളാത്തുരുത്തിയിലെ "മോട്ടൽ ആരാം" ഏറ്റെടുത്ത് നടത്തുന്നത് ആരാണെന്നും എന്നുവരെയാണ് ഇതിന്റെ കരാർ കാലാവധിയെന്നും കരാറിന്റെ വിശദാംശവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആലപ്പുഴ ഡി.റ്റി.പി.സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു. അവയുടെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്:

1. അമിനിറ്റി-സെന്റർ അന്ധകാരനഴി. അമിനിറ്റി സെന്റർ ഒഴികെ മറ്റുള്ളതെല്ലാം ടൂറിസം ഫെസിലിറ്റേഷൻ സെന്റേഴ്സായി നടത്തിവരുന്നതിന് സ്വകാര്യ വ്യക്തികൾക്ക് ലീസിന് നൽകിയിട്ടുള്ളതാണ്. ചേർത്തലയിലും ഹരിപ്പാടും ടേക്ക് എ ബ്രേക്ക് യൂണിറ്റുകളാണുള്ളത്.

2. ടോയ്‌ലറ്റ് ബ്ലോക്ക് - ചക്കുളത്തെ ടോയ്‌ലറ്റ് ബ്ലോക്ക് പക്കുളത്ത് കാവ് ട്രസ്റ്റിനും ആലപ്പുഴ ബീച്ചിലെ ടോയ്‌ലറ്റ് ബ്ലോക്കുകൾ സ്വകാര്യ വ്യക്തികൾക്കും ലീസിന് നൽകിയിട്ടുള്ളതാണ്.

3. ഷോപ്പ്സ്- അനുബന്ധത്തിൽ പറഞ്ഞിരിക്കുന്ന ഷോപ്പുകളെല്ലാം സ്വകാര്യ വ്യക്തികൾക്ക് കൊമേഴ്സ്യൽ പർപ്പസിനായി ലീസിന് നൽകിയിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. പാർക്ക് - ഡി.റ്റി.പി.സി.-യുടെ വിജയ്പാർക്ക് ഭാഗികമായി സ്വകാര്യവ്യക്തികൾക്ക് ലീസിന് നൽകിയിട്ടുള്ളതാണ്. ആലപ്പുഴ ബീച്ചിലെ സീവ്യൂ പാർക്ക് (ബോട്ടിംഗ് സെന്റർ), ചെങ്ങന്നൂർ പാനാട് പാർക്ക് എന്നിവ സ്വകാര്യ വ്യക്തികൾക്ക് ലീസിന് നൽകിയിട്ടുള്ളതാണ്. അർത്തുങ്കൽ പാർക്കിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) അന്ധകാരനഴി അമിനിറ്റി സെന്റർ: ഈ കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പള്ളാത്തുരുത്തിയിലെ മോട്ടൽ ആരാം ഡി.റ്റി.പി.സി. ഇപ്പോൾ ആലപ്പുഴ ലേക്ക് & ലഗൂൺസ് ടൂറിസം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ലീസിന് നൽകുകയും ആദ്യ വർഷം 3,81,000 രൂപ ലീസ് തുക നിശ്ചയിക്കുകയും തുടർ വർഷങ്ങളിൽ 10% വീതം വർദ്ധനവ് ഉണ്ടാകുന്ന രീതിയിലാണ് കരാർ ഒപ്പിട്ടിട്ടുള്ളത്. 2020 വരെയാണ് ലീസ് കാലാവധി.

## ആലപ്പുഴ മെഗാ ടൂറിസം

243 (1785) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോര ടൂറിസം പരിപോഷിപ്പിക്കുന്നതിനായി നടന്നുകൊണ്ടിരിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ തികച്ചും മന്ദഗതിയിലാണ് നടക്കുന്നതെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം തന്നെ പദ്ധതിയുടെ പൂർത്തീകരണം നടത്തുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

## ഗ്രീൻ കാർപ്പറ്റ് പദ്ധതി

244 (1786) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിനും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിനുമായി ഗ്രീൻ കാർപ്പറ്റ് പദ്ധതിക്ക് തുടക്കം കുറിക്കുമോ;

(ബി) എങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് പദ്ധതിയിൽ പ്രാമുഖ്യം നൽകുക;

(സി) ഏതെല്ലാം സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുക;

(ഡി) പദ്ധതിയുടെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിനായി ടൂറിസം കേന്ദ്രങ്ങളിൽ കർമ്മ സേനയെ നിയോഗിക്കുകയും മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിക്കുകയും ചെയ്യുമോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ)കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ പരിപോഷിപ്പിക്കുന്നതിനും ഇവയെ ഇക്കോ സൗഹൃദ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെയും ഭാഗമായി 2016 സെപ്റ്റംബർ 1 ന് 'ഗ്രീൻ കാർപ്പറ്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ തെക്കു മുതൽ വടക്കുവരെയുള്ള തെരഞ്ഞെടുത്ത 84 വിനോദസഞ്ചാര കേന്ദ്രങ്ങളിലായി താഴെ പറയുന്ന കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്:

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം. ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും.
2. നിലവാരമുള്ള പൊതു ശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും ലഭ്യമാക്കുക.
4. സുഗമമായ സഞ്ചാരത്തിനുള്ള നടപ്പാതകൾ, ലൈറ്റിംഗ്, സൂചക ബോർഡുകൾ സ്ഥാപിക്കുക.

5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ
6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്താൻ അടിയന്തിര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം.
7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം
8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം, തിരിച്ചറിയൽ കാർഡ്.
9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം
10. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തുക എന്നിവയുമാണ് ഈ പദ്ധതിയിൽ പ്രാമുഖ്യം നൽകിയിട്ടുള്ളത്.

(സി) പ്രധാനമായും താഴെ പറയുന്ന ഏജൻസികൾ മുഖാന്തിരമാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടൂറിസം വ്യവസായ സംരംഭകർ കുടുംബശ്രീ, ശുചിത്വമിഷൻ നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ. കൾ, മറ്റ് സന്നദ്ധ സംഘടനകൾ.

(ഡി) ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ നിർവ്വഹണത്തിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേഖലാ തലത്തിലും നിരീക്ഷണ സമിതികൾ (Monitoring Cell) രൂപീകരിച്ചുവരുന്നു. ഇത്തരം സമിതികൾ ഓരോ സെന്ററുകളുടെയും കാര്യത്തിൽ യഥാസമയം പരിശോധന നടത്തി വേണ്ട സംഗതികൾ സമയബന്ധിതമായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും പരാതിയും ഒഴിവാക്കുകയാണ് മുഖ്യ ലക്ഷ്യം. മാലിന്യ സംസ്കരണത്തിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുള്ള ഈ പദ്ധതി ഓരോ സെന്ററുകളുടെയും വികസനത്തിനോടൊപ്പം സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ടൂറിസം വികസനത്തിനും അതുവഴി അന്താരാഷ്ട്ര തലത്തിലുള്ള പ്രചരണത്തിനും സഹായകരമാകുമെന്ന് കരുതുന്നു. ഇതുവഴി പരിസ്ഥിതി സൗഹൃദ ടൂറിസം കേന്ദ്രമെന്ന ഖ്യാതി നേടാനും കൂടുതൽ വിനോദസഞ്ചാരികളെ ഓരോ കേന്ദ്രത്തിലേക്കും ആകർഷിക്കുവാനും കഴിയും. സർക്കാർ സ്വകാര്യ മേഖലയുടെ സഹകരണത്തോടെയുള്ള ഈ പദ്ധതി കേരളത്തിന്റെ ടൂറിസം മേഖലയിൽ പുതിയൊരു കാൽവയ്പാണ്.

## സ്കിൽ അക്വിസിഷൻ പ്രോഗ്രാം

245 (1787) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അനിൽ അക്കര :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ('അസാപ്) വഴി എത്രപേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മേഖലയിൽ പരിശീലനം നൽകുന്ന ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്, (ASAP)-ന്റെ ട്രെയിനിംഗ് സർവ്വീസ് പ്രൊവൈഡർ എന്ന നിലയിൽ അസാപ്പിന്റെ ട്രാവൽ കൺസൾട്ടൻസി മേഖലയിൽ 58 പേർക്ക് പരിശീലനം നൽകി വരുന്നു.

(ബി) നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (NSDC) മാനദണ്ഡപ്രകാരമുള്ള കോഴ്സുകളാണ് ASAP നടത്തിവരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് പ്രൊവൈഡേഴ്സിനെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ASAP ആണ്.

(സി) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കോഴിക്കോട്, ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി കോവളം, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് എന്നിവ ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മേഖലയിൽ പരിശീലനം നൽകുന്ന സർക്കാർ മേഖലയിലെ സ്ഥാപനങ്ങളാണ്.

**കൊച്ചി മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി**

246 (1788) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കുന്ന ഭരണാനുമതി ലഭിച്ച താഴെ പറയുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിവരങ്ങൾ ലഭ്യമാക്കാമോ: (a) Setting up of Heritage work at Fortkochi (b) Development of Kochi as Tourist Destination in Kerala. (c) Museum of Cultural Mosaic at Mattanchery?

ഉത്തരം

(a) ഫോർട്ട് കൊച്ചി ഹെറിറ്റേജ് വാക്‌വേയുടെ 80% നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു.

(b) ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ കേന്ദ്രാനുമതി ലഭിച്ച കൊച്ചിയുടെ വികസന പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(c) മട്ടാഞ്ചേരിയിലെ കൾച്ചറൽ മൊസൈക്ക് മ്യൂസിയത്തിന്റെ 30% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പരോഗമിച്ചുവരുന്നു.

**ആക്കുളം ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ**

247 (1789) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആക്കുളം ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ ആരംഭിക്കുന്നതിന് എത്ര ഭൂമിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കൺവെൻഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ആക്കുളം ഇന്റർ നാഷണൽ കൺവെൻഷൻ സെന്റർ ആരംഭിക്കുന്നതിന് 46.6 ഏക്കർ ഭൂമിയാണ് ലഭിച്ചത്.

(ബി&സി) കൺവെൻഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ലഭ്യമായ ഭൂമി ചതുപ്പ് പ്രദേശങ്ങളും, കരപ്രദേശങ്ങളും ഉൾപ്പെടുന്നതാണ്. നിലവിലെ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ നിയമപരമായി തടസ്സങ്ങൾ നേരിടുന്നതിനാൽ ഇവ തരം തിരിച്ച് ലഭ്യമാക്കിയാൽ മാത്രമേ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള പുനർരൂപരേഖ തയ്യാറാക്കാനും പദ്ധതി ആരംഭിക്കാനും കഴിയുകയുള്ളൂ.

**അഷ്ടമുടി കായൽ ടൂറിസം**

248 (1790) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടി കായലിന്റെ ടൂറിസം സാധ്യതകൾ വേണ്ട വിധം പ്രയോജനപ്പെടുത്തിയിട്ടുള്ളതായി കരുതുന്നുണ്ടോ; വിവരങ്ങൾ;

(ബി) അഷ്ടമുടി കായലിലെ ഉൾനാടൻ ടൂറിസം വികസനത്തിനായി പദ്ധതി ആവിഷ്കരിക്കുമോ; നിലവിൽ ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) അഷ്ടമുടിക്കായലുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 5.38 കോടി രൂപ ചെലവിൽ അഷ്ടമുടി ലേക് ക്രൂയിസ് സർക്യൂട്ട് എന്ന പേരിൽ 8 ബോട്ട് ജെട്ടികളും 5 ഫെസിലിറ്റേഷൻ സെന്ററുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഇവയുടെ നിലവാരം ഉയർത്തുന്നതിനായി 2 കോടി രൂപയുടെ പദ്ധതി അഷ്ടമുടി, പ്രസിഡന്റ് ട്രോഫി വള്ളംകളിക്കായി 1 കോടി രൂപ ചെലവിൽ പവലിയൻ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. അഷ്ടമുടി കായലിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ഐ.എൽ. & എഫ്.എസ്. എന്ന കൺസൾട്ടൻസ് സ്ഥാപനം ഒരു പഠനം നടത്തുകയും അതിന്റെ കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിച്ചു വരുന്നു.

## പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനം

249 (1791) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് ഭാവിയിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൊൻമുടിയിൽ ഒരു റോപ് വേ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ പദ്ധതി നിർദ്ദേശമുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 30 വർഷത്തെ സമഗ്ര വികസനം ലക്ഷ്യമാക്കി പൊൻമുടിയുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. ഇതനുസരിച്ച് വിവിധ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഫോർട്ട് കൊച്ചിയിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസ്

250 (1792) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ ഫോർട്ട് കൊച്ചിയിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസ് നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കൊച്ചി നഗരസഭയുടെ പെർമിസ്സീവ് സാങ്ഷൻ ലഭിച്ചിട്ടുണ്ടോ;

(ബി) ആയത് ലഭിക്കുന്നതിലേയ്ക്ക് ടൂറിസം വകുപ്പിൽനിന്നും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) മേൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) പ്രവർത്തനാനുമതിക്കായി ടൂറിസം ഡയറക്ടർ കത്തെഴുതിയിരുന്നെങ്കിലും നിർമ്മാണ പ്രവർത്തികൾ നിർത്തിവയ്ക്കുവാൻ 10-2-2016-ൽ കൊച്ചി കോർപ്പറേഷൻ സ്റ്റോപ് മെമ്മോ നൽകുകയുണ്ടായി. സ്റ്റോപ് മെമ്മോ നൽകുന്നതിനു മുമ്പുതന്നെ

നിർമ്മാണ പ്രവർത്തികൾ ഏകദേശം പൂർത്തിയായി കഴിഞ്ഞിരുന്നു. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് കൗൺസിൽ അനുവാദത്തോടു കൂടി പ്രസ്തുത നിർമ്മാണത്തിന് നഗരസഭയിൽ നിന്ന് പെർമിറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## ഇരിങ്ങൽ സർഗ്ഗാലയുടെ വികസനം

251 (1793) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിനോദ സഞ്ചാര മേഖലയിൽ ആദ്യത്തെ ഏറ്റവും നല്ല ഗ്രാമീണ വിനോദ സഞ്ചാര കേന്ദ്രമായി തെരഞ്ഞെടുത്ത ഇരിങ്ങൽ സർഗ്ഗാലയുടെ വികസനത്തിന് ആവിഷ്കരിക്കാൻ പോകുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സർഗ്ഗാലയ കേന്ദ്രബിന്ദുവാക്കിക്കൊണ്ട് സർക്കാർ മുൻപാകെ സമർപ്പിക്കപ്പെട്ട പദ്ധതികൾ എന്തെല്ലാം എന്നത് വിശദമാക്കാമോ; ഈ പദ്ധതികളുടെ നടപടികളുടെ കാര്യത്തിൽ പുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയ വിനോദ സഞ്ചാര മേഖലയിൽ ആദ്യത്തെ ഏറ്റവും നല്ല ഗ്രാമീണ വിനോദ സഞ്ചാര കേന്ദ്രമായി തെരഞ്ഞെടുത്ത ഇരിങ്ങൽ സർഗ്ഗാലയുടെ വികസനത്തിന് പൂർത്തീകരിച്ച പദ്ധതികൾക്കു പുറമെ താഴെ പറയുന്ന പുതിയ പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു. നിലവിലുള്ള ക്രാഫ്റ്റ് വില്ലേജിന്റെ പരിഷ്കരണം പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തൽ, നെയ്ത്തു ഗ്രാമത്തെ പൈതൃക ഗ്രാമമായി വികസിപ്പിക്കൽ കോട്ടുരുത്ത് ഐലന്റിന്റെ വികസനം, കുഞ്ഞാലി മരയ്ക്കാർ മ്യൂസിയത്തിന്റെ വികസനം, വെള്ളിയാൻ കല്ലിലും കോട്ടപ്പുഴയിലും അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റികൾ, കണ്ടൽ കാട് പാർക്ക് സംരക്ഷണം വികസനവും.

## ബേപ്പൂർ പുലിമുട്ടിൽ ടൂറിസം പോലീസിന്റെ സാന്നിദ്ധ്യം

252(1794) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലുള്ള ബേപ്പൂർ പുലിമുട്ടിൽ നിരവധി സന്ദർശകർ എത്തുന്നുണ്ട് എങ്കിലും ആവശ്യമായ സുരക്ഷാ സംവിധാനങ്ങളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ലൈഫ് ഗാർഡുകളുടെ എണ്ണം നാമമാത്രമായതിനാൽ കൂടുതൽ ലൈഫ് ഗാർഡുകളെ നിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) മലബാർ മേഖലയിൽ ടൂറിസം പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിഗണനയിലാണ്.

(സി) മലബാർ മേഖലയിൽ ടൂറിസം പോലീസിന്റെ സേവനം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്.

## ഇലഞ്ഞികുളം നവീകരണ പദ്ധതി

253 (1795) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഇലഞ്ഞികുളം നവീകരണ പദ്ധതിക്ക് തൃശ്ശൂർ ഡി.റ്റി.പി.സി. പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഉണ്ട്. ടി പദ്ധതിക്ക് 57 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 4 ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുളം വൃത്തിയാക്കൽ, ഫെസിലിറ്റേഷൻ സെന്റർ, ഇരിപ്പിടം, ചുറ്റുമതിൽ (ഗ്രൗണ്ട് ലെവൽ വരെ) എന്നീ ഘടകങ്ങളിൽ കുളം വൃത്തിയാക്കൽ പൂർത്തീകരിച്ചിട്ടുണ്ട്.

## തങ്കശ്ശേരി ഹെറിറ്റേജ് ടൂറിസം ഡെസ്റ്റിനേഷൻ

254 (1796) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ തങ്കശ്ശേരിയിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ചരിത്ര പാരമ്പര്യമുള്ള പോർട്ടുഗീസ് കോട്ടയും ലൈറ്റ് ഹൗസും പോർട്ടുഗീസ്, ഡച്ച്, ബ്രിട്ടീഷ് സെമിത്തേരികളും ഉൾപ്പെടുന്ന പ്രദേശത്തെ ഒരു ഹെറിറ്റേജ് ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണയിലുണ്ടോ; ഇതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

പരിഗണനയിലുണ്ട്. പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ

255 (1797) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രസ്റ്റീജ് ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ ശുചിത്വമില്ലായ്മ, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ വിനോദസഞ്ചാര മേഖലയുടെ വളർച്ചയെ ദോഷകരമായി ബാധിക്കുന്നകാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഉയർന്ന ശുചിത്വ നിലവാരം ഉറപ്പാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സുരക്ഷാ സംവിധാനങ്ങൾ കുറ്റമറ്റതാക്കുന്നതിനും എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിനോദസഞ്ചാര മേഖലയിൽ ഉയർന്ന ശുചിത്വ നിലവാരം ഉറപ്പാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സുരക്ഷാ സംവിധാനങ്ങൾ കുറ്റമറ്റതാക്കുന്നതിനുമായി വിവിധങ്ങളായ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവ വഴി ഇതിനുള്ള പദ്ധതികൾ നടത്തിവരുന്നു. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതിയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും വകുപ്പ് നടത്തി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യത്തിനും വികസനത്തിനും വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഉൾപ്പെടെയുള്ള സംഗതികൾക്കായി ഗ്രീൻ കാർപ്പറ്റ് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം മേഖലകളിലെ സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബോധവൽക്കരണം, അപകട സൂചനാ ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം

നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം ടൂറിസം കേന്ദ്രങ്ങളിൽ നൽകിയിട്ടുണ്ട്. പ്രധാന ബീച്ചുകളിൽ മെച്ചപ്പെട്ട പരിശീലനം ലഭിച്ച ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കുകയും ജീവൻരക്ഷാ ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളെ നേരിടുവാൻ പര്യാപ്തമായ കണ്ടിജൻസി റെസ്പോൺസ് സെൽ ടൂറിസം വകുപ്പ് സംസ്ഥാനതലത്തിൽ രൂപീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവമ്പാടി മണ്ഡലം - ടൂറിസം പദ്ധതികൾ**

256 (1798) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവമ്പാടി മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ തുഷാരഗിരി, വെള്ളരിമല, താമരശ്ശേരി ചുരം, മുത്തപ്പൻ പുഴ തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, റോപ്പ് വേ, കേബിൾ കാർ തുടങ്ങിയവ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

തിരുവമ്പാടി മണ്ഡലത്തിലെ തുഷാരഗിരിയിൽ നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി പാർക്കിംഗ് ഏരിയ, കഫറ്റേരിയ, ടോയ്‌ലറ്റ് ഫെസിലിറ്റി, ഇൻഫർമേഷൻ സെന്റർ എന്നിവ നിർമ്മിച്ചിട്ടുണ്ട്. താമരശ്ശേരി ചുരത്തിൽ അടിസ്ഥാന സൗകര്യത്തിന്റെ ഭാഗമായി ടേക് എ ബ്രേക്ക് പദ്ധതി സജ്ജമാക്കിയിട്ടുണ്ട്. വെള്ളരിമല, മുത്തപ്പൻപുഴ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. റോപ്പ് വേ, കേബിൾ കാർ തുടങ്ങിയവ നടപ്പിലാക്കുന്നകാര്യം നിലവിൽ പരിഗണനയിൽ ഇല്ല.

**തീർത്ഥാടന ടൂറിസം പദ്ധതി**

257(1799) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീർത്ഥാടന ടൂറിസം പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന് വേണ്ടി കേന്ദ്ര സർക്കാരിൽ പദ്ധതികൾ സമർപ്പിക്കുന്നതിന് തടസ്സങ്ങളുണ്ടോ എന്നറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഇതുവരെ പദ്ധതി സമർപ്പിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീർത്ഥാടന ടൂറിസം പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. പദ്ധതി ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) നിലവിൽ തടസ്സങ്ങളില്ല.

(സി) ബാധകമല്ല.

**വിനോദസഞ്ചാര മേഖലയുടെ പുരോഗതി**

258 (1800) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു:

1. ടൂറിസ്റ്റുകളുടെ വരവിന്റെ തോതിലുണ്ടായ കുറവിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനായുള്ള പഠനം നടത്തുകയും പരിഹാര നടപടികൾക്ക് രൂപം നൽകുകയും ചെയ്തുവരുന്നു.

2. മുസിരിസ് പൈതൃക പദ്ധതിയും സ്പൈസ് റൂട്ട് പദ്ധതിയും പുതിയ ഉത്പന്നങ്ങളാക്കി അന്താരാഷ്ട്ര ടൂറിസം മാർക്കറ്റുകളിൽ പ്രചരണം നടത്തി സ്പൈസ് റൂട്ട് രാഷ്ട്രങ്ങൾ പങ്കെടുക്കുന്ന അന്താരാഷ്ട്ര കൾനറി ഫെസ്റ്റിവൽ സംഘടിപ്പിച്ചു.

3. മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾക്ക് തുടക്കം.

4. 'കിഫ്ബി'-യുടെ ധനസഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി വിശദമായ പ്രോജക്ട് തയ്യാറാക്കുന്നതിന് തുടക്കം, മലബാറിന്റെ ടൂറിസം വികസനത്തിന് പ്രത്യേക പദ്ധതികൾ.

5. ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനത്തിനുള്ള പദ്ധതിക്ക് തുടക്കം, ടൂറിസം സീസണെ വരവേൽക്കുന്നതിനായി ടൂറിസം കേന്ദ്രങ്ങളെ ഒരുക്കുന്നതിന് GREEN CARPET എന്ന പേരിൽ പ്രത്യേക പദ്ധതി.

6. പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു.

7. പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി.

8. ഹൗസ് ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി 'ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം' പദ്ധതിക്ക് തുടക്കം.

9. വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് തുടക്കം.

10. ടൂറിസം സെന്ററുകളിലെ വികസനത്തിനായി നിലവിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിനുമായി ഇതര വകുപ്പുകളുടെ ഏകോപനത്തിനായി ഉന്നതതല സമിതി രൂപീകരണത്തിന് തുടക്കം.

11. DTPC കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും ശാസ്ത്രീയമായ പുനഃസംഘടനയ്ക്ക് നടപടി.

12. ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഒരു ദീർഘകാല കരാർ പദ്ധതി.

13. ബേക്കൽ കോട്ടയിൽ ലൈറ്റ് & സൗണ്ട് ഷോ പദ്ധതിയുടെ തുടക്കം.

14. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള ഓഫ് സീസൺ വിപണനം ചെയ്യുന്നതിനായി 'ഡ്രീം സീസൺ പാക്കേജ്'

**വിനോദസഞ്ചാര കേന്ദ്രങ്ങൾ**

259 (1801) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ ഏതൊക്കെ എന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ഭൂരിഭാഗവും ജനങ്ങൾക്ക് ഉപയോഗപ്രദമല്ലാത്ത തരത്തിൽ വൃത്തിഹീനവും രാത്രികാലങ്ങളിൽ വെളിച്ചം ഇല്ലാത്തതും സെക്യൂരിറ്റി ഇല്ലാത്തവയും ആണെന്നുള്ള വസ്തുത കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമെന്ന് വിവരിക്കുമോ;

(ഡി) പ്രസ്തുത ടൂറിസ്റ്റ് മേഖലകളിൽ ഉണ്ടായിരുന്ന പല ഹോട്ടലുകളും ബാറുകളും ഇപ്പോൾ ഇല്ലാത്തതുമൂലം മയക്കമരുന്ന് ഉപയോഗം കൂടിയിട്ടുള്ളത് വിനോദ സഞ്ചാര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിനെതിരെ വകുപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാകുമെന്ന് വിവരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 68 പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ചില കേന്ദ്രങ്ങളിൽ ചില കുറവുകൾ/പരാധീനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളെ വൃത്തിയും വെടിപ്പുള്ളതുമാക്കി തീർക്കുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ, സർക്കാർ ഇതര സംഘടനകൾ, സന്നദ്ധ സംഘടനകൾ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവ മുഖാന്തിരം നടപ്പിലാക്കുന്നുണ്ട്. പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനവും അടിസ്ഥാന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനായി ഗ്രീൻ കാർപ്പെറ്റ് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി &ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തീർത്ഥാടന-ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്രവികസനം**

260 (1802) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പ്രധാന തീർത്ഥാടന, ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള കേന്ദ്രപദ്ധതി 'പ്രസാദ് '-ൽ സംസ്ഥാനത്തുനിന്ന് ഏതെങ്കിലും ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അന്താരാഷ്ട്ര ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന 'മുസിരിസ് പൈതൃക' പദ്ധതിയുടെയും സ്പൈസ് റൂട്ട് പദ്ധതിയുടെയും വിശദാംശം നൽകുമോ;

(സി) ദൈവത്തിന്റെ സ്വന്തം നാടെന്ന ഖ്യാതിയുള്ള നമ്മുടെ സംസ്ഥാനത്ത് ടൂറിസ്റ്റ് സീസണെ വരവേല്ക്കാൻ എന്തെങ്കിലും നവീന പദ്ധതികൾ ആലോചനയിലുണ്ടോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ) രാജ്യത്തെ പ്രധാന തീർത്ഥാടന, ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള കേന്ദ്ര പദ്ധതിയായ 'പ്രസാദ്'-ൽ സംസ്ഥാനത്തുനിന്നും ഗുരുവായൂരിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം അനുവദിച്ച 8 പദ്ധതികളിൽ ദക്ഷിണേന്ത്യയിൽ നിന്നും ഗുരുവായൂരിനെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) തൃശ്ശൂർ, എറണാകുളം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന മുസിരിസ് കേരളത്തിലെ ഏറ്റവും പ്രാചീനമായ പൈതൃക സ്ഥലമാണ്. ചരിത്രപരമായും പുരാവസ്തുപരമായും പഴയ സംസ്കാരത്തിന്റെ ശേഷിപ്പുകൾ അവശേഷിക്കുന്ന ഈ പ്രദേശത്തെ എല്ലാ പ്രധാനപ്പെട്ട ചരിത്രസ്മാരകങ്ങളെയും പൈതൃക ശേഷിപ്പുകളെയും ബന്ധിപ്പിച്ചുകൊണ്ട് കേരള ചരിത്രത്തിന്റെ പരിഛേദം സന്ദർശകർക്ക് പകർന്ന് കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന നൂതനവും ഭാവനാപൂർണ്ണവുമായ ടൂറിസം പദ്ധതിയാണ് മുസിരിസ് പൈതൃക

പദ്ധതി. എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ എന്നീ നഗരസഭകളും എറണാകുളം ജില്ലയിലെ ചേന്ദമംഗലം, ഗോതുരുത്ത്, പറവൂർ, പള്ളിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകളും തൃശ്ശൂർ ജില്ലയിലെ മതിലകം, എസ്.എൻ. പുരം, ഏറിയാട്, മേത്തല എന്നീ ഗ്രാമപഞ്ചായത്തുകളും മുസിരിസ് പൈതൃക പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളാണ്. മുസിരിസ് പൈതൃക പദ്ധതിയുടെ നടത്തിപ്പിനായി 4,052.83 ലക്ഷം രൂപയുടെ കേന്ദ്ര ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ നിരവധി പ്രവൃത്തികൾ പ്രസ്തുത പൈതൃക പദ്ധതിയിൻ കീഴിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഒന്നാംഘട്ട വികസന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബൃഹത്തായ ഈ പദ്ധതിയിൽ, പദ്ധതി പ്രദേശങ്ങളിലുള്ള ചരിത്ര സ്മാരകങ്ങൾ പുനഃസൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, പ്രാചീന കലകളെ പ്രോൽസാഹിപ്പിക്കുവാൻ ആവശ്യമുള്ള മ്യൂസിയങ്ങൾ സ്ഥാപിക്കുക, റോഡുകൾ, ജലപാതകൾ, ബോട്ടുജെട്ടികൾ, വൈദ്യുതി, കുടിവെള്ളം, ഫെസിലിറ്റേഷൻ, ഇന്റർപ്രെട്ടേഷൻ കേന്ദ്രങ്ങൾ, പാർക്കിംഗ് ഏരിയ, ടോയ്‌ലറ്റ് ബ്ലോക്കുകൾ മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കുക എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു.

<u>സ്പൈസ് റൂട്ട് പദ്ധതി:</u> ഏകദേശം 3000 ബി.സി. മുതൽ പ്രാചീന രേഖകളിൽ പരാമർശിച്ച തുറമുഖങ്ങളിലൂടെയുള്ള വ്യാപാരം ലോകത്തിലെ അന്നറിയപ്പെടുന്ന സംസ്കാര സമ്പുഷ്ടമായ രാജ്യങ്ങളുമായിട്ടായിരുന്നു. ഇവയിലധികവും സുഗന്ധ വ്യഞ്ജന വ്യാപാരമായിരുന്നു. ഒരുകാലത്ത് നഷ്ടപ്പെട്ടുപോയ പ്രതാപം വീണ്ടെടുക്കുന്നതിലേക്ക് മുസിരിസ് പദ്ധതിയുടെ നടത്തിപ്പിനോടൊപ്പം അന്താരാഷ്ട്ര വിനോദസഞ്ചാരികളെ ആകർഷിക്കാൻ വേണ്ടി പൗരാണിക കാലത്തുണ്ടായിരുന്ന വ്യാപാര പങ്കാളിത്ത രാജ്യങ്ങളായ ബർമ്മ, ചൈന, ഡെൻമാർക്ക്, ഈജിപ്റ്റ്, ഗ്രീസ് തുടങ്ങിയ 31- ഓളം വിദേശ രാജ്യങ്ങളെ ബന്ധപ്പെടുത്തി ഒരു റൂട്ട് മാപ്പ് തയ്യാറാക്കി അതിന് 'സ്പൈസ് റൂട്ട് ' എന്ന് നാമകരണം ചെയ്തു. ഇതിന് അന്താരാഷ്ട്രാ തലത്തിൽ വൻ വരവേൽപ്പാണ് ലഭിച്ചത്. ഈ പദ്ധതിക്ക് യുനെസ്കോ നൽകിയ സഹകരണം പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. ഈ മാസം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സ്പൈസ് റൂട്ട് "കൾനറി ഫെസ്റ്റ്"-ന് അന്താരാഷ്ട്രാ തലത്തിൽ ലഭിച്ച ഉജ്ജ്വല പ്രതികരണം ഇതിന് ഉദാഹരണമാണ്.

(സി) ടൂറിസം സീസണെ വരവേൽക്കാനുള്ള പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച നൂതന കർമ്മ പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്. സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 31 വരെ ഒരു കാമ്പയിനായി തെരഞ്ഞെടുത്ത 84 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഗ്രീൻ കാർപ്പറ്റ് വിഭാവനം ചെയ്യുന്നു. കൂടാതെ ലോക വിനോദ സഞ്ചാരദിനത്തിനോടനുബന്ധിച്ച്

'സുഗമ സഞ്ചാരം' എന്ന പദ്ധതിക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ ഭിന്നശേഷിക്കാർക്ക് ടൂറിസം കേന്ദ്രങ്ങളിലെ സുഗമമായ സഞ്ചാരം ഉറപ്പുവരുത്തുന്നു.

## അഷ്ടമുടി കായലിലെ ടൂറിസം വികസനം

261 (1803) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടി കായലിലേയും സമീപ പ്രദേശങ്ങളിലേയും ജൈവ വൈവിധ്യം സംരക്ഷിച്ചുകൊണ്ട് ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഏജൻസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കരട് പ്ലാനിന് അംഗീകാരം നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തി മാസ്റ്റർ പ്ലാനിന് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി M/S IL&FS എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത ഏജൻസി കരട് മാസ്റ്റർ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിയശേഷം ഫൈനൽ മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നതിന് ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## നെയ്യാർഡാം വികസനത്തിനായി മാസ്റ്റർ പ്ലാൻ

262 (1804) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായ നെയ്യാർഡാമിന്റെ വികസനം സംബന്ധിച്ച കാഴ്ചപ്പാട് വിശദമാക്കുമോ;

(ബി) നെയ്യാർഡാം വികസനത്തിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന കാര്യം ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) വികസനസാധ്യതയ്ക്കാവശ്യമായ ഫണ്ട് ഇവിടുത്തെ വിവിധ വകുപ്പുകളുടെ കീഴിൽ ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) നെയ്യാർ ഡാം ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ സെന്റർ, വെൽക്കം ഫൗണ്ടൻ, ഫുഡ് കോർട്ട്, ചിൽഡ്രൻസ് പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഫോട്ടോ പെയിന്റ്സ്, ഫാമിലി സോൺ തുടങ്ങിയ വിവിധ നവീകരണ പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല. 4,65,10,000 രൂപയുടെ പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

**കുട്ടനാട്ടിലെ ടൂറിസം വികസനം**

263 (1805) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള സൗകര്യങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്തെ ടൂറിസം വികസനത്തിന് പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) കുട്ടനാട് വട്ടക്കായലിൽ മെഗാസർക്യൂട്ട് ടൂറിസം പദ്ധതിയിലുൾപ്പെടുത്തി ഹൗസ് ബോട്ടുകൾക്കായി ഒരു രാത്രികാലസങ്കേതം പണി പൂർത്തീകരിച്ചു വരികയാണ്. ഈ പദ്ധതിയോടു ചേർന്ന് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 2013-ൽ പണി പൂർത്തിയാക്കിയ മറ്റൊരു സ്വീവേജ് ട്രീറ്റ്മെന്റ് എച്ച് ബ്ലോക്ക് കായലിൽ നിലവിൽ പ്രവർത്തിച്ചുവരുന്നു. നെടുമുടിയിലും പള്ളാത്തുരുത്തിയിലും ഓരോ ഹൗസ്ബോട്ട് ടെർമിനലിന്റെയും പണി പൂർത്തിയായി വരുന്നു.

(ബി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

**രാമക്കൽമേട് വിനോദസഞ്ചാര പദ്ധതി**

264 (1806) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ രാമക്കൽമേട് വിനോദസഞ്ചാര പദ്ധതിയുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) രാമക്കൽമേട്ടിലെ വിനോദസഞ്ചാരത്തിന്റെ സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) രാമക്കൽമേട് സംസ്ഥാന ടൂറിസം മാപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ രാമക്കൽമേട് വിനോദസഞ്ചാര പദ്ധതിയുടെ പശ്ചാത്തല സൗകര്യ വികസനത്തിന് പ്രത്യേക തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ രാമക്കൽമേട് കരുണാപുരം ഗ്രാമ പഞ്ചായത്തിലെ ടൂറിസം പദ്ധതിക്കായി 30,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ രാമക്കൽമേടിലെ വാച്ച് ടവർ, ടിക്കറ്റ് കൗണ്ടർ, റോഡ് & പാർക്കിംഗ്, ചിൽഡ്രൻസ് പാർക്ക് എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) രാമക്കൽമേട് സംസ്ഥാന ടൂറിസം മാപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കണ്ടശ്ശാംകടവ് ജലോത്സവത്തിന് ധനസഹായം**

265 (1807) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കണ്ടശ്ശാംകടവിൽ ഓണക്കാലത്ത് സംഘടിപ്പിക്കുന്ന ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി ജലോൽസവത്തിന് ടൂറിസം വകുപ്പ് നൽകി വരാറുള്ള ധനസഹായത്തിനായി ടൂറിസം (ബി) വകുപ്പിന്റെ പരിഗണനയിലുള്ള 189/ബി2/2016 നമ്പർ ഫയലിൻമേൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ടൂറിസം ഡയറക്ടറേറ്റിൽ നിലവിലുള്ള ഫയലിന്റെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(സി) കുടിശ്ശിക ഉൾപ്പെടെ ധനസഹായം ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) മുൻ വർഷത്തെ ധനസഹായത്തിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സംബന്ധിച്ച വിശദാംശം പരിശോധിച്ചുവരുന്നു. ടൂറിസം ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തുമ്പൂർമൂഴി ടൂറിസ്റ്റ് കേന്ദ്രം**

266 (1808) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി -വാഴച്ചാൽ-തുമ്പൂർമുഴി D.M.C -യുടെ കീഴിലുള്ള തുമ്പൂർമുഴിയിലെ ടൂറിസ്റ്റുകേന്ദ്രത്തിൽ സ്കൈട്രെയിൻ, അക്വേറിയം അടക്കമുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പ്രായോഗികത പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പെരുന്തേനരുവി മണിയാർ ടൂറിസം പദ്ധതികൾ**

267 (1809) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി കേന്ദ്രീകരിച്ച് ആവിഷ്കരിച്ച പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികളുടെ നിർമ്മാണം എവിടംവരെയായി എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) എന്തൊക്കെ പദ്ധതികളാണ് പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്; ഇതിന്റെ ആദ്യ ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയോ; എതൊക്കെ പ്രവൃത്തികളാണ് പൂർത്തിയായത്; ഇനി ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; നിർമ്മാണം വൈകാനുള്ള കാരണം വ്യക്തമാക്കാമോ; രണ്ടാം ഘട്ട പ്രവൃത്തികൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; എന്തൊക്കെ പ്രവൃത്തികൾ ഇതിൽ ഉൾപ്പെടും; നിർമ്മാണം ആരംഭിച്ചോ; എന്തെങ്കിലും തടസ്സമുണ്ടോ;

(സി) മണിയാർ ടൂറിസം പദ്ധതിയിൽ എന്തൊക്കെയാണ് വിഭാവനം ചെയ്തിരിക്കുന്നത്; ഒന്നാം ഘട്ടത്തിൽ എത്ര രൂപയാണ് അനുവദിച്ചത്; എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കി; ഇനി ഒന്നാം ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്; പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നത്?

<u>ഉത്തരം</u>

(എ) റാന്നി നിയോജക മണ്ഡലത്തിലെ പെരുന്തേനരുവി പദ്ധതിയുടെ ഒന്നും രണ്ടും ഘട്ട നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. ഇതിൽ 4 കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ലൈറ്റിംഗ്, ടോയ്‌ലറ്റ്, റസ്റ്റോറന്റ്, പാർക്കിംഗ്, നടപ്പാത, ലാന്റ് സ്കേപ്പിംഗ്, വൈദ്യുതി-ജല സംവിധാനങ്ങളും ഉൾപ്പെടുന്നു. മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചു. ഇതിൽ ലാന്റ് സ്കേപ്പ്, ടോയ്‌ലറ്റ് ബ്ലോക്ക്, പവലിയൻ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു.

(ബി) പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും, രണ്ടും ഘട്ടമായി 4 കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ലൈറ്റിംഗ്, ടോയ്‌ലറ്റ് റസ്റ്റോറന്റ്, പാർക്കിംഗ്, നടപ്പാത, ലാന്റ് സ്കേപ്പിംഗ് വൈദ്യുതി-ജല സംവിധാനങ്ങൾ എന്നിവയാണ് ഉൾപ്പെടുന്നത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാം പൂർത്തീകരിച്ചു. സർക്കാർ സ്ഥാപനമായ സിഡ്കോ വഴിയാണ് ഇതിന്റെ നിർമ്മാണം നടത്തിയത്. ഒന്നാം ഘട്ടത്തിനായി 97,12,800 രൂപയും രണ്ടാം ഘട്ടത്തിനായി 75,85,000 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

(സി) മണിയാർ ടൂറിസം പദ്ധതിക്കായി ഡി.റ്റി.പി.സി. കോണ്ടൂർ സർവ്വേ നടത്തി 4,25,00,000 രൂപയുടെ പദ്ധതി നൽകുകയുണ്ടായി. ഇതിൽ ലാന്റ് സ്കേപ്പിംഗ്, പാർക്കിംഗ് യാർഡ്, പവലിയൻ, സൈനേജ്, ബോട്ടിംഗ് യാർഡ് നവീകരണം, നടപ്പാത ഫുഡ് കോർട്ട്, ആംഫി തീയേറ്റർ, ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ബാരേജ് നവീകരണം, ക്വാർട്ടേഴ്സിന്റെ ലാന്റ്സ് സ്കേപ്പ്, സസ്പെൻഷൻ ബ്രിഡ്ജ്, എൻട്രൻസ് ഗേറ്റ്, ടോയ്‌ലറ്റ്, ബീച്ച്, കുട്ടികളുടെ കളിസ്ഥലം, യൂട്ടിലിറ്റി

ഷോപ്പ്, അക്വേറിയം തുടങ്ങിയവ ഉൾപ്പെടുന്നു. ഇതിനായി സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ലാന്റ്സ്കേപ്പ്, ടോയ്ലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ പൂർത്തീകരിച്ചു. വൈദ്യുത-ജല സംവിധാനങ്ങൾ, പെയിന്റിംഗ് എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. മണിയാർ ടൂറിസം പദ്ധതിയുടെ അടുത്തഘട്ടത്തിലേക്ക് 38.45 കോടി രൂപയുടെ ഒരു പദ്ധതി കെൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച രൂപരേഖ പരിശോധിച്ചുവരുന്നു.

**ആകാശത്തൊട്ടിൽ**

268 (1810) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഉത്സവ പ്രദേശങ്ങളിലും മറ്റും സംഘടിപ്പിക്കുന്ന ആകാശത്തൊട്ടിൽ, മരണക്കിണർ തുടങ്ങിയവയിൽ നിന്നുള്ള അപകടങ്ങൾ കാരണം കുട്ടികൾക്കും വിനോദസഞ്ചാരികൾക്കും പരിക്കേൽക്കുകയും ജീവഹാനി സംഭവിക്കുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥലങ്ങളിൽ മതിയായ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കാത്തതാണ് പലപ്പോഴും അപകടങ്ങൾക്ക് ഇടയാകുന്നതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) ഇവയ്ക്ക് അനുമതി നൽകുന്ന വേളയിലും തുടർന്നും ഈ കേന്ദ്രങ്ങളിൽ ഇത്തരം വിനോദ ഉപാധികളുടെ ഏതെങ്കിലും തരത്തിലുള്ള പരിശോധന നടത്താറുണ്ടോ; ഇല്ലെങ്കിൽ ഇവയ്ക്ക് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ കർശനമാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിലൊന്നും ഇത്തരം സംഭവം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത വിഷയം ഗൗരവമായി കാണുന്നുണ്ട്.

(സി) വിനോദസഞ്ചാര വകുപ്പിന്റെ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്ന വിനോദ ഉപാധികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയും ഇൻഷ്വറൻസും കർശനമായും ഉറപ്പാക്കുന്നുണ്ട്.

## ഗസ്റ്റ് ഹൗസുകളുടെ പ്രവർത്തനം

269 (1811) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ഗസ്റ്റ് ഹൗസുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഗസ്റ്റ്ഹൗസുകളുടെ പ്രവർത്തനം ഏറ്റവുമൊടുവിൽ വിലയിരുത്തിയത് എപ്പോഴാണ്; വിശദമാക്കാമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ 25 ഗസ്റ്റ് ഹൗസുകളും 3 യാത്രി നിവാസും 2 കേരളാ ഹൗസുമുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ടൂറിസം വകുപ്പിന്റെ അധീനതയിൽ വരുന്ന ഗസ്റ്റ് ഹൗസുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി, ടൂറിസം വകുപ്പിലെ ഇൻസ്പെക്ഷൻ വിഭാഗം ആനുകാലിക പരിശോധന നടത്തിവരുന്നു. പരിശോധനയിൽ കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കുന്നതിനായി ടൂറിസം വകുപ്പിലെ ഹോസ്പിറ്റാലിറ്റി വിഭാഗത്തിനും, അതാത് ഗസ്റ്റ് ഹൗസ് മാനേജർമാർക്കും പരിശോധന റിപ്പോർട്ട് നൽകാറുണ്ട്. കൂടാതെ സർക്കാർ തലത്തിലും അവലോകനം നടത്താറുണ്ട്. ഏറ്റവുമൊടുവിൽ 20-2-2016-ൽ ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം കൂടിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 1735-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല. )

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9.30 AM]

## II അറിയിപ്പ്

### അടിയന്തര പ്രമേയാവതരണ നോട്ടീസ് പിൻവലിച്ചത്

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഇന്ന് രാവിലെ ഒരു നോട്ടീസ് ചെയറിന് ലഭിച്ചിരുന്നു. അടിയന്തരപ്രാധാന്യമുള്ള വിഷയങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി അടിയന്തരപ്രമേയം അവതരിപ്പിക്കാനുള്ള അനുമതി തേടിക്കൊണ്ടുള്ള ആവശ്യമാണ് റൂൾ 50. എന്നാൽ നിമിഷങ്ങൾക്കകം അത് പിൻവലിക്കുന്നതായി അറിയിച്ചിരിക്കുകയാണ്. അടിയന്തരപ്രാധാന്യമുള്ള വിഷയത്തിന് നോട്ടീസ് നല്കിയതിനുശേഷം അത് പിൻവലിക്കുന്നത് ഖേദകരമാണെന്ന് ചെയർ അറിയിക്കുന്നു. ഈ പ്രവണത ആവർത്തിക്കാതിരിക്കുന്നത് നല്ലതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 11 ലക്ഷത്തോളം വരുന്ന റബ്ബർ കർഷകരുടെ പ്രശ്നമാണ് സഭയിൽ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മാണിസാർ തയ്യാറായത്. എന്നിട്ട് അത് പിൻവലിക്കുക എന്നുപറയുന്നത് റബ്ബർ കർഷകരോട് ചെയ്യുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. ബഹുമാനപ്പെട്ട സ്പീക്കർ അതുൾപ്പെടെ പരാമർശിക്കേണ്ടതാണ്..................... (ബഹളം)...............

ശ്രീ. സി. എഫ്. തോമസ് : ആരോഗ്യപരമായ കാരണത്താലാണ് പ്രസ്തുത നോട്ടീസ് നാളത്തേക്ക് പരിഗണിക്കണമെന്ന റിക്വസ്റ്റ് തന്നത്. (.................. ബഹളം...............)

മി. സ്പീക്കർ: പ്ലീസ്........ പ്ലീസ്...........രാവിലെ 7.30-നാണ് നോട്ടീസ് കിട്ടുന്നത്. 7.30-നുശേഷമാണ് ഉണ്ടായതെങ്കിൽ അത് പരിശോധിക്കാം. പ്ലീസ് പ്ലീസ്................. ഇരിക്കൂ..... ഇരിക്കൂ....... സഭാനടപടികൾ ആരംഭിച്ചതിനു ശേഷമാണ് ചെയറിന് ഈ കുറിപ്പ് കിട്ടുന്നത്. അത് ശരിയായില്ലായെന്നാണ് അറിയിച്ചത്. പ്ലീസ്........ ദയവായിട്ട് ഇരിക്കൂ....... ശ്രീ. കെ. രാജൻ, അങ്ങേക്ക് ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കാം.

## III ശ്രദ്ധ ക്ഷണിക്കൽ

### താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടൽ

ശ്രീ. കെ. രാജൻ: സർ, 1945-ൽ തിരുവനന്തപുരം കേന്ദ്രീകരിച്ച് രൂപീകരിച്ച കേരളത്തിന്റെ മദർ ബാങ്കാണ് എസ്.ബി.ടി. ................

ശ്രീ. പി. ജെ. ജോസഫ്: സർ, കഴിഞ്ഞ ഏഴ് ദിവസമായി നിയമസഭാ കവാടത്തിൽ എം.എൽ.എ.-മാർ നടത്തുന്ന നിരാഹാരസമരം അവസാനിപ്പിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ ഫീസ് വർദ്ധന പിൻവലിക്കണമെന്നാവശ്യപ്പെട്ട് നിയമസഭാ കവാടത്തിൽ എം.എൽ.എ. മാർ നടത്തിവരുന്ന നിരാഹാരസമരം അവസാനിപ്പിക്കുന്നതിന് സർക്കാർ യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. കെ. രാജൻ: സർ, ഞാൻ സൂചിപ്പിച്ചത് എസ്.ബി.റ്റി.-യെ എസ്.ബി.ഐ.യിൽ ലയിപ്പിക്കാനുള്ള നീക്കം പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം ചർച്ച ചെയ്തിട്ടുള്ളതാണ്. എസ്.ബി.റ്റി. മാത്രമല്ല, സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ്, സ്റ്റേറ്റ് ബാങ്ക് ഓഫ് പട്യാല, സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കാനീർ & ജയ്പൂർ എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങളെ എസ്.ബി.ഐ. നേരിട്ട് ഏറ്റെടുക്കുന്നതിനും അതിൽ ലയിപ്പിച്ച് ഇല്ലാതാക്കുന്നതിനും വേണ്ടിയുള്ള നടപടികളാണ് ആരംഭിച്ചിട്ടുള്ളത്. കേരളത്തിൽ ബാങ്കിംഗിന്റെ നാലിലൊരു ഭാഗം കൈകാര്യം ചെയ്യുന്നത് എസ്.ബി.റ്റി.-യാണ്. കേരളത്തിന്റെ എല്ലാ മേഖലകളിലുമുള്ള ആളുകൾക്ക് എസ്.ബി.റ്റി. വ്യാപകമായി വായ്പ ലഭ്യമാക്കിയിട്ടുണ്ട്. കർഷകർ, ചെറുകിട വ്യവസായികൾ, വ്യാപാരികൾ, സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടവർ തുടങ്ങിയവർക്ക് വായ്പ നൽകുന്നതിലും ഭവന-വിദ്യാഭ്യാസ-സ്വർണ്ണപ്പണയ വായ്പകൾ നല്കുന്നതിലുമൊക്കെ എസ്.ബി.റ്റി. വളരെ വലിയ പ്രാധാന്യമാണ് നല്കിയിട്ടുള്ളതെന്നാണ് അതിന്റെ 71 വർഷത്തെ പ്രവർത്തനത്തിൽ തെളിയിച്ചിട്ടുള്ളത്. എസ്.ബി.റ്റി.-ക്ക് കേരളത്തിൽ മാത്രം 852 ശാഖകളും 1345 എ.റ്റി.എം.-കളും 14,892 സ്ഥിരം ജീവനക്കാരും ഇപ്പോൾ നിലവിലുണ്ട്. പൊതുമേഖലാ ബാങ്കുകളെ ആറോ ഏഴോ ആക്കി ചുരുക്കി രാജ്യാന്തര കോർപ്പറേറ്റ് ബാങ്കിംഗ് ബിസിനസ്സ് നടത്തി വൻകിട ബാങ്കുകളാക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ എസ്.ബി.ഐ. അതിന്റെ കൂടെയുള്ള 5 ബാങ്കുകളെ വിഴുങ്ങാനുള്ള ശ്രമം നടത്തിയിരിക്കുന്നത്. ആഗോള വിപണിയിലേയ്ക്ക് പ്രവേശിക്കുമ്പോൾ മത്സരക്ഷമതയുടെ പേര് പറഞ്ഞ് ബാങ്ക് ശാഖകളുടെയും തൊഴിലാളികളുടെയും പുനഃക്രമീകരണമായിരിക്കും പ്രധാനപ്പെട്ട ലക്ഷ്യമായി അവർ നടത്താൻ പോകുന്നതെന്ന് ദീർഘകാലമായി നമുക്കറിയാം. ആഗോള സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ബാങ്കുകളെ മെർജ് ചെയ്യുന്നതിന്റെ ഭാഗമായി നടപ്പിലാക്കാൻ പോകുന്ന ഏറ്റവും

പ്രധാനപ്പെട്ട പരിപാടി ബാങ്കിന്റെ ശാഖകൾ അടച്ചുപൂട്ടുകയും തൊഴിലാളികളെ പുറന്തള്ളുകയും ചെയ്തുകൊണ്ട് ഇടപാട് ചെലവുകൾ ചുരുക്കാമെന്നുള്ളതാണ്. പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ തന്നെ എസ്.ബി.റ്റി.-യെ ലയിപ്പിക്കാനുള്ള നീക്കം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപക്ഷേപം അവതരിപ്പിക്കുകയും ചട്ടം 130 അനുസരിച്ച് ചർച്ച ചെയ്യുകയും ഏകകണ്ഠമായ നിലപാട് സ്വീകരിച്ച് ഉപക്ഷേപം പാസ്സാക്കുകയും ചെയ്തിട്ടുള്ളതാണ്. സഭ ചർച്ചചെയ്ത പ്രധാന വിഷയം, സ്വാഭാവികമായും ലയന നടപടി വരുമ്പോൾ, തൊഴിലാളിവിരുദ്ധ നിലപാടുകളായിരിക്കും എസ്.ബി.ഐ.-യുടെ നേതൃത്വത്തിൽ നിർദ്ദേശിക്കപ്പെടാൻ പോകുന്നതെന്നാണ്. ഇപ്പോൾ വർഷങ്ങളായുള്ള ആ നടപടി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടുവരികയാണ്. വർഷങ്ങളായി എസ്.ബി.ടി.-യുടെ ശാഖകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ എസ്.ബി.ഐ. മാനേജ്മെന്റ് എസ്.ബി.റ്റി.-ക്ക് നിർദ്ദേശം കൊടുത്തിട്ടുള്ള വാർത്ത ഇപ്പോൾ വളരെ വ്യാപകമായി പുറത്ത് വരികയാണ്. ജീവനക്കാർ വിരമിക്കുമ്പോഴും സ്ഥാനക്കയറ്റം ലഭിക്കുമ്പോഴും പുതിയ ശാഖകൾ തുറക്കുമ്പോഴും പുതിയ ഓഫീസുകൾ തുറന്നപ്പോഴുമൊക്കെ ഉണ്ടായ ഒഴിവുകളിൽ പുതിയ ആളുകളെ നിയമിക്കാതെ താൽക്കാലിക ജീവനക്കാരെ നിയമിച്ചതുമൂലമാണ് വ്യാപകമായി ഇപ്പോൾ ഒഴിവുകൾ നിലനില്ക്കുന്നത്. 2013-നു ശേഷവും ആ ഒഴിവുകളിൽ താൽക്കാലിക ജീവനക്കാരെ ഉപയോഗിച്ച് ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. എസ്.ബി.റ്റി.-യുടെ ദീർഘകാലമായുള്ള നിയമനത്തിന്റെ ഒരു ശീലം, താൽക്കാലികമായി ആളുകളെ എടുക്കുകയും അതുകഴിഞ്ഞ് നടക്കുന്ന ഇന്റർവ്യൂവിൽ അവർക്ക് മുൻഗണന നല്കിക്കൊണ്ട് സ്ഥിരം നിയമനത്തിനുള്ള അവസരം ഒരുക്കുകയുമാണ്. എന്നാൽ എസ്.ബി.ഐ.-യിലെ സ്ഥിതി വ്യത്യസ്തമാണ്. പുതിയ സാമ്പത്തിക നയത്തിന്റെ ഭാഗമായി മാനേജുമെന്റുകൾ കൈക്കൊള്ളുന്നതു പോലെ പുറംകരാർ ഏൽപ്പിക്കുക എന്ന നടപടിയാണ് എസ്.ബി.ഐ.-യിൽ വർഷങ്ങളായി ചെയ്തുകൊണ്ടിരിക്കുന്നത്. സ്ഥിരം ജീവനക്കാരെ ഒഴിവാക്കി താൽക്കാലിക ജീവനക്കാർക്ക് ജോലി കൊടുത്ത് ജോലി സുരക്ഷയും തൊഴിൽ സുരക്ഷയും കൊടുക്കാതെ ചെറിയ വേതനം നല്കിക്കൊണ്ട് ഔട്ട് സോഴ്സിംഗ് നടത്തുകയാണ് ഇപ്പോൾ എസ്.ബി.ഐ. ചെയ്യുന്നത്. ഞാൻ ഇവിടെ ഉന്നയിക്കുന്ന പ്രധാന പ്രശ്നം, എസ്.ബി.റ്റി.-യെ എസ്.ബി.ഐ.-യിലേക്ക് ലയിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി കഴിഞ്ഞ 20 വർഷമായി ജോലി ചെയ്തുകൊണ്ടിരുന്ന ആയിരക്കണക്കിന് തൊഴിലാളികളെ പിരിച്ചുവിടാനുള്ള നിർദ്ദേശം എസ്.ബി.ഐ. ഇപ്പോൾ എസ്.ബി.റ്റി.-ക്ക് നൽകിയിരിക്കുന്നു. എസ്.ബി.റ്റി. കേരളത്തിന്റെ തൊഴിൽ മേഖലകളിൽ നല്കിക്കൊണ്ടിരിക്കുന്ന സുരക്ഷിതത്വം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഇക്കഴിഞ്ഞ ഉപക്ഷേപവുമായി ബന്ധപ്പെട്ട് ചട്ടം 130 അനുസരിച്ചുള്ള

ചർച്ചയിൽ പതിനാലാം കേരളനിയമസഭയുടെ ഒന്നാം സമ്മേളനം ചർച്ച ചെയ്യുകയും അതിന്റെ ആശങ്ക രേഖപ്പെടുത്തുകയും ചെയ്തതാണ്. എന്നാൽ ഇപ്പോൾ വ്യാപകമായി എസ്.ബി.റ്റി.യിലെ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാനുള്ള നീക്കം നടക്കുകയാണ്. ഇത് ഏതെങ്കിലും ഒരു രാഷ്ട്രീയപ്രസ്ഥാനമോ ഒരു തൊഴിലാളി പ്രസ്ഥാനമോ ഉന്നയിക്കുന്ന പ്രശ്നമല്ല. എസ്.ബി.റ്റി.-എസ്.ബി.ഐ. ലയനത്തിനെതിരെ ആയിരക്കണക്കിന് തൊഴിലാളികൾ പങ്കെടുത്ത, ഗാന്ധിജയന്തി ദിനത്തിൽ (ഒക്ടോബർ 2) തിരുവനന്തപുരത്ത് നടന്ന സംസ്ഥാനതലത്തിലുള്ള സമരം ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദനും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയും ഉൾപ്പെടെയുള്ള ശ്രദ്ധേയരായ എല്ലാ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും നേതാക്കന്മാർ പങ്കെടുക്കുകയും അവരുടെ ആശങ്ക രേഖപ്പെടുത്തുകയും ചെയ്തതാണ്. എസ്.ബി.റ്റി.-യുടെ ഏറ്റവും പ്രധാനപ്പെട്ട യൂണിയനായ എ.ഐ.ബി.ഇ.എ. ഇവരുമായി ബന്ധപ്പെട്ട പ്രശ്നം തിരുവനന്തപുരം റീജിയണൽ ലേബർ കമ്മീഷണറുടെ മുമ്പിൽ ഉന്നയിക്കുകയും അതിന്റെ നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തുകൊണ്ടിരിക്കുന്നു. 20 വർഷമായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന ജീവനക്കാരെ ഏകപക്ഷീയമായി പിരിച്ചുവിടുന്ന നടപടി അത്യന്തം ക്രൂരവും തൊഴിലാളി വിരുദ്ധവുമാണെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ പ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി ചെയ്യാൻ പോകുന്ന നടപടികളെക്കുറിച്ച് വിശദീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): സർ, ബാങ്ക് നിയമനത്തിന്റെ കാര്യത്തിൽ ചില പൊതുവായ മാനദണ്ഡങ്ങൾ ഉണ്ട്. ബാങ്ക് ഇൻഡസ്ട്രി ലെവൽ ബൈ പാർട്ടി എഗ്രിമെന്റ്, ബാങ്ക് ലെവൽ എഗ്രിമെന്റ്സ്, ആർ.ബി.ഐ. ഗൈഡ്‌ലൈൻസ്, കേന്ദ്ര ഗവൺമെന്റ് തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമനം, പ്രൊമോഷൻ, സ്ഥലംമാറ്റം, ശമ്പള ഘടന, മറ്റു സേവന വേതന പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടത്. എന്നാൽ എസ്.ബി.റ്റി.-യിലെ നിയമനങ്ങളിൽ ഈ പൊതു മാനദണ്ഡങ്ങളൊന്നും പാലിക്കപ്പെടുന്നില്ല എന്നാണ് പരിശോധനയിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തെ ഏറെ ഉൽകണ്ഠയോടെയാണ് സംസ്ഥാന ഗവൺമെന്റ് വീക്ഷിക്കുന്നത്. കേരളത്തിന്റെ കാർഷിക മേഖലയിലടക്കം എസ്.ബി.റ്റി. നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. സർക്കാരിന്റെ സാമ്പത്തിക ഇടപാടുകൾ ബഹുഭൂരിപക്ഷവും എസ്.ബി.റ്റി. വഴിയാണ് നിർവ്വഹിച്ചു വരുന്നത്. ഇത്തരത്തിൽ എസ്.ബി.റ്റി.-യുമായി കേരളത്തിന്

പ്രത്യേക വൈകാരികബന്ധം തന്നെയുണ്ട്. എസ്.ബി.റ്റി.-യെ എസ്.ബി.ഐ-യിൽ ലയിപ്പിക്കാനുള്ള നീക്കം കേരളത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണെന്ന് തന്നെയാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് ഈ നീക്കത്തിൽനിന്നും കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പിൻമാറണമെന്നാവശ്യപ്പെട്ട് 2016 ജൂലൈ 18-ാം തീയതി കേരള നിയമസഭ പ്രമേയം പാസ്സാക്കി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലെ ആയിരത്തോളം പ്യൂൺ/സ്വീപ്പർ തസ്തികകളിൽ സ്ഥിര നിയമനത്തിനുപകരം ദിവസക്കൂലി അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഇവർക്ക് യാതൊരുവിധ നിയമന ഉത്തരവും നൽകിയിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. ഈ സാഹചര്യത്തിൽ നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നടത്തി ജീവനക്കാരെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ പ്രശ്നം കേരളത്തിലെ തൊഴിൽ വകുപ്പ് കേന്ദ്ര തൊഴിൽ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ റീജിയണൽ കമ്മീഷണറുമായി സംസാരിച്ചിട്ടുണ്ട്. കൂടിയാലോചനകൾ നടത്തി വരുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. ബാങ്ക് ലയനത്തിന്റെ ഭാഗമായി ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതടക്കമുള്ള കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും തൊഴിലാളികളുടെ ജോലി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിപ്പിക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് ആവശ്യമായ മുൻകയ്യെടുക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

ശ്രീ. കെ. രാജൻ: സർ, സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നിലപാട് വളരെ അഭിനന്ദനാർഹവും തൊഴിലാളിപക്ഷ നിലപാട് സ്വീകരിക്കുന്ന ഒരു ഗവൺമെന്റ് ചെയ്യേണ്ട കാര്യവുമാണ്. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷെ ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന മറ്റൊരു പ്രശ്നം, ഇത്തരം ലയനങ്ങളിലൂടെ ദീർഘകാലമായി പുരോഗമന പക്ഷങ്ങൾ ഉയർത്തിപ്പിടിച്ച ചില യാഥാർത്ഥ്യങ്ങൾ നമുക്ക് ബോദ്ധ്യപ്പെടുകയാണ്. താൽക്കാലിക ജീവനക്കാരെ മാത്രമല്ല സ്ഥിരം നിയമനങ്ങളും വളരെ ഭീകരമായി കേന്ദ്ര ഗവൺമെന്റ് തുടർന്നുവരുന്ന നയത്തിന്റെ ഭാഗമായി ഒഴിവാക്കപ്പെടുന്നു. ബി.എസ്.ആർ.ബി. ഇപ്പോൾ നിലനിൽക്കുന്നില്ല. റെയിൽവേ മേഖലയിൽ വ്യാപകമായി തൊഴിലുകൾ ഇല്ലാതാക്കാനുള്ള ശ്രമം നടത്തുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങളുടെ ഗൗരവം കണക്കിലെടുത്തുകൊണ്ട് വളരെ വേഗത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഏജൻസിയുമായി ചർച്ച ചെയ്യാനുള്ള തയ്യാറെടുപ്പ് ഈ ഗവൺമെന്റ് നടത്തിയെന്ന് പറയുന്നത് വളരെ സന്തോഷകരവും

അഭിമാനകരവുമാണ്. കുറെക്കൂടി വേഗതയിൽ ഈ പ്രശ്നത്തിൽ ഇടപെടാനും ഇതുമായി ബന്ധപ്പെട്ട് സമരം നടത്തുന്ന സംഘടനകളെ തൊഴിൽ വകുപ്പുമന്ത്രി തന്നെ നേരിട്ട് ചർച്ചയ്ക്ക് വിളിച്ച് കേരളത്തിന്റെ നിലപാട് കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ അവതരിപ്പിക്കുകയും ചെയ്യുകയെന്നല്ലാതെ മറ്റൊരു നിലപാടും കേരളത്തിന് സ്വീകരിക്കാൻ കഴിയില്ലായെന്ന് എനിക്ക് അറിയാം. കേരളത്തിലെ ഗവൺമെന്റിന്റെ പാരമ്പര്യവും എസ്.ബി.റ്റി.-യുടെ പാരമ്പര്യവും കണക്കിലെടുത്ത് കുറച്ചുകൂടി ഗൗരവമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, എസ്.ബി.റ്റി.യെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കുന്നതിനോട് പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് എതിരാണ്. നിലവിലുള്ള സംവിധാനം തുടരണമെന്നും നിയമനങ്ങളെല്ലാം നിയമാനുസൃതമായി സ്വീകരിക്കണമെന്നതും ഗവൺമെന്റിന്റെ സമീപനമാണ്. അത് ഞാൻ ഈ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ സെൻട്രൽ റീജിയണൽ കമ്മീഷണറുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ 16-10-2016-ന് ബന്ധപ്പെട്ട സംഘടനകളുമായി ചർച്ചയ്ക്ക് സംവിധാനം ഒരുക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ ചർച്ചയുടെ നില കൂടി പരിശോധിക്കാം. ഒരു യാഥാർത്ഥ്യം നമ്മൾ കാണേണ്ടത്, 1991 മുതൽ ഇന്ത്യയിൽ നടപ്പിലാക്കിവരുന്ന ഉദാരവൽക്കരണ നയം കോർപ്പറേറ്റുകളുടെ താൽപ്പര്യം മുൻനിർത്തിയാണ് പ്രാവർത്തികമാക്കി വരുന്നത്. ഇത് ബാങ്കുകളുടെ സ്വകാര്യവൽക്കരണത്തിലേക്കും അതുപോലെ ബാങ്കുകളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താവുന്ന നിലയിലും പൊതുതാൽപ്പര്യത്തിന് വിരുദ്ധമായും പ്രവർത്തിക്കുന്നുണ്ട്. ഈ നയത്തിന്റെ സ്വാധീനം ബാങ്കുകളുടെ ലയനത്തിന്റെ പിറകിലും നമുക്ക് കാണാൻ സാധിക്കും. ബാങ്കിംഗ് മേഖലയിലെ എല്ലാ സംഘടനകളും ഈ ലയനത്തിന് എതിരായ സമീപനം തന്നെയാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ബാങ്കിന്റെ സംരക്ഷണത്തിനും എസ്.ബി.ടി.-യെ സ്വതന്ത്രമായി നിലനിർത്തുന്നതിനുമുള്ള നിലപാട് സ്വീകരിക്കുന്നതിന് വീണ്ടും സംസ്ഥാന ഗവൺമെന്റ് ഇടപെടും. ഇപ്പോൾ നടത്തിവരുന്ന സമരം അവസാനിപ്പിക്കാനുള്ള എല്ലാ പരിശ്രമങ്ങളും കേരള ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. കേരള ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള പരിമിതി ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കുമെന്നു തന്നെയാണ് കരുതുന്നത്. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ് ഇത് പൂർണ്ണമായും പ്രവർത്തിക്കുന്നത്. പരിമിതികളുണ്ടെങ്കിലും സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്തം ഇക്കാര്യത്തിൽ നിർവ്വഹിക്കുകതന്നെ ചെയ്യും.

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കലിന് നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിൽ ഇല്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

# IV സബ്മിഷൻ

## (1) പോലീസ് വകുപ്പിലെ നിയമനം

ശ്രീ. എ. എൻ. ഷംസീർ: സർ, 2016 മേയ് 25-നാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ കേരളത്തിൽ അധികാരത്തിൽ വന്നത്. ഏതാണ്ട് അഞ്ച് മാസം തികയാൻ പോകുന്ന ഈ സർക്കാർ കേരളത്തിലെ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് ആവേശം പകരുന്നതായിരുന്നു. സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുക, അതിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുക എന്നതാണ് പ്രഥമ ക്യാബിനറ്റ് യോഗത്തിലെടുത്ത തീരുമാനം. അതിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 5,000-ത്തോളം ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ചിട്ടുണ്ട്. അതിന് ഈ സർക്കാരിനെ കേരളത്തിലെ ഉദ്യോഗാർത്ഥികൾക്കുവേണ്ടി അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ പോലീസ് സർവ്വീസിലെ ഒഴിവുകൾ ഇപ്പോഴും നികത്താത്ത സ്ഥിതിവിശേഷമുണ്ട്. ഇതിൽ സംസ്ഥാന ഭരണത്തലവൻ എന്ന നിലയിൽ അങ്ങ് സജീവമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജൂൺ മാസം പ്രസിദ്ധീകരിക്കേണ്ട സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ വിജ്ഞാപനം ഇതുവരെ വന്നിട്ടില്ല. കെ.എ.പി. ഒന്നാം ബറ്റാലിയനിൽ തസ്തികകൾ ഒഴിവുണ്ട്. ആ തസ്തികയിലേയ്ക്ക് ആവശ്യമായ ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യാനുള്ള അഡ്വൈസ് മെമ്മോ കൊടുക്കാൻ ഇതുവരെ പി.എസ്.സി. തയ്യാറായിട്ടില്ല. കെ.എ.പി. മൂന്നാം ബറ്റാലിയനിൽ 235 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നും കെ.എ.പി. നാലാം ബറ്റാലിയനിൽ നൂറുകണക്കിന് ഒഴിവുകളുണ്ടെന്നുമാണ് വിവരാവകാശ നിയമ പ്രകാരം അറിയാൻ സാധിച്ചത്. ഇതേ സ്ഥിതി തന്നെയാണ് കെ.എ.പി. അഞ്ചാം ബറ്റാലിയനിലുമുള്ളത്. അതോടൊപ്പംതന്നെ പോലീസ് സേനയിലെ ഡ്രൈവർമാരുടെയും വേക്കൻസികൾ ഒഴിഞ്ഞുകിടക്കുകയാണ്. എന്നാൽ ഡ്രൈവർ തസ്തികയുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പലപ്പോഴും അവസരം ലഭിക്കാത്ത സാഹചര്യവുമുണ്ട്. തിരുവനന്തപുരത്ത് എസ്.എ.പി.-യിൽ ഒരാൾക്കുപോലും അഡ്വൈസ് മെമ്മോ കൊടുക്കാനോ മേയ് 2015-ൽ വന്ന (കാറ്റഗറി നമ്പർ 253/14) എസ്.ഐ. ലിസ്റ്റിൽ നിന്ന് ഒരാളെപോലും നിയമിക്കാനോ ഇതുവരെ തയ്യാറായിട്ടില്ല. ഇങ്ങനെ നിരവധി നിയമനങ്ങൾ പോലീസ് സേനയിൽ നിൽക്കുന്നുണ്ട്. ആ നിയമനങ്ങൾ ത്വരിതഗതിയിലാക്കാൻ സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെടണം. അതോടൊപ്പം കെ.എസ്.ഇ.ബി.-യിലെ മസ്ദൂർ തസ്തിക ഉൾപ്പെടെ, സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിയമനം നടത്താത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഇതിന് പരിഹാരമുണ്ടാക്കാനാവശ്യമായ അടിയന്തര നടപടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് വളരെ വിനയത്തോടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സംസ്ഥാനത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റുകളുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്ക് വിവിധ വകുപ്പുകളിൽ തൊഴിൽ ലഭിക്കുന്നില്ലായെന്നുള്ള പരാതി വലിയതോതിൽ ഉയർന്നുവരാറുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റുകളും ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന ഒരു തീരുമാനം സർക്കാർ അധികാരത്തിലെത്തിയ ഉടൻതന്നെ എടുത്തിരുന്നു. അത്തരത്തിലുള്ള തീരുമാനങ്ങൾ മുമ്പും എടുത്തിരുന്നെങ്കിലും റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്നുള്ള പരിശോധനയിലേക്ക് കടന്നിരുന്നില്ല. അതുകൊണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്നുള്ളത് ചീഫ് സെക്രട്ടറി തുടർച്ചയായി വിലയിരുത്തണമെന്നും മന്ത്രിസഭ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറിയുടെ പരിശോധനയും ഇടപെടലും ഇക്കാര്യത്തിൽ തുടർച്ചയായി ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഒരു സാഹചര്യം ഇപ്പോൾ ഉണ്ടെന്ന് പറയാനാകില്ല. എന്നാൽ പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം കാത്തിരിക്കുന്നവരായി ധാരാളം പേരുണ്ട്. പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ട് ഒരു പ്രശ്നമുള്ളത് തസ്തികയിലേക്ക് ആവശ്യമുള്ളവരെ നിയമിക്കുന്നതിന് കുറച്ച് എണ്ണം വർദ്ധിപ്പിച്ചു കൊണ്ടുള്ള ലിസ്റ്റല്ല തയ്യാറാക്കുന്നത്. നേരത്തെ ഒരു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ചില സംവരണ വിഭാഗങ്ങൾക്ക് ആവശ്യമായ തോതിൽ ആളെ കിട്ടുന്നില്ലായെന്നുള്ളതുകൊണ്ട് എണ്ണം ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആ വർദ്ധനവിന്റെ ഭാഗമായി വലിയതോതിലുള്ള ആളുകളാണ് റാങ്ക് ലിസ്റ്റിൽ വരുന്നത്. സാധാരണ നിലയ്ക്ക് വേണ്ടതിലും എത്രയോ കൂടുതൽ ആളുകൾ, അവരൊക്കെ റാങ്ക് ലിസ്റ്റിൽ വന്നുവെന്നുള്ളതുകൊണ്ട് തൊഴിൽ ആഗ്രഹിക്കുകയാണ്. യഥാർത്ഥത്തിൽ ഒഴിവില്ലാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്. ഇത്തരം ഒരു വൈരുദ്ധ്യവും ഇതിൽ നിലനിൽക്കുന്നുണ്ട്. ഒരു തവണ പി.എസ്.സി. ചെയർമാൻ തന്നെ വന്ന് ഈ പ്രശ്നം ചർച്ച ചെയ്യുകയുണ്ടായി. പെട്ടെന്ന് ഒരു മാറ്റം അക്കാര്യത്തിൽ വരുത്താൻ കഴിയുന്നതല്ലായെന്നും എന്താണെന്നുള്ളത് പിന്നീട് പരിശോധിക്കാമെന്നുമാണ് മറുപടി പറഞ്ഞത്. ബഹുമാനപ്പെട്ട എ.എൻ.ഷംസീർ ഉന്നയിച്ച പ്രശ്നം സംബന്ധിച്ച്, കെ.എ.പി. മൂന്ന് ബറ്റാലിയനിൽ എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ 341 പേർക്കും കെ.എ.പി. നാല് ബറ്റാലിയനിൽ 161 പേർക്കും അഡ്വൈസ് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്. നിയമന ഉത്തരവ് നൽകുന്നതിലേയ്ക്കായി അവ ബന്ധപ്പെട്ട ബറ്റാലിയൻ ഓഫീസിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇതിനുപുറമെ 2017 ഡിസംബർ വരെയുള്ള പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നുമുണ്ട്.

## (2) റബ്ബർ കർഷകരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഈ സബ്മിഷൻ റൂൾ 304 അനുസരിച്ച് നേരത്തെ നൽകിയിരുന്നു. ഇന്ന് രാവിലെ കർഷകപ്രേമവുമായി വന്ന ആളുകൾ .....

മി. സ്പീക്കർ: അങ്ങ് സബ്മിഷൻ ഉന്നയിക്കൂ.

ശ്രീ. പി. സി. ജോർജ്: ഞാൻ അതൊക്കെ പറയട്ടെ, ജനം അറിയട്ടെ, ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്ത നോട്ട് അവർ വായിച്ചുകാണും അതുകൊണ്ടായിരിക്കും പ്രതിപക്ഷം സഭയിൽ നിന്നും ഇറങ്ങിപ്പോയത്. എനിക്ക് സൂചിപ്പിക്കാനുള്ളത് റബ്ബർ കർഷകന്റെ ബുദ്ധിമുട്ടുകൾ തുടങ്ങിയിട്ട് മൂന്ന് വർഷമായി. 12 ലക്ഷത്തോളം വരുന്ന റബ്ബർ കർഷകരുടെ പ്രശ്നത്തിൽ ബഹുമാനപ്പെട്ട ഗവൺമെന്റിന്റേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധ പ്രത്യേകമായി പതിയേണ്ടതുണ്ട്. കാരണം കർഷകരെ വഞ്ചിക്കുന്നതാരാണ്? കർഷക പ്രേമം പറഞ്ഞ് സമരവുമായി നടക്കുന്ന ചില രാഷ്ട്രീയക്കാർ, നമ്മുടെ ഉല്പാദകരെ നശിപ്പിക്കാൻ ശ്രമിക്കുന്ന വ്യവസായികൾ ഇവരെല്ലാം ചേർന്ന് നടത്തുന്ന കൊള്ളയാണ് റബ്ബർ കർഷകർ അനുഭവിക്കുന്നത്. ഇന്ന് സ്വാഭാവിക റബ്ബറിന്റെ വില ഒരു കിലോയ്ക്ക് 116 രൂപയാണ്. കേന്ദ്ര ദേശീയ റബ്ബർ പോളിസി ഡ്രാഫ്റ്റ് ചെയ്തിട്ട് വർഷങ്ങൾ കഴിഞ്ഞില്ലേ? അടിയന്തരമായി റബ്ബർ പോളിസി നടപ്പാക്കാൻ നിയമസഭ ഒരു പ്രമേയം പാസ്സാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം കൊടുക്കണമെന്നുള്ളതാണ് എന്റെ ആദ്യത്തെ ആവശ്യം. റബ്ബർ പോളിസി വന്നാൽ വിള ഇൻഷ്വറൻസ് നടപ്പിലാക്കും. ഇപ്പോൾ റീ-പ്ലാന്റിംഗ് സബ്സിഡി 25,000 രൂപയാണ്. ഈ പോളിസി നടപ്പായാൽ 75,000 രൂപ വരെ റീ-പ്ലാന്റിംഗ് ചാർജ് വരും. 178 രാജ്യങ്ങൾ ഒപ്പിട്ട ആസിയൻ കരാർ നടപ്പിലാകുന്നതോടുകൂടി യാതൊരു കാരണവശാലും ഇറക്കുമതി അവസാനിപ്പിക്കാൻ കഴിയില്ല. രാഷ്ട്രീയക്കാരെല്ലാം കൃഷിക്കാരെ വഞ്ചിക്കുകയാണ്. 178 രാജ്യങ്ങൾ ഒപ്പിട്ടതാണ് ആസിയൻ കരാർ. കേന്ദ്രഗവൺമെന്റ് ഇംപോർട്ട് ഡ്യൂട്ടി 25% അനുവദിച്ചിട്ടുണ്ട്. ആ നിലയ്ക്ക് 25% എന്നത് കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യണമെങ്കിൽ 178 രാജ്യങ്ങൾ ഒരുമിച്ചുചേർന്ന് തീരുമാനമെടുക്കണം. അത് നടക്കാൻ പോകുന്നുണ്ടോ? പാവപ്പെട്ട പന്ത്രണ്ട് ലക്ഷത്തോളം കർഷകർക്കുവേണ്ടി ഈ 178 രാജ്യങ്ങൾ ഇങ്ങോട്ട് വരാൻ പോകുന്നില്ല. ആ നിലയ്ക്ക് ഒരു തീരുമാനമെടുക്കാൻ പോയിട്ട് കാര്യമില്ല എന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു പ്രധാന കാര്യം പറയാനുള്ളത്, റബ്ബർ പാലെടുക്കുന്ന ഫാക്ടറികൾ കർഷകരെ വഞ്ചിക്കുകയാണ്. ഒരു കിലോ റബ്ബർപാലിന്റെ ഇന്നത്തെ വില 73 രൂപയാണ്. വില നിർണ്ണയിക്കുന്നതിന് ഒരു മാനദണ്ഡമുണ്ട്. അത് ബേസ് റേറ്റ് എന്നുപറയും അതിന്റെ അർത്ഥം 73 x 1.76 അതാണ് ബേസ് റേറ്റായി വരുന്നത്. 128.50 രൂപ ഫിനിഷ്ഡ് പ്രോഡക്ടിന് വില വരും. പ്രോസസ്സിംഗ് ചാർജ് ഇന്ന് 20 രൂപ

മാത്രമാണ്. കർഷകന് കിട്ടേണ്ടത് എത്ര രൂപയാണ്? (128-20 = 108) 108 രൂപ കർഷകന് കിട്ടണം. എന്നാൽ കർഷകന് കൊടുക്കുന്നത് 80 രൂപയ്ക്ക് താഴെയാണ്. ഗവൺമെന്റ് ശ്രദ്ധിക്കേണ്ട കാര്യം, ഈ തുക കർഷകനെ വഞ്ചിച്ച് കമ്പനികളെടുക്കുമ്പോൾ, 150 രൂപ കൊടുക്കാമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. 150 രൂപ കൊടുക്കുമ്പോൾ 70 രൂപ സർക്കാർ ഖജനാവിലേയ്ക്കാണ് വരുന്നത്. ഈ തുക കച്ചവടക്കാരൻ മോഷ്ടിച്ചുകൊണ്ടുപോകുകയാണ്. ഇത് നിയന്ത്രിക്കാൻ നമുക്ക് കഴിയുന്നില്ല. നിയമം അനുസരിച്ച് കർഷകന് കൊടുക്കേണ്ട തുക കൊടുക്കാനും കർഷകനെ വഞ്ചിക്കുന്ന ഈ കമ്പനികളെ നിലയ്ക്ക് നിർത്താനുമുള്ള നടപടിയുണ്ടാകണം. ഇന്നുവരെ റബ്ബർ ബോർഡ് ലാറ്റക്സിന് വില പ്രഖ്യാപിച്ചിട്ടില്ല. എന്തുകൊണ്ട് ലാറ്റക്സിന്റെ വില റബ്ബർ ബോർഡ് നിശ്ചയിക്കുന്നില്ല? അതിൽ എന്തോ കള്ളക്കളിയുണ്ട്.

<u>മി. സ്പീക്കർ</u>: ......പ്ലീസ്...... കൺക്ലൂഡ്

<u>ശ്രീ. പി. സി. ജോർജ്</u>: ഞാൻ മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് നോട്ട് കൊടുത്തിട്ടുണ്ട്. ഞാൻ ചുരുക്കുകയാണ്. റോയൽ മാർക്കറ്റിംഗ് ആന്റ് ഡിസ്ട്രിബ്യൂട്ടേഴ്സ് (ഡി.സി.എ. ഫോർ റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്) കലൂർ, എറണാകുളത്ത് സെബാസ്റ്റ്യൻ പോളിന്റെ ഒരു സ്ഥാപനമുണ്ട്. കേരളത്തിലെ കൃത്രിമ റബ്ബറിന്റെ മുഴുവൻ ഉല്പാദനവും ഡിസ്ട്രിബ്യൂഷനും ഈ കമ്പനിയാണ് നടത്തുന്നത്. ഞാൻ വിവരാവകാശ നിയമപ്രകാരം കൊച്ചി കോർപ്പറേഷനിൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരു രൂപപോലും ടാക്സ് അടയ്ക്കുന്നില്ലെന്നാണ് അറിഞ്ഞത്. ആ കമ്പനി എങ്ങനെ പ്രവർത്തിക്കും? ഇവിടത്തെ ഒരു പ്രമുഖ രാഷ്ട്രീയനേതാവിന്റെ മക്കളും മരുമക്കളും ബന്ധുക്കളും മാത്രമാണ് ഡയറക്ടർ ബോർഡിലുള്ളത്. 2009-ൽ അതിൽ ഒരാൾ എം.ഡി. ആയപ്പോൾ അയാളുടെ ഭാര്യ ഡയക്ടർ ബോർഡ് മെമ്പറായി.

<u>മി. സ്പീക്കർ</u>: അങ്ങ് മുഖ്യമന്ത്രിക്ക് കൊടുക്കണമെന്നു പറഞ്ഞ നോട്ട് കൊടുക്കുന്നില്ലേ? അങ്ങ് ആ നോട്ട് കൊടുത്ത് സബ്മിഷൻ അവസാനിപ്പിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: നോട്ട് ഞാൻ മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ട്. കർഷകരെ വഞ്ചിക്കുന്ന, വരുമാന നികുതിപോലും അടയ്ക്കാത്ത റോയൽ മാർക്കറ്റിംഗ് ആന്റ് ഡിസ്ട്രിബ്യൂട്ടേഴ്സിനെതിരെ ഒരു അന്വേഷണം നടത്തണം. എത്രകോടി രൂപ മോഷ്ടിച്ചിട്ടുണ്ടെന്ന് മനസ്സിലാകും. ഈ കമ്പനിതന്നെ സ്വാഭാവിക റബ്ബറിന്റെ ഡിസ്ട്രിബ്യൂഷൻ ഏറ്റെടുത്തിരിക്കുകയാണ്. CEAT, MRF തുടങ്ങിയ വൻകിട ടയർ കമ്പനികൾക്ക് റബ്ബർ കൊടുക്കുന്നതിന്റെ എഗ്രിമെന്റ് വച്ചിരിക്കുന്നത് ഇവരാണ്. 150 രൂപയ്ക്ക് റബ്ബറെടുത്ത് 250 രൂപയ്ക്ക് ഈ വൻകിട കമ്പനികൾക്ക്

നൽകുകയാണ്. ഈ കൊള്ളയും അവസാനിപ്പിക്കണ്ടേ? അധികാരത്തിലിരുന്ന് കാണിച്ചത് വഞ്ചനയും കൊള്ളയും കർഷകദ്രോഹ നടപടികളും. എന്നിട്ട് കർഷകരുടെ മുന്നിൽ കയറി നിൽക്കുകയാണ്. ഈ വിഷയം ഇവിടെ ഞാൻ സബ്മിഷന് കൊടുത്തപ്പോൾ അടിയന്തര പ്രമേയവുമായി വരികയാണ്. കുഴപ്പമാകുമെന്ന് കണ്ടപ്പോൾ ഓടി രക്ഷപ്പെടുകയാണ്. കേരളത്തിലെ 12 ലക്ഷത്തോളം വരുന്ന പാവപ്പെട്ട റബ്ബർ കൃഷിക്കാരെ രക്ഷിക്കാൻ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പി.സി. ജോർജ് അവതരിപ്പിച്ച സബ്മിഷൻ അതീവ ഗൗരവമായ ഒരു കാര്യം തന്നെയാണ്. നമ്മുടെ സംസ്ഥാനത്തെ പ്രശ്നങ്ങൾ നേരിടുന്ന കർഷകരിൽ ഏറ്റവുമധികം ഗൗരവമായി കാണേണ്ട ഒന്നുതന്നെയാണ് റബ്ബർ കർഷകരുടെ കാര്യങ്ങൾ. അതുകൊണ്ടുതന്നെ അദ്ദേഹം പ്രകടിപ്പിച്ച വികാരത്തോട് സർക്കാരിന് യോജിപ്പേയുള്ളൂ. പക്ഷേ നമുക്കെല്ലാവർക്കുമറിയാം സംസ്ഥാന സർക്കാർ വിചാരിച്ചാൽ മാത്രം പരിഹരിക്കാൻ കഴിയുന്ന ഒന്നല്ല ഇന്ന് നാം നേരിടുന്ന പ്രശ്നം. ആസിയാൻ കരാറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശരിയായ രീതിയിൽത്തന്നെ അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കി വരുന്നത്. ഇതനുസരിച്ച് റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വിലവ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരികയാണ്. എന്നാൽ ഇതൊരു റബ്ബർ സംഭരണ പദ്ധതിയല്ല. 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 300 കോടി രൂപയായിരുന്നു ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ ഇതിലേയ്ക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 3-10-2016 വരെ പദ്ധതിയിനത്തിൽ 284,41,00,000 രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് നൽകി ഉത്തരവായിട്ടുണ്ട്. നാളിതുവരെ 2,98,295 റബ്ബർ കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്. 2016 ജൂൺ 30-ന് അവസാനിച്ച ഒന്നാം ഘട്ടത്തിന്റെ തുടർച്ചയായി ഈ പദ്ധതിയുടെ രണ്ടാം ഘട്ടം 2016 ജൂലൈ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത റബ്ബർ കർഷകർക്ക് രണ്ടാം ഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടുവരികയാണ്. റബ്ബർ കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനനുസരിച്ച് രണ്ടാഴ്ചയിലൊരിക്കൽ സബ്സിഡിത്തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. ഇതിൻപ്രകാരം 26-9-2016 വരെ സബ്സിഡിത്തുക റബ്ബർ

കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ പദ്ധതി വിലയിരുത്തുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമായി ബന്ധപ്പെട്ടവരുടെ യോഗം അടുത്തുതന്നെ ചേരാനും ഉദ്ദേശിക്കുന്നുണ്ട്. ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച തരത്തിലുള്ള ഏതെങ്കിലും കമ്പനികൾ കർഷകരെ വഞ്ചിക്കുന്ന നിലപാട് സ്വീകരിക്കുന്നുണ്ടെങ്കിൽ കർക്കശമായ നടപടികൾ അക്കാര്യത്തിൽ സ്വീകരിക്കുക തന്നെ ചെയ്യും.

10.00 AM]

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ആസിയാൻ കരാറിന്റെ ചുവടുപിടിച്ചുകൊണ്ട് പുതിയൊരു കരാറിൽ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടാൻ പോകുകയാണ്. റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ് എന്ന പേരിൽ നടക്കുന്ന കരാറിൽ മറ്റ് യൂറോപ്യൻ രാജ്യങ്ങളടക്കമുള്ള രാജ്യങ്ങളുമായി ചുങ്കരഹിതമായി ഇത്തരം ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള കരാറിന്റെ ചർച്ച നടന്നു കൊണ്ടിരിക്കുകയാണ്. സെൻസിറ്റീവ് ആന്റ് ഹൈലി സെൻസിറ്റീവ് പോലുള്ള കമ്മോഡിറ്റി ക്യാരക്ടർ തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റ് അഗ്രിക്കൾച്ചർ പ്രൊഡക്ഷന്റെ കമ്മോഡിറ്റിയുടെ സ്വഭാവം തീരുമാനിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റുകളുമായി കൺസൾട്ട് ചെയ്തിട്ടാണ് കരാറിലേർപ്പെടുന്നത്. ഈ കരാർ പ്രകാരം റബ്ബർ ചുങ്കരഹിതമായി ഇറക്കുമതി ചെയ്യുന്നതിനാണ് തീരുമാനം. ഇങ്ങനെ വന്നുകഴിഞ്ഞാൽ കേരളത്തിലെ റബ്ബർ കൃഷി പൂർണ്ണമായും നശിക്കാൻ ഇടയാകും. ആർ.സി.ഇ.പി. കരാറിൽ ഏർപ്പെടുന്നതിനുമുമ്പ് സംസ്ഥാന ഗവൺമെന്റുകളുമായി ചർച്ച നടത്തിയിട്ടുവേണം തീരുമാനമെടുക്കാനെന്നും ഈ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ പാടില്ലെന്നും പറഞ്ഞുകൊണ്ട് രണ്ടുതവണ കേന്ദ്ര ഗവൺമെന്റിന് കത്തയയ്ക്കുകയും കേന്ദ്രമന്ത്രി ഇവിടെ വന്നപ്പോൾ ഇക്കാര്യം അദ്ദേഹവുമായി നേരിട്ട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

### (3) കോൾനിലങ്ങളിലെ കൃഷി

ശ്രീ. മുരളി പെരുനെല്ലി: സർ, കേരളത്തിലെ നെല്ലുല്പാദന മേഖലയിൽ പ്രധാന പങ്കുവഹിക്കുന്ന തൃശ്ശൂർ ജില്ലയിലെ പകുതിയോളം വരുന്ന നിയമസഭാ മണ്ഡലങ്ങളിൽ, കൃഷി വകുപ്പുമന്ത്രിയുടെ മണ്ഡലമടക്കമുള്ള പ്രദേശങ്ങളിൽ വ്യാപിച്ചുകിടക്കുന്ന മുപ്പതിനായിരം ഏക്കർ കോൾ നിലങ്ങളിൽ ഈ വർഷത്തെ കൃഷിപ്പണികൾ ആരംഭിക്കാൻ പോകുകയാണ്. കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കാൻ ഏനാമാക്കൽ, ഇടിയഞ്ചിറ, മുനയം തുടങ്ങി പത്തിലേറെ ഇടങ്ങളിൽ താൽക്കാലിക റിംഗ് ബണ്ട് നിർമ്മിക്കേണ്ടതുണ്ട്. അതുപോലെ കോൾ ചാലുകളിലെ നീരൊഴുക്കിന് തടസ്സമുണ്ടാക്കുന്ന ചണ്ടി, കുളവാഴ

എന്നിവ അടിയന്തരമായി നീക്കം ചെയ്താൽ മാത്രമേ കൃഷിയിറക്കാൻ സാധിക്കുകയുള്ളൂ. ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ ഈ വർഷം കൃഷിയിറക്കാൻ കഴിയില്ലെന്നുള്ള കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഈ പ്രവൃത്തികൾക്കായി ഏകദേശം 4 കോടി രൂപ ചെലവ് വരുമെന്നാണ് ഇറിഗേഷൻ വകുപ്പ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി 2½ കോടി രൂപ മാത്രമാണ് ഈ ആവശ്യങ്ങൾക്കായി അനുവദിക്കുന്നത്. ഇത്തവണയും 2½ കോടി രൂപ അനുവദിച്ചിട്ടുണ്ട്. പക്ഷേ ആ തുകയിൽ നിന്നും കഴിഞ്ഞ വർഷം ചണ്ടി നീക്കിയ വകയിൽ ജില്ലയിലെ സഹകരണ സംഘങ്ങൾക്ക് 85 ലക്ഷം രൂപ ബാക്കി കൊടുക്കാനുണ്ട്. അത് കൊടുത്തുകഴിഞ്ഞുള്ള തുക മാത്രമേ ടി പ്രവൃത്തിക്കുള്ളൂ. എസ്റ്റിമേറ്റ് തുകയില്ലാതെ പണികൾ ടെണ്ടർ ചെയ്യില്ലെന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പറയുന്നത്. കഴിഞ്ഞ വർഷങ്ങളിൽ ഈ പണികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ താമസം വന്നതിന്റെ ഫലമായി ഉപ്പുവെള്ളം കയറി കൃഷിയുടെ വിളവിൽ വലിയ കുറവ് സംഭവിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. റിംഗ് ബണ്ട് യഥാസമയം ഇട്ടില്ലെങ്കിൽ കായലിൽ നിന്ന് ഉപ്പുവെള്ളം കയറി കൃഷി നശിക്കാനുള്ള സാധ്യതകളുണ്ട്. കഴിഞ്ഞ വർഷം കൃഷിക്കാരുടെ ഭാഗത്തുനിന്നും വലിയ പ്രക്ഷോഭം ഉയർന്നുവന്നു. പിന്നീടാണ് പണികൾ ആരംഭിക്കുന്ന സ്ഥിതിവിശേഷമുണ്ടായത്. ഈ വർഷത്തെ കൃഷി സുഗമമായി നടത്തുന്നതിനാവശ്യമായ തുക നൽകി അടിയന്തരമായി റിംഗ് ബണ്ടുകളുടെ നിർമ്മാണവും ചണ്ടി, കുളവാഴ തുടങ്ങിയവ നീക്കം ചെയ്ത് കർഷകരുടെ പ്രതിഷേധങ്ങളൊന്നുമില്ലാതെ പ്രശ്നം പരിഹരിക്കാനായി അടിയന്തര നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, സബ്മിഷന്റെ മറുപടി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ തന്നെയുണ്ടായി. തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കൃഷിയെ സഹായിക്കുന്നതിനുവേണ്ടി കോൾ ചാലുകളിൽ നീരൊഴുക്കിന് തടസ്സമായി നിൽക്കുന്ന ചണ്ടിയും കുളവാഴയും നീക്കം ചെയ്യുന്നതിനും ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കാനായുള്ള മൺചിറയുടെ നിർമ്മാണത്തിനും റെഗുലേറ്ററിന്റെ അറ്റകുറ്റപ്പണികൾക്കുമായി ആകെ 2.5 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ചണ്ടിയും ചെളിയും നീക്കം ചെയ്തതിന് സഹകരണ സംഘത്തിന് നൽകാനുള്ള 84 ലക്ഷം രൂപ ഈ വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി പദ്ധതി വിഭാഗം-2, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സാമ്പത്തിക അനുമതി നൽകിക്കഴിഞ്ഞിട്ടുള്ളതിനാൽ ഫലത്തിൽ ഈ വർഷത്തിലെ മറ്റ് പണികൾക്കായി ഒരു കോടി അറുപത്തിയാറു ലക്ഷം രൂപ മാത്രമാണ് ബാക്കിയുള്ളത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ നാലുകോടി രൂപയുണ്ടെങ്കിൽ മാത്രമേ പണികൾ പൂർത്തീകരിക്കാനാവുകയുള്ളൂ. എന്നാൽ കൃഷി നടത്താനാവശ്യമായ സാഹചര്യങ്ങളൊരുക്കാനുള്ള തുക ലഭ്യമാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

## (4) മാവൂരിൽ പി.എച്ച്.സി.

ശ്രീ. പി. ടി. എ. റഹീം: സർ, പഞ്ചായത്ത്‌രാജ് ആക്ട് നിലവിൽ വന്നപ്പോൾ പി.എച്ച്.സി.-കളും സി.എച്ച്.സി.-കളുമൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരുന്നു. അവിടെയുള്ള ഉദ്യോഗസ്ഥരാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്നത്. പക്ഷേ കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ചെറുപ്പ സി.എച്ച്.സി. അങ്ങനെ കൈമാറിയിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. നേരത്തേ ബ്ലോക്ക് പഞ്ചായത്തുൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാര്യമായ സാമ്പത്തിക സഹായവും മെയിന്റനൻസുമൊക്കെ ചെറുപ്പ സി.എച്ച്.സി.-യിൽ നടത്തിയിരുന്നു. പക്ഷേ ആഡിറ്റ് ഡിപ്പാർട്ടുമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറാത്തതാണ് ഈ സ്ഥാപനം എന്നുള്ളതുകൊണ്ട് അവർ പണം ചെലവഴിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ചെറുപ്പ ഹെൽത്ത് സെന്റർ ഇപ്പോൾ നോക്കാൻ ആളില്ലാത്ത ഒരു സ്ഥിതി വിശേഷത്തിലേയ്ക്ക് വന്നിരിക്കുന്നു. മാവൂർ പഞ്ചായത്തിലാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്. മാവൂർ പഞ്ചായത്തിനാണെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥരെ വയ്ക്കാനുള്ള സാഹചര്യവും ഇല്ലാതെ വന്നിരിക്കുന്നു. മാത്രമല്ല ഇരട്ട നിയന്ത്രണമാണ് സി.എച്ച്.സി.-യിലെ ഉദ്യോഗസ്ഥർക്കുള്ളത്. കുറേയാളുകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും കുറേയാളുകൾ ഹെൽത്ത് സർവ്വീസിന്റെ കീഴിലുമാണ് പ്രവർത്തിക്കുന്നത്. മാത്രമല്ല മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിക്ക് ഇതിന്റെമേൽ അധികാരമൊന്നുമില്ല. മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിക്ക് ഇതിന്റെ കൂടി ഉത്തരവാദിത്തം കൊടുത്തുകൊണ്ട് വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിലെ ചെറുപ്പ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന എം.സി.എച്ച്. യൂണിറ്റ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരമുള്ള കോഴിക്കോട് മെഡിക്കൽ കോളേജിന്റെ റൂറൽ സെന്ററാണ്. എല്ലാ മെഡിക്കൽ കോളേജുകൾക്കും എം.സി.ഐ. അംഗീകാരം ലഭിക്കണമെങ്കിൽ ഇങ്ങനെയുള്ള രണ്ട് റൂറൽ സെന്ററുകൾ അതത് പ്രദേശത്ത് ഉണ്ടാകണമെന്നുള്ള നിർദ്ദേശപ്രകാരം ചില പി.എച്ച്.സി.-കളെ ഇത്തരത്തിൽ റൂറൽ സെന്ററുകളായി പരിഗണിക്കുകയാണ്. മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനത്തിന് വേണ്ടി സ്ഥാപിച്ച യൂണിറ്റ് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ നിയന്ത്രണത്തിലാണ്. പ്രസ്തുത യൂണിറ്റിലെത്തുന്ന രോഗികൾക്ക് വേണ്ടത്ര സൗകര്യമൊരുക്കാൻ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി

വികസന സമിതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഈ യൂണിറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറിയ സ്ഥാപനമല്ല. ഈ സ്ഥാപനത്തിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെയും ഡോക്ടർമാരുടെയും നിയന്ത്രണം ആരോഗ്യ വകുപ്പിന്റെ കീഴിലാണ് നിലനിൽക്കുന്നത്. ഇത് പി.എച്ച്.സി. ആയിട്ട് തന്നെയാണ് കണക്കാക്കുന്നത്. പഞ്ചായത്തിൽ ഒരു പി.എച്ച്.സി. നിലവിലുള്ള സാഹചര്യത്തിൽ പുതിയ പി.എച്ച്.സി. അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. ഭരണ നിർവ്വഹണം ഇപ്പോഴത്തെ രീതിയിൽ തന്നെ നിലനിർത്തിക്കൊണ്ട് പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ മെഡിക്കൽ കോളേജിന്റെ നിയന്ത്രണത്തിലാണ് പ്രസ്തുത യൂണിറ്റ് ഉള്ളതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കാര്യങ്ങൾ ശ്രദ്ധിക്കാൻ കഴിയുന്ന രീതിയിൽ ക്രമീകരിക്കുന്നതിന് പരിശ്രമിക്കുന്നുണ്ട്. അതിനുള്ള തടസ്സങ്ങൾ നീക്കാൻ കഴിയുമോ എന്നാണ് പരിശോധിച്ചുകൊണ്ടിരിക്കുന്നത്.

## (5) സാക്ഷരതാ പ്രേരക്മാരുടെ വേതന വർദ്ധനവ്

ശ്രീ. കെ. ഡി. പ്രസേനൻ: സർ, 1998 ഒക്ടോബർ 2-ന് സഖാവ് ഇ. കെ. നായനാർ സർക്കാരിന്റെ നേതൃത്വത്തിൽ രൂപംകൊടുത്ത കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്കുകീഴിൽ 2556 പ്രേരക്മാരാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അവർ കടുത്ത ദുരിതം നേരിടുകയാണ്. ജില്ലാ പഞ്ചായത്തിനു കീഴിലുള്ള 22 പ്രേരക്മാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 339 എൻ.സി.ഇ.സി. പ്രേരക്മാരും ഗ്രാമ പഞ്ചായത്തിനു കീഴിലുള്ള 2195 സി.ഇ.സി. പ്രേരക്മാരും നാമമാത്രമായ ഓണറേറിയം ലഭിക്കുന്നവരാണ്. 2,400 രൂപ മാത്രമാണ് പഞ്ചായത്തിലെ അസിസ്റ്റന്റ് പ്രേരക്മാർക്ക് ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്നത്. സാക്ഷരതാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ മാത്രമല്ല, ത്രിതല പഞ്ചായത്തുകളുടെ മറ്റെല്ലാ പ്രോജക്ടുകളുടെയും നടത്തിപ്പിനെ സഹായിക്കുന്ന രൂപത്തിൽ ഏകദേശം മുഴുവൻ സമയവും അവർ പ്രവർത്തിക്കുകയാണ്. ഈ രംഗത്ത് 95 ശതമാനത്തിലധികവും സ്ത്രീകളാണ്. പ്രവൃത്തി ദിവസങ്ങളിൽ 10 മുതൽ 5 വരെ എന്ന നിർബന്ധ സേവനം അവർക്ക് ബാധകമാണ്. അതു കൂടാതെ തുല്യതാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി അവധി ദിവസങ്ങൾ നഷ്ടപ്പെട്ടവരാണിവർ. 2016 സെപ്റ്റംബർ 5-ന് സാക്ഷരതാ മിഷന്റെ ഓഫീസ് പ്രവർത്തകരായ കോർഡിനേറ്റർമാരുടെ വേതനം ഹയർ സെക്കന്ററി അദ്ധ്യാപകരുടേതിന് സമാനമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ആ ഘട്ടത്തിലും ഫീൽഡ് വർക്കർമാരായ സാക്ഷരതാ പ്രേരക്മാരെ അവഗണിക്കുകയാണ് ചെയ്തത്. ഏറ്റവും ദുർബലരായ സാക്ഷരതാ പ്രേരക്മാരുടെ വേതനം വർദ്ധിപ്പിച്ച് അവരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള ഏതെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കണക്കുപ്രകാരം കേരളത്തിലെ 14 ജില്ലകളിലുമായി ആകെ 2139 പ്രേരക്മാർ മാത്രമാണ് ഇപ്പോൾ ജോലി നിർവ്വഹിച്ചു വരുന്നത്. നിലവിൽ പഞ്ചായത്തുതലത്തിൽ തുടർവിദ്യാകേന്ദ്രവും ബ്ലോക്കുതലത്തിൽ വികസന വിദ്യാകേന്ദ്രവും ജില്ലാതലത്തിൽ മാതൃകാ വികസന വിദ്യാകേന്ദ്രവുമുണ്ട്. തുടർവിദ്യാകേന്ദ്രത്തിൽ പ്രേരകിന് 2,900 രൂപയും അസിസ്റ്റന്റ് പ്രേരകിന് 2,500 രൂപയും വികസന വിദ്യാകേന്ദ്രം പ്രേരകിന് 3,800 രൂപയും അസിസ്റ്റന്റ് പ്രേരകിന് 2,900 രൂപയും മാത്രമാണ് പ്രതിമാസ ഓണറേറിയം. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (6) നെന്മാറയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം

ശ്രീ. കെ. ബാബു: സർ, സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലോ എയ്ഡഡ് മേഖലയിലോ ആർട്സ് ആന്റ് സയൻസ് കോളേജോ എഞ്ചിനീയറിംഗ് കോളേജോ പോളിടെക്നിക് കോളേജോ ഇല്ലാത്ത ഏക മണ്ഡലമാണ് എന്റെ നിയമസഭാ മണ്ഡലമായ നെന്മാറ. 1957-ലെ ആദ്യ തെരഞ്ഞെടുപ്പുകാലത്ത് രൂപീകരിക്കപ്പെട്ട കൊല്ലങ്കോട് എന്ന പേരിൽ അറിയപ്പെടുന്ന മണ്ഡലമാണ് ഇപ്പോഴത്തെ നെന്മാറ നിയമസഭാ മണ്ഡലം. മണ്ഡലത്തിലെ 10 പഞ്ചായത്തുകളിലായി 11 ഹയർ സെക്കന്ററി സ്കൂളുകളിലും 2 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും 4 സെൻട്രൽ സിലബസ്സിലുള്ള സ്കൂളുകളിലും 2 അൺ-എയ്ഡഡ് സ്കൂളുകളിലുമായി ഓരോ അദ്ധ്യയന വർഷവും മൂവായിരത്തിലധികം കുട്ടികൾ പ്ലസ് ടു പരീക്ഷ എഴുതുകയും രണ്ടായിരത്തിലധികം കുട്ടികൾ ഉപരിപഠനത്തിന് അർഹത നേടുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികളിൽ മഹാഭൂരിപക്ഷം വരുന്നവരും എന്റെ മണ്ഡലത്തിന്റെ തൊട്ടടുത്തുള്ള സംസ്ഥാനമായ തമിഴ്നാട്ടിലെ കഴുത്തറുപ്പൻ സ്വകാര്യ കോളേജുകളിലാണ് ഉപരിപഠനത്തിനായി പോകുന്നത്. മണ്ഡലത്തിൽ പ്രധാനമായും കാർഷിക മേഖലയിലുള്ളവരും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുമാണ് അധിവസിക്കുന്നത്. നെന്മാറയിൽ 'നമുക്ക് വേണം ഒരു കോളേജ് ' എന്ന ആശയം ഉയർത്തിപ്പിടിച്ചു കൊണ്ട് ഒരു മീറ്റിംഗ് വിളിച്ചപ്പോൾ ആയിരക്കണക്കിന് രക്ഷിതാക്കളാണ് അതിൽ പങ്കെടുത്തത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലിയായ ഖജനാവാണ് എൽ.ഡി.എഫ്. സർക്കാരിനെ ഏൽപ്പിച്ചിട്ടുള്ളതെന്ന് നമുക്കറിയാമെങ്കിലും വിദ്യാഭ്യാസ മേഖലയെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും മികവ് ലക്ഷ്യമാക്കിക്കൊണ്ടും മുന്നോട്ടുപോകുന്ന ഈ എൽ.ഡി.എഫ്. സർക്കാരാണ് ഉപരിപഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും നെന്മാറ നിയോജകമണ്ഡലത്തിലെ രക്ഷിതാക്കൾക്കുമുള്ള ഏക വിശ്വാസം. കാർഷിക മേഖലയുമായി ബന്ധപ്പെട്ട ടെക്നിക്കൽ കോഴ്സുകളോ പരിസ്ഥിതി പഠനവുമായോ ബയോടെക്നോളജിയുമായി

ബന്ധപ്പെട്ട പുതിയ കോഴ്സോടുകൂടിയ ഒരു എഞ്ചിനീയറിംഗ് കോളേജോ അല്ലെങ്കിൽ ഒരു പോളിടെക്നിക്കോ അതുമല്ലെങ്കിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജോ സർക്കാർ ഉടമസ്ഥതയിൽ നെന്മാറ നിയോജകമണ്ഡലത്തിൽ അനുവദിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ സഭയുടെ മുമ്പാകെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, നെന്മാറ നിയോജകമണ്ഡലത്തിൽ നിലവിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. നെന്മാറ നിയോജക മണ്ഡലത്തിലെ വിദ്യാർത്ഥികൾ ആലത്തൂർ, ചിറ്റൂർ മുതലായ സ്ഥലങ്ങളിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് പഠനത്തിനായി ആശ്രയിക്കുന്നത്. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമായി ആലോചിച്ച് നെന്മാറ നിയോജക മണ്ഡലത്തിൽ ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്ന കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

## (7) തെരുവുനായ്ക്കളുടെ ഉന്മൂലനം

ശ്രീ. രാജു എബ്രഹാം: സർ, 7 വർഷം മുമ്പ് തെരുവുനായ പ്രശ്നം രൂക്ഷമായപ്പോൾ ഞാനാണ് ആദ്യമായി ഈ വിഷയം ഒരു സബ്മിഷനിലൂടെ അവതരിപ്പിച്ചത്. അതിനുശേഷം 7-8 എം.എൽ.എ.-മാർ ഇതേക്കുറിച്ച് സഭയിൽ നിരവധി തവണ സബ്മിഷനും ശ്രദ്ധ ക്ഷണിക്കലും അവതരിപ്പിച്ചിട്ടുണ്ട്. തെരുവുനായ ശല്യം ഇന്നും പരിഹരിക്കാൻ കഴിയാത്ത പ്രശ്നമായി നിൽക്കുകയാണ്. ഇവിടെ ഗവൺമെന്റ് വന്ധ്യംകരണമെന്ന പോംവഴി നിർദ്ദേശിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് നല്ല കാര്യമാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ, വന്ധ്യംകരിക്കുന്ന നായയ്ക്ക് എന്ത് മാറ്റമാണ് ഉണ്ടാകുക. അത് വീണ്ടും 10-15 വർഷംകൂടി ജീവിക്കും. അങ്ങനെ 10-15 വർഷം ജീവിക്കുമ്പോൾ അത് കണ്ണിൽ കണ്ടവരെയെല്ലാം കടിക്കും. പ്രശ്നം വീണ്ടും രൂക്ഷമാകുന്ന ഒരു അന്തരീക്ഷമാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. ഇവിടെ കാളകളെയും കോഴികളെയും താറാവുകളെയും തുടങ്ങി എല്ലാത്തിനെയും കൊല്ലാം. നായ്ക്കളെ മാത്രം കൊല്ലാൻ സാധിക്കില്ല. ഇത് എന്ത് സംവിധാനമാണ്? അതിനുവേണ്ടി ആനിമൽ ബർത്ത് കൺട്രോൾ നിയമം കൊണ്ടുവന്നു. പക്ഷേ, sodium pentathol എന്ന വിഷം ഉപയോഗിച്ച് ഇതിനെ കൊല്ലാമെന്ന് വളരെ വ്യക്തമായി കേന്ദ്ര നിയമത്തിന്റെ ചട്ടത്തിൽതന്നെ പറയുന്നുണ്ട്. ഇവിടെ നമുക്ക് രക്തസാക്ഷികളെ സൃഷ്ടിക്കുകയാണോ വേണ്ടത്; പുല്ലുവിളയിലെ ഒരു പാവപ്പെട്ട വീട്ടമ്മയെ തെരുവുനായ കടിച്ചുകീറി കൊലപ്പെടുത്തി. നായ എത്രയോ ആളുകളുടെ കുറുകെ ചാടി അപകടം സംഭവിച്ചിട്ടുണ്ട്. ഷൈൻ എന്ന ചെറുപ്പക്കാരന്റെ വൃക്ക നഷ്ടപ്പെട്ടു. മലപ്പുറത്തെ ഇഷയെന്ന കുട്ടിയടക്കം നൂറുകണക്കിന് കുട്ടികളുടെ മുഖമാണ് തെരുവുനായ്ക്കൾ കടിച്ചുപറിച്ചിട്ടുള്ളത്. ഓരോ ദിവസവും ആയിരക്കണക്കിന് ആളുകൾക്ക് തെരുവുനായ്ക്കളുടെ കടിയേൽക്കുകയാണ്.

എണ്ണായിരം കോടിയോളം രൂപയുടെ റാബീസ് വാക്സിൻ കച്ചവടം നടത്തുന്ന ലോബികളാണ് നായ്ക്കളെ കൊല്ലാൻ പാടില്ലെന്ന വാദങ്ങളും പ്രചരണങ്ങളുമായി രംഗത്തു വന്നിരിക്കുന്നത്. അങ്ങ് ചില അഭിപ്രായ പ്രകടനങ്ങൾ വളരെ ധീരമായി നടത്തിയിട്ടുണ്ട്. തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന നിർദ്ദേശത്തെ അംഗീകരിക്കുന്നതോടൊപ്പം തന്നെ ഇതിനെ ഉന്മൂലനം ചെയ്യാൻ, ഇതിനെ കൊല്ലാൻ വേണ്ടിയുള്ള നടപടികൾ, എ. ബി. സി. ചട്ടത്തിൽ പറയുന്നുണ്ട്. ആ ചട്ടം നടപ്പാക്കിക്കൊണ്ട് കേരളത്തിലെ വഴിനടക്കുന്ന കുട്ടികളെയും വീട്ടമ്മമാരെയും പാവപ്പെട്ടവരെയും രക്ഷിക്കണം. ഇവിടെ ആർക്ക് വഴി നടക്കാൻ കഴിയും? ജീവന് സംരക്ഷണം കൊടുക്കാൻ ബാധ്യതപ്പെട്ട നിയമം അനുസരിച്ചുകൊണ്ടുതന്നെ നടപടി സ്വീകരിക്കണം. വഴി നടക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് തെരുവുനായ പ്രശ്നം ഇന്ന് മാറിയിട്ടുണ്ട്. ഒരു അഭിപ്രായ സർവ്വേയെടുത്താൽ കേരളത്തിലെ 99 ശതമാനം ജനങ്ങളും തെരുവുനായ്ക്കളെ കൊല്ലണമെന്നുള്ള നിലപാടുതന്നെ സ്വീകരിക്കും. അതുകൊണ്ട് ജനവികാരം മാനിച്ചുകൊണ്ടുതന്നെ ഈ തീരുമാനം നടപ്പാക്കാൻ അങ്ങ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ആക്രമണകാരികളായ സ്ട്രേ ഡോഗ്സിനെ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്ന് നിലവിലുള്ള നിയമംതന്നെ അനുശാസിക്കുന്നുണ്ട്. സമീപകാലത്ത് തെരുവുനായ്ക്കളുടെ ശല്യം വലിയ തോതിലാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. സ്ട്രേ ഡോഗ്സിന്റെ കടിയേറ്റ് ഒരു സഹോദരി ദാരുണമായി മരിക്കുകയും കുട്ടികളുൾപ്പെടെ നിരവധി പേർക്ക് മാരകമായി പരിക്കേൽക്കുകയും ചെയ്തത് വല്ലാത്ത ഭീതിയാണ് ജനങ്ങൾക്കിടയിൽ ഉണ്ടാക്കിയിരിക്കുന്നത്. ഈ സാഹചര്യത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ടാണ് ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ വിവിധ വകുപ്പു മേധാവികളുടെ ഒരു യോഗം 22-8-2016-ന് വിളിച്ചു ചേർത്തത്. ആ യോഗത്തിൽ സുപ്രധാനമായ ചില തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി. പ്രസ്തുത യോഗത്തിലുണ്ടായ പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് 2016 സെപ്റ്റംബർ 1 മുതൽ തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്കും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം അവയുടെ പ്രജനനം ശാസ്ത്രീയമായി തടയുക എന്നുള്ളതാണ്. ഇതിനായി സ്ട്രേ ഡോഗ്സിനെ വന്ധ്യംകരിക്കുന്ന കർമ്മ പരിപാടികൾ വിവിധ തദ്ദേശ സ്ഥാപനങ്ങൾ നടത്തിവരികയാണ്. ഇതിനകം പതിനായിരത്തിലധികം തെരുവുനായ്ക്കളെ സ്റ്റെറിലൈസേഷന് വിധേയമാക്കിയതായാണ് ലഭിച്ചിരിക്കുന്ന കണക്ക്. സ്റ്റെറിലൈസേഷന് വിധേയമാക്കിയ നായ്ക്കൾ പിന്നീട് വലിയ ശൗര്യം കാണിക്കില്ല, ആക്രമണ സ്വഭാവം വെടിയുമെന്നാണ് ഇതുമായി

ബന്ധപ്പെട്ട വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിരിക്കുന്നത്. തെരുവുകളിൽ ഉപേക്ഷിക്കപ്പെടുന്ന മാലിന്യങ്ങൾ ഭക്ഷിച്ചാണ് തെരുവുനായ്ക്കൾ പെറ്റുപെരുകുന്നതെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണവും ഇതോടൊപ്പം നടക്കേണ്ടതുണ്ടെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാനായി 895 ഗ്രാമപഞ്ചായത്തുകളും എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതനുസരിച്ച് 77 പേർക്കെതിരെ വിവിധ തദ്ദേശ സ്ഥാപനങ്ങൾ പിഴ ചുമത്തിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ Animal Birth Control Programme-ന് ഏതാണ്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളും പണം വകയിരുത്തിയിട്ടുണ്ട്. വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷനുകൾ സ്വീകരിച്ചു വരുന്നു. തെരുവു നായ്ക്കളെ പൂർണ്ണമായും തെരുവുകളിൽനിന്ന് ഡോഗ് പാർക്കുകളിലേയ്ക്ക് ജില്ലാടിസ്ഥാനത്തിൽതന്നെ മാറ്റുന്നത് സംബന്ധിച്ചും ഗവൺമെന്റിന്റെ മുൻപിൽ വ്യക്തമായിട്ടുള്ള ചില കർമ്മ പരിപാടികളുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് ഇങ്ങനെയുള്ള Zoo-കൾ നിർമ്മിക്കുന്നതിനും ഗവൺമെന്റ് പരിഗണന നൽകുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് പ്രകാരം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 601-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2553-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

## VI റിപ്പോർട്ട് സമർപ്പണം

### എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ

ശ്രീ. എസ്. ശർമ്മ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## VII പ്രമേയം

ഒക്ടോബർ 7-ാം തീയതിയിലെ സഭാസമ്മേളനം ഒഴിവാക്കുന്നതു സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിനായി അംഗീകരിച്ചിട്ടുള്ള കലണ്ടറിൽ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് ഒക്ടോബർ 7-ാം തീയതി വെള്ളിയാഴ്ചയിലെ സമ്മേളനം ഒഴിവാക്കാൻ ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## VIII ധനകാര്യം

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രിക്ക് മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഒൻപതാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഒൻപതാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17<br>24-2-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-7-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7)) | (8) | (9) |
| XXXIII | മത്സ്യബന്ധനം | 98,58,48,000 | 90,68,33,000 | 73,93,86,000 | 68,01,26,000 | 123,23,11,000 | 113,35,44,000 | 236,58,55,000 |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ധനകാര്യവും കയറും വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ഡോ. ടി.എം. തോമസ് ഐസക് XXXIII-ാം നമ്പർ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ ശിപാർകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വയ്ക്കേണ്ടതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി I-ന്റെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: കട്ട് മോഷനുകൾ അവതരിപ്പിച്ചിട്ടില്ല. ചർച്ച ആരംഭിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി അവതരിപ്പിച്ച മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് ഗണ്യമായ സ്വാധീനമാണ് മത്സ്യ മേഖലയ്ക്കുള്ളത്. കഴിഞ്ഞ 5 വർഷക്കാലം മത്സ്യമേഖല കൂടുതൽ ദുർബലമായി എന്ന ചിത്രമാണ് പല റിപ്പോർട്ടുകളിലൂടെയും നമുക്ക് കാണാൻ സാധിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് മത്സ്യ മേഖലയുടെ സംരക്ഷണത്തിനുവേണ്ടി ഫലപ്രദമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവെന്ന് വിലയിരുത്താൻ സാധിക്കില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 5 മാസം പൂർത്തീകരിക്കാൻ പോകുന്ന ഈ സന്ദർഭത്തിൽ ആദ്യത്തെ 100 ദിവസത്തിനകംതന്നെ മത്സ്യമേഖലയിലെ തൊഴിലാളികൾ, അതുമായി ബന്ധപ്പെട്ടവർക്കെല്ലാം ഒരു പ്രതീക്ഷ ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കുന്ന നിലയിൽ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അത് ഏറെ സ്വാഗതാർഹമായ കാര്യമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ 3 ശതമാനവും ആഭ്യന്തര ഉൽപ്പാദനത്തിന്റെ 8 ശതമാനവും മത്സ്യമേഖലയിലെ തൊഴിലാളികളുടെ സംഭാവനയാണ്. 9 ജില്ലകളിലായി 590 കിലോമീറ്റർ ദൈർഘ്യമുള്ള കടലോരത്ത് 222 തീരദേശ മത്സ്യഗ്രാമങ്ങളിലും 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളിലുമായി 12 ലക്ഷത്തിൽപ്പരം മത്സ്യത്തൊഴിലാളികളുണ്ട്. ഈ വിഭാഗം സാമ്പത്തികമായും സാമൂഹ്യമായും ഏറെ പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗമാണ് എന്നുള്ള കാര്യം എല്ലാവർക്കും അറിയാം.

തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവയെല്ലാം മത്സ്യമേഖലയിലെ തൊഴിലാളികളുടെ ജീവിത പ്രയാസങ്ങൾ വർദ്ധിപ്പിക്കുന്നതിനിടയാക്കിയിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ കയറ്റുമതി വരുമാനത്തിൽ മത്സ്യമേഖല ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. സംസ്ഥാനത്തെ 78-80 ശതമാനത്തോളം ജനങ്ങളും മത്സ്യം കഴിക്കുന്നവരാണ്. കേന്ദ്ര ഗവൺമെന്റ് മത്സ്യമേഖലയുടെ പരിരക്ഷയ്ക്കുവേണ്ടി ഫലപ്രദമായ നടപടികളൊന്നും സ്വീകരിക്കുന്നില്ല. അതുമായി ബന്ധപ്പെട്ട ഒട്ടേറെ റിപ്പോർട്ടുകൾ ഇക്കാലത്ത് വന്നിട്ടുണ്ട്. എന്തിനധികം പറയുന്നു, മത്സ്യമേഖലയ്ക്കുവേണ്ടി ഒരു ഫിഷറീസ് മന്ത്രാലയം പ്രത്യേകമായി രൂപീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല. കേരളത്തിൽ അങ്ങനെയൊരു വകുപ്പും മന്ത്രാലയവുമുണ്ട്. അതുകൊണ്ടാണ് ഇത് പ്രത്യേകമായി ചർച്ച ചെയ്യേണ്ടതായി വന്നത്. ഈ പ്രധാനപ്പെട്ട മേഖലയെ അവഗണിക്കുന്നതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. കേന്ദ്രത്തിൽ മത്സ്യമേഖലയ്ക്ക് പ്രത്യേകമായി ഒരു മന്ത്രാലയം ആരംഭിക്കണമെന്ന നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് മുന്നോട്ടു വയ്ക്കണം. മത്സ്യോൽപ്പാദനത്തിന്റെ കാര്യത്തിൽ ഒരു കാലത്ത് കേരളം ഒന്നാം സ്ഥാനത്തായിരുന്നു. ഇപ്പോൾ നാലാം സ്ഥാനത്ത് എത്തിയിരിക്കുന്നു എന്നാണ് കിട്ടിയിട്ടുള്ള റിപ്പോർട്ടുകൾ. പശ്ചിമബംഗാളിന്റേയും ആന്ധ്രാപ്രദേശിന്റേയും ഗുജറാത്തിന്റേയും പിറകിലാണ് നമ്മുടെ സംസ്ഥാനം ഇന്ന്

നിലയുറപ്പിച്ചിട്ടുള്ളത്. നമുക്കാവശ്യത്തിന് മത്സ്യം കിട്ടാനില്ല, കുറേ വർഷക്കാലത്തിനു ശേഷം മത്സ്യത്തിന് വലിയ ക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. ധാരാളം മത്സ്യം ഇപ്പോൾ മറ്റു രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നുണ്ടെന്ന് നമുക്കറിയാം. സാധാരണ ആളുകൾ ഉപയോഗിക്കുന്നതും സുലഭമായി ലഭിച്ചുവന്നിരുന്നതുമായ ചാള പോലുള്ള ഇനങ്ങൾ ലഭിക്കാനില്ല. ഇപ്പോൾ മാർക്കറ്റിലെത്തുന്നത് ഒമാൻ ചാളയാണ്. ലേബൽ ഒട്ടിച്ചിട്ടുള്ള ആപ്പിളും മറ്റു ഫലവർഗ്ഗങ്ങളും ആസ്ട്രേലിയയിൽ നിന്നുമൊക്കെ ഇറക്കുമതി ചെയ്യുന്നതുപോലെ കാണാൻ നല്ല സൗന്ദര്യമുള്ള ഒമാൻ ചാളയാണ് മാർക്കറ്റിൽ ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ് കേരളത്തിൽ കൂടുതലുള്ളത്. ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ വിദേശ കപ്പലുകൾക്ക് ട്രോളിംഗിനുള്ള അനുവാദം നൽകുന്നു. എന്നാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവിടെ പ്രവേശിക്കാൻ സാധിക്കുന്നില്ല. കേരളത്തിൽ സമീപ ഭാവിയിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അത് ഉപയോഗപ്പെടുത്താനും സാധിക്കണമെങ്കിൽ ആഴക്കടൽ മത്സ്യബന്ധനത്തിന് പരമ്പരാഗത തൊഴിലാളികളെ പ്രാപ്തരാക്കേണ്ടതായിട്ടുണ്ട്. മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് അതിനുവേണ്ടി ചില ശ്രമങ്ങൾ നടത്തിയിരുന്നു, പക്ഷേ പിന്നീട് വന്ന ഗവൺമെന്റ് അത് മുന്നോട്ടുകൊണ്ടുപോയില്ല. പരമ്പരാഗത തൊഴിലാളികളെ പരിശീലിപ്പിച്ച് അവർക്കാവശ്യമായ പുതിയ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊടുത്ത് ആഴക്കടൽ മത്സ്യബന്ധനത്തിന് അവരെ പ്രാപ്തരാക്കേണ്ടത് ഒഴിച്ചുകൂടാനാകാത്ത ഒരു ആവശ്യമാണ്. അതുപോലെ അക്വാകൾച്ചർ വികസനം, ഉൾനാടൻ മത്സ്യ മേഖലയുടെ വികസനം എന്നീ കാര്യങ്ങളിലും ഊന്നൽ നൽകേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തുള്ള 3.61 ലക്ഷം ഉൾനാടൻ ജലാശയങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കുന്നില്ല. ഇതിൽ പുരോഗതി കൈവരിക്കാൻ നമുക്ക് സാധിക്കണം. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ സംഭാവന രണ്ടുശതമാനം മാത്രമാണ്. പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് പൊതു ജലാശയങ്ങൾ മത്സ്യകൃഷിക്കുവേണ്ടി ഉപയോഗിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇപ്പോൾ ചിലയിടങ്ങളിൽ ഇതു ചെയ്തുവരുന്നുണ്ടെങ്കിലും ഡിപ്പാർട്ടുമെന്റുകൾ അതിന് ഫലപ്രദമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നില്ല. അതുപോലെ മത്സ്യവിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം സംസ്ഥാനത്തുണ്ടെങ്കിലും അത് കേരളത്തിന്റെ എല്ലാ ഭാഗത്തും എത്തത്തക്കനിലയിലുള്ള സൗകര്യങ്ങൾ ഇല്ല. അതിന്റെ ഫലമായി അയൽ സംസ്ഥാനങ്ങളിൽനിന്നും മത്സ്യവിത്ത് കൊണ്ടുവന്ന് ഇവിടെ വിതരണം

ചെയ്യുകയാണ്. രോഗബാധിതമായിട്ടുള്ള മത്സ്യക്കുഞ്ഞുങ്ങളെയാണ് ജലാശയത്തിൽ നിക്ഷേപിക്കുന്നത്. എനിക്ക് ഒരു അനുഭവമുണ്ടായിട്ടുണ്ട്, വലിയ ആഘോഷത്തോടു കൂടി മത്സ്യക്കുഞ്ഞുങ്ങളെ ജലാശയത്തിലിടുന്ന പരിപാടിക്കു പോയി, പക്ഷേ രണ്ടാമത്തെ ദിവസം അതെല്ലാം ചത്തുപൊങ്ങുന്ന അവസ്ഥയാണ് കാണാൻ സാധിച്ചത്. മത്സ്യവിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുവേണ്ടി കേരളത്തിന്റെ വിവിധ മേഖലകളിൽ സംവിധാനങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടത് ആവശ്യമാണ്. അതുപോലെ ഒഴിച്ചുകൂടാനാകാത്ത ഒരാവശ്യമാണ് മത്സ്യത്തീറ്റയുടെ ഉൽപ്പാദനം. അത് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടെങ്കിലും അതിന്റെ വില താങ്ങാൻ സാധിക്കുന്നില്ല. കൃഷിക്കാർക്ക് അത് വാങ്ങി ഉപയോഗിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് മത്സ്യത്തീറ്റ ഉൽപ്പാദനത്തിന് ആവശ്യമായ ഫാക്ടറികളും മത്സ്യവിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങളുമുണ്ടാകണം. പൊതുജലാശയങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് പ്രാമുഖ്യം നൽകണം. മത്സ്യത്തൊഴിലാളികൾ ഇല്ലെങ്കിൽ വ്യക്തികൾക്കും കൃഷിക്കാർക്കും അതിനവസരം നൽകാവുന്നതാണ്, അതിനുള്ള വലിയ സാധ്യതകൾ തുറന്നുകിടക്കുകയാണ്. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ, നമുക്കറിയാം കടാശ്വാസ കമ്മീഷൻ കേരളത്തിന്റെ ഒരു പ്രത്യേകതയാണ്. കാർഷികമേഖലയിൽ എന്നപോലെതന്നെ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലം ആ കമ്മീഷന്റെ പ്രവർത്തനം നിശ്ചലമായിരുന്നു, കാര്യമായ ഒന്നും അവിടെ നടന്നിട്ടില്ല. അതുകാരണം മത്സ്യത്തൊഴിലാളികൾക്ക് കടത്തിൽ നിന്ന് കരകയറാൻ സാധിക്കുന്നില്ല, അവർക്ക് ജോലിയില്ല, വറുതിയാണ്, പട്ടിണിയാണ്. അതോടൊപ്പം തന്നെയാണ് കടഭാരം പേറേണ്ട അവസ്ഥയും. ആ കടത്തിൽനിന്ന് മോചനം കൊടുക്കുന്നതിനുവേണ്ടിയാണ് കടാശ്വാസ കമ്മീഷൻ രൂപീകരിച്ചത്. കഴിഞ്ഞ അഞ്ചുവർഷക്കാലം ഫലപ്രദമായ നടപടികൾ ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല. ഇത്തവണത്തെ ബഡ്ജറ്റിൽ 50 കോടി രൂപ കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തിനുവേണ്ടി അനുവദിച്ചു എന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്. എങ്കിലും ആ തുക വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി കാര്യമായ പ്രവർത്തനങ്ങൾ നടക്കാത്തതിന്റെ ഫലമായി ബാങ്കുകളും മറ്റു സ്ഥാപനങ്ങളും മത്സ്യത്തൊഴിലാളികളുടെ കടം ഈടാക്കുന്നതിനുവേണ്ടി ജപ്തി നടപടികളിലേക്ക് പോകുകയാണ്, അവർക്ക് നോട്ടീസയയ്ക്കുകയാണ് ചെയ്യുന്നത്. ഈ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് അടുത്ത ഒരു വർഷക്കാലത്തേക്ക് മത്സ്യത്തൊഴിലാളികളുടെ കടത്തിന് മൊറട്ടോറിയം പ്രഖ്യാപിക്കുന്ന നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മത്സ്യത്തൊഴിലാളികൾക്കാവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനുവേണ്ടി രൂപീകരിച്ച മത്സ്യഫെഡിന്റെ പ്രവർത്തനങ്ങളിൽ വലിയ അഴിമതി നടക്കുന്നതായ ആക്ഷേപങ്ങളുണ്ട്. അതുസംബന്ധിച്ച് ഗവൺമെന്റ് ഒരു പരിശോധന നടത്തി മത്സ്യഫെഡിന്റെ പ്രവർത്തനം ജനാധിപത്യ രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡ് മുഖേന ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി കൂടുതൽ തുക അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. മറ്റൊരു പ്രധാനപ്പെട്ട വിഷയം കേന്ദ്രഗവൺമെന്റിന്റെ തീരപരിപാലന നിയമം നടപ്പിലാക്കിയതിന്റെ ഫലമായി നമ്മുടെ തീരദേശങ്ങളിലുള്ളവർക്ക് ഒരു വീട് വയ്ക്കാനോ ഉള്ളത് പുതുക്കാനോ സാധിക്കുന്നില്ല. അങ്ങനെയുള്ള പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മൽസ്യമേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ആ മേഖലയിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു, ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, മത്സ്യബന്ധനം എന്ന ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്. ലോകത്തെവിടെയും എന്നപോലെ ഇൻഡ്യൻ തീരദേശ ജനതയുടെയും മുഖ്യ ജീവനോപാധി മത്സ്യബന്ധനമാണ്. അതുകൊണ്ടു തന്നെയാണ് ജീവനോപാധികൾ ലഭ്യമാക്കുകവഴി അന്തസ്സോടെ ജീവിക്കാൻ ഓരോരുത്തരേയും പ്രാപ്തരാക്കുക എന്ന ലക്ഷ്യം ഇടതുപക്ഷ സർക്കാർ മുന്നോട്ടു വയ്ക്കുന്നത്. തീരദേശത്തെ ഒരു എം.എൽ.എ. എന്ന നിലയിൽ ഞാൻ അഭിമാനപൂർവ്വം സന്തോഷിക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ 7516 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശത്തിൽ 596 കിലോമീറ്റർ കേരളതീരമാണ്. കാസർഗോഡുമുതൽ തിരുവനന്തപുരം ജില്ല വരെയായി ഏകദേശം പന്ത്രണ്ടര ലക്ഷത്തോളം തൊഴിലാളികളാണ് മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് ജീവിച്ചുപോരുന്നത്. അതുപോലെ കേരളത്തിന്റെ തീരക്കടലും മത്സ്യസമ്പത്തും സുസ്ഥിരമായി പരിപാലിക്കുന്നതിന് കടലിന്റെ അവകാശം മത്സ്യത്തൊഴിലാളികൾക്ക് തന്നെയാണ് എന്ന് ഞാൻ എടുത്തുപറയുകയാണ്. സമഗ്രമായ ജല പരിഷ്കരണ നിയമം ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാടിനെ ഞാൻ അത്യന്തം സ്വാഗതം ചെയ്യുകയാണ്. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന പച്ച മൽസ്യത്തിന്റെ ആദ്യവിൽപ്പനയുടെ അവകാശം അവർക്ക് നിജപ്പെടുത്തുന്നതിനെ സംബന്ധിച്ച പദ്ധതി അക്വാറിയം റിഫോംസ് ബില്ലിൽ വ്യവസ്ഥ ചെയ്യുമെന്ന ഫിഷറീസ് വകുപ്പുമന്ത്രിയുടെ നിലപാടിനെ പൂർണ്ണമായി അംഗീകരിക്കുകയാണ്. ഇന്ത്യൻ മത്സ്യബന്ധന മേഖലയ്ക്ക് സാമ്പത്തികമായും

സാമൂഹികമായും വലിയ സാധ്യതകളാണ് കേരളതീരത്തിലൂടെ ലഭ്യമാകുന്നത്. കേരളതീരം ധാതുലവണങ്ങളാൽ സമ്പന്നമാണെന്നാണ് വിദഗ്ദ്ധർ വിലയിരുത്തുന്നത്. ജൈവ വൈവിധ്യമാർന്ന ഇന്ത്യൻ തീരദേശത്തെ എന്തിനാണ് വിദേശ കുത്തക ലോബികൾക്ക് നമ്മൾ സമർപ്പിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണങ്ങളും നിലപാടുകളും ഇന്ത്യൻ തീരദേശത്തെ ചൂഷണം ചെയ്യുന്നു. നിയന്ത്രണങ്ങൾ ബാധകമാക്കാം, പക്ഷേ അത് ദരിദ്രർക്ക് മാത്രമാകരുത്. എന്നാൽ ദരിദ്രർക്ക് മാത്രമാണ് നിയന്ത്രണമെന്ന് ഞാൻ ഇവിടെ എടുത്തുപറയാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെട്ട സാഹചര്യം കഴിഞ്ഞ കുറെ വർഷങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. CRZ നിയമപ്രകാരം ഒരു കൂരവയ്ക്കുന്ന കാര്യത്തിൽ പോലും മത്സ്യത്തൊഴിലാളികളുടെ മേൽ നിയന്ത്രണമേർപ്പെടുത്തുന്ന കേന്ദ്ര സർക്കാരിന്റെ നിലപാടുകൾ, അതിൽ കേരളത്തിലെ തൊഴിലാളികളോട് കാണിക്കുന്ന നിലപാടാണ് എടുത്ത് പറയേണ്ടത്. ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങി വീട് നിർമ്മിച്ച് നൽകുന്ന ഭൂരഹിത ഭവന നിർമ്മാണ പദ്ധതിക്ക് സർക്കാർ ഈ വർഷം 48 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. CRZ നിയമം ഏകദേശം 15,000 മത്സ്യത്തൊഴിലാളികളെ ബാധിക്കുന്നതിനാൽ ഞങ്ങളെപ്പോലുള്ള എം.എൽ.എ.-മാർ വലിയ രീതിയിലുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരികയാണ്. അവർ ചോദിക്കുന്ന ചോദ്യത്തിന് മറുപടിയില്ലാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഒരു തൊഴിലാളി പ്രസ്ഥാനത്തിന്റെ നേതാവെന്ന നിലയിൽ, അതിന്റെ നേതൃത്വനിരയിൽ പ്രവർത്തിച്ച് വളരെ വർഷത്തെ അനുഭവസമ്പത്തുള്ള ഒരു മന്ത്രിയെന്ന നിലയിൽ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി കേന്ദ്ര നിയമത്തിൽ ഒരു ഭേദഗതി വരുത്തുവാൻ ശക്തമായ നിലപാട് സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവർക്ക് ഒരു കൂര വച്ച് തലചായ്ക്കാൻ അനുകൂലമായ ഒരു സമീപനം ഭവന നിർമ്മാണ സംവിധാനത്തിൽ CRZ നിയമവുമായി ബന്ധപ്പെടുത്തി എടുക്കുകയും അതോടൊപ്പം ആ ഓർഡറുകൾ കൃത്യമായി സ്ഥലം എം.എൽ.എ.-മാർക്ക് ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള ഇടപെടൽ ബന്ധപ്പെട്ട വകുപ്പുമന്ത്രി സ്വീകരിക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. അതുപോലെ മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി 3,600 രൂപയായി വർദ്ധിപ്പിച്ചതിൽ വളരെ അഭിമാനമുണ്ട്. ബന്ധപ്പെട്ട ജനവിഭാഗങ്ങൾക്ക് അതൊരു ആശ്വാസമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി 3,600 രൂപയായി അത് വർദ്ധിപ്പിച്ചതെന്ന് അഭിമാനത്തോടുകൂടി മത്സ്യത്തൊഴിലാളികളെ ബോധ്യപ്പെടുത്താൻ കഴിയും. അതോടൊപ്പംതന്നെ ഏകദേശം ആഗോള മത്സ്യ ഉൽപ്പാദനത്തിന്റെ 5.4 ശതമാനം സംഭാവന ചെയ്ത ഇന്ത്യ ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ മത്സ്യം ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ രണ്ടാം സ്ഥാനത്താണ്. 7.83 ലക്ഷം പേർ സമുദ്ര മത്സ്യബന്ധനത്തിലും 2.34

ലക്ഷം പേർ ഉൾനാടൻ മത്സ്യബന്ധനത്തിലും ഏർപ്പെട്ടിരിക്കുന്നു. കേരളത്തിൽ കാർഷിക മേഖലയിലെ തൊഴിലാളികളെപ്പോലെതന്നെ മത്സ്യബന്ധന മേഖലയേയും ആശ്രയിച്ച് ജീവിക്കുന്ന വലിയൊരു ജനസമൂഹം ഉണ്ടെന്ന യാഥാർത്ഥ്യം ഞാൻ ഈ സഭയെ ബോധ്യപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ഈ തൊഴിൽ സംവിധാനങ്ങളെല്ലാം നിലനിൽക്കുന്നതോടൊപ്പംതന്നെ മത്സ്യബന്ധന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ വലിയ പ്രതിസന്ധിയും പ്രത്യാഘാതവും അഭിമുഖീകരിക്കുകയാണ്. അടുത്ത കാലത്ത് നടപ്പിലാക്കിയ നിയമങ്ങളും നിർദ്ദേശങ്ങളും ഈ മേഖലയിൽ പണിയെടുക്കുന്ന വലിയൊരു സമൂഹത്തെ ദോഷകരമായി ബാധിക്കുന്ന രീതിയിലേക്ക് കൊണ്ടെത്തിച്ചിരിക്കുകയാണ്. അതിനൊരു ഉദാഹരണമല്ലേ മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്. ഇതുപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ച CRZ പോലെ ഇത് അവരുടെ തൊഴിലിനെ ബാധിക്കുകയാണ്. അവരുടെ ഭവന നിർമ്മാണത്തെ ബാധിക്കുന്നതോടൊപ്പം തൊഴിലിനേയും ബാധിക്കുന്നതാണ് കേന്ദ്ര സർക്കാരിന്റെ മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്. വിദേശ മീൻപിടിത്ത കപ്പലുകൾക്ക് യഥേഷ്ടം മത്സ്യ സമ്പത്ത് കൊള്ളയടിക്കാൻ അവസരം കൊടുക്കുന്നതാണ് ഈ റിപ്പോർട്ട്. 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള കടലിൽ കടലും തീരവും ഉൾപ്പെടുന്ന പ്രത്യേക സാമ്പത്തിക മേഖലയിൽ സ്രാവ് പിടിത്ത നിരോധനംപോലെ ഒട്ടനവധി നിയന്ത്രണങ്ങളാണ് മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലുള്ളത്. അതേസമയം വിദേശ കപ്പലുകൾ യാതൊരു നിയന്ത്രണവുമില്ലാതെ എത്ര ആഴത്തിലും എത്ര കിലോമീറ്റർ ദൂരത്തിലും പോയി വലിയ വലകൾ ഉപയോഗിച്ചുകൊണ്ട് ഒരു സാധാരണ മത്സ്യത്തൊഴിലാളിക്ക് കിട്ടുന്ന മത്സ്യത്തെക്കാൾ ഇരട്ടി മത്സ്യസമ്പത്ത് ശേഖരിക്കുകയും അത് അവിടെ വച്ചുതന്നെ ശീതീകരിച്ച് വേർതിരിക്കുകയും ചെയ്യുന്ന വിദേശ രാജ്യങ്ങൾക്കുള്ള മത്സ്യബന്ധന സംവിധാനം മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് വരുന്നതോടുകൂടി നടപ്പാവും. ഇന്ത്യൻ വിദേശനാണ്യം നേടിത്തരുന്നതിന് വലിയ വിലങ്ങുതടിയായി നിൽക്കുന്ന ഇത്തരം കമ്മീഷനുകൾക്കെതിരെ കേരളത്തിന്റെ നിലപാടുകൾ വ്യക്തമാക്കുന്ന രീതിയിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും വരുമെന്ന പ്രതീക്ഷയുണ്ട്. ഇത്തരം ദാരുണമായ രീതിയിൽ അവരുടെ ജീവതത്തെയും കുടുംബത്തെയും ബാധിക്കുന്ന കമ്മീഷൻ റിപ്പോർട്ടിനെതിരെ സംയോജിതമായ രീതിയിൽ ശക്തമായ നിലപാടെടുക്കുന്ന രീതിയിലേയ്ക്ക് നമ്മുടെ സർക്കാർ വരുമെന്ന പ്രതീക്ഷയുണ്ട്. ഒരു തരത്തിലും ഇന്ത്യൻ മത്സ്യബന്ധന മേഖലയെ അത് ബാധിക്കാൻ പാടില്ല. അതുകൊണ്ട് ജനാധിപത്യ സംവിധാനത്തിൽ തൊഴിലാളികളെ നമുക്ക് സംരക്ഷിക്കേണ്ടതുണ്ട്. ജനാധിപത്യം വളരെ കൃത്യമായി നടപ്പിലാക്കുമെന്ന വിശ്വാസം എനിക്കുണ്ട്. 600-ഓളം കിലോമീറ്റർ ദൈർഘ്യമുള്ളതാണ് കേരളത്തിന്റെ തീരപ്രദേശം, പതിനൊന്നര ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾ തൊഴിലെടുക്കുന്ന

ഈ മേഖലയിൽ സ്ത്രീകളും തൊഴിലെടുക്കുന്നുണ്ടെന്ന യാഥാർത്ഥ്യം അങ്ങ് മനസ്സിലാക്കണം. ഞാൻ നീണ്ടകര ഹാർബർ സന്ദർശിച്ച ഒരു എം.എൽ.എ. ആണ്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയിലെ ഒരു അംഗവുമാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ തീരദേശ മേഖലയിലെ ഹാർബറുകളിലും തൊഴിലെടുക്കുന്ന സ്ഥലങ്ങളിലും ചെന്നപ്പോൾ വളരെ ക്രിയാത്മകമായി തൊഴിലെടുക്കുന്ന സ്ത്രീകളെ അവിടെ കണ്ടു. കയ്യുറകളും മാസ്കും തൊപ്പികളും യൂണിഫോമും ധരിച്ച് വലിയ സുരക്ഷാസംവിധാനത്തോടെ ചെമ്മീൻ സെഗ്രിഗേഷൻ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഒറ്റ ആവശ്യമാണ് എന്നോട് പറഞ്ഞത്. അവരെ രോഗം ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചാലോ ഒരപകടമുണ്ടായാലോ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ വേണമെന്ന്. തങ്ങൾക്ക് സാമ്പത്തിക സഹായമോ ചികിത്സാ സഹായമോ കിട്ടുന്ന രീതിയിൽ സമയബന്ധിതമായി ഒരു നിയമം കൊണ്ടുവരുമോയെന്നായിരുന്നു അവരുടെ ചോദ്യം. മരിച്ചുകഴിഞ്ഞതിനുശേഷം കിട്ടുന്നതിനേക്കാൾ നല്ലത് മരിക്കുന്നതിനുമുമ്പ് സഹായം കിട്ടുന്ന സ്ഥിതിയിലേയ്ക്ക് ഒരു നടപടി ഉണ്ടാകണമെന്നാണ് അവർ ഞങ്ങളോട് പറഞ്ഞത്. എന്തായാലും സമൂഹത്തിൽ മത്സ്യബന്ധന മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് പ്രത്യേകിച്ച് സ്ത്രീതൊഴിലാളികൾക്ക് ഈ ആവശ്യവുമായി ബന്ധപ്പെട്ട് അന്നത്തെ നിയമസഭാ കമ്മിറ്റി മുമ്പാകെ ഞാൻ ഒരു നിവേദനം സമർപ്പിച്ചിരുന്നു. ആ വിഷയം നിയമസഭാ സമിതിയിൽ ചർച്ചയ്ക്ക് വന്നുവെന്നല്ലാതെ അതുമായി ബന്ധപ്പെട്ട ഒരു തീരുമാനവും അന്നത്തെ സർക്കാർ എടുത്തില്ല. ഒരു മറുപടിയെന്ന നിലയ്ക്ക് നിയമസഭാ സമിതിയുടെ ശിപാർശപോലും ഈ സമ്മേളനത്തിൽ ചർച്ചയ്ക്ക് വന്നില്ല. ആ ഒരു തീരുമാനം ഈ വകുപ്പ് എടുക്കണം. തീരപ്രദേശത്ത് ഉണക്കമീൻ വിൽക്കുന്ന ധാരാളം സ്ത്രീകൾ നാട്ടികപോലുള്ള പ്രദേശങ്ങളിലുണ്ട്. തീരദേശമേഖലകളിലും ഹാർബറുകളിലും കടലോര മേഖലകളിലും പോയാൽ സ്ത്രീകൾ രാവിലെ മുതൽ വൈകുന്നേരം വരെ മത്സ്യബന്ധന മേഖലയിൽ തൊഴിലെടുത്ത് ഭർത്താവിനെ സഹായിക്കുന്നത് കാണാൻ കഴിയും. അത്തരം സ്ത്രീകൾക്കുവേണ്ടി ഒരു ഇൻഷ്വറൻസ് പാക്കേജിന് വനിതാ മിനിസ്റ്റർ എന്ന നിലയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി പ്രാധാന്യം കൊടുക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. പ്രകൃതി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്കൊപ്പം കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന ദുരിതങ്ങളും അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ മുന്നോട്ടുനയിക്കാൻ നമ്മുടെ സർക്കാർ അനാസ്ഥ കാണിക്കരുത്. ബഹുമാനപ്പെട്ട മന്ത്രിയും അത്തരമൊരു നിലപാട് എടുക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. തീരദേശമേഖലയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾ അതിജീവിക്കുന്ന മേഖലകളിൽ അവരുടെ പൊതുവായ വികസനത്തിനും അവർക്കുണ്ടാകുന്ന അനുബന്ധ വിഷയങ്ങൾക്കും തീരദേശ പരിപാലന വികസന ഫണ്ട് എന്നൊരു പാക്കേജ് ഈ വകുപ്പുമായി ബന്ധപ്പെട്ടുണ്ട്. അതിൽനിന്ന് കോടാനുകോടി രൂപയുടെ ഫണ്ടുകളാണ് തീരദേശ മേഖലയുമായി

ബന്ധപ്പെട്ടുകൊണ്ട് ചെലവഴിച്ചത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കൃത്യതയോടുകൂടി ഈ കാര്യങ്ങൾ പരിശോധിച്ച് തീരദേശ മേഖലയ്ക്ക് നൽകാവുന്ന പരമാവധി വികസന പാക്കേജുകൾ, ആശുപത്രിയായാലും റോഡുകളായാലും അവ ഈ മേഖലകളിൽ നടപ്പിലാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. നിത്യേന പുലർച്ചെ മൂന്ന് മണിക്ക് എഴുന്നേറ്റ് സ്വന്തം ജീവൻപോലും പണയപ്പെടുത്തി ആഴക്കടലിൽ മത്സ്യബന്ധനം നടത്താൻ പോകുന്ന മത്സ്യത്തൊഴിലാളികളുടെ യഥാർത്ഥ പ്രശ്നങ്ങളാണ് ആ മണ്ഡലത്തിന്റെ പ്രതിനിധിയെന്ന നിലയിൽ ഞാനിവിടെ പ്രതിപാദിക്കുന്നത്. തീരദേശ മേഖലയിലെ റോഡുകൾ, ലൈറ്റുകൾ, നിലവിലുള്ള സി.എച്ച്.സി.-യിലെ പൊതു വികസനങ്ങൾ, ഫിഷറീസ് സ്കൂളുകളുടെ അപ്ഗ്രഡേഷൻ എന്നിങ്ങനെയുള്ള കാഴ്ചപ്പാടുകളിലേയ്ക്ക് ഗവൺമെന്റ് വരണം. കഴിഞ്ഞ അഞ്ച് വർഷക്കാലം ഞാൻ തീരദേശത്തെ പ്രതിനിധീകരിച്ച പ്രതിപക്ഷ എം.എൽ.എ. ആയിരുന്നു. ആവശ്യപ്പെട്ട സാമ്പത്തികാനുകൂല്യങ്ങൾപോലും നൽകാതെ ഭരണകക്ഷിക്കാർക്ക് മാത്രം വീതംവയ്ക്കുന്ന ഒരു നിലപാടാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നത്. തീരദേശ മേഖലയുടെ വികസനത്തിന് രാഷ്ട്രീയ-മത-കൊടികളുടെ വിവേചനം കാണിക്കാതെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നമായി കാണുന്ന ഒരു നിലപാട് സംജാതമാകുമെന്ന നല്ല വിശ്വാസം എനിക്കുണ്ട്. വിപ്ലവത്തൊഴിലാളി പ്രസ്ഥാനത്തിനുവേണ്ടി പോരാടിയ ഒരു നേതാവ് എന്ന നിലയിൽ അങ്ങ് ഈ പ്രശ്നം കൈകാര്യം ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആയതിനാൽ ഒരു കാര്യംകൂടി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. തീരദേശ മേഖലയിൽ തമ്പാൻ കടവ് മുതൽ കയ്പമംഗലം വരെയുള്ള പ്രദേശങ്ങൾ തിരമാലകളുടെ ഭീഷണി നേരിടുകയാണ്. അവിടെ ഏക്കർ കണക്കിന് ഭൂമി കടലെടുക്കുകയും വീടുകൾ നശിപ്പിക്കപ്പെടുകയുമാണ്. കാറ്റാടി പോലുള്ള മരങ്ങൾ കടപുഴകി കടലിലേയ്ക്ക് വീഴുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ വലകൾ നശിക്കുകയും അവർക്ക് നഷ്ടം സംഭവിക്കുകയും ചെയ്യുന്നു. ഇത്തരം സന്ദർഭങ്ങളിൽ ഇറിഗേഷൻ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ഹാർബർ എഞ്ചിനീയർമാരും സംയോജിതമായി ഇടപെട്ട് അടിയന്തരമായി തീരദേശ സംരക്ഷണ ഭിത്തി കെട്ടുന്നതുൾപ്പെടെയുള്ള സമഗ്ര വികസന പ്രവർത്തനത്തിന് നേതൃത്വം നൽകണം. ഇവിടെ വികസന സാദ്ധ്യത മാത്രമല്ല, വലിയൊരു ജനവിഭാഗത്തിന്റെ ജീവിതത്തേയും ഭവനങ്ങളെയും ഗുരുതരമായി ബാധിക്കുന്ന ഭീഷണിയാണിത്. ഇത്തരം സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പ് സമഗ്രമായ ഇടപെടൽ നടത്തണം. തീരദേശ കടൽഭിത്തി സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ടും തീരദേശ വികസന പരിപാലനത്തിൽ ഇത്തരം വികസന പദ്ധതികൾ ചേർത്തുകൊണ്ടും മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക്, തൊഴിലാളികൾക്ക് ധീരമായ വികസന പാക്കേജ് മത്സ്യബന്ധന വകുപ്പ് നൽകുമെന്ന പ്രത്യാശയോടെ മത്സ്യബന്ധനമെന്ന

ഈ ധനകാര്യ ബില്ലിനെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്കും ഗവൺമെന്റിനുംവേണ്ടി പൂർണ്ണമായി പിന്തുണയ്ക്കുന്നു. നന്ദി, അഭിവാദ്യങ്ങൾ.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിനും മത്സ്യബന്ധന മേഖലയ്ക്കും പുതിയ ദിശാബോധം നൽകുന്ന നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷക്കാലം ഇവിടെ ഒരു ഗവൺമെന്റുണ്ടായിരുന്നു. ആ ഗവൺമെന്റിന്റെ കാലത്തും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട വകുപ്പുമന്ത്രി ഉണ്ടായിരുന്നു. ആ മന്ത്രിക്ക് മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനോ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനോ താൽപ്പര്യമില്ലായിരുന്നു. മദ്യവും കോഴയുമായിരുന്നു മന്ത്രിക്ക് താല്പര്യമെന്ന വാർത്തകൾ ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അതിൽ നിന്നെല്ലാം വ്യത്യസ്തമായി മത്സ്യബന്ധന മേഖലയുടെ സമഗ്ര വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങൾ എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളികളെ മറക്കാത്ത ഒരു സർക്കാരാണിത്. കാരണം ഈ സർക്കാർ രൂപീകരിക്കപ്പെടുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുള്ളവരാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ. അവരുടെ സമരങ്ങളും പ്രക്ഷോഭങ്ങളും എൽ.ഡി.എഫ്. സർക്കാരിനെ അധികാരത്തിലേറ്റാൻ വലിയൊരളവുവരെ സഹായകരമായിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ അവരെ സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതായി എനിക്ക് തോന്നുന്നത്, തീരദേശ കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു പുതിയ നിർദ്ദേശം ഈ ബഡ്ജറ്റിലുണ്ട് എന്നതാണ്. നിലവിൽ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളടക്കമുള്ളവർക്ക് സമ്മതമാണെങ്കിൽ അവരെ പുനരധിവസിപ്പിക്കുന്നതിനായി നിലവിലുള്ള വീടും സ്ഥലവും നിലനിർത്തിക്കൊണ്ടുതന്നെ സുരക്ഷിത മേഖലയിൽ താമസിപ്പിക്കാൻ പത്ത് ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി പ്രഖ്യാപിച്ചത് വളരെ നല്ല കാര്യമാണ്. അത് തീരപ്രദേശത്തെ ജനവിഭാഗങ്ങൾ നല്ല നിലയിൽ സ്വീകരിക്കണമെങ്കിൽ ഇതുസംബന്ധിച്ച് വലിയ പ്രചാരവേല നടത്തേണ്ടതുണ്ട്. കൂടാതെ പ്രത്യേക നിക്ഷേപ പദ്ധതിയുടെ ഭാഗമായി പുലിമുട്ട് നിർമ്മാണത്തിനായി 300 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഞാൻ എല്ലാ കാര്യങ്ങളും ഇവിടെ വിശദീകരിക്കുന്നില്ല. ഇതെല്ലാം കേരളത്തിലെ മത്സ്യത്തൊഴിലാളി മേഖലയിൽ വലിയ ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. ബഡ്ജറ്റിൽ നീക്കിവച്ച തുകപോലും

ചെലവഴിക്കാത്ത ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ കാലത്തുണ്ടായിരുന്നത്. സംസ്ഥാന പദ്ധതിക്കായി 2013-14-ൽ 22,833 ലക്ഷം രൂപ നീക്കിവച്ചതിൽ ചെലവഴിച്ചത് 17,915 ലക്ഷം രൂപ മാത്രമാണ്. 2014-15-ൽ 26,467 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമെങ്കിൽ ചെലവഴിച്ചത് 19,333 ലക്ഷം രൂപ മാത്രമാണ്. എൻ.സി.ഡി.സി.-യുടെ സഹായത്തോടുകൂടിയുള്ള പദ്ധതിക്കായി 1,800 ലക്ഷം രൂപ ബഡ്ജറ്റിൽ നീക്കിവച്ചെങ്കിലും ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല. ഇത്തരത്തിൽ കഴിഞ്ഞ അഞ്ച് കൊല്ലക്കാലം ഈ മേഖലയോട് തികഞ്ഞ അവഗണന വച്ചുപുലർത്തിയ ഒരു ഗവൺമെന്റാണ് ഇവിടെ നിലവിലുണ്ടായിരുന്നത്. കേന്ദ്രസർക്കാരും ഇക്കാര്യത്തിൽ വലിയ വ്യത്യാസമില്ല. കേന്ദ്രസർക്കാർ മത്സ്യത്തൊഴിലാളി മേഖലയിലെ ക്ഷേമനിധികളാകെ വെട്ടിച്ചുരുക്കി. മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി നടപ്പിലാക്കിയ ഒരു പ്രധാന പദ്ധതിയാണ് മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി. മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി, ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതി, മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഇവയ്ക്കെല്ലാം കേന്ദ്രസർക്കാർ മുൻകാലങ്ങളിൽ നീക്കിവച്ചിരുന്ന തുകയെക്കാൾ കുറഞ്ഞ തുകയാണ് ഇപ്പോഴത്തെ കേന്ദ്രസർക്കാർ നീക്കി വച്ചിട്ടുള്ളത് എന്ന് കാണുമ്പോൾ മത്സ്യത്തൊഴിലാളി മേഖലയോടുള്ള കേന്ദ്രസർക്കാരിന്റെ സമീപനം നിഷേധാത്മകമാണെന്ന് കാണാൻ സാധിക്കും. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിക്ക് ഏറ്റവും പ്രധാനപ്പെട്ട ഘടകമായ മണ്ണെണ്ണ സബ്സിഡി നിരക്കിൽ ലഭിക്കുക എന്നത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകുന്ന കാര്യത്തിൽ വലിയ വെട്ടിക്കുറവ് കേന്ദ്രസർക്കാർ വരുത്തിയതിലൂടെ തീരദേശ മേഖലയിൽ വലിയ പ്രതിസന്ധി സംജാതമായിട്ടുണ്ട്. കേരളത്തിലെ മത്സ്യമേഖലയിലെ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ശ്രീ. സി. കൃഷ്ണനടക്കമുള്ള അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ മത്സ്യോൽപ്പാദന മേഖലയിൽ ഇന്ന് കുറവ് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. നേരത്തെ മത്സ്യോൽപ്പാദന മേഖലയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ഉണ്ടായിരുന്ന കേരളം ഇന്ന് നാലാം സ്ഥാനത്താണ്. കേരളത്തിന്റെ കടലോര മേഖലയിൽ നിന്നുള്ള മത്സ്യസമ്പത്തിന്റെ അളവിൽ ഇന്ന് കുറവ് സംഭവിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിന്റെ ഉൾനാടൻ മേഖലയിലെ മത്സ്യ സമ്പത്ത് കഴിഞ്ഞ എതാനും നാളുകളിൽ ചെറിയ തോതിൽ വർദ്ധിച്ചെങ്കിലും പൊതുവേ നോക്കുമ്പോൾ ആ രംഗം പിന്നോട്ടുപോകുകയാണ്. കേരളത്തിന്റെ തീരപ്രദേശം ലോകത്തിലെ ഏറ്റവും രുചികരമായ മത്സ്യവിഭവം ലഭിക്കുന്ന പ്രദേശമാണ്. അതുകൊണ്ടുതന്നെ തീരപ്രദേശത്തെ മത്സ്യസമ്പത്ത് കവർന്നെടുക്കാനുള്ള വലിയ നീക്കം നടക്കുകയാണ്. ഈ നീക്കത്തിന് ചൂട്ട്

പിടിച്ചുകൊടുക്കുന്ന സമീപനമാണ് നേരത്തെ കേന്ദ്രം ഭരിച്ചിരുന്ന യു.പി.എ. സർക്കാർ നിർവ്വഹിച്ചത്. മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിരവധി കമ്മീഷനുകൾ കേന്ദ്ര സർക്കാർ നിയമിച്ചിട്ടുണ്ട്. ഈ കമ്മീഷനുകളെല്ലാം കേരളത്തിന്റെ പ്രശ്നങ്ങളിൽ പുറംതിരിഞ്ഞുനിൽക്കുന്ന സമീപനം സ്വീകരിക്കുകയും കേരളത്തിലെ മത്സ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങളെ അവഗണിക്കുകയുമാണ് ചെയ്തത്. എന്നാൽ 1994-ൽ വന്ന മുരാരി കമ്മിറ്റിയാണ് യഥാർത്ഥത്തിൽ മത്സ്യത്തൊഴിലാളി വിഭാഗത്തോട് കുറച്ചെങ്കിലും താൽപ്പര്യം കാണിച്ചത്. കടലിൽ വിദേശ ട്രോളറുകൾക്ക് നൽകിയിട്ടുള്ള അനുമതി റദ്ദ് ചെയ്തുകൊണ്ട് ആ മേഖല പൂർണ്ണമായും തദ്ദേശവൽക്കരിക്കണമെന്നാണ് പ്രസ്തുത കമ്മിറ്റി വച്ച നിർദ്ദേശം. ഈ നിർദ്ദേശങ്ങളെ തള്ളിക്കളഞ്ഞുകൊണ്ടാണ് പിന്നീട് വന്ന കമ്മീഷൻ റിപ്പോർട്ടുകൾ നടപ്പിലാക്കാൻ ശ്രമിച്ചത്. മത്സ്യസമ്പത്ത് ഉപയോഗപ്രദമായി വിനിയോഗിക്കുന്നതിനുള്ള സംവിധാനങ്ങൾ നമ്മുടെ രാജ്യത്തില്ലെന്നും മത്സ്യ തൊഴിലാളികൾക്ക് അതിനുള്ള ശേഷിയില്ലെന്നും പറഞ്ഞുകൊണ്ട് വിദേശ ട്രോളറുകൾക്ക്/കപ്പലുകൾക്ക് തീരപ്രദേശം അരിച്ചുപെറുക്കാനുള്ള അനുമതി നൽകിയതിന്റെ ഭാഗമായി ഇന്ത്യക്കാരുടെയും വിദേശികളുടെയും സംയുക്ത സംരംഭം എന്ന പേരിൽ പാരിസ്ഥിതികമായ തകർച്ച ഉണ്ടാക്കുംവണ്ണം നീളമുള്ള വലകൾ ഉപയോഗിച്ച് ട്രോളിംഗ് നടത്തുന്നതിനുള്ള നീക്കങ്ങൾ അന്ന് നടത്തിയിരുന്നു. അതിനെതിരെ വലിയ പ്രക്ഷോഭം കേരളത്തിൽ ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിന്റെ മത്സ്യസമ്പത്ത് കുറയുന്നത് മാത്രമല്ല ഇവിടത്തെ പ്രശ്നം. ഇവിടെ പതിനൊന്ന് ലക്ഷത്തോളം മത്സ്യത്തൊഴിലാളികളുണ്ട്. മറ്റിതര മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്നതിനെക്കാൾ കുറഞ്ഞ വരുമാനമാണ് ഇവർക്ക് ലഭിക്കുന്നത്. കേരളത്തിന്റെ ആളോഹരി വരുമാനമെടുത്തുകഴിഞ്ഞാൽ ഏറ്റവും കുറവ് ആളോഹരി വരുമാനം ലഭിക്കുന്ന ജനവിഭാഗം മത്സ്യത്തൊഴിലാളികളാണ്. അതുകൊണ്ട് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയുംവണ്ണം അതിനാവശ്യമായ നടപടികൾ ഒരു ഭാഗത്ത് സ്വീകരിക്കണം. കേരളത്തിന്റെ തീരപ്രദേശത്ത് നൂറ് കിലോമീറ്റർ ദൂരം മത്സ്യബന്ധനം നടത്താനുള്ള പൂർണ്ണ അവകാശം നമ്മുടെ നാട്ടിലെ മത്സ്യത്തൊഴിലാളികൾക്കായി നിജപ്പെടുത്താൻ സാധിക്കണം. കേരളം നേരിടുന്ന ഒരു പ്രശ്നം, 3600-ൽപ്പരം യന്ത്രവത്കൃത ബോട്ടുകളും അതിനെക്കാൾ പലമടങ്ങുവരുന്ന യന്ത്രവത്കൃത വള്ളങ്ങളും ഇന്നുണ്ട്. ഇത് നമ്മുടെ കടലോര മേഖലയ്ക്ക് താങ്ങാവുന്നതിനും അപ്പുറമാണ്. ഈ രംഗത്ത് പുരോഗതി നേടിയ നോർവേ പോലുള്ള രാജ്യങ്ങളിൽ ഓരോയിനം മത്സ്യം പിടിക്കുന്നതിനും പ്രത്യേകം പ്രത്യേകമായ വിഭാഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചൂര പിടിക്കുന്നവർ ചൂര മാത്രമേ പിടിക്കാൻ പാടുള്ളൂ. അതിന് അളവും നിശ്ചയിച്ചിട്ടുണ്ട്. ഓരോ മത്സ്യം പിടിക്കുന്നതിനും പ്രത്യേകം പ്രത്യേകം അളവ് നിശ്ചയിക്കുകയും പൊതുവിൽ

അവരുടെ സാധ്യതയ്ക്കപ്പുറമായി ഇത് ചൂഷണം ചെയ്യാൻ പാടില്ലെന്നുമുള്ള കർശന നിബന്ധനയുമുണ്ട്. ഈ നിബന്ധന നമുക്കും നടപ്പിലാക്കാൻ സാധിക്കണം. ഇപ്പോൾ കേരളത്തിൽ രജിസ്റ്റർ ചെയ്ത ബോട്ടുകൾ മാത്രമല്ല വരുന്നത്. സീസണായിക്കഴിഞ്ഞാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് രണ്ടായിരത്തോളം ബോട്ടുകൾ നമ്മുടെ കടലിൽ വന്ന് മത്സ്യബന്ധനം നടത്തുന്നുണ്ട്. ഇതിനൊക്കെ പുറമേയാണ് ഒരു നിയന്ത്രണവുമില്ലാതെ ട്രോളിംഗ് നിരോധന കാലത്തുപോലും വൻകിട കപ്പലുകൾ വന്ന് നമ്മുടെ മത്സ്യ സമ്പത്ത് അരിച്ചുപെറുക്കുന്നത്. ഇത് നമ്മുടെ മത്സ്യ സമ്പത്തിനെ വല്ലാതെ തകർത്തിട്ടുണ്ട്.

11.00 AM]

ഉൾനാടൻ മേഖലകളും ഇന്ന് വലിയ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഉൾനാടൻ മേഖലയിൽ ഏറ്റവും വലിയ മത്സ്യ സമ്പത്തും ജൈവ സമ്പത്തുമുള്ള ഒന്നാണ് വേമ്പനാട് കായൽ. വേമ്പനാട് കായൽ ഇന്ന് തകർച്ചയിലാണ്. പഠനം തെളിയിക്കുന്നത് കഴിഞ്ഞ 50 കൊല്ലത്തിനുള്ളിൽ വേമ്പനാട് കായലിന്റെ വിസ്തൃതി മൂന്നിലൊന്ന് ചുരുങ്ങി കഴിഞ്ഞുവെന്നും മൂന്നിൽ രണ്ട് ഭാഗം മാത്രമേ ഇപ്പോഴുള്ളൂ എന്നുമാണ്. ഇന്ന് വേമ്പനാട് കായലിന്റെ സ്ഥിതി എന്താണ് ? എറണാകുളം, ആലപ്പുഴ, കോട്ടയം എന്നീ പ്രധാനപ്പെട്ട 3 ജില്ലകൾ വേമ്പനാട് കായലിന്റെ പ്രദേശത്താണുള്ളത്. ഒന്ന്, വേമ്പനാട് കായലിന്ന് മാലിന്യം കൊണ്ട് നിറഞ്ഞിരിക്കുകയാണ്. രണ്ട്, വേമ്പനാട് കായലിന്റെ എല്ലാ ഭാഗത്തും മണൽത്തിട്ട രൂപപ്പെട്ടിരിക്കുന്നു. ഇതിന്റെ ഫലമായി മത്സ്യത്തിന്റെ പ്രജനനമടക്കം നടക്കാതെ വരികയും മത്സ്യ സമ്പത്ത് തന്നെ ഇല്ലാതായിക്കൊണ്ടിരിക്കുകയുമാണ്. മത്സ്യ തൊഴിലാളികൾ വളരെ ദുരിതത്തിലായിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കാനായി ഫിഷറീസ് വകുപ്പ് അടിയന്തരമായി ഇടപെടേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ കഴിയുന്ന സാഹചര്യമൊരുക്കാൻ കഴിയണം. തീരത്ത് നിന്ന് 300 മീറ്റർ കയർ കെട്ടി വലിച്ചാൽ മാത്രമേ വഞ്ചി കായലിൽ ഇറക്കാൻ സാധിക്കുകയുള്ളൂ, അതാണ് സ്ഥിതി. അടിയന്തരമായി ഡ്രഡ്ജിംഗ് നടത്തിക്കൊണ്ട് അടിഞ്ഞ് കൂടിയ എക്കലും മറ്റും നീക്കം ചെയ്യാനുള്ള നടപടികളുണ്ടാകണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

മറ്റൊന്ന് പോളപ്പായലിന്റെ പ്രശ്നമാണ്. പോളപ്പായൽ ഉൽഭവിക്കുന്ന സമയത്തു തന്നെ നശിപ്പിച്ച് കളയാനുള്ള സംവിധാനമുണ്ടാകണം. അതില്ലാത്തതിന്റെ ഫലമായി പോളപ്പായൽ ആദ്യം ഉപരിതലത്തിൽ ഉണ്ടാവുകയും ചീയുമ്പോൾ അടിത്തട്ടിലേക്ക് പോകുകയും അങ്ങനെ അടിത്തട്ടിലെ നീരൊഴുക്ക് നിലച്ച് മത്സ്യത്തിന് വളരാനും മത്സ്യബന്ധനം നടത്താനുമുള്ള സാഹചര്യം ഇല്ലാതാവുകയാണ്. അതിനാൽ വേമ്പനാട് കായലിനെ പ്രത്യേകമായി സംരക്ഷിക്കാൻ സംവിധാനമുണ്ടാക്കുകയും

മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഉപജീവനമെന്നുള്ള നിലയ്ക്ക് വേമ്പനാട് കായലിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയും വേണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട വിഷയമാണ് സി.ആർ.ഇസഡ്. ആക്ട്. 2011-ൽ തീരദേശ പരിപാലന വിജ്ഞാപനമിറക്കിയപ്പോൾത്തന്നെ കേരള ഗവൺമെന്റ് കേരളത്തിന്റെ അഭിപ്രായം അറിയിക്കണമായിരുന്നു. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് കേരളത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കാത്തതിന്റെ ഫലമായി ആ വിജ്ഞാപനത്തിന്റെ ദുരിതം ഇപ്പോഴും കേരളത്തിലെ തീരപ്രദേശം നേരിട്ടുകൊണ്ടിരിക്കുകയാണ്. തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളടക്കമുള്ള ആളുകൾക്ക് ഭവന നിർമ്മാണം നടത്തുന്നതിനോ വീട് പുതുക്കി പണിയുന്നതിനോ കഴിയാതെ വരുമ്പോൾ കാണേണ്ട പ്രത്യേകത തീരപ്രദേശത്ത് വൻകിട റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവയ്ക്ക് നിർബാധമായി അനുമതി ലഭിക്കുകയും ഏതാണ്ട് ആ നിലയ്ക്ക് അവർ കയ്യടക്കുകയും ചെയ്യുന്നു എന്നുള്ളതാണ്.

മി. ചെയർമാൻ: പ്ലീസ്....അങ്ങയുടെ സമയം കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: നമ്മുടെ സംസ്ഥാനത്ത് ഒ.ഡി.എഫ്. നടപ്പിലാക്കാൻ പോകുകയാണ്. ഒ.ഡി.എഫ്. പദ്ധതി നടപ്പിലാക്കുമ്പോൾ അല്പമെങ്കിലും വീഴ്ച സംഭവിക്കാൻ ഇടയുള്ള പ്രദേശം തീരപ്രദേശമാണ്. അവിടത്തെ വീടുകളിൽ ശുചിത്വം ഉറപ്പുവരുത്താൻ കഴിയുന്നതിനുള്ള പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയണം. ഓരോ വീട്ടിലും ശൗചാലയങ്ങൾ സ്ഥാപിക്കുമ്പോൾ തീരപ്രദേശത്ത് നേരിടുന്ന ഒരു പ്രശ്നമെന്തെന്നാൽ കായലിന്റേയും കടലിന്റേയും വെള്ളം ഭൂമിയിൽ കനക്കുന്നതിന്റെ ഫലമായി ശൗചാലയങ്ങൾ പൂർണ്ണ അർത്ഥത്തിൽ പ്രവർത്തിക്കാൻ കഴിയാതെ വരുന്നുണ്ട്. ഇത്തരം മേഖലകളിൽ പ്രത്യേകമായ ശൗചാലയങ്ങൾ കൊണ്ടുവന്നുകൊണ്ട് ഉപയോഗിക്കാൻ കഴിയണം.

മി. ചെയർമാൻ: അങ്ങയുടെ പ്രസംഗം ചുരുക്കണം.......

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഒരു മിനിട്ടു കൂടി.....മത്സ്യസമ്പത്ത് കടലിന്റെ മക്കൾക്ക് എന്ന നിലയ്ക്ക് ഉറപ്പുവരുത്താൻ കഴിയണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന അക്വാ റിഫോംസ് നിയമം ആ അർത്ഥത്തിൽ പൂർണ്ണമായും നടപ്പിലാക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എസ്. ശർമ്മ മന്ത്രിയായിരുന്നപ്പോൾ സ്ഥാപിച്ച രാജ്യത്തിനാകെ മാതൃകയായിട്ടുള്ള KUFOS, ഫിഷറീസ് മേഖലയും സമുദ്ര ശാസ്ത്ര പഠനവും നിർവ്വഹിക്കാൻ വേണ്ടിയുള്ള ഒരു യൂണിവേഴ്സിറ്റിയായിരുന്നു. ഇന്ന് ആ യൂണിവേഴ്സിറ്റി അത്തരം കാര്യങ്ങൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. കുറവുണ്ടെങ്കിൽ അത് പരിഹരിച്ചുകൊണ്ട് ആ യൂണിവേഴ്സിറ്റിയുടെ ഗുണഫലം യഥാർത്ഥ മത്സ്യബന്ധന മേഖലയ്ക്കും മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കാൻ

വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിലെ മത്സ്യത്തൊഴിലാളി ജനവിഭാഗം വലിയ പ്രതീക്ഷ വച്ചുപുലർത്തുന്ന കേരളത്തിലെ ഇടതുപക്ഷമുന്നണി ഗവൺമെന്റ് ഈ മേഖലയ്ക്ക് നീക്കിവച്ചിട്ടുള്ള ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇവിടെ വ്യക്തമാക്കിയതുപോലെ വിദേശ ട്രോളറുകൾ നമ്മുടെ മത്സ്യസമ്പത്ത് ചോർത്തിക്കൊണ്ടുപോകുന്നു എന്ന് വളരെക്കാലമായി നമ്മൾ പറയുന്നു. ഇതിന് ഫലപ്രദമായി പരിഹാരമുണ്ടാക്കാൻ സംസ്ഥാന ഫിഷറീസ് വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് താങ്കൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമന്ത്രിമാരുമായി ആലോചിച്ച് വിദേശ ട്രോളറുകൾക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കാൻ സന്നദ്ധമാകണം. കേരളത്തിൽ ഇന്ന് ചൈനീസ് വലകൾ സുലഭമാണ്. മത്സ്യ തൊഴിലാളികൾ പറയുന്നത് ചൈനീസ് വലകൾ മത്സ്യം കോരിക്കൊണ്ട് പോകുന്നു എന്നാണ്. അതിന്റെ പേരിൽ ചിലപ്പോൾ ഡിപ്പാർട്ടുമെന്റ് കേസ്സെടുക്കുമെങ്കിലും പിഴ അടച്ച് വീണ്ടും അവർ സജീവമാകും. അത്തരം ചൈനീസ് വലകളുടെ ഉപയോഗം നിയന്ത്രിക്കണം. ഇന്ന് ഹാർബറുകൾ ധാരാളമുണ്ടെങ്കിലും മത്സ്യത്തൊഴിലാളികൾ മത്സ്യം പിടിക്കാൻ പോയാൽ മത്സ്യം ലഭിക്കാതെ തിരികെ വരികയാണ്. അവർക്ക് ഇന്ധനത്തിന്റെ പണം നഷ്ടമാകുന്നു. ഹാർബറുകളിൽ കൂടുതൽ സൗകര്യം ചെയ്തുകൊടുക്കുന്നതോടൊപ്പം കടലിൽ മത്സ്യസമ്പത്ത് നിലനിർത്തുന്നതിന് സഹായകരമായ ശാസ്ത്രീയമായ പഠനങ്ങൾ നടത്തി തീരദേശവും മത്സ്യത്തൊഴിലാളി മേഖലയും സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. മത്സ്യത്തൊഴിലാളി മേഖലയിലെ ആളുകൾക്ക് രോഗം വന്നാൽ ചികിത്സിക്കാൻ ആവശ്യമായ സൗകര്യങ്ങളെക്കുറിച്ചും മറ്റ് പ്രശ്നങ്ങളെ സംബന്ധിച്ചും ഗൗരവമായി ആലോചിക്കണം. ഫിഷറീസ് സ്കൂളുകൾക്ക് കെട്ടിടം, അംഗൻവാടികൾക്കുള്ള സൗകര്യങ്ങൾ, ഫിഷ് ലാന്റിംഗ് സെന്റർ, പുലിമുട്ടുകൾ എന്നിവ അടിയന്തരമായി പരിഗണിക്കേണ്ട വിഷയങ്ങളാണ്. കൊയിലാണ്ടി, വടകര മണ്ഡലങ്ങളിൽ പുലിമുട്ട് നിർമ്മിച്ചില്ലെങ്കിൽ വലിയ പ്രശ്നമുണ്ടാകാനിടയുണ്ട്. അതിനായി കൊയിലാണ്ടി എം.എൽ.എ.യും ഞാനും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഉടൻ തന്നെ തീരദേശ മേഖലയിലെ എം.എൽ.എ. മാരുടെ യോഗം വിളിച്ച് ചേർക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. എനിക്ക് മുൻപ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ കേരളത്തിൽ 590 കിലോ മീറ്ററിലായി വ്യാപിച്ചു കിടക്കുന്ന മേഖലയാണ് മൽസ്യമേഖല. നമ്മുടെ സമ്പദ് വ്യവസ്ഥയിൽ വളരെ പ്രധാനപ്പെട്ട

പങ്ക് വഹിച്ചിരുന്ന തീരദേശത്തിന്റെ ആ പഴയ പ്രതാപം ഈ രംഗത്തില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നതിന് വിവിധ കാരണങ്ങളുണ്ട്. തീരദേശ മേഖലയിൽ 72 ശതമാനം കടൽ മേഖലയിൽനിന്നും 28 ശതമാനം ഉൾനാടൻ മേഖലയിൽ നിന്നുമുള്ള മത്സ്യസമ്പത്താണ് ഇന്ന് ലഭ്യമാകുന്നത്. പദ്ധതിവിഹിതത്തിൽ ഈ മേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകാൻ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറായിട്ടില്ല. പദ്ധതി വിഹിതത്തിന്റെ 1.44 ശതമാനം മാത്രമാണ് ഇതിനായി മാറ്റിവച്ചത്. ആദിവാസികൾ കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്ത് ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന മേഖലയാണ് മത്സ്യത്തൊഴിലാളി മേഖല. പലരും സൂചിപ്പിച്ചതുപോലെ 1018051 മത്സ്യത്തൊഴിലാളികളാണ് ഫിഷറീസ് ഡയറക്ടേറ്റിന്റെ കണക്കു പ്രകാരമുള്ളത്. നാല് ജില്ലകളിലാണ് മത്സ്യത്തൊഴിലാളികൾ കൂടുതലായിട്ടുള്ളത്. അതിൽ ഒന്നാമതായി ആലപ്പുഴ ജില്ലയിലാണ് 189358 പേരുള്ളത്. എന്റെ ജില്ലയായ കൊല്ലം ജില്ലയിൽ 126686 മത്സ്യത്തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. 5,000 കോടി രൂപയിലധികം വിദേശ നാണ്യം നേടിത്തരുന്ന മത്സ്യമേഖലയെ അതിനാനുപാതികമായ പദ്ധതി വിഹിതം നൽകി സംരക്ഷിക്കാനാവശ്യമായ പ്രവർത്തനങ്ങളൊന്നും കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് നടത്തിയിരുന്നില്ല. ഈ മത്സ്യത്തൊഴിലാളികളും നമ്മുടെ പൊതുസമൂഹവുമായി വലിയ അന്തരമുണ്ട്. സാക്ഷരതയിലും സ്ത്രീ-പുരുഷ അനുപാതത്തിലും ശിശുമരണത്തിലായാലും പൊതു സമൂഹവുമായി വളരെയേറെ പിന്നിലാണ് ഈ മേഖലയിലുള്ളവർ. വിഭവശോഷണമാണ് ഈ രംഗത്ത് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രതിസന്ധി. ആവശ്യത്തിലധികമായ മത്സ്യബന്ധനയാനങ്ങൾ പ്രവർത്തിക്കുന്നതിന്റെ ഫലമായി ആ മേഖലയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഡോ. സി. പി. ജോഷിയുടെ പഠനത്തിൽ കൃത്യമായി പറയുന്നുണ്ട്. ആവാസ വ്യവസ്ഥയിൽ വന്നിട്ടുള്ള വ്യതിയാനത്തിന്റെ ഭാഗമായി പരമ്പരാഗതമായി നമുക്ക് ലഭിച്ചുകൊണ്ടിരുന്ന പല മത്സ്യങ്ങളുടെയും ലഭ്യത ഇന്ന് കുറഞ്ഞുവരുന്നു. ഏട്ട, പരവ, സ്രാവ് തുടങ്ങിയ മത്സ്യങ്ങൾ ഇപ്പോൾ ലഭിക്കുന്നില്ല. ഞാൻ ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ തുടങ്ങിയതിനുശേഷം എന്റെ സുഹൃത്തുക്കളായ മത്സ്യത്തൊഴിലാളികൾ പറഞ്ഞുള്ള അറിവാണിത്. ഇവർ ഇന്നുപയോഗിക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾ തൊഴിലാളികളുടെ വകയല്ല. തൊഴിലാളികൾ ഇന്ന് കടക്കാരായും മറ്റുള്ളവരുടെ കൂലിക്കാരായും മാറിക്കൊണ്ടി രിക്കുകയാണ്. 1961-62 കാലഘട്ടത്തിൽ 28 ശതമാനം മത്സ്യബന്ധന ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായിട്ടുണ്ടായിരുന്നുവെങ്കിൽ അത് 2005 ആയപ്പോൾ 20 ശതമാനമായി കുറയുകയാണ് ചെയ്തിട്ടുള്ളതെന്ന് എ.കെ.ജി. സെന്ററിൽ നടന്ന അന്താരാഷ്ട്രപഠന കോൺഗ്രസ്സിന്റെ റിപ്പോർട്ടിൽ കൃത്യമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സ്വന്തമായി തൊഴിലുപകരണങ്ങളില്ലാത്ത

കൂലിക്കാരായി മാറിക്കൊണ്ടിരിക്കുന്ന ഈ മേഖലയിലുള്ള മത്സ്യത്തൊഴിലാളികളെ ആ തൊഴിലുപകരണത്തിന്റെ ഉടമകളാക്കി മാറ്റുന്നതിനാവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഉല്പാദനമേഖലയിൽ പ്രതിസന്ധി ഉണ്ടായതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിൽത്തന്നെ വലിയ വ്യതിയാനം വന്നിട്ടുണ്ട്. പൊതുസമൂഹത്തിന്റെ പ്രതിശീർഷ വരുമാനവും മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനവും തമ്മിൽ വലിയ അന്തരമാണുള്ളത്. 1980-81 കാലഘട്ടത്തിൽ 540 രൂപയായിരുന്ന പൊതുസമൂഹവും മത്സ്യത്തൊഴിലാളികളും തമ്മിലുള്ള പ്രതിശീർഷ വരുമാനത്തിലെ അന്തരമെങ്കിൽ അത് 1999-2000 ആയപ്പോൾ 4446 രൂപയായിട്ടുണ്ടെന്ന് ജെ. ബി. രാജന്റെ പഠന റിപ്പോർട്ടിൽ പറയുന്നു. അതിനുശേഷമുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. സ്വാഭാവികമായിട്ടും ഇപ്പോൾ അത് ആറായിരമോ ഏഴായിരമോ ആകാനാണ് സാധ്യത. കഴിഞ്ഞ അഞ്ചുവർഷക്കാലം ഈ മേഖല തകർന്ന് തരിപ്പണമാകുകയാണ് ചെയ്തത്. വികലമായ വികസനനയമാണ് കഴിഞ്ഞ സർക്കാർ ഈ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരുന്നതെന്ന് അവരുടെ പ്ലാനിംഗ് കമ്മീഷൻ തയ്യാറാക്കിയ 'വിഷൻ 2030'-ൽ മത്സ്യമേഖലയെക്കുറിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. അതിൽ പുതിയ കുറെ മത്സ്യബന്ധന വ്യവസ്ഥകളെക്കുറിച്ചും പുതിയ രീതികളെക്കുറിച്ചും പറയുന്നുണ്ട്. പക്ഷേ, കടലിന്റെ ആവാസവ്യവസ്ഥ എന്താണെന്നു മനസ്സിലാക്കാതെയുള്ള യാന്ത്രികമായ നിർദ്ദേശങ്ങളാണ് അതിലുള്ളത്. വിദേശ ട്രോളറുകൾ വന്ന് നമ്മുടെ മത്സ്യസമ്പത്ത് കൊള്ളയടിച്ച് കൊണ്ടുപോകുന്നതിനെ കുറിച്ച് ഒരു പരാമർശംപോലും ആ 'വിഷൻ 2030'-ൽ ഇല്ല എന്നുള്ളതുതന്നെ അവരുടെ ഈ രംഗത്തുള്ള പ്രവർത്തനത്തെ സംബന്ധിച്ചുള്ള നയത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുന്നതാണ്. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഡോ. രവീന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്നിട്ടുള്ള Kerala Aqua Reforms നിയമമാക്കാൻ അവസാന കാലഘട്ടത്തിലാണ് കൊണ്ടുവന്നതെങ്കിലും അത് നിയമമാക്കാനുള്ള നടപടികളിലേക്കൊന്നും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് പോയിട്ടില്ല. ഈ സർക്കാരിലെ ബഹുമാന്യനായ മന്ത്രിയുടെ നേതൃത്വത്തിൽ അക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയുണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. വിദേശ കമ്പനികളുമായിട്ടുള്ള സംയുക്ത സംരംഭം ഉണ്ടാക്കിയതിന്റെ ഭാഗമായി 180 ആഴക്കടൽ കപ്പലുകളും പ്രത്യേക കയറ്റിറക്ക് സ്കീമിൽ 32 കപ്പലുകളും എൽ.ഒ.പി. വ്യവസ്ഥയിൽ 70 കപ്പലുകളും ഇൻഡ്യൻ മഹാസമുദ്രത്തിൽ വിന്യസിച്ച് നമ്മുടെ മത്സ്യസമ്പത്ത് കൊള്ളയടിക്കുകയാണ്. അതുപോലെ ഈ കപ്പലുകൾ പലപ്പോഴും നമ്മുടെ ടെറിട്ടോറിയൽ വാട്ടറിൽ കടന്നുകയറി നമ്മുടെ മത്സ്യത്തൊഴിലാളികളുടെ തൊഴിലുപകരണങ്ങൾ നശിപ്പിക്കുകയും കൂറ്റൻ വലകൾ ഉപയോഗിച്ച് തീരദേശത്തെ മത്സ്യം ഊറ്റിയെടുത്തുകൊണ്ട് പോകുകയും ചെയ്യുന്നു. ഈ സ്ഥിതിവിശേഷം ഉണ്ടായപ്പോഴും കഴിഞ്ഞ ഗവൺമെന്റ്

ഒരു നടപടിയും എടുത്തിട്ടില്ല. അതിനോടൊപ്പംതന്നെ കേന്ദ്രസർക്കാർ ഈ മേഖലയിലുള്ള സബ്സിഡികൾ വെട്ടിക്കുറച്ചുവഴി ഉല്പാദന മേഖലയിൽ പ്രതിസന്ധിയും തൊഴിലാളികളുടെ സുരക്ഷിതത്വമില്ലായ്മയും നിലനിൽക്കുന്നുണ്ട്. ഇതിനുവേണ്ടി ഈ ഗവൺമെന്റ് പത്തുലക്ഷം രൂപ വരെയുള്ള ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആ പദ്ധതി ഉപയോഗപ്പെടുത്തിക്കൊണ്ട് സമഗ്രമായ രീതിയിൽ പുലിമുട്ടുകൾ നിർമ്മിക്കുകയും തീരദേശ റോഡുകൾ നിർമ്മിക്കുകയും ചെയ്ത് ആ മേഖലയെ സംരക്ഷിക്കാൻ നടത്തുന്ന പരിശ്രമങ്ങളെ ഞാൻ പിന്തുണയ്ക്കുകയാണ്. മത്സ്യബന്ധനമേഖലയിലെ കയറ്റുമതിക്കാരും തൊഴിലാളികളും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ഒരു തൊഴിലുടമ സുപ്രീംകോടതിയിൽ വാദിച്ച് താല്ക്കാലികമായി ഒരു വിധിയുണ്ടാക്കിയതിന്റെ ഭാഗമായി കയറ്റുമതിക്കാർ ക്ഷേമനിധി വിഹിതമടയ്ക്കാൻ തയ്യാറാകുന്നില്ല എന്നുള്ള ഒരു സ്ഥിതിവിശേഷം ഇപ്പോൾ നിലനിൽക്കുന്നുണ്ട്. എൽ.ഡി.എഫ്. സർക്കാർ 2007-ൽ കൊണ്ടുവന്ന ക്ഷേമനിധി സെസ് അടയ്ക്കാനും അവർ തയ്യാറാകുന്നില്ല. അതിന് പരിഹാരം കാണാൻ അടിയന്തരമായി ഇടപെടണം. ഉൾനാടൻ ജലാശയങ്ങളിലെ മലിനീകരണവും കയ്യേറ്റവുമാണ് ഉൾനാടൻ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അതുപോലെ ചെമ്മീനിന്റെയും ഞണ്ടിന്റെയും ആവാസസ്ഥലമായ കണ്ടൽക്കാടുകളെ നശിപ്പിക്കുന്നതുകാരണം മത്സ്യസമ്പത്തും നശിക്കുകയാണ്. കണ്ടൽക്കാടുകൾ സംരക്ഷിക്കേണ്ടത് മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിന് അനിവാര്യമായതിനാൽ നിർബന്ധമായും അതിനുള്ള ശ്രദ്ധ ചെലുത്തുവാൻ സർക്കാർ തയ്യാറാകണം. ഗുണനിലവാരമുള്ളതും ഫലപ്രദവുമായ മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് നൽകാൻ ശ്രദ്ധിക്കണം. കഴിഞ്ഞ കാലങ്ങളിൽ അങ്ങനെ നൽകിയിട്ടില്ല. മത്സ്യബന്ധന മേഖലയിൽ ഇടത്തട്ടുകാരുടെ ഇടപെടൽ പ്രധാനപ്പെട്ട പ്രശ്നമാണ്. ഇടത്തട്ടുകാർ ഇടയ്ക്കുനിന്ന് മത്സ്യസമ്പത്ത് കൊള്ളയടിക്കുന്നുണ്ട്. ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നതുപോലെ മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരിൽ നിന്നും മോചിപ്പിക്കുന്നതിന് ഒരു നിയന്ത്രിത വിപണി ഉണ്ടാക്കുന്നതും മത്സ്യസമ്പത്തിന് താങ്ങുവില പ്രഖ്യാപിക്കുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും എല്ലാ സാമൂഹ്യ സുരക്ഷാപദ്ധതികളിലും പങ്കാളിത്തം നൽകാനുള്ള നടപടി സ്വീകരിക്കണം. കൂടാതെ കടലാക്രമണം നേരിടാനുള്ള നടപടികൂടി സ്വീകരിക്കണമെന്ന് പറഞ്ഞു കൊണ്ട്, ഈ രംഗത്ത് ഗവൺമെന്റ് നടത്തുന്ന പദ്ധതികൾക്ക് പിന്തുണ അറിയിച്ചുകൊണ്ട്, പുതിയൊരു സമരമുറ കൂടി പഠിക്കാൻ കഴിഞ്ഞുവെന്നുള്ളതും നിരാഹാരവും സത്യാഗ്രഹവും ഒരുമിച്ച് ഒരു പന്തലിൽ നടത്തുന്നത് എങ്ങനെയാണെന്നും ഒരു കാര്യവുമില്ലാതെ വാക്ക് ഔട്ട് നടത്തുന്നത് എങ്ങനെയാണെന്നും ഇവിടെ വന്നപ്പോൾ എനിക്ക് പഠിക്കാൻ കഴിഞ്ഞുവെന്നുള്ള കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തി കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ

അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, മത്സ്യബന്ധനം എന്ന വകുപ്പ് ചെറുതല്ല, വലിയ വകുപ്പാണ്. മറ്റുദിവസങ്ങളിൽ ധാരാളം വകുപ്പുകൾ ചർച്ചയ്ക്ക് വച്ചപ്പോൾ ഈ ഒരു വകുപ്പുമാത്രമായി ഇന്ന് ചർച്ചയ്ക്കുവച്ചത് മോശമായിപ്പോയി എന്ന അഭിപ്രായം രേഖപ്പെടുത്താതിരിക്കാൻ ഒരു മാർഗ്ഗവുമില്ല.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, മത്സ്യബന്ധന വകുപ്പിന്റെ പ്രാധാന്യം കണക്കിലെടുത്താണ് ഒരു ദിവസം മുഴുവൻ ഈ വിഷയം ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചത്. എല്ലാ വകുപ്പുകളുടെയും ഇടയിൽവച്ച് ഈ പ്രശ്നം ചർച്ച ചെയ്യാൻ സാധിക്കില്ല. മത്സ്യബന്ധന മേഖലയുടെ പ്രാധാന്യം ഗവൺമെന്റ് എത്രമാത്രം ശ്രദ്ധയോടുകൂടി കാണുന്നുവെന്നുള്ളതിന് ഇതിനേക്കാൾ വലിയൊരു തെളിവ് ആവശ്യമുണ്ടോ?

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. മത്സ്യം പിടിക്കുന്നവരുടെ കാര്യം മാത്രം ചർച്ച ചെയ്താൽ മതിയോ? മത്സ്യം കഴിക്കുന്നവരെപ്പറ്റിയും ചർച്ച ചെയ്യണം.

മി. ചെയർമാൻ: അങ്ങേക്ക് സംസാരിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, എന്റെ സമയം ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കാനെടുത്തതാണ്. അത് എനിക്ക് തിരിച്ച് നൽകണം. മത്സ്യക്കയറ്റുമതിയിൽ കേരളം ഒന്നാം സ്ഥാനത്തായിരുന്നത് ഇപ്പോൾ നാലാം സ്ഥാനത്തായി മാറി. അതിന് കാരണമെന്താണ്? മത്സ്യ ഉൽപ്പാദനം കുറഞ്ഞിരിക്കുന്നുവെന്നുള്ള സത്യം അംഗീകരിക്കണം; അതിന്റെ ഉത്തരവാദി ആരാണെന്ന് കണ്ടെത്തണം. കടലാക്രമണംമൂലം കടലോരത്ത് താമസിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വീടും വലയും നഷ്ടപ്പെടുകയുണ്ടായി. ഈ നഷ്ടം നികത്താൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുമോ? കാരണം കേന്ദ്ര സർക്കാർ കടലാക്രമണത്തെ പ്രകൃതി ദുരന്തനിവാരണപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. എത്രയോ ദുഃഖകരമായ സംഭവമാണിത്; ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ കാഴ്ചപ്പാട് എന്താണ്? ഇതിൽ ഗവൺമെന്റ് ശക്തമായൊരു നിലപാട് സ്വീകരിക്കണം. കടലാക്രമണം ഉൾപ്പെടെ പ്രകൃതി ദുരന്തനിവാരണത്തിന്റെ ഭാഗമാക്കാൻ ശക്തമായ ഇടപെടലുകൾ കേന്ദ്ര ഗവൺമെന്റിൽ നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദേശത്തുനിന്നും കെമിക്കൽസ് ഉപയോഗിച്ച മത്സ്യമാണ് കേരളത്തിലെത്തുന്നത്. ഏഷ്യാനെറ്റിൽ വന്ന വാർത്തയാണ്. വരവ് മത്സ്യം കറിവച്ച് മൂന്നുദിവസം കഴിഞ്ഞപ്പോഴും തിളച്ചുകൊണ്ടിരിക്കുന്നതുകണ്ട വീട്ടമ്മ പേടിച്ച് ബോധം കെട്ടുവീണു. ഇതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ കെമിക്കൽസ് ആഡ് ചെയ്യുന്നതാണെന്ന്

മനസ്സിലായി. വരവ് മത്സ്യങ്ങൾ മാരകമായ രോഗമാണ് ഉണ്ടാക്കുന്നത്. വരവ് മത്സ്യങ്ങൾ കേരളത്തിൽ വ്യാപിക്കുന്നത് അനുവദിക്കണോ എന്ന കാര്യം ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. ഒരു കാരണവശാലും അത് അനുവദിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. ഹൈടെക് മത്സ്യമാർക്കറ്റ് ആരംഭിക്കുന്നതിനെ കുറിച്ച് പറയുകയുണ്ടായി. എരുമേലിയിലും ഈരാറ്റുപേട്ടയിലും ഓരോ ഹൈടെക് മത്സ്യമാർക്കറ്റ് ആരംഭിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗത്തിന്റെ സമയം കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് ക്ഷമിക്കണം. ഒരു പാവപ്പെട്ട പട്ടികജാതിക്കാരന്റെ കാര്യം കൂടി പറയാനുണ്ട്. 'പവിത്രൻ തീക്കുനി' യെ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയുമോ? അറിയും. "തീമരത്തണലിൽ" 20 വർഷത്തെ രചനകളാണ്. അദ്ദേഹത്തിന്റെ പുസ്തകം ഞാൻ ഇന്നലെ ആയിരം രൂപ കൊടുത്ത് വാങ്ങി. നിങ്ങളിൽ ആരൊക്കെ വാങ്ങിയെന്നുള്ളത് എനിക്ക് അറിയില്ല. അദ്ദേഹം പാവപ്പെട്ട ഒരു പട്ടികജാതി മത്സ്യത്തൊഴിലാളിയും മത്സ്യക്കച്ചവടക്കാരനുമായിരുന്നു. അദ്ദേഹം പുസ്തകം വിറ്റുകൊണ്ട് ജീവിതമാർഗ്ഗമില്ലാതെ നടക്കുകയാണ്. അദ്ദേഹത്തിന് മത്സ്യമാർക്കറ്റിൽ ഒരു ജോലി കൊടുക്കാൻ സാധിക്കുമോ? അദ്ദേഹത്തെ സംരക്ഷിക്കുമോ? ഒരു പാവപ്പെട്ട പട്ടികജാതിക്കാരൻ പുസ്തകം വിറ്റുകൊണ്ട് നടക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് അദ്ദേഹത്തിന് ഒരു ജോലി നൽകണമെന്നുള്ള അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്. ഒരു സാഹിത്യകലാകാരന് കലാപ്രവർത്തനവും മത്സ്യക്കച്ചവടവും ഒരുമിച്ച് നടക്കില്ല. അദ്ദേഹത്തെ സംരക്ഷിക്കുന്ന കാര്യം മത്സ്യബന്ധന വകുപ്പുമന്ത്രി ഏറ്റെടുത്താൽ നല്ലതായിരിക്കും എന്നുകൂടി രേഖപ്പെടുത്തുന്നു. ഞാൻ തർക്കത്തിനില്ല.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു. ഇന്നുവരെ ഉണ്ടാകാത്ത രീതിയിലുള്ള ജനക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നൊരു സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിമാർ അവരുടെ ഓരോ വകുപ്പുകളും നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നുവെന്ന സന്തോഷകരമായിട്ടുള്ള ഒരു വസ്തുതയാണ് ഇന്നുള്ളത്. അക്കാര്യം ജനങ്ങളോട് അടുത്ത് പെരുമാറുമ്പോൾ നേരിട്ട് ബോദ്ധ്യപ്പെടുകയാണ്. ഓണാഘോഷത്തോടനുബന്ധിച്ച് ക്ഷേമപെൻഷൻ വിതരണം ചെയ്ത സമയത്ത് 60 വയസ്സുകഴിഞ്ഞ വൃദ്ധന്മാർ ഉൾപ്പെടെയുള്ളവരുടെ സന്തോഷം അതിന് ഒരു ഉദാഹരണം മാത്രമാണ്.

മത്സ്യമേഖലയിൽ കഴിഞ്ഞ 100 ദിവസം കൊണ്ട് വലിയ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്താൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞുവെന്നത് വളരെ

സന്തോഷകരമാണ്. പ്രകൃതിക്ഷോഭത്തിൽ മത്സ്യബന്ധനയാനങ്ങളും ഉപകരണങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര സഹായം വിതരണം ചെയ്യുന്ന കാര്യത്തിലും ആ ഉപകരണങ്ങൾ പുനർ ആർജ്ജിക്കുന്നതിനുള്ള വായ്പാ സഹായങ്ങൾ കൃത്യസമയത്ത് കൊടുത്തുകൊണ്ട് അവരെ സഹായിക്കാൻ കഴിഞ്ഞുവെന്നതും വലിയൊരു കാര്യമാണ്. കഴിഞ്ഞ കാലങ്ങളിലെല്ലാം സഹായം അഭ്യർത്ഥിച്ചു കൊണ്ട് ഉദ്യോഗസ്ഥരുടെ പിന്നാലെ നടക്കേണ്ട ഗതികേടിലായിരുന്നു. അത്തരം കാര്യങ്ങൾ മന്ത്രി നേരിട്ട് ശ്രദ്ധിക്കുന്നുവെന്നത് വലിയൊരു കാര്യമാണ്. ഡീഗോ ഗാർഷ്യയിൽ തടവിലാക്കപ്പെട്ട 19 മത്സ്യത്തൊഴിലാളികളെ തിരികെ നാട്ടിലെത്തിക്കാൻ സാധിച്ചുവെന്നതും വലിയൊരു കാര്യമാണ്. ഫിഷറീസ് മേഖലയുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയമിച്ചിരിക്കുകയാണ്.

ഉൾനാടൻ മത്സ്യകൃഷി മേഖലയിൽ വരുന്ന 10 വർഷത്തേക്കുള്ള വികസന പരിപാടി തയ്യാറാക്കുന്നതിന് ഏകദിന ദേശീയ ശിൽപ്പശാല സംഘടിപ്പിച്ചുകൊണ്ട് കേരളം ഒരു മാതൃകയായിരിക്കുകയാണ്. തീരദേശ സംരക്ഷണത്തിനും മത്സ്യത്തൊഴിലാളി സുരക്ഷയ്ക്കും ഉതകുന്ന സമഗ്ര തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ പ്രതിനിധികളെയും സംഘടനയുടെ ബന്ധപ്പെട്ടവരെയും ഉൾപ്പെടുത്തിക്കൊണ്ട് തീരദേശ മാനേജ്മെന്റ് പ്ലാനിൽ മത്സ്യമേഖലാവിഭാഗം തയ്യാറാക്കാൻ കർമ്മസമിതിയെ നിയമിച്ചിരിക്കുകയാണ്. മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ഫിഷറീസ് വകുപ്പ് ദത്തെടുത്ത് വളർത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ ഹൈസ്കൂൾ വിദ്യാർത്ഥികളായ പെൺമക്കൾക്ക് ചെലവ് കുറഞ്ഞതും സൗജന്യവുമായ യാത്രാസൗകര്യം ഒരുക്കുന്നതിനുവേണ്ടി സൈക്കിൾ നൽകുന്ന പദ്ധതി ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ, മലപ്പുറം ജില്ലകളിലെ വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുകയാണ്.

മത്സ്യത്തൊഴിലാളി സ്ത്രീ സംരംഭക ഗ്രൂപ്പുകൾ നിർമ്മിക്കുന്ന തീരമൈത്രി ഉൽപ്പന്നങ്ങളുടെ ഒരു കോടി രൂപ വിലയുള്ള 25,000 ഓണക്കിറ്റുകൾ ഈ ഓണത്തിന് വിപണനം ആരംഭിച്ചിരിക്കുകയാണ്. മത്സ്യഫെഡുവഴി ഗുണനിലവാരമുള്ള പച്ച മത്സ്യം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നാല് ഫിഷ് മാർട്ടുകൾ ആരംഭിച്ചിരിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ വാർദ്ധക്യകാല പെൻഷൻ 1,000 രൂപയായി വർദ്ധിപ്പിച്ച് വിതരണം ചെയ്തു. മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി ധനസഹായം 3600 രൂപയായി ഉയർത്തി. ഇപ്പോൾ തകർച്ച നേരിടുന്ന അലങ്കാര മത്സ്യക്കയറ്റുമതിയും കൃഷി പ്രോത്സാഹനവും ലക്ഷ്യമിട്ട് ആരംഭിച്ച കെ.എ.വി.ഐ.എൽ. എന്ന സ്ഥാപനം പുനരുദ്ധരിക്കാനുള്ള നടപടികൾ തയ്യാറാക്കി

വരുന്നു. ഇത്തരത്തിൽ വിവിധങ്ങളായ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും കടലാക്രമണംമൂലം വീടും ഭൂമിയും നഷ്ടപ്പെടുന്ന തീരദേശവാസികളുടെ എണ്ണം കൂടി വരികയാണ്. അങ്ങ് താനൂരും പൊന്നാനിയും സന്ദർശിച്ചപ്പോൾ ഇക്കാര്യം ബോധ്യപ്പെട്ടിട്ടുണ്ടാകും. അതിന് അങ്ങ് നൽകിയ രണ്ടുമൂന്ന് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നതാണ് എന്റെ പ്രധാനപ്പെട്ട ഒരാവശ്യം. അതോടൊപ്പം ആധുനിക മത്സ്യബന്ധന രീതിയായ മറൈൻ അക്വാ കൾച്ചർ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ വേഗത്തിലാക്കണം. മത്സ്യമേഖല ഇന്ന് നേരിടുന്ന പ്രധാന പ്രശ്നം മത്സ്യ സമ്പത്തിന്റെ കുറവാണ്. 1991-ൽ ആഴക്കടൽ മത്സ്യബന്ധനത്തിന് അനുവാദം നൽകിയതിലൂടെ ഉൾക്കടലിൽനിന്നും മത്സ്യം കോരിക്കൊണ്ടുപോകുകയും അതേ ഷിപ്പിൽവച്ചുതന്നെ ചെറിയ മത്സ്യങ്ങളെ പായ്ക്ക് ചെയ്ത് മാർക്കറ്റിലെത്തിക്കുകയും ചെയ്യുന്നു. സ്രാവ് കുഞ്ഞുങ്ങൾ, അയക്കൂറ പോലുള്ള ചെറിയ മത്സ്യങ്ങളാണ് ഇന്ന് മാർക്കറ്റിൽ എത്തപ്പെടുന്നത്. ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞതുപോലെ കെമിക്കലുകൾ ചേർത്ത മത്സ്യം മാർക്കറ്റുകളിലെത്തുന്നത് അവസാനിപ്പിക്കണം. പണി തീർത്ത ഹാച്ചറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത നിരവധി ബോട്ടുകളും വലകളും നമ്മുടെ തീരത്തുണ്ട്. അവയ്ക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ വലിയൊരു വിഭാഗം ആളുകൾ കടക്കെണിയിൽപ്പെടുന്ന അവസ്ഥയുണ്ടാകുന്നത് തടയാൻ നടപടികളുണ്ടാകണം. പൊന്നാനിയിലും താനൂരിലും ഈ സീസണിൽമാത്രം എട്ടോളം വലിയ തോണികളും ബോട്ടുകളും നശിച്ചിട്ടും അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചിട്ടില്ല. അവിടെയുള്ള നാട്ടുകാർ പിരിവെടുത്താണ് അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തത്. ഇൻഷ്വറൻസ് പരിരക്ഷ ഇവർക്കെല്ലാം ലഭിക്കുന്ന രീതിയിൽ മാറ്റം വരുത്തേണ്ടതുണ്ട്. കേന്ദ്ര സർക്കാരിന്റെ മത്സ്യമേഖലയിലുള്ള പരിഷ്കാരങ്ങൾ വളരെ മോശമായ രീതിയിലാണ് കേരളത്തെ ബാധിച്ചുകൊണ്ടിരിക്കുന്നത്. സി.ആർ.ഇസഡ്.-ന്റെ പരിധി നിശ്ചയിക്കുന്ന കാര്യത്തിൽ സമിതിയെ നിയോഗിച്ചെങ്കിലും ധാരാളം കുടുംബങ്ങൾ വീട് വയ്ക്കാനും നിലവിലുള്ള വീടുകൾ പൂർത്തിയാക്കാനും കഴിയാതെ ബുദ്ധിമുട്ടുന്നു. അക്കാര്യത്തിൽ ശ്രദ്ധയുണ്ടാകണം. തീരദേശ ഹൈവേയുടെ പണി പൂർത്തിയാകുമ്പോൾ ധാരാളം കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട അവസ്ഥയിൽ അവരുടെ പുനരധിവാസം ശക്തിപ്പെടുത്തേണ്ട ആവശ്യകത വളരെ കൂടുതലാണ്. മത്സ്യ മേഖലയിൽ 1233 കോടി രൂപയുടെ പദ്ധതിയാണ് അങ്ങ് പ്രഖ്യാപിച്ചിട്ടുള്ളത്. തീർച്ചയായും തീരദേശ മേഖലയിലെ സമഗ്ര വികസനത്തിന് ഇത് പ്രയോജനപ്രദമാകും. പക്ഷേ തികച്ചും രാഷ്ട്രീയപരമായിട്ടാണ് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് തീരദേശ മേഖലയിൽ വികസനപ്രവർത്തനങ്ങൾ നടത്തിയിരുന്നതെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്.

വീട് നൽകുന്ന കാര്യത്തിലും മറ്റ് സഹായങ്ങൾ നൽകുന്ന കാര്യത്തിലുമൊക്കെ പാർട്ടി മാത്രം നോക്കി ആനുകൂല്യങ്ങൾ നൽകുന്ന സ്ഥിതിവിശേഷം എല്ലായിടത്തുമുണ്ടായിരുന്നു. എന്നാൽ ഇടതുപക്ഷ മുന്നണി അധികാരത്തിൽ വന്നതിനുശേഷം എല്ലാ പദ്ധതികളിലും എല്ലാവരെയും ഉൾപ്പെടുത്തി അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന നിർദ്ദേശം അങ്ങ് ഉദ്യോഗസ്ഥർക്ക് നൽകണം. കാരണം കഴിഞ്ഞ കാലങ്ങളിൽ വീടിനും മറ്റ് ആനുകൂല്യങ്ങൾക്കുമുള്ള ലിസ്റ്റിലെ അർഹരായ ആളുകൾക്ക് നൽകാതെ ഒരേ ആളുകൾക്കുതന്നെ നിരന്തരം ആനുകൂല്യങ്ങൾ നൽകുന്ന സ്ഥിതിയുണ്ടായിരുന്നു എന്നത് അങ്ങേക്ക് അറിയാവുന്നതാണ്. ഉദ്യോഗസ്ഥരെ ഉപയോഗിച്ചാണ് കഴിഞ്ഞ കാലങ്ങളിൽ ഇങ്ങനെ ചെയ്തിട്ടുള്ളത്. ഈ മേഖലയിൽ പ്രത്യേക ശ്രദ്ധയുണ്ടാകണം. സർക്കാരിന്റെ പ്രവർത്തനങ്ങൾ ഈ നാടിനും തുടർ സർക്കാർ വരുന്നതിനും സഹായകമാകട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈ ബില്ലിനെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. വ്യക്തമായ ധാരണയോടുകൂടിത്തന്നെ മത്സ്യമേഖലയിൽ ഇടപെടുന്ന ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ പ്രവർത്തനത്തെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. തൊഴിൽ നിയമങ്ങളെല്ലാം ഭേദഗതി ചെയ്തുകൊണ്ട് തൊഴിലാളികളെ ഇല്ലായ്മ ചെയ്യുകയും ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുകയും എപ്പോൾ വേണമെങ്കിലും പിരിച്ചുവിടുകയും ചെയ്യാം എന്ന നിലയിലേയ്ക്കാണ് കേന്ദ്ര ഗവൺമെന്റ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഡോ. മൻമോഹൻ സിംഗിന്റെ കാലത്ത് നടപ്പാക്കിയ തൊഴിലാളി വിരുദ്ധ നയം തന്നെയാണ് ഇവരും നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അപ്രന്റീസ് ആക്ടും ഫാക്ടറീസ് ആക്ടുമൊക്കെ ഭേദഗതി ചെയ്തുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് തൊഴിലാളികളെ ഇല്ലായ്മ ചെയ്യുന്ന രീതിയിലേയ്ക്ക് പോകുന്നത്. ഇതേ നിലപാടുകൾ തന്നെയാണ് കഴിഞ്ഞ കാലങ്ങളിൽ കോൺഗ്രസ് ഭരണകൂടവും നടപ്പിലാക്കിയത്. 1991-ൽ നരസിംഹറാവു പ്രഖ്യാപിച്ച പുത്തൻ സാമ്പത്തിക നയമനുസരിച്ച് ആദ്യമായി ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് വിദേശ കപ്പലുകൾക്ക് ലൈസൻസ് നൽകുകയുണ്ടായി. എന്നാൽ ഇടതുപക്ഷ ട്രേഡ് യൂണിയനുകളും കേന്ദ്ര ട്രേഡ് യൂണിയനുകളും നടത്തിയ സമരത്തെത്തുടർന്ന് ഈ നിയമം പിൻവലിക്കുകയാണുണ്ടായത്. മുരാരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള joint venture അപേക്ഷകൾ നിരസിക്കുകയുണ്ടായി. പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല എന്ന് 1997-ൽ ഗവൺമെന്റ് പ്രഖ്യാപിച്ചു. ആഴക്കടൽ മത്സ്യബന്ധനത്തിന് തദ്ദേശീയരായിട്ടുള്ള തൊഴിലാളികളെ പ്രാപ്തരാക്കി പരിശീലനം നൽകണമെന്നും സാങ്കേതിക സഹായങ്ങൾ നൽകണമെന്നും കേന്ദ്രത്തിൽ ഫിഷറീസിന് ഒരു പ്രത്യേക മന്ത്രാലയം രൂപീകരിക്കണമെന്നും നിർദ്ദേശിച്ച മുരാരി കമ്മീഷൻ റിപ്പോർട്ട്

തള്ളിക്കളഞ്ഞുകൊണ്ടാണ് കോൺഗ്രസ് ഗവൺമെന്റും ബി.ജെ.പി. ഗവൺമെന്റും മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത്. ഇന്ത്യയിലെ ഏറ്റവും ദരിദ്രവിഭാഗമായ മത്സ്യത്തൊഴിലാളികളെ ഇല്ലാതാക്കുകയും മത്സ്യസമ്പത്ത് വിദേശ കുത്തകകൾക്ക് തീറെഴുതുകയും ചെയ്യുന്നത് തീർച്ചയായും എതിർക്കപ്പെടേണ്ടതാണ്. ബി.ജെ.പി., കോൺഗ്രസ് ഗവൺമെന്റുകളുടെ കുത്തകകൾക്കനുകൂലമായ നിലപാടുകളാണ് മത്സ്യത്തൊഴിലാളി സമൂഹം ഇന്നനുഭവിക്കുന്ന ദുരിതങ്ങൾക്ക് അടിസ്ഥാനം. വികസന പദ്ധതികളുടെ പേരിൽ തീരദേശവും ജലാശയങ്ങളും കുത്തകകൾക്ക് കൈമാറാനും മത്സ്യത്തൊഴിലാളികളെയും തീരദേശവാസികളെയും സ്വന്തം മണ്ണിൽ നിന്നും കുടിയിറക്കാനുമാണ് ഇവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 14 ദശലക്ഷം ആളുകളാണ് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത്. അത്രയും ആളുകൾ തന്നെ അനുബന്ധ മേഖലയിലും പണിയെടുക്കുന്നു. ഇന്ത്യയുടെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 0.83 ശതമാനവും കാർഷിക ആഭ്യന്തര ഉൽപ്പാദനത്തിന്റെ 4.75 ശതമാനവും സംഭാവന ചെയ്യുന്ന മത്സ്യമേഖല 2014-15-ൽ 33,442 കോടി രൂപയുടെ വിദേശനാണ്യം നേടിത്തരികയുണ്ടായി. ആഗോള മത്സ്യോൽപ്പാദനത്തിൽ ഇന്ത്യ ഇന്ന് രണ്ടാം സ്ഥാനത്താണ്. ഭക്ഷ്യസുരക്ഷയിലും സമ്പദ്ഘടനയിലും തൊഴിൽ നൽകുന്നതിലും സുപ്രധാന പങ്ക് വഹിക്കുന്നത് മത്സ്യമേഖലയാണ്. പ്രകൃതിദത്തമായ അനുകൂല സാഹചര്യമുള്ളതുകൊണ്ടുതന്നെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശമാണ് കേരള തീരപ്രദേശം. അശാസ്ത്രീയമായ വികസന നയവും മൂലധന താൽപ്പര്യവുംകൂടി ഈ മേഖലയെ തകർത്തുകൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലാശയങ്ങളുടെ വിസ്തൃതി കുറയുന്നതും മലിനീകരണവും അപകടകരമായ സന്ദേശമാണ് നൽകുന്നത്. ജലാശയങ്ങളുടെ 40 ശതമാനവും ഇല്ലാതായി കൊണ്ടിരിക്കുകയാണ്. തണ്ണീർത്തടങ്ങളും നെൽവയലുകളും മത്സ്യപ്രജനനത്തിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. തണ്ണീർത്തട സംരക്ഷണ നിയമവും ഉൾനാടൻ മത്സ്യബന്ധന നിയമവും കാര്യക്ഷമമായി നടപ്പിലാക്കണം. യു.ഡി.എഫ്. ഗവൺമെന്റ് തണ്ണീർത്തട നിയമത്തെ കഴിഞ്ഞ കാലങ്ങളിൽ അട്ടിമറിച്ചു. ടൂറിസം വികസനത്തിന്റെ പേരിൽ ഭൂമാഫിയകളും റിസോർട്ട് ഉടമകളും ചേർന്ന് കായലുകളും കടലും കയ്യടക്കി. സീ പ്ലെയിൻ പദ്ധതികളൊക്കെ മത്സ്യ സമ്പത്തിന് ഭീഷണിയാണ്. തീരദേശത്തിന്റെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും സംരക്ഷണം ലക്ഷ്യംവച്ച് ആവിഷ്കരിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പ്രത്യേക നിർദ്ദേശമുണ്ടായിരുന്നിട്ടും യാതൊരു നടപടിയുമുണ്ടായില്ല. മത്സ്യ സമ്പത്തിനെയും മത്സ്യത്തൊഴിലാളികളെയും അവരുടെ കുടുംബങ്ങളേയും സംരക്ഷിക്കേണ്ടതുണ്ട്. ഇവരുടെ മാസവരുമാനം ശരാശരി 6,000 രൂപ മാത്രമാണ്.

മീൻപിടിത്തവുമായി ബന്ധപ്പെട്ട് മരണപ്പെടുന്നവർ ക്ഷേമനിധിയിൽ അംഗങ്ങളല്ലെങ്കിൽ പോലും അവരുടെ കുടുംബങ്ങളെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ലക്ഷക്കണക്കിന് രൂപ വില കൊടുത്തു വാങ്ങുന്ന മൽസ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തണം. നിരോധനമുണ്ടാകുന്ന സമയത്ത് കുടുംബത്തിന് ജീവിക്കാനാവശ്യമായ സാമ്പത്തികസഹായവും നൽകണം. മത്സ്യമേഖലയിൽ വിദേശ കപ്പലുകളുടെ കടന്നുകയറ്റവും നിരോധിക്കപ്പെട്ട വലകളുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതുവഴി മത്സ്യമുട്ടകളും കുഞ്ഞുങ്ങളും നശിച്ചുപോകുന്നത് മത്സ്യമേഖലയ്ക്ക് വലിയ ഭീഷണിയായി കാണേണ്ടതാണ്. ട്രോളിംഗ് നിരോധന സമയത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയിറക്കാനുള്ള അവസരമുണ്ടാക്കുകയും വർഷകാലത്ത് ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം. ഫാക്ടറിയിലെ മാലിന്യങ്ങളും മറ്റും മത്സ്യസമ്പത്ത് ഇല്ലാതാക്കുന്നതിനും കായലുകളിൽ മീനുകൾ ചത്തൊടുങ്ങുന്നതിനും കാരണമാകുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തും സംരക്ഷിക്കപ്പെടുന്ന രീതിയിൽ കടൽഭിത്തി നിർമ്മാണവും പുലിമുട്ട് നിർമ്മാണവും നടത്തണം. അഴീക്കോട് മേഖലയിൽ ജങ്കാർ സർവ്വീസ് നടത്തുന്നതിനും തീരദേശ വികസനത്തിൽ കുടിയിറക്കപ്പെട്ടവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. സന്തോഷത്തോടെ ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഞാൻ മത്സ്യബന്ധന വകുപ്പിന്റെ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. വിസ്മയങ്ങളുടെ മഹാഖനിയാണ് കടൽ. കവിഭാവനകളെ ഒട്ടേറെ പ്രചോദിപ്പിച്ചിട്ടുള്ള ലോകത്തിലെ ഏറ്റവും വലിയ വിസ്മയം കടലാണ്. ആ കടലിന്റെ അഗാധതയിൽ പോയി മത്സ്യംപിടിക്കുന്ന മത്സ്യത്തൊഴിലാളികളും അത്ഭുതമാണ്. കാരണം നമുക്ക് സങ്കൽപ്പിക്കാൻ കഴിയാത്ത ദൂരത്തിലും ആഴത്തിലും സ്വന്തം ജീവൻപോലും കണക്കാക്കാതെയാണ് അവർ മത്സ്യബന്ധനം നടത്തുന്നത്. അത്തരത്തിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ ക്ഷേമമാണ് ഏറ്റവും പ്രധാനപ്പെട്ടത്. പക്ഷേ പലപ്പോഴും നമ്മുടെ സർക്കാരുകൾ മത്സ്യത്തൊഴിലാളികളെ അവഗണിക്കുകയും മത്സ്യ മേഖലയിൽ ബിസിനസ് നടത്തുന്ന വൻകിടക്കാരുടെ താൽപ്പര്യം മാത്രം ലക്ഷ്യമിട്ട് പ്രവർത്തിക്കുകയുമാണ് ചെയ്തിട്ടുള്ളത്. കാർഷിക മേഖലയിൽ ഭൂപരിഷ്കരണം കൊണ്ടുവന്ന് കൃഷിഭൂമി കൃഷിക്കാർക്ക് വിതരണം ചെയ്തതുപോലെ മത്സ്യമേഖലയിൽ കടലിന്റെ അവകാശം കടലിൽ മീൻപിടിക്കുന്ന തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന ഒരു സമഗ്ര ജലപരിഷ്കരണ നയം ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയപ്രഖ്യാപനവും ബഡ്ജറ്റ് പ്രഖ്യാപനവും പ്രതീക്ഷ നൽകുന്നതാണ്. അറബിക്കടലിന്റെ ഓരംചേർന്ന് 590 കിലോമീറ്റർ ദൈർഘ്യത്തിൽ സ്ഥിതി ചെയ്യുന്ന കേരളത്തിന്റെ സമ്പദ് ഘടനയിൽ മത്സ്യമേഖല നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. ഇന്ത്യാസമുദ്രത്തിലെ ഏറ്റവും

ഉൽപ്പാദനക്ഷമമായ മേഖലകളിൽ ഒന്നാണ് അറബിക്കടൽ. മത്സ്യക്കൊയ്ത്തിന് പ്രസിദ്ധിയാർജ്ജിച്ച ചാകര കേരളത്തിന്റെ തീരക്കടലിൽ മാത്രം കണ്ടുവരുന്ന അപൂർവ്വ പ്രതിഭാസമാണ്. പ്രതിവർഷം 7.26 ടൺ മത്സ്യം ഉൽപ്പാദിപ്പിക്കുന്ന കേരളം മത്സ്യോൽപ്പാദനത്തിൽ മുന്നിലായിരുന്നു. എന്നാൽ ഇന്നത് ഗുജറാത്ത്, പശ്ചിമബംഗാൾ, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളുടെ പിന്നിലായിരിക്കുന്നു. മത്സ്യോൽപ്പാദനം കുറയുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് പലരും പറഞ്ഞുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. നമുക്ക് 72 ശതമാനം കടൽ മേഖലയും ബാക്കി ഉൾനാടൻ ജലപാതകളുമാണുള്ളത്. മത്സ്യത്തൊഴിലാളികൾക്ക് എന്നും അനുകൂലമായ നയങ്ങൾ നടപ്പിലാക്കുന്നതിൽ ഇടതുപക്ഷ സർക്കാരുകൾ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. 1996-ൽ ജനകീയ മത്സ്യക്കൃഷിയെന്ന ആശയം കൊണ്ടുവരികയും അത് പ്രാവർത്തികമാക്കുകയും ചെയ്തു. 2007-ൽ ശ്രീ. എസ്. ശർമ്മയുടെ നേതൃത്വത്തിൽ 'മത്സ്യകേരളം' എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു സന്നിദ്ധമായ ഘട്ടത്തിൽ, അഖിലേന്ത്യാതലത്തിൽ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ, മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയാതിരുന്ന സാഹചര്യത്തിൽ, ശക്തമായ നിലപാട് സ്വീകരിച്ച് നിയമസഭയിൽ കൊണ്ടുവന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് ജൂൺ, ജൂലൈ മാസങ്ങളിൽ തൊഴിലാളികൾക്ക് കടലിൽ പോകാൻ സാധിക്കുന്നത്. ആ തരത്തിൽ മത്സ്യത്തൊഴിലാളികൾക്കും മത്സ്യമേഖലയ്ക്കും അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുള്ളത് ഇടതുപക്ഷ ഗവൺമെന്റുകളാണ്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയ നയങ്ങൾ മത്സ്യമേഖലയുടെ തകർച്ചയ്ക്കാണ് ഇടയാക്കിയിട്ടുള്ളത്. കോൺഗ്രസ്സിന്റെ നേതാവായിരുന്ന നരസിംഹറാവുവിന്റെ ഗവൺമെന്റ് കൊണ്ടുവന്ന ആഴക്കടൽ മൽസ്യബന്ധന നയമാണ് മത്സ്യമേഖലയെ അപകടകരമായ അവസ്ഥയിലേക്ക് കൊണ്ടെത്തിച്ചത്. കടലിൽനിന്നും സുലഭമായി ലഭിക്കുമായിരുന്ന പലയിനം മത്സ്യങ്ങളും ഇന്ന് ലഭിക്കുന്നില്ല. സ്രാവ്, ഏട്ട എന്നിവ കൂടാതെ ഒട്ടേറെ വൈവിദ്ധ്യമുള്ള ചെറുമീനുകൾ ഇന്ന് കടലിൽ കിട്ടാനേയില്ല. വിനാശകരമായ ആഴക്കടൽ മത്സ്യബന്ധന നയമാണ് ഇതിനു കാരണം. ഞാൻ കഴിഞ്ഞ സഭയിലെ ചർച്ചയിലും ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. ഇവിടെ എന്തെല്ലാം നാടകങ്ങളാണ് കോൺഗ്രസ് കളിച്ചിട്ടുള്ളത്. കഴിഞ്ഞ സഭയിലുണ്ടായിരുന്ന ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. രാഹുൽ ഗാന്ധിയെ കൊണ്ടുവന്ന് നാടകം കളിപ്പിച്ചു. അവരുടെ ഗവൺമെന്റാണ് ഏറ്റവും ആപത്കരമായ നയം നടപ്പിലാക്കി മത്സ്യത്തൊഴിലാളികളെ നാശത്തിന്റെ വക്കിലേക്ക് കൊണ്ടുപോയത്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, രണ്ട് മത്സ്യത്തൊഴിലാളികളെ കടലിൽ വച്ച് വെടിവച്ചുകൊന്ന ഇറ്റാലിയൻ നാവികരെ സംരക്ഷിച്ചതും ഇപ്പോഴും

സംരക്ഷിച്ചുകൊണ്ടിരിക്കുന്നതും ആരൊക്കെയാണെന്ന് അങ്ങേക്കറിയാമല്ലോ, അക്കാര്യത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, മത്സ്യത്തൊഴിലാളികളുടെ പേരിൽ സംസാരിക്കുകയും മത്സ്യത്തൊഴിലാളികൾക്ക് ചതിയൊരുക്കുകയും ചെയ്യുക എന്ന നയമാണ് എക്കാലത്തും കോൺഗ്രസ് സ്വീകരിച്ചിട്ടുള്ളത്. ഇന്നിപ്പോൾ ഈ ചർച്ചയിലൊക്കെ പങ്കെടുക്കാൻ എന്തുകൊണ്ടാണ് അവർ തയ്യാറാകാത്തത്? ഒരു കാര്യവുമില്ലാത്ത ഒരു വിഷയമുന്നയിച്ചുകൊണ്ട് അവർ സമരം നടത്തുകയാണ്. സഭ ബഹിഷ്കരിച്ചിരിക്കുകയാണ്. ഒരു സർക്കാരിന്റെ കാലുപിടിച്ച് 'ഞങ്ങളെയൊന്ന് ഒത്തുതീർപ്പാക്കിത്തരണെ' എന്നുപറയുന്ന ഒരുവസ്ഥയിലേയ്ക്ക് അവരെത്തിയില്ലേ? കാരണം ഉന്നയിക്കപ്പെട്ട വിഷയം, കേരള ജനത ഏറ്റെടുക്കാത്ത വിഷയമാണെന്ന് ഞാൻ സാന്ദർഭികമായി പറയുകയാണ്. ഒരു നിരാഹാര സമരം എം.എൽ.എ.-മാർ നടത്തുന്ന സമയത്ത് നാട്ടിൽ ശക്തമായ പ്രതികരണങ്ങളുണ്ടാകണം. ഞാൻ ചോദിക്കട്ടെ, കേരളത്തിൽ ഈ രണ്ടുമൂന്ന് എം.എൽ.എ.-മാർ ഇത്ര ദിവസം നിരാഹാരം കിടന്നല്ലോ, എന്തുകൊണ്ടാണ് ജനങ്ങൾ ഏറ്റെടുക്കാത്തത്? ജനങ്ങളുടെ മനസ്സിൽ ഇളക്കവും സ്വീകാര്യതയുമുണ്ടാക്കുന്ന ഒരു നിലപാടല്ല എന്നതുകൊണ്ടു തന്നെയാണ് കേരളത്തിൽ ഒരു പ്രതികരണവും ഈ സമരത്തിന്റെ ഭാഗമായി ഉണ്ടാകാത്തത്. ഇവിടെ കുറേദിവസം അവർ സമരം നടത്തി നിയമസഭ തുടർച്ചയായി ബഹിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. നിയമസഭയിലുന്നയിക്കപ്പെടേണ്ട ഗൗരവമുള്ള പ്രശ്നങ്ങൾപ്പോലും ഉന്നയിക്കാൻ കെൽപ്പില്ലാത്ത ദുർബ്ബലമായ ഒരു പ്രതിപക്ഷമാണെന്ന് വ്യക്തമാക്കപ്പെട്ടില്ലേ? ശ്രീ. രമേശ് ചെന്നിത്തല അവിടെ പ്രസംഗിച്ചുകൊണ്ടിരിക്കെ ശ്രീ. ഉമ്മൻ ചാണ്ടി താടിക്ക് കയ്യും കൊടുത്തിരിക്കുകയായിരുന്നു. 'എന്ത് വിവരക്കേടാണ് ഈ കാണിക്കുന്നതെന്നാണ്' ആ ശരീരഭാഷയിലൂടെ ശ്രീ. ഉമ്മൻ ചാണ്ടി തെളിയിച്ചത്. അപ്പോൾ ഇവിടെ അവർക്ക് സംസാരിക്കാൻ കഴിയാത്ത പ്രശ്നങ്ങളുണ്ട്. മുൻസർക്കാരിൽ ശ്രീ. കെ. ബാബു ഫിഷറീസ് വകുപ്പ് മന്ത്രിയായിരുന്നു. മത്സ്യമേഖലയുമായി എന്താണ് ശ്രീ. കെ. ബാബുവിന് ബന്ധം; മത്സ്യമേഖലയുമായി ബന്ധമുള്ളവർ മാത്രമെ മന്ത്രിയാകാവൂ എന്നുള്ളതല്ല, ആ വിഭാഗങ്ങളുടെ പ്രശ്നങ്ങളിൽ ഒരു താൽപ്പര്യവും അവർ കാണിച്ചിട്ടില്ല. ശ്രീ. കെ. ബാബുവിന് മത്സ്യം നന്നായി കഴിക്കാൻ അറിയാം എന്നല്ലാതെ മത്സ്യമേഖലയുടെ പ്രശ്നങ്ങളെക്കുറിച്ചൊന്നും ഒരു താൽപ്പര്യവും ഉണ്ടായിരുന്നില്ല. ഉണ്ടായ താൽപ്പര്യം ബാറിന്റെ കാര്യത്തിലാണ്. അത് എല്ലാവരും ഇവിടെ വ്യക്തമാക്കിയ കാര്യമാണ്. നമ്മുടെ മത്സ്യമേഖലയിലെ തൊഴിലാളികളുടെ സ്ഥിതി വളരെ രൂക്ഷമായ അവസ്ഥയിലാണ്. ഇവിടെ പൊതുസമൂഹത്തിന്റെ പ്രതിശീർഷ വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ വലിയ

അന്തരമാണ്. 1980-81 കാലഘട്ടത്തിൽ പൊതുസമൂഹവും മത്സ്യത്തൊഴിലാളിയുടെ പ്രതിശീർഷ വരുമാനവും തമ്മിലുള്ള അന്തരം 540 രൂപയായിരുന്നു. 1993-94 കാലഘട്ടത്തിൽ അത് 1105 രൂപയായി. 1998-99 ആകുമ്പോഴേക്കും അത് 3890 രൂപയാണ്. 2000-ൽ 4446 രൂപയാണ് പൊതുസമൂഹത്തിന്റെ വരുമാനവും മത്സ്യത്തൊഴിലാളികളുടെ വരുമാനവും തമ്മിലുള്ള അന്തരം. ഇത് വലിയ തോതിൽ നമ്മുടെ മനഃസാക്ഷിയെ ഉണർത്തേണ്ട ഒരു പ്രശ്നമാണ്. മാനവിക വികസന സൂചികയിൽ കേരളം വലിയ നേട്ടം കൈവരിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെ സമൂഹത്തിൽ ആദിവാസികൾ മത്സ്യത്തൊഴിലാളികൾ എന്നിങ്ങനെയുള്ള രണ്ട് വിഭാഗങ്ങളാണ് ഈ പൊതു മുന്നേറ്റത്തിൽ മാറിനിൽക്കുന്ന ജനവിഭാഗം. അതുകൊണ്ട് ഇന്നും മത്സ്യത്തൊഴിലാളി കേന്ദ്രങ്ങൾ ദാരിദ്ര്യത്തിന്റെ കേന്ദ്രങ്ങളാണ്. ഞങ്ങളൊക്കെ തീര പ്രദേശങ്ങളിൽനിന്ന് വരുന്നവരാണ്. മറ്റ് പല സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമായി മത്സ്യത്തൊഴിലാളി കോളനികളിലും അവരുടെ കേന്ദ്രങ്ങളിലുമാണ് ഇന്നും ദാരിദ്ര്യവും പ്രതിസന്ധിയും നിലനിൽക്കുന്നത്. സർക്കാരുകൾ അവരുടെ ദാരിദ്ര്യലഘൂകരണത്തിനും അതിന്റെ പരിഹാരത്തിനാവശ്യമായ നടപടികളിലുമാണ് ഊന്നൽ കൊടുക്കേണ്ടത്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി അക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കുമെന്ന് എനിക്കുറപ്പുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യ 100 ദിവസം കൊണ്ട് ആ മേഖലയ്ക്ക് പ്രത്യേകമായ ചില കാര്യങ്ങൾ ചെയ്യുമെന്ന് പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ പഞ്ഞമാസ വേതനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു, എ.പി.എൽ.-ബി.പി.എൽ. വ്യത്യാസമില്ലാതാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. ഒരേ കോളനിയിൽ ഒരാൾ ബി.പി.എൽ.-ഉം അതേ കോളനിയിൽത്തന്നെ കാർഡ് കിട്ടിയതിന്റെ വ്യത്യാസത്തിൽ എ.പി.എൽ. ആകുകയും ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നു എന്നതും വളരെ സങ്കടകരമാണ്. മത്സ്യത്തൊഴിലാളികൾക്ക് ഒരു വ്യത്യാസവുമില്ലാതെ ആനുകൂല്യങ്ങൾ നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. CRZ പ്രശ്നം ഇവിടെ ചൂണ്ടിക്കാണിച്ചു. കഴിഞ്ഞ നിയമസഭയിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. എസ്. ശർമ്മയെ വെല്ലുവിളിച്ചുകൊണ്ട് നടത്തിയ പ്രസംഗം നമുക്കെല്ലാം ഓർമ്മയുണ്ട്. അദ്ദേഹം പറഞ്ഞു, യു.ഡി.എഫ്. ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റിലെ ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എസ്. ശർമ്മ നടപടി സ്വീകരിക്കാതിരുന്നതുകൊണ്ടാണ് CRZ നിയമം കേരളത്തിന് ദോഷകരമായി വന്നത്. 'ഞങ്ങൾ ആ നിയമത്തിൽ മാറ്റം വരുത്താൻ പോകുന്നുവെന്ന് പറഞ്ഞത് ഞാൻ ഓർക്കുന്നു. ഒന്നും നടന്നില്ല. ഇന്നിപ്പോൾ സ്ഥിതിയെന്താണ്; CRZ മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിന് വലിയ പ്രതിസന്ധിയായിരിക്കുകയാണ്.

ഞാൻ എന്റെയൊരു വ്യക്തിപരമായ അനുഭവം പറയട്ടെ. എന്റെ ഗ്രാമത്തിലുള്ള ബീവാത്തു എന്ന സ്ത്രീ, 8 സെന്റ് ഭൂമി മാത്രമാണ് അവർക്കുള്ളത്. ഒരു പുഴയോരത്താണ് അവർ താമസിക്കുന്നത്. എത്രയോ വർഷങ്ങളായി അവരും അവരുടെ കുടുംബവും അവിടെയാണ് താമസിക്കുന്നത്. ആ വീട് പുനർനിർമ്മിക്കുന്നതിനുവേണ്ടി കടപ്പുറം ഗ്രാമപഞ്ചായത്തിൽ അവർ അനുമതിക്ക് അപേക്ഷിച്ചുവെങ്കിലും അനുമതി നിഷേധിക്കുകയാണുണ്ടായത്. അപേക്ഷ CRZ അതോറിറ്റിക്കയച്ചു. എന്നാൽ ഈ അതോറിറ്റിയാകട്ടെ ആ സ്ഥലം സന്ദർശിക്കുകപോലും ചെയ്യാതെ അവർക്ക് അനുമതി നിഷേധിച്ചു. 8 സെന്റ് ഭൂമിമാത്രമുള്ള ഇവർ എവിടേയ്ക്ക് പോകും. നമ്മുടെ ഗവൺമെന്റ് അടിയന്തരമായി ഈ കാര്യത്തിലിടപെട്ട് ശക്തമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികൾ അവർ താമസിക്കുന്ന സ്ഥലംവിട്ട് എവിടേയ്ക്ക് പോകും? അവർക്ക് യാതൊരു മാർഗ്ഗവുമില്ല. അതേസമയംതന്നെ നമ്മൾ കാണുന്നുണ്ട്, നേരത്തെയുള്ള ഗവൺമെന്റുകളിൽ ബന്ധമുണ്ടായിരുന്ന പലരും കൊച്ചിയിൽ വൻകിട കെട്ടിടങ്ങളുയർത്തി. അതേസമയം മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വീട് പുനർനിർമ്മിക്കുന്നതിനുള്ള അവകാശംപോലുമില്ലാത്ത സ്ഥിതി വന്നിരിക്കുകയാണ്. ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികളുണ്ടാകണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് ഞാനവസാനിപ്പിക്കാം. ഇവിടെ ശ്രീ. പി. സി. ജോർജ് മത്സ്യം വിദേശങ്ങളിൽനിന്ന് വരുന്നുവെന്ന് പറഞ്ഞത് ശരിയാണ്. ആസിയൻ കരാർ നടപ്പിലാക്കിയ സന്ദർഭത്തിൽ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം ആ കരാറിന്റെ ഭാഗമായി മറ്റ് രാജ്യങ്ങളിൽനിന്ന് മത്സ്യം വരുമ്പോൾ ഉണ്ടാകാനിടയുള്ള ആപത്തിനെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒമാനിൽനിന്നും മറ്റ് രാജ്യങ്ങളിൽനിന്നും മത്സ്യം വരുന്നു, ആ മത്സ്യങ്ങളാകട്ടെ പലതും നമ്മുടെ ആരോഗ്യത്തിന് ഭീഷണിയായിട്ടുള്ള രീതിയിലാണ് വരുന്നത്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വരുന്ന മത്സ്യവും ഇത്തരത്തിൽ അപകടകരമായ രാസപദാർത്ഥങ്ങൾ കലർന്നതാണോയെന്ന് പരിശോധിക്കാനുള്ള സംവിധാനമുണ്ടാകണം. തീരപ്രദേശത്തെ ചില കാര്യങ്ങൾകൂടി പറയാം. സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി കുറെ കോളനികൾ നിർമ്മിച്ചു. കഴിഞ്ഞ അഞ്ചുവർഷക്കാലം ആ കോളനികളുടെ നവീകരണത്തിന് ഗവൺമെന്റ് ഒരു രൂപ പോലും നൽകിയില്ല. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ പ്രത്യേകമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. "തീരദേശം ഗ്രാമം" പദ്ധതി പ്രഖ്യാപിച്ചു എന്നല്ലാതെ അത് പ്രാവർത്തികമാക്കിയില്ല. അത് നടപ്പിലാക്കാനുള്ള നടപടിയുണ്ടാകണം. എന്റെ മണ്ഡലത്തിലുള്ള ഫിഷറീസ് ടെക്നിക്കൽ സ്കൂൾ, അത് എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട പ്രശ്നമാണെങ്കിലും സംസ്ഥാനത്താകെ ബാധകമായ ഒരു വിഷയമാണ്. അത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ് വരുന്നത്. അവിടെ മത്സ്യ

തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള ആളുകളുടെ മക്കൾക്കുമാത്രമേ പഠിക്കാൻ അവകാശമുള്ളൂ. വിപുലമായ സംവിധാനങ്ങളുണ്ടായിട്ടും അവിടെ 30 കുട്ടികൾ മാത്രമാണുള്ളത്. അതുകൊണ്ട് തീരദേശത്തെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ മക്കളെക്കൂടി ചേർക്കാനുള്ള അനുമതി ഡിപ്പാർട്ട്മെന്റ് കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ മണ്ഡലത്തിലെ ചേറ്റുവ ഹാർബറിന്റെ നവീകരണം നടന്നുകൊണ്ടിരിക്കുകയാണെങ്കിലും അതിന്റെ ഭാഗമായ ഡ്രെഡ്ജിംഗ് ഇപ്പോഴും നടന്നിട്ടില്ല. അതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ മുനയ്ക്കക്കടവ് ഫിഷ്ലാന്റിംഗ് സെന്ററിന് ഈ ഗവൺമെന്റ് പ്രത്യേകമായ പരിഗണന നൽകിയിട്ടുണ്ട്. അതിന് ഞാൻ ഗവൺമെന്റിനോട് നന്ദി പറയുകയാണ്. ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള സ്ഥലങ്ങൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. നേരത്തെ സർക്കാരിന്റെ അധീനതയിലുണ്ടായിരുന്ന ഐസ് പ്ലാന്റുകളിൽ ചിലത് അടഞ്ഞുകിടക്കുന്നുണ്ട്. എന്റെ മണ്ഡലത്തിൽ അങ്ങനെയുള്ള സ്ഥലവും കെട്ടിടവുമൊക്കെയുണ്ട്. ഗവൺമെന്റ് പ്രത്യേക താൽപ്പര്യമെടുത്ത് അവിടെ മത്സ്യ സംസ്കരണത്തിനുതകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞാൽ മത്സ്യത്തൊഴിലാളികൾക്ക് വലിയ നേട്ടമാകും. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും അക്കാര്യത്തിൽകൂടി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിന്റെ മത്സ്യത്തൊഴിലാളികൾക്ക് അനുകൂലമായിട്ടുള്ള നിലപാടിനെ ശക്തമായി പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

12.00 NOON]

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാന്യരായ 9 എം.എൽ.എ.മാരാണ് വളരെ ഫലപ്രദമായ നിർദ്ദേശങ്ങളും ഈ ഡിപ്പാർട്ട്മെന്റ് ഇന്ന് അനുഭവിക്കുന്ന പോരായ്മകളും ചൂണ്ടിക്കാണിച്ചുകൊണ്ട് ഇവിടെ ചർച്ചയിൽ ഇടപെട്ട് സംസാരിച്ചത്. അവർ ഉന്നയിച്ചിട്ടുള്ള നിർദ്ദേശങ്ങളെല്ലാം ഞാൻ സ്വീകരിക്കുകയാണ്. അവർ ചൂണ്ടിക്കാണിച്ചിട്ടുള്ള പരാധീനതകൾ വസ്തുതയാണ്. മത്സ്യമേഖലയിൽ നിന്നുള്ള ആഭ്യന്തര ഉല്പാദനം ആകെ 7043.19 കോടി രൂപയുടേതാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 1.46 ശതമാനമാണ്. എന്നാൽ പ്രാഥമിക മേഖലയുടേത് 11.49 ശതമാനമാണ്. മത്സ്യോല്പന്ന കയറ്റുമതിയിലൂടെ കേരളം ആർജ്ജിക്കുന്നത് 4644.42 കോടി രൂപയുടെ വരുമാനമാണ്. ആഭ്യന്തര ഉല്പാദനത്തിൽ 11 ശതമാനവും ആകെ എടുത്താൽ 1.46 ശതമാനവും വരുമിത്. ഏകദേശം 4800 കോടി രൂപയോളം വിദേശനാണ്യം നേടിത്തരുന്ന ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിതം അതീവ ദുഃഖകരമാണ്. ഇവിടെ എല്ലാവരും അതിനെക്കുറിച്ച് സൂചിപ്പിച്ചു. ആളോഹരി വരുമാനത്തെക്കുറിച്ച് സംസാരിച്ചപ്പോൾ അവരെല്ലാം 2000-ൽ കൊണ്ട് നിർത്തുകയാണ് ചെയ്തത്.

അതിനെക്കാൾ ഞെട്ടിപ്പിക്കുന്ന കണക്കാണ് 2016 എത്തിയപ്പോൾ വന്നിട്ടുള്ളത്. ഇപ്പോൾ കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം 61,538 രൂപ മാത്രമാണ്. എന്നാൽ സംസ്ഥാന വാർഷിക ആളോഹരി വരുമാനം 1,55,055 രൂപയാണ്. സംസ്ഥാന ആളോഹരി വരുമാനത്തിന്റെ 40 ശതമാനത്തിൽ താഴെയാണ് മൽസ്യത്തൊഴിലാളികളുടെ വരുമാനം. ഇവിടെയുള്ള ജനപ്രതിനിധികളെല്ലാം അത് 4,000-ൽ ചില്വാനം രൂപയെന്നു പറഞ്ഞു. എന്നാൽ അത് ശരിയല്ല. കൃത്യമായി പറഞ്ഞാൽ ആളോഹരി വരുമാനത്തിൽ സാധാരണ ഒരു പൗരന്റെ വരുമാനവും മത്സ്യത്തൊഴിലാളികളുടേതുമായി തട്ടിച്ചുനോക്കിയാൽ 93,517 രൂപയുടെ കുറവാണ് വരുന്നത്. മത്സ്യത്തൊഴിലാളികളുടെ ജീവിതം ഏത് നിലവാരത്തിലാണ് നിൽക്കുന്നതെന്ന ഗൗരവതരമായ ചിത്രമാണ് 2016-ന്റെ കണക്കുകൾവച്ച് നോക്കിയാൽ നമുക്ക് കാണാൻ കഴിയുന്നത്. ഈ ഒരു പശ്ചാത്തലത്തിൽ വേണം മത്സ്യമേഖലയുടെ പ്രശ്നങ്ങളെക്കുറിച്ച് കാണാനും ആ രംഗത്ത് കൃത്യമായി ഇടപെടാനും. ഇവിടെ സംസാരിച്ചവരെല്ലാം മത്സ്യ സമ്പത്തിന്റെ ശോഷണത്തെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ കാലാവസ്ഥാ വ്യതിയാനത്തിലുണ്ടാകുന്ന ഓരോ ചലനങ്ങളും മത്സ്യ സമ്പത്തിനെ സാരമായി ബാധിക്കുന്നുണ്ട്. രണ്ടുവർഷം മുമ്പ് സൗത്ത് അമേരിക്കയിലുണ്ടായ എൽനിനോ പ്രതിഭാസം പസഫിക് സമുദ്രത്തിലാണുണ്ടായതെങ്കിലും അറേബ്യൻ സീയിലും ഇന്ത്യൻ മഹാസമുദ്രത്തേയും അത് സാരമായി ബാധിക്കുകയാണ്. ക്ലൈമറ്റ് ചെയ്ഞ്ചുണ്ടാക്കുന്ന പ്രത്യാഘാതത്തെക്കുറിച്ച് പഠിക്കാൻ സെൻട്രൽ ഗവൺമെന്റ് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായി കേരളത്തിലും State Action Plan on Climate Change (SAPCC) എന്ന ഒരു സമിതിയുണ്ട്. ആ സമിതി ഇവിടെ നടത്തുന്ന പഠനത്തിൽ പ്രായോഗികമായി പ്രതികരിച്ചുകൊണ്ട് പദ്ധതിയുണ്ടാക്കിയത് ഫിഷറീസ് ഡിപ്പാർട്ട്മെന്റാണ്. ഞങ്ങൾ ഈ മേഖലയുടെ പിന്നോക്കാവസ്ഥ മനസ്സിലാക്കിക്കൊണ്ട് ഗൗരവതരമായിത്തന്നെയാണ് ഇടപെട്ടു കൊണ്ടിരിക്കുന്നത്. National Adaptation Fund for Climate Change-ഉപയോഗപ്പെടുത്തുന്ന ഒരു പ്രോജക്ടിനുവേണ്ടി 25 കോടി രൂപ ഇപ്പോൾ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. മത്സ്യ സമ്പത്തിന്റെ വർദ്ധിച്ച കുറവിലേയ്ക്ക് കാര്യങ്ങൾ മാറുമ്പോൾ ഈ തരത്തിലുള്ള ഫണ്ടുകൂടി സ്വീകരിച്ചുകൊണ്ട് മത്സ്യസമ്പത്തിന്റെ ഉല്പാദനത്തിൽ ഗൗരവമായി ഇടപെടാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. ക്ലൈമറ്റ് ചെയ്ഞ്ച് മാത്രമല്ല മത്സ്യബന്ധനത്തിൽ കുറവുണ്ടാക്കിയിരിക്കുന്നത്. മത്സ്യബന്ധനത്തിൽ നാം ശീലിച്ചുവരുന്ന പല രീതികളും അതിന് കാരണമാണ്. 1988-ലാണ് ട്രോൾബാൻ പ്രഖ്യാപിച്ചത്. മത്സ്യ പ്രജനന കാലത്തും അനിയന്ത്രിതമായി മത്സ്യബന്ധനം തുടരുന്ന രീതിയിൽ ഇടപെടാനാണ് അന്ന് ട്രോൾബാൻ കൊണ്ടുവന്നത്. പക്ഷെ അന്ന് മത്സ്യത്തൊഴിലാളികൾക്ക് അത് മനസ്സിലായിരുന്നില്ല. വളരെയേറെ കലാപമുണ്ടാക്കി. കൊല്ലത്ത് രണ്ട് തൊഴിലാളികൾ ആ പ്രതിഷേധത്തിൽ വെടിയേറ്റു മരിച്ചു. ഇത്തരത്തിലുള്ള ശക്തമായ പ്രതിഷേധത്തിനിടയിലാണ് മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിന് ടി. കെ. രാമകൃഷ്ണൻ മന്ത്രിയായിരുന്ന കാലത്ത്

രണ്ടു ഘട്ടങ്ങളിലായി അതായത് 1988-ൽ ഭാഗീകമായും 1989-ൽ പൂർണ്ണമായും ട്രോൾബാൻ കൊണ്ടുവന്നത്. ഈ ട്രോൾബാനിന്റെ പ്രതിഫലനം പിന്നീട് മത്സ്യസമ്പത്തിലുണ്ടായി. കുറേയധികം ഉല്പാദന വർദ്ധനവിലേയ്ക്കുവന്നു. പക്ഷെ അതുമാത്രം പോര. ഇന്ന് നമ്മൾ സ്വീകരിക്കുന്ന മത്സ്യബന്ധന രീതിയിൽ പലതും കർശനമായ നിലപാടുകൾ സ്വീകരിച്ച് ഒഴിവാക്കപ്പെടേണ്ടതാണ്. കുഞ്ഞു മത്സ്യങ്ങളെ പിടിക്കുന്നതിനെതിരെ തൊഴിലാളികളുടെയിടയിൽ എത്ര അവയർനെസ് ഉണ്ടാക്കിയാലും വളനിർമ്മാണത്തിനുവേണ്ടി കുഞ്ഞുമത്സ്യങ്ങളെ പിടിച്ച് തമിഴ്നാട്ടിലെ കമ്പനിക്ക് കൊടുക്കുന്ന പതിവ് ഇന്നുമുണ്ട്. അത് കേരളത്തിന്റെ ഇങ്ങേയറ്റം മുതൽ അങ്ങേയറ്റംവരെയുള്ള തൊഴിലാളികളുടെ ശീലമാണ്. അതും കർശനമായും തടയേണ്ടതുണ്ട്. അത്തരം കാര്യങ്ങളിൽ നിർബന്ധപൂർവ്വമായ ചില നിലപാടുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. Kerala Marine Fisheries Regulation Act-ൽ കാലോചിതമായ പരിഷ്ക്കാരം വരുത്തിക്കൊണ്ട് ഇത്തരം കാര്യങ്ങളിൽ മിനിമം ലീഗൽ സൈസ് ഉറപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇപ്പോൾ മിനിമം ലീഗൽ സൈസ് നിശ്ചയിച്ചിട്ടുള്ള 58 മത്സ്യ ഇനങ്ങളുണ്ട്. അതിൽ ഏതുവരെ നിയന്ത്രണം വേണമെന്ന് സി.എം.എഫ്.ആർ.ഐ. നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ മാത്രമല്ല നിരവധി കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ഏഴോളം സ്ഥാപനങ്ങൾ കേരളത്തിലാണുള്ളത്. ആ സ്ഥാപനങ്ങളിലെല്ലാം ഫിഷറീസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരും ഞങ്ങളും അത്യാവശ്യം ട്രേഡ് യൂണിയൻ പ്രതിനിധികളുമൊക്കെയായി പോയി ചർച്ച ചെയ്തിട്ടുണ്ട്. ഏതെല്ലാം മേഖലയിൽ നിയന്ത്രണം വേണം, അതെങ്ങനെ എന്നതിനെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ട്. Kerala Marine Fisheries Regulation Act-ൽ ഭേദഗതി വരുത്താനടക്കമുള്ള കാര്യങ്ങൾ ഉദ്ദേശിക്കുകയാണ്. ഇപ്പോൾ 58 ഇനം മത്സ്യങ്ങൾ ഉള്ളതിൽ 14 ഇനങ്ങളെയാണ് നിയന്ത്രണത്തിന്റെ പട്ടികയിൽ കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ 58 ഇനങ്ങളേയും അതിലേയ്ക്ക് കൊണ്ടു വരേണ്ടതുണ്ട്. ഒറ്റയടിക്ക് ഈ പരിഷ്ക്കാരങ്ങൾ കൊണ്ടുവരുന്നത് പ്രായോഗികമല്ല. അതാണ് മത്സ്യമേഖലയിലെ സ്ഥിതി. തൊഴിലാളികളുടെ ബോധത്തിലേയ്ക്ക് ഈ വിഷയങ്ങളെ കൊണ്ടുവന്ന് അവരുടെകൂടി പൂർണ്ണമായ സഹകരണം ഉറപ്പാക്കി കൊണ്ടുമാത്രമേ ഈ മേഖലയിൽ പരിഷ്ക്കരണങ്ങൾ കൃത്യമായി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. എന്തിനുവേണ്ടിയാണോ നാം പരിഷ്ക്കരണം കൊണ്ടുവരുന്നത്, അതിന്റെ ഗുണഫലമെന്തെന്ന് തൊഴിലാളി അറിഞ്ഞില്ലെങ്കിൽ അവർ പ്രതിഷേധത്തിലേക്കു വന്നാൽ നമ്മുടെ ലക്ഷ്യം പാളിപ്പോകും. അതുകൊണ്ട് അവരുമായി സഹകരിച്ച് അവരെ ബോധവൽക്കരിച്ചു കൊണ്ടും അവരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും മാത്രമേ ഇക്കാര്യത്തിൽ വരാൻ കഴിയുകയുള്ളൂ. എന്തായാലും അത് കൃത്യമായി വരണമെന്ന് തന്നെയാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

14 ഇനം ജുവനൈൽ മത്സ്യങ്ങളെ പിടിച്ചാൽ ശിക്ഷ ഉറപ്പാക്കാനുള്ള നിയമമുണ്ടെങ്കിലും അത് അനിയന്ത്രിതമായി വരുന്ന സാഹചര്യത്തിൽ കർശനമായും ആ നിയമം നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. പെയർ ട്രോളിംഗ് മറ്റൊരു പ്രശ്നമാണ്. ശരിയല്ലാത്ത ഒട്ടേറെ രീതികൾ മത്സ്യബന്ധന രംഗത്ത് തുടരുന്നുണ്ട്. പെയർ ട്രോളിംഗിനെതിരെയും ശക്തമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളടക്കമുള്ള നിലപാട് സ്വീകരിച്ചുകൊണ്ട് മത്സ്യ സമ്പത്തിന്റെ സംരക്ഷണമെന്നത് പ്രധാനപ്പെട്ടൊരു പ്രശ്നമായെടുക്കാൻ ഞങ്ങൾ ഉദ്ദേശിക്കുകയാണ്. അതുപോലെ ഉൾനാടൻ മത്സ്യത്തിന്റെ കാര്യം ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചു. കേരളം രൂപീകൃതമായ കാലത്ത് ഉൾനാടൻ മൽസ്യ ഉല്പാദന രംഗത്ത് രാജ്യത്ത് 3-ാം സ്ഥാനത്തായിരുന്ന നമ്മൾ ഇന്ന് 10-ാം സ്ഥാനത്തേക്ക് പോയി. എന്താണ് അതിന് പരിഹാരം? വിതയ്ക്കാതെ കൊയ്യുന്നവരാണ് മത്സ്യത്തൊഴിലാളികളെന്ന് ഇവിടെ പറഞ്ഞു. അങ്ങനെയുള്ള കാലം പോയി. ഇനി ലക്ഷ്യബോധത്തോടു കൂടിയുള്ള ഇടപെടൽ കൊണ്ടുമാത്രമേ മത്സ്യസമ്പത്തിന്റെ ഉൽപ്പാദന വർദ്ധനവിലേക്ക് പോകാൻ കഴിയുകയുള്ളു. ഇപ്പോൾ കേരളത്തിൽ 40,000 ടൺ മത്സ്യമാണ് ഉൾനാടൻ മേഖലയിൽ കൃഷിയിലൂടെ ഉയർത്തിക്കൊണ്ടുവന്നിട്ടുള്ളത്. അതിൽ കാര്യമായ വർദ്ധനവ് വരുത്തണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. കേരളത്തിൽ ഇപ്പോൾ പതിനാറോളം മത്സ്യ ഹാച്ചറികളുണ്ട്. 12.5 കോടിയോളം മത്സ്യക്കുഞ്ഞുങ്ങളെയാണ് കേരളത്തിനു വേണ്ടത്. എന്നാൽ ഇന്ന് 2.5 കോടി മാത്രമാണ് കേരളത്തിലുള്ളത്. അതാണ് ഇവിടെ ശ്രീ. സി. കൃഷ്ണൻ എം.എൽ.എ. സൂചിപ്പിച്ചത്. അവരവിടെ ജലാശയത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചതിന്റെ പിറ്റേന്ന് അവ ചത്തുപൊങ്ങിയെന്ന്. ആന്ധ്രയിൽനിന്നും തമിഴ്നാടിൽ നിന്നുമൊക്കെ ഗുണമേന്മയില്ലാത്ത മൽസ്യവിത്ത് വാങ്ങുന്ന സ്ഥിതിയാണിന്നുള്ളത്. അതുകൊണ്ട് കേരളത്തിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ കേരളത്തിൽ തന്നെ ഉല്പാദിപ്പിക്കാനായി നമ്മുടെ ഹാച്ചറി സംവിധാനത്തെ വിപുലീകരിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. നിലവിലുള്ളതിൽ അഞ്ചോളം ഹാച്ചറികളിൽ ഉല്പാദനം നടക്കുന്നുണ്ട്. അത് വർദ്ധിപ്പിക്കുവാനും പ്രവർത്തനക്ഷമമല്ലാതിരുന്ന ഏഴോളം ഹാച്ചറികളെ പ്രവർത്തനക്ഷമമാക്കാനും ഈ വർഷം തുടക്കം കുറിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ഭൂതത്താൻകെട്ടിന്റെ നടപടിക്രമങ്ങൾ തുടങ്ങിയിരുന്നു. അതുൾപ്പെടെ മൂന്ന് ഹാച്ചറികൾ കൂടെചേർത്ത് നാലു ഹാച്ചറികൾ പുതുതായി പണി തുടങ്ങിയിട്ടുണ്ട്. ഈ വർഷം തന്നെ അവിടെ ഉല്പാദനം വർദ്ധിപ്പിച്ചുകൊണ്ട് ഇന്നുള്ള 2.5 കോടി മത്സ്യക്കുഞ്ഞുങ്ങളെ 6 കോടിയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. അതുവഴി 40000 ടൺ മത്സ്യോല്പാദനം എന്നത് 80000 ടൺ ആയി വർദ്ധിപ്പിക്കുക എന്നതും ഞങ്ങൾ ലക്ഷ്യമിടുന്നുണ്ട്. കടലിലെ മത്സ്യോല്പാദനത്തിനായി കേജ് കൾച്ചറടക്കം നൂതനമായ സാങ്കേതികവിദ്യകൾ ഇന്ന് വേണ്ടുവോളമുണ്ട്. ആ നൂതനമായ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് കേജ് കൾച്ചറിലേയ്ക്കും മറ്റുംപോകുവാൻ

CMFRI-യുടെ സഹായം ഞങ്ങൾ തേടിയിട്ടുണ്ട്. അവർ ആ രംഗത്ത് ഗവേഷണം നടത്തി ചില റിസൾട്ടുകൾ കൊണ്ടുവന്നിട്ടുണ്ട്. തീർച്ചയായും കടൽമത്സ്യത്തിന്റെ ഉല്പാദനത്തിലും കായൽ മത്സ്യോല്പാദനത്തിലും വളരെ കൃത്യതയോടുകൂടിയുള്ള ഇടപെടൽ നടത്താൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. രാജു എബ്രഹാം: സർ, അണക്കെട്ടുകളിൽ ലക്ഷക്കണക്കിന് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ കഴിയും. അതുവഴി നമ്മുടെ മത്സ്യസമ്പത്ത് ഇന്നുള്ളതിന്റെ നാലോ അഞ്ചോ ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിയും. പക്ഷേ പ്രഖ്യാപനങ്ങളല്ലാതെ ക്രിയാത്മകമായ നടപടിയിലേയ്ക്ക് പോയിട്ടില്ല. അങ്ങ് അതിന് മുൻകയ്യെടുത്ത് ഒരു വലിയ മാറ്റം; ഒരു വിപ്ലവം തന്നെ ഇക്കാര്യത്തിലുണ്ടാക്കാൻ സാധിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: മാറ്റം എന്ന വാക്ക് തന്നെയാണ് വിപ്ലവം എന്ന വാക്കും. വിപ്ലവം എന്നു പറയുന്നത് മാറ്റമാണ്. അല്ലാതെ കലാപമൊന്നുമല്ല. മാറ്റത്തിനുതന്നെയാണ് ഞങ്ങൾ നിൽക്കുന്നത്. ഡാമുകളിൽ ചിലത് വനത്തിനുള്ളിലാണ്. വനം വകുപ്പ് അങ്ങോട്ട് കയറാൻ സമ്മതിക്കില്ല. വനം വകുപ്പുമന്ത്രി ശ്രീ. കെ. രാജു അക്കാര്യത്തിൽ വളരെ പോസിറ്റീവാണ്. വനത്തിന്റെ പരിധിയിലുള്ള ഡാമുകൾ എങ്ങനെ ഉപയോഗിക്കാമെന്നതിനെപ്പറ്റി ഞങ്ങൾ തമ്മിൽ ഒരു ചർച്ചയ്ക്കിരിക്കുകയാണ്. ആദിവാസികൾക്കുവേണ്ടി കുളത്തുപ്പുഴയിലുള്ള ഡാമിലെ മത്സ്യങ്ങളെപോലും പിടിക്കാൻ സമ്മതിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം പങ്കെടുത്ത കളക്ടർമാരുടെ കോൺഫറൻസിൽ അക്കാര്യത്തിൽ തീരുമാനമായിട്ടുണ്ട്. അതിന്റെ സാധ്യത ഫലപ്രദമായി ഉപയോഗിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. ഇവിടെ ശ്രീ. രാജു എബ്രഹാം എം.എൽ.എ. പറഞ്ഞ കാര്യത്തിൽ ഇറിഗേഷൻ വകുപ്പിന്റെ സഹകരണം വേണം. ഇറിഗേഷൻ മിനിസ്റ്റർ ഇവിടെയില്ല, അദ്ദേഹവും എന്തായാലും ഒരു നെഗറ്റീവായ നിലപാട് സ്വീകരിക്കുമെന്ന് ഞാൻ കരുതുന്നില്ല. ഈ മന്ത്രിമാരെയെല്ലാം സഹകരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ നമ്മുടെ സാധ്യതകളെ എങ്ങനെ പൂർണ്ണമായും ഉപയോഗിക്കാമെന്നതിനെപ്പറ്റി ഗൗരവതരമായി ആലോചിക്കും. മാറ്റത്തിന് തുടക്കം കുറിക്കും. യാതൊരു സംശയവുമില്ല. അത്തരത്തിലേക്ക് പോകണമെന്ന് തന്നെയാണ് ഉദ്ദേശിക്കുന്നത്.

മത്സ്യമേഖലയിൽ നടപ്പിലാക്കുന്ന മറ്റ് ചില പദ്ധതികളുണ്ട്-മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണം. ഇവിടെ പലരും സൂചിപ്പിച്ചു. വളരെ ഗൗരവതരമായ പ്രശ്നമാണ് അവിടെ നിലനിൽക്കുന്നത്. 212683 മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് കേരളത്തിലുള്ളത്. അതിൽ 18185 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടില്ല. 11024 കുടുംബങ്ങൾക്ക് ഭൂമിയുമില്ല, വീടുമില്ല. ഇതാണ് സ്ഥിതി. അപ്പോൾ ഗൗരവതരമായ സ്ഥിതിയാണ് ഭവനവുമായി ബന്ധപ്പെട്ടുള്ളത്. അവർ ആളോഹരി

വരുമാനത്തിൽ മാത്രമല്ല പിന്നിലായിട്ടുള്ളത്, പശ്ചാത്തല സൗകര്യത്തിലും അവർ ഏറെ പിന്നിലാണ്. ഈ രംഗത്തും ഒരു വലിയ ഇടപെടൽ നടത്താൻ ഞങ്ങൾ ഉദ്ദേശിക്കുകയാണ്. സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ബഹു. മുഖ്യമന്ത്രി തന്നെ അക്കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്. നവംബർ 1-ന് പുതിയ പദ്ധതിയായ സമ്പൂർണ്ണ പാർപ്പിട പദ്ധതി ആരംഭിക്കാൻ പോകുകയാണ്. മത്സ്യമേഖലയ്ക്കാണ് അതിൽ വലിയൊരു റോൾ വഹിക്കാനുള്ളത്. മത്സ്യരംഗത്ത് സമ്പൂർണ്ണ പാർപ്പിട പദ്ധതിയെന്നത് ഫിഷറീസ് വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം തന്നെയാണ്. 3650 പേർക്ക് ഭവനം നൽകുന്ന പദ്ധതിയാണ് ഈ വർഷം ഞങ്ങൾ ആലോചിക്കുന്നത്. വരുന്ന അഞ്ചുവർഷം കൊണ്ട് സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലേക്ക് കാര്യങ്ങൾ പോകും.

മറ്റൊരു പ്രധാന സ്വപ്ന പദ്ധതി ഞങ്ങൾക്കുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ 'കോസ്റ്റൽ കണക്ടിവിറ്റി ഗ്രീൻ കോറിഡോർ' പദ്ധതി. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള തീരദേശത്ത് 522 കി.മീ. ദൈർഘ്യത്തിൽ 7881.40 കോടി രൂപയുടെ പ്ലാൻ ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. പദ്ധതിയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യ ലക്ഷ്യമെന്തെന്ന് വച്ചാൽ തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി എല്ലാ മത്സ്യബന്ധന തുറമുഖങ്ങളെയും ലാന്റിംഗ് സെന്ററുകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള തീരപാതയുടെ നിർമ്മാണമാണ്. അത് ഗവൺമെന്റ് തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം സഭയിൽ ബഹുമാനപ്പെട്ട മരാമത്ത് വകുപ്പുമന്ത്രി ചോദ്യത്തിനുത്തരമായി മലയോരപാത, തീരദേശപാത ഇവയെക്കുറിച്ച് പരാമർശിച്ചിരുന്നു. തീരദേശത്തിന്റെ ഹാർബറുകളെയും ലാന്റിംഗ് സെന്ററുകളെയും കണക്ട് ചെയ്ത് സി.ആർ.ഇസഡിന്റെ പരിധിയിൽ ഇക്കാര്യം ചെയ്യേണ്ടതുകൊണ്ട് കോസ്റ്റലിലെ റോഡ്, ഹാർബർ ഡിപ്പാർട്ടുമെന്റിനാണ് ചെയ്യാൻ കഴിയുക. അപ്പോൾ ഞങ്ങൾ സംയുക്തമായി അക്കാര്യത്തെക്കുറിച്ച് ആലോചിക്കും. എന്തായാലും കോസ്റ്റൽ മേഖലയിൽ സമ്പൂർണ്ണ വികസനത്തെ ലക്ഷ്യമാക്കി കൊണ്ടാണ് ഈ പദ്ധതി. കാലവർഷക്കെടുതിയിൽ പൊലിയുന്ന ജീവനും സ്വത്തിനും അറുതിവരുത്തുന്നതിനും ഇവയ്ക്കായി വർഷംതോറും വേണ്ടിവരുന്ന ചെലവുകൾ ഒഴിവാക്കുന്നതിനും ഇതിന് കഴിയും. തീരസംരക്ഷണത്തിനായിട്ടുള്ള പരിസ്ഥിതി സൗഹാർദ്ദ സമീപനങ്ങളും നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള നിർമ്മാണവും ഇതിൽ നമുക്ക് സ്വീകരിക്കാവുന്നതാണ്. സി.ആർ.ഇസഡ്. പരിപാലനത്തിനുതകുന്ന തരത്തിൽ തീരപാതയ്ക്ക് പടിഞ്ഞാറുവശം കേരളത്തിലാകെ ഗ്രീൻ ബെൽറ്റ് വച്ചു പിടിപ്പിക്കും.

ശ്രീ. പി. സി. ജോർജ്: സർ, വരവ് മത്സ്യത്തിന്റെ കുഴപ്പം വളരെ വിശദമായി പറഞ്ഞതാണ്. ഏഷ്യാനെറ്റ് ചാനലിലും കാണിച്ചു. മന്ത്രി അതിലേയ്ക്ക് വന്നില്ല. കടലാക്രമണത്തെ പ്രകൃതി ദുരന്തമായി കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും അംഗീകരിച്ചിട്ടില്ല. അക്കാര്യത്തിലേയ്ക്കും മന്ത്രി വരുന്നില്ല.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: എന്റെ ബഹുമാന്യനായ പി. സി. ജോർജ്, എന്റെ മറുപടി തീർന്നില്ലല്ലോ. മറുപടി തുടരുന്നതേയുള്ളൂ. അങ്ങ് പറഞ്ഞിട്ടുള്ള എല്ലാ വിഷയത്തെയും സംബന്ധിച്ച് പരാമർശിക്കും. ഞാൻ ഒരു മനോഹരമായ പദ്ധതിയെപ്പറ്റി പറഞ്ഞപ്പോൾ അദ്ദേഹം ഇടങ്കോലിട്ടു. എന്നാൽ അത് തന്നെ ഞാൻ പറയാം. അവസാനം അതിലേക്ക് വരാം. അങ്ങ് പറഞ്ഞ വരവ് മത്സ്യം, വളരെ ഗൗരവതരമായ പ്രശ്നം തന്നെയാണ് നമ്മൾ നേരിടുന്നത്. അക്കാര്യത്തിൽ വളരെ വ്യക്തമായ കാഴ്ചപ്പാട് ഇപ്പോഴുണ്ട്. അതിനായി ഒരു നിയമം 'ഫിഷ് മാർക്കറ്റിംഗ് ആന്റ് ക്വാളിറ്റി മാനേജ്മെന്റ് ബിൽ' സഭയിൽ അവതരിപ്പിക്കാൻ പോകുകയാണ്. മത്സ്യ മാർക്കറ്റുകളെ കൺട്രോൾ ചെയ്യാൻ. കാരണം, ഇപ്പോൾ മംഗലാപുരത്തുനിന്നും മറ്റും കൊണ്ടുവരുന്ന മത്സ്യത്തിന് യാതൊരു നിയന്ത്രണവുമില്ല. തീരദേശത്ത് ഇപ്പോൾ എഴുന്നൂറിൽപ്പരം മത്സ്യ സഹകരണ സംഘങ്ങളുണ്ട്. പക്ഷേ നിർഭാഗ്യവശാൽ ഇന്ന് പല സംഘങ്ങളും പേപ്പർ സംഘങ്ങളാണ്. മത്സ്യഫെഡ് വളരെ കുറഞ്ഞ സംഘങ്ങളെ മാത്രമാണ് ലേലത്തിൽ കൊണ്ടുവരുന്നത്. 1984-ൽ മത്സ്യഫെഡ് രൂപീകരിച്ചെങ്കിലും അതിന്റെ പ്രമുഖ ലക്ഷ്യമായ മാർക്കറ്റിംഗിലേക്ക് ഇതുവരെ കടന്നുവന്നിട്ടില്ല. മത്സ്യഫെഡിന്റെ ഇന്ന് തുടരുന്ന അലംഭാവം അവസാനിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗിൽ കടന്നുവരുവാനും കൃത്യമായ ലക്ഷ്യത്തിലേയ്ക്ക് കൊണ്ടുപോകുവാനും ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. അതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് മത്സ്യഫെഡ് ചെയ്യേണ്ട പ്രധാനപ്പെട്ട ഒരു പണി പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് മത്സ്യത്തൊഴിലാളികൾ കടലിൽനിന്നും പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കാൻ ലേലത്തിലേയ്ക്ക് നേരിട്ട് ഇടപെടണം. ഇന്ന് വളരെ പരിമിതമായ തലത്തിലാണ് ലേലം. ഇവിടെ പല എം.എൽ.എ.-മാരും സൂചിപ്പിച്ചതു പോലെ ഇന്ന് തൊഴിലാളികൾ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരാകുകയാണ്. ഇടത്തട്ടുകാരെ ഒഴിവാക്കി സഹകരണ സംഘങ്ങൾക്ക് നേരിട്ട് ലേലം നടത്താം. അങ്ങനെ ലേലം നടത്തുന്ന ക്വാളിറ്റിയുള്ള മത്സ്യം നേരിട്ട് മാർക്കറ്റിലേക്ക് കൊടുക്കാൻ കഴിയുന്ന ഒരു സിസ്റ്റം കൊണ്ടുവരണം. കണക്ടിവിറ്റി, ഈ റോഡ് അതിനാണ്. അതാണ് ഞാൻ റോഡിൽ തുടങ്ങിയത്. അത് തുടങ്ങിയപ്പോഴാണ് അങ്ങ് ഇടപെട്ടത്. തീരദേശത്ത് നല്ല മാർക്കറ്റ് വേണം. അങ്ങ് തന്നെ പറഞ്ഞു, പൂഞ്ഞാറിൽ രണ്ട് മാർക്കറ്റ് വേണമെന്ന്. അപ്പോൾ ഈ മാർക്കറ്റുകളുടെ കാര്യത്തിൽ ഞങ്ങൾ ഇടപെടാൻ ഫിഷിംഗ് ഹാർബറുകൾ, ഫിഷിംഗ് ലാന്റിംഗ് സെന്ററുകൾ എന്നിവയുടെ മേൽനോട്ടത്തിനായി മാനേജ്മെന്റ് സൊസൈറ്റികൾ

രൂപീകരിക്കണം. മത്സ്യത്തിന്റെയും മത്സ്യ ഉല്പന്നങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്തൽ, അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മത്സ്യങ്ങളുടെ നിയന്ത്രണം, വളർച്ച കൈവരിക്കാത്ത മത്സ്യങ്ങളുടെ വിപണനം തടയൽ, ലേലത്തുക മൊത്തവിലയുടെ രണ്ട് ശതമാനത്തിൽ അധികാരിക്കാത്ത രീതിയിൽ നിജപ്പെടുത്തൽ, മത്സ്യത്തിന്റെ ലേലക്കാരന് ലൈസൻസ് നിർബന്ധമാക്കൽ അങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ട്. ഞാൻ എല്ലാം വിശദീകരിച്ചില്ലെന്നേയുള്ളൂ. മാർക്കറ്റിന്റെ കാര്യത്തിൽ ഗുണമേന്മ ഉറപ്പാക്കുകയെന്നുള്ളത് പരമപ്രധാനമാണ്. കുറഞ്ഞ ചെലവിലുള്ള പ്രോട്ടീൻ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കേണ്ടത് മത്സ്യത്തൊഴിലാളികളുടെ മാത്രം പ്രശ്നമല്ല, മൂന്നര കോടിയിലേറെ വരുന്ന കേരളത്തിലെ ജനങ്ങളുടെ പ്രശ്നമാണ്. ജനങ്ങളുടെ ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് അക്കാര്യത്തിൽ അങ്ങയുടേതടക്കം സഹകരണം വേണ്ടി വരും. നമ്മുടെ നാട്ടിൽ പിടിക്കുന്ന മത്സ്യം ഉൾനാടൻ മത്സ്യസമ്പത്തിൽനിന്നും കടലോര മത്സ്യത്തിൽനിന്നും നമ്മുടെ മാർക്കറ്റുകളിലേയ്ക്ക് നേരിട്ട് എത്തിക്കാനും മാർക്കറ്റിന്റെ സ്ഥിതി ഇന്നത്തേതിൽ നിന്ന് മാറ്റാനും വേണ്ടി സ്ത്രീ സൗഹൃദ മത്സ്യ മാർക്കറ്റുകൾ എന്ന ഒരു പ്രോജക്ട് കൊണ്ടുവരികയാണ്. ഇന്ന് മാർക്കറ്റിൽ ഏറ്റവും ചീത്ത മത്സ്യമാണ് വന്നുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയാണ് ഇവിടത്തെ മാർക്കറ്റ്. രണ്ട് മണിക്ക് തുടങ്ങും മാർക്കറ്റ്. ഏതെല്ലാം രാജ്യങ്ങളിൽ നിന്നാണ് മത്സ്യം വരുന്നതെന്ന് അറിയില്ല. കേരളത്തിലെ മത്സ്യം ഉണ്ടാകില്ല. വേറെ മത്സ്യമാണ് വരുന്നത്. രണ്ട് മണിക്ക് മത്സ്യ മാർക്കറ്റിൽ കച്ചവടം തുടങ്ങിയാൽ നമ്മുടെ സഹോദരിമാർ പാതിരാത്രിവരെ പാളയം മാർക്കറ്റിലും മറ്റുമാണ്. ഈ സ്ഥിതി മാറണം. ഞങ്ങൾ ആഗ്രഹിക്കുന്നത് കടലിൽനിന്ന് പിടിക്കുന്ന മത്സ്യം ഡയറക്ടായി മാർക്കറ്റുകളിലേക്ക് എത്തിക്കാനുള്ള ഒരു സംവിധാനം കൊണ്ടുവരണം. അതിന് വാനും മറ്റും അറേഞ്ച് ചെയ്യണം. മാർക്കറ്റിൽ തൊഴിലാളികൾക്ക് മത്സ്യം കൊടുക്കാം. അവർ ഈ അഴുക്ക് വസ്ത്രവുമായി മാർക്കറ്റിൽ വരേണ്ട കാര്യമില്ല. നല്ല വസ്ത്രമിട്ട് മാർക്കറ്റിൽ വരണം. അവർക്ക് വസ്ത്രം മാറാനുള്ള വിശ്രമമുറി മാർക്കറ്റിൽ ഉണ്ടാകണം. അവിടെ വെള്ളവും മറ്റ് സൗകര്യങ്ങളും ഉണ്ടാകും. അവർക്ക് മാർക്കറ്റിൽ കച്ചവടം നടത്തുമ്പോൾ മറ്റൊരു വസ്ത്രം ധരിച്ച് ഇരിക്കാം. ആറ് മണി മുതൽ രാത്രി എട്ട് മണിവരെയായി കച്ചവടം റെഗുലേറ്റ് ചെയ്യണം. ഇങ്ങനെ വെളുക്കുന്നതു മുതൽ പാതിരാത്രി വരെ ജീവിതം തന്നെ ഇല്ലാത്ത തരത്തിൽ ഒരു വിഭാഗം മത്സ്യ തൊഴിലാളി സഹോദരിമാർ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം കാണാൻ വളരെ ലക്ഷ്യബോധത്തോടുകൂടിയുള്ള ഇടപെടൽ ആവശ്യമുണ്ട്. അക്കാര്യത്തിൽ ഇടപെടാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അപ്പോൾ ആരോഗ്യകരമായ മാർക്കറ്റ്, ഗുണനിലവാരമുള്ള മത്സ്യം, ജനങ്ങൾക്ക് ഏറ്റവും ഗുണമേന്മയുള്ള പ്രോട്ടീൻ കൃത്യമായി ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ അതെല്ലാം ഇനി കൊണ്ടുവരാൻ പോകുന്ന നിയമത്തിലുണ്ടാകും. ഇനിയിപ്പോൾ നാളെ ഇതെല്ലാം എവിടെ മേശ്ലിക്കട്ടീയെന്ന് ചോദിക്കരുത്. കാരണം ഇതൊക്കെ നടപ്പിലാക്കാൻ

കുറച്ച് സമയമെടുക്കും. ഞങ്ങൾക്ക് ഇതിൽ ലക്ഷ്യബോധമുണ്ട്. കൃത്യമായ ലക്ഷ്യത്തോടുകൂടി കാര്യങ്ങൾ മുന്നോട്ടു പോകും. ഈ ഗവൺമെന്റ് മൂന്നുനാല് വർഷത്തിനുള്ളിൽ മാർക്കറ്റുകളുടെ കാര്യത്തിൽ വലിയൊരു ഇടപെടൽ നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. ഗവൺമെന്റ്/ഡിപ്പാർട്ടുമെന്റ് ഉദ്ദേശിക്കുന്നത് ഒരു ജില്ലയിൽ ഏകദേശം 10 മാർക്കറ്റെങ്കിലും മാതൃകാപരമായി നിർമ്മിക്കുകയെന്നതാണ്. അപ്പോൾ 50 ശതമാനമെങ്കിലും മാർക്കറ്റ് ഗുണനിലവാരത്തിലായാൽ പിന്നെ ചീത്ത മത്സ്യത്തിന് ഇവിടെ മാർക്കറ്റില്ലാതെയാകും. ഇപ്പോൾ തലശ്ശേരിയിൽ തന്നെ തീരദേശവികസന കോർപ്പറേഷൻ ഒരു മാർക്കറ്റ് നിർമ്മിച്ചു. പക്ഷേ ചിലർ അത് പ്രവർത്തിക്കാൻ സമ്മതിക്കുന്നില്ല. അവിടെ തർക്കമാണ്. ഞാൻ അവിടെ പോയിരുന്നു. തർക്കം ഉന്നയിച്ച ആളുകളെയെല്ലാം വിളിച്ചു ചേർത്തിട്ട് പറഞ്ഞു, ഗുണനിലവാരമില്ലാത്ത മത്സ്യമായതുകൊണ്ടാണ് നിങ്ങൾ ക്ഷേത്രത്തിന്റെ പരിസരത്ത് മത്സ്യമാർക്കറ്റ് പറ്റില്ല എന്നുപറയുന്നത്. നല്ല ഗുണനിലവാരമുള്ള മത്സ്യമാണെങ്കിൽ. ക്ഷേത്രമല്ല, പള്ളിയുടെ അടുത്തല്ല എവിടെയും ഇരിക്കാം. അതുകൊണ്ട് ക്വാളിറ്റി ഉറപ്പാക്കിയുള്ള മാർക്കറ്റാണ് നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ട് മാർക്കറ്റ് വരുമ്പോൾ അനാവശ്യമായിട്ടുള്ള തടസ്സങ്ങൾ വേണ്ട. ഇത്തരം കാര്യങ്ങൾ അവിടെ സംസാരിച്ചിട്ടുണ്ട്. അത്തരം ഗുണനിലവാരമുള്ള മത്സ്യം ഉറപ്പാക്കാൻ, വരുന്ന ആധുനിക സംവിധാനമുള്ള മാർക്കറ്റുകളോട് ജനങ്ങൾ സഹകരിക്കുകയാണ് വേണ്ടത്. അതിന് അങ്ങടക്കമുള്ളവരുടെ പിന്തുണ ഞാൻ ഇക്കാര്യത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇത്തരത്തിൽ മാർക്കറ്റിംഗ് സിസ്റ്റത്തിൽ ഒരു നല്ല ഇടപെടൽ നടത്താൻ ഞങ്ങൾ ഉദ്ദേശിക്കുന്നുണ്ട്.

ഞാൻ അങ്ങ് തടസ്സപ്പെടുത്തി മാറ്റിവച്ച വിഷയത്തിലേക്ക് വീണ്ടും വരികയാണ്. കോസ്റ്റൽ കണക്റ്റിവിറ്റി ഗ്രീൻ കോറിഡോർ എന്നത് ഈ നൂറ്റാണ്ടിന്റെതന്നെ സ്വപ്ന പദ്ധതിയായിട്ടാണ് ഞങ്ങൾ ആവിഷ്കരിക്കുന്നത്. അത് അനന്തമായി നീട്ടിക്കൊണ്ട് പോകാനല്ല, നാല് വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. അപ്പോൾ അത്തരത്തിലേയ്ക്ക് വരുമ്പോൾ അവിടെ 24,000-ത്തോളം തീരദേശ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വരും. ആ 24,000-ത്തിൽ 22,000-ത്തിൽ ചില്വാനം വരുന്നത് മത്സ്യത്തൊഴിലാളികളുടേതാണ്. ഫിഷർമെൻ അല്ലാത്തവർ കോസ്റ്റൽ ബെൽറ്റിൽ താമസിക്കുന്നവരാണ്. അതിന് ഞങ്ങൾ ഒരു സമഗ്ര പാർപ്പിട പദ്ധതി കൂടി കൊണ്ടുവരുന്നുണ്ട്. 400 സ്ക്വയർ ഫീറ്റിൽ താഴെയുള്ള വീടുകളാണ് ഇന്ന് മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നത്. പൊന്നാനിയിൽ, ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിൽ സുനാമി പദ്ധതിയിൽ വച്ച വീട് ഞാനും സ്പീക്കറുംകൂടി പോയി കണ്ടതാണ്. ബെന്യാമിന്റെ ആട് ജീവിതം എന്നു പറഞ്ഞതുപോലെയാണ്. ആടിനുപോലും നിൽക്കാൻ പറ്റുന്ന സൗകര്യമില്ല. അത്ര ചെറിയ വീട്, എങ്ങനെയാണ് മത്സ്യത്തൊഴിലാളികൾക്ക് ഇത്ര മോശമായ വീട് വച്ചുകൊടുക്കാൻ കഴിഞ്ഞതെന്നാണ് മനസ്സിലാകാത്തത്. കണ്ടപ്പോൾ ഞെട്ടിപ്പോയി. വളരെ വർഷങ്ങൾക്കു മുമ്പ് കെട്ടിയിട്ടിരിക്കുകയാണ്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഭാവിയിൽ നടപ്പാക്കാൻ പോകുന്ന കാര്യങ്ങളെല്ലാം വളരെ ഭംഗിയായി പറഞ്ഞു. അതുപോലെ പീലിംഗ് തൊഴിലാളികളായി പല മണ്ഡലങ്ങളിലായി കുറേയധികം ആളുകളുണ്ട്. അവരും മത്സ്യസംസ്കരണ തൊഴിലാളികളാണ്. ഇവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ പീലിംഗ് തൊഴിലാളികൾക്കു കൂടി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, അതിനകത്ത് കൃത്യമായ വ്യവസ്ഥയുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്ന ആനുകൂല്യം അനുബന്ധ തൊഴിലാളികൾക്ക് കൊടുക്കാൻ സാധിക്കില്ല. മത്സ്യത്തൊഴിലാളിയുടെ നിർവ്വചനമുണ്ടല്ലോ; മത്സ്യത്തൊഴിലാളികളുടെ ഡെഫനിഷൻ അനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാനേ കഴിയൂ. ഇപ്പോൾ അനുബന്ധ തൊഴിലാളിക്ക് നിയമമുണ്ട്. അവർക്ക് ക്ഷേമ പദ്ധതിയുമുണ്ട്. ശ്രീ. എസ്. ശർമ്മ മന്ത്രിയായിരുന്ന സമയത്ത് വളരെ കൃത്യമായ കുറേ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. അത് നമ്മൾ നടപ്പിലാക്കാം. അക്കാര്യത്തിൽ തർക്കമില്ല. ഞാൻ പറഞ്ഞുവന്നത് പൊന്നാനിയിലെ വീടിനെ കുറിച്ചാണ്. വളരെ മോശമായ അന്തരീക്ഷമാണ് അവിടെ. വളരെ ചെറിയ, 200-ൽ താഴെ സ്ക്വയർ ഫീറ്റേയുള്ളൂ. രണ്ടു മുറി. അവിടെ കൊടുത്തിരിക്കുന്ന അടുക്കള ടോയ്ലെറ്റാക്കണമെന്ന് ഞാൻ നിർദ്ദേശിച്ചു. അത്ര വലിപ്പമേയുള്ളൂ അടുക്കളയ്ക്ക്. അത് ടോയ്ലെറ്റാക്കി ഒരു മുറി കൂടി എക്സ്റ്റന്റ് ചെയ്ത് മുകളിൽ കൂരയിട്ട് പൊന്നാനി മുനിസിപ്പാലിറ്റിയും ഫിഷറീസ് ഡിപ്പാർട്ടുമെന്റുംകൂടി സംയുക്തമായി ചേർന്ന് ഇരുന്നൂറ്റി ചില്വാനം വീടുകൾ പുനരുദ്ധരിക്കുന്നതിന് ഞങ്ങൾ ആലോചിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള വീടെന്നുള്ളത് എങ്ങനെയുമാകാമെന്നുള്ളതാണ് നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന കൺസെപ്റ്റ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു പോലെ പൊന്നാനിയിൽ മാത്രമല്ല, കണ്ണൂർ ജില്ലയിലെ മാടായി പഞ്ചായത്തിൽ 40 സുനാമി വീടുകൾ ഇതുപോലെ ഉണ്ടാക്കിയിരിക്കുന്നു. കിച്ചൻ പ്രൊവിഷനില്ല. യാതൊരു അടിസ്ഥാന സൗകര്യവുമില്ല. ഞങ്ങൾ ഡി.ഡി.സി.യോഗത്തിൽ ഈ വിഷയം ഉന്നയിച്ചപ്പോൾ നിസ്സഹായത പ്രകടിപ്പിക്കുകയാണ് ചെയ്തത്. ഈ കാര്യത്തിൽ പൊന്നാനിയിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതുപോലെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നിർമ്മിച്ചിട്ടുള്ള കിച്ചൻ പ്രൊവിഷനില്ലാത്ത വീടുകളിൽ ഇത്തരമൊരു പുനരുദ്ധാരണം നടത്താൻ തയ്യാറാകുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, തീർച്ചയായും കഴിയും. അതിനാണല്ലോ നിയമസഭ. നിയമം ഇല്ലെങ്കിൽ നിയമം ഉണ്ടാക്കാനാണല്ലോ നിയമസഭ. തൊഴിലാളിക്ക് മിനിമം സൗകര്യം വേണം. അത് ഉറപ്പാക്കാനുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ നമുക്ക് കഴിയും. പൊന്നാനിയിൽ ഓരോ വീടിനും മെയിന്റനൻസിനുള്ള പണമായ 50,000 രൂപ മുനിസിപ്പാലിറ്റിയെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന് ചില സാങ്കേതിക തടസ്സമുണ്ടെന്ന് ഡിപ്പാർട്ടുമെന്റ് പറഞ്ഞു. നമ്മൾ

കൂട്ടായിട്ടിരുന്ന് അതിനൊരു തീരുമാനമെടുത്താൽ ആ സാങ്കേതിക ബുദ്ധിമുട്ട് അതിജീവിക്കാൻ സാധിക്കും. എന്നിട്ട് മുനിസിപ്പാലിറ്റി ബാക്കി പണം എടുക്കാനാണ് പറയുന്നത്. കണ്ണൂരിലെ മാടായിയിലും ഇതേ പ്രോസ്സസ് നമുക്കെടുക്കാം. കണ്ണൂരിൽ മത്സ്യത്തൊഴിലാളി വീട് മെയിന്റനൻസിന് ഒരു ക്വാട്ടയുണ്ട്. മാടായിലും താമസയോഗ്യമല്ലാത്ത വീടാണെങ്കിൽ, അവിടെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഫിഷറീസ് ഡി.ഡി.യുംകൂടി ചേർന്ന് അത്തരം കാര്യങ്ങൾ തീരുമാനിച്ചാൽ ഡിപ്പാർട്ടുമെന്റിന് അതിനോട് സഹകരിക്കുന്നതിൽ യാതൊരു തടസ്സവുമില്ല. അതൊക്കെ നമുക്ക് ചെയ്യാൻ സാധിക്കാവുന്നതേയുള്ളൂ. ആ നിലയ്ക്കുള്ള വീട് ഇനി ഉണ്ടാകില്ലായെന്നതാണ് ഈ പ്രോജക്ടിൽ കാണുന്നത്. മിനിമം 550 സ്ക്വയർ ഫീറ്റെങ്കിലും ഉള്ള നാല് വീടുകൾ ചേരുന്ന ഫ്ലാറ്റുകളാണ് ഇനി നിർമ്മിക്കുക. വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഭവന പദ്ധതികളെക്കുറിച്ചാണല്ലോ അങ്ങ് പറഞ്ഞത്. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഭവന നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചാൽ പോലും അനുമതി നൽകാത്ത ഒരു സ്ഥിതി നിലനിൽക്കുകയാണ്. അത് മറികടക്കാൻ വേണ്ടി എന്ത് ചെയ്യാൻ കഴിയും?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, സി.ആർ.ഇസഡ്.-ന്റെ കാര്യമായിരിക്കാം അങ്ങ് സൂചിപ്പിച്ചത്. സി.ആർ.ഇസഡ് നിയമം സെൻട്രൽ ഗവൺമെന്റാണ് കൊണ്ടുവന്നിട്ടുള്ളത്. സി.ആർ.ഇസഡ് നിയമത്തിൽ 2011-ൽ ഒരു സമഗ്ര ഭേദഗതി കൊണ്ടുവന്നിരുന്നു. മൽസ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനാവശ്യമായ തരത്തിലുള്ള നിർദ്ദേശങ്ങളോടുകൂടി ഒരു സമഗ്രമായ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ അതത് സ്റ്റേറ്റുകൾ തയ്യാറാക്കി സെൻട്രൽ ഗവൺമെന്റിന് കൊടുത്താൽ അനുമതി തരുമെന്ന ഒരു പ്രൊവിഷൻ 2011-ലെ ഭേദഗതിയിലുണ്ട്. ആ ഭേദഗതി ടൂറിസത്തെ കോൺസെൻട്രേറ്റ് ചെയ്താണ് കൂടുതലുമുള്ളത്. പക്ഷെ ഫിഷർമെന്നിനെ പ്രൊട്ടക്ട് ചെയ്യുന്ന വ്യവസ്ഥയുമുണ്ട്. നിർഭാഗ്യവശാൽ 2011-ന് ശേഷം within one year എന്നാണ് CZMP-യ്ക്ക് അംഗീകാരം തേടുവാൻ കാലപരിധി പറഞ്ഞിരുന്നത്. കേരളം ഒരു വർഷത്തിനിടയിൽ കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കൊടുത്തിരുന്നില്ല. കേന്ദ്ര ഗവൺമെന്റ് നിയമിച്ച ശൈലേഷ് നായിക് കമ്മിറ്റി ഒരു റിപ്പോർട്ട് കൊടുത്തു. അവർ കൊടുത്തത് ടൂറിസവുമായി കണക്ട് ചെയ്ത പ്രൊപ്പോസലായതുകൊണ്ട് അതിന് അപ്രൂവൽ കിട്ടിയതുമില്ല. ഫിഷർമെന്നിന് വീട് വയ്ക്കാൻ ഇളവുകിട്ടാൻ അതുകൊണ്ട് കഴിയാതെ വന്നു. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം ഞാൻ രണ്ടു പ്രാവശ്യം ഡൽഹിയിൽ പോയി. പരിസ്ഥിതി മന്ത്രിയെ നേരിട്ടുകണ്ട് ശൈലേഷ് നായിക് കമ്മിറ്റി റിപ്പോർട്ട് തന്നിട്ടും എന്തുകൊണ്ടാണ് അനുമതി നൽകാത്തതെന്ന് അന്വേഷിച്ചപ്പോഴാണ് അദ്ദേഹം

പറയുന്നത്, ഇതല്ല ഞങ്ങൾ പ്രതീക്ഷിക്കുന്നത് ഇന്റഗ്രേറ്റഡായ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കൃത്യമായി തന്നാൽ കേരള കോസ്റ്റൽ ബെൽറ്റിനെ മുഴുവൻ എക്സംപ്റ്റ് ചെയ്യാമെന്ന്. അങ്ങനെ ഒരു വ്യവസ്ഥ അതിനകത്തുണ്ട്. അത് കേട്ടതിനുശേഷമാണ് ഞങ്ങൾ തിരിച്ചുവന്ന് രണ്ടുദിവസത്തെ വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്. ബഹു. മുഖ്യമന്ത്രിയാണ് ആ വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തത്. ഇന്ത്യയിൽ നമുക്ക് ലഭ്യമാകുന്ന പ്രശസ്തരായ ശാസ്ത്രജ്ഞരെയും ടെക്നോക്രാറ്റുകളെയും മത്സ്യത്തൊഴിലാളി രംഗത്തെ ട്രേഡ് യൂണിയൻ നേതാക്കളെയും ജനപ്രതിനിധികളെയും, എൻവയോൺമെന്റൽ ഡിപ്പാർട്ടുമെന്റ്, സെസ് തുടങ്ങിയവരെയെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ട് രണ്ട് ദിവസത്തെ സമഗ്രമായ വർക്ക്ഷോപ്പ് ഞങ്ങൾ നടത്തി. ആ വർക്ക് ഷോപ്പിൽ ഉരുത്തിരുഞ്ഞു വന്ന അഭിപ്രായത്തിനനുസരിച്ച് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി ആറ് മാസംകൊണ്ട് ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെ ന്റ് പ്ലാൻ തയ്യാറാക്കണമെന്നാണ് ഞങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. അങ്ങനെ ഒരു പ്ലാൻ തയ്യാറാക്കി നൽകിയാൽ കേന്ദ്ര ഗവൺമെന്റ് അനുമതി തരും. എങ്കിൽ മാത്രമേ ആത്യന്തികമായി പ്രശ്നത്തിന് പരിഹാരമുണ്ടാകുകയുള്ളൂ. കേരളത്തിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുണ്ട്. ആ അതോറിറ്റിക്ക് ഇൻഡിവിഡ്വൽ കേസിന് എക്സംപ്ഷൻ കൊടുക്കാവുന്നതാണ്. ഇന്നത്തെ സ്ഥിതി എന്താണെന്ന് വച്ചാൽ, ആ അതോറിറ്റിയുടെ പുനഃസംഘടന ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് നടത്തിയതാണ്. മത്സ്യമേഖലയുമായി ബന്ധമില്ലാത്ത ചിലരാണ് അതിലുള്ളത്. അവർക്ക് ഈ പ്രശ്നത്തിന്റെ ഗൗരവം അറിയില്ല. അവർ ഇൻഡിവിഡ്വൽ കേസ്സുകൾക്ക് എക്സംപ്ഷൻ കൊടുക്കുന്നില്ല. ഞാൻ ഈ വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആ കമ്മിറ്റിക്ക് ഇന്നുവരുന്ന അത്യാവശ്യ പ്രശ്നങ്ങൾക്ക് എക്സംപ്ഷൻ കൊടുക്കാൻ കഴിയും. ജില്ലാ തലത്തിലുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് പരാതി തീർപ്പാക്കാം. എല്ലാ അപേക്ഷയും തിരുവനന്തപുരത്തേക്ക് കൊണ്ടുവരേണ്ടതില്ല. ജില്ലകളിൽ ഒരു മാനേജ്മെന്റ് കമ്മിറ്റിയാകാം. അവിടെ എക്സംപ്ഷനാകാം. കേരളത്തിൽ ഇന്ന് നിലവിലുള്ള കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റി ഫലപ്രദമായി ഇടപെട്ടുകൊണ്ട് സാധ്യമായത് അവർക്ക് ചെയ്യാൻ കഴിയും. കഴിഞ്ഞ ആറേഴുവർഷങ്ങൾക്ക് മുമ്പ് ഞാൻ അതിൽ മെമ്പറായിരുന്നു. ഞങ്ങൾ അവിടെ എക്സംപ്ഷൻ കൊടുത്തിട്ടുണ്ട്. എക്സംപ്ഷൻ കൊടുക്കാൻ കഴിയുന്ന തരത്തിലേക്ക് മാനേജ്മെന്റ് അതോറിറ്റി ഇടപെടണം. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ആ പ്രശ്നം പെടുത്തിയിട്ടുണ്ട്. അക്കാര്യത്തിൽ അദ്ദേഹം ഇടപെട്ട് വേണ്ടത് ചെയ്യും. അങ്ങനെ ആ പ്രശ്നത്തിന് പരിഹാരം കാണാം. ആത്യന്തികമായ പരിഹാരവും ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നോക്കുന്നുണ്ടെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

വിദ്യാഭ്യാസ രംഗത്ത് ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പത്ത് സ്കൂളുകളാണ് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ളത്, അവ ബോർഡിംഗ് സ്കൂളുകളാണ്. അവിടെ താമസിച്ച് പഠിക്കുന്ന കുട്ടികൾക്കുമാത്രമേ സ്കൂളിൽ അഡ്മിഷൻ കൊടുക്കുകയുള്ളൂ. ഞാൻ മന്ത്രിയായതിനുശേഷം ഈ സ്കൂളുകളുടെ സ്ഥിതി പരിശോധിച്ചപ്പോൾ പല സ്കൂളുകളിലും 18-ഉം 20-ഉം കുട്ടികൾ മാത്രമേയുള്ളൂ. സ്കൂൾ താരതമ്യേന മോശമല്ലെങ്കിലും എന്തുകൊണ്ടാണ് കുട്ടികൾ വരാത്തതെന്ന് അന്വേഷിച്ചപ്പോൾ അവ ബോർഡിംഗ് സ്കൂളുകളാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. കേരളത്തിൽ എത്ര മോശപ്പെട്ട അന്തരീക്ഷത്തിൽ കഴിയുന്ന കുടുംബത്തിലുള്ള കുട്ടികളാണെങ്കിലും അവരെ മോശമായ സ്ഥലത്ത് പാർപ്പിക്കാൻ രക്ഷകർത്താക്കൾ ആഗ്രഹിക്കുകയില്ല. യാതൊരു സൗകര്യവുമില്ലാത്ത, വാർഡന്മാരില്ലാത്ത മോശപ്പെട്ട അന്തരീക്ഷത്തിൽ കുട്ടികൾ താമസിച്ച് പഠിക്കണമെന്നുവച്ചാൽ ഒരു രക്ഷകർത്താവും കുട്ടികളെ വിടുകയില്ല. എല്ലാ ഹോസ്റ്റലുകളും ഉടനടി മെച്ചപ്പെടുത്താൻ കഴിയില്ല. അതുകൊണ്ട് വരുന്ന സാമ്പത്തിക വർഷം മുതൽ ഹോസ്റ്റലിൽനിന്ന് പഠിക്കുന്നവർക്ക് മാത്രമല്ല വീട്ടിൽനിന്ന് പോയിവരുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്കും അനുബന്ധ തൊഴിലാളികളുടെ മക്കൾക്കും ഈ സ്കൂളിൽ അഡ്മിഷൻ കൊടുക്കാം എന്നൊരു തീരുമാനം കഴിഞ്ഞ മാസം ഗവൺമെന്റ് എടുത്തിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തെ അഡ്മിഷനോടുകൂടി ഇന്നിവിടെ ചൂണ്ടിക്കാട്ടിയ പ്രശ്നത്തിന് പരിഹാരമാകും. പരമാവധി കുട്ടികളെ അക്കോമഡേറ്റ് ചെയ്യാനും അവരുടെ ഹോസ്റ്റൽ സൗകര്യവും സ്കൂളുകളും മെച്ചപ്പെടുത്താനും സാധിക്കും. മത്സ്യ മേഖലയിലെ സ്കൂളുകൾ സ്മാർട്ട് സ്കൂളുകളാക്കി മാറ്റാനുള്ള സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്. ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള പത്ത് സ്കൂളുകൾ ആ പട്ടികയിലെടുക്കും. കായിക വിദ്യാഭ്യാസം ഉറപ്പാക്കാനും കായികോപകരണങ്ങൾ കൊടുക്കാനും 40 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു സ്കൂളിന് 5 ലക്ഷം രൂപ വച്ച് കൊടുക്കും. 5 ഫിഷറീസ് സ്കൂളുകളിൽ പ്ലേ ഗ്രൗണ്ട് അടക്കം ഉറപ്പാക്കാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഇന്ന് രാവിലെ ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി സംസാരിച്ചപ്പോൾ തീരദേശത്തെ ഹൈസ്കൂളുകളെ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തുകൊള്ളാമെന്നാണ് പറഞ്ഞത്. തീരദേശത്തെ ഹൈസ്കൂളുകൾ വിദ്യാഭ്യാസ വകുപ്പ് എടുക്കുമെന്ന് ഉറപ്പുകിട്ടിയ സാഹചര്യത്തിൽ ഹൈസ്കൂളിനെ വിട്ടുകൊണ്ട് തീരദേശത്തെ എൽ.പി., യു.പി. സ്കൂളുകളെ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മെയിന്റയിൻ ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇത്രയുമാണ് വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് പറയാനുള്ളത്. കടലിൽ പോകുന്ന തൊഴിലാളികളുടെ സുരക്ഷ വലിയൊരു പ്രശ്നമാണ്. ഇന്നുവരെ അതിനൊരു പരിഹാരമുണ്ടായിട്ടില്ല.

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ, മന്ത്രി പറഞ്ഞ് പൂർത്തീകരിക്കട്ടെ. മന്ത്രിയുടെ മറുപടിക്ക് 30 മിനിട്ടാണ്. ഇപ്പോൾത്തന്നെ 30 മിനിട്ട് കഴിഞ്ഞിരിക്കുകയാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അംഗങ്ങൾ ചോദ്യം ചോദിച്ചാൽ എന്തുചെയ്യും?

ശ്രീ. ജി. എസ്. ജയലാൽ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പരാമർശിക്കുന്ന ഒരു വിഷയമായതുകൊണ്ടാണ് ഞാൻ ഇടപെട്ടത്. കടലാക്രമണം ചെറുക്കുന്നതിനുള്ള പുലിമുട്ടുകൾ സ്ഥാപിക്കുന്നത് ഇറിഗേഷൻ വകുപ്പിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ പരിഗണിക്കുന്നത്. കടലാക്രമണത്തിന്റെ പേരിൽ തൊഴിൽ ചെയ്യാൻ കഴിയാത്ത സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനുള്ള പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനും മത്സ്യബന്ധന വകുപ്പുതന്നെ ഇടപെട്ട് ധനം അനുവദിക്കുന്നതിനും പ്രവൃത്തി പൂർത്തിയാക്കുന്നതിനും കഴിയുന്ന സാഹചര്യം ഉണ്ടാക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, എല്ലാവരും ഇടപെട്ട് ചോദ്യം ചോദിച്ചുകൊണ്ടിരുന്നാൽ എനിക്ക് മറുപടി പറയേണ്ടിവരും. അതുകൊണ്ട് എനിക്ക് സമയം തരണം. അങ്ങ് ചോദിച്ച ചോദ്യത്തിനുള്ള മറുപടി ഞാൻ ആദ്യം പറഞ്ഞ കോസ്റ്റൽ ഗ്രീൻ ബെൽറ്റ് പ്ലാനിലുണ്ട്. ഇപ്പോഴത്തെ ബഡ്ജറ്റിൽ പുലിമുട്ടിനുവേണ്ടി 300 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അതിൽ പാറ ഇടേണ്ടതില്ലെന്നാണ് ഇറിഗേഷൻ വകുപ്പുമന്ത്രിയുടെ ആഗ്രഹം. തീരസംരക്ഷണത്തിനുവേണ്ടി ആർട്ടിഫിഷ്യൽ റീഫോ സാന്റ് ബാഗോ ഇടാമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. കടലിൽ കല്ലിടുന്നത് ഒഴിവാക്കാനാണ് ഗവൺമെന്റ് നയപരമായി ആലോചിച്ചിട്ടുള്ളത്. തീർച്ചയായും 300 കോടി രൂപ വൃഥാവിലാകാതെ ഏഴായിരത്തിലധികം കോടി രൂപ വരുന്ന പ്രോജക്ട് തീരസംരക്ഷണവുമായി കണക്ട് ചെയ്ത് തുടങ്ങാനാണ് ലക്ഷ്യമിടുന്നത്. പഴയ രീതിയിൽ കടലിൽ കല്ലിടുക എന്നുള്ള പദ്ധതി അവസാനിക്കും. വളരെ ശക്തമായ ആക്രമണം വരുന്ന സ്ഥലങ്ങളുള്ളതുകൊണ്ട്, മിക്കവാറും സ്ഥലങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. 50 മീറ്റർ കടൽ ഫ്രീയായി വിടാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കടൽ കയറി സ്വതന്ത്രമായി ഇറങ്ങി പോകട്ടെ. അഞ്ച് മീറ്ററിനുള്ളിൽ വീടുവയ്ക്കുമ്പോഴാണല്ലോ തൊഴിലാളികൾ വെള്ളത്തിലായി എന്നുള്ള പ്രശ്നം വരുന്നത്. 50 മീറ്റർ ഫ്രീയായി വിട്ട് അവിടെ മരങ്ങളൊക്കെ വച്ചുപിടിപ്പിച്ചാൽ കടൽക്ഷോഭത്തിൽ തീരം നഷ്ടപ്പെട്ട് ആളുകൾ വഴിയാധാരമാകുന്ന എന്നുള്ള പ്രശ്നം ആത്യന്തികമായി പരിഹരിക്കപ്പെടുകയാണ്. ശാസ്ത്രീയമായ രീതി ഉപയോഗിച്ച് ആ പ്രദേശം സംരക്ഷിക്കുകയും ചെയ്യാം. ഇതൊരു ദീർഘകാല പദ്ധതിയാണ്. കേരളം ഉള്ളിടത്തോളംകാലം കേരളത്തിന്റെ തീരം പ്രൊട്ടക്ട് ചെയ്യുന്ന ദീർഘവീക്ഷണത്തോടെയുള്ള പദ്ധതിയാണ് വകുപ്പ് ആലോചിക്കുന്നത്.

കടൽ സുരക്ഷയുമായി ബന്ധപ്പെട്ട് തൊഴിലാളികൾ കടലിൽ പോയി അപകടത്തിൽപ്പെട്ടാൽ അവരെ രക്ഷിക്കാനുള്ള ഒരു സംവിധാനവും ഇന്ന് നിലവിലില്ല. മൂന്നോളം മറൈൻ ആംബുലൻസിനെക്കുറിച്ചാണ് പറയുന്നത്. അതിന് വളരെയധികം ചെലവ് വേണ്ടിവരുമെന്നുള്ളതുകൊണ്ട് തുടക്കത്തിൽ ഒരു മറൈൻ ആംബുലൻസാണ് ഉദ്ദേശിക്കുന്നത്. കടലിൽ വള്ളം മുങ്ങിയാൽ ഏതാനും മണിക്കൂറുകൾക്കകം എത്തിയില്ലെങ്കിൽ രക്ഷപ്പെടുകയില്ല. ഹാർട്ട് അറ്റാക്കും മറ്റും വരുന്ന സമയങ്ങളിൽ ഉടൻ രക്ഷയ്ക്ക് എത്തേണ്ടതുണ്ട്. INCOIS-ഉം ISRO-യുമായി സഹകരിച്ചുകൊണ്ട് കടൽ സുരക്ഷയ്ക്ക് നല്ലൊരു പദ്ധതി പ്ലാൻ ചെയ്യുന്നതാണ്. ISRO-യുടെ മുൻ ചെയർമാനും മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവും കൂടിയായ ദത്തൻ സാറും മറ്റെല്ലാവരുംകൂടി ഒരു മീറ്റിംഗ് നടത്തിയിരുന്നു. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗിച്ച് ഉൾക്കടലിലുള്ള തൊഴിലാളികളുമായി നമുക്കുള്ള ആശയ വിനിമയം ശക്തിപ്പെടുത്താം. അത് പല തരത്തിലാണ്. മീൻകൂട്ടത്തെ കണ്ടെത്താം, തൊഴിലാളികളുടെ രക്ഷയ്ക്കുവേണ്ടി ഉപയോഗിക്കാം. INCOIS -ഉം ISRO-യും ഈ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ മത്സ്യവകുപ്പിന് കൈമാറാൻ സന്നദ്ധമാണ്. അതിനാവശ്യമായ ചർച്ച നടത്തിക്കഴിഞ്ഞിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയും മറൈൻ ആംബുലൻസും എല്ലാംകൂടി കണക്ട് ചെയ്യുമ്പോൾ കടലിൽപ്പോയി ആപത്തിൽപ്പെടുന്ന തൊഴിലാളികളെ രക്ഷിക്കാനും എണ്ണച്ചെലവ് ഒഴിവാക്കി കൂടുതൽ മത്സ്യസമ്പത്ത് കണ്ടെത്താനും കഴിയുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ ആലോചിക്കുന്നുണ്ട്. ഈ വൈകിയ വേളയിൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

അതുപോലെയാണ് ഡീപ് സീ ട്രോളർ. സമ്പന്നൻമാർക്ക് മാത്രമാണ് ഈ സൗകര്യം ഉറപ്പാക്കിയിരിക്കുന്നതെന്ന് ഇവിടെ പല മെമ്പർമാരും പറഞ്ഞു. ദീർഘകാലമായി തൊഴിലാളികൾ ഉന്നയിക്കുന്ന ഒരു പ്രശ്നമാണ് ഡീപ് സീ ട്രോളർ. ഇതിന് വിദേശ കപ്പലുകൾക്കും സംയുക്തസംരംഭങ്ങൾക്കും ലൈസൻസ് കൊടുക്കാൻ പാടില്ല. LoP കൊടുക്കില്ലെന്നൊക്കെ അവർ പറയുമെങ്കിലും കൃത്യമായി LoP കൊടുത്തുകൊണ്ടിരിക്കുകയാണ്. തദ്ദേശീയ തൊഴിലാളികളെ ഡീപ് സീ ട്രോളിംഗിന് പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 37 യൂണിറ്റുകളാണ് ഈ വർഷം തുടങ്ങാനുദ്ദേശിക്കുന്നത്. ചില ജില്ലകളിലെ തൊഴിലാളികൾ അതിന് തയ്യാറല്ല. ഒരു സർവ്വേ നടത്തി വില്ലിംഗാകുന്ന ജില്ലകളിലെ തൊഴിലാളികളെ ഡീപ് സീ ട്രോളിംഗിന് പര്യാപ്തമാക്കും. 1.47 കോടി രൂപയാണ് യൂണിറ്റ് കോസ്റ്റായി വയ്ക്കുന്നത്. ഏഴ് തൊഴിലാളികൾക്കാണ് ഒരു യൂണിറ്റ്. ഒരു യൂണിറ്റിൽതന്നെ രണ്ട് ഷിഫ്റ്റ് പോകാം. മറ്റ് തൊഴിലാളികളെ തൊഴിലാളികളായി തന്നെ എടുക്കുക. ഏഴ് തൊഴിലാളികളുള്ള ഒരു യൂണിറ്റിനെ വച്ചുകൊണ്ട് ഡീപ് സീ ട്രോളിംഗിന്

തൊഴിലാളികൾക്ക് പരിശീലനം കൊടുക്കുന്നതിനും ആഴക്കടലിൽനിന്നുള്ള മത്സ്യ സമ്പത്തിന്റെ ചൂഷണം ഫലപ്രദമായി ഉറപ്പാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുമുള്ള ഒരു സംവിധാനം ഒരുക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. മത്സ്യകൃഷിയെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. മിക്കവാറുമുള്ള കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ മന്ത്രിയായിരുന്ന സമയത്ത് കൊണ്ടുവന്നതാണ് മത്സ്യകേരളം പദ്ധതി. അത് ഇഫക്ടീവായി ഇപ്പോഴും മത്സ്യസമൃദ്ധി പദ്ധതിയെന്ന പേരിൽ തുടരുന്നുണ്ട്. മത്സ്യോല്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഇവിടെ ഉന്നയിച്ച എല്ലാ കാര്യങ്ങളും ഞാൻ പരാമർശിച്ചു എന്നാണ് കരുതുന്നത്.

ഇപ്പോഴത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് കടാശ്വാസം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഇത് കൊണ്ടുവന്നത്. അതിന് ഇതുവരെ ചെലവഴിച്ചിട്ടുള്ള തുക 183.7 കോടി രൂപയാണ്. അതിൽ എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലയളവിലാണ് (2009-2011) 120 കോടി രൂപയും ചെലവഴിച്ചത്. കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് ആകെ ചെലവഴിച്ചത് 63.74 കോടി രൂപ മാത്രമാണ്. കടാശ്വാസത്തിന്റെ നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. അന്നത്തെ നിയമത്തിൽ 2007 വരെയാണ് ഉണ്ടായിരുന്നത്. അപേക്ഷകൾ പരിശോധിച്ചപ്പോൾ 2008-ൽ എടുത്ത കടവും വളരെ ജെനുവിനായതുകൊണ്ട് അതുംകൂടി പരിശോധിക്കണമെന്ന് കടാശ്വാസ കമ്മീഷന്റെ ശിപാർശയുണ്ട്. അതുകൊണ്ട് കടാശ്വാസ കമ്മീഷന്റെ പരിധി 2007-ൽ നിന്ന് ഒരു വർഷം കൂടി നീട്ടി 31-12-2008 വരെ ആക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. മത്സ്യത്തൊഴിലാളി കടാശ്വാസത്തിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത് 75,000 രൂപ മാത്രമാണ്. അത് കാർഷിക കടാശ്വാസം പോലെ ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. പ്രകൃതിക്ഷോഭത്തിൽ വള്ളം നഷ്ടപ്പെടുന്നവർക്ക് ഇതുവരെ യാതൊരു ആനുകൂല്യവും ലഭിച്ചിട്ടില്ല. ആലപ്പുഴ ഉൾപ്പെടെയുള്ള ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് 98-ഓളം വള്ളങ്ങൾ നഷ്ടപ്പെട്ടു. ബഹുമാന്യനായ ജി. സുധാകരനടക്കം ക്യാബിനറ്റിൽ ഉന്നയിച്ച വിഷയമാണിത്. ക്യാബിനറ്റ് ചർച്ച ചെയ്ത് അവർക്ക് ഒരു ലക്ഷം രൂപ വീതം കൊടുക്കാൻ തീരുമാനിച്ചു. ബാക്കി തുക മത്സ്യഫെഡിൽ നിന്ന് ലോൺ കൊടുക്കാനും ഒരു ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കാനും തീരുമാനിച്ചു. ഇതിന് ഒട്ടേറെ സാങ്കേതിക തടസ്സങ്ങളും പ്രശ്നങ്ങളുമുണ്ട്. കൊല്ലത്ത് പ്രകൃതിക്ഷോഭത്തിൽ വള്ളം നഷ്ടപ്പെട്ട് ഒരു തൊഴിലാളി ആത്മഹത്യ ചെയ്ത സംഭവവുമുണ്ട്. പ്രകൃതിക്ഷോഭത്തിൽ വള്ളങ്ങൾ നഷ്ടപ്പെടുന്നവരെക്കൂടി കടാശ്വാസത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് ആശ്വാസമെത്തിക്കാനും അവർക്കുവേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി

നടപ്പിലാക്കുന്നതിനെക്കുറിച്ചും ആലോചിച്ചു. എന്നാൽ അതിന് വലിയ തുകയാകും, കാരണം പത്തിരുപത്തിയെട്ട് ലക്ഷം രൂപ വരെയുള്ള യൂണിറ്റ് കോസ്റ്റിന് ഇൻഷ്വറൻസ് പ്രീമിയം വളരെ വലുതാണ്. അത് ഗവൺമെന്റിന് വലിയ ബാധ്യതയുണ്ടാക്കും. അതിനെക്കാൾ കുറേക്കൂടി ഇഫക്ടീവായിരിക്കും പ്രകൃതിക്ഷോഭത്തിൽ നഷ്ടപ്പെടുന്ന വള്ളങ്ങളുടെ യൂണിറ്റ് കടാശ്വാസത്തിന്റെ പരിധിയിൽ കൊണ്ടുവരുക എന്നുള്ളത്. കടാശ്വാസത്തിന്റെ പരിധിയിൽ പ്രകൃതിക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെടുന്നവർക്ക് ആശ്വാസമെത്തിക്കാനുള്ള ഒരു പുതിയ പദ്ധതികൂടി കൊണ്ടുവരും. കഴിഞ്ഞ കാലത്ത് 127 കോടി രൂപ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് നല്കിയിരുന്നു. അതിൽ കുറച്ച് റൈറ്റ് ഓഫ് ചെയ്തു പോയിട്ടുണ്ടെങ്കിലും നിരവധി പ്രശ്നങ്ങൾ ഇനിയുമുണ്ട്. സഹകരണ വകുപ്പുമന്ത്രിയുടെ സഹായത്തോടുകൂടി അതിനൊരു മീറ്റിംഗ് പ്രത്യേകമായി വിളിച്ച് അത്തരം പ്രശ്നങ്ങൾകൂടി പരിഹരിക്കും. അങ്ങനെ കടാശ്വാസവുമായി ബന്ധപ്പെട്ട പ്രവർത്തനം കുറേക്കൂടി ചിട്ടപ്പെടുത്താനും അർഹതയുള്ള മുഴുവൻ തൊഴിലാളികളുടെയും കരങ്ങളിലേയ്ക്ക് ആശ്വാസം എത്തിക്കാനും കഴിയുന്ന തരത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്.

KUFOS (Kerala University Of Fisheries & Ocean Studies) യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ചില വിമർശനങ്ങൾ ഇവിടെ വന്നു. യൂണിവേഴ്സിറ്റിയിൽ ഒട്ടേറെ പരിമിതികളുണ്ട്. അത് തുടങ്ങിയെങ്കിലും അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്നും എല്ലാ പോസ്റ്റും ട്രാൻസ്ഫർ ചെയ്തിരുന്നില്ല. ഈ വിഷയം കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം അതിനാവശ്യമായ നടപടി സ്വീകരിക്കാമെന്ന് പറഞ്ഞിട്ടുമുണ്ട്. പോസ്റ്റുകൾ അങ്ങോട്ടു വരണം എന്നതിനെ സംബന്ധിച്ചുള്ള അവരുടെ ഒരു നോട്ട് വന്നിട്ടുണ്ട്. അത്യാവശ്യം വേണ്ട ബഡ്ജറ്റ് പ്രൊവിഷൻ പ്ലാനിലും നോൺ-പ്ലാനിലുമില്ല; ആകെയുള്ളത് 30 കോടി രൂപയാണ്. അതെന്തു ചെയ്യണമെന്നുള്ളത് ചർച്ച ചെയ്ത് തീരുമാനിക്കാം. ഏഷ്യയിലെ കടലും കടൽ സമ്പത്തുമായി ബന്ധപ്പെട്ട് പഠനം നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട യൂണിവേഴ്സിറ്റിയെന്ന നിലയിൽ ഇതിന് വർദ്ധിച്ച സാധ്യതയാണുള്ളത്. ഇത് ഗൗരവമായി പരിശോധിച്ചുകൊണ്ട് അതിന്റെ ബാലാരിഷ്ടതയ്ക്ക് പരിഹാരം കാണാനുള്ള ഇടപെടൽ നടത്തും.

KAVIL Ornamental Fisheries - അതിനെക്കുറിച്ചും ഇവിടെ ചർച്ച ചെയ്തു. Ornamental Fisheries-ന്റെ കാര്യത്തിലും വമ്പൻ സാധ്യതയാണുള്ളത്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് മന്ത്രിയായിരുന്ന ശ്രീ. എസ്. ശർമ്മ തുടങ്ങിയ ഒരു പദ്ധതിയാണിത്. എന്നാൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ അത് ലക്ഷ്യത്തിലേക്ക് പോയില്ലായെന്നുമാത്രമല്ല തകർന്നു തരിപ്പണമാവുകയും ചെയ്തു.

ഇപ്പോൾ അതിനെ പുനരുദ്ധരിക്കാനുള്ള വ്യക്തമായ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ വിശദാംശം ഞാനിവിടെ പറയുന്നില്ല. കൃത്യമായ പദ്ധതി നടപ്പിലാക്കി നൂറുകണക്കിന് സഹോദരിമാർക്ക് തൊഴിൽ കൊടുക്കാൻ ഇതുവഴി സാധിക്കും. ഇവിടെ ബഹുമാന്യനായ പി. സി. ജോർജ് എസ്‌സി./എസ്‌ടി. വിഭാഗത്തിൽ പ്പെട്ടവർക്കുള്ള തൊഴിലിന്റെ കാര്യം പറഞ്ഞു. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. അദ്ദേഹം എഴുതിത്തന്നാൽ അതും പരിഗണിക്കും. ഇന്ന് ലോക മാർക്കറ്റിൽ Ornamental Fisheries-ൽ കേരളത്തിന് രണ്ടുശതമാനം മാത്രമേ പങ്കാളിത്തമുള്ളൂ. KAVIL Ornamental Fisheries മേഖലയിൽ എക്സ്പോർട്ടടക്കം വലിയ തൊഴിൽ സാധ്യതയാണുള്ളത്. ആ സാധ്യത ഉപയോഗിച്ചുകൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാമ്പത്തിക ഉല്പാദനത്തിൽ ഇടപെടാനും കഴിയുന്ന തരത്തിൽ മുന്നോട്ടു പോകും. താനൂർ എം.എൽ.എ., ശ്രീ. വി. അബ്ദുറഹിമാൻ പറഞ്ഞ പ്രശ്നം കൃത്യമായി പരിഹരിക്കുകതന്നെ ചെയ്യും. അതുപോലെ ഇതെല്ലാം നടപ്പിലാകണമെങ്കിൽ ഡിപ്പാർട്ട്മെന്റ് ശക്തമാകണം. ഡിപ്പാർട്ട്മെന്റ് ഇന്ന് വളരെ ദുർബലമാണ്. ശ്രീ. ടി. കെ. രാമകൃഷ്ണൻ മന്ത്രിയായിരുന്ന കാലത്ത് 200 മത്സ്യഭവനുകൾ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇത്രയും വർഷം കഴിഞ്ഞിട്ടും ഏകദേശം 61 മത്സ്യഭവനുകൾ മാത്രമേ ഇന്ന് നിലവിലുള്ളൂ. 200 മത്സ്യഭവനുകൾ പ്രഖ്യാപിച്ച സ്ഥാനത്ത് നാലിലൊന്നു പോലുമില്ലായെന്നതാണ് പ്രശ്നം. അതിൽ 100 എണ്ണം സാങ്ഷൻ ചെയ്തതാണ്. സാങ്ഷനായതിന്റെ ബാക്കി 49 മത്സ്യഭവനുകൾ ഈ വർഷംതന്നെ തുടങ്ങണം. അന്ന് പ്രഖ്യാപിച്ച 200 മത്സ്യഭവനുകളും ഈ ഗവൺമെന്റിന്റെ കാലയളവിൽ ആരംഭിക്കുകതന്നെ ചെയ്യും. എങ്കിൽ മാത്രമേ വളരെ പിന്നോക്കം നില്ക്കുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ നമുക്ക് കഴിയൂ. അതുകൊണ്ട് ഈ കാലയളവിൽത്തന്നെ 200 മത്സ്യഭവനുകൾ പുതുതായി ആരംഭിക്കാനും മത്സ്യ ഡിപ്പാർട്ട്മെന്റിനെ കൂടുതൽ സ്ട്രെങ്ത്തൻ ചെയ്യാനും വർദ്ധിച്ച ആവശ്യകതകൾ മീറ്റ് ചെയ്യാൻ കഴിയുന്നതരത്തിൽ തൊഴിലാളികളോട് നേരിട്ട് ഇടപെട്ട് നമ്മൾ ഉദ്ദേശിക്കുന്ന കാര്യങ്ങൾ പ്രയോഗത്തിൽ വരുത്തി മുന്നോട്ടു പോകാൻ ഡിപ്പാർട്ട്മെന്റിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിനുകൂടി ഈ വർഷം തുടക്കം കുറിക്കുമെന്നും എല്ലാ നിർദ്ദേശങ്ങൾക്കും നന്ദിപറഞ്ഞുകൊണ്ടും ഈ ഡിമാന്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: മത്സ്യബന്ധനമെന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ............

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ ........ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 5-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.44-ന് പിരിഞ്ഞു.)